# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

2018 മാർച്ച് 7, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 171 - നമ്പർ 6

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

2018 മാർച്ച് 7, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

525/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം.എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...70

**II. അടിയന്തരപ്രമേയം**

കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനം
(അവതരണാനുമതി നിഷേധിച്ചു) ...414

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) കുടിവെള്ളക്ഷാമം

—ശ്രീ. സി. ദിവാകരൻ ...438

(2) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം
—ശ്രീ. എം. ഉമ്മർ ...443

**IV. സബ്മിഷൻ**

1. സി.ആർ.ഇസഡ് അനുമതി

—ശ്രീ. വി. കെ. സി. മമ്മത് കോയ ...447

2. കുടിവെള്ളക്ഷാമം

—ശ്രീ. വി. എസ്. അച്ചുതാനന്ദൻ ...448

പേജ്

3. ചീക്കോട് കുടിവെള്ള പദ്ധതി

—ശ്രീ. ടി. വി. ഇബ്രാഹിം ...452

4. വിവിധ പദ്ധതികളുടെ പൂർത്തീകരണം

—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...454

5. നിയമ ഭേദഗതി

—ശ്രീ. പി. കെ. ശശി ...457

6. ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക്

—ശ്രീ. അനൂപ് ജേക്കബ് ...460

7. ടെക്സ്റ്റൈൽ മില്ലുകളിലെ വേതനം

—ശ്രീ. പുരുഷൻ കടലുണ്ടി ...462

8. ഭവനശ്രീ വായ്പാ ആനുകൂല്യങ്ങൾ

—ശ്രീമതി പി. അയിഷാ പോറ്റി ...464

9. പരസ്യ ബോർഡുകൾക്ക് നിയന്ത്രണം

—ശ്രീ. പാറക്കൽ അബ്ദുല്ല ...465

10. കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

—ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...467

**V. റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് ...468

2. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ ...468

*പേജ്*

**VI. റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് ...468

**VII. ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XII — പോലീസ് ...469

ധനാഭ്യർത്ഥന നമ്പർ XIII — ജയിലുകൾ ...471

ധനാഭ്യർത്ഥന നമ്പർ XIV — സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും ...473

**അനുബന്ധം** ...578

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

*2018 മാർച്ച് 7, ബുധൻ*

വാല്യം 171] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 6

നിയമസഭ 2018 മാർച്ച് മാസം 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ....... ചോദ്യം നം. (*151)

### റേഷൻ വിതരണത്തിനുള്ള മുൻഗണനാ പട്ടിക

1 (*151) ശ്രീ. ഡി. കെ. മുരളി:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. എം. സ്വരാജ്:

ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ശേഖരിച്ച സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റേഷൻ വിതരണത്തിനുള്ള മുൻഗണനാ പട്ടികയിൽപ്പെട്ട അനർഹരെ നീക്കുന്നതിനും അർഹരായവരെ ഉൾപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) മൊത്തവിതരണത്തിനായി വാടകയ്ക്കെടുത്ത സ്വകാര്യ ഗോഡൗണുകളിൽവച്ച് നടത്തുന്ന തിരിമറിയുടെ ഫലമായി റേഷൻ കടകളിൽ എത്തുന്ന ഭക്ഷ്യധാന്യത്തിൽ ഉണ്ടാകുന്ന വലിയ കുറവ് പരിഹരിക്കുന്നതിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; കാര്യക്ഷമമായ വാതിൽപ്പടി വിതരണത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ;

(സി) റേഷൻ വിതരണത്തിന് ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിച്ച പദ്ധതിയുടെ അവലോകനം നടത്തിയിരുന്നുവോ; സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വിധത്തിൽ എന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും 1-11-2016 മുതൽ പ്രസ്തുത പട്ടിക പ്രകാരം റേഷൻ വിതരണം ആരംഭിക്കുകയും ചെയ്തു. ഈ കരട് പട്ടികയിന്മേൽ ലഭിച്ച പരാതികൾ പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, ഐ.സി.ഡി.എസ്, സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത തീരുമാനത്തിൽ ആക്ഷേപമുള്ളവരുടെ പരാതി അപ്പീൽ കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും 1-6-2017 മുതൽ പ്രസ്തുത പട്ടികയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം തുടർന്നുവരികയും ചെയ്യുന്നു.

അന്തിമ ലിസ്റ്റ് പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡ പുന: ക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 742278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഇരട്ടിപ്പുള്ള അപേക്ഷകൾ ഒഴിവാക്കി 567009 അപേക്ഷകൾ റേഷൻകട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ടി അപേക്ഷകരിൽനിന്നും അനർഹരെ ഒഴിവാക്കുന്നതുവഴിയുണ്ടാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി റീ-റാങ്കിംഗ് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

അനർഹരെ ഒഴിവാക്കുന്നതിനായി നടത്തിയ തീവ്രപരിശ്രമത്തിന്റെ ഭാഗമായി സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ 91169 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നതിലേയ്ക്കായി

ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശസ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയിൽ നിന്നും ലഭ്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ എ.എ.വൈ., മുൻഗണനാ, മുൻഗണനേതര സബ്സിഡി എന്നീ വിഭാഗങ്ങളിൽനിന്ന് 262675 അനർഹരെ കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നു കൊണ്ടിരിക്കുകയാണ്. ഈ അനർഹരെ ഒഴിവാക്കി അർഹതയുള്ളതായി കണ്ടെത്തിയവരെ ഉൾപ്പെടുത്തി ലിസ്റ്റ് ഏപ്രിൽ മദ്ധ്യത്തോടെ കൃത്യമാക്കും. 2015 ലെ പി.ഡി.എസ് കൺട്രോൾ ഓർഡർ ക്ലാസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ബി) സപ്ലൈകോ നടത്തുന്ന മൊത്തവിതരണ ശാലകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഓരോ വിഭാഗം ജീവനക്കാരും നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ചുള്ള വ്യക്തമായ സർക്കുലറുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകൾ പരിശോധിക്കുന്നതിനായി സർക്കാർ തലത്തിലുള്ള സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ല/താലൂക്ക് സപ്ലൈ ഓഫീസർമാർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ എന്നിവരും പരിശോധന നടത്താറുണ്ട്. റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal (RFP) തയ്യാറാക്കിവരുന്നു. സപ്ലൈകോ നടത്തുന്ന 148 എൻ.എഫ്.എസ്.എ. ഗോഡൗണുകളിലായി 155 ഇലക്ട്രോണിക് വെയിംഗ് മെഷീനുകളാണ് നിലവിലുള്ളത്. ഇതുകൂടാതെ 150 വെയിംഗ് മെഷീനുകൾ വാങ്ങുന്നതിനായി M/s Slintech എന്ന കമ്പനിക്ക് സപ്ലൈകോ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുകയും ആധാർ അധിഷ്ഠിത ബയോമെട്രിക് രീതിയിൽ റേഷൻ വിതരണം നടത്തുകയും ചെയ്തുവരുന്നു. എന്നാൽ ആധാർ ഇല്ലാത്തവർക്കും ബയോമെട്രിക് പരിശോധനയിൽ പരാജയപ്പെട്ടവർക്കും റേഷൻ വിതരണം നടത്തുന്നുണ്ട്. ആകെയുള്ള ട്രാൻസാക്ഷനുകളിൽ 83.96 ശതമാനവും ആധാർ പരിശോധന മുഖേനയാണ് നടത്തിയത്. 78.37% ഉപഭോക്താക്കൾ ഇപ്രകാരം റേഷൻ കൈപ്പറ്റിയിട്ടുണ്ട്. ബാക്കി ഇടങ്ങളിൽ മെഷീൻ സ്ഥാപിക്കുന്ന പ്രക്രിയ ഏപ്രിൽ 16-ന് തീരും.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ആഡിറ്റിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സോഷ്യൽ ഓഡിറ്റ് (പൈലറ്റ് പ്രോജക്ട്) നടത്തി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് പ്രാവർത്തികമാകും.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശേഖരിച്ച സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിലാണ് മുൻഗണനാപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഈ പട്ടികയിൽ ബെൻസ്, ഓഡി തുടങ്ങിയ ആഡംബര കാറുകൾ ഉൾപ്പെടെയുള്ളവരുടെ പേരുവിവരം വന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, അതുസംബന്ധിച്ച വിശദവിവരങ്ങൾ ഇപ്പോൾ പറയാൻ കഴിയില്ല. ധാരാളം കേസുകൾ അങ്ങനെയുണ്ടായിട്ടുണ്ട്. ഒരു കോടി രൂപ വിലയുള്ള ബി.എം.ഡബ്ല്യു. കാറുള്ളവർ ഉൾപ്പെടെ മുൻഗണനാ പട്ടികയിലുണ്ടായിരുന്നു. അതെല്ലാം പരിശോധിച്ച് കണ്ടെത്തിയിട്ടുണ്ട്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം നടത്തുമ്പോൾ ധാന്യവിതരണത്തിൽ കുറവുവരാനിടയുണ്ട്. കാരണം, വാങ്ങാത്തവരുടെ ധാന്യങ്ങൾ ആവശ്യമുള്ളവർക്ക് കൊടുക്കുന്നത് നടക്കാതെവരും. അപ്പോൾ കേന്ദ്ര വിഹിതത്തിൽ കുറവുവരാൻ സാധ്യതയുണ്ട്. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, കരുനാഗപ്പള്ളിയിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ എക്സ്പീരിയൻസ് നമ്മുടെ മുന്നിലുണ്ട്. ജനുവരിയിൽ 83.96% ധാന്യവും ഫെബ്രുവരിയിൽ 79% ധാന്യവും വിതരണം ചെയ്യുകയുണ്ടായി. വിതരണം ചെയ്യാൻ ശേഷിക്കുന്ന ധാന്യങ്ങൾ പൊതുവെ മുൻഗണനേതര വിഭാഗത്തിന്റേതാണ്. മുൻഗണനേതര വിഭാഗത്തിലെ പട്ടികയിൽ അരി മിച്ചം വന്നാൽ ടൈഡ് ഓവർ അലോട്ട്മെന്റിൽപ്പെട്ടതായതുകൊണ്ട് സംസ്ഥാനത്തിനുതന്നെ തീരുമാനമെടുത്ത് മുൻഗണനേതര വിഭാഗത്തിന്റെ അരിയുടെ അളവ് വർദ്ധിപ്പിക്കാൻ സാധിക്കും.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, 2013-ലാണ് രാജ്യത്തിനാകെ ബാധകമായ ഭക്ഷ്യ ഭദ്രതാനിയമം നിലവിൽവന്നത്. എന്നാൽ പ്രസ്തുത നിയമം നടപ്പിലാക്കാൻ അന്നത്തെ സർക്കാർ തയ്യാറാകാത്തതിന്റെ ഫലമായി സംസ്ഥാനം വലിയ പ്രശ്നത്തിലേയ്ക്ക് ചെന്നെത്തുകയാണുണ്ടായത്. 2016-ൽ ഇടതുമുന്നണി

സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കണമെന്നുള്ള കേന്ദ്രസർക്കാരിന്റെ കർശന നിർദ്ദേശം വന്നത്. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോയപ്പോൾ പല ഭാഗത്തുനിന്നും വ്യത്യസ്തങ്ങളായ എതിർപ്പുകൾ ഉയർന്നുവന്നിട്ടുണ്ട്. മൊത്തവ്യാപാര ഏജൻസികളിൽനിന്നും മൊത്തവ്യാപാരം മാറ്റി, സർക്കാർ ഏറ്റെടുത്തതിനെ തുടർന്ന് ടി വ്യാപാരികൾ ആദ്യം വലിയ പ്രശ്നമുണ്ടാക്കാൻ ശ്രമിച്ചു. പിന്നീട് അതിന്റെ ട്രാൻസ്പോർട്ടേഷൻ ചുമതലയേറ്റെടുത്തതിനെത്തുടർന്ന്, ചുമതലപ്പെട്ട ആളുകൾ പ്രശ്നമുണ്ടാക്കാൻ തുടങ്ങി. അതിനെത്തുടർന്നാണ് ജി.പി.എസ്. സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചത്. റേഷൻകട ഉടമകളെ സമരരംഗത്തേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നുണ്ടെന്നാണ് ഇപ്പോൾ പത്രങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 31-05-2017-ൽ ഒരു യോഗം ചേർന്ന് റേഷൻ കടക്കാരുടെ കമ്മീഷനുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുത്തതായിട്ടാണ് മനസ്സിലാക്കുന്നത്. അതിന്റെ വിശദാംശങ്ങളെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്ത് റേഷൻ വിതരണ രംഗത്തുണ്ടായിരുന്ന 333 മൊത്ത വ്യാപാരികളെ പൂർണ്ണമായും ഒഴിവാക്കി, വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോയെ ചുമതലപ്പെടുത്തിയത് റേഷൻകട വ്യാപാരികൾക്ക് ആശങ്കയുണ്ടാക്കി. അവരുടെ വരുമാനത്തിൽ കുറവ് വരുന്ന കാര്യമായിരിക്കുമെന്നുള്ളതുകൊണ്ടാണ് അവർ ആശങ്ക പ്രകടിപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് റേഷൻ വ്യാപാരികളുമായും അവരുടെ സംഘടനാ ഭാരവാഹികളുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് ചർച്ച നടത്തി തീരുമാനമെടുത്ത് ഒരു പാക്കേജ് അംഗീകരിച്ചത്. 45 ക്വിന്റൽ ധാന്യമാണ് ഒരു റേഷൻകടയിലൂടെ വിൽക്കേണ്ടത്. അങ്ങനെ വിൽക്കുന്ന റേഷൻകടയ്ക്ക് സർക്കാരിന്റെ സഹായത്തോടുകൂടി 16,000 രൂപ വരുമാനം ലഭിക്കത്തക്ക രൂപത്തിലുള്ളൊരു പാക്കേജാണ് അംഗീകരിച്ചത്. 45 മുതൽ 72 ക്വിന്റൽ വരെയാകുമ്പോൾ, അവർക്ക് 220 രൂപ പ്രകാരമാണ് ഒരു ക്വിന്റലിന് കമ്മീഷൻ അടിസ്ഥാനത്തിൽ വരുമാനം ലഭിക്കേണ്ടത്. 45 ക്വിന്റലിൽനിന്നും മുകളിലേക്ക് വരുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ സപ്പോർട്ട് കുറയും. 72 ക്വിന്റൽ വരെയുള്ളവർക്ക് 16,000 രൂപയും അതിന് മുകളിലേയ്ക്ക് വരുന്നവർക്ക് അതിനോടുചേർന്ന് ഓരോ ക്വിന്റലിനും 220 രൂപയുടെ വർദ്ധനവ് കൂടിയുണ്ടാകും. അങ്ങനെ 22,000 രൂപ വരെ ആനുകൂല്യം കിട്ടുന്ന ഒരു പാക്കേജാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. അത് ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നമുറയ്ക്ക് നടപ്പിലാക്കും.

ശ്രീ. എം. സ്വരാജ്: സർ, മുൻസർക്കാരിന്റെ കാലത്ത് ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റേഷൻ വിതരണത്തിനുള്ള മുൻഗണനാപട്ടികയിലെ അനർഹരെ സംബന്ധിച്ച കാര്യം ഇവിടെ പറഞ്ഞു. അതിലെ കണക്കുകൾ പരിശോധിക്കുമ്പോൾ സാധാരണ ഗതിയിൽ ഉണ്ടാകാനിടയുള്ള പിശകോ, സ്വാഭാവികമായി സംഭവിക്കുന്ന എന്തെങ്കിലും പ്രയാസങ്ങളോ അല്ലെന്നാണ് മനസ്സിലാകുന്നത്. സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ യാതൊരു കാരണവശാലും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടാനിടയില്ലാത്ത ഒരു ലക്ഷത്തോളം ആളുകൾ അവരുടെ റേഷൻ കാർഡ് സറണ്ടർ ചെയ്തിട്ടുള്ളതായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽനിന്നും മനസ്സിലാകുന്നത്. 1 കോടി രൂപയിലധികം വിലയുള്ള കാർ സ്വന്തമായുള്ള ആളുകൾപോലും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതായി ഇവിടെ പരാമർശിക്കുകയുണ്ടായി. അനർഹരായ ആളുകൾ ഈ ലിസ്റ്റിൽ കടന്നുകൂടുന്നതിനുവേണ്ടി ബോധപൂർവ്വവും സംഘടിതവുമായ ശ്രമങ്ങളും ഗൂഢാലോചനയും മാനിപ്പുലേഷനും നടത്തിയിട്ടുള്ളതായിട്ടാണ് കാണാൻ സാധിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ, സ്വാഭാവികമായും ഗൗരവതരമായ അന്വേഷണവും പരിശോധനയും നടത്തി ബോധപൂർവ്വമായ വീഴ്ച വരുത്തിയിട്ടുള്ളവരുടെ പേരിൽ നടപടിയെടുക്കേണ്ടതാണ്. മറ്റൊരു കാര്യം, എം.എൽ.എ.- മാരുടെ ശിപാർശ കത്തോടുകൂടിയാണ് പലപ്പോഴും പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ സമർപ്പിക്കപ്പെടുന്നത്. എല്ലാ രേഖകളും സംഘടിപ്പിച്ച് എം.എൽ.എ.-മാരുടെ ശിപാർശ കത്തോടുകൂടി പുതിയ റേഷൻകാർഡിനുള്ള അപേക്ഷ സമർപ്പിച്ചാൽ അത് സമയബന്ധിതമായി അനുവദിക്കാതെ അനാവശ്യമായി നീട്ടിക്കൊണ്ടുപോകുന്ന ഒരു രീതി സപ്ലൈ ഓഫീസുകളുമായി ബന്ധപ്പെട്ട് ഒരാക്ഷേപമെന്ന നിലയിൽ ഉയർന്നുവരുന്നുണ്ട്. ഇതിനൊരു മിനിമം സമയം നിശ്ചയിക്കാൻ സാധിക്കുമോ; ന്യായമായും റേഷൻ കാർഡ് ലഭിക്കേണ്ട കുടുംബങ്ങൾക്ക് റേഷൻകാർഡ് ലഭിക്കുന്നതിനുവേണ്ടി കൃത്യമായൊരു സമയം നിജപ്പെടുത്തിക്കൊടുക്കാൻ സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്ത് വർഷങ്ങളായി റേഷൻ കാർഡ് വിതരണം നടക്കാതിരിക്കുകയായിരുന്നു. 2017 ജൂൺ മാസം മുതലാണ് റേഷൻകാർഡ് വിതരണം ആരംഭിച്ചത്. 8018030 റേഷൻ കാർഡുകളാണ് വിതരണത്തിനുവേണ്ടി തയ്യാറാക്കിയത്. അതിൽ 99.6% റേഷൻ കാർഡുകളും വിതരണം ചെയ്തു. 21903 റേഷൻ കാർഡുകളാണ് ഇനി വിതരണം ചെയ്യാനുള്ളത്. ഭൂരിഭാഗം ആളുകളും റേഷൻ കാർഡുകൾ കൈപ്പറ്റാൻ വന്നിട്ടില്ല. പത്ര പരസ്യവും മറ്റും കൊടുത്ത് തീർപ്പുകൽപ്പിക്കാനാവശ്യമായ കാര്യങ്ങൾ

ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു സ്ഥലത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് കാർഡിന് അപേക്ഷിക്കാനുള്ള അവസരമാണ് രണ്ടാമത് കൊടുത്തത്. ഇതുവരെ 37655 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായിക്കഴിഞ്ഞാൽ അവർക്കുകൂടി റേഷൻ ലഭ്യമാക്കാനുള്ള കാര്യങ്ങൾ സ്വീകരിക്കും. എന്നാൽ കൂട്ടിച്ചേർക്കാനുള്ളതും കുറവ് ചെയ്യാനുള്ളതുമായ അപേക്ഷകളാണ് ധാരാളമായിട്ടുള്ളത്. അവർക്കതിനുള്ള സമയം അടിയന്തരമായി കൊടുക്കും; അക്കാര്യത്തിലും അപേക്ഷ സ്വീകരിച്ച് തീർപ്പുകൽപ്പിച്ചശേഷം പുതിയ റേഷൻകാർഡ് നൽകാനുള്ള അവസരം ലഭ്യമാക്കുന്നതാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, റേഷൻ കൃത്യമായി വാങ്ങാത്തവരുടെ റേഷൻ തടയുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; ഇങ്ങനെ റേഷൻ വാങ്ങാത്തവരുടെ കാർഡ് റദ്ദാക്കുമോ; കാർഡുടമയ്ക്ക് റേഷൻ സാധനങ്ങൾ താൽക്കാലികമായി വേണ്ടെന്നുവയ്ക്കാൻ സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അതിന്മേൽ ഖണ്ഡിതമായൊരു തീരുമാനമെടുത്തിട്ടില്ല. പക്ഷേ തുടർച്ചയായി റേഷൻ വാങ്ങാത്തവർ സറണ്ടർ ചെയ്യുകയാണെങ്കിൽ ആ റേഷൻ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ കഴിയും. തീർച്ചയായും ഇക്കാര്യത്തിൽ ഖണ്ഡിതമായ നിലപാടിലേക്ക് വരേണ്ടിവരും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്ത് മുൻഗണനാപട്ടിക നിലവിൽ വന്നപ്പോൾ വലിയ ആക്ഷേപങ്ങളുണ്ടായി. അതിനെത്തുടർന്ന് വീണ്ടും മുൻഗണനാപട്ടികയിൽ ഉൾപ്പെടാനുള്ളവർക്ക് അപേക്ഷ കൊടുക്കാനുള്ള അവസരം നൽകുകയും ആ അപേക്ഷയിൽ ഹിയറിംഗ് നടത്തുകയും ചെയ്തു. ഇത്തരം അപേക്ഷകൾ സമർപ്പിക്കുന്ന ആളുകൾ മുഴുവനും അർഹതയുള്ളവരാണ്, പട്ടിണിപ്പാവങ്ങളാണ്. അവരാദ്യം മുൻഗണനാപട്ടികയിൽ വരാതെ പോയതു കൊണ്ടാണ് അപേക്ഷിച്ചത്. നിശ്ചിത ആളുകളെ മാത്രമേ ഉൾപ്പെടുത്താൻ കഴിയൂ എന്ന ലിമിറ്റുള്ളതുകൊണ്ട് അപേക്ഷിച്ചവരെ മുഴുവനും ഉൾപ്പെടുത്താൻ കഴിയുമോ; അതുപോലെ ഒരു കുടുംബത്തിലെ മകനോ മകളോ പ്രത്യേകം താമസിക്കുകയാണെങ്കിൽ, സ്പ്ലിറ്റ് ചെയ്ത കാർഡുകൾ കൊടുക്കുന്നതിന് നിയന്ത്രണമുണ്ട്; കുറെ മാസങ്ങളായി അങ്ങനെ കൊടുക്കുന്നില്ല. അതിനുള്ള അപേക്ഷ എന്ന് സ്വീകരിക്കും; അതിനെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, നിലവിലുള്ള റേഷൻ കാർഡിൽ നിന്നും സ്പ്ലിറ്റ് ചെയ്ത് പുതിയ റേഷൻകാർഡ് ആവശ്യമുള്ളവരുടെ അപേക്ഷ താമസിയാതെ ക്ഷണിക്കുന്നതാണ്. അതിനുവേണ്ടിയുള്ള സോഫ്റ്റ്‌വെയർ തയ്യാറായി വരുന്നതേയുള്ളൂ. രണ്ടാഴ്ചയ്ക്കുള്ളിൽ അതിന്മേൽ തീരുമാനമുണ്ടാകും.

ബഹുമാനപ്പെട്ട അംഗം പറഞ്ഞ, മുൻഗണനാപട്ടികയിൽ ഉൾപ്പെടേണ്ടിയിരുന്ന അർഹതപ്പെട്ട 755788 അപേക്ഷകളാണ് അവസാനമായി ലഭിച്ചത്. അതിൽ ഇരട്ടിപ്പെല്ലാം കഴിഞ്ഞ് 567009 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 540000 പേരും അർഹതപ്പെട്ടവരാണെന്നുള്ളതാണ് വസ്തുത. ഇപ്പോൾ കണ്ടെത്തിയ അനർഹരായ 262000 പേരെ ഒഴിവാക്കുന്ന പ്രക്രിയ ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. മുൻഗണനാപട്ടികയിലേക്കും മുൻഗണനേതര പട്ടികയിലെ സബ്സിഡിയിലേക്കും യോഗ്യരായവരെ ഉൾപ്പെടുത്തും. അതിനുശേഷവും ആ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. പ്രഥമദൃഷ്ട്യാ നാം കണ്ടെത്തിയ നാലുചക്ര വാഹനങ്ങൾ സ്വന്തമായിട്ടുള്ളവരുടെ നമ്പരുകൾ ഫീൽഡ് പരിശോധന നടത്തി ഉറപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ആയിരം സ്ക്വയർഫീറ്റിനു മേൽ വിസ്തീർണ്ണമുള്ള വീടുകളും ധാരാളം കണ്ടെത്തിയിട്ടുണ്ട്. അതും ഫീൽഡ് പരിശോധനയിൽ ശരിയാണെന്ന് ഉറപ്പുവരുത്തി, അനർഹരെ ഒഴിവാക്കി അർഹതയുള്ളവരെ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ താമസിയാതെ പൂർത്തിയാക്കുന്നതാണ്.

ശ്രീ. പി. കെ. ശശി: സർ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ പൂട്ടാൻ ശാന്തകുമാർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്ന വെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ യു.പി.എ. സർക്കാരിന്റെ കാലം മുതൽ നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ തുടങ്ങിയ നവലിബറൽ നയങ്ങളുടെ ഏറ്റവും വലിയ ദുരന്തമാണിത്. സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറുന്ന സ്ഥിതിയാണുള്ളത്. വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിലും അരിയുൾപ്പടെയുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലുമൊക്കെ കേന്ദ്ര സർക്കാർ കടമ നിർവ്വഹിക്കാതെ പിറകോട്ട് മാറുകയാണ്. ഈ പ്രശ്നം ഗൗരവത്തോടെ കണക്കിലെടുക്കാനും പരിഹരിക്കാനും ആവശ്യമായ ഇടപെടൽ നടത്താൻ സർക്കാർ തയ്യാറാകണം. അതോടൊപ്പം മണ്ണാർക്കാട് മണ്ഡലത്തിലെ അട്ടപ്പാടി മേഖലയിൽ ആദിവാസി വിഭാഗത്തിന് നല്ല നിലവാരമുള്ള അരി സർക്കാർ കൊടുക്കുന്നുണ്ട്, അതുസംബന്ധിച്ച് ആർക്കും ആക്ഷേപമില്ല. പക്ഷേ ആദിവാസി വിഭാഗങ്ങൾക്ക് അരി ഭക്ഷണത്തോട് യാതൊരു താൽപ്പര്യവുമില്ല. അവർ റാഗി, ചോളം തുടങ്ങിയ ഭക്ഷണ സാധനങ്ങളാണുപയോഗിക്കുന്നത്. അത്തരം സാധനങ്ങൾ ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ആദിവാസി മേഖലയിലെ റേഷൻ വിതരണം ഭംഗിയായി, മെച്ചപ്പെട്ട രീതിയിൽ നടത്താനാവശ്യമായ കാര്യങ്ങളെക്കുറിച്ച്

ആലോചിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ മീറ്റിംഗ് വിളിച്ചിരിക്കുകയാണ്. ഒല്ലൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. മുൻകയ്യെടുത്ത് നല്ലൊരു പദ്ധതി നടപ്പിലാക്കി. അത് വിജയമെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. ഇപ്പോൾ വനം വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ. അത്തരത്തിലൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിന്റെ വിശദാംശങ്ങളെക്കുറിച്ച് ആലോചിക്കു ന്നതിനാണ് നാളെ യോഗം ചേരുന്നത്. അതോടൊപ്പം ആദിവാസി മേഖലയിലെ ജനവിഭാഗങ്ങൾക്ക് ഏറ്റവും നല്ല ഭക്ഷണ പദാർത്ഥമായ റാഗിയുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ കൊടുക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, റേഷൻ വിതരണത്തിലെ അപാകതയെത്തുടർന്ന് പൊതുവിതരണ രംഗത്ത്, പ്രത്യേകിച്ച് ഓപ്പൺ മാർക്കറ്റിൽ, അരിവില ക്രമാതീതമായി വർദ്ധിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അരിവില കുറയ്ക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; കേരളത്തിൽ നിന്ന് സംഭരിക്കുന്ന നെല്ല് ഫലപ്രദമായി ഉപയോഗപ്പെടുത്താനായി പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെടുത്തി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; മറ്റൊരു കാര്യം, നമ്മുടെ നാട്ടിലെ 90 ശതമാനം റേഷൻ കടകളും കാറ്റും വെളിച്ചവും കടക്കാതെ എലിയും കീടങ്ങളുമൊക്കെ നിറഞ്ഞ വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് പ്രവർത്തിക്കുന്നത്. കേരള സർക്കാരിന്റെ എംബ്ലം വച്ച് മനോഹരമായ റേഷൻകടകൾ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: അങ്ങയുടെ ചോദ്യങ്ങളെല്ലാം പ്രസക്തമാണ്. അങ്ങ് മൂന്ന് ചോദ്യം ചോദിച്ചു.

ശ്രീ. പി. തിലോത്തമൻ: സർ, അരിവില വർദ്ധിച്ചത് റേഷൻ പൊതുവിതരണ രംഗത്തുണ്ടായ തകരാർ കൊണ്ടല്ല. കഴിഞ്ഞ മാസങ്ങളിൽ അരിവിലയിൽ വർദ്ധനവുണ്ടായി. ഇപ്പോൾ വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഏത് കാലത്തേക്കാളും കാര്യക്ഷമമായി റേഷൻ വിതരണം ഇപ്പോൾ നടക്കുന്നുണ്ട്. കേന്ദ്രം നൽകുന്ന അലോട്ട്മെന്റ് കുറവാണെങ്കിലും അതിൽ ഭൂരിഭാഗവും ജനങ്ങളിലേക്കെത്തിക്കാനാവശ്യമായ നടപടികളാണ് എൻ.എഫ്.എസ്.എ. നടപ്പാക്കുന്നതിലൂടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അരിയുടെ വില വർദ്ധനവിനിടയാക്കിയ സാഹചര്യമെന്താണെന്ന് ഞാൻ പ്രത്യേകിച്ച്

പറയേണ്ടതില്ല. അതെല്ലാം നമ്മൾ പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. റേഷൻകടകളെ ഇന്നത്തെ സ്ഥിതിയിൽനിന്നും മാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കും. റേഷൻകടകൾക്ക് ഒരു നിറം നൽകി സർക്കാരിന്റെ എംബ്ലം ഉൾപ്പെടെവച്ച് ഫർണിഷ് ചെയ്യണം. ആർക്ക്, എവിടെ നിന്ന് നോക്കിയാലും തിരിച്ചറിയാൻ കഴിയുംവിധം റേഷൻ കടകളെ നവീകരിക്കുവാനുള്ള ലക്ഷ്യമാണ് വകുപ്പിന്റെ മുമ്പിലുള്ളത്. തീർച്ചയായും അതിനാവശ്യമായ നടപടി സ്വീകരിക്കും.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ജനക്ഷേമകരമായ പ്രവർത്തനങ്ങളാണ് സർക്കാരിന്റെ മുഖമുദ്ര. കാൻസർ, കരൾരോഗം എന്നിവ ബാധിച്ചവരിൽ ചിലർ നിർഭാഗ്യവശാൽ അർഹതപ്പെട്ട റേഷൻ മാനദണ്ഡത്തിൽ നിന്നും വിട്ടുപോയിട്ടുണ്ട്. അതിനായി അപേക്ഷ കൊടുക്കാനും മറ്റുമായി കളക്ടറേറ്റിൽ പോകാനൊന്നും അവരുടെ വീട്ടിൽ ചിലപ്പോൾ ആരും കാണില്ല. അത്തരക്കാർക്ക് വളരെ വേഗത്തിൽ റേഷൻ കിട്ടാനും മുൻഗണനാപ്പട്ടികയിൽ പേര് വരാനുമുള്ള സംവിധാനം ദ്രുതഗതിയിൽ ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മാനദണ്ഡങ്ങൾ പുന: ക്രമീകരിച്ചപ്പോൾ മാരകരോഗം ബാധിച്ചവരെ മുൻഗണനാ പട്ടികയിൽ ചേർക്കാനുള്ള പ്രത്യേകമായ നിർദ്ദേശമാണ് തയ്യാറാക്കിയത്. അസുഖം ബാധിച്ചവരും മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്തവരുമായവരെ ഉടനെതന്നെ ഉൾപ്പെടുത്താനാവശ്യമായ നടപടി അതാത് ജില്ലാ കളക്ടർമാർക്ക് സ്വീകരിക്കാവുന്നതാണ്. അക്കാര്യങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമം കേരളത്തിൽ പ്രാബല്യത്തിൽ വന്നതോടുകൂടിയാണ് റേഷനിംഗ് സമ്പ്രദായത്തിന്റെ പരിഷ്കരണത്തെക്കുറിച്ച് നാം ചിന്തിച്ചത്. അതിന്റെ ഫലമായി ട്രാൻസ്പരൻസിക്ക് വേണ്ടി ബയോമെട്രിക് ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) എല്ലാ കടകളിലും മൂന്ന് മാസംകൊണ്ട് നടപ്പിലാക്കുമെന്ന് വകുപ്പുമന്ത്രി പറഞ്ഞിരുന്നതാണ്. കരുനാഗപ്പള്ളിയിലെ 60 ഷോപ്പുകളിൽ പൈലറ്റ് പ്രോജക്ടായി ഈ സംവിധാനം നടപ്പിലാക്കാനുള്ള ശ്രമം നടത്തിയതല്ലാതെ കേരളത്തിലാകെ വ്യാപിപ്പിക്കാനുള്ള നടപടികളൊന്നും സ്വീകരിച്ചു കാണുന്നില്ല. ഉപഭോക്താക്കൾക്ക് റേഷൻ ലഭിക്കുകയെന്നുള്ളത് ഒരു മൗലികാവകാശമായി മാറണം. അതിന് പല കാര്യങ്ങളും ആലോചിക്കേണ്ടി വരും. ഇന്ന് റേഷൻ മേഖലയിലുള്ള പ്രതിസന്ധികളും റേഷൻ ഡീലേഴ്സിന്റെയും ഉപഭോക്താക്കളുടെയും പ്രശ്നങ്ങളും സമഗ്രമായി ചർച്ച ചെയ്യുന്നതിന് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയോ ആരെയെങ്കിലും നിയോഗിച്ചോ വ്യക്തമായൊരു തീരുമാനമെടുക്കാൻ സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഇ-പോസ് മെഷീൻ പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കിയത് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലാണ്. കരുനാഗപ്പള്ളിയിലെ 60 ഷോപ്പുകളിലാണ് ഇ-പോസ് മെഷീൻ സ്ഥാപിച്ചത്. രണ്ട് മാസമായി അതിന്റെ പ്രവർത്തനാനുഭവം നമ്മുടെ മുന്നിലുണ്ട്. കൊല്ലം ജില്ലയിൽ പൂർണ്ണമായും ഇ-പോസ് മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. കോട്ടയം ജില്ലയൊഴിച്ച് സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും ജില്ലാ കേന്ദ്രങ്ങളിലെ ഫർക്കകളിൽ മെഷീൻ സ്ഥാപിക്കുകയും അവിടത്തെ ആളുകൾക്ക് പരിശീലനം കൊടുക്കുകയും ചെയ്തുകഴിഞ്ഞു. കോട്ടയം ജില്ലയിൽ ഇന്നും നാളെയുംകൊണ്ട് പൂർത്തിയാക്കും. അടുത്ത് നടപ്പാക്കാനുള്ളത് ഇടുക്കി, വയനാട് ജില്ലകളാണ്. മെഷീൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരുനാഗപ്പള്ളിയിലെ 60 ഷോപ്പുകളിൽ മെഷീൻ സ്ഥാപിച്ചതിന്റെ എക്സ്പീരിയൻസ് നോക്കി, അതിന്റെ പ്രവർത്തനക്ഷമത എത്രയുണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടപടികൾ പൂർത്തിയാക്കിയത്. ഏപ്രിൽ 16-ഓടുകൂടി സംസ്ഥാനത്ത് പൂർണ്ണമായി ഇ-പോസ് മെഷീൻ സ്ഥാപിച്ച് പരിശീലനം പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന കാര്യം ഉറപ്പാക്കിയിട്ടുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഭക്ഷ്യഭദ്രതാ നിയമം കഴിഞ്ഞ അഞ്ചു വർഷം നടപ്പാക്കാതിരിക്കുകയും എൽ.ഡി.എഫ്. സർക്കാർ വളരെവേഗം നടപ്പിലാക്കുകയും ചെയ്ത നടപടിയെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ നടത്തുന്ന നടപടികളെല്ലാം ശ്ലാഘനീയമാണ്. ആദിവാസി മേഖലയിൽ വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അവിടെ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനുള്ള ചെലവ് സർക്കാരാണോ വഹിക്കുന്നത്; അനാഥാലയങ്ങൾക്ക് നേരത്തെ ഭക്ഷ്യധാന്യം കൊടുത്തുകൊണ്ടിരുന്നു; ഇപ്പോൾ അത് നൽകുന്നില്ല. അതിനാൽ അനാഥാലയങ്ങൾക്ക് ഭക്ഷ്യധാന്യം നൽകുന്നത് പുനഃസ്ഥാപിക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിക്കും?

ശ്രീ. പി. തിലോത്തമൻ: സർ, വാതിൽപ്പടി വിതരണത്തിന്റെ മുഴുവൻ ചെലവും വഹിക്കുന്നത് സർക്കാരാണ്. എല്ലാ റേഷൻ കടകളിലും ഭക്ഷ്യധാന്യങ്ങൾ എത്തിക്കുകയെന്നുള്ളതാണ് വാതിൽപ്പടി വിതരണംകൊണ്ട് ഉദ്ദേശിക്കുന്നത്. റേഷൻ കടകളിൽവന്ന് സാധനങ്ങൾ വാങ്ങി പത്തും ഇരുപതും കിലോമീറ്റർ ദൂരം നടന്നുപോകേണ്ട സ്ഥിതിയാണ് പല ആദിവാസി ഊരുകളിലുമുള്ളത്. അതുകൊണ്ടാണ് ഒല്ലൂരിൽ റേഷൻ ഊരുകളിൽ എത്തിച്ചുകൊടുക്കുന്ന സമ്പ്രദായം സ്വീകരിച്ചത്. സംസ്ഥാന വ്യാപകമായി അത്തരം നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചുൾപ്പെടെ ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും വേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ യോഗം

വിളിച്ചിരിക്കുന്നത്. ആദിവാസികൾക്ക് ലഭിക്കേണ്ട റേഷൻസാധനങ്ങൾ കൃത്യമായി അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഇതുവഴി സാധിക്കും. അനാഥാലയങ്ങൾക്കും വെൽഫെയർ സ്ഥാപനങ്ങൾക്കും ധാന്യം നൽകുന്നതിന് കേന്ദ്രത്തിന്റെ അലോട്ട്മെന്റുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ മാത്രമാണ് നമുക്ക് വിഹിതം തന്നത്, രണ്ടാം പാദത്തിൽ തന്നില്ല. കിട്ടിയതിനേക്കാൾ കൂടുതൽ ധാന്യം വെൽഫെയർ സ്ഥാപനങ്ങൾക്ക് പങ്കുവച്ചുകൊടുത്തിട്ടുണ്ട്. പുതിയ സ്ഥാപനങ്ങൾക്ക് കൊടുക്കണമെങ്കിൽ, അളവിൽക്കൂടുതൽ കൊടുക്കണമെങ്കിൽ അരി പുതുതായി കണ്ടെത്തേണ്ടതുണ്ട്. പക്ഷേ കേന്ദ്രം തന്നാൽ പ്രയാസമുണ്ടാകില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന് ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ട്; പദ്ധതി പൂർത്തീകരിക്കുമ്പോൾ എന്ത് തുക ചെലവ് വരും; ഇ-പോസ് മെഷീൻ സ്ഥാപിക്കാൻ കരാറിലേർപ്പെട്ടിട്ടുള്ള കമ്പനി മറ്റെവിടെയെങ്കിലും ഈ പദ്ധതി നടപ്പിൽവരുത്തി പരിചയമുള്ളവരാണോ?

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്ത് ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത കമ്പനിയായിരുന്നു L-1. അവർ ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിൽ ഇ-പോസ് മെഷീൻ, ബയോമെട്രിക് സംവിധാനം എന്നിവ ഏർപ്പെടുത്തി പരിചയമുള്ളവരാണ്. അതിന്റെ അടങ്കൽ തുക കൃത്യമായി എനിക്ക് ഓർമ്മയില്ല. 59 കോടി രൂപയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. സ്പീക്കർ: 152-ാം നമ്പർ ചോദ്യവുമായി 153-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. 153-ാം നമ്പർ ചോദ്യം എന്തായാലും ഫ്ലോറിൽ വരും.

**രാഷ്ട്രീയ കൊലപാതകങ്ങൾ**

2(*152) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർ ജില്ലയിൽ പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും കേസുകളിൽ അന്വേഷണം നടത്തുന്നതിനും സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിന് പോലീസിന് കഴിയുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നാട്ടിലെ ക്രമസമാധാനനിലയെ ഇത് എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂരിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നുവെന്ന് അറിയിക്കുമോ; അതിൽ പ്രതിസ്ഥാനത്തുള്ളത് ഏതൊക്കെ രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന കേസുകളിൽ യു.എ.പി.എ. ചുമത്താമെന്ന് പ്രസ്തുത നിയമത്തിന്റെ 15-ാം വകുപ്പിൽ അനുശാസിക്കുന്നുണ്ടോ;

(ഇ) എങ്കിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകൻ എടയന്നൂർ ഷുഹൈബിനെ കൊലചെയ്യുന്നതിനുമുമ്പ് ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതികൾക്കെതിരെ യു.എ.പി.എ. ചുമത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂരിൽ ഒൻപത് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ ബി.ജെ.പി., സി.പി.ഐ.(എം.), എസ്.ഡി.പി.ഐ. എന്നീ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ പ്രതിപട്ടികയിലുണ്ട്.

(ഡി) ഇന്ത്യാ മഹാരാജ്യത്തിന്റെ പരമാധികാരത്തിനും സുരക്ഷയ്ക്കും ഒത്തൊരുമയ്ക്കും ജനങ്ങൾക്ക് ഭീഷണി ഉയർത്തണമെന്നുള്ള ഉദ്ദേശ്യത്തോടെയോ, തീവ്രവാദ പ്രവർത്തനങ്ങൾക്കും മറ്റുമായോ, ബോംബോ സ്ഫോടക വസ്തുക്കളോ ഉപയോഗിക്കുകയാണെങ്കിൽ യു.എ.പി.എ. ആക്ട് 1967-ലെ 15-ാം വകുപ്പ് ചുമത്താവുന്നതാണ്.

(ഇ) ഇതുവരെ നടത്തിയ അന്വേഷണത്തിൽ ഈ കേസ്സിൽ യു.എ.പി.എ. അനുശാസിക്കുന്ന വ്യവസ്ഥ പ്രകാരം കുറ്റം ചുമത്താൻ ആവശ്യമായ തെളിവുകൾ ലഭ്യമായിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കണ്ണൂരിൽ രാഷ്ട്രീയ കൊലപാതകങ്ങൾ ഒരു തുടർക്കഥപോലെ നീണ്ടുപോകുകയാണ്. ഓരോ കൊലപാതകം കഴിയുമ്പോഴും നമ്മളാഗ്രഹിക്കുന്നത് ഇത് അവസാനത്തേതാകണമെന്നാണ്. പക്ഷെ കൊലപാതകങ്ങൾ പിന്നെയും കണ്ണൂരിൽ അരങ്ങേറുകയാണ്. കൊന്നവരെ ചിലപ്പോഴെങ്കിലും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ കഴിയുന്നുണ്ടെങ്കിലും മരണ വാറണ്ട് പുറപ്പെടുവിക്കുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിയുന്നില്ലെന്നുള്ളതാണ് കണ്ണൂരിലെ കൊലപാതകങ്ങൾ ഇങ്ങനെ നീണ്ടുപോകുന്നതിന്റെ പ്രധാന കാരണം. ഷുഹൈബ് വധക്കേസിലെ പ്രതികളെ പിടിച്ച് രണ്ടാഴ്ച കഴിഞ്ഞിട്ടും ഗൂഢാലോചനയുമായി ബന്ധപ്പെട്ട പ്രതികളെ പിടിക്കുന്ന കാര്യങ്ങളൊന്നും മുന്നോട്ടുപോകുന്നില്ലെന്നുള്ളതാണ് പത്രവാർത്ത കളിൽനിന്ന് കാണുന്നത്. ഈ കേസ്സുമായി ബന്ധപ്പെട്ട് ഇപ്പോൾ നടക്കുന്ന അന്വേഷണത്തിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ കേസിൽ ഫലപ്രദമായ അന്വേഷണമാണ് പോലീസ് നടത്തുന്നത്. പോലീസിന്റെ ഇടപെടൽ സംബന്ധിച്ച് യാതൊരുവിധ പരാതികളും ഗൗരവമായി ഇതുവരെ ഉയർന്നിട്ടില്ല. പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട് ഇനി ആരെയെങ്കിലും പിടികൂടാനുണ്ടെങ്കിൽ അവരെയെല്ലാവരെയും പിടികൂടുന്ന നിലയിൽത്തന്നെയാണ് പോലീസ് അന്വേഷണം നീങ്ങുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കണ്ണൂർ ജില്ലയിലെ ഷുഹൈബ് കൊലപാതകവുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട പ്രതികൾക്ക് അദ്ദേഹവുമായി സാമ്പത്തിക ഇടപാടോ അതിർത്തി തർക്കമോ അല്ലെങ്കിൽ എന്തെങ്കിലും പൂർവ്വ വ്യക്തിവൈരാഗ്യമോ ഇല്ലെന്നുള്ളത് എല്ലാവർക്കും ഇതിനകംതന്നെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ആ പ്രദേശത്തുള്ളവർ പോലുമല്ലാത്ത ഈ പ്രതികൾക്കു പിന്നിൽ കൊല്ലിച്ചവരുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി ഷുഹൈബിന്റെ വാപ്പയും ഉമ്മയും സഹോദരിമാരുമുൾപ്പടെയുള്ളവർ സി.ബി.ഐ. പോലുള്ള മറ്റ് ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലൻ കണ്ണൂരിൽ വന്ന് ഏതന്വേഷണവും നടത്താമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷെ, സർക്കാർ

സി.ബി.ഐ. അന്വേഷണം നിരാകരിക്കുന്ന സാഹചര്യമാണുണ്ടായത്. എന്തുകൊണ്ടാണ് സർക്കാർ ഈ പാവപ്പെട്ട രക്ഷിതാക്കളുടെ പ്രയാസം ഉൾക്കൊണ്ടുകൊണ്ട് ഒരു സി.ബി.ഐ. അന്വേഷണമെന്നുള്ള തലത്തിലേയ്ക്ക് പോകുന്നതിന് മടികാണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സി.ബി.ഐ. രാജ്യത്തെ അന്വേഷണ ഏജൻസിയാണ്. സംസ്ഥാനത്തെ കാര്യങ്ങൾ അന്വേഷിക്കുന്നത് പോലീസാണ്. പോലീസിന്റെ അന്വേഷണത്തിന് ഫലം കാണാൻ കഴിയുന്നില്ലെങ്കിൽ ചില ഘട്ടങ്ങളിൽ സി.ബി.ഐ. അന്വേഷിക്കുന്നതിന് പൊതുവിൽ ആവശ്യം ഉയരാറുണ്ട്; അപ്പോൾ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാറുമുണ്ട്. ഇക്കാര്യത്തിൽ പോലീസിന്റെ അന്വേഷണം ശരിയായ രീതിയിലാണ് മുന്നോട്ടുപോയിട്ടുള്ളത്. പ്രതികളെ പിടികൂടാനും കഴിഞ്ഞിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു തരത്തിലുള്ള വീഴ്ചയും സംഭവിച്ചിട്ടില്ല. അത്തരമൊരു സാഹചര്യത്തിൽ ദേശീയ അന്വേഷണ ഏജൻസി അന്വേഷിക്കേണ്ട ആവശ്യം ഉയരുന്നില്ല. അതുകൊണ്ടുതന്നെയാണ് ആ അന്വേഷണം വേണ്ടെന്നുവച്ചത്.

ശ്രീ. അടൂർ പ്രകാശ്: സർ, ശ്രീ. എ. കെ. ബാലന്റെ നേതൃത്വത്തിൽ കണ്ണൂർ കളക്ടറേറ്റിൽ സമാധാനയോഗം നടന്നിരുന്നു. അങ്ങ് ചുമതലപ്പെടുത്തിയത് അനുസരിച്ചാണ് നിയമ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹം കളക്ടറേറ്റിൽ വന്നത്. പ്രസ്തുത യോഗത്തിനുശേഷം സി.ബി.ഐ. ഉൾപ്പെടെയുള്ള ഏതന്വേഷണവും നടത്താൻ തയ്യാറാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ഷുഹൈബിന്റെ ബാപ്പയും ഉമ്മയും കൊടുത്ത പരാതി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ കൈവശമുണ്ട്. സി.ബി.ഐ. അന്വേഷണമാണ് ആവശ്യമെന്നും അതാണ് ഉചിതമെന്നുമാണ് ആ പരാതിയിൽ പറഞ്ഞിരിക്കുന്നത്. എന്തുകൊണ്ടാണ് സർക്കാർ ഇക്കാര്യത്തിൽ മടി കാണിക്കുന്നത്? സി.ബി.ഐ. അന്വേഷണം വേണ്ടെന്ന തീരുമാനം എന്തുകൊണ്ടാണ് എടുത്തതെന്ന് അങ്ങ് വ്യക്തമാക്കണം. കണ്ണൂരിൽ രാഷ്ട്രീയ കൊലപാതകങ്ങൾ തുടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ബഹുമാന്യനായ ഗവർണ്ണർ മുഖ്യമന്ത്രിയെ വിളിച്ചുവരുത്തുകയും ആ യോഗത്തിൽ അങ്ങ് ചില ഉറപ്പുകൾ കൊടുക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽ എത്ര സമാധാന യോഗങ്ങൾ നടന്നുവെന്ന് അങ്ങ് ബഹുമാനപ്പെട്ട ഗവർണറെ അറിയിച്ചിട്ടുണ്ടെന്നുകൂടി വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി പങ്കെടുത്ത യോഗത്തിൽ ഇതുമായി ബന്ധപ്പെട്ടുള്ള അന്വേഷണം ഫലപ്രദമായി നടത്താനാവശ്യമായ എല്ലാ നടപടിയും സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്.

അതല്ലാതെ മറ്റേതെങ്കിലും ഏജൻസിവന്ന് അന്വേഷിക്കുമെന്ന ഉറപ്പ് അദ്ദേഹം അന്നവിടെ നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സമാധാന സംഭാഷണങ്ങൾ എല്ലാ ഘട്ടത്തിലും നടത്താറുണ്ട്. കളക്ടറുടെ നേതൃത്വത്തിലും ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിലും മുഖ്യമന്ത്രി ഇടപെട്ടും സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് നൽകിയ മറുപടിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂരിൽ 9 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നതായാണ് പറഞ്ഞിരിക്കുന്നത്. അതൊരു alarming rate ആണ്. രാഷ്ട്രീയ കൊലപാതകങ്ങൾ വർദ്ധിച്ചുവരികയാണ്. അവിടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇരകളുടെ വീട് സന്ദർശിക്കുന്ന ഒരാശയം നടപ്പിലാക്കുകയും വലിയ രീതിയിലുള്ള മാധ്യമശ്രദ്ധ അക്കാര്യത്തിൽ ഉണ്ടാകുകയും ചെയ്തു. പക്ഷേ അതിനുശേഷവും രാഷ്ട്രീയ കൊലപാതകങ്ങൾ കണ്ണൂരിൽ അരങ്ങേറിയിട്ടുണ്ട്. ഇതിന്റെ യഥാർത്ഥ ഗൂഢാലോചനക്കാരെ കണ്ടെത്താതെ ഇത്തരത്തിലുള്ള ആശയങ്ങൾ കൊണ്ടുമാത്രം കണ്ണൂരിലെയും കേരളത്തിലെയും രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ കഴിയുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-ൽ (25-5-2016 മുതൽ) 10 രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്. എന്നാൽ 2017-ൽ അത് 5 ആയി കുറഞ്ഞു. കൊലപാതകങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ കഴിയുന്നുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, സി.പി.ഐ.(എം.) പ്രവർത്തകരെ തല്ലിയോടിച്ചും പാർട്ടി ഓഫീസിൽനിന്ന് അവരെ അടിച്ചിറക്കി പാർട്ടി ഓഫീസുകൾ താഴിട്ട് പൂട്ടിയും ലെനിന്റെ പ്രതിമകൾ തകർത്തും ബി.ജെ.പി. ത്രിപുരയിൽ നടത്തുന്ന തേർവാഴ്ചയിൽ ശക്തമായി അപലപിച്ചുകൊണ്ട് ഞാനെന്റെ ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്. കണ്ണൂരിലെ എടയന്നൂരിൽ ജീവകാരുണ്യ പ്രവർത്തകനും യൂത്ത് കോൺഗ്രസിന്റെ നിയോജകമണ്ഡലം സെക്രട്ടറിയും മൂന്ന് പെങ്ങന്മാർക്കുള്ള ഏക ആങ്ങളയുമായ 30 വയസ്സുപോലും തികയാത്ത ഷുഹൈബിനെ 41 വെട്ടുവെട്ടി കൊന്ന കേസിലെ കൊലയാളികളെല്ലാം സി.പി.ഐ.(എം.) പ്രവർത്തകരാണെന്ന് ഡി.ജി.പി. പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. ഇത്തരമൊരു കാര്യം ചെയ്യാനുള്ള തീരുമാനം ആ പ്രവർത്തകർ സ്വയമെടുത്തതല്ല. സി.പി.ഐ.(എം.)-ന്റെ സംഘടനാ രീതികളനുസരിച്ച്, പാർട്ടിയുടെ തീരുമാനമില്ലാതെ പാർട്ടി പ്രവർത്തകർ അത് നടപ്പിലാക്കില്ല. ഇക്കാര്യത്തിൽ സി.പി.ഐ.(എം.)-നുള്ള പങ്കിനെക്കുറിച്ച് അന്വേഷിക്കാനോ ഇവരുടെ മുകൾഘടകങ്ങളിൽപ്പെട്ട ആരെയെങ്കിലും വിളിച്ച് ചോദ്യം ചെയ്യാനോ ഇതുവരെ സർക്കാരും അന്വേഷണ ഉദ്യോഗസ്ഥരും തയ്യാറായിട്ടുണ്ടോ;

അതുപോലെ നേരത്തെ നടന്നിട്ടുള്ള സംഘർഷങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രിയും ആർ.എസ്.എസ്. നേതാക്കളും തിരുവനന്തപുരത്ത് ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ നടത്തിയ ചർച്ചയുടെ വിവരങ്ങൾ എന്താണെന്നും അന്ന് എന്തെങ്കിലും വ്യവസ്ഥകൾ ആർ.എസ്.എസ്സുമായി നിങ്ങൾ ഒപ്പിട്ടിട്ടുണ്ടോ എന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം.

ശ്രീ. പിണറായി വിജയൻ: സർ, സംഘട്ടനങ്ങൾ നമ്മളാരും ആഗ്രഹിക്കുന്നതല്ല. അതെവിടെയുണ്ടായാലും നിർഭാഗ്യകരമാണ്. പ്രത്യേകിച്ച് ജീവൻ അപായപ്പെടുത്തുക എന്നതിനോട് നമ്മുടെ സമൂഹം കൃത്യമായി അപലപിക്കുന്ന നിലതന്നെയാണ് സ്വീകരിച്ചുവരാറുള്ളത്. ഒരു സംഭവമുണ്ടായാൽ പിന്നീടത് ആവർത്തിക്കാതിരിക്കാൻ ഉതകുംവിധമുള്ള കർക്കശമായ നടപടികളാണ് സർക്കാർ എന്ന നിലയ്ക്ക് ഇക്കാര്യത്തിൽ സ്വീകരിച്ചത്. ആ നടപടി തന്നെയാണ് ഓരോ സംഭവത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. രാഷ്ട്രീയ സംഘർഷങ്ങളുണ്ടാകുമ്പോൾ ബന്ധപ്പെട്ട കക്ഷികളെ വിളിച്ച് സംസാരിക്കുക, സമാധാനം ഉറപ്പു വരുത്തുക തുടങ്ങിയ ശ്രമങ്ങൾ സർക്കാർ നടത്താറുണ്ട്. അതിന്റെ ഭാഗമായാണ് ഇക്കാര്യത്തിലും ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ടുള്ള യോഗം കണ്ണൂരിൽ ചേർന്നത്. നാട്ടിൽ സമാധാനം നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന എല്ലാവരും അംഗീകരിക്കുന്ന ഒരു പ്രക്രിയയാണത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എത്രമാത്രം കർക്കശമായ നടപടികൾ സ്വീകരിക്കണമോ അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുക എന്നതുതന്നെയാണ് സർക്കാരിന്റെ നയം. അക്കാര്യത്തിൽ ആരുടെയും മുഖംനോക്കുന്ന പ്രശ്നമേയില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി വർഗ്ഗീയലഹളകളും കലാപങ്ങളും ഗുണ്ടാവിളയാട്ടങ്ങളും താരതമ്യേന കുറഞ്ഞ സംസ്ഥാനമാണ് കേരളമെന്ന കാര്യത്തിൽ സംശയമില്ല. രാഷ്ട്രീയ സംഘർഷങ്ങളും സംഘട്ടനങ്ങളും അതിന്റെ ഭാഗമായുണ്ടാകുന്ന കൊലപാതകങ്ങളും താരതമ്യേന കേരളത്തിൽ വർദ്ധിച്ചുവരുന്ന സ്ഥിതിയില്ല, അതെല്ലാം കുറഞ്ഞുവരുന്നുണ്ട്. കോൺഗ്രസും മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന മറ്റ് ഇതര രാഷ്ട്രീയപാർട്ടികളും സ്വീകരിക്കുന്ന നിലപാടിന്റെകൂടി ഫലമായിട്ടാണ് ഇത്തരത്തിലുള്ള രാഷ്ട്രീയ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നതെന്ന കാര്യം പരിശോധിക്കാനും രാഷ്ട്രീയമായ സംഘർഷങ്ങളിലേയ്ക്ക് പോകാതെതന്നെ ഇത്തരത്തിലുള്ള വർഗ്ഗീയ ലഹളകളെയും ഗുണ്ടാവിളയാട്ടങ്ങളെയും പ്രതിരോധിക്കാനും ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, രാഷ്ട്രീയ സംഘർഷങ്ങളുണ്ടാകുമ്പോൾ ഒരു ഭാഗത്ത് പോലീസ് കർക്കശമായ നടപടി സ്വീകരിക്കുകയും മറ്റൊരു ഭാഗത്ത് ഇതുമായി ബന്ധപ്പെട്ട് സർവ്വകക്ഷി യോഗം ചേരുകയും ആവശ്യമാണെങ്കിൽ ഉഭയകക്ഷി ചർച്ച നടത്തുന്നതിന് പ്രേരിപ്പിക്കുകയെന്നതുമാണ് ഇപ്പോൾ സ്വീകരിക്കുന്ന നടപടികൾ. ഇത്തരം നടപടികളെല്ലാം സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഇന്നുള്ള നിയമം കുറേക്കൂടി കർക്കശമാക്കേണ്ടതുണ്ട്. രാഷ്ട്രീയ സംഘട്ടനങ്ങളുണ്ടാകുമ്പോൾ ശക്തമായ സംവിധാനങ്ങളൊരുക്കുന്നതിന് നിയമഭേദഗതി ആവശ്യമുണ്ടോ എന്നുള്ളതും പൊതുവെ ആലോചിക്കേണ്ട കാര്യമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23 രാഷ്ട്രീയ കൊലപാതകങ്ങളാണ് ഉണ്ടായിട്ടുള്ളത്. 21 മാസത്തിനുള്ളിൽ 23 രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായത് പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള സ്ഥിതിവിശേഷം ഇല്ലാത്തതുകൊണ്ടാണ്. പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസുമായി ബന്ധപ്പെട്ട് ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ജില്ലാ സെക്രട്ടറി സ്റ്റേഷനിൽ കുത്തിയിരിപ്പ് സമരം നടത്തി പ്രതികളെ മോചിപ്പിച്ചു. കൂത്തുപറമ്പിൽ പോലീസ് സ്റ്റേഷനിൽ അതിക്രമിച്ചു കയറി പ്രതികളെ മോചിപ്പിക്കാൻ ശ്രമിക്കുന്നു. ഇത്തരം സംഭവങ്ങളിൽ എന്തുകൊണ്ടാണ് ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കാത്തത്; അങ്ങനെ സ്വീകരിക്കാത്തതുകൊണ്ട് കണ്ണൂർ ജില്ലയിൽ പോലീസിന് നിഷ്പക്ഷവും നീതിപൂർവ്വവുമായ പ്രവർത്തനം നടത്താൻ കഴിയാത്ത അവസ്ഥ വന്നിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് അങ്ങ് ആഗ്രഹിക്കുന്നത്; അതുപോലെ നേരത്തെയുണ്ടായിരുന്ന രാത്രികാല പട്രോളിംഗ്, ബോംബ് ഉൾപ്പെടെയുള്ള മാരകായുധങ്ങൾ കണ്ടെത്താനായി 24 മണിക്കൂറുമുള്ള റെയ്ഡുകൾ എന്നിവയെല്ലാം കണ്ണൂർ ജില്ലയിൽ നിലച്ചിരിക്കുന്നു എന്ന പരാതി നിലവിലുണ്ട്. ഇക്കാര്യങ്ങൾ പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അധികാരവും അവകാശവുമുണ്ട്. അക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലുള്ള ഏതെങ്കിലും ഇടപെടൽ പോലീസ് സ്റ്റേഷനിൽ കയറിയോ, മറ്റുതരത്തിലോ, പോലീസിനെതിരെ ഉണ്ടായാൽ അതൊന്നും പോലീസിന്റെ നടപടികളെ ബാധിക്കുന്ന കാര്യമല്ല. അത്തരം കാര്യങ്ങൾ നിയമപ്രകാരം സ്വീകരിക്കേണ്ട നടപടികളിലൂടെതന്നെ നേരിടുകയും ആവശ്യമായ അന്വേഷണരീതികൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യും. കണ്ണൂർ ജില്ലയിലെന്നല്ല, സംസ്ഥാനത്തൊരിടത്തും അന്വേഷണത്തിൽ യാതൊരു

തടസ്സവും സംഭവിച്ചിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ കയറിയും പോലീസിനുനേരെ അക്രമം നടത്തിയും ക്രമസമാധാനം തകർക്കാനുള്ള ശ്രമമുണ്ടായാൽ കർക്കശമായ നടപടി സ്വീകരിക്കണമെന്ന് പോലീസിനോട് നിർദ്ദേശിച്ചിട്ടുമുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്നതിലും അക്രമങ്ങൾ കുറച്ചുകൊണ്ടുവരുന്നതിലും ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ അഭിനന്ദനാർഹമാണ്. പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും മണൽകടത്തു കേസിലെ പ്രതികളെ മോചിപ്പിക്കാൻ ഇടപെടുകയും ചെയ്ത എം.പി.-മാരെയും എം.എൽ.എ.-മാരെയും സംരക്ഷിക്കുന്ന നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. എന്നാൽ ഒരു രാഷ്ട്രീയ പാർട്ടിയിലെ അംഗമായിട്ടുപോലും ആ പാർട്ടിയുടെ അംഗമാണെന്ന യാതൊരു പരിഗണനയും നൽകാതെ കൊലപാതക കേസുകളിൽ സർക്കാർ നടത്തുന്ന സത്യസന്ധമായ അന്വേഷണം അഭിനന്ദനാർഹമാണ്. എന്റെ ചോദ്യം, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 18 സി.പി.ഐ.(എം.) പ്രവർത്തകർ കൊല ചെയ്യപ്പെട്ടു. ഇവരെ കൊല ചെയ്തത് ആർ.എസ്.എസ്.-കാരാണ്. ആർ.എസ്.എസ്-നെതിരായ കേസ്സുകൾ ദുർബലമാക്കിയും അവർ പ്രതികളായ കേസുകൾ എഴുതിത്തള്ളുകയും ചെയ്യുന്ന സമീപനമായതുകൊണ്ടല്ലേ കേരളത്തിൽ ആർ.എസ്.എസ്.-ന് ഇത്തരത്തിലുള്ള അക്രമം നടത്താൻ പ്രോൽസാഹനമായി തീർന്നത്; ഈ അക്രമങ്ങൾ അവസാനിപ്പിക്കാനുള്ള ശക്തമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്രമകാര്യങ്ങളിൽ ആര് എന്നത് പ്രശ്നമേയല്ല. ഏത് കൂട്ടർ ആക്രമണം നടത്തിയാലും അതിനെതിരെ കർക്കശമായ നടപടികളുണ്ടാകും. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ചില കാര്യങ്ങൾ മുമ്പ് നമ്മുടെ സംസ്ഥാനത്ത് നടന്നിരുന്നു എന്നത് ശരിയാണ്. അതിന്റെ കണക്കുകളിലേയ്ക്കൊന്നും ഇപ്പോൾ ഞാൻ പോകുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കണ്ണൂർ കൊലപാതക കേസുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന അന്വേഷണങ്ങളുടെ വിവരങ്ങൾ ചോർന്നുപോകുന്നുവെന്ന് പോലീസ് ഉദ്യോഗസ്ഥർതന്നെ പറഞ്ഞിരുന്നു. എല്ലാ വകുപ്പിലുമുള്ളതുപോലെ പോലീസ് വകുപ്പിലും പോലീസ് അസോസിയേഷനുണ്ട്. പോലീസ് അസോസിയേഷന്റെ രാഷ്ട്രീയ അതിപ്രസരത്തിന്റെ ഭാഗമായാണ് ഇതെല്ലാം നടക്കുന്നതെന്ന് വ്യാപകമായ പരാതിയുണ്ട്. കൊടികുത്തിയ സംഭവവുമായി ബന്ധപ്പെട്ട് വളരെ ഇച്ഛാശക്തിയോടുകൂടി അത്തരം പ്രവർത്തനങ്ങളിൽ നിയന്ത്രണമേർപ്പെടുത്തുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നലെ പറഞ്ഞു. ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള പോലീസ് അസോസിയേഷനുമായി ബന്ധപ്പെട്ട തലത്തിൽ നിന്നാണോ ഇത്തരം പ്രവണതകൾ വരുന്നതെന്ന് പരിശോധിച്ച് അത്തരം കാര്യങ്ങൾ നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പോലീസിൽനിന്ന് വിവരങ്ങൾ ചോർന്നു എന്ന മട്ടിലുള്ള യാതൊരു വിവരവും ഇപ്പോൾ സർക്കാരിന്റെ കൈവശമില്ല. അതുകൊണ്ടുതന്നെ അതുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും നടപടികളിലേക്ക് പോലീസോ അധികൃതരോ നീങ്ങിയിട്ടുമില്ല. വാർത്തകൾ പലതും വരുന്നുണ്ട്, അതിൽ നമുക്കെന്തു ചെയ്യാൻ സാധിക്കും. ഞാൻ സാധാരണ നിലയ്ക്കുള്ള ഒരു ചെക്കപ്പിന് ആശുപത്രിയിൽ പോയപ്പോൾ പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞതിനാൽ എന്നെ അടിയന്തരമായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു എന്നാണ് വാർത്ത വന്നത്. അത്തരത്തിൽ വാർത്ത വന്നാൽ എന്ത് ചെയ്യാൻ കഴിയും. വാർത്തയെ വിശ്വസിക്കാൻ പുറപ്പെട്ടാൽ നമ്മൾ കുഴപ്പത്തിലാകും.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, രാഷ്ട്രീയ കൊലപാതകങ്ങൾ എവിടെ നിന്നായാലും ഏത് ഭാഗത്തുനിന്നായാലും അങ്ങേയറ്റം അപലപനീയമാണ്. പക്ഷെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കണക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി രേഖാമൂലം തന്ന കണക്കും ഇവിടെയുണ്ട്. 2016-ൽ 10 കൊലപാതകങ്ങളും 2017-ൽ 5 കൊലപാതകങ്ങളും വച്ച് നോക്കുമ്പോൾ കൊലപാതകത്തിന്റെ എണ്ണം കുറഞ്ഞുവരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 8-2-2016-ൽ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ നക്ഷത്രചിഹ്നമിടാത്ത ചോദ്യമായ 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?' എന്നതിന് "ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 29 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും അതിൽ കൊല്ലപ്പെട്ടവർ 16 പേർ സി.പി.ഐ.(എം.) പ്രവർത്തകരാണ്" എന്നും ശ്രീ. രമേശ് ചെന്നിത്തല രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. അതിൽ വിവിധ കേസുകളിൽ പ്രതികളായ ബി.ജെ.പി.-ക്കാർ 11 പേരുണ്ട്. മുസ്ലീം ലീഗുകാർ പ്രതികളായ 2 എണ്ണം ഒറ്റ കേസ്സായിട്ടെടുക്കുകയും 3 എണ്ണം കേസ്സായിട്ടെടുക്കുകയും ചെയ്തിട്ടുണ്ട്. കോൺഗ്രസ്സുകാർ പ്രതികളായിട്ടുള്ള 2 കേസ്സുകളുമുണ്ട്. അതുപോലെ 8-2-2016 -ൽ കോൺഗ്രസ്സ് ഓഫീസിൽ രാധ എന്ന സ്ത്രീ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട എന്റെ 241-ാം നമ്പർ ചോദ്യത്തിൽ സി.ബി.ഐ. അന്വേഷണം ഉൾപ്പെടെയുള്ള അന്വേഷണങ്ങൾ ആവശ്യപ്പെടുന്നുണ്ട്. പ്രധാനമന്ത്രിക്കും മനുഷ്യാവകാശ കമ്മീഷനും നൽകിയ അപേക്ഷകൾ പരിഗണിച്ച് കേസ് സി.ബി.ഐ.-ക്ക് വിടുകയോ മറ്റ് അന്വേഷണങ്ങൾക്ക് വിടാതിരിക്കുകയോ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചാണ് മധു ഈശ്വരനെ കൊലപ്പെടുത്തിയത്. ഇതൊന്നുംതന്നെ യു.എ.പി.എ.-യോ മറ്റേതെങ്കിലും വകുപ്പനുസരിച്ചോ സി.ബി.ഐ. അന്വേഷണത്തിന് വിടാതിരുന്നതെന്താണെന്ന് രേഖകൾ പരിശോധിച്ച് മറുപടി പറയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം നിയമസഭയിൽ ഉന്നയിച്ച ചോദ്യവും അതിനു നൽകിയ ഉത്തരവുമൊക്കെ ഉദ്ധരിച്ചുകൊണ്ടാണ് സംസാരിച്ചത്. അതിനെക്കുറിച്ച് ഞാൻ പ്രത്യേകിച്ചൊന്നും പറയുന്നില്ല. അതൊക്കെ ഞാൻ അംഗീകരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 21 മാസമായി. ചരിത്രത്തിലാദ്യമായാണ് ഇത്രയധികം രാഷ്ട്രീയ കൊലപാതകങ്ങൾ ഈ കാലഘട്ടത്തിനുള്ളിൽ നടക്കുന്നത്. സംസ്ഥാനത്ത് ഒരു ഇന്റലിജൻസ് വകുപ്പ് പ്രവർത്തിക്കുന്നുണ്ടോ? അങ്ങനെ ഇന്റലിജൻസ് വകുപ്പ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഇത്തരം രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് മുൻകൂട്ടി അവർ വിവരം നൽകുന്നുണ്ടോ, മുൻകൂട്ടി വിവരം നൽകിയിട്ടുണ്ടെങ്കിൽ അത് തടയാനായി ഈ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, ഇന്റലിജൻസ് വകുപ്പ് അത്തരം റിപ്പോർട്ട് നൽകിയിട്ടില്ലെങ്കിൽ ഇത് ഇന്റലിജൻസ് വകുപ്പിന്റെ വീഴ്ചയായി സർക്കാർ കണക്കാക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഫലപ്രദമായി പ്രവർത്തിക്കുന്ന ഇന്റലിജൻസ് സംവിധാനമാണ് സംസ്ഥാനത്തുള്ളത്. എന്നാൽ ഓരോ സംഭവങ്ങളുമുണ്ടാകുമ്പോൾ നമുക്ക് ഈ സംവിധാനം മതിയോ എന്ന് സ്വതവേ തോന്നിപ്പോകും. അത് ഇന്റലിജൻസ് വകുപ്പിന്റെ വീഴ്ചകൊണ്ടല്ല. എന്തെങ്കിലും സംഘർഷ സാധ്യതകളുണ്ടെങ്കിൽ അത് മനസ്സിലാക്കാനും റിപ്പോർട്ട് ചെയ്യാനുമുള്ള സംവിധാനമേ ഇന്റലിജൻസ് വകുപ്പിന് ഇപ്പോഴുള്ളൂ. അതിന്റെ ഭാഗമായി ആവശ്യമായ നടപടികൾ നല്ല രീതിയിൽത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്. അതത് സ്ഥലത്ത് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതോടൊപ്പം മറ്റ് തരത്തിലുള്ള പോലീസ് ഇടപെടലുകളും നടത്തുന്നുണ്ട്. ജില്ലാ പോലീസ് സംവിധാനത്തെ ആകെ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടിയും ഈ ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ഭാഗമായി വരുന്നുണ്ട്. ഇന്റലിജൻസ് റിപ്പോർട്ട് പലപ്പോഴും ലഭിക്കാറുണ്ട്; അതിന്മേൽ നടപടികൾ സ്വീകരിക്കാറുമുണ്ട്. ഇന്റലിജൻസ് സംവിധാനത്തിന് എന്തെങ്കിലും പ്രത്യേക പോരായ്മകളുണ്ടെന്ന് ഇതുവരെയുള്ള അനുഭവത്തിൽ തോന്നിയിട്ടില്ല.

മി. സ്പീക്കർ: ചോദ്യം നമ്പർ *153-ഉം *154-ഉം സമാനസ്വഭാവ മുള്ളതായതിനാൽ ക്ലബ്ബ് ചെയ്യുന്നു.

## മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണം

3 (*153) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണം ആരുടെ നേതൃത്വത്തിലാണ് നടക്കുന്നത്;

(ബി) അന്വേഷണത്തിന്റെ ഭാഗമായി നടത്തുന്ന റെയ്ഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ പോലീസുദ്യോഗസ്ഥർതന്നെ ചോർത്തുന്നുവെന്ന് ജില്ലാ പോലീസ് മേധാവിയായ ശ്രീ. ശിവവിക്രം, സംസ്ഥാന പോലീസ് മേധാവി, ഉത്തരമേഖലാ ഡി.ജി.പി., കണ്ണൂർ റെയ്ഞ്ച് ഐ.ജി. എന്നിവർക്ക് രേഖാമൂലമോ അല്ലാതെയോ പരാതി നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ അന്വേഷണം നടത്തിയോ; ആരാണ് വിവരങ്ങൾ ചോർത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ;

(ഡി) ഔദ്യോഗിക മര്യാദയ്ക്ക് നിരക്കാത്ത പ്രവൃത്തി ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പ്രഖ്യാപിക്കുവാനുണ്ടായ സാഹചര്യമെന്താണ്;

(ഇ) ഉത്തരവാദിത്വബോധത്തോടെ ജോലി ചെയ്യുന്ന പോലീസുദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള കാര്യങ്ങൾ ചെയ്യുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കണ്ണൂർ റേഞ്ച് ഐ.ജി. ശ്രീ. മഹിപാൽ യാദവ് ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ കണ്ണൂർ ജില്ലാ പോലീസ് മേധാവി ശ്രീ. ജി. ശിവവിക്രം ഐ.പി.എസ്.-ന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷിക്കുന്നത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി&ഇ) ഔദ്യോഗിക മര്യാദയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുമെന്ന പൊതുവായ പരാമർശമാണ് മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിനുള്ള മറുപടിയായി സംസ്ഥാന പോലീസ് മേധാവി നൽകിയത്.

**ഷുഹൈബ് വധക്കേസ് അന്വേഷണം**

4(*154) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷുഹൈബ് വധക്കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്ര പ്രതികളുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തു; പോലീസ് അന്വേഷണം നടത്തിയതിന്റെ ഫലമായിട്ടാണോ പ്രതികളെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചത്;

(സി) പ്രതികൾ പോലീസ് സ്റ്റേഷനിൽ കീഴടങ്ങുകയാണ് ചെയ്തതെന്ന പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രസ്താവന ഏത് സാഹചര്യത്തിലാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; അല്ലെങ്കിൽ അന്വേഷിക്കുമോ;

(ഡി) ഈ കേസിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; അതിൽ പങ്കുള്ളവരെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ&ബി) ഷുഹൈബ് വധക്കേസ് അന്വേഷണാവസ്ഥയിലാണ്. പോലീസിന്റെ അന്വേഷണത്തിന്റെ ഫലമായി പതിനൊന്ന് പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ അന്വേഷണം നടന്നുവരുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, കണക്കുകൾ ഉദ്ധരിച്ച് പരസ്പരം വാദിച്ച് ജയിക്കേണ്ട വിഷയമല്ല ഇത്. കണ്ണൂരിലെ സംഭവങ്ങളുടെ കാരണമെന്താണെന്ന് ഏറ്റവും നന്നായി അറിയാവുന്ന വ്യക്തിയാണ് അങ്ങ്. അങ്ങയുടെ സഹയാത്രികനായ ശ്രീ. എം. മുകുന്ദൻ പറഞ്ഞത്, 'കണ്ണൂരിൽ സംഘർഷം അവസാനിപ്പിക്കണമെങ്കിൽ ഒരാൾ വിചാരിക്കണം, ശ്രീ പിണറായി വിജയൻ' എന്നാണ്. അങ്ങയോടുള്ള ഒരു വെല്ലുവിളിയാണത്. നമ്മളിവിടെ കണക്കുകൾ

പറയുമ്പോൾ കണ്ണൂരിൽ സംഘർഷം വർദ്ധിക്കുകയാണ്. നമ്മുടെ ജില്ലയിലാണ് സംഘർഷമുണ്ടായത്. ഷുഹൈബ് വധക്കേസിലെ പ്രതികളെല്ലാം മാർക്സിസ്റ്റുകാരാണ്. അവർ സ്വയം ചെയ്തതല്ല, ഷുഹൈബിനോട് അവർക്ക് വിരോധവുമില്ല. ഇതിന്റെ പിന്നിൽ ഒരു രാഷ്ട്രീയ കോൺസ്പിറസി ഉണ്ടെന്നുള്ളത് വ്യക്തമാണ്. അതന്വേഷിച്ച് കണ്ടെത്താതെ കണ്ണൂർ സംഘർഷം അവസാനിക്കുകയില്ല. ദയവായി വെട്ടുകത്തിയെ പ്രതിയാക്കി കേസെടുക്കാതെ ആരാണ് വെട്ടിയത്, ഇതിനു പിന്നിൽ പ്രവർത്തിച്ചതാരാണ് എന്നെല്ലാം അന്വേഷിച്ച് കണ്ടെത്തിയില്ലെങ്കിൽ കണ്ണൂരിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കും. കണ്ണൂരിൽ സമാധാനം പുന: സ്ഥാപിക്കാൻ അങ്ങയുടെ കാലത്തെങ്കിലും ശ്രമിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ശ്രീ. എം. മുകുന്ദൻ പ്രസിദ്ധനായ സാഹിത്യകാരനാണ്, കലാഹൃദയമാണ് അദ്ദേഹത്തിനുള്ളത്. അദ്ദേഹം ഭാവനയോടുകൂടി സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു എന്നുമാത്രമേയുള്ളൂ. സർക്കാരിന്റെ പ്രതീകമായി മുഖ്യമന്ത്രിയുടെ പേരിട്ടുവെന്നേയുള്ളൂ, അതാണ് എന്റെ പേര് പ്രത്യേകമായി പറയാനിടയായതെന്നാണ് ഞാൻ കണക്കാക്കുന്നത്. അക്കാര്യത്തിൽ ഒരു കുറ്റബോധവുമില്ല. സർക്കാർ കർക്കശമായ നടപടികൾ തന്നെയാണ് സ്വീകരിച്ചുവരുന്നത്. അവിടെയുണ്ടായ സംഭവത്തിൽ ആർക്കൊക്കെയാണോ പങ്കുള്ളത് അവർക്കെതിരെയാണ് പോലീസ് കേസെടുക്കുന്നത്. അതിൽ ചിലർ ഇപ്പോൾ പ്രതികളായിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഉന്നയിക്കുന്നതുപോലെ ഇനി ആർക്കെങ്കിലും ഇതിൽ പങ്കുണ്ടെങ്കിൽ അവരെയും പോലീസ് കണ്ടെത്തുകതന്നെ ചെയ്യും, അക്കാര്യത്തിൽ ഒരു സംശയവും ആവശ്യമില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, കണ്ണൂരിലെ സർവ്വകക്ഷി യോഗം കഴിഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ പറഞ്ഞു, 'ഏതന്വേഷണവും ഇൻക്ലൂഡിംഗ് സി.ബി.ഐ. അന്വേഷണവും നടത്താം' എന്നാണ്. ആരും ആവശ്യപ്പെടാതെ അദ്ദേഹം ഇത് സ്വയം പറഞ്ഞതാണ്. അങ്ങ് ദയവായി ആ പത്രസമ്മേളനത്തിന്റെ വീഡിയോ ക്ലിപ്പിംഗ് നോക്കണം.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. സി. ജോസഫ്, ഒരേ ചോദ്യം തന്നെ മൂന്നാമത്തെ തവണയാണ് ചോദിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ചോദിക്കാതിരിക്കാൻ കഴിയില്ല.

<u>മി. സ്പീക്കർ</u>: ചോദ്യം ആവർത്തിച്ചാൽ മുഖ്യമന്ത്രിക്ക് ഉത്തരവും പറയാനുണ്ടാകും.

ശ്രീ. കെ. സി. ജോസഫ്: സർ, ഉത്തരം പറയുന്നത് മുഖ്യമന്ത്രിയല്ലേ. അങ്ങ് വീഡിയോ ക്ലിപ്പിംഗ് നോക്കണം, അദ്ദേഹം പറഞ്ഞത് അന്വേഷണം ആകാമെന്നാണ്. ഞാൻ ആവർത്തിക്കുന്നു, അന്വേഷണം തൃപ്തികരമല്ല, ആ നിലയ്ക്ക് അന്വേഷണം സംശയരഹിതമാക്കാൻ ഷുഹൈബിന്റെ മാതാവും പിതാവും സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടിരിക്കുകയാണ്. അങ്ങേയ്ക്ക് പരിമിതികളുണ്ട്, അങ്ങയുടെ പോലീസിന് ഒരിക്കലും ഈ കേസിന് പിന്നിലുള്ള കോൺസ്പിറസി അന്വേഷിക്കാൻ സാധിക്കില്ല; കാരണം, ഇതിന്റെ പിന്നിലുള്ളത് മാർക്സിസ്റ്റ് പാർട്ടി തന്നെയാണ്. അതുകൊണ്ട് അന്വേഷണം നീതിപൂർവ്വമാക്കാൻ കേസ് സി.ബി.ഐ. -യ്ക്ക് വിടുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ നിയമ വകുപ്പുമന്ത്രിയുടെ വാക്കുകളിൽ സർക്കാരിന്റെ തുറന്ന മനസ്സാണ് പ്രതിഫലിച്ചത്. അന്വേഷണം ഫലപ്രദമല്ലെങ്കിൽ ഏത് അന്വേഷണ സംവിധാനവും ഏർപ്പെടുത്താൻ തയ്യാറാണെന്നാണ് അദ്ദേഹം ഉറപ്പ് നൽകിയത്. അവിടെത്തന്നെയാണ് സർക്കാർ നിൽക്കുന്നത്. അന്വേഷണം ഫലപ്രദമായി നീങ്ങുകയാണ്, പിന്നെയെന്തിനാണ് സി.ബി.ഐ. അന്വേഷണം നടത്തുന്നത്.

ശ്രീ. വി.ഡി. സതീശൻ: സർ, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി.പി.ഐ.(എം.)-നുണ്ടായ രക്തസാക്ഷികളെക്കുറിച്ചും ബി.ജെ.പി. അവർക്കുണ്ടായ രക്തസാക്ഷികളെക്കുറിച്ചും പറഞ്ഞു. ഈ രണ്ട് പാർട്ടികൾക്കുമുണ്ടായ രക്തസാക്ഷികളെക്കാൾ കൂടുതലാളുകൾക്ക് എതിരാളികളെ കൊല്ലാൻ വേണ്ടിയുള്ള ബോംബ് നിർമ്മാണത്തിനിടയിൽ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ കണ്ണൂരിൽ ഈ രണ്ട് പാർട്ടികൾക്കുമുണ്ടായിട്ടുണ്ട്. ഷുഹൈബ് കൊലക്കേസിലും മൂന്ന് ബോംബുകളെറിഞ്ഞ് ഭീതി സൃഷ്ടിച്ചാണ് കൊലപാതകം നടത്തിയത്. കണ്ണൂരിലെ എല്ലാ കൊലപാതകങ്ങൾക്കും കൊലപാതക ശ്രമങ്ങൾക്കും പിന്നിൽ ബോംബുകളുണ്ട്. ബോംബു നിർമ്മാണം വ്യാപകമായി കണ്ണൂരിൽ നടക്കുകയാണ്. കണ്ണൂരിൽ മുഴുവൻ കുടിൽ വ്യവസായംപോലെ നടക്കുന്ന ബോംബു നിർമ്മാണ വ്യവസായത്തിന്റെ സോഴ്സ് കണ്ടെത്തി, ഇതിനാവശ്യമായ നിർമ്മാണ സാമഗ്രികൾ എവിടെ നിന്നെത്തുന്നു; ഈ സ്ഫോടക വസ്തുക്കൾ ആരാണ് ഇവർക്ക് സപ്ലൈ ചെയ്യുന്നത് തുടങ്ങിയ കാര്യങ്ങൾ അന്വേഷിച്ച് കണ്ണൂരിൽ ബോംബ് നിർമ്മാണം ശാശ്വതമായി അവസാനിപ്പിക്കാനുള്ള തുടർനടപടി ഈ കൊലപാതകത്തോടുകൂടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കണ്ണൂർ ശാന്തമായൊരു സ്ഥലമായിരുന്നു. മനുഷ്യർ തമ്മിൽ ചില പ്രശ്നങ്ങൾ പലയിടങ്ങളിലുമുണ്ടാകാറുണ്ട്. അങ്ങനെ ചില

പ്രശ്നങ്ങളുണ്ടായിട്ടുണ്ടാകാം, ഏറ്റുമുട്ടലുകൾ സംഭവിച്ചിട്ടുമുണ്ടാകും. കണ്ണൂരിന്റെ ചരിത്രം പരിശോധിച്ചാൽ ആദ്യമായി ബോംബ് നിർമ്മിക്കുകയും പ്രയോഗിക്കുകയും ചെയ്തത് അടിയന്തരാവസ്ഥക്കാലത്താണ്. ബോംബ് പ്രയോഗിച്ച സ്ഥലങ്ങൾ മുഴുവൻ ഞാനിപ്പോൾ പറയുന്നില്ല, പക്ഷേ കുളങ്ങരയത്ത് രാഘവൻ എന്ന ബീഡിത്തൊഴിലാളി പന്തക്കപ്പാറ ബീഡിക്കമ്പനിയുടെ നേരെ നടത്തിയ ആക്രമണത്തിൽ കൊല ചെയ്യപ്പെട്ടിരുന്നു. അത് ബഹുമാന്യനായ വി. ഡി. സതീശന് ചിലപ്പോൾ അറിയില്ലായിരിക്കും, പക്ഷേ അതിന് നേതൃത്വം കൊടുത്തത് ആരായിരുന്നുവെന്ന് നേരത്തേ ചോദ്യം ചോദിച്ചയാൾക്ക് നല്ലതുപോലെയറിയാം. അന്നത്തെ കോൺഗ്രസിന്റെ പ്രധാന നേതാക്കളായവരായിരുന്നു ആ സംഭവത്തിൽ പ്രതികളായത്....(ബഹളം....)

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ ഒരു ചോദ്യം ചോദിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറയുന്നു, നിങ്ങളെന്തിനാണ് ബഹളം വയ്ക്കുന്നത്? ശ്രീ. വി.ഡി. സതീശൻ അവിടെ ഇരിക്കുകയാണല്ലോ (.......ബഹളം......) അദ്ദേഹത്തിന് ബുദ്ധിമുട്ടില്ലല്ലോ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ആ കേസ്സിൽ അവർ ശിക്ഷിക്കപ്പെടുകയും ചെയ്തു. ഇതാണ് കണ്ണൂരിലെ ബോംബിന്റെ തുടക്കം. പിന്നീടൊരു സംഭവവും നടന്നു. ഇന്ത്യാ ടുഡേയിൽ ബോംബുകളുടെ ചിത്രം കാണിച്ചു, ഒരു ബോംബ് മാരകശേഷിയുള്ളത്, മറ്റൊന്ന് അത്രയും ശേഷിയില്ലാത്തത്, അടുത്തത് എറിഞ്ഞാൽ വലിയ പുക ഉയരുന്നത്. ഈ ബോംബുകൾ ഡി.സി.സി. ഓഫീസിൽ വച്ചിരിക്കുന്ന ഫോട്ടോയാണ് ഞങ്ങൾ കൊടുക്കുന്നതെന്നാണ് ഇന്ത്യാ ടുഡേ അന്ന് റിപ്പോർട്ട് ചെയ്തത്. ആ കാര്യവും ബഹുമാന്യനായ വി.ഡി. സതീശൻ ഓർക്കുന്നുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ഇതാണ് കണ്ണൂരിന്റെ ഒരു ചിത്രം. ഡി.സി.സി. ഓഫീസ് എന്നു പറയുന്നത് കോൺഗ്രസിന്റെ ഓഫീസാണെന്ന് എല്ലാവർക്കുമറിയാം. (...ബഹളം....)

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്...ഇരിക്കു...

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതൊന്നും ഒച്ചയുണ്ടാക്കി ഇല്ലാതാക്കാൻ കഴിയുന്ന കാര്യമല്ല. (........ബഹളം.......)

<u>മി. സ്പീക്കർ</u>: പ്ലീസ്....... ഉത്തരം കേൾക്കണ്ടേ? അടുത്ത ചോദ്യം ചോദിച്ചോളൂ. ചോദിച്ചതിൽ അപാകതയുണ്ടെങ്കിൽ അടുത്ത ചോദ്യം ചോദിക്കു....... (ബഹളം...) ശ്രീ. സണ്ണി ജോസഫാണ് അടുത്ത ചോദ്യം ചോദിക്കേണ്ടത്. .....അദ്ദേഹം ചോദിക്കട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, ഇതെല്ലാം വസ്തുതകളാണ്. ഡി.സി.സി. ഓഫീസിലെ ബോംബുകളുടെ ഭാഗമായിരുന്ന സേവറി ഹോട്ടലിന് നേരെയെറിഞ്ഞ ബോംബ്. അതിന്റെ ഭാഗം തന്നെയായിരുന്ന അന്ന് ചൊവ്വ റൂറൽ ബാങ്കിലേയ്ക്കും കോ-ഓപ്പറേറ്റീവ് പ്രസ്സിന് നേരെയുമെറിഞ്ഞ ബോംബ്. ഇതൊന്നും മറന്നുപോകരുത്. എന്നാൽ ഫലപ്രദമായ നടപടികളാണ് ഇത്തരം കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുന്നത്, എവിടെ ബോംബുണ്ടെന്ന് കണ്ടെത്താനുള്ള ശ്രമമാണ് നടത്തുന്നത്. ബോംബ് നിർമ്മാണം എവിടെയുണ്ടായാലും ശക്തമായ നടപടി സർക്കാർ സ്വീകരിക്കും.

ശ്രീ. സണ്ണി ജോസഫ്: സർ, ബോംബ് നിർമ്മാണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, കുടിയാൻമലയിൽ സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർ, കെ. എം. ജോസഫിന്റെ വീട്ടിൽ ബോംബ് നിർമ്മിക്കവേ ബോംബുപൊട്ടി രണ്ടാളുകൾ മരിച്ചു. മുഖ്യമന്ത്രി അന്ന് സംസ്ഥാന സെക്രട്ടറിയായിരുന്നു, ശ്രീകണ്ഠപുരത്തുവച്ച് അദ്ദേഹമാണ് കുടുംബസഹായ ഫണ്ട് കൊടുത്തത്. അരുവിക്കര തെരഞ്ഞെടുപ്പിനുമുമ്പ് ചെറ്റക്കണ്ടിയിൽ രണ്ട് സി.പി.ഐ.(എം.) പ്രവർത്തകർ ബോംബ് നിർമ്മിക്കുമ്പോൾ ബോംബുപൊട്ടി മരിച്ചു. തലശ്ശേരി കതിരൂരിൽ രണ്ട് സി.പി.ഐ.(എം.) പ്രവർത്തകരും മട്ടന്നൂർ കൊളാരിയിൽ ഒരു സി.പി.ഐ.(എം.) പ്രവർത്തകനും ബോംബു നിർമ്മിക്കുമ്പോൾ മരിച്ചു. ധർമ്മടത്ത് എത്രയാളുകൾക്കാണ് ബോംബു നിർമ്മാണത്തിനിടെ പരിക്ക് പറ്റിയത്? ശ്രീ. പി. ജയരാജന്റെ മകന് ബോംബ് നിർമ്മിക്കുമ്പോൾ കൈയ്ക്ക് പരിക്കുപറ്റി. എന്നിട്ട് ഓണത്തിന് പടക്കം പൊട്ടിച്ചതാണെന്ന് പറഞ്ഞു, കേസെടുക്കേണ്ടി വന്നു. മാർക്സിസ്റ്റ് പാർട്ടി ബോംബ് നിർമ്മാണം നിർത്താൻ തയ്യാറാകുമോ; മുഖ്യമന്ത്രി അതിനായി പാർട്ടിക്ക് നിർദ്ദേശം നൽകുമോ; അതിന് സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സി.പി.ഐ.(എം.)-ന് ബോംബ് നിർമ്മാണ ശാലകളുമില്ല, ബോംബ് നിർമ്മാണ പരിപാടിയുമില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് പൂർണ്ണവിശ്വാസം ഉറപ്പിക്കാം. ഇവിടെ ഏത് സ്ഥലത്ത് ആര് ബോംബ് നിർമ്മിച്ചാലും അതിനെതിരെ ശക്തമായ നടപടിയുണ്ടാകും. ഏതെങ്കിലും സ്ഥലത്ത് ബോംബ് നിർമ്മാണമുണ്ടെന്ന വിവരം തന്നാൽ ശക്തമായ നടപടിയെടുക്കാൻ തയ്യാറാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാന ഉപഭോക്തൃ കമ്മീഷന്റെ പ്രവർത്തനം

5 (*155) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ, ജില്ലാ ഉപഭോക്തൃ ഫോറങ്ങൾ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉപഭോക്തൃ കമ്മീഷനിൽ കേസുകൾ കെട്ടിക്കിടപ്പുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന ഉപഭോക്തൃ കമ്മീഷൻ, ജില്ലാ ഉപഭോക്തൃ ഫോറങ്ങൾ എന്നിവിടങ്ങളിൽ അംഗങ്ങളുടെ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമെന്ന് അറിയിക്കുമോ;

(ഡി) ഉപഭോക്തൃ കമ്മീഷനുകളിൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ഇ) 2018-ൽ ഏതെല്ലാം ജില്ലകളിൽ അംഗങ്ങളുടെ ഒഴിവുകൾ ഉണ്ടാകുമെന്നും അവ എത്രയെന്നും അറിയിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) ഉപഭോക്തൃ കമ്മീഷനിൽ 2018 ജനുവരി വരെ 2817 കേസ്സുകൾ തീർപ്പാക്കാനുണ്ട്. ക്യാമ്പ് സിറ്റിംഗുകൾ നടത്തി കേസുകൾ പെട്ടെന്ന് തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന ഉപഭോക്തൃ കമ്മീഷനിൽ 2 അംഗങ്ങളുടേയും കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലാ ഉപഭോക്തൃ ഫോറങ്ങളിൽ ഓരോ അംഗങ്ങളുടേയും ഒഴിവുണ്ട്.

(ഡി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ഇ) 2018-ൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലാ ഫോറങ്ങളിൽ 2 വീതം അംഗങ്ങളുടേയും കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് ജില്ലാ ഫോറങ്ങളിൽ ഓരോ അംഗങ്ങളുടേയും ഒഴിവുണ്ടാകും.

**പ്രോജക്ട് ഓട്ടിസം പദ്ധതി**

6 (*156) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഓട്ടിസം രോഗത്തിന് പരിഹാരമായി 'പ്രോജക്ട് ഓട്ടിസം' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ആദ്യഘട്ടത്തിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതി ജില്ലാ ആശുപത്രികളിലും നടപ്പാക്കാൻ തയ്യാറാകുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം തരത്തിലുള്ള ചികിത്സാ രീതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഓട്ടിസം ബാധിച്ച കുട്ടികളുടെ ചികിൽസക്കായി വിദേശത്തും കേരളത്തിനപുറത്തും പരിശീലനം നേടിയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്. സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ SSA-യുടേയും IED-യുടേയും ഭാഗമായി വിദ്യാഭ്യാസ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിലെ റിസോഴ്സ് ടീച്ചർമാർക്ക് പരിശീലനം, ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത് സംബന്ധിച്ച ബോധവത്കരണം, ഇരിങ്ങാലക്കുടയിലുള്ള സാമൂഹ്യനീതി വകുപ്പിന്റെ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR) എന്ന സ്ഥാപനത്തിൽ "റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്റർ", ഓട്ടിസം പരിപാലനവുമായി ബന്ധപ്പെട്ട് പീഡിയാട്രീഷ്യൻമാർക്കുള്ള പരിശീലനം, ഓട്ടിസം സെന്ററുകളിൽ വെർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റുകൾ എന്നിവയാണ് പ്രോജക്ട് ഓട്ടിസത്തിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്.

(ബി) ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലും കോഴിക്കോടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസ് (IMHANS)-ലുമാണ് ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നത്.

അടുത്ത ഘട്ടമായി ഇത്തരം സെന്ററുകൾ ജില്ലാ ആശുപത്രികളിൽ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) വളർച്ചാ വികാസവുമായി ബന്ധപ്പെട്ട നാഴികക്കല്ലുകൾ (Development Miles stones) നിരീക്ഷിക്കുന്നതിനും ഇടപെടലുകൾ നടത്തുന്നതിനുമുള്ള ഡെവലപ്മെന്റ് തെറാപ്പി, ദൈനംദിന കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ ശേഷി പരിപോഷിപ്പിക്കുന്നതിനായി ഒക്കുപേഷണൽ തെറാപ്പി, ശാരീരികമായ ചലന പ്രശ്നങ്ങൾ ലഘൂകരിക്കാനായി ഫിസിയോ തെറാപ്പി, സംസാര ഭാഷാവൈകല്യം പരിഹരിക്കുന്നതിനായി സ്പീച്ച് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ ഇവരെ മുഖ്യധാരാവത്കരിക്കുന്നതിനുള്ള സാമൂഹ്യ ഇടപെടലുകൾ എന്നിവയാണ് നിലവിലുള്ള ഓട്ടിസം സെന്ററുകളിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. കൂടാതെ ഓട്ടിസം ഉൾപ്പെടെയുള്ള മറ്റു വിവിധ ചികിത്സാരീതികളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) ഓട്ടിസം മേഖലയിൽ വിദേശത്തും കേരളത്തിന് പുറത്തും പ്രവർത്തിക്കുന്നവരും പരിശീലനം നേടിയവരുമായ ഡോക്ടർമാരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള കൂടുതൽപേരുടെ സേവനങ്ങൾ ഈ മേഖലയിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## അട്ടപ്പാടിയിൽ പട്ടികഗോത്ര യുവാവിനെ കൊലപ്പെടുത്തിയ സംഭവം

7 (*157) ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഹാരപദാർത്ഥങ്ങൾ മോഷ്ടിച്ചെന്ന് ആരോപിച്ച് അട്ടപ്പാടിയിൽ പട്ടികഗോത്ര യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ എല്ലാവരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ; പ്രതികൾ ആരൊക്കെയെന്ന് അറിയിക്കാമോ; പ്രഥമ വിവര റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രതികളെ കണ്ടെത്തുന്നതിൽ കാണിച്ച കാര്യക്ഷമതയും സൂക്ഷ്മതയും അവരെ നിയമ വിചാരണയ്ക്ക് വിധേയമാക്കുന്നതിനും കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കുന്ന കാര്യത്തിലും പുലർത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ദുർബല ജനവിഭാഗങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന് അതീവ ശ്രദ്ധ പുലർത്താൻ പോലീസിനെ പ്രാപ്തമാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) ആഹാരപദാർത്ഥങ്ങൾ മോഷ്ടിച്ചെന്ന് ആരോപിച്ച് അട്ടപ്പാടിയിൽ പട്ടികഗോത്ര യുവാവിനെ മർദ്ദിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ പാലക്കാട് ജില്ലയിലെ അഗളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 87/2018 u/s 143, 147, 148, 323, 324, 325, 364, 365, 367, 368, 302 r/w 149 IPC & Sec. 3(1) (d) (r), 3 (2) (v) of SC/ST POA Act & Sec.27(2) (c) of Kerala Forest Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

ടി കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ള 16 പേരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പ്രഥമ വിവര റിപ്പോർട്ട്

22-2-2018 -ന് 2.15 മണിക്ക് അഗളി പോലീസ് സ്റ്റേഷനിലേക്ക് മധു ചിണ്ടക്കി എന്നയാളെ മുക്കാലി ജംഗ്ഷനിൽ നാട്ടുകാർ പിടിച്ചുവച്ചിരിക്കുന്ന വിവരം ലഭിച്ചു. അതനുസരിച്ച് മധുവിനെ മുക്കാലിയിൽനിന്ന് ഡിപ്പാർട്ട്മെന്റ് ജീപ്പിൽ 3.30 മണിക്ക് കൂട്ടിക്കൊണ്ട് വരുന്നതിനിടെ താവളം ജംഗ്ഷനിൽ വച്ച് ടിയാൻ ഛർദ്ദിച്ച് അവശനാകുകയും സ്റ്റേഷനിലേക്ക് കൊണ്ടുവരുന്ന വഴി മെഡിക്കൽ പരിശോധനയ്ക്കായി അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിച്ചു. ഡോക്ടർ പരിശോധിച്ച് ടിയാൻ മരണപ്പെട്ടതായി പറഞ്ഞു. തുടർന്ന് ടിയാന്റെ മൃതദേഹം അഗളി സി.എച്ച്.സി. മോർച്ചറിയിലേയ്ക്ക് മാറ്റുകയും 5.15 മണിക്ക് അഗളി പോലീസ് സ്റ്റേഷനിൽ ക്രൈം 87/18 u/s 174 CrPc ആയി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടരന്വേഷണത്തിൽ അറിവായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ CrPc 174 ഭേദഗതിചെയ്ത് മേൽവകുപ്പുകൾ പ്രകാരം അന്വേഷണം നടത്തി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കുന്ന കാര്യത്തിൽ വേണ്ട പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജനമൈത്രി ബീറ്റുകൾ ശക്തിപ്പെടുത്തിയും പരാതികൾ സ്വീകരിച്ച് ഉടനടി പരിഹാരം കണ്ടെത്തിയും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും ദുർബല ജനവിഭാഗങ്ങളുടേയും പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും സുരക്ഷ ഉറപ്പാക്കി വരുന്നു. ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥന്മാർക്കും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനുപുറമേ 2-3-2018-ൽ മുഖ്യമന്ത്രി ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗം അട്ടപ്പാടിയിൽ വിളിച്ചു ചേർത്ത് ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്താൻ ആവശ്യമായ നിർദ്ദേശം നേരിട്ട് നൽകിയിട്ടുണ്ട്.

**കാൻസർ രോഗചികിത്സയ്ക്കുള്ള സൗകര്യങ്ങളും സ്ഥാപനങ്ങളും**

8 (*158) ശ്രീ. സി. ദിവാകരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

(ബി) കാൻസർ രോഗത്തിന് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനായി ഏതൊക്കെ സ്ഥാപനങ്ങളും സൗകര്യങ്ങളും സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മലബാർ കാൻസർ സെന്ററിനെ ആർ.സി.സി. നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) മലബാർ കാൻസർ സെന്ററിനെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ആക്കി മാറ്റുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു:

| | ആർ.സി.സി | എം.സി.സി |
|---|---|---|
| വർഷം | രജിസ്റ്റർചെയ്ത രോഗികളുടെ എണ്ണം | രജിസ്റ്റർചെയ്ത രോഗികളുടെ എണ്ണം |
| 2008 | 12066 | 1071 |
| 2009 | 12828 | 1745 |
| 2010 | 13049 | 2273 |
| 2011 | 14018 | 2631 |
| 2012 | 15019 | 3192 |
| 2013 | 14608 | 3867 |
| 2014 | 15869 | 4433 |
| 2015 | 15925 | 3910 |
| 2016 | 16448 | 4392 |
| 2017 | 16174 | 4587 |

(ബി) കാൻസർ രോഗം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സർക്കാർ മേഖലയിൽ റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, മലബാർ കാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ, 5 സർക്കാർ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രി, എറണാകുളം, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, എറണാകുളം തുടങ്ങിയ സ്ഥാപനങ്ങളിൽ ചികിത്സ ലഭ്യമാണ്. മറ്റു ജില്ലകളിൽ താമസിക്കുന്ന കാൻസർ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ചികിത്സയ്ക്കായി ആശ്രയിക്കേണ്ടി വരുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും ഒരു ജില്ലാ ആശുപത്രിയിൽ ഒരു കാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയവുമായി ജില്ലാ കാൻസർ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ മേഖലയിൽ കാൻസർ രോഗവിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ കാൻസർ സെന്ററുകളിൽ പരിശീലനം നൽകി പ്രസ്തുത സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്. ഇപ്പോൾ 18 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ കീമോതെറാപ്പിയും മറ്റ് അനുബന്ധ കാൻസർ ചികിത്സാരീതികളും നടത്തിവരുന്നു.

തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കൊബാൾട്ട് മെഷീനും തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്ററും വാങ്ങുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

റീജിയണൽ കാൻസർ സെന്ററിൽ കീമോ തെറാപ്പി, റേഡിയോ തെറാപ്പി, സർജറി തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ചികിത്സാ സൗകര്യങ്ങൾ നിലവിലുണ്ട്. സർജിക്കൽ പത്തോളജി, ഇമേജിയോളജി, ന്യൂക്ലിയർ മെഡിസിൻ, ക്ലിനിക്കൽ ലബോറട്ടറി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, മൈക്രോബയോളജി, കാൻസർ റിസർച്ച് തുടങ്ങിയ ഡയഗ്നോസ്റ്റിക് സംവിധാനങ്ങളും റേഡിയേഷൻ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, പീഡിയാട്രിക് ഓങ്കോളജി, പാലിയേറ്റീവ് കെയർ തുടങ്ങിയ ചികിത്സാ സൗകര്യങ്ങളും ലഭ്യമാണ്.

മലബാർ കാൻസർ സെന്ററിൽ കാൻസർ ചികിത്സയ്ക്കായി താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്:

1. ആധുനിക റേഡിയേഷൻ ചികിത്സ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം;

2. ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം;

3. 4D സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ. സ്കാനർ, സി.ടി സ്കാൻ, 500 എം.എ.എക്സ്റേ മെഷീനും അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ്റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം;

4. ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം;

5. ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം;

6. എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി, എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ;

7. രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ബ്ലഡ് ബാങ്ക്;

8. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്;

9. ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ;

10. കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.

11. മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും ഡോക്ടർമാർക്കും എം.സി.സി.യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.

12. 200 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്;

13. ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ ഒ.പി. സേവനം, ഒരു ദിവസം ദൈർഘ്യമുള്ള കീമോ തെറാപ്പി, മൈനർ സർജറി, തൊണ്ട പരിശോധനയ്ക്കുള്ള എൻഡോസ്കോപ്പി എന്നീ സേവനങ്ങൾ ലഭ്യമാണ്.

(സി&ഡി) മലബാർ കാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്താൻ മുഖ്യമന്ത്രി ചെയർമാനായുള്ള മലബാർ കാൻസർ സെന്ററിന്റെ ഒൻപതാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയും ഇതുപ്രകാരം 183 കോടി രൂപയുടെ ആദ്യഘട്ട പ്രൊപ്പോസൽ

കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (KIIFB) സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിനെ (BSNL) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആക്കിക്കൊണ്ട് ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ നടന്നുവരുന്നു.

മലബാർ കാൻസർ സെന്ററിനെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി ആക്കി ഉയർത്തുന്നതിന് താഴെപ്പറയുന്ന സൗകര്യങ്ങൾ ആവശ്യമാണ്:

- എല്ലാ സൗകര്യങ്ങളോടും കൂടിയ ആശുപത്രി സമുച്ചയം;
- രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന ക്രമാതീതമായ വളർച്ച കണക്കിലെടുത്ത് ആവശ്യമായ അക്കാഡമിക്-നോൺ അക്കാഡമിക് ജീവനക്കാരുടെ നിയമനം;
- അത്യാധുനിക ഉപകരണങ്ങളുടെ സജ്ജീകരണം;
- വിദ്യാർത്ഥികൾ/സ്റ്റാഫ് എന്നിവർക്കുള്ള ഹോസ്റ്റൽ സൗകര്യം;
- വിവിധ വകുപ്പുകളുടേയും ഡിവിഷനുകളുടേയും രൂപീകരണം;
- ലൈബ്രറിയുടെ വിപുലീകരണം;
- പാർക്കിംഗ് സൗകര്യം;
- മാലിന്യ സംസ്കരണ പ്ലാന്റ്;
- കുടിവെള്ള പദ്ധതി.

## സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന നടപടി

9 (*159) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സമ്പ്രദായം കേരളത്തിന് പുറത്ത് ഇന്ത്യയിൽ മറ്റ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയ ഇടങ്ങളിൽ ഇത് വിജയകരവും പ്രയോജനകരവുമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്നതോടെ ക്രമസമാധാനപാലന രംഗത്തും സ്റ്റേഷൻ ഭരണ കാര്യങ്ങളിലും ഉണ്ടാകുന്ന ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും ഇതിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന കൂടുതൽ മെച്ചപ്പെട്ട നേട്ടങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) നിലവിൽ ഇന്ത്യയിൽ തമിഴ്നാട്, കർണ്ണാടക, ഡൽഹി, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ സമ്പ്രദായം നിലവിലുണ്ട്.

(ബി) ഇത്തരത്തിൽ ഒരു വിലയിരുത്തൽ ഇതുവരെ നടത്തിയിട്ടില്ല. എന്നാൽ കേരളത്തിൽ ഈ സംവിധാനം നടപ്പിലാക്കിയ ഇടങ്ങളിൽ ഇത് വിജയകരവും പ്രയോജനകരവുമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതുമൂലം ക്രമസമാധാനപാലനവും കുറ്റാന്വേഷണവും രണ്ട് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ കീഴിൽ വിഭജിച്ച് നൽകുന്നതിലും ഇതുവഴി കാര്യക്ഷമമായ പോലീസ് സംവിധാനം ഉറപ്പാക്കാനും ജനങ്ങൾക്ക് പോലീസിൽ നിന്നും മികച്ച സേവനം ഉറപ്പുവരുത്തുവാനും സാധിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചതിനുശേഷം പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യുന്ന വളരെ പ്രാധാന്യം അർഹിക്കുന്ന കേസ്സുകളിൽ ഇൻസ്പെക്ടർമാരുടെ സാന്നിദ്ധ്യം ഉണ്ടാകുകയും കേസ്സുകളുടെ അന്വേഷണ പുരോഗതി കൂടുതൽ കാര്യക്ഷമതയോടെ നടത്തുവാനും കഴിയുന്നുണ്ട്.കേസന്വേഷണവും ക്രമസമാധാനപാലനവും വേർതിരിച്ച് രണ്ട് സബ് ഇൻസ്പെക്ടർമാരുടെ കീഴിലാക്കിയതോടെ കാര്യക്ഷമമായ കേസന്വേഷണവും ക്രമസമാധാനപാലനവും നടത്തുന്നതിന് സാഹചര്യമുണ്ടായി. സ്റ്റേഷൻ ചുമതല കൂടുതൽ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ ഏൽപ്പിക്കാനായതോടെ പൊതുജനങ്ങൾക്ക് കൂടുതൽ മികച്ച സേവനങ്ങൾ നൽകാൻ കഴിയുന്നുണ്ട്. പോലീസ് ഇൻസ്പെക്ടറുടെ കേസന്വേഷണത്തിലെ പ്രവൃത്തിപരിചയവും കോടതികളിൽ കേസുകൾക്കായി നേരിട്ട് ഹാജരായി വിചാരണ നേരിട്ടതിന്റെ പരിചയവുംമൂലം നിയമം കൂടുതൽ ശക്തമായി നടപ്പാക്കുന്നതിനും കേസന്വേഷണം പഴുതുകളടച്ച് നടത്തുന്നതിനും സഹായിക്കുന്നു.

**പമ്പ-അച്ചൻകോവിൽ വൈപ്പാർ നദീ സംയോജനം**

10 (T*160) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീസംയോജനത്തിനായി കേന്ദ്രം ആവിഷ്കരിച്ച പദ്ധതികളുടെ ഭാഗമായി പമ്പ, അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയാൽ കുട്ടനാട്ടിൽ ശുദ്ധജലം അന്യമാകുമോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് ദോഷകരമാകയാൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(ഡി) കേന്ദ്ര ജലവികസന ഏജൻസിയുടെ യോഗങ്ങളിൽ ഇക്കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനം പ്രസ്തുത യോഗങ്ങളിലെടുത്ത നിലപാടെന്തായിരുന്നു; കേന്ദ്രത്തിൽ നിന്നുള്ള പ്രതികരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): (എ) ഇല്ല

(ബി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ-ലിങ്ക് പദ്ധതി നടപ്പിലാകുക യാണെങ്കിൽ കുട്ടനാടിൽ കുടിവെള്ളക്ഷാമം രൂക്ഷമാകാൻ സാധ്യതയുണ്ടെന്ന് Centre for Water Resources Development and Management, കോഴിക്കോട് നടത്തിയ പഠനത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

(സി&ഡി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതിയെ പൂർണ്ണമായി എതിർക്കുന്ന കേരള സർക്കാരിന്റെ നിലപാട് ഈ പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയ ദേശീയ ജലവികസന ഏജൻസിയുടെ യോഗങ്ങളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പമ്പയും അച്ചൻകോവിലാറും സംസ്ഥാന നദികളാണെന്നും കേരളം ദേശീയ ജല വികസന ഏജൻസിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 11-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 6-8-2003-ന് കേരള നിയമസഭ പ്രമേയം പാസ്സാക്കുകയുണ്ടായി.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ദേശീയ ജലവികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ കേരളത്തിന്റെ സമ്മതമില്ലാതെ ഈ പദ്ധതി സംബന്ധിച്ച് തുടർനടപടികൾ ഒന്നും ആരംഭിക്കുകയില്ലെന്ന് ദേശീയ ജലവികസന ഏജൻസി കേരളത്തിന് ഉറപ്പ് നൽകുകയുണ്ടായി.

ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതത്തോടുകൂടി മാത്രമേ നദീ സംയോജന പദ്ധതി നടപ്പിലാക്കുകയുള്ളൂ എന്ന് കേന്ദ്ര മന്ത്രി (Water Resources, RD & GR) ഉറപ്പ് നൽകിയിട്ടുണ്ട്.

പമ്പ-അച്ചൻകോവിൽ-വൈപ്പാർ-ലിങ്ക് പദ്ധതി നടപ്പിലാക്കാനുള്ള ഏതൊരു ശ്രമവും തടയുവാൻ വേണ്ട സാദ്ധ്യമായ എല്ലാ മുൻകരുതലുകളും വകുപ്പുതലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ച് വരുന്നുണ്ട്.

**വയോജന ക്ഷേമത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ**

11 (*161) ശ്രീ. കെ. എൻ. എ ഖാദർ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. കെ. എം. ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വയോജനക്ഷേമത്തിനായി പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഇവയിൽ പ്രവർത്തനം തുടങ്ങിയവ ഏതൊക്കെ;

(ബി) ഇപ്രകാരമുള്ള വയോജനക്ഷേമ പദ്ധതികൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിയോ; ഇല്ലെങ്കിൽ പുരോഗതി വിലയിരുത്തി കൂടുതൽ ഫലപ്രദമാക്കുമോ;

(സി) വൃദ്ധസദനങ്ങളുടെ നടത്തിപ്പും അവിടുത്തെ അന്തേവാസികളുടെ ജീവിത സൗകര്യങ്ങളും പരിശോധിക്കാൻ എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ.ശൈലജ ടീച്ചർ):

(എ) വയോജനക്ഷേമത്തിനായി ഈ സർക്കാർ താഴെപ്പറയുംവിധം വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(i) സായംപ്രഭ ഹോം പദ്ധതി: നിലവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ട് "സായംപ്രഭ ഹോം" ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതിയാണ് സായംപ്രഭ ഹോം പദ്ധതി. ആദ്യ ഘട്ടത്തിൽ 70 പകൽ പരിപാലന കേന്ദ്രങ്ങളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ii) മന്ദഹാസം പദ്ധതി: പല്ലുകൾ പൂർണ്ണമായും നഷ്ടപ്പെട്ട 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സംസ്ഥാനത്തെ വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ചു കൊടുക്കുന്ന പദ്ധതിയാണ് മന്ദഹാസം പദ്ധതി. ആദ്യഘട്ടത്തിൽ 1500 പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(iii) വയോഅമൃതം പദ്ധതി: സംസ്ഥാനത്തെ 16 വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സയുടെ പ്രയോജനം ലഭ്യമാക്കുന്ന പദ്ധതിയാണ് വയോ അമൃതം പദ്ധതി. 16 വൃദ്ധസദനങ്ങളിലെ 800-ൽപ്പരം അന്തേവാസികൾക്ക് പദ്ധതി പ്രയോജനം ലഭിക്കുന്നു.

(iv) മൾട്ടി സ്പെഷ്യൽ ഡേ കെയർ സെന്റർ: വയോജനങ്ങൾക്കായി ഒരു മാതൃകാ സായംപ്രഭ ഹോം സ്ഥാപിക്കുന്ന പദ്ധതിയാണിത്. പദ്ധതി ഉടൻ പൂർത്തിയാക്കുന്നതാണ്.

(v) വയോ സൗഹൃദ ഗ്രാമപഞ്ചായത്ത്: മുതിർന്ന പൗരൻമാരുടെ അവശതകൾ പരിഹരിക്കുക, അവരുടെ ആരോഗ്യ പരിപാലനത്തിനും വിനോദ വിജ്ഞാന പരിപാടികൾ എന്നീ ലക്ഷ്യങ്ങൾക്കുമായി പഞ്ചായത്തുകളെ വയോ സൗഹൃദമാക്കുന്നതിനായി തിരുവനന്തപുരം, പാലക്കാട് ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് വയോ സൗഹൃദ ഗ്രാമപഞ്ചായത്ത്.

(vi) രാഷ്ട്രീയ വയോശ്രീ യോജന: ബി.പി.എൽ കുടുംബങ്ങളിലുള്ള മുതിർന്ന പൗരൻമാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്, കണ്ണടകൾ തുടങ്ങിയവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

(ബി) വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ വയോജന കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ സമയബന്ധിതമായി യോഗം ചേർന്ന് വയോജനക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(സി) നിലവിൽ സാമൂഹ്യനീതി വകുപ്പിനുകീഴിൽ 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ രണ്ട് വീതവും മറ്റ്ജില്ലകളിൽ ഓരോന്നും പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങൾക്ക് അംഗീകാരം നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് &അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട് 1960 പ്രകാരമാണ്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് 615 വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളിൽ സംരക്ഷിച്ചുവരുന്ന അന്തേവാസികളുടെ ജീവിതസൗകര്യവും അവർക്കു നൽകുന്ന സേവനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തുന്നുണ്ട്. ജില്ലകളിൽ ക്ഷേമ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ അധ്യക്ഷനായുള്ള മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് ക്ഷേമ സ്ഥാപനങ്ങളിലെ പ്രവർത്തനം വിലയിരുത്തുന്നു. ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിച്ചു വരുന്നവർക്ക് കൗൺസിലിംഗും മറ്റ് സേവനങ്ങളും നൽകുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ 40 കൗൺസിലർമാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലെ സർക്കാർ വൃദ്ധ സദനങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷണത്തിനും മരുന്നിനുമായി യഥാക്രമം 2,000 രൂപ, 1,000 രൂപ വീതം പ്രതിമാസം നൽകിവരുന്നുണ്ട്. ആരോഗ്യ ആയുർവ്വേദ വകുപ്പുകളിലെ ഡോക്ടർമാർ ക്ഷേമ സ്ഥാപനങ്ങൾ സന്ദർശിച്ച് മതിയായ വൈദ്യ സേവനങ്ങളും നൽകിവരുന്നു. വയോജനങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 1,000 രൂപ നിരക്കിൽ 224 വൃദ്ധസദനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകിവരുന്നു. ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പരിശോധന നടത്തുകയും അന്തേവാസികളുടെ ജീവിതസൗകര്യം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയോജനങ്ങളെ സംരക്ഷിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ട. ജസ്റ്റിസ് രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായുള്ള മൂന്നംഗ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്.

**പോലീസ് സംവിധാനത്തിലെ നവീകരണം**

12 (*162) ശ്രീ. പി.കെ. ശശി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യനിർവ്വഹണത്തിൽ കാർക്കശ്യം പുലർത്തുമ്പോൾത്തന്നെ പരാതിയുമായി പോലീസിനെ സമീപിക്കുന്നവർക്ക് മാന്യതയാർന്ന പെരുമാറ്റം പോലീസിന്റെ ഭാഗത്ത് നിന്നുണ്ടാകുമെന്ന് ഉറപ്പുവരുത്താൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പോലീസ് സംവിധാനത്തിൽ ആധുനീകരണത്തോടൊപ്പം നവീകരണവും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ജനവിശ്വാസം ആർജ്ജിക്കുന്നതിന് ഭവന സന്ദർശനം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ക്രിമിനൽ പശ്ചാത്തലം ഇല്ലാത്തവരും കുറ്റമറ്റ സ്വഭാവമുള്ളവരും മാത്രമെ പോലീസ് സേനയിൽ നിയമിതരാവുകയുള്ളൂവെന്ന് ഉറപ്പാക്കാൻവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ;വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) മാന്യതയാർന്ന പെരുമാറ്റം പോലീസിന്റെ ഭാഗത്തുനിന്നും ഉറപ്പുവരുത്തുന്നതിനായി പ്രത്യേക സർക്കുലർ പ്രകാരം സംസ്ഥാനത്തെ ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി പബ്ലിക് റിലേഷൻസ് ഓഫീസർക്കുപുറമേ റിസപ്ഷൻ സംവിധാനം, വനിതാ ഹെൽപ്പ് ഡെസ്ക്, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പോലീസ് സേനയുടെ ആധുനീകരണത്തോടൊപ്പം കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവത്കരിച്ചു. ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തി ബോഡിവോൺ ക്യാമറകൾ വിതരണം ചെയ്തു. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി. സിം ലഭ്യമാക്കി. സി.സി.റ്റി.എൻ.എസ്, എഫ്.ഐ.ആർ. എന്നിവ കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കൽ, ഇ-ബീറ്റ്

സിസ്റ്റം തുടങ്ങിയ പദ്ധതികളിലൂടെയും പോലീസിന്റെ ആധുനികവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുള്ളതും ക്രമസമാധാനം, കേസന്വേഷണം എന്നിവ ആകാവുന്നത്ര പോലീസ് സ്റ്റേഷനുകളിൽ വേർതിരിച്ചിട്ടുള്ളതും ആയത് തുടർന്നുവരുന്നതുമാണ്. പോലീസ് സേനാംഗങ്ങൾക്ക് കമ്പ്യൂട്ടറും, അനുബന്ധപഠന ക്ലാസ്സുകളും സൈബർ സംബന്ധിച്ച അവബോധന ക്ലാസ്സുകൾ നടത്തിയും ഡ്യൂട്ടി മാനേജ്മെന്റ് സമ്പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കുന്നതിനും റിപ്പോർട്ട്ചെയ്ത കേസുകളുടെ വിവരങ്ങൾ ഡിജിറ്റൈസേഷൻ ചെയ്യുന്നതിനുംവേണ്ടിയുള്ള നടപടികളും നടന്നുവരുന്നു.

(സി) ജനമൈത്രി പോലീസ് സംവിധാനം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഭവന സന്ദർശനത്തിലൂടെ സീനിയർ സിറ്റിസൺ ആയ ആൾക്കാരെ കണ്ടെത്തി അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കിവരുന്നു. പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധിയിൽപ്പെടുന്ന സ്ഥലങ്ങളെ വിവിധ ബീറ്റുകളായി തരംതിരിച്ച് പോലീസ് ഉദ്യോഗസ്ഥന്മാരെ ഓരോ ബീറ്റിലും ബീറ്റ് ഉദ്യോഗസ്ഥരായി നിയമിച്ച് ഭവന സന്ദർശനം നടത്തിവരികയും അത് കൃത്യമായി മോണിറ്റർ ചെയ്തുവരുന്നുമുണ്ട്.

(ഡി) ഇതിനായി ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥർ, ഉദ്യോഗാർത്ഥിയുടെ നിയമനത്തിന് മുന്നോടിയായി അവരുടെ വിവരങ്ങൾ അന്വേഷിച്ച് ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമെങ്കിൽ ഇവരുടെ നിയമനം തടയുന്നതിനാവശ്യമായ ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നു.

### പറമ്പിക്കുളം ആളിയാർ കരാർ റദ്ദാക്കുന്നതിന്റെ നിയമവശങ്ങൾ

13 (*163) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970 മേയ് മാസം നടപ്പാക്കിയതും 1958 നവംബർ 9 മുതൽ പ്രാബല്യം നല്കിയതുമായ പറമ്പിക്കുളം ആളിയാർ കരാറിന്റെ വകുപ്പ് 5 a (ii) പ്രകാരം തമിഴ് നാടിന് കരാറിൽ പരാമർശിക്കുന്ന നദികളിലെ ജലം കാലീനമായി ഉപയോഗിക്കാനുള്ള (demising of waters) വ്യവസ്ഥ മാത്രമേ ഉള്ളൂ എന്നതിനാൽ

ഏകപക്ഷീയമായി തമിഴ്നാട് കേരളത്തിനുള്ള ജലം നിർത്തിവച്ചത് കരാർ ലംഘനമായതിനാൽ കരാർ റദ്ദാക്കുന്നത് സംബന്ധിച്ച നിയമവശങ്ങൾ പരിശോധിക്കുമോ;

(ബി) കരാറിലെ 5 (c) വകുപ്പനുസരിച്ച് 9-11-1958 മുതൽ കണക്കാക്കി ഓരോ 30 വർഷത്തിലും കരാറിലെ ക്രമീകരണങ്ങൾ പുനരവലോകനം ചെയ്യാമെന്നതിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) നീരൊഴുക്ക് ക്രമീകരിക്കുന്നതിന് കരാറിന്റെ വകുപ്പ് 5 a(iv)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡ് കർത്തവ്യ നിർവ്വഹണത്തിന് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): (എ)പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി)-യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം പൂർണ്ണമായി തമിഴ്നാട് നിർത്തിവച്ചിട്ടില്ല. 26-2-2018-ൽ ചേർന്ന ഫീൽഡ്തല ഉദ്യോഗസ്ഥ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളം ആവശ്യപ്പെട്ട ജലം തമിഴ്നാട് ഈ ആഴ്ചയിൽ നല്കിവരുന്നുണ്ട്.

(ബി) പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തേയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്.

ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 8-ന് കഴിഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽതന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2013 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർ സംസ്ഥാന ജല വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 19.01.2018-ന് ഇരു സംസ്ഥാനങ്ങളിലേയും ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു യോഗം തിരുവനന്തപുരത്ത് ചേർന്നു. ഈ യോഗത്തിൽ മറ്റ് വിഷയങ്ങൾക്കൊപ്പം കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട വിഷയങ്ങളും പ്രാഥമികമായി ചർച്ച ചെയ്തിട്ടുണ്ട്.

(സി) കേരളത്തിലേയും തമിഴ്നാട്ടിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സംയുക്തമായി രേഖപ്പെടുത്തുന്ന അളവെടുപ്പ് സംവിധാനത്തിലൂടെ ജലത്തിന്റെ കണക്ക് ഓരോ ദ്വൈവാരത്തിലും തയ്യാറാക്കി അതിലെ തർക്കങ്ങൾ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് ചർച്ച ചെയ്ത് പരിഹരിച്ചാണ് വെള്ളത്തിന്റെ കണക്കുകൾ തിട്ടപ്പെടുത്തുന്നത്. ഇതിൽ ആവശ്യമായ രീതിയിൽ ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡ് വർഷത്തിൽ ഒന്നോ രണ്ടോ തവണ കൂടുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തുവരുന്നു. ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള ജലവർഷത്തിന്റെ വാർഷിക കണക്കുകൾ ഇത്തരത്തിലാണ് തയ്യാറാക്കുന്നത്. കൂടാതെ വിവിധ റിസർവോയറുകളിലേയ്ക്കുള്ള നീരൊഴുക്ക് കൃത്യമായി നിരീക്ഷിക്കുകയും കേരളത്തിന് കരാർ പ്രകാരം ലഭ്യമാക്കേണ്ടതായ ജലം ബന്ധപ്പെട്ട റിസർവോയറുകളിൽ ലഭ്യമല്ലെങ്കിൽ തമിഴ്നാടുമായി ചർച്ച ചെയ്ത് പി.എ.പി. സിസ്റ്റത്തിലെ മറ്റ് റിസർവോയറുകളിൽ ലഭ്യമായ ജലം, ബന്ധപ്പെട്ട റിസർവോയറുകളിലേയ്ക്ക് എത്തിക്കാൻ വേണ്ട നടപടി യഥാസമയം കേരള ഉദ്യോഗസ്ഥർ സ്വീകരിക്കുകയും ചെയ്തുവരുന്നു. നടപ്പ് ജല വർഷത്തിൽ (2017-18) കേരളത്തിന്, മണക്കടവ് വിയറിലേയ്ക്ക് കരാർ പ്രകാരം ലഭിക്കേണ്ടതായ ജലം ആളിയാർ റിസർവോയറിൽ ലഭ്യമാകാതെ വന്നപ്പോൾ പാലക്കാട് ജെ.ഡബ്ല്യൂ.ആർ.ഡിവിഷൻ, ജോയിന്റ് ഡയറക്ടർ തമിഴ്നാട് ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തി. പറമ്പിക്കുളം റിസർവോയറിൽ നിന്നും ജലം ആളിയാർ റിസർവോയറിൽ എത്തിക്കാൻ നടപടി സ്വീകരിക്കുകയുണ്ടായി. കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ ഉയർത്തി കേരളത്തിന്റെ ഉദ്യോഗസ്ഥർ നേടിയെടുക്കാറുണ്ട്. ഇത് ഫലവത്തായില്ലെങ്കിൽ സർക്കാരിന്റെ ശ്രദ്ധയിൽ പ്രശ്നങ്ങൾ യഥാസമയം കൊണ്ടുവരികയും സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു.

## നോർക്ക റൂട്ട്സ് വഴി സർക്കാർ നടപ്പാക്കുന്ന പുനരധിവാസ പദ്ധതികൾ

14 (*164) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്സ് വഴി സർക്കാർ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; തിരിച്ചുവന്ന പ്രവാസികൾക്ക് സ്വന്തമായി തൊഴിൽ കണ്ടെത്താനുള്ള വായ്പയിൽ എത്ര ശതമാനം സബ്സിഡിയും പലിശയിളവും സർക്കാർ നൽകുന്നുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിലെ പ്രമുഖ ബാങ്കുകൾ പലതും വിമുഖത കാണിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏതെല്ലാം ബാങ്കുകളുമായിട്ടാണ് ഈ സ്കീമിൽ വായ്പ ലഭ്യമാക്കാൻ നോർക്ക റൂട്സ് എം.ഒ.യു. ഒപ്പിട്ടിരിക്കുന്നത്; സഹകരണ ബാങ്കുകളിൽനിന്ന് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബാങ്കുകളുടെ കർക്കശ വ്യവസ്ഥകൾമൂലം നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് (NDPREM) എന്ന സ്കീമിന്റെ ഗുണഫലം പ്രവാസികൾക്ക് പൊതുവിൽ ലഭിക്കുന്നില്ലെന്ന് അറിയാമോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കാൻ ബാങ്കുകളുടെമേൽ സമ്മർദ്ദം ചെലുത്തുമോ; ബാങ്കുകളുടെ നിസ്സംഗതയും നിസ്സഹകരണവും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ):

(എ)നോർക്ക റൂട്ട്സിന്റെ പുനരധിവാസ പദ്ധതികളിൽ പ്രധാനപ്പെട്ടത് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയാണ്. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നല്കുകയും അവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നല്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരംഭിച്ചതാണ് ഈ പദ്ധതി. 20 ലക്ഷം രൂപ വരെ മൂലധനച്ചെലവ് പ്രതീക്ഷിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ 4 വർഷം 3% പലിശസബ്സിഡിയും നല്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായാണ് MoU ഒപ്പിട്ടിരിക്കുന്നത്. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയെക്കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) ബാങ്കുകളുടെ കർക്കശ വ്യവസ്ഥകൾമൂലം NDPREM സ്കീമിന്റെ ഗുണഫലം പ്രവാസികൾക്ക് പൊതുവിൽ ലഭിക്കുന്നില്ലെന്ന ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പ്രവാസികൾ ഇന്ത്യയ്ക്കും പ്രത്യേകിച്ച് കേരളത്തിനും നൽകിയ വിലപ്പെട്ട സംഭാവനകളും സാമൂഹ്യ സാമ്പത്തിക മേഖലകളിൽ അവരുടെ സംഭാവനകളും കണക്കിലെടുത്ത് ഈ പദ്ധതികളോട് സഹകരിക്കാൻ ബാങ്കുകളോട് നിരന്തരം അഭ്യർത്ഥിച്ചുവരുന്നു. കൂടാതെ സർക്കാർതലത്തിൽ ഈ വിഷയം സംബന്ധിച്ച ചർച്ചകൾ സംഘടിപ്പിക്കാറുണ്ട്. ഇത് കൂടാതെ SLBC യോഗങ്ങളിൽ ഈ വിഷയം എല്ലാ പ്രാവശ്യവും ഉന്നയിക്കുന്നുമുണ്ട്.

**ലോക കേരള സഭയുടെ തുടർപ്രവർത്തനങ്ങൾ**

15 (*165) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയിൽ നടന്ന ചർച്ചകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു കൊണ്ട് തുടർപ്രവർത്തനങ്ങൾക്കായി വ്യത്യസ്ത വിഷയ മേഖല കമ്മിറ്റികൾക്ക് രൂപം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; കമ്മിറ്റികൾ എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കുമോ; കമ്മിറ്റിയിലെ അംഗങ്ങളെ സംബന്ധിച്ച് തീരുമാനം ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കമ്മിറ്റിയും എന്തെല്ലാം വിഷയങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണിക്കാനാണുദ്ദേശിക്കുന്നത്; കമ്മിറ്റികളിൽ ലോക കേരള സഭയിലെ അംഗങ്ങൾക്കുതന്നെ പ്രാതിനിധ്യം നൽകുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): (എ) ഉണ്ട്.

(ബി&സി) രണ്ട് ദിവസം നടന്ന ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ലോക കേരള സഭയുടെ തുടർ പ്രവർത്തനങ്ങൾക്ക് ഏഴ് വിഷയ മേഖലാ സ്റ്റാൻഡിംഗ് കമ്മിറ്റികൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓരോ മേഖലയിലും വിദഗ്ധരും പ്രവാസി പ്രതിനിധികളും അടങ്ങിയവയായിരിക്കും ഈ കമ്മിറ്റികൾ.

സ്റ്റാൻഡിംഗ് കമ്മിറ്റി-1: കേരള വികസന നിധി രൂപീകരണവും നടത്തിപ്പും ലോക കേരള സഭ തുടർ സമ്മേളനങ്ങളുടെ നടത്തിപ്പും.

സ്റ്റാൻഡിംഗ് കമ്മിറ്റി-2: പ്രവാസി സാമ്പത്തികമേഖല രൂപീകരണം അടക്കം പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.

സ്റ്റാൻഡിംഗ് കമ്മിറ്റി-3: നാട്ടിലേക്ക് തിരിച്ചുവരുന്നവർക്കായി വരുമാന പദ്ധതികളുടേയും പുനരധിവാസ പദ്ധതികളുടേയും രൂപീകരണം

സ്റ്റാൻഡിംഗ് കമ്മിറ്റി-4: മറ്റു രാജ്യങ്ങളിലെ തൊഴിൽ സാധ്യതയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടേയും മികച്ച തൊഴിലുകൾക്കായുള്ള വർദ്ധിച്ച മത്സരത്തിന്റേയും സാഹചര്യത്തിൽ വിദേശ ജോലിക്ക് തയ്യാറെടുക്കുന്നവർക്കും പ്രവാസികൾക്കും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നയരൂപീകരണം.

സ്റ്റാൻഡിംഗ് കമ്മിറ്റി-5: പല രാജ്യങ്ങളിലും തദ്ദേശീയ തൊഴിലാളികൾക്ക് പ്രാധാന്യം നൽകുന്ന നിയമങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വനിതകളടക്കമുള്ള നമ്മുടെ പ്രവാസി സമൂഹത്തിന്റെ അവകാശ-തൊഴിൽ സംരക്ഷണത്തിന് സഹായകമായ കുടിയേറ്റ നിയമ രൂപീകരണത്തിന് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലേയ്ക്ക് എത്തിക്കേണ്ട വിഷയങ്ങൾ.

സ്റ്റാൻഡിംഗ് കമ്മിറ്റി-6: കേരളീയ കലകളെ ലോകം മുഴുവൻ വിളംബരം ചെയ്തു പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ രൂപീകരണം.

സ്റ്റാൻഡിംഗ് കമ്മിറ്റി-: 7 ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേക്ക് കുടിയേറിയ കേരളീയരായ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കുന്നതിനുള്ള സ്ഥിരം സംവിധാന രൂപീകരണത്തിനുള്ള നിർദ്ദേശങ്ങളും നടപടിക്രമങ്ങളും. ലോക കേരള സഭാംഗങ്ങൾക്കുതന്നെ പ്രാതിനിധ്യമുള്ള കമ്മിറ്റികൾ ഉടൻ നിലവിൽവരുന്നതാണ്.

## പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ അറ്റസ്റ്റേഷൻ

16 (*166) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിൽ ജോലിതേടി പോകുന്നവർ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് എത്ര രൂപയാണ് അപേക്ഷാ ഫീസായി അടയ്ക്കേണ്ടതെന്നും എന്ത് ആവശ്യത്തിനാണെന്ന് തെളിയിക്കുന്ന രേഖ അപേക്ഷയോടൊപ്പം ഹാജരാക്കണമോയെന്നും വിശദമാക്കുമോ;

(ബി) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതിന് സെക്രട്ടേറിയറ്റിലെ ആഭ്യന്തര വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തെന്ന് അറിയിക്കുമോ;

(സി) മറ്റ് ജില്ലകളിൽനിന്നും ഇതിനായി തലസ്ഥാനത്ത് എത്തുന്നവർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റുചെയ്ത് ഉടൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് അതത് പോലീസ് സ്റ്റേഷനുകളിൽ 500 രൂപയാണ് അപേക്ഷാ ഫീസായി അടയ്ക്കേണ്ടത്. അപേക്ഷകന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ്, മേൽവിലാസം തെളിയിക്കുന്ന രേഖ, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ കൂടാതെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്താവശ്യത്തിനാണ് എന്നതിനെക്കുറിച്ചുള്ള വിവരം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

(ബി) ഗൾഫ് ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിൽ ജോലി തേടുന്നവരുടെ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നോട്ടറി അഡ്വക്കേറ്റ് അറ്റസ്റ്റ് ചെയ്ത് ടി പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ സഹിതം വെള്ള പേപ്പറിൽ അപേക്ഷയ്ക്കൊപ്പം സർട്ടിഫിക്കറ്റ് ഒന്നിന് 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് സമർപ്പിക്കേണ്ടതും ടി അപേക്ഷ സൂക്ഷ്മ പരിശോധനയ്ക്കുശേഷം അറ്റസ്റ്റ് ചെയ്ത് അന്നേ ദിവസം തന്നെ അപേക്ഷകർക്ക് മടക്കിനൽകുകയും ചെയ്യുന്നു. മറ്റ് വിദേശരാജ്യങ്ങളിൽ ജോലി തേടുന്നവർ സമർപ്പിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ എ.ഡി.ജി.പി. (ഇന്റലിജൻസ്)-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിൽ അറ്റസ്റ്റ് ചെയ്ത് നൽകുന്നു.

(സി) മറ്റ് ജില്ലകളിൽനിന്നും തലസ്ഥാനത്ത് എത്തുന്നവരുടെ സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുവാനായി വരുന്നവരുടെ അപേക്ഷകൾ സ്വീകരിക്കുന്നത് മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര കേന്ദ്രത്തിലെ 10 കൗണ്ടറുകളിലൂടെയാണ്. ഈ പ്രത്യേക സംവിധാനം വഴി സ്വീകരിക്കുന്ന അപേക്ഷകൾക്ക് ടോക്കൺ നൽകിയശേഷം അപേക്ഷകൾ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ സൂക്ഷ്മ പരിശോധന നടത്തി അറ്റസ്റ്റുചെയ്ത് അതത് ദിവസം ഉച്ചയ്ക്കുശേഷം അപേക്ഷകർക്ക് മടക്കിനൽകുന്നുണ്ട്.

## മെഡിക്കൽ വിദ്യാഭ്യാസ നിലവാരം

17 (*167) ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. ബി. സത്യൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് അധ്യാപകരുടെ കുറവുണ്ടോ; ഇത് കാരണം വൈദ്യവിദ്യാഭ്യാസരംഗത്ത് നിലവാരത്തകർച്ച സംഭവിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ പുറത്തിറക്കിയ എം.ബി.ബി.എസ്. പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പ്രകാരം, സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എൻ.ആർ.ഐ. സീറ്റുകളും ന്യൂനപക്ഷ സമുദായങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളും ഉൾപ്പെടെ, പൊതുഅലോട്ട്മെന്റ് പ്രക്രിയ വഴി പ്രവേശനം നൽകേണ്ടതിനാൽ, ഇത്തരം സ്ഥാപനങ്ങളിലെ ഫീസ് നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) ഫീസ് നിർണ്ണയത്തിൽ ഫീസ് നിർണ്ണയ സമിതി കണക്കിലെടുക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; മാനേജ്മെന്റുകൾക്ക് ഫീസ് നിർണ്ണയ പ്രക്രിയ തങ്ങളുടെ താൽപ്പര്യ പ്രകാരം വക്രീകരിക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ.ശൈലജ ടീച്ചർ): (എ)മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് അധ്യാപകരുടെ കുറവ് അനുഭവപ്പെടുന്ന വിഭാഗങ്ങളിൽ സീനിയർ റസിഡന്റ്/ജൂനിയർ റസിഡന്റ് തസ്തികകളിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ട്.

(ബി) ഇരുപത് സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള 2018-2019 അധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഫീസ് നിർണ്ണയം ഫീസ് നിർണ്ണയ സമിതി പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2017-ലെ ആക്ട് 15 സെക്ഷൻ 11 (1) (2), ഹൈക്കോടതി/സുപ്രീം കോടതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ, ഓരോ കോളേജിന്റേയും വരവ് ചെലവ് കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഫീസ് നിർണ്ണയ സമിതി ഓരോ കോളേജിനും ബാധകമായ ഫീസ് നിർണ്ണയിക്കുന്നത്. മാനേജ്മെന്റുകൾക്ക് ഫീസ് നിർണ്ണയ പ്രക്രിയ തങ്ങളുടെ താൽപ്പര്യപ്രകാരം വക്രീകരിക്കാനായി എന്തെങ്കിലും സംവിധാനങ്ങളുള്ളതായി സമിതിയുടേയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഭക്ഷ്യ പൊതുവിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവൽക്കരണം

18 (*168) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണം സുതാര്യവും കാര്യക്ഷമവും അഴിമതി മുക്തവുമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ഏർപ്പെടുത്തിയ കംപ്യൂട്ടർവൽക്കരണം പൂർണ്ണതോതിൽ നടപ്പിലായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കാമോ;

(സി) പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് പദ്ധതി രേഖ തയ്യാറാക്കിയിരുന്നോ;

(ഡി) ഈ സർക്കാർ ഇക്കാര്യത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി ഏപ്രിൽ അവസാനത്തോടെ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചു വരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കി വരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേയ്ക്ക് എസ്.എം.എസ്. സന്ദേശം നൽകിവരുന്നുണ്ട്. കൂടാതെ പത്രപരസ്യവും

നൽകിവരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റേഷൻ സംബന്ധിച്ച ട്രാൻസാക്ഷനുകൾ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാൻ സാധിക്കും. റേഷൻ പ്രതിമാസ വിഹിതം വകുപ്പിന്റെ പോർട്ടലിൽ (civilsupplieskerala.gov.in) പ്രദർശിപ്പിച്ചിട്ടുണ്ട്.

റേഷൻ വിതരണരംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal (RFP) തയ്യാറാക്കി വരുന്നു.

(ബി) നിലവിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018 ഏപ്രിൽ അവസാനത്തോടെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി & ഡി) ഉണ്ട്. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും ഭക്ഷ്യഭദ്രതാനിയമം, 2013 അനുശാസിക്കുന്ന മാനദണ്ഡങ്ങളും പ്രകാരം ഈ പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. ആയത് അന്തിമഘട്ടത്തിലാണ്. ഇതിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ എൻ.ഐ.സി.-യാണ് വികസിപ്പിക്കുന്നത്. ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് കഴിയുന്നതോടെ എഫ്.സി.ഐ.-ൽനിന്ന് ഭക്ഷ്യധാന്യം എടുക്കുന്നത് മുതൽ ഉപഭോക്താവിന് ലഭിക്കുന്നതുവരെയുള്ള കാര്യങ്ങൾ പൊതുജനങ്ങൾക്ക് വകുപ്പിന്റെ സൈറ്റിൽ കാണാൻ സാധിക്കും.

## പോലീസ് വകുപ്പിൽനിന്ന് അന്വേഷണ രഹസ്യങ്ങൾ ചോരുന്നത് തടയാൻ നടപടി

19 (*169) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. ടി. എ. അഹമ്മദ് കബീർ:

ശ്രീ. പി. കെ. അബ്ദു റബ്ബ്:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളെ സംബന്ധിച്ച അന്വേഷണ വിവരങ്ങളും റെയ്ഡ് പോലുള്ള അതീവരഹസ്യങ്ങളും പോലീസ് വകുപ്പിൽനിന്ന് തന്നെ ചോരുന്നതായുള്ള ആക്ഷേപങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പ്രതികളെ പിടികൂടുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) അന്വേഷണ വിവരങ്ങൾ പ്രതികൾക്കോ മറ്റുള്ളവർക്കോ ചോർത്തി നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിൽ അന്വേഷണ വിവരം ചോർത്തി നൽകിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): (എ) കുറ്റകൃത്യങ്ങളെ സംബന്ധിച്ച അന്വേഷണ വിവരങ്ങളും റെയ്ഡ് പോലുള്ള അതീവ രഹസ്യങ്ങളും പോലീസ് വകുപ്പിൽ നിന്നു തന്നെ ചോരുന്നതായുള്ള ആക്ഷേപങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്.

**അന്ത്യോദയ അന്നയോജന പദ്ധതി**

20 (*170) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ത്യോദയ അന്ന യോജന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ എത്ര ടൺ അരിയാണ് അനുവദിച്ചിരിക്കുന്നതെന്നും പദ്ധതിക്കായി ഏതെല്ലാം ചെലവുകളാണ് സംസ്ഥാന സർക്കാർ വഹിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) എ.എ.വൈ. പദ്ധതിക്കായുള്ള ഗുണഭോക്താക്കളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തിനുള്ള ഭക്ഷ്യധാന്യവിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചത് ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.പി. തിലോത്തമൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ 25-12-2000-ൽ ആരംഭിച്ച അന്ത്യോദയ അന്ന യോജന (എ.എ.വൈ.) പദ്ധതിക്ക് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പ് വരുത്തുക, എല്ലാവരേയും വിശപ്പിൽനിന്ന് വിമുക്തമാക്കുക, ഏറ്റവും പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കത്തക്കവിധം പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണുള്ളത്. നിലവിൽ ദേശീയ തലത്തിൽ 2.5 കോടി കുടുംബങ്ങൾ ഉൾപ്പെടുന്ന പദ്ധതിയിൽ താഴെ പറയുന്ന മുൻഗണനാ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.

1. സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ
2. സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ ഏകയായ സ്ത്രീയോ പുരുഷനോ,
3. എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങളും.

ഇത് കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, കാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വരുന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെ കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിക്കൊണ്ട് എ.എ.വൈ. പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഒഴിവുകൾ നികത്തിയിട്ടുണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം, 2013 വിഭാവന ചെയ്യുന്ന അനുവദനീയമായതും അർഹരായതുമായ 595800 ഗുണഭോക്താക്കളെ സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 17757.49 മെ.ടൺ അരിയും 3095.475 മെ.ടൺ ഗോതമ്പുമുൾപ്പെടെ 20852.965 മെ.ടൺ ഭക്ഷ്യധാന്യം എ.എ.വൈ. വിഭാഗത്തിനായി കേന്ദ്ര ഗവൺമെന്റിൽനിന്ന് പ്രതിമാസം അനുവദിക്കുന്നുണ്ട്. ആയത് സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇതുപയോഗിച്ച് ടി വിഭാഗത്തിലെ ഓരോ കാർഡിനും 30 കി.ഗ്രാം അരിയും 5 കി.ഗ്രാം ഗോതമ്പും നൽകാൻ സാധിക്കും. 3 രൂപ നിരക്കിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന അരിയും 2 രൂപ നിരക്കിൽ ലഭിക്കുന്ന ഗോതമ്പും എ.എ.വൈ. വിഭാഗത്തിന് സൗജന്യമായി നൽകുന്നതിന് 5.95 കോടി രൂപ സർക്കാർ പ്രതിമാസം ചെലവഴിക്കുന്നുണ്ട്. വാതിൽപ്പടി വിതരണം നടത്തുന്ന സപ്ലൈകോയ്ക്ക് കടത്തുകൂലിയിനത്തിൽ പ്രതിമാസം ഏകദേശം 3.34 കോടി രൂപയും ഭക്ഷ്യധാന്യ വിതരണം നിർവ്വഹിക്കുന്ന റേഷൻ വ്യാപാരികൾക്ക് നൽകുന്ന കമ്മീഷൻ ഇനത്തിൽ പ്രതിമാസം ഏകദേശം 2.09 കോടി രൂപയും സർക്കാർ ചെലവാക്കുന്നുണ്ട്.

(ഡി) ഇല്ല. സംസ്ഥാനത്ത് 5,95,800 കുടുംബങ്ങളാണ് എ.എ.വൈ. വിഭാഗത്തിൽ അനുവദനീയമായിട്ടുള്ളത്.

(ഇ)ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് എ.എ.വൈ. വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളിൽ കുറവുണ്ടായിട്ടില്ല. മുൻഗണനേതര വിഭാഗത്തിനുള്ള ഭക്ഷ്യ ധാന്യ വിഹിതത്തിലാണ് കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുള്ളത്.

## സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ

21 (*171) ശ്രീ. എം. നൗഷാദ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എല്ലാ താലൂക്ക് ആശുപത്രികളിലെയും ഓപ്പറേഷൻ തീയേറ്റർ, അനസ്തേഷ്യ, ഡെർമറ്റോളജി, ഇ.എൻ.റ്റി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, റേഡിയോളജി എന്നീ വിഭാഗങ്ങളിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്നും ഇവ വിതരണം ചെയ്യുന്നത് ഏത് സ്ഥാപനമാണെന്നും വ്യക്തമാക്കാമോ;

(ഡി) ജില്ലാ/ജനറൽ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ.ശൈലജ ടീച്ചർ): (എ) നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ആർദ്രം പദ്ധതിയിലൂടെ സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്ന പ്രവർത്തനം, ജില്ലാ താലൂക്കുതല ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കൽ, ജില്ലാതല ആശുപത്രികളിലേയും മെഡിക്കൽ കോളേജുകളിലേയും ഒ.പി. വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കൽ, ആരോഗ്യ സ്ഥാപനങ്ങളിൽ ചികിത്സാ മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കിയുള്ള ചികിത്സകൾ ഉറപ്പുവരുത്താനുള്ള നടപടികൾ എന്നിവ ലക്ഷ്യം വച്ച് ആർദ്രം മിഷന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സർക്കാർ ആശുപത്രികളിൽ ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ഉറപ്പു വരുത്തുന്നതിനായി ഓരോ ജില്ലയിലും ഓരോ ജില്ലാതല ആശുപത്രിയും പിന്നോക്ക ജില്ലകളായ വയനാട്, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ രണ്ട് വീതവും 75 താലൂക്ക് തല ആശുപത്രികളും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ ആശുപത്രികളിലെ ഡോക്ടർമാരുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും കുറവ് പരിഹരിക്കാനായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലുള്ള ഡോക്ടർമാരുടേതടക്കം 266 ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വരികയാണ്. കൂടാതെ ഈ വിഭാഗം ആശുപത്രികളിലേയ്ക്കായി നഴ്സ്, ലബോറട്ടറി ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ വിവിധ വിഭാഗം ജീവനക്കാരുടെ തസ്തികകൾ ആർദ്രം മിഷന്റെ ഭാഗമായി സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി സേവനം വിപുലപ്പെടുത്തി വരികയാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ എട്ടും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ രണ്ടും ആശുപത്രികളിൽ കാത്ത് ലാബ്, ആൻജിയോപ്ലാസ്റ്റി സൗകര്യങ്ങൾ ഘട്ടംഘട്ടമായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ

പുരോഗമിക്കുകയാണ്. ഇതേ സ്കീമിൽ ഉൾപ്പെടുത്തി നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്ക് പുറമേ 44 താലൂക്ക്/ജില്ലാതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുകയാണ്. കാത്ത് ലാബ് യൂണിറ്റ് വികസനങ്ങൾക്കുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാനും അതുവഴി ആശുപത്രികളെ കൂടുതൽ രോഗീ സൗഹൃദമാക്കാനും കഴിയുന്നതാണ്.

സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കാത്ത് ലാബ് സജ്ജമാക്കൽ, അടിയന്തര വൈദ്യസഹായം സജ്ജമാക്കൽ, ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ, സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾക്കുവേണ്ട ഉപകരണങ്ങൾ വാങ്ങൽ, ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ 170 ഫാമിലി ഹെൽത്ത് സെന്ററുകളിലേക്കുവേണ്ട അടിസ്ഥാന ഉപകരണങ്ങൾ വാങ്ങൽ, ലബോറട്ടറി സജ്ജമാക്കൽ മുതലായവയ്ക്ക് 9077 ലക്ഷം രൂപയുടെ ഉപകരണങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ വാങ്ങുന്നുണ്ട്.

(ബി&സി) 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ 74 താലൂക്ക് ആശുപത്രികളിലെ ആവശ്യം കണക്കിലെടുത്ത് ഓപ്പറേഷൻ തിയേറ്റർ, അനസ്തേഷ്യ, ഡെർമറ്റോളജി, ഇ.എൻ.ടി., ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്, റേഡിയോളജി എന്നീ വിഭാഗങ്ങളിലേക്കുവേണ്ട ഉപകരണങ്ങൾ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ജില്ലാ/ജനറൽ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 23-9-2017-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 136/2017/ആ.കു.വ. പ്രകാരം 610 തസ്തികകൾ ജില്ലാ/താലൂക്ക് ആശുപത്രികളിൽ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. ഇതിൽ സൂപ്പർ സ്പെഷ്യാലിറ്റിയിൽ 18 തസ്തികകളും കാത്ത് ലാബിൽ 6 തസ്തികകളും ഡയാലിസിസ് യൂണിറ്റുകളിൽ 68 തസ്തികകളും ഇ.സി.ജി ടെക്നീഷ്യന്റെ 36 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കാർഡിയോളജി, യൂറോളജി, നെഫ്രോളജി, ന്യൂറോളജി ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുന്നതിനും പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്കും റിപ്പയറിനുമായി 2000 ലക്ഷം രൂപ 2017-18 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യവകുപ്പിലെ എട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2 ആശുപത്രികളിലും കാത്ത് ലാബ്, ആൻജിയോപ്ലാസ്റ്റി സൗകര്യങ്ങൾ ഘട്ടംഘട്ടമായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്കു പുറമേ 44 താലൂക്ക് ജില്ലാ തല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കാത്ത് ലാബ് യൂണിറ്റ് വികസനത്തിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് വഴി ചിട്ടപ്പെടുത്താനും രോഗീ സൗഹൃദമാക്കാനും കഴിയുന്നതാണ്. ജനറൽ/ജില്ലാ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾക്കു വേണ്ട ഉപകരണങ്ങൾ വാങ്ങുവാൻ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയാൻ നടപടി

22 (*172) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): -

(എ) ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് തടയുന്നതിനായി റേഷൻ സാധനങ്ങളുടെ നേരിട്ടുള്ള വാതിൽപ്പടി വിതരണം സപ്ലൈകോയെ നിയോഗിച്ചുകൊണ്ട് എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു. കൂടാതെ പ്രതിമാസ റേഷൻ സംബന്ധിച്ച അറിയിപ്പ് എല്ലാ ഉപഭോക്താക്കൾക്കും എസ്.എം.എസ് അലർട്ടായി നൽകി വരുന്നുണ്ട്. വകുപ്പിലെ റേഷനിംഗ്

ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.കളും മാസത്തിൽ ഒരു തവണ പരിശോധിക്കുകയും പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നു. മാത്രമല്ല, സംസ്ഥാനതലത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ രണ്ട് സംസ്ഥാനതല പരിശോധനാ സ്ക്വാഡുകളും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും പരിശോധനകൾ നടത്തി വരുന്നുണ്ട്. അതോടൊപ്പം ഇ-പോസ് മെഷീനുകൾ ഏപ്രിൽ മധ്യത്തോടെ എല്ലാ റേഷൻ കടകൾക്കും നല്കും. ഭക്ഷ്യധാന്യ വിതരണ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഗോഡൗണുകളിൽ സി.സി.റ്റി.വി. വയ്ക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചു വരികയാണ്.

(സി) റേഷൻ വിതരണത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2017 ഏപ്രിൽ മുതൽ നവംബർ വരെ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ നടത്തിയവരിൽ നിന്നും 10.78 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. വാതിൽപ്പടി വിതരണം നടത്തുന്ന ഇന്റർമീഡിയറി ഗോഡൗണുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ തിരുവനന്തപുരം ജില്ലയിലെ മേനംകുളം, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി എന്നീ ഗോഡൗണുകളിൽ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് അവിടങ്ങളിലെ ഗോഡൗൺ ഇൻ ചാർജ്ജുമാരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**അവയവ സ്വീകർത്താവിൽ നിന്നും ഫീസ്**

23 (*173) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിച്ചിരിക്കുന്നവരുടെ അവയവദാനത്തിന് സ്വീകർത്താവിൽ നിന്നും ഫീസ് ഈടാക്കുവാനും ദാതാവിന് ആജീവനാന്ത ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ദാതാവിന്റെ ആശുപത്രി ചെലവ് അവയവ സ്വീകർത്താവ് വഹിക്കണമെന്നിരിക്കെ, വൻതുക മൃതസഞ്ജീവനിയിൽ അടയ്ക്കണമെന്ന തീരുമാനം സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്വീകർത്താക്കൾക്ക് പ്രയാസമുണ്ടാക്കുന്നതാകയാൽ നിലവിൽ നിശ്ചയിച്ചിട്ടുള്ള തുക കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ.ശൈലജ ടീച്ചർ): (എ &ബി) ജീവിച്ചിരിക്കുന്നവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിന് മുന്നോട്ട് വരുന്നവർക്കും സ്വാപ്പ് ഡൊണേഷനും വേണ്ടി ഒരു പുതിയ രജിസ്ട്രി കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗിന്റെ കീഴിൽ കൊണ്ടുവരുന്നതിനും അവയവ ദാനത്തിലെ വാണിജ്യ താല്പര്യങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്നതിലേയ്ക്ക് ആയി 15-2-2018-ലെ സ.ഉ. (കൈ)നമ്പർ 26/2018/ ആ.കു.വ. നമ്പർ പ്രകാരം പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരോപകാര തല്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്ന വ്യക്തിയുടെ ആജീവനാന്ത ആരോഗ്യ പരിരക്ഷയ്ക്ക് വിനിയോഗിക്കുന്നതിനായി സ്വീകർത്താവിൽ നിന്നും രണ്ട് ലക്ഷം രൂപ ഫീസിനത്തിൽ ഈടാക്കുന്നതിനും ദാതാവിന് സർക്കാരിന്റെ ഏതെങ്കിലും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി ആജീവനാന്തം സൗജന്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് പ്രാബല്യത്തിലാകുന്ന മുറയ്ക്ക് സ്വീകർത്താവിൽ നിന്നും ഈടാക്കുന്നതിനായി ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തുക സ്വീകർത്താക്കൾക്ക് പ്രയാസമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഇക്കാര്യം പുനഃപരിശോധിക്കാവുന്നതാണ്.

**പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ**

24 (*174) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനുള്ള പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് സർക്കാർ അറ്റസ്റ്റ് ചെയ്ത് നൽകണമെന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കാലവിളംബം കൂടാതെ സർട്ടിഫിക്കറ്റ് അറ്റസ്റ്റുചെയ്ത് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗൾഫ് രാജ്യങ്ങളിൽ ജോലിനേടുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ അതത് പോലീസ് സ്റ്റേഷൻ പരിധിയിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ/പോലീസ് സൂപ്രണ്ട് എന്നിവർ നൽകുന്നതോ പാസ്പോർട്ട് ഓഫീസർ നൽകുന്നതോ ആയ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ഗവൺമെന്റ് അംഗീകൃത നോട്ടറി അറ്റസ്റ്റ് ചെയ്തതിനുശേഷം വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയിൽ 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് തിരിച്ചറിയൽ രേഖയുടെ/പാസ്പോർട്ടിന്റെ പകർപ്പും നോട്ടറി അറ്റസ്റ്റുചെയ്ത പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം ഗവൺമെന്റ് അംഗീകൃത ട്രാവൽ ഏജൻസി മുഖേനയോ നേരിട്ടോ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിൽ അറ്റസ്റ്റേഷനുവേണ്ടി സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അന്നേ ദിവസവും ട്രാവൽ ഏജൻസി മുഖാന്തരം സമർപ്പിക്കുന്ന അപേക്ഷകൾ തൊട്ടടുത്ത പ്രവർത്തി ദിവസവും അറ്റസ്റ്റ് ചെയ്ത് മടക്കി നൽകുന്നതാണ്.

ഗൾഫ്/ഏഷ്യൻ രാജ്യങ്ങൾ ഒഴികെയുള്ള മറ്റ് രാജ്യങ്ങളിൽ തൊഴിൽ തേടുന്നവർ സമർപ്പിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ, എ.ഡി.ജി.പി. (ഇന്റലിജൻസ്)-ന്റെ റിപ്പോർട്ടിനായി അയച്ചുകൊടുക്കുന്നതും ടി റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് അപേക്ഷകർക്ക് അറ്റസ്റ്റ് ചെയ്ത് കൊടുക്കുന്നതുമാണ്.

(സി) യു.എ.ഇ. തുടങ്ങിയ രാജ്യങ്ങളിൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ നിർബന്ധമാക്കിയതിനാൽ അറ്റസ്റ്റേഷന് പൊതുജനങ്ങളുടെ തിരക്ക് വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സെല്ലിൽ രാവിലെ 10.30 മുതൽ 1.00 മണിവരെ അപേക്ഷകൾ സ്വീകരിച്ച് ടോക്കൺ നൽകി, അപേക്ഷകൾ ഉടൻതന്നെ ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പിന് കൈമാറുകയും ആഭ്യന്തര വകുപ്പിൽ അപേക്ഷകൾ പരിശോധിച്ച് അറ്റസ്റ്റ് ചെയ്ത് അതേ ദിവസം തന്നെ ഉച്ചയ്ക്ക് ശേഷം സർട്ടിഫിക്കറ്റുകൾ വിതരണവും ചെയ്യുന്നുണ്ട്.

**ഐ.ടി. മേഖലയിൽ തൊഴിലവസരങ്ങൾ**

25 (*175) ശ്രീ. ജി. എസ്.ജയലാൽ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ;

(ബി) സ്റ്റാർട്ട്അപ്പ് ഇൻകുബേറ്ററുകളും ആക്സിലറേറ്ററുകളും തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് ഐ.ടി. വകുപ്പ് സ്വീകരിക്കുന്നത്;

(സി) സ്റ്റാർട്ട്അപ്പുകൾക്ക് സഹായം നല്കുന്നതിനുള്ള കാലപരിധി നിലവിൽ എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഇൻകുബേറ്ററുകൾക്ക് ഏതൊക്കെ തരത്തിലുള്ള പിന്തുണയാണ് നല്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഐ.ടി. മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനുമായി സർക്കാർ പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി. വികസനം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ/ ഐ.ടി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജന സേവനത്തിന് പ്രയോജനകരമാകുന്നതിനും വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനായി ഐ.ടി./വാർത്താ വിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്.

യുവസംരംഭകത്വം പ്രോത്സാഹിപ്പിക്കൽ, നൈപുണ്യ വികസനം എന്നിവയിലൂന്നിയുള്ള മാനവശേഷി വികസനത്തിന് പ്രാധാന്യം നൽകി, വിവിധ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കിവരുന്നു. തൊഴിൽദാതാക്കൾ പ്രതീക്ഷിക്കുന്ന മികവുകളും കഴിവുകളും സ്വായത്തമാക്കുവാൻ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തി തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനുമായി എസ്.ഡി.പി.കെ. (സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം-കേരള)എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ 'കേരള ഐ.ടി. പാർക്കുകൾ' എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക്-തിരുവനന്തപുരം, ഇൻഫോപാർക്ക്-കൊച്ചി, സൈബർപാർക്ക്-കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്കാവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ടെക്നോപാർക്കിന്റെ നാലാം ഘട്ടമായ ടെക്നോസിറ്റിയുടെ നിർമ്മാണ പ്രവർത്തനവും പുരോഗമിച്ചുവരുന്നു. ഭാവിയിലെ വികസന സാങ്കേതിക വിദ്യകളായ ബ്ലോക്ക് ചെയിൻ സൈബർ സെക്യൂരിറ്റി, കൊഗ്നിറ്റീവ് അനലിറ്റിക്സ്, ഇ-മൊബിലിറ്റി സ്പെയ്സ് സയൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് സെന്റർ ഓഫ് എക്സലൻസായി നോളജ് സിറ്റി വിഭാവന ചെയ്തിട്ടുള്ളതും ആയത് ടെക്നോസിറ്റിയിൽ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കൂടുതൽ സാങ്കേതിക സ്റ്റാർട്ടപ്പ് കമ്പനികൾ തുടങ്ങുന്നതിലൂടെയും നിലവിലുള്ള സ്റ്റാർട്ടപ്പ് കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലൂടെയും പ്രത്യക്ഷമായും പരോക്ഷമായും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു വരുന്നു.

(ബി) കൂടുതൽ ഇൻകുബേറ്ററുകളും ആക്സിലറേറ്ററുകളും തുടങ്ങുക എന്നത് സംസ്ഥാന സർക്കാരിന്റെ സ്റ്റാർട്ടപ്പ് നയത്തിൽത്തന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇൻകുബേറ്ററുകൾ, ആക്സിലറേറ്ററുകൾ എന്നിവ ആരംഭിക്കുന്നതിനും നടത്തിപ്പിനുമായി വിവിധ സഹായങ്ങൾ നല്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി IAMAI-യുടെ കൂടി സഹകരണത്തോടെ കോഴിക്കോട് ഒരു മൊബൈൽ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കൊച്ചിയിലെ ഇലക്ട്രോണിക്സ് ഇൻകുബേറ്ററിന്റേയും ബയോടെക് ഇൻകുബേറ്ററിന്റേയും പ്രവർത്തനം വലിയതോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പുതുതായി ഏകദേശം 80-ഓളം കമ്പനികൾ ഇവിടങ്ങളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കാസർഗോഡ് ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഒരു ഓപ്പൺ ഇന്നൊവേഷൻ സോൺ ആന്റ് ഇൻകുബേറ്റർ നടപ്പുസാമ്പത്തിക വർഷം സ്ഥാപിച്ചിട്ടുണ്ട്. കേരള ക്ലെയ്സ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡുമായി സഹകരിച്ച് കണ്ണൂരിൽ 23000 ചതുരശ്ര അടി സ്ഥലത്ത് ഒരു ഇൻകുബേറ്റർ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

(സി) ബയോ ടെക്നോളജി മേഖലയിൽ കമ്പനി രജിസ്റ്റർചെയ്തതു മുതൽ 10 വർഷവും മറ്റു മേഖലകളിൽ 7 വർഷം വരെയും 25 കോടി രൂപയിൽ താഴെ വാർഷിക വരുമാനവുമുള്ള കമ്പനികളെ സ്റ്റാർട്ടപ്പായി തീരുമാനിച്ചിട്ടുള്ളതും ഈ കാലഘട്ടത്തിൽ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായത്തിന് അർഹതയുള്ളതുമാണ്.

(ഡി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേറ്ററുകൾ നിലവിലുണ്ട്. കൂടാതെ സാങ്കേതിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കായി നടത്തിവരുന്നതും പുതുതായി ആരംഭിക്കുന്നതുമായ ഇൻകുബേറ്ററുകൾക്ക് വിവിധതരത്തിലുള്ള സഹായം നൽകിവരുന്നുണ്ട്.

## ഉപഭോക്താക്കളുടെ അവകാശങ്ങൾക്കായി ഇൻഗ്രാം പദ്ധതി

26 (*176) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെയും ബോധവൽക്കരിക്കുന്നതിന്റെയും ഭാഗമായി ഇൻഗ്രാം പദ്ധതി (Integrated Grievance Redressal Mechanism) നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഇൻഗ്രാം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഉപഭോക്താക്കൾക്ക് ഫോൺ മുഖാന്തരം പരാതികൾ അറിയിക്കുന്നതിനായി 1800-425-1500 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തിച്ചുവരുന്നു.

(ബി) ബാധകമല്ല.

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും

27 (*177) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ .എ.നെല്ലിക്കുന്ന്:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് കേന്ദ്ര സർക്കാർ സഹായധനം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേന്ദ്രസഹായത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) അർഹതയുണ്ടായിട്ടും ദുരിതാശ്വാസ സഹായ പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടാത്തവർ അടുത്തകാലത്ത് സെക്രട്ടേറിയറ്റ് മുമ്പാകെ നടത്തിയ സമരത്തെ തുടർന്ന് സമരക്കാർക്ക് നൽകിയ ഉറപ്പുകളിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്;

(ഡി) ഇനിയും നടപ്പിലാക്കാനുള്ളവ അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ.പിണറായി വിജയൻ): (എ&ബി)എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരവും പെൻഷനും നൽകുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും പ്രത്യേകമായി സഹായധനം ലഭിച്ചിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായി 483 കോടി രൂപയുടെ പ്രൊപ്പോസൽ 2012-ൽ കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിരുന്നു. തുടർന്ന് ഇക്കാര്യം വീണ്ടും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പ്രത്യേകമായി ആനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ 17-2-2018-ൽ വീണ്ടും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും ബഹു. സുപ്രീം കോടതിയുടെയും നിർദ്ദേശാനുസരണം സഷ്ടപരിഹാരം നൽകുന്നതു വഴി സംസ്ഥാനത്തിന് 349 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടെന്നും ഇതിൽ 161 കോടി രൂപ ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ടെന്നും ദുരിതബാധിതർക്ക് പെൻഷൻ നൽകാനായി പ്രതിവർഷം 10.32 കോടി രൂപ ചെലവ് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിന്റെയും അഞ്ചുവർഷത്തെ പെൻഷന് ചെലവഴിക്കുന്ന തുകയുടെയും കൂടി 50 ശതമാനമായ 200.30 കോടി രൂപയെങ്കിലും കേന്ദ്ര സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 2012 മുതൽ NHM-ന്റെ കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസം, അമ്മമാർക്കുള്ള കൗൺസിലിംഗ് എന്നിവയുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ച് നൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി & ഡി) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴിയാണ് കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം ദുരിതബാധിതരെ കണ്ടെത്തുന്നത്. പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് എല്ലാവർക്കും അവസരം നൽകുന്നുണ്ട്. ഇനിയും പട്ടികയിൽ ഉൾപ്പെടാത്തവർ ഉണ്ടോ എന്നുള്ള വിവരങ്ങൾ മെഡിക്കൽ ക്യാമ്പിലൂടെ മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ. അർഹരായവർക്ക് അർഹമായ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ഔഷധ നിർമ്മാണ വിതരണ അനുമതി നിയമഭേദഗതി**

28 (*178) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്.ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ഔഷധ നിർമ്മാണ വിതരണ അനുമതി നിയമഭേദഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമഭേദഗതി മുഖേന എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(സി) മരുന്നുണ്ടാക്കുന്നതിനും വിൽക്കുന്നതിനുമുള്ള അനുമതി പുതുക്കി നല്കുന്ന കാര്യത്തിൽ പരിശോധനയ്ക്കായി കേന്ദ്ര അധികൃതരുടെ പങ്കാളിത്തം ഉൾപ്പെടുത്തിയതിന്മേലുള്ള അഭിപ്രായം വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്.

(ബി) ഡ്രഗ്സ്&കോസ്മെറ്റിക്സ് റൂൾസിലെ മരുന്ന് നിർമ്മാണ ലൈസൻസിംഗ്, അവയുടെ പുതുക്കൽ, മരുന്ന് വിൽപ്പന ലൈസൻസുകളുടെ പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട വ്യവസ്ഥകളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. ആയതുപ്രകാരം മരുന്ന് നിർമ്മാണ/വിതരണ ലൈസൻസുകളുടെ കാലാവധിയില്ലാതാക്കുകയും അഞ്ച് വർഷം കൂടുംതോറും ലൈസൻസ് റിറ്റൻഷൻ ഫീ ഒടുക്കിയാൽ മതിയാകും എന്ന സ്ഥിതിയിലേക്ക് വ്യവസ്ഥ ലഘൂകരിച്ചിട്ടുമുണ്ട്.

(സി) സംസ്ഥാനത്ത് മരുന്ന് നിർമ്മാണ/വിതരണ ലൈസൻസുകളുടെ പുതുക്കലുകൾ ഭേദഗതിക്കുശേഷവും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അധികാര പരിധിയിലാണ്. മരുന്ന് നിർമ്മാണ ലൈസൻസുകൾ നൽകുന്നതിന് കേന്ദ്ര അധികൃതരുടെ പങ്കാളിത്തം ഉൾപ്പെടുത്തിയതുമൂലം ലൈസൻസിംഗിന് മുന്നോടിയായിട്ടുള്ള സ്ഥാപന പരിശോധനകൾക്ക് കാലതാമസം നേരിടുന്നുണ്ട്.

## 2018-19 വർഷത്തിലെ മെഡിക്കൽ പ്രവേശന മാർഗ്ഗ നിർദ്ദേശങ്ങൾ

29 (*179) ശ്രീ. വി. എസ്.ശിവകുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 2018-19 വർഷത്തിലെ മെഡിക്കൽ പ്രവേശനത്തിനുള്ള മാർഗ്ഗനിർദ്ദേശം മെഡിക്കൽ കൗൺസിൽ നൽകിയിട്ടുണ്ടോ;

(ബി) രണ്ട് റൗണ്ട് കൗൺസിലിംഗിനുശേഷം അവശേഷിക്കുന്ന സീറ്റുകൾ മോപ്പ് അപ്പ് റൗണ്ടിലൂടെ നികത്തണമെന്ന നിർദ്ദേശം മെഡിക്കൽ കൗൺസിൽ നൽകിയിട്ടുണ്ടോ;

(സി) ഈ റൗണ്ടിന് ശേഷം അവശേഷിക്കുന്ന സീറ്റുകളിലേക്കുള്ള പ്രവേശനാധികാരം സ്വകാര്യ മാനേജ്മെന്റുകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ നീറ്റ് മെരിറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവേശനം സുതാര്യമായി നടത്തുവാൻ എന്ത് ക്രമീകരണമാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ& ബി) ഇത്തരം മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് തന്നെ അലോട്ട്മെന്റുകൾ പൂർത്തീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. 100 ശതമാനം സീറ്റുകളിലും പ്രവേശന പരീക്ഷാ കമ്മീഷണറാണ് അലോട്ട്മെന്റ് നടത്തുന്നത്.

## ലൈറ്റ് മെട്രോയുടെ പ്രാരംഭ പ്രവർത്തനങ്ങൾ

30 (*180) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ്മെട്രോയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കാൻവേണ്ട പ്രാരംഭനടപടികൾ ആയിട്ടുണ്ടോ: പദ്ധതികളുടെ മതിപ്പ് ചെലവ് എത്രയെന്നും ഉദ്ദേശിക്കുന്ന ഫണ്ടിംഗ് രീതിയും അറിയിക്കാമോ;

(ഡി) ലൈറ്റ് മെട്രോകളോട് അനുബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്നും അതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ചില പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് 8-9-2016-ലെ ജി.ഒ. (എം എസ്.) നമ്പർ 67/2016/പി.ഡബ്ല്യു.ഡി പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ശ്രീകാര്യം, ഉള്ളൂർ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടം മേൽപ്പാലത്തിന്റെ പുതുക്കിയ രൂപരേഖയ്ക്ക് അംഗീകാരം നൽകി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഉടനെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കഴക്കൂട്ടം - കേശവദാസപുരം പാതവികസനത്തിന് 16-1-2017-ലെ ജി.ഒ.(ആർ.ടി.)നമ്പർ 79/2017/പി.ഡബ്ല്യു.ഡി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട മാനാഞ്ചിറ മീഞ്ചന്ത പാത വികസനത്തിന് 3-4-2017-ലെ ജി.ഒ.(ആർ.ടി.)നമ്പർ 459/2017/പി.ഡബ്ല്യു.ഡി. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല.

(സി) ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 8-9-2016-ലെ ജി.ഒ. (എം.എസ്) നമ്പർ 67/2016/പി.ഡബ്ള്യൂ.ഡി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ലൈറ്റ് മെട്രോ പദ്ധതികൾക്ക്

കേന്ദ്രാനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. എന്നാൽ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പുതുക്കിയ രൂപരേഖ പ്രകാരം തിരുവനന്തപുരത്ത് 4673 കോടി രൂപയും കോഴിക്കോട് 2773 കോടി രൂപയുമായി ആകെ 7446 കോടി രൂപയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ നിർമ്മാണച്ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ സ്ഥലമെടുപ്പിനാവശ്യമായ 392 കോടി രൂപയും സംസ്ഥാന നികുതി ഇനത്തിൽ 534 കോടി രൂപയും പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ 213 കോടി രൂപ സ്വകാര്യ പങ്കാളിത്തംവഴി സമാഹരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ബാക്കി തുകയായ 6307 കോടി രൂപയുടെ 20 ശതമാനം കേന്ദ്ര സർക്കാരും 20 ശതമാനം സംസ്ഥാന സർക്കാരും 60 ശതമാനം തദ്ദേശ/വിദേശ വായ്പയായും കണ്ടെത്താനാണ് ഡി.പി.ആർ. വിഭാവന ചെയ്തിരിക്കുന്നത്.

(ഡി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് ചെയ്യേണ്ട കാര്യങ്ങൾ

പ്രാരംഭ പ്രവർത്തനങ്ങൾ

1. കോഴിക്കോട് മാനാഞ്ചിറ മീഞ്ചന്ത പാത വികസനം
2. തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം
3. തിരുവനന്തപുരത്ത് കഴക്കൂട്ടം -കേശവദാസപുരം പാതവികസനം

ലൈറ്റ് മെട്രോ പദ്ധതി

1. കേന്ദ്ര സർക്കാരിന്റെ മെട്രോ നയത്തിന് അനുസൃതമായി പുതുക്കിയ രൂപരേഖകളുടെ പരിശോധന, തിരുത്തലുകളോ മാറ്റങ്ങളോ ആവശ്യമെങ്കിൽ അവ ഉൾപ്പെടുത്തിയ ശേഷം കേരള സർക്കാരിന്റെ അംഗീകാരം.
2. പുതുക്കിയ രൂപരേഖകൾ കേരള സർക്കാരിന്റെ അംഗീകാരത്തിനുശേഷം കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുക.
3. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായശേഷം കൺസൾട്ടന്റിനെ നിയമിക്കുക, സ്ഥലമെടുപ്പ്, ധനസമാഹരണം മുതലായ നടപടികൾ ആരംഭിക്കുക.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭരണ ഭാഷ മലയാളമാക്കാത്ത ഓഫീസുകൾ

1 (1541) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഭരണഭാഷ മലയാളമാക്കിയതിനെത്തുടർന്ന് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ അപേക്ഷകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ മലയാളത്തിലാക്കാൻ നിർദ്ദേശമുണ്ടായിട്ടും ഇപ്പോഴും അപേക്ഷകളും മറ്റും മലയാളത്തിൽ തയ്യാറാക്കി നൽകാത്ത ഓഫീസുകളും സ്ഥാപനങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനങ്ങൾക്കും അവയുടെ മേലധികാരികൾക്കുമെതിരെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ഭരണ ഭാഷ മലയാളമാക്കിയിട്ടും പൊതുജനങ്ങൾക്ക് വിവിധ വകുപ്പുകൾ നൽകുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ഇംഗ്ലീഷിലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് പരിഹാരമെന്ന നിലയ്ക്ക് വിവിധ വകുപ്പുകൾ നൽകുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷാ രീതിയിൽ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭരണഭാഷാ നടപടികളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ ഉത്തരവുകളുടെ ലംഘനമായിക്കണ്ട് നടപടി സ്വീകരിക്കുന്നതാണ്.

### സംസ്ഥാനത്തെ സിവിൽ സർവ്വീസും സർക്കാർ ഓഫീസുകളും കാര്യക്ഷമമാക്കുന്നതിന് നടപടികൾ

2 (1542) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സർവ്വീസും സർക്കാർ ഓഫീസുകളും കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) ഓഫീസുകളുടെ ജിയോ മാപ്പിംഗുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തന പരിപാടികൾ വിശദമാക്കാമോ;

(സി) ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ ഈ ദിശയിൽ നടന്നിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി.

2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശരേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തുവരുന്നു.

3. പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.

4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകുംവിധം ഒരു പുതിയ പരിശീലന നയം രൂപീകരിച്ചു.

5. ഇ-ഗവേണൻസ്, ഇ-ടെണ്ടർ, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യംവച്ചുകൊണ്ട് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു.

(ബി&സി) കേരള സ്റ്റേറ്റ് ഐ.ടി. മിഷനു കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സ്പെഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ (കെ.എസ്.ഡി.ഐ.), സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളുടെയും പൊതു ഇടങ്ങളുടെയും ലൊക്കേഷൻ കണ്ടെത്തി അവ മൊബൈൽ ആപ്ലിക്കേഷനിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കാൻ തയ്യാറെടുക്കുന്നതിന്റെ ഭാഗമായി "വിഭവ്" എന്ന പേരിൽ മൊബൈൽ മാപ്പിംഗ് ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

മുഴുവൻ സർക്കാർ ഓഫീസുകളുടെ സ്ഥിതി വിവരങ്ങളും അവ നൽകുന്ന സേവനങ്ങളും പൂർണ്ണമായി ജിയോടാഗ് ചെയ്യുന്ന കേരളത്തിലെ ആദ്യത്തെ സംരംഭമാണ് "വിഭവ്" സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ എല്ലാ വകുപ്പുകൾക്കും അവരുടെ വ്യത്യസ്ത പഠനങ്ങൾക്കും വിശകലനങ്ങൾക്കും മറ്റുമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കേരള സ്റ്റേറ്റ് സ്പെഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചറിന്റെ

നിയന്ത്രണത്തിലുള്ള കേരള ജിയോ പോർട്ടലിൽ ലഭ്യമാക്കുന്നതാണ്. പ്രാരംഭ ഘട്ടത്തിൽ, കേരള സർക്കാർ, അർദ്ധ സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളാണ് "വിഭവ്" ജിയോ മാപ്പിങ് വഴി രേഖപ്പെടുത്തുന്നത്. ഇതിനോടകം തന്നെ കേരളത്തിലെ 12,000-ൽ അധികം സർക്കാർ, അർദ്ധസർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കപ്പെട്ടിട്ടുണ്ട്.

കാര്യക്ഷമവും സൂക്ഷ്മവുമായ വിവരശേഖരണത്തിന് കേരളത്തിലെ അക്ഷയ സെന്ററുകളുടെ വിശാലമായ ശൃംഖലയാണ് പ്രയോജനപ്പെടുത്തുന്നത്. ഇതുമായി ബന്ധപ്പെട്ട് അക്ഷയ കേന്ദ്രങ്ങൾക്കുവേണ്ട പ്രത്യേക പരിശീലനപരിപാടികൾ ഐ.ടി. മിഷന്റെ നേതൃത്വത്തിൽ ഇതിനോടകം തന്നെ നൽകി കഴിഞ്ഞു. നിലവിൽ 1050 അക്ഷയ സംരംഭകർ കേരളത്തിലെ എല്ലാ ജില്ലകളിലും പഞ്ചായത്ത് തലത്തിൽ സർവ്വേ ആരംഭിച്ചു കഴിഞ്ഞു. ദിനംപ്രതിയുള്ള സർവ്വേ പുരോഗതി വിലയിരുത്തുന്നതിനായുള്ള വെബ്പോർട്ടലും കെ.എസ്.ഡി.ഐ. വികസിപ്പിച്ചെടുത്തിട്ടുണ്ട്.

"വിഭവ്"-ന്റെ തുടർച്ചയായി വരാനിരിക്കുന്ന പൊതുജനങ്ങൾക്കുള്ള മൊബൈൽ ആപ്ലിക്കേഷനിൽ സേവനങ്ങളെ (services) മുൻനിർത്തിയുള്ള തിരച്ചിലുകൾക്ക് സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഉപയോക്താവിന്റെ ആവശ്യത്തിനനുസൃതമായുള്ള സേവനങ്ങൾ ലഭ്യമാകുന്ന ഓഫീസുകളിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള വഴികാട്ടിയായും (Navigator) "വിഭവ്" പ്രവർത്തിക്കും.

## ഇ-ഫയലിംഗ് സിസ്റ്റം

3 (1543) ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഫയലിംഗ് സിസ്റ്റം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ-താലൂക്ക് തല ഓഫീസുകളിൽ നിന്ന് സെക്രട്ടേറിയറ്റിൽ എത്തുന്ന ഫയലുകൾ സ്കാൻ ചെയ്ത് ഇ-ഫയൽ ആക്കി മാറ്റാൻ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഫയലുകൾ തപാൽ വഴി സെക്രട്ടേറിയറ്റിലും ഉയർന്ന ഓഫീസുകളിലും എത്താനെടുക്കുന്ന കാലതാമസം ഇ-ഫയലിംഗ് ഏർപ്പെടുത്തുക വഴി പരിഹരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളെയും ഇ-ഫയലിംഗ് ശൃംഖലയിൽ കണ്ണിയാക്കാനുള്ള നടപടി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കാര്യങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമവുമാക്കാൻ ഇതുമൂലം കഴിയും എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഓഫീസുകൾ കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. 8 കളക്ടറേറ്റുകൾ, 4 സബ് കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ പൂർണ്ണമായും 6 കളക്ടറേറ്റുകൾ, 3 സബ് കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഭാഗികമായും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ 19 ഡയറക്ടറേറ്റുകളിലും/ കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കാലതാമസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) സർക്കാർ ഓഫീസുകൾ കടലാസ് രഹിതമാക്കുന്നതുവഴി വകുപ്പുകൾ തമ്മിലുള്ള ആശയവിനിമയം കൂടുതൽ വേഗത്തിലാക്കാൻ സാധിക്കും. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇ-ഫയൽ സംവിധാനം നടപ്പിലാക്കാൻ ഇതിനോടകം തീരുമാനിച്ചിട്ടുണ്ട്. ഇതുവഴി ഫയലുകളിൽ വേഗത്തിൽ തീരുമാനമെടുക്കാനും സേവനങ്ങൾ വേഗത്തിൽ ജനങ്ങളിലെത്തിക്കാനും സാധിക്കും.

## മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേരിലുള്ള ക്രിമിനൽ കേസുകൾ

4 (1544) <u>ശ്രീ. റോജി എം. ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേരിൽ ക്രിമിനൽ കേസ്സുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) അതിൽ രാഷ്ട്രീയ കേസുകൾ അല്ലാത്ത എത്ര കേസ്സുകൾ ഓരോരുത്തരുടെയും പേരിൽ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേരിൽ നിലവിലുള്ള ക്രിമിനൽ കേസ്സുകളുടെ വിശദവിവരം ഇതോടൊപ്പം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സുകളെല്ലാം രാഷ്ട്രീയ കേസ്സുകളാണ്.

**പുതിയ തസ്തികകൾ**

5 (1545) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ സൃഷ്ടിച്ചിട്ടുള്ള പുതിയ തസ്തികകൾക്ക് വാർഷികമായി വരുന്ന സാമ്പത്തിക ബാധ്യത എത്ര രൂപയാണ്; വിശദാംശം നൽകുമോ;

(ബി) ഇക്കാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന എത്ര നിയമനങ്ങൾ നൽകിയിട്ടുണ്ട്; വിശദ വിവരം നൽകുമോ;

(സി) ഏതെല്ലാം പുതിയ വകുപ്പുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ ഇവ രൂപീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ഡി) ഇവയ്ക്കോരോന്നിനും ആവശ്യമായി വരുന്ന ആവർത്തന ചെലവുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയ്ക്കായി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**പുതിയ തസ്തികകൾ**

6 (1546) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വകുപ്പുതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ ഡ്രൈവർ തസ്തികയിൽ ഒഴിവുകൾ

7 (1547) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വിവിധ സർക്കാർ വകുപ്പുകളിൽ ഡ്രൈവർ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ ; ഈ ഒഴിവുകൾ പി. എസ്. സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) 016/2014 കാറ്റഗറി നമ്പർ പ്രകാരം ഇപ്പോൾ നിലവിൽവന്ന പി. എസ്. സി. റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവുള്ള ഡ്രൈവർ തസ്തികയിലേക്ക് നിയമനം നടത്താനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 18 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ഒഴിവുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) കാറ്റഗറി നമ്പർ 016/2014 പ്രകാരം നിലവിൽവന്ന കോഴിക്കോട് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി.) തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും 18 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ്

8 (1548) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 218/13) എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് ആദ്യ നിയമന ശിപാർശ എന്നാണ് നൽകിയത്; നിയമന ശിപാർശ നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണ്;

(ഡി) എൽ.ഡി.സി.-യുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; പ്രസ്തുത ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുവാൻ ഒരു മാസം മാത്രം ശേഷിക്കുന്നതിനാൽ 2018 മേയ് മാസം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെ പരമാവധി ഒഴിവുകൾ പി.എസ്.സി.-ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 31-3-2015-ന് നിലവിൽ വന്നു.

(ബി) 1180 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) 3-10-2015-നാണ് ലിസ്റ്റിൽനിന്നും ആദ്യ നിയമന ശിപാർശ നൽകിയത്. സൂപ്പർ ന്യൂമററി ഒഴിവുകൾ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കേണ്ടിയിരുന്നതിനാലാണ് നിയമന ശിപാർശ വൈകിയത്.

(ഡി) ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉ.പ.സി. 3/428/17/ഉ.ഭ.പ.വ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യാൻ 20-12-2017-ലെ ഉ.പ.സി.3/141/17/ഉ.ഭ.പ.വ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും 7-2-2018-ലെ ഉ.പ.സി.3/536/17/ഉ.ഭ.പ.വ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

### **അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർ**

9 (1549) <u>ശ്രീ. വി. പി. സജീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥരിൽ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നവർ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് വകുപ്പിൽ നിന്നാണ് കൂടുതൽ ഉദ്യോഗസ്ഥർ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നത് ;

(സി) ഇങ്ങനെ വിദേശത്ത് ജോലി ചെയ്യുന്നവർക്ക് അഞ്ചുവർഷത്തെ അവധിക്ക് ശേഷവും വിദേശത്ത് ജോലിയിൽ തുടരുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് അനുമതി നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ ഉദ്യോഗസ്ഥർക്ക് അവധിയിൽ വിദേശത്ത് ജോലി ചെയ്യുവാൻ നിലവിലുള്ള വ്യവസ്ഥകൾ എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ഇന്ത്യാ റിസർവ് ബറ്റാലിയൻ

10 (1550) <u>ഡോ. എം. കെ. മുനീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ റിസർവ് ബറ്റാലിയനുവേണ്ടി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇന്ത്യാ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) 14-10-2015-ന് ഹവീൽദാറായി പ്രൊമോഷൻ ലഭിച്ച ഇന്ത്യാ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങൾക്ക് നാളിതുവരെയും ഇൻക്രിമെന്റ് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത ഇൻക്രിമെന്റ് സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) കേരള പോലീസിനുകീഴിലും ബി.എസ്.എഫ്, സി.ആർ.പി.എഫ്., ഇന്ത്യൻ ആർമി എന്നിവയുടെ കീഴിൽ 18 മാസക്കാലം ട്രെയിനിംഗ് പൂർത്തിയാക്കിയ ഐ.ആർ.ബി. സേനാംഗങ്ങൾക്ക് കേരള പോലീസ് സേനയിലെ മറ്റ് ബറ്റാലിയനുകളിലെ സേനാംഗത്തിന് ലഭിക്കുന്ന ശമ്പളത്തിനുപുറമേ മറ്റെന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) പത്ത് വർഷം സേവനം പൂർത്തിയാക്കിയ ഐ.ആർ.ബി. സേനാംഗങ്ങൾക്ക് അതത് ജില്ലകളിലെ ആംഡ് റിസർവുകളിൽ പോകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ആയതിനുവേണ്ടി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇന്ത്യാ റിസർവ് ബറ്റാലിയനുവേണ്ടി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) ഇന്ത്യാ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് അടിസ്ഥാന ശമ്പളത്തിന്റെ 15% സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) 14-10-2015-ന് ഹവീൽദാറായി പ്രൊമോഷൻ ലഭിച്ച സേനാംഗങ്ങൾക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരുന്നതിനാലാണ് ടി തസ്തികയിലെ ഇൻക്രിമെന്റ് അനുവദിക്കാതിരുന്നത്. ടിയാൻമാരുടെ പ്രൊമോഷൻ താൽക്കാലികമാണെന്നും പ്രൊമോഷൻ റഗുലറൈസ് ചെയ്യരുതെന്നുമുള്ള സ.ഉ. (ആർ ടി.) 624/2016/ ആഭ്യന്തരം പ്രകാരം പ്രൊമോഷൻ റെഗുലറൈസ് ചെയ്യുകയോ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയോ ചെയ്യാതിരുന്നതിനാലാണ് ഇൻക്രിമെന്റ് നൽകാതിരുന്നത്. കെ.എസ്.ആർ. റൂൾ 37 B(b)ii പ്രകാരം പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനുശേഷം മാത്രമേ ആദ്യഇൻക്രിമെന്റ് നൽകാവൂ എന്നാണ് ചട്ടം.

4-1-2018-ലെ സ.ഉ.(ആർ ടി.)46/2018/ആഭ്യന്തരം പ്രകാരം ഇന്ത്യാ റിസർവ് ബറ്റാലിയനിലെ റെഗുലർ, കമാൻഡോ വിംഗുകളിൽനിന്നായി സ്പെഷ്യൽ റൂൾ ഉത്തരവ് ആകുംവരെ 7: 3 എന്ന അനുപാതത്തിൽ താൽക്കാലികമായി മാത്രം പ്രൊമോഷൻ നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവിൽ നിർദ്ദേശിച്ച സ്പെഷ്യൽ റൂൾസ് നിലവിൽവന്ന് ഹവീൽദാർമാരുടെ സ്ഥാനക്കയറ്റം റെഗുലറൈസ് ചെയ്യുകയും പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും ചെയ്യുമ്പോൾ മാത്രമേ ഇൻക്രിമെന്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) നിലവിൽ ഇന്ത്യാ റിസർവ് ബറ്റാലിയനിലെ കമാൻഡോ വിംഗ് സേനാംഗങ്ങൾക്ക് 19-12-2012-ലെ സ.ഉ. (എം എസ്.) 637/2012/ധന പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് പ്രത്യേക സാമ്പത്തിക ആനുകൂല്യങ്ങൾ കേരള പോലീസിലെ മറ്റ് ബറ്റാലിയനുകളിലെ സേനാംഗത്തിന് ലഭിക്കുന്ന ശമ്പളത്തിന് പുറമേ ലഭിക്കുന്നുണ്ട്. എന്നാൽ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് കേരള പോലീസിലെ മറ്റ് ബറ്റാലിയനുകളിലെ സേനാംഗത്തിന് ലഭിക്കുന്ന ശമ്പളത്തിനു പുറമെ പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. കൂടാതെ റെഗുലർ വിംഗിലേയും കമാൻഡോ വിംഗിലേയും കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിൽ ഡ്യൂട്ടി എടുത്തുവരുന്നവർക്ക് 13-10-2014-ലെ സ.ഉ. (എം.എസ്.) 198/2014/ആഭ്യ. പ്രകാരം പ്രത്യേക സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ഇ) ആംഡ് റിസർവ് എന്നൊരു വിഭാഗം കേരള പോലീസിൽ നിലവിലില്ല. 10-12-2010-ലെ സ.ഉ.(പി.)268/2010/ആഭ്യ. പ്രകാരം ആംഡ് റിസർവും ലോക്കൽ വിഭാഗവും സംയോജിപ്പിച്ച് സിവിൽ പോലീസ് വിഭാഗം രൂപീകരിച്ചിട്ടുള്ളതാണ്. പത്ത് വർഷത്തെ സേവനകാലം പൂർത്തിയാക്കുന്ന ഐ.ആർ. ബറ്റാലിയൻ റെഗുലർ വിംഗ് പോലീസ് വിഭാഗത്തിലുള്ളവർക്ക് സിവിൽ പോലീസ് വിഭാഗത്തിലേയ്ക്ക് പോകാവുന്നതാണ്.

## വകുപ്പ് തലവന്മാരില്ലാത്ത അവസ്ഥ

11 (1551) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതെല്ലാം വകുപ്പുകളിലാണ് സ്ഥിരമായി വകുപ്പ് തലവന്മാരില്ലാത്ത അവസ്ഥ ഉള്ളത്; വിശദമാക്കുമോ;

(ബി) വകുപ്പ് മേധാവികൾ ഇല്ലാത്തതിനാൽ തൊട്ടുതാഴെയുള്ള മേലധികാരികൾ ഫയലുകളിൽ പലപ്പോഴും വ്യക്തമായ തീരുമാനങ്ങളോ നിർദ്ദേശങ്ങളോ എടുക്കാതെ പോകുന്നത് പ്രസ്തുത വകുപ്പുകളുടെ പ്രവർത്തനത്തെ ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ ഡയറക്ടറേറ്റുകളിലും മറ്റും സ്ഥിരമായി പല സീറ്റുകളിലും ഉദ്യോഗസ്ഥർ ഇല്ലാത്തതുമൂലം ഓഫീസുകളിൽ തപാൽ സ്വീകരണവും, വിതരണവും ഫയൽ നീക്കവും മന്ദഗതിയിലാണെന്ന പരാതി പരിശോധിച്ച് പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിരമായി വകുപ്പ് തലവന്മാരില്ലാത്ത അവസ്ഥ ഉണ്ടായിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഉദ്യോഗസ്ഥർ സീറ്റിലില്ലാത്തത് സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ പരിശോധിച്ച് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പെൻഷൻ പ്രായം ഉയർത്തൽ

12 (1552) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എത്ര വയസ്സായി ഉയർത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ; ഇത് സംബന്ധമായി ഏതെങ്കിലും സർവ്വീസ് സംഘടനകളുടെ നിവേദനം സർക്കാരിന് ഇതിനകം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഇതിനകം സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെ;

(ഡി) തൊഴിലില്ലാത്തവരുടെ എണ്ണം ദേശീയ ശരാശരിയുടെ ഇരട്ടിയോളമുള്ള സംസ്ഥാനത്ത് പെൻഷൻ പ്രായം ഉയർത്തുന്നത് അഭ്യസ്തവിദ്യരുടെ കടുത്ത പ്രതിഷേധത്തിന് കാരണമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല; ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസസ് ഓർഗനൈസേഷൻസിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻസ് സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിക്കുകയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പ്രഖ്യാപിത നയത്തിനെതിരായതിനാൽ ടി ആവശ്യം നിരസിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പെൻഷൻ പ്രായ വർദ്ധന പരിഗണനയിലില്ലാത്തതിനാൽ ചോദ്യം പ്രസക്തമല്ല.

## സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് പരിശീലനം

13 (1553) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജോലിയിൽ പ്രവേശിക്കുന്ന ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് സർവ്വീസിൽ പ്രവേശിക്കുന്നതിനുമുമ്പ് പരിശീലനം നിർബന്ധമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള പോലീസ് ജനറൽ എക്സിക്യൂട്ടീവിലെ സബ് ഇൻസ്പെക്ടർ, ആംഡ് ബറ്റാലിയനിലെ കോൺസ്റ്റബിൾ, സബ് ഇൻസ്പെക്ടർ, ഇൻഡ്യൻ റിസർവ് ബറ്റാലിയനിലെ കമാൻഡോസ് വിഭാഗം, ഫയർ & റസ്ക്യൂ സർവ്വീസിലെ ഫയർമാൻ, എക്സൈസ് വകുപ്പിലെ സിവിൽ എക്സൈസ് ഓഫീസർ, വിമൻ എക്സൈസ് ഓഫീസർ, എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ് II തസ്തിക എന്നീ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിനുമുമ്പ് പരിശീലനം നിർബന്ധമാക്കിയിട്ടുണ്ട്.

## സെക്രട്ടേറിയറ്റിൽ തീർപ്പാകാതെയുള്ള ഫയലുകൾ

14 (1554) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ ഒരു ലക്ഷത്തോളം ഫയലുകൾ തീർപ്പാകാതെ കിടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിൽ, കഴിഞ്ഞ രണ്ട് വർഷമായി ഓരോ വകുപ്പിലും തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഫയൽനടപടികൾ വേഗത്തിലാക്കാനും സമയബന്ധിതമായി തീർപ്പുകൽപ്പിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധന കർശനമാക്കാനും മൂന്ന് മാസത്തിൽ ഒരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ (e-office സംവിധാനം) ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കിവരുന്നു. ഇതിനായുള്ള നിർദ്ദേശങ്ങളടങ്ങുന്ന സർക്കുലറുകൾ യഥാസമയം നൽകിവരുന്നുണ്ട്.

## തീർപ്പാക്കുവാനുള്ള ഫയലുകൾ

15 (1555) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ എത്ര ഫയലുകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നു;

(ബി) ഓരോ വകുപ്പിലും തീർപ്പാക്കുവാനുള്ള ഫയലുകളുടെ എണ്ണം വിശദമാക്കുമോ;

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ**

16 (1556) ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളുടെ വിവരം ഓഫീസ്, വാടക എന്നിവ സഹിതം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്ക് ഭൂമി കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കേന്ദ്ര സായുധ പോലീസ് ഫോഴ്സ് സേനാംഗങ്ങൾക്ക് വീട്ടുകരം ഒഴിവാക്കി നൽകാൻ നടപടി**

17 (1557) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സേനാംഗങ്ങൾക്ക് നൽകിവരുന്ന എക്സ് സർവ്വീസ് മെൻ സ്റ്റാറ്റസ് ആനുകൂല്യങ്ങൾ കേന്ദ്ര സായുധ പോലീസ് ഫോഴ്സ് സേനാംഗങ്ങൾക്കും അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാർ 2012 -ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര സായുധ പോലീസ് ഫോഴ്സ് സേനാംഗങ്ങൾക്ക് വീട്ടുകരം ഒഴിവാക്കി നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കായംകുളത്ത് കോടതി സമുച്ചയം**

18 (1558) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

കായംകുളത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

**പുനർനിയമനം ലഭിച്ച ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ**

19 (1559) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസിൽനിന്നും വിരമിച്ച എത്ര ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് പല തസ്തികകളിലായി പുനർ നിയമനം നൽകിയിട്ടുണ്ട് ;

(ബി) ഇവർ ആരെല്ലാമാണെന്നും, ഏതെല്ലാം തസ്തികകളിൽ എന്നുമുതലാണ് നിയമനം നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ ;

(സി) ഓരോ ഉദ്യോഗസ്ഥർക്കും നൽകുന്ന ആനുകൂല്യവും, ശമ്പളവും മൂലം സർക്കാരിനുണ്ടാകുന്ന പ്രതിമാസ ബാധ്യത എത്ര രൂപയാണ് എന്നതിന്റെ കണക്ക് വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ജേക്കബ് തോമസിനെതിരായ അച്ചടക്ക നടപടി**

20 (1560) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന ഐ. പി. എസ്. ഉദ്യോഗസ്ഥൻ ജേക്കബ് തോമസിനെതിരായ അച്ചടക്കനടപടി പരിഗണനയിൽ ഉണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഈ ഉദ്യോഗസ്ഥന്റെ പേരിൽ എന്തൊക്കെ കുറ്റങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ഉദ്യോഗസ്ഥൻ സർക്കാരിന് എതിരെ ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 9-12-2017-ൽ തിരുവനന്തപുരം പ്രസ് ക്ലബ്ബിൽവച്ച് നടന്ന പൊതു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ഡോ. ജേക്കബ് തോമസ്, ഐ.പി.എസ്.

സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും നയപരിപാടികളെക്കുറിച്ചും നിശിതമായി വിമർശിച്ചു. കൂടാതെ ഓഖി ദുരന്ത നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികളെയും മാധ്യമങ്ങൾക്ക് മുമ്പിൽ അപകീർത്തികരവും പ്രകോപനപരവുമായി വിമർശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ആൾ ഇന്ത്യാ സർവ്വീസ് (ഡിസിപ്ലിൻ & അപ്പീൽ) റൂൾസ്, 1969 ചട്ടം - 3-ലെ വ്യവസ്ഥയ്ക്കനുസൃതമായി 19-12-2017-ലെ സ.ഉ. (സാധാ) നമ്പർ 8044/2017/പൊ.ഭ.വ. പ്രകാരം ഡോ. ജേക്കബ് തോമസ് ഐ.പി.എസ്.-നെ സേവനത്തിൽനിന്നും സസ്പെന്റ്ചെയ്ത് അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്.

കൂടാതെ സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കാതെ സർക്കാരിന്റെ നയങ്ങളെയും പ്രവർത്തനങ്ങളെയും വിമർശിച്ചുകൊണ്ട് രണ്ട് ഗ്രന്ഥങ്ങൾ രചിച്ച് പ്രസിദ്ധീകരിച്ചതുവഴി അഖിലേന്ത്യാ സർവ്വീസ് ചട്ടങ്ങളുടെ ലംഘനം നടത്തിയതു സംബന്ധിച്ച് അച്ചടക്കനടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വിസിൽ ബ്ലോവേഴ്സ് പ്രൊട്ടക്ഷൻ ആക്ട് പ്രകാരം സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ഡോ. ജേക്കബ് തോമസ്, ഐ.പി.എസ്. ബഹു. ഹൈക്കോടതി മുമ്പാകെ നിലനിൽക്കുന്ന റിട്ട് ഹർജിയിന്മേൽ(WP(C) No.12125/2010) ഒരു ഇന്റർലൊക്യൂട്ടറി അപേക്ഷ ഫയൽ ചെയ്തിട്ടുണ്ട്.

**അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥർ**

21 (1561) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവ്വീസിലെ എത്ര ഉദ്യോഗസ്ഥർ കേന്ദ്ര ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തേയ്ക്ക് വന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.എ.എസ്. ഓഫീസർമാർ എത്ര പേരെന്നും ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഐ.പി.എസ്. ഓഫീസർമാർ എത്ര പേരെന്നും ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) ഐ. എഫ്.എസ്. ഓഫീസർമാർ എത്ര പേരെന്നും ആരെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഖിലേന്ത്യാ സർവ്വീസ് കേരള കേഡറിൽ ഉൾപ്പെട്ട 21 ഉദ്യോഗസ്ഥർ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഡെപ്യൂട്ടേഷൻ പൂർത്തിയാക്കി സംസ്ഥാനത്ത് തിരിച്ചുവന്നിട്ടുണ്ട്.

(ബി) ഐ.എ.എസ്. ഓഫീസർമാർ - 6 പേർ.

1. ശ്രീ. മനോജ് ജോഷി, ഐ.എ.എസ്. (കെ.എൽ. 1989)
2. ശ്രീ. ബിശ്വനാഥ് സിൻഹ, ഐ.എ.എസ്. (കെ.എൽ. 1992)
3. ശ്രീ. സഞ്ജീവ് കൗശിക്, ഐ.എ.എസ്. (കെ.എൽ. 1992)
4. ശ്രീ. പുനീത് കുമാർ, ഐ.എ.എസ്. (കെ.എൽ. 1993)
5. ശ്രീ. എ. അജിത് കുമാർ, ഐ.എ.എസ്. (കെ.എൽ.1994)
6. ഡോ. ഷർമ്മിള മേരി ജോസഫ്, ഐ.എ.എസ്. (കെ.എൽ.1997)

(സി) ഐ.പി.എസ്. ഓഫീസർമാർ -7 പേർ.

1. ഡോ. നിർമ്മൽ ചന്ദ്ര അസ്താന, ഐ.പി.എസ്. (കെ.എൽ. 1986)
2. ശ്രീ. സുദേഷ് കുമാർ, ഐ.പി.എസ്. (കെ.എൽ. 1987)
3. ശ്രീ. ടി. കെ. വിനോദ് കുമാർ, ഐ.പി.എസ്. (കെ.എൽ.1992)
   (Foreign Assignment)
4. ശ്രീ. വിജയ് എസ്. സാഖറെ, ഐ.പി.എസ്. (കെ.എൽ. 1996)
5. ശ്രീ. അനൂപ് കുരുവിള ജോൺ, ഐ.പി.എസ്. (കെ.എൽ.2004)
6. ശ്രീ. കെ. സേതുരാമൻ, ഐ.പി.എസ്. (കെ.എൽ. 2004)
7. ശ്രീ. കെ. കെ. ജയമോഹൻ, ഐ.പി.എസ്. (കെ.എൽ. 2007)

(ഡി) ഐ.എഫ്.എസ്. ഓഫീസർമാർ -8 പേർ.

1. ശ്രീ. ലഖ് വീന്ദർ സിംഗ്, ഐ.എഫ്.എസ്. (കെ.എൽ. 1980)
2. ശ്രീ. എച്ച്. നാഗേഷ് പ്രഭു, ഐ.എഫ്.എസ്. (കെ.എൽ. 1984)

3. ശ്രീ. ശക്തികാന്ത് ഖണ്ഡൂരി, ഐ.എഫ്.എസ്. (കെ.എൽ. 1984)

4. ശ്രീ. അനിൽ കുമാർ ഭരദ്വാജ്, ഐ.എഫ്.എസ്. (കെ.എൽ. 1985)

5. ശ്രീ. അനിരുദ്ധ് കുമാർ ധരണി, ഐ.എഫ്.എസ്.(കെ.എൽ. 1987)

6. ശ്രീമതി പ്രകൃതി ശ്രീവാസ്തവ, ഐ.എഫ്.എസ്. (കെ.എൽ. 1990)

7. ശ്രീ. ദീപക് മിശ്ര, ഐ.എഫ്.എസ്. (കെ.എൽ. 1996)

8. ശ്രീ. ജി. ഫണീന്ദ്ര കുമാർ റാവു, ഐ.എഫ്.എസ്.(കെ.എൽ. 1997)

## പദ്ധതി നടത്തിപ്പിലെ കാലതാമസം

22 (T+ 1562) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസം കാരണം പദ്ധതി ചെലവ് പല മടങ്ങ് വർദ്ധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള പൂർണ്ണാധികാരം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറിൽ നിക്ഷിപ്തമാണോ;

(സി) പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) വൻകിട പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നത് പദ്ധതി നടത്തിപ്പിലുണ്ടാകുന്ന കാലതാമസം കുറയ്ക്കുവാൻ ഇടയാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ അധികാര പരിധിയിലാണ്. പദ്ധതികളുടെ സ്വഭാവം, അടങ്കൽ തുക എന്നിവയനുസരിച്ചായിരിക്കും പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം വിവിധ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളത്.

+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) വാർഷിക പദ്ധതിയുടെ നടത്തിപ്പിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം ചേരുകയും യോഗത്തിൽ ഓരോ വകുപ്പിന്റെയും പദ്ധതി പുരോഗതി അവലോകനം നടത്തുന്നുമുണ്ട്.

കൂടാതെ, മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓരോ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ഈ സന്ദർഭത്തിൽ പദ്ധതിയുടെ നടത്തിപ്പുവേളയിൽ എന്തെങ്കിലും തടസ്സങ്ങൾ അനുഭവപ്പെടുമ്പോൾ അത് മാറ്റുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. കൂടാതെ എല്ലാ വകുപ്പിലെയും പ്രധാനപ്പെട്ട പ്രോജക്ടുകൾ മുഖ്യമന്ത്രി പ്രത്യേകമായി അവലോകനം നടത്തി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നുണ്ട്. കൂടാതെ, സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതിയുടെ ചർച്ചാവേളയിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. താഴെത്തട്ടിൽ ജില്ലാ കളക്ടർമാർ എല്ലാ മാസവും സംസ്ഥാന പദ്ധതി പുരോഗതി ജില്ലാ വികസന കൗൺസിലിൽ അവലോകനം നടത്താറുണ്ട്.

(ഡി) കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സുസ്ഥിര വികസന ലക്ഷ്യങ്ങൾ

23 (1563) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) കൈവരിക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട് എന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ ഈ ലക്ഷ്യങ്ങൾ കൈവരിച്ചു എന്ന് ഉറപ്പാക്കാനായി വികസിപ്പിച്ച സൂചികകൾക്കനുസൃതമായാണ് നടപ്പിലാക്കുന്നതെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് നാളിതുവരെ ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2030-ൽ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവന ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) എന്ന പദ്ധതിക്ക് ഭാരത സർക്കാരിന്റെ നീതി ആയോഗും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്ന്

ദേശീയതലത്തിൽ ഒരു ചട്ടക്കൂട് രൂപകല്പന ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കേരള സംസ്ഥാനത്തിൽ ഇതിലേയ്ക്കായി ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ നോഡൽ വകുപ്പായും വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Level Steering Committee-യും സംസ്ഥാന ആസൂത്രണ ബോർഡ് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, ഡയറക്ടർ കില, സെൻസസ് ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്ലാനിംഗ് സെക്രട്ടറി അദ്ധ്യക്ഷയായി Sustainable Development Goals മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സി.പി.എം.യു. വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ നാല് റിസർച്ച് അസോസിയേറ്റുകളെ ഉൾപ്പെടുത്തി SDG സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയും Sustainable Development Goals കൈവരിക്കുന്നതിനുവേണ്ട സൂചകങ്ങൾ തയ്യാറാക്കുന്നതിനുമായി Central Plan Monitoring Unit-ഉം Kerala Institute of Local Administration-ഉം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാരെ ഉൾപ്പെടുത്തി 16-2-2018-ൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതിക്ക് രൂപം നൽകിവരുന്നു.

### ക്ഷേമ പദ്ധതികൾ സംബന്ധിച്ച്

24 (1564) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപദ്ധതികൾ അധികചെലവാണെന്ന മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവിന്റെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക ഉപദേഷ്ടാവിന്റെ നിലപാട് തന്നെയാണോ സർക്കാരിനും ഇക്കാര്യത്തിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

### സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി

25 (T*1565) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതിയിൽ നാളിതുവരെ ഓരോ വകുപ്പും എത്ര കോടി രൂപ ചെലവഴിച്ചെന്ന് വിശദമാക്കുമോ;

(സി) വാർഷിക പദ്ധതിയിൽ 2018 ജനുവരി 31-നകം എന്തു തുക ചെലവിടണമെന്നാണ് നിഷ്കർഷിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാർഷിക പദ്ധതിയുടെ ചെലവുകൂട്ടാൻ ഏതെങ്കിലും പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷം (2017-18) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി വിഹിതം 26,500 കോടി രൂപയാണ്.

(ബി) വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്* .

(സി-ഇ) ധനവകുപ്പിന്റെ 30-3-2017-ലെ 20/2017/Fin. നമ്പർ സർക്കുലർ പ്രകാരം എല്ലാ സ്കീമുകളുടെയും പദ്ധതി വിഹിതം ഓരോ ധനകാര്യ വർഷത്തിലും മാർച്ച് മാസത്തിന് മുമ്പ് 85 ശതമാനം ചെലവാക്കണമെന്നും മാർച്ച് മാസം മാത്രം മിച്ചമുള്ള 15 ശതമാനവും എന്നാൽ ധനകാര്യ വർഷത്തിന്റെ അവസാന മൂന്ന് മാസത്തെ ചെലവ് 33 ശതമാനത്തിൽ (1/3) കവിയാൻ പാടില്ലാത്തതുമാണ്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

### സംസ്ഥാനത്തിന്റെ വികസന സൂചിക

26 (T1566) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന സൂചികയിൽ വൻമുന്നേറ്റം നടത്താൻ സഹായകമാകുന്ന നവകേരള മിഷൻ പദ്ധതിയെ എസ്.ഡി.ജി (Sustainable Development Goals)സൂചികകളുമായി ഉൾച്ചേർത്തിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ വികസന നേട്ടങ്ങളും എസ്.ഡി.ജി.-യുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ബഹുജനങ്ങളെ അറിയിക്കാൻ എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്യുകയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) 2030-ൽ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവന ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) എന്ന പദ്ധതിക്ക് ഭാരത സർക്കാരിന്റെ നീതി ആയോഗും സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്ന് ദേശീയ തലത്തിൽ ഒരു ചട്ടക്കൂട് രൂപകല്പന ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കേരള സംസ്ഥാനത്തിൽ ഇതിലേയ്ക്കായി ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ നോഡൽ വകുപ്പായും വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Level Steering Committee-യും സംസ്ഥാന ആസൂത്രണ ബോർഡ്, സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, ഡയറക്ടർ കില, സെൻസസ് ഡയറക്ടറേറ്റ് തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്ലാനിംഗ് സെക്രട്ടറി അദ്ധ്യക്ഷനായി Sustainable Development Goals മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സി.പി.എം.യു. വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ നാല് റിസർച്ച് അസോസിയേറ്റുകളെ ഉൾപ്പെടുത്തി SDG സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയും Sustainable Development Goals കൈവരിക്കുന്നതിനുവേണ്ട സൂചകങ്ങൾ തയ്യാറാക്കുന്നതിനുമായി Central Plan Monitoring Unit-ഉം Kerala Institute of Local Administration-ഉം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാരെ ഉൾപ്പെടുത്തി 16-2-2018-ൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതിക്ക് രൂപം നൽകിവരുന്നു. സംസ്ഥാനത്തിന്റെ വികസന സൂചികയിൽ വൻ മുന്നേറ്റം നടത്താൻ സഹായകമാകുന്ന നവകേരളം മിഷൻ പദ്ധതിയെ Sustainable Development Goals-ന്റെ സൂചകങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് രൂപംനൽകുന്നതിനും ഉദ്ദേശ്യമുണ്ട്.

(ബി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പുവഴിയും ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ വഴിയും Sustainable Development Goals-ന്റെ വിശദാംശങ്ങൾ ബഹുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സംസ്ഥാനത്തെ വിദേശ നിക്ഷേപങ്ങൾ

27 (T 1567) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15, 2015-16 കാലഘട്ടങ്ങളിൽ കേരളത്തിലുണ്ടായിട്ടുള്ള വിദേശ നിക്ഷേപം എക്കണോമിക് റിവ്യൂ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2016-17,2017-18 കാലയളവിൽ കേരളത്തിലുണ്ടായ വിദേശ നിക്ഷേപങ്ങളെക്കുറിച്ചുള്ള വിശദാംശം എക്കണോമിക് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര ശതമാനമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2013 മുതൽ 2017 വരെയുള്ള വർഷങ്ങളിൽ കേരളത്തിലെ ബാങ്കുകളിലെ എൻ.ആർ.ഐ. അക്കൗണ്ടുകളിലെ നിക്ഷേപം ചുവടെ ചേർക്കുന്നു.

2013 – 66190 കോടി രൂപ

2014 - 93883 കോടി രൂപ

2015 – 109603 കോടി രൂപ

2016 – 135609 കോടി രൂപ

2017 – 152349 കോടി രൂപ

## ചാലക്കുടിയിലെ റീജിയണൽ സയൻസ് സെന്റർ

28 (1568) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ റീജണൽ സയൻസ് സെന്റർ, പ്ലാനറ്റോറിയം എന്നിവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാലക്കുടിയിൽ റീജിയണൽ സയൻസ് സെന്റർ മെയിൻ ബിൽഡിംഗ് നിർമ്മാണം പൂർത്തീകരിച്ചു. അതിലെ ഗ്യാലറിയിലെ പ്രദർശന വസ്തുക്കളുടെ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ, ഔട്ട് ഡോർ ലൈറ്റിംഗ് എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചു. ഇന്നവേഷൻ ഹബ്ബിന്റെ പണി ആരംഭഘട്ടത്തിലാണ്. ഒബ്സർവേറ്ററി ഡോമിന്റെ പണി പൂർത്തീകരണ ഘട്ടത്തിലാണ്.

ടെലസ്കോപ്പിലേയ്ക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്ലാനറ്റോറിയം കെട്ടിട നിർമ്മാണം 2018 ജൂലൈയിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്ലാനറ്റോറിയം പ്രോജക്ടുകൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) 15 മീറ്റർ വ്യാസമുള്ള ഡിജിറ്റൽ പ്ലാനറ്റോറിയം, ത്രീ ഡി തീയേറ്റർ, ഇന്നവേഷൻ ഹബ്ബ്, മൂന്ന് പ്രദർശന ഗ്യാലറികൾ, ഒരു അസ്ട്രോണമിക്കൽ ഒബ്സർവേറ്ററി ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം, സയൻസ് പാർക്ക് ഔഷധ പൂന്തോട്ടം, കഫറ്റേരിയ, പാർക്കിംഗ് ഏരിയ എന്നിവ പ്രസ്തുത പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ ഫണ്ട് ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് റിലീസ് ചെയ്തു ലഭിക്കുന്ന മുറയ്ക്ക് 2018 ഡിസംബർ മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## സമുദ്ര തീരപ്രദേശത്ത് വീട് നിർമ്മിക്കുവാൻ അനുമതിക്കുള്ള നടപടിക്രമങ്ങൾ

29 (1569) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്ര തീരപ്രദേശത്ത് വീട് നിർമ്മിക്കുവാൻ അനുമതിക്കായി എന്തെല്ലാം നടപടി ആവശ്യമുണ്ട്; സി.ആർ.ഇസഡ് പരിധി എത്രയാണ്; ഈ പരിധിക്കുള്ളിലാണെങ്കിൽ അനുമതി നൽകുവാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവളം നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം, കോവളം, അടിമലത്തുറ, പൂവ്വാർ, പള്ളം, കരുങ്കുളം എന്നീ പ്രദേശങ്ങളിൽ നിന്നുള്ള എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കുവാനുണ്ട്;

(സി) ഇവർക്ക് അനുമതി ലഭിക്കുവാൻ എത്ര നാൾ കൂടി കാത്തിരിക്കണം; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗൃഹ നിർമ്മാണത്തിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ, സൈറ്റ് പ്ലാൻ/ബിൽഡിംഗ് പ്ലാൻ (മൂന്ന് പകർപ്പ്) എന്നിവ മറ്റ് അനുബന്ധ രേഖകൾ സഹിതം (തീരദേശവാസി/തദ്ദേശവാസി/ മത്സ്യ ബന്ധന സമൂഹം എന്നത് തെളിയിക്കുന്ന സാക്ഷ്യപത്രം) തദ്ദേശ സ്വയംഭരണാധികാരി മുഖേന KCZMA-ക്ക്

സമർപ്പിക്കേണ്ടതാണ്. 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന നിയമം അടിസ്ഥാനമാക്കി അപേക്ഷകൾ ലഭ്യമാക്കുന്നതിന്റെ സീനിയോറിറ്റി പ്രകാരം ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കുകയും അപേക്ഷകൾ KCZMA മീറ്റിംഗിൽ പരിഗണിക്കുകയും ചെയ്യുന്നു. മിനിട്സിന് അംഗീകാരം ലഭിച്ച ശേഷം ബന്ധപ്പെട്ട കക്ഷികളെ തീരുമാനം അറിയിക്കുന്നു. കടലിൽനിന്നും 500 മീ. ദൂരം തീരദേശ നിയന്ത്രണമേഖലയാണ്. CRZ Clearance-നു വേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ തീർപ്പാക്കി വരുന്നു.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിരിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ അധികാരികളിൽ നിന്ന് 1-7-2017 മുതൽ 28-2-2018 വരെ 175 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ പൂവ്വാറിൽ നിന്നുള്ള രണ്ട് അപേക്ഷകൾ ഉൾപ്പെടുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) അപേക്ഷകൾ ലഭ്യമാകുന്നതിന്റെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് തീർപ്പാക്കുന്നത്.

**മൺറോതുരുത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ**

30 (1570) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ മൺറോതുരുത്ത് എന്ന സ്ഥലത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൺറോതുരുത്തിനെ പുനരുജ്ജീവിപ്പിക്കാനും പുന: സൃഷ്ടിക്കാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര തുകയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) മൺറോതുരുത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ പരിസ്ഥിതി കമ്മിറ്റി എന്തെങ്കിലും ശിപാർശകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൺറോതുരുത്തിനെ പുനരുജ്ജീവിപ്പിക്കാനും പുനഃസൃഷ്ടിക്കാനുമായി ഒരു പ്രൊപ്പോസൽ തയ്യാറാക്കി 15-2-2018-ന് ചേർന്ന ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ഗവേണിംഗ് ബോഡി യോഗത്തിൽ അവതരിപ്പിക്കുകയും 2018 ഫെബ്രുവരി 18, 19 തീയതികളിൽ

ഇന്ത്യയിലെ വിവിധ വിദഗ്ധരെ പങ്കെടുപ്പിച്ച് നടത്തിയ ദ്വിദിന ശില്പശാലയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾകൂടി ഉൾപ്പെടുത്തി പ്രസ്തുത പ്രൊപ്പോസൽ നടപ്പാക്കാനും ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ 75 ലക്ഷം രൂപയുടെ പദ്ധതി മൺറോതുരുത്തിൽ നടപ്പാക്കാനും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ഗവേണിംഗ് ബോഡി തീരുമാനിച്ചിട്ടുണ്ട്.

(സി) നിയമസഭാ പരിസ്ഥിതി കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

**ജൈവ വൈപ്പിൻ പദ്ധതിക്ക് പാരിസ്ഥിതികാനുമതിക്കുള്ള നടപടി**

31 (1571) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന ജൈവ വൈപ്പിൻ പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) അനുമതി നൽകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രം**

32 (1572) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ ആശ്രാമം പ്രദേശത്തെ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന സ്ഥലം ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം സർവ്വേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയാണ് പ്രസ്തുത പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജൈവ വൈവിധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്യുന്ന മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളോ വ്യവസ്ഥകളോ കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ ആശ്രാമം പ്രദേശത്തെ കണ്ടൽക്കാടുകൾ ഉൾപ്പെടുന്ന സ്ഥലം ജൈവ വൈവിധ്യ പൈതൃക കേന്ദ്രമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ ബ്ലോക്ക് നമ്പർ 67-ൽ സർവ്വേ നമ്പർ 1-ഉം, ബ്ലോക്ക് നമ്പർ 160-ൽ സർവ്വേ നമ്പർ 1 മുതൽ 9 വരെയും, ബ്ലോക്ക് നമ്പർ 161-ൽ സർവ്വേ നമ്പർ 1-ഉം 2-ഉം, ബ്ലോക്ക് നമ്പർ 162-ൽ സർവ്വേ നമ്പർ1-ലും ഉൾപ്പെട്ട ഭൂമിയാണ് പ്രസ്തുത പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. 2002-ലെ ജൈവ വൈവിധ്യ നിയമപ്രകാരം ഈ പ്രദേശത്തെ ജൈവ വിഭവങ്ങളുടെ ശേഖരണം ജൈവ വൈവിധ്യ നിയമത്തിനനുസൃതമായി ജൈവ വൈവിധ്യ പരിപാലന സമിതിയുടെ നിയന്ത്രണത്തിലായിരിക്കും.

## കായൽ അരികുകളിൽ അനധികൃത കെട്ടിട നിർമ്മാണം

33 (1573) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മിക്ക കായൽ അരികുകളിലും അനധികൃത കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായൽ അരികിൽനിന്നും എത്ര മീറ്റർ മാറി കെട്ടിടം പണിയണമെന്നാണ് നിബന്ധന;

(സി) തിരുവനന്തപുരം, ആക്കുളം കായലിന്റെ തീരത്ത് നടപ്പാതയിൽ നിന്നും എത്ര മീറ്റർ മാറി കെട്ടിടം നിർമ്മിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; ആക്കുളം കായൽ മേഖലയിൽ ആക്കുളം പാലത്തിനുതാഴെ കിഴക്ക് പടിഞ്ഞാറായി നിലവിലുള്ള നടപ്പാതയിൽനിന്നും എത്ര മീറ്റർ മാറി കെട്ടിടം നിർമ്മിക്കുവാൻ കഴിയും; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ടി പ്രദേശം സി. ആർ. ഇസഡ് -II-ൽ പ്പെടുന്നതാണോ; സി. ആർ. ഇസഡ് II -ലെ നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) കൊച്ചി മറൈൻ ഡ്രൈവിൽ കായൽ തീരത്ത് ഹോട്ടലുകളും കെട്ടിടങ്ങളും പണിതിരിക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിവരിക്കുമോ;

(എഫ്) കേരളത്തിൽ ടൂറിസം വികസനത്തിനായും മറ്റും കായൽതീരങ്ങളിലും നല്ല വാട്ടർ ഫ്രണ്ടേജുള്ള സ്ഥലങ്ങളിലും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധതരം പ്രോജക്ടുകൾക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; കേന്ദ്രസർക്കാർ നിലവിലുള്ള സി. ആർ. ഇസഡ് - ലെ കർശന നിയമം മാറ്റി പുതിയ ഉത്തരവ് ഇറക്കുവാൻ പോകുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ജി) സി. ആർ. ഇസഡ്. സംബന്ധിച്ച് കേരളത്തിൽ മാറ്റം വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് കേന്ദ്രത്തിനെ ധരിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കായൽ പ്രദേശങ്ങളിലാണെന്നും എന്തൊക്കെ മാറ്റങ്ങൾ ഉണ്ടാകണമെന്നാണ് അറിയിച്ചിരിയ്ക്കുന്നതെന്നും വെളിപ്പെടുത്തുമോ; കേരളത്തിലെ കായൽ പ്രദേശങ്ങൾ ഏത് സി. ആർ. ഇസഡ്. കാറ്റഗറിയിലാണെന്ന് ഇനംതിരിച്ചും സ്ഥലംതിരിച്ചും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കടലുമായി ബന്ധപ്പെട്ടിരിക്കുന്നതും വേലിയേറ്റ വേലിയിറക്കങ്ങളാൽ സ്വാധീനിക്കപ്പെടുന്നതുമായ കായലുകളുടെ CRZ-III-ൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വേലിയേറ്റ രേഖമുതൽ കരയുടെ ദിശയിലേയ്ക്ക് നൂറ് മീറ്റർ വരെയുള്ള പ്രദേശം അഥവാ കായലിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും പ്രദേശം വികസന നിഷിദ്ധ മേഖലയായിരിക്കും. CRZ-II-ൽ കായലിന്റെ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേയ്ക്കുള്ള പ്രദേശത്ത് നിലവിലുള്ള പാതയിൽ നിന്നും കരയുടെ ഭാഗത്തേയ്ക്കോ, അതോ നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേയ്ക്കോ മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളൂ. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിലവിലുള്ള പ്രാദേശിക നഗര/ദേശീയ പദ്ധതി നിയന്ത്രണത്തിന് അനുസൃതമായിരിക്കണം.

കായൽ തുരുത്തുകളിൽ CRZ പരിധി വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററാണ്.

(സി) ആക്കുളം കായലിന്റെ തീര പ്രദേശങ്ങൾ CRZ-III-ൽ ഉൾപ്പെടുന്നതിനാൽ പ്രസ്തുത പ്രദേശങ്ങളുടെ വേലിയേറ്റ രേഖമുതൽ കരയുടെ ദിശയിലേയ്ക്ക് നൂറ് മീറ്റർ വരെയുള്ള പ്രദേശം അഥവാ കായലിന്റെ വീതി ഇതിൽ ഏതാണോ കുറവ് അത്രയും പ്രദേശം വികസന നിഷിദ്ധ മേഖലയായിരിക്കും.

(ഡി) അല്ല. അംഗീകൃത തീരദേശ മേഖലാ പദ്ധതി പ്രകാരം പ്രസ്തുത പ്രദേശം CRZ-III-ൽ ഉൾപ്പെടുന്നു.

1. CRZ-II-ൽ ജലാശയത്തിന്റെ വേലിയേറ്റ രേഖമുതൽ കരയുടെ ദിശയിലേയ്ക്കുള്ള പ്രദേശത്ത്, നിലവിലുള്ള പാതയിൽനിന്നും കരയുടെ ഭാഗത്തേക്കോ അതോ നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽ നിന്നും കരയുടെ ഭാഗത്തേക്കോ മാത്രമേ കെട്ടിടങ്ങൾ അനുവദിക്കുകയുള്ളൂ.
2. നിലവിലുള്ളതോ നിർദ്ദിഷ്ടമായതോ ആയ പാതകളിൽനിന്നും നിലവിലുള്ള അംഗീകൃത നിർമ്മിതികളിൽനിന്നും കരയുടെ ഭാഗത്തേയ്ക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുമ്പോൾ നിലവിലുള്ള പ്രാദേശിക നഗര/ദേശീയ പദ്ധതി നിയന്ത്രണത്തിന് അനുസൃതമായിരിക്കണം. അതിൽ നിലവിലുള്ള തറ വിസ്തൃതി സൂചിക അഥവാ തറ വിസ്തൃതി അനുപാതത്തിന്റെ മാനദണ്ഡങ്ങൾ ഉൾപ്പെട്ടിരിക്കണം. നിലവിലുള്ള പാതയുടെ കായൽ ഭാഗത്തേയ്ക്ക് നിർമ്മിച്ചിരിക്കുന്ന ഏതെങ്കിലും പുതിയ പാതകളുണ്ടെങ്കിൽ അവയുടെ കരഭാഗത്തേയ്ക്ക് കെട്ടിടങ്ങളുടെ നിർമ്മാണാനുമതി നൽകുന്നതല്ല.
3. നിലവിലുള്ള തറ വിസ്തൃതി സൂചിക/തറ വിസ്തൃതി അനുപാത മാനദണ്ഡങ്ങൾക്കനുസൃതമായും നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത നിർമ്മിതികൾക്ക് പുനർനിർമ്മാണം അനുവദനീയമാണ്.

(ഇ) 2011-ലെ പുതുക്കിയ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ.

(എഫ്) നിലവിലുള്ള CRZ ചട്ടങ്ങൾക്ക് വിധേയമായി അനുമതി നൽകുന്നതാണ്. CRZ സംബന്ധിച്ച പുതുക്കിയ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സംസ്ഥാനങ്ങളുടെ അഭിപ്രായം കേന്ദ്ര സർക്കാർ സ്വരൂപിക്കുന്ന പക്ഷം, കേരളത്തിന്റെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

(ജി) CRZ സംബന്ധിച്ച് കേരളത്തിൽ മാറ്റം വരുത്തേണ്ട കാര്യങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. തീരദേശ പരിപാലന നിയമത്തിന്റെ പരിധിയിൽ വരുന്ന കേരളത്തിലെ എല്ലാ കായൽ പ്രദേശങ്ങളിലും ബാധകമാകുന്ന നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്. CRZ-III മേഖലയിൽ ഉൾപ്പെടുന്ന പ്രദേശത്തെ കായലുകളുടെ വേലിയേറ്റ

രേഖയിൽ നിന്നും 10 മീറ്റർ കഴിഞ്ഞുവരുന്ന കരഭാഗത്തും കായൽ തുരുത്തുകളിൽ നിലവിലുള്ള അംഗീകൃത നിർമ്മിതികളുടെയോ റോഡിന്റേയോ കരഭാഗത്തേയ്ക്ക് വരുന്ന പ്രദേശത്തും തദ്ദേശവാസികൾക്കും പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്കും ഗൃഹ നിർമ്മാണം അനുവദിക്കുക, കായൽ പ്രദേശത്തുള്ള തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വികസന നിക്ഷിദ്ധ മേഖല വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ആയി നിജപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്നത്.

കേരളത്തിലെ വേലിയേറ്റ പ്രഭാവമുള്ള (ലവണത്വം 5ppt-യിൽ അധികമുള്ള) കായൽ പ്രദേശങ്ങൾ നിലവിൽ CRZ-IV കാറ്റഗറിയിൽ ഉൾപ്പെടുന്നു.

## കെ.എ.എസ്. സംവരണം

34 (1574) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേക്ക് സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ആഫീസർമാർ, അദ്ധ്യാപകർ, മറ്റ് യോഗ്യരായ ജീവനക്കാർ എന്നിവരിൽനിന്നും നേരിട്ടുള്ള നിയമനവും കെ. എ. എസ് രണ്ടും, മൂന്നും സ്കീമുകളിലേക്ക് നിഷ്കർഷിച്ചിട്ടുള്ള ബൈ ട്രാൻസ്ഫർ നിയമനവും ഏതൊക്കെ തലങ്ങളിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഡി.ഇ.ഒ. നേരിട്ടുള്ള നിയമനത്തിൽ വകുപ്പുതല ജീവനക്കാരുടെ ക്വാട്ടയിൽ ഡബിൾ ബെനിഫിറ്റ് ഒഴിവാകുന്നതിനായി ഒരിക്കൽ സംവരണം കിട്ടി നിയമനം നേടിയവരെ ഒഴിവാക്കുന്നുണ്ടോ ;

(സി) കെ. എ. എസ്. രണ്ടും, മൂന്നും സ്കീമുകളിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് കെ.എസ് ആൻഡ് എസ്.എസ്.ആർ.- ലെ ഏതൊക്കെ ചട്ടങ്ങളാണ് ബാധകമാകുകയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ബൈ ട്രാൻസ്ഫർ നിയമനവും ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.എസ്. ആൻഡ് എസ്.എസ്.ആർ. പ്രകാരം ബൈ ട്രാൻസ്ഫർ നിയമനത്തിന് മെറിറ്റും കോൺഫിഡെൻഷ്യൽ റിപ്പോർട്ടും സീനിയോറിറ്റിയും ഒഴിവാക്കി റിക്രൂട്ട്മെന്റ് പ്രോസസിലൂടെ നിയമനം നടത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ ; ഫുൾ മെമ്പറോ-അപ്രൂവ്ഡ് പ്രൊബേഷണറോ ആകാതെ സർവ്വീസിൽ റെഗുലറൈസ് മാത്രം ചെയ്യപ്പെട്ടിട്ടുള്ള ജീവനക്കാരനെ കെ.എസ് ആൻഡ് എസ്.എസ്.ആർ പ്രകാരം ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റിന് പരിഗണിക്കുവാൻ കഴിയുമോ; വ്യക്തമാക്കുമോ ?

## ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന രണ്ട് വിഭാഗങ്ങളിൽ നിന്നും നേരിട്ടുള്ള നിയമനമാണ് നടത്തുന്നത്.

1. ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളിൽനിന്നും.
2. അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർമാർ, ഗവൺമെന്റ്; എയ്ഡഡ് സ്കൂളുകളിലെ ടീച്ചിംഗ് സ്റ്റാഫ് എന്നിവരിൽനിന്നും.

ആയതിനാൽ മേൽരണ്ട് വിഭാഗത്തിനും കമ്മ്യൂണൽ റിസർവ്വേഷൻ ബാധകമാണ്. രണ്ട് വിഭാഗങ്ങളുടെയും വിദ്യാഭ്യാസ യോഗ്യതയിലും പ്രായ പരിധിയിലും വ്യത്യാസമുണ്ട്.

കെ.എ.എസ്.-ന്റെ Stream II സർക്കാർ വകുപ്പുകളിലെ Regular Employees/Approved probationers-ൽനിന്നുള്ള ബൈട്രാൻസ്ഫർ റിക്രൂട്ട്മെന്റാണ്. Stream III-ൽ Schedule I-ൽ പറയുന്ന വകുപ്പുകളിലെ ആദ്യ ഗസറ്റഡ് തസ്തികയിലോ അതിന് മുകളിലോ അല്ലെങ്കിൽ ഇതേ ഷെഡ്യൂളിൽ വരുന്ന കോമൺ കാറ്റഗറിയിലെ തത്തുല്യ തസ്തികയിലുള്ളവരിൽനിന്നോ ഉള്ള ബൈട്രാൻസ്ഫർ നിയമനമാണ്. Stream II പ്രകാരം അപേക്ഷിക്കുന്നവർക്ക് അപേക്ഷ ക്ഷണിക്കുന്ന വർഷം ജനവരി 1-ന് 40 വയസ്സും Stream III പ്രകാരം അപേക്ഷിക്കുന്നവർക്ക് 50 വയസ്സും തികയാൻ പാടില്ല. എന്നാൽ വിദ്യാഭ്യാസ യോഗ്യതകൾ രണ്ടിനും സമാനമാണ്. കെ.എ.എസ്.-ൽ നേരിട്ടുള്ള നിയമനം (Stream I) വഴിയുള്ള തെരഞ്ഞെടുപ്പിന് മാത്രമേ കമ്മ്യൂണൽ റിസർവ്വേഷൻ ബാധകമാക്കിയിട്ടുള്ളൂ. Stream II-ലും Stream III-ലും വരുന്ന ബൈട്രാൻസ്ഫർ നിയമനങ്ങൾക്ക് റിസർവ്വേഷൻ ബാധകമല്ല.

(ബി) ഇല്ല.

(സി&ഡി) കെ.എസ്. ആന്റ് എസ്.എസ്.ആർ.-ൽ Direct Recruitment-ഉം By Transfer Recruitment-ഉം മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. റിക്രൂട്ട്മെന്റ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴ്ന്ന കേഡറിലുള്ള ഉദ്യോഗസ്ഥരിൽനിന്നും (from full member or approved probationer) ഉയർന്ന കേഡറിലേയ്ക്ക് നടത്തുന്ന തെരഞ്ഞെടുപ്പാണ് By Transfer recruitment.

(ഇ) ഒരു സർവ്വീസിലെ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ /ഉത്തരവുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിയമന രീതിയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. കെ.എ.എസ്.-ലേയ്ക്കുള്ള നിയമനരീതിയും യോഗ്യതയും കെ.എ.എസ്. ചട്ടങ്ങളിലെ ചട്ടം 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംവരണം

35 (1575) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്-ലെ 2-ഉം 3-ഉം സ്ട്രീമുകളിൽ സംവരണം നിഷേധിച്ച നടപടി പുനഃപരിശോധിക്കുന്നത് പരിഗണനയിലുണ്ടോ;വ്യക്തമാക്കാമോ;

(ബി) കെ.എ.എസ്-ലെ 2-ഉം 3-ഉം സ്ട്രീമുകളിൽ സംവരണം നിഷേധിച്ചതിലൂടെ സംവരണ വിഭാഗങ്ങൾക്ക് ഉണ്ടാകുന്ന പ്രാതിനിധ്യ കുറവ് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമനത്തിൽ Stream I-ൽ സംവരണം ലഭ്യമാക്കിയിട്ടുണ്ട്. Stream II, III എന്നിവ തസ്തികമാറ്റം വഴിയുള്ള നിയമനമായതിനാൽ സംവരണം ബാധകമല്ല.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

36 (1576) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മന്ത്രിസഭ അംഗീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടം 14 (ബി) പ്രകാരം സ്ട്രീം 2, സ്ട്രീം 3 തലങ്ങളിൽ ഏതൊക്കെ ഗവൺമെന്റ് വകുപ്പുകളിലെ അല്ലെങ്കിൽ ഭരണഘടനാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കെ.എ.എസ്. പരീക്ഷയ്ക്ക് അപേക്ഷിക്കാൻ സാധിക്കും; വ്യക്തമാക്കുമോ?

ഉത്തരം

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമനം, അപേക്ഷിക്കാനുള്ള യോഗ്യത എന്നിവ കെ.എ.എസ്. ചട്ടത്തിലെ ചട്ടം 12-ൽ വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട് *.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

37 (1577) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ ജോലിചെയ്യുന്ന മൊത്തം ജീവനക്കാർ എത്രയെന്നും അതിൽ സെക്രട്ടേറിയറ്റ് ജീവനക്കാർ (വിഭാഗം തിരിച്ച്) എത്രയെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് തെരഞ്ഞെടുക്കുന്നവരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്ന സർക്കാർ വകുപ്പുകൾ ഏതെല്ലാമെന്നും , ഇവരെ ഉൾപ്പെടുത്താത്ത സർക്കാർ വകുപ്പുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19-ലേയ്ക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റ് (അനുബന്ധം)* പ്രകാരം സംസ്ഥാന സർവ്വീസിലെ മൊത്തം സ്ഥിരം ജീവനക്കാരുടെ എണ്ണം 498603 ആണ്. സെക്രട്ടേറിയറ്റ് ജീവനക്കാരുടെ എണ്ണം (വിഭാഗം തിരിച്ച്) ചുവടെ ചേർക്കുന്നു.

| | |
|---|---|
| പൊതുഭരണ വകുപ്പ് | - 3416 |
| ധനകാര്യ വകുപ്പ് | - 833 |
| നിയമ വകുപ്പ് | - 282 |
| ആകെ | 4531 |

(ബി) ഏത് വകുപ്പിലും നിയമിക്കാം.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് -നിയമന നടപടികൾ**

38 (1578) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള പരീക്ഷ നടത്തിപ്പിനുള്ള നടപടികൾ പി.എസ്.സി. ആരംഭിച്ചിട്ടുണ്ടോ;

(ബി) കെ.എ.എസ്.-ന്റെ സ്പെഷ്യൽ റൂൾസ് പ്രകാരം സിലബസ്, സ്കീം തുടങ്ങിയ കാര്യങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതുണ്ടോ;

(സി) നിയമനം പി.എസ്.സി.-ക്ക് വിട്ടാൽ പരീക്ഷയുടെ സ്കീം, സിലബസ് തുടങ്ങിയ കാര്യങ്ങളിൽ തീരുമാനം എടുക്കുവാനുള്ള പൂർണ്ണാധികാരം പി.എസ്.സി.-ക്ക് ആയിരിക്കുമെന്നിരിക്കെ കെ.എ.എസ്. വിഷയത്തിൽ ഇതിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുവാനുണ്ടായ കാരണമെന്താണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വ്യവസ്ഥ കരട് ചട്ടങ്ങളിൽ ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ അന്തിമ വിജ്ഞാപനത്തിൽ ഇത് കൂട്ടിച്ചേർക്കുവാൻ ഉണ്ടായ സാഹചര്യമെന്താണ്;

(ഇ) പ്രസ്തുത സ്പെഷ്യൽ റൂൾസ് നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി മുമ്പാകെ നക്കൽ രൂപത്തിൽ സമർപ്പിച്ച് അംഗീകാരം തേടിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി-ഡി) പരിക്ഷാ നടത്തിപ്പ് സംബന്ധിച്ച വിഷയത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് വ്യക്തത വരുത്തി ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) ഇല്ല. പ്രസ്തുത സർവ്വീസ് സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വിഷയ നിർണ്ണയ സമിതിയുടെ മുമ്പാകെ സമർപ്പിക്കുന്നതിന് മുമ്പായി വിജ്ഞാപനം പുറപ്പെടുവിക്കുകയായിരുന്നു. അതിനുശേഷം പ്രസ്തുത വിഷയം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**ജനപക്ഷ സിവിൽ സർവ്വീസ്**

39 (1579) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ പ്രാവർത്തികമാക്കേണ്ട സിവിൽ സർവ്വീസ് ജനപക്ഷവും കാര്യക്ഷമവും ആക്കിത്തീർക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സൗഹാർദ്ദപരമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനും എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; ഇക്കാര്യത്തിൽ സർവ്വീസ് സംഘടനകൾ സഹകരണം വാഗ്ദാനം ചെയ്തതിന്റെ പശ്ചാത്തലത്തിൽ ഓഫീസുകളുടെ സൗകര്യങ്ങൾ ഉൾപ്പെടെ വർദ്ധിപ്പിച്ച് ഓഫീസ് അന്തരീക്ഷം മികവുറ്റതാക്കാനുള്ള പരിപാടിയുടെ വിശദാംശം നൽകുമോ;

(സി) ഭരണസംവിധാനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രാവർത്തികമാക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) ജനപക്ഷവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സൗഹാർദ്ദപരമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനും താഴെപ്പറയുന്ന സർക്കുലറുകൾ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/അപേക്ഷകൾ/ നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്ന നിർദ്ദേശങ്ങൾക്കൊപ്പം കൈപ്പറ്റ് രസീതിന്റെ മാതൃകയും കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന സർക്കാർ ഉത്തരവിന്റെ ഉള്ളടക്കം ബോർഡിൽ പ്രദർശിപ്പിക്കേണ്ടതിന്റെ മാതൃകയും ഉൾക്കൊള്ളിച്ചുകൊണ്ട് 12-1-2009-ൽ 168/എ.ആർ 13(2)/09/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പദ്ധ്യക്ഷൻമാർ ശിക്ഷാനടപടി കൈക്കൊള്ളണമെന്നും നിഷ്കർഷിക്കുന്ന സർക്കുലർ (നമ്പർ 11433/ ഏ.ആർ.13(2)/ 15/ഉഭപവ.) 16-7-2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും ഉറപ്പാക്കൽ നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ (നമ്പർ 7995/എ.ആർ 13 (2)/15/ഉഭപവ) 24-6-2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനുവേണ്ടി എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 18-8-2016-ൽ സർക്കുലർ (നമ്പർ 7318/AR13(2) / 16/P&ARD) പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും, മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകണമെന്ന നിർദ്ദേശം എന്നിവ സംബന്ധിച്ച് 27-11-2017-ൽ സർക്കുലർ (നമ്പർ 353/എ.ആർ.13 (2)/2017/ഉ.ഭ.പ.വ.) പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽനിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് നിൽക്കുന്ന സ്ഥലപ്പേര്, പിൻകോഡ്, ഫോൺ നം., സാക്ഷ്യപ്പെടുത്തിയ/ പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐഡിയും ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുന്ന സർക്കുലർ (നമ്പർ 7289/എ .ആർ. 13 (2)/16/ഉ.ഭ.പ.വ.) 22-2-2018-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ ഓഫീസുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഓഫീസ് അന്തരീക്ഷം മികവുറ്റതാക്കാനുള്ള പരിപാടിയുടെ ഭാഗമായി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിശേഷാൽ ചട്ടങ്ങൾ അംഗീകരിച്ചുകൊണ്ട് എസ്.ആർ.ഒ. നമ്പർ 861/17 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 1-1-2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽവന്നു. നിയമനം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സർക്കാർ സർവ്വീസിലെ തസ്തികകൾ നിർത്തലാക്കൽ

40 (1580) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ സർക്കാർ സർവ്വീസിലെ എത്ര തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; കാറ്റഗറി സഹിതം വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ നിയമനങ്ങൾ സർക്കാർ സർവ്വീസിൽ നടന്നിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## പി.എസ്.സി. നടത്തുന്ന പരീക്ഷകളിൽ പരിഷ്കാരം

41 (1581) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി നടത്തുന്ന പരീക്ഷകളിൽ പരിഷ്കാരം കൊണ്ടു വരാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നതിനെക്കുറിച്ച് വ്യാപക പരാതികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുവാൻ പി. എസ്.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) പി. എസ്. സി.-യുടെ നിയമന ശിപാർശ എസ്.എം.എസ്. ആയി ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതിനുള്ള ആലോചനയുണ്ടോ; ഇതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഓൺലൈൻ പരീക്ഷകൾ കൂടുതൽ വ്യാപിപ്പിക്കുന്നതിലേയ്ക്കായി നടപടി കൈക്കൊണ്ടുവരുന്നു. ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നവർക്ക് മാത്രമായി പരീക്ഷ നടത്തുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ സിലബസ് പരിഷ്കരണം നടത്തിവരുന്നു.

(ബി) ചോദ്യപേപ്പർ തയ്യാറാക്കുന്നവരുടെ പാനലിൽ ഉൾപ്പെടുത്തേണ്ടവരുടെ ലിസ്റ്റുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിയമന ശിപാർശ നൽകുന്ന ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ്. മുഖേന അറിയിപ്പ് നൽകുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലയിലെ എൽ.ഡി. ക്ലാർക്ക് തസ്തിക**

42 (1582) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 21/03/2015 ലെ സ.ഉ.(അ)/13/2015 ഉ.ഭ.പ.വ. നമ്പർ ഉത്തരവ് പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുകൊണ്ട് ആലപ്പുഴ ജില്ലയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ബി) സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് ആലപ്പുഴ ജില്ലയിൽ ജോലിയിൽ തുടരുന്നവരിൽ 6-7-2012 തീയതിയിലെ സ.ഉ.(എം എസ്.) നമ്പർ 174/12 പൊ.ഭ.വ. 2-9-2013 തീയിതിയിലെ സ.ഉ.(എം.എസ്സ്) നമ്പർ 249/13 പൊ.ഭ.വ. എന്നീ ഉത്തരവുകൾ അനുസരിച്ച് എത്രപേരുടെ സേവനം ക്രമവത്കരിച്ച് ഉത്തരവായിട്ടുണ്ട്;

(സി) സൂപ്പർ ന്യൂമററി തസ്തികകൾ ക്രമവത്കരിക്കുന്നതിനായി ഉപയോഗിച്ച ഒഴിവുകളും സമാശ്വാസ തൊഴിൽദാന പദ്ധതിക്കായി മാറ്റിയ ഒഴിവുകളും 2015 മാർച്ചിൽ നിലവിൽ വരികയും 2018 മാർച്ച് മാസം കാലാവധി അവസാനിക്കുകയും ചെയ്യുന്ന കാറ്റഗറി നമ്പർ 218/2013 എൽ.ഡി. ക്ലാർക്ക് റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ഉടലെടുത്തിട്ടുള്ളതാണെന്നും ഇവ നിലവിലുള്ള റാങ്ക് പട്ടികയിലുള്ളവർക്ക് ലഭിക്കേണ്ടതായിരുന്നുവെന്നുമുള്ള വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) 2018 മാർച്ച് 31-ന് കാലാവധി അവസാനിക്കുന്ന എൽ.ഡി. ക്ലാർക്ക് റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവർക്ക് മേൽ സൂചിപ്പിച്ച നഷ്ടം പരിഹരിച്ചുകിട്ടുന്നതിന് ഈ ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചുകൊടുക്കാൻ പി.എസ്.സി. യോട് ശിപാർശ ചെയ്യാൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ;

(ഇ) ഇവർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എൽ.ഡി. ക്ലാർക്ക് തസ്തികയുടെ 97 സൂപ്പർ ന്യൂമററി ഒഴിവുകളിലേയ്ക്കാണ് ആലപ്പുഴ ജില്ലയിൽ നിയമന ശിപാർശ നൽകിയിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി-ഇ) ഉണ്ട്. നിയമനം ത്വരിതപ്പെടുത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി. (വിവിധം), എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാകുന്ന മുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉ.പ.സി. 3/428/17/ഉ.ഭ.പ.വ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖാന്തിരം കൃത്യമായി റിപ്പോർട്ട് ചെയ്യാൻ 20-12-2017-ലെ ഉ.പ.സി.3/141/17/ഉ.പ.ഭ.വ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമന അധികാരികൾക്കും 7-2-2018-ലെ ഉ.പ.സി.3/536/17/ഉ.പ.ഭ.വ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കാലാവധി പൂർത്തിയാക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

## ആദിവാസി യുവാക്കൾക്ക് പോലീസിലും എക്സൈസിലും പ്രത്യേക നിയമനം

43 (1583) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി യുവാക്കൾക്ക് പൊലീസിലും എക്സൈസിലും പ്രത്യേക നിയമനം നടത്തുന്നതിനായി പി.എസ്.സി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇരു തസ്തികകളിലും എഴുത്ത് പരീക്ഷയില്ലാതെ നൂറ് മാർക്കിന്റെ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുവാനാണോ തീരുമാനം എന്നറിയിക്കാമോ; ഇത്തരമൊരു തീരുമാനം എടുത്തതിനുള്ള സാഹചര്യം എന്തായിരുന്നു;

(സി) ഏതൊക്കെ വിഭാഗത്തിൽപ്പെട്ട ആദിവാസികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചില ജില്ലകളിലെ വനാന്തരങ്ങളിലും വനാതിർത്തി പ്രദേശങ്ങളിലും നിവസിക്കുന്ന ആദിവാസി കുടുംബങ്ങളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ എക്സൈസ് വകുപ്പ് ഈ മേഖലയിൽ കാര്യക്ഷമമായി ഇടപെടുകയും ലഹരി വസ്തുക്കളുടെ ഉപയോഗം ഫലപ്രദമായി തടയുന്നതിനായി വകുപ്പിലെ അംഗബലം അപര്യാപ്തമായതിനാൽ വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനാന്തരങ്ങളിലും വനാതിർത്തി പ്രദേശങ്ങളിലും അധിവസിക്കുന്ന ആദിവാസി വിഭാഗത്തിലെ യുവതീയുവാക്കളെ പ്രത്യേക നിയമന പ്രക്രിയവഴി എക്സൈസ് വകുപ്പിൽ നിയമനം നൽകുന്നതിന് 25 സിവിൽ എക്സൈസ് ഓഫീസർമാരുടെ റഗുലർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുള്ളതാണ്. ആദിവാസി യുവാക്കൾക്ക് പോലീസിലും എക്സൈസിലും പ്രത്യേക നിയമനം നടത്തുന്നതിനായി പി.എസ്.സി. ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടില്ല. എന്നാൽ ആദിവാസി വിഭാഗങ്ങളിൽനിന്നുള്ള പ്രത്യേക നിയമനമായതിനാൽ Special Drive രൂപീകരിച്ച് യോഗ്യതകളിൽ ചില ഇളവുകൾ നൽകിയാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(ബി) കായികക്ഷമതാ പരീക്ഷകളുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. പി.എസ്.സി.-യുടെ വിവേചനാധികാരം ഉപയോഗിച്ചാണ് തെരഞ്ഞെടുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

(സി) വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനാതിർത്തിയിലും വനാന്തർഭാഗത്തും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെയും പാലക്കാട് ജില്ലയിലെ most primitive group ആയ കുറുമൻ വിഭാഗത്തിലുംപെട്ട യുവാക്കൾക്ക് മുൻഗണന നൽകിക്കൊണ്ടും മറ്റ് ആദിവാസി വിഭാഗങ്ങളെയും ഉൾപ്പെടുത്തിയും പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ വനിതാ സിവിൽ പോലീസ് ഓഫീസർ എന്നീ തസ്തികകളിലേയ്ക്കും വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ വനാന്തർഭാഗത്തും വനാതിർത്തിയിലും നിവസിക്കുന്ന പണിയാൻ, അടിയാൻ, കാട്ടുനായ്ക്കൻ, പാലക്കാട് ജില്ലയിലെ കുറുമൻ എന്നീ ആദിവാസി വിഭാഗങ്ങളിൽനിന്ന് മാത്രമായി എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേയ്ക്കും നിയമനം നടത്തുന്നതാണ്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

44 (1584) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിനൽകിയിട്ടുണ്ട്;

(ബി) കാലാവധി നീട്ടിയ റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര പേർക്ക് പി.എസ്.സി. നിയമനത്തിന് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് തവണ റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(a) 30-6-2016-ന് നിലവിലുള്ളതും 30-6-2016 മുതൽ 30-12-2016 വരെയുള്ള കാലയളവിൽ അവസാനിക്കുന്നതുമായ പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-12-2016 വരെ ദീർഘിപ്പിച്ചു.

(b) 31-12-2016 മുതൽ 30-6-2017 വരെയുള്ള കാലയളവിൽ 3 വർഷ കാലാവധി പൂർത്തിയാകുന്നതും ഒരു തവണപോലും കാലാവധി ദീർഘിപ്പിച്ചിട്ടില്ലാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി നിബന്ധനകൾക്ക് വിധേയമായി 31-6-2017 വരെ ദീർഘിപ്പിച്ചു.

(ബി) ടി റാങ്ക് പട്ടികകളുടെ കാലാവധിക്കുള്ളിൽ എഴുതി അറിയിക്കപ്പെട്ട ഒഴിവുകളിലെല്ലാം അതാത് പട്ടികകളിൽ നിന്നും പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## കാലാവധി അവസാനിക്കാറായ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

45 (1585) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലെ കാലാവധി അവസാനിക്കാറായ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് മാസങ്ങളായി ഈ തസ്തികകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ എത്രയെന്നും നിയമന ശിപാർശ നൽകിയത് എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഈ റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്ന് ആദ്യത്തെ നാലഞ്ചു മാസങ്ങളിൽ

വിവിധ കാരണങ്ങളാൽ നിയമനങ്ങൾ നടക്കാത്തതിനാൽ അത് പരിഹരിക്കുന്നതിനായി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറുമാസത്തേക്ക് കൂടി നീട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. വിവിധ ജില്ലകളിൽ നിലവിലുള്ള എൽ.ജി.എസ്. തസ്തികയുടെ റാങ്ക് പട്ടികകളിൽ നിന്നും എഴുതി അറിയിക്കപ്പെടുന്ന ഒഴിവിലേയ്ക്ക് നിയമന ശിപാർശ നൽകിവരുന്നു.

(ബി) ഒഴിവുകളും നിയമന ശിപാർശകളും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | കഴിഞ്ഞ 2 മാസത്തെ ഒഴിവുകൾ | കഴിഞ്ഞ 2 മാസത്തെ നിയമന ശിപാർശകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 109 | 26 |
| 2 | കൊല്ലം | 51 | 27 |
| 3 | പത്തനംതിട്ട | 37 | 37 |
| 4 | ആലപ്പുഴ | 53 | 33 |
| 5 | കോട്ടയം | 44 | 34 |
| 6 | ഇടുക്കി | 41 | 49 |
| 7 | എറണാകുളം | 67 | 61 |
| 8 | തൃശ്ശൂർ | 62 | 59 |
| 9 | പാലക്കാട് | 49 | 41 |
| 10 | മലപ്പുറം | 68 | 44 |
| 11 | കോഴിക്കോട് | 78 | 84 |
| 12 | വയനാട് | 20 | 20 |
| 13 | കണ്ണൂർ | 33 | 56 |
| 14 | കാസർഗോഡ് | 49 | - |

കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമായതിനാൽ നിലവിൽ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തി നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

(സി) കാലാവധി പൂർത്തിയാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി വീണ്ടും ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

## പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി

46 (1586) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. കാറ്റഗറി നം 558/2014 പ്രകാരം വിജ്ഞാപനം ചെയ്ത റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏതുവരെയുണ്ട്; കാലാവധി കഴിഞ്ഞുവോ എന്നറിയിക്കാമോ;

(ബി) ഫയർമാൻ / ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ തസ്തികയിൽ നിലവിൽ എത്ര വേക്കൻസികൾ നിലവിലുണ്ട്; വിശദവിവരങ്ങൾ നൽകാമോ?

### ഉത്തരം

(എ) പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് ഒരു വർഷം വരെയോ അല്ലെങ്കിൽ റാങ്ക് പട്ടികയുടെ കാലാവധി ഒരു വർഷം പൂർത്തിയാകുന്നതിന് മുമ്പ് ലഭിച്ച ഒഴിവുകളിൽ നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളുടെ പരിശീലനം ആരംഭിച്ച് ഒരു മാസം കഴിയുന്നതുവരെയോ (ഏതാണോ അവസാനം അത്) ആണ്. ടി പട്ടികകളുടെ കാലാവധി ഒരു വർഷം പൂർത്തിയാകുന്നത് 11-1-2018-ലാണ്. അവസാനമായി നിയമന ശിപാർശ നടന്ന ഉദ്യോഗാർത്ഥികളുടെ ട്രെയിനിംഗ് 15-3-2018-ന് ആരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ടി പട്ടിക 14-4-2018 വരെ നിലനിൽക്കുന്നതാണ്.

നിലവിൽ 98 ഒഴിവുകളുണ്ട്. ടി തസ്തികയിൽ നിയമന ശിപാർശ ലഭിച്ച 67 പേരുടെ നിയമന നടപടികൾ പൂർത്തിയായി വരുന്നു. 10 എൻ.ജെ.ഡി. ഒഴിവുകളും പട്ടികജാതി പട്ടികവർഗ്ഗത്തിന് സംവരണം ചെയ്ത 18 ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ലക്ചറർ ഇൻ എഡ്യൂക്കേഷണൽ സൈക്കോളജി (ബൈ ട്രാൻസ്ഫർ) നിയമനം

47 (1588) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 055/2013 ആയി പബ്ലിക് സർവ്വീസ് കമ്മീഷൻ, ഗവ. ട്രെയിനിംഗ് കോളേജിൽ ലക്ചറർ ഇൻ എഡ്യൂക്കേഷനൽ സൈക്കോളജി (ബൈ ട്രാൻസ്ഫർ) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നുവോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള ഓൺലൈൻ പരീക്ഷ ഇതുവരെയും നടത്തിയിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ പരീക്ഷ നടത്തി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

48 (1589) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 218/2013 പ്രകാരമുള്ള പാലക്കാട് ജില്ലയിലെ എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്ന് അറിയിക്കാമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 750 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 31-3-2015-ന് നിലവിൽവന്ന ടി റാങ്ക് പട്ടികയുടെ കാലാവധി പരമാവധി 3 വർഷമാണ്. കാലാവധി പൂർത്തിയാക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

## ഇക്കണോമിക്സ് ജൂനിയർ അദ്ധ്യാപക നിയമനത്തിനുള്ള പി.എസ്.സി. പരീക്ഷ

49 (1590) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഇക്കണോമിക്സ് ജൂനിയർ അദ്ധ്യാപകരെ നിയമിക്കുന്നതിനായി പി.എസ്.സി. നടത്തിയ പരീക്ഷയുടെ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പരീക്ഷയിലെ ചില ചോദ്യങ്ങളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പി.എസ്.സി. യോഗം പരിഗണിച്ചിട്ടുണ്ടോ; ഏതെങ്കിലും ചോദ്യങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരീക്ഷ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്കുള്ള ആശങ്കകൾ പരിഹരിച്ച് ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി& സി) പ്രസ്തുത പരീക്ഷയുടെ ചോദ്യങ്ങൾ സംബന്ധിച്ച ആക്ഷേപങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ പരിശോധിച്ചുവരികയാണ്.

## പബ്ലിക് സർവ്വീസസ് ആക്ട്

50 (1591) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസസ് ആക്ട് അനുസരിച്ച് ഏതെല്ലാം വകുപ്പുകളിലാണ് സ്പെഷ്യൽ റൂൾ (വിശേഷാൽ ചട്ടങ്ങൾ) രൂപീകരിക്കാനുള്ളത് വിശദമാക്കാമോ;

(ബി) വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കാത്ത സാഹചര്യത്തിൽ എക്സിക്യൂട്ടീവ് ഉത്തരവുകൾ വഴി നിയമനം നടത്തുന്നതിന്റെ പോരായ്മ പരിശോധിച്ചിട്ടുണ്ടോ;

(സി) 2017 ജനുവരിക്ക് ശേഷം പബ്ലിക് സർവ്വീസസ് ആക്റ്റിൻ കീഴിൽ എത്ര വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്; ഇനി പ്രസ്തുത ആക്റ്റ് പ്രകാരം എത്ര ചട്ടങ്ങൾ രൂപീകരിക്കാനുണ്ട്; വിശദമാക്കാമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്. വിശേഷാൽ ചട്ടങ്ങൾ വിജ്ഞാപനങ്ങളായിത്തന്നെ പുറപ്പെടുവിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ജീവനക്കാർക്കുള്ള ഉത്തരവുകൾ മലയാളത്തിലാക്കണമെന്ന നിർദ്ദേശം**

51 (1592) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടി ഉത്തരവുകൾ, മെമ്മോ, സ്ഥാനക്കയറ്റം സംബന്ധിച്ച ഉത്തരവുകൾ എന്നിവ പൂർണ്ണമായും മലയാളത്തിൽ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**പട്ടികവർഗ്ഗത്തിനായി സംവരണം ചെയ്യപ്പെട്ട തസ്തികകളുടെ എണ്ണം**

52 (1593) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ പട്ടികവർഗ്ഗത്തിനായി സംവരണം ചെയ്യപ്പെട്ട തസ്തികകളുടെ എണ്ണം അറിയിക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ട് എൻ.സി.എ. (No Candidate Available) ഗണത്തിൽപ്പെട്ട ഏതെല്ലാം തസ്തികകളിലെ ഒഴിവുകളാണ് വിവിധ ജില്ലകളിൽ ഉള്ളതെന്ന വിവരം അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ സർവ്വീസിലെ 93 വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തിവരുന്നു. ഇവയിൽ എല്ലാംതന്നെ പട്ടികവർഗ്ഗത്തിനായി സംവരണം ഉണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കെ-ഫോൺ പദ്ധതി**

53 (1594) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഐ.ടി. മേഖലയിൽ വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) ഐ.ടി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന കെ-ഫോൺ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി ഇതുവരെ നടപ്പാക്കിയ പ്രവർത്തികളുടെ വിശദാംശം അറിയിക്കുമോ;

(ഡി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. മേഖലയുടെ സമഗ്ര വികസനം ഉറപ്പാക്കുന്നതിനായി പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്ര ഐ.ടി. വികസനം ഉറപ്പാക്കുന്നതിനും ഡിജിറ്റൽ/ഐ.ടി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജന സേവനത്തിന് പ്രയോജനകരമാകുന്നതിനുവേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനുമായി ഐ.ടി./വാർത്താ വിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. ഐ.ടി. നയത്തിലധിഷ്ഠിതമായി മേഖലയുടെ വികസനത്തിനും അതുവഴി വളർച്ചാ നിരക്ക് ത്വരിതപ്പെടുത്തുന്നതിനുമായി ചുവടെ കാണുംപ്രകാരമുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(1) സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം - കേരള (എസ്.ഡി.പി.കെ.)
തൊഴിൽദാതാക്കൾ പ്രതീക്ഷിക്കുന്ന മികവുകളും കഴിവുകളും സ്വായത്തമാക്കാൻ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി എസ്.ഡി.പി.കെ. (സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം - കേരള) എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ 150-ഓളം എഞ്ചിനീയറിംഗ്

കോളേജുകളിലെ ടെലിപ്രസൻസ് നെറ്റ്‌വർക്ക് വഴി ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(2) ടെക്നോസിറ്റി

സംസ്ഥാന സർക്കാരിന്റെ 'കേരള ഐ.ടി. പാർക്കുകൾ' എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക് - തിരുവനന്തപുരം, ഇൻഫോപാർക്ക് - കൊച്ചി, സൈബർപാർക്ക് - കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി./ഐ.ടി. അധിഷ്ഠിത സേവനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ടെക്നോപാർക്കിന്റെ നാലാംഘട്ടമായ ടെക്നോസിറ്റിയുടെ നിർമ്മാണ പ്രവർത്തനവും പുരോഗമിച്ചുവരുന്നു.

(3) കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ)

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട്, സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ്‌വർക്ക് (കെ-ഫോൺ)

(4) പബ്ലിക് വൈ-ഫൈ

ഇന്റർനെറ്റ് അധിഷ്ഠിത സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും ആയാസരഹിതവുമായി ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് പബ്ലിക് വൈ-ഫൈ പദ്ധതി. പൊതുസ്ഥലങ്ങളിൽ പബ്ലിക് വൈ-ഫൈ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 2000 കേന്ദ്രങ്ങളിൽ വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(5) കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ)

വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നവേഷൻ ഇൻക്യുബേറ്റർ ഹബ്ബായി കേരള ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ) സംസ്ഥാന സർക്കാർ സ്ഥാപിച്ചുവരികയാണ്. വിവിധ മേഖലകളിലുള്ള പ്രശസ്ത വ്യക്തികളും വ്യവസായ പ്രമുഖരും നടത്തുന്ന ശിൽപ്പശാല, സാങ്കേതിക പ്രദർശനങ്ങൾ, അന്തർദേശീയ കോൺഫറൻസുകൾ എന്നിവയുടെ വേദിയായി ഈ സോൺ മാറും.

(ബി) ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക്കൽ നെറ്റ്‌വർക്ക് (കെ-ഫോൺ). ഈ പദ്ധതി വഴി സംസ്ഥാനത്ത് 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ ചെലവിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സൗജന്യ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാവുന്നതും പ്രസ്തുത പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.

(സി) പദ്ധതി നിർവ്വഹണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-ഉം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി.)-ഉം ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടെ ഒരു പുതിയ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കമ്പനിയുടെ രൂപീകരണത്തിനുവേണ്ടി കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, ജോയിന്റ് വെൻച്വർ എഗ്രിമെന്റ് എന്നിവയുടെ സൂക്ഷ്മപരിശോധന സർക്കാർ തലത്തിൽ നടന്നുവരുന്നു. കൂടാതെ പുതിയ കമ്പനിയുടെ നടത്തിപ്പിനുവേണ്ടി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ഡി) ഈ പദ്ധതി 2019 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സിറ്റിസൺ കോൾസെന്റർ**

54(1595) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണ നിർവ്വഹണ സംവിധാനത്തിലും സേവന രംഗത്തും വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ എപ്രകാരമെല്ലാമാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും ഗുണഫലങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(സി) സംസ്ഥാനത്ത് സിറ്റിസൺ കോൾസെന്റർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) വിവിധ സർക്കാർ വകുപ്പുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയെക്കുറിച്ച് ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഭരണ നിർവ്വഹണ സംവിധാനത്തിലും സേവന രംഗത്തും വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും സർക്കാരിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും ഗുണഫലങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനുമായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(1) എം കേരളം

സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഒരു സ്മാർട്ട് ഫോണിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് എം-കേരളം മൊബൈൽ ആപ്പ്. സർക്കാർ സേവനങ്ങൾക്കുള്ള അപേക്ഷ ഫീസ് കൂടാതെ വെള്ളക്കരം, വൈദ്യുതി ബിൽ, സർവ്വകലാശാല ഫീസ് മുതലായ പണമിടപാടുകളെല്ലാം ഓൺലൈനായി നടത്താം. നിലവിൽ നൂറോളം സർക്കാർ-സർക്കാരിതര സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(2) ഇ-ഡിസ്ട്രിക്ട്

ജില്ലാതലത്തിലുള്ള സർക്കാർ സേവനങ്ങൾ വളരെ ലളിതമായി ഓൺലൈൻവഴി പൊതുജനങ്ങൾക്ക് എത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 24 റവന്യൂ സർട്ടിഫിക്കറ്റുകൾ, 500-ൽപ്പരം പണം ഒടുക്കൽ സേവനങ്ങൾ എന്നിവ ഈ പദ്ധതി മുഖേന നൽകിവരുന്നു. കൂടാതെ വിവരാവകാശം, പരാതി പരിഹാരം എന്നീ സേവനങ്ങളും ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ലഭ്യമാണ്.

(3) ഇ-ഓഫീസ്

സർക്കാർ ഓഫീസുകൾ പേപ്പർരഹിതമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ നിയമ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. പുറമേ 14 കളക്ടറേറ്റുകളിലും 7 സബ് കളക്ടറേറ്റുകളിലും 30 ഡയറക്ടറേറ്റുകളിലും കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

(4) <u>സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ</u>

നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ സേവനങ്ങളും പൊതുജനങ്ങൾക്കായി ഒരു പോർട്ടലിലൂടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2012-ൽ ആരംഭിച്ച പദ്ധതിയിൽ 58 വിവിധ സർക്കാർ സേവനങ്ങളാണ് തുടക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽനിന്നും 39 സേവനങ്ങൾ ഇപ്പോൾ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിലവിലെ സർക്കാർ പോർട്ടലിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(5) <u>അക്ഷയ</u>

അക്ഷയ പദ്ധതിയുടെകീഴിൽ ഇന്ന് 2554 അക്ഷയ പൊതുജന സേവനകേന്ദ്രങ്ങൾ കേരളത്തിലുടനീളമായി പ്രവർത്തിച്ചുവരുന്നു. ഇ-ഡിസ്ട്രിക്ട് സേവനങ്ങൾ, ആധാർ, ആധാർ അനുബന്ധ സേവനങ്ങൾ, ബാങ്കിംഗ് കിയോസ്ക് സേവനങ്ങൾ തുടങ്ങിയ സേവനങ്ങൾ അക്ഷയ പദ്ധതിയുടെ കീഴിൽ ലഭ്യമാക്കി വരുന്നു.

(സി&ഡി) ഉണ്ട്. ഗവൺമെന്റിന്റെ വിവിധയിനം സേവനങ്ങളെയും സംരംഭങ്ങളെയും പറ്റി പൊതുജനങ്ങൾക്ക് വിവരം നൽകുക, ഇതുസംബന്ധിച്ച് ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുക, മുതിർന്ന ഉദ്യോഗസ്ഥർക്കും മന്ത്രിമാർക്കും നൽകേണ്ട പരാതികൾ ഏകജാലകമെന്നവണ്ണം സ്വീകരിച്ച് തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്യുക എന്നിവയാണ് സിറ്റിസൺ കോൾ സെന്റർ സംവിധാനത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ഇ) കേരള ഗവൺമെന്റിന്റെ വിവിധയിനം സംരംഭങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ഇലക്ട്രോണിക് ഡാറ്റാ ബേസിൽ സൂക്ഷിക്കുകയും ജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾക്ക് ഡാറ്റാ ബേസിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി നൽകുകയുമാണ് ചെയ്തുവരുന്നത്. മന്ത്രിമാർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും സിറ്റിസൺ കോൾ സെന്റർ മുഖേന സമർപ്പിച്ചിട്ടുള്ള പരാതികളിന്മേൽ തുടരന്വേഷണം നടത്തുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ദിവസേന ഏകദേശം 350-ലധികം കോളുകൾ കൈകാര്യം ചെയ്തുവരുന്നു. ഇപ്പോൾ 64 പ്രമുഖ വകുപ്പുകൾ കോൾ സെന്ററുമായി ചേർന്ന് പ്രവർത്തിക്കുന്നു.

## സി-ഡിറ്റ് - ജീവനക്കാര്യം

55 (1596) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് , 2012- ലെ ടെണ്ടറിൽ പങ്കെടുത്ത് പ്രോജക്ട് നേടിയെങ്കിലും ഇത്ര വർഷമായിട്ടും മോട്ടോർ വാഹന വകുപ്പ് എന്തുകൊണ്ടാണ് കരാർ പുതുക്കി നൽകാത്തതെന്നും ആയത് എപ്പോഴാണ് പുതുക്കി നൽകുന്നതെന്നും വ്യക്തമാക്കാമോ;

(ബി) സി-ഡിറ്റിലെ ജീവനക്കാർക്കും, എഫ്.എം.എസ്.-എം.വി.ഡി. പ്രോജക്ടിലെ ജീവനക്കാർക്കും മിനിമം വേജ് അനുവദിക്കുമോ;

(സി) സി-ഡിറ്റിലെ എഫ്.എം.എസ്. - എം. വി. ഡി. പ്രോജക്ട് ജീവനക്കാർക്ക് മാസത്തിൽ ഒരു ലീവ് എന്നതിനു പകരം സി. ഡിറ്റിലെ എല്ലാ ജീവനക്കാർക്കും ഒരേ പോലെ ലീവ് എന്നത് നടപ്പാക്കുമോ;

(ഡി) എഫ്.എം.എസ്. - എം. വി. ഡി. പ്രോജക്ട് ജീവനക്കാർക്ക് 9 മണിക്കൂർ ജോലി സമയം എന്നത് 8 മണിക്കൂർ ആക്കുകയോ ഓവർടൈം കൊടുക്കുകയോ ചെയ്യുമോ;

(ഇ) സി-ഡിറ്റിൽ 5 വർഷം സർവ്വീസ് പൂർത്തീകരിച്ച ജീവനക്കാരെ പ്രോജക്ട്, കോൺട്രാക്ട്, ഡെയിലി വേജ്, ഡോകറ്റ് തുടങ്ങിയ വിഭാഗത്തിൽ പെർമനെന്റ് ആക്കുവാൻ സാധിക്കുമോ;

(എഫ്) സി-ഡിറ്റിലെ എഫ്.എം. എസ്. - എം. വി. ഡി. പ്രോജക്ട് ജീവനക്കാർക്ക് ശമ്പളം 40 മുതൽ 45 ദിവസക്കാലയളവിലാണ് ലഭിക്കുന്നതെന്നും എന്നാൽ ഇതേ പ്രോജക്ടിൽ ജോലി ചെയ്യുന്ന സി-ഡിറ്റിലെ കോൺട്രാക്ട് എംപ്ലോയീസിന് 15 ദിവസത്തെ അഡ്വാൻസ് ശമ്പളമാണ് ലഭിക്കുന്നതെന്നുമുള്ള സാഹചര്യത്തിൽ ഇത് പരിഹരിച്ച് എല്ലാ ജീവനക്കാർക്കും ഒരു പോലെ ശമ്പളം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

### ഉത്തരം

(എ) 2018-2021 കാലയളവിലെ എഫ്.എം.എസ്.-എം.വി.ഡി. പ്രോജക്ട് കരാർ സി-ഡിറ്റും മോട്ടോർവാഹന വകുപ്പും തമ്മിൽ 1-2-2018-ൽ ഒപ്പ് വച്ചിട്ടുണ്ട്.

(ബി) സി-ഡിറ്റിലെ ജീവനക്കാർക്ക് അവരുടെ നിയമനവ്യവസ്ഥ പ്രാകാരമുള്ള വേതനവും എഫ്.എം.എസ്.-എം.വി.ഡി. പ്രോജക്ടിലെ കരാർ ജീവനക്കാർക്ക് കരാർ പ്രാകാരമുള്ള വേതനവുമാണ് നൽകിവരുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) മോട്ടോർ വാഹന വകുപ്പുമായുള്ള പ്രോജക്ടിലെ കരാർ വ്യവസ്ഥകൾ പ്രകാരമാണ് ജോലി സമയക്രമം നിശ്ചയിച്ചിട്ടുള്ളത്. ഓവർടൈം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഇല്ല.

(എഫ്) എഫ്.എം.എസ്.-എം.വി.ഡി. പ്രോജക്ടിലെ ജീവനക്കാർക്ക് എല്ലാ മാസവും അറ്റൻഡൻസ് പ്രകാരമുള്ള പ്രതിമാസ വേതനമാണ് നൽകുന്നത്. 40-45 ദിവസക്കാലയളവിൽ വേതനം നൽകിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജസീം മൊയ്തീന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക

56 (1597) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമപഞ്ചായത്തിലെ പടുപ്പിണൽ വീട്ടിൽ താമസിക്കുന്ന മൊയ്തീൻകുട്ടിയുടെ മകനായ ജസിം മൊയ്തീന് അപകട മരണം സംഭവിച്ചതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിക്കുന്നതിന് നൽകിയ അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിയോജകമണ്ഡലങ്ങളിൽനിന്നും നൽകുന്ന സി.എം.ഡി.ആർ.എഫ്. അപേക്ഷകളിന്മേലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.-മാർക്കുകൂടി നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മങ്കട ഗ്രാമപഞ്ചായത്തിലെ പടുപ്പിണൽ വീട്ടിൽ താമസിക്കുന്ന മൊയ്തീൻ കുട്ടിയുടെ മകനായ ജസീം മൊയ്തീന് അപകട മരണം സംഭവിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 15-2-2018-ലെ ജി.ഒ. (ആർ.ടി.) 482/2018/റവ. ഉത്തരവ് പ്രകാരം 1,00,000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) എല്ലാ ഉത്തരവുകളുടെയും പകർപ്പ് പി.ആർ.ഡി. (Web & New Media)-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. എം.എൽ.എ.-മാരുടെ Login സംവിധാനം ഉപയോഗിച്ച് ഉത്തരവിന്റെ പകർപ്പ് എടുക്കാനുള്ള സംവിധാനവും നിലവിലുണ്ട്.

## ധനസഹായം നൽകിയ കുടുംബങ്ങളുടെ പേരുവിവരം

57 (1598) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപകടമരണം സംഭവിച്ച എത്ര പേരുടെ കുടുംബങ്ങൾക്കു ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ധനസഹായം നൽകിയ കുടുംബങ്ങളുടെ പേരുവിവരവും അനുവദിച്ച തുകയും ആനുകൂല്യങ്ങളും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സാഹചര്യങ്ങളിലും കാരണങ്ങളാലും കൊലചെയ്യപ്പെട്ട എത്ര കുടുംബങ്ങൾക്കു ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ധനസഹായം നൽകിയ കുടുംബങ്ങളുടെ പേരു വിവരവും അനുവദിച്ച തുകയും മണ്ഡലം തിരിച്ചു വ്യക്തമാക്കാമോ;

(ഇ) ഓരോ കുടുംബത്തിനും ആരുടെ അപേക്ഷയിന്മേലാണു ധനസഹായം നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപകടമരണം സംഭവിച്ച 3622 പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(സി) കൊല ചെയ്യപ്പെട്ട 7 പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ഡി&ഇ) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. ജില്ലതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം

സൗദി അറേബ്യയിലെ റിയാദിൽ വച്ച് വെടിയേറ്റ് മരിച്ച മണമ്പൂർ വില്ലേജിൽ ആലംകോട് മാജിതാ മൻസിലിൽ നസീറിന്റെ അവകാശികളായ ആമിനാ ബീവി, ബീന, മുഹമ്മദ്, ആഷിഖ്, നെഹ്റൈൻ നസീർ, നസ്രിൻ എന്നിവർക്ക് അഡ്വ. ബി. സത്യൻ, എം.എൽ.എ. സമർപ്പിച്ച അപേക്ഷയിൻമേൽ 5 ലക്ഷം രൂപ അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

<u>എറണാകുളം</u>

കൊല ചെയ്യപ്പെട്ട റിസ്റ്റി ജോൺ എന്ന കുട്ടിയുടെ കുടുംബത്തിന് 5,00,000 രൂപയും 28.04.2016-ന് കൊല ചെയ്യപ്പെട്ട ജിഷയുടെ മാതാവ് രാജേശ്വരിക്ക് 5,000 രൂപ നിരക്കിൽ എല്ലാ മാസവും പെൻഷൻ അനുവദിക്കുന്നതിനും സർക്കാർ തീരുമാനപ്രകാരം ഉത്തരവായിട്ടുണ്ട്.

<u>പാലക്കാട്</u>

കാശ്മീരിൽ ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീജിത്ത്, കളത്തിൽവീട്, പെരിങ്ങോട്ടുകുറിശ്ശി, ആലത്തൂർ താലൂക്ക് എന്നയാളുടെ കുടുംബത്തിനും മണ്ണാർക്കാട് താലൂക്കിൽ മരണമടഞ്ഞ ആദിവാസി യുവാവ് മധുവിന്റെ മാതാവായ ശ്രീമതി മല്ലിക്കും 10,00,000 രൂപ വീതം സർക്കാർ തീരുമാന പ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പട്ടാമ്പി താലൂക്കിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട ഗിരീഷ് മേനേകത്ത്, തിരുമിറ്റക്കോട് എന്നയാളുടെ കുടുംബത്തിന് സഹോദരനായ എം.ആർ. സന്തോഷ് എന്നയാളുടെ അപേക്ഷയിൻമേൽ 5,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>മലപ്പുറം</u>

കൊല ചെയ്യപ്പെട്ട പുല്ലാണി ഫൈസലിന്റെ കുടുംബത്തിന് തിരൂരങ്ങാടി എം.എൽ.എ. ശ്രീ. പി. കെ. അബ്ദു റബ്ബ് സമർപ്പിച്ച അപേക്ഷയിൻമേൽ 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## വൈപ്പിൻ മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

58 (1599) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിൽപ്പെട്ട എത്രപേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാധനസഹായം അനുവദിച്ച് ഉത്തരവായെന്ന വിവരം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് ഇനിയും ധനസഹായം നൽകാനുണ്ടെന്ന വിവരം വില്ലേജുതിരിച്ച് വിശദമാക്കാമോ;

(സി) ധനസഹായം അനുവദിച്ച് ഉത്തരവായത് സംബന്ധിച്ച വിവരം അപേക്ഷകരെ അറിയിക്കുന്നതിനും ധനസഹായത്തുക നൽകുന്നതിലും കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മണ്ഡലം/വില്ലേജുതിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽവന്നിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾതന്നെ ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽനിന്നും പണം ട്രഷറിയിലേയ്ക്കും, ട്രഷറിയിൽനിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കപ്പെട്ട ധനസസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം

59 (1600) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജകമണ്ഡലത്തിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിലേയ്ക്കായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ധനസഹായം എത്ര പേർക്ക് നൽകുവാൻ കഴിഞ്ഞുവെന്നും ധനസഹായം നൽകിയവരുടെ പേര്, അനുവദിച്ച തുക എന്നിവ വെളിപ്പെടുത്താമോ;

(സി) ഇനി തുക അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ മിച്ചമുണ്ടെന്നും ആയതിന്മേൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ -സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന തുകയുടെ മണ്ഡലംതിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## വർക്കല താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിതരണം

60 (1601) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല

മണ്ഡലത്തിലെ വർക്കല താലൂക്കിലെ വർക്കല വില്ലേജ്, ഇടവ വില്ലേജ്, അയിരൂർ വില്ലേജ്, വെട്ടൂർ വില്ലേജ്, ചെമ്മരുതി വില്ലേജ്, നാവായിക്കുളം വില്ലേജ്, കുടവൂർ വില്ലേജ്, പള്ളിക്കൽ വില്ലേജ്, മടവൂർ വില്ലേജുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ വിതരണം ചെയ്യുവാനുള്ള തുകയെത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വില്ലേജ് തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## വർക്കല താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

61 (1602) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 5,86,92,000 രൂപ വർക്കല താലൂക്കിൽ അനുവദിച്ചിട്ടുള്ളതും ആയതിൽ 5,71,49,500 രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

## ദുരിതാശ്വാസ നിധി ലഭ്യമാകുന്നതിലെ കാലതാമസം പരിഹരിക്കാൻ നടപടി

62 (1603) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷിച്ച് എല്ലാ പരിശോധനകളും പൂർത്തീകരിച്ച് ഗവൺമെന്റ് ഓർഡർ ഇറങ്ങിയാലും അനുവദിച്ച തുക അപേക്ഷകന് ലഭിക്കാൻ വീണ്ടും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ഗവൺമെന്റ് ഓർഡർ ഇറങ്ങി നിശ്ചിത ദിവസങ്ങൾക്കുള്ളിൽ അനുവദിച്ച തുക അപേക്ഷകന് ലഭിക്കുന്നതരത്തിൽ തീരുമാനം എടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽ വന്നിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽനിന്നും പണം ട്രഷറിയിലേയ്ക്കും ട്രഷറിയിൽനിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ സഹായത്തിന് കാലതാമസം

63 (1604) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചുവരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പുതിയതായി നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകന് പണം അനുവദിക്കുമ്പോൾ തന്നെ ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽനിന്നും പണം ട്രഷറിയിലേയ്ക്കും ട്രഷറിയിൽനിന്ന് നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്കും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും ഓൺലൈനായി നൽകിവരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രകൃതിദുരന്തങ്ങൾ കണ്ടെത്താൻ സർക്കാർ സംവിധാനം**

64 (1605) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ചുഴലിക്കാറ്റിന്റെ അനുഭവപശ്ചാത്തലത്തിൽ ഇത്തരം ദുരന്തങ്ങൾ മുൻകൂട്ടി മനസിലാക്കാൻ സർക്കാർ സ്വന്തമായി സംവിധാനമൊരുക്കാൻ ഐ.എസ്.ആർ.ഒ.യുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ISRO-INCOIS എന്നിവരുമായി ചേർന്ന് ഉപഗ്രഹാധിഷ്ഠിത മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നതിനുള്ള സംവിധാനമായ NAVIC, 500 മത്സ്യബന്ധനയാനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. കേരളത്തിന്റെ തീര അതിർത്തി വിട്ട് 1500 km വരെ ഈ സംവിധാനത്തിലൂടെ വിവരം ISRO-INCOIS-ന് നേരിട്ട് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സാധിക്കും. INCOIS-ൽ നിന്നുള്ള വിവിധ പ്രവചനങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മൊബൈൽ ഫോണിൽ ലഭ്യമാക്കുന്നതിന് 1,45,788 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ശേഖരിച്ച് INCOIS-ന് ലഭ്യമാക്കിയിട്ടുണ്ട്.

**ഷുഹൈബിന് ധനസഹായം**

65 (1606) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിയാനയിൽ ട്രെയിൻ യാത്രയ്ക്കിടയിൽ കൊലചെയ്യപ്പെട്ട ജുനൈദിന്റെ ബന്ധുക്കളെ ആശ്വസിപ്പിക്കുവാനായി മുഖ്യമന്ത്രി പ്രസ്തുത കുടുംബത്തെ സന്ദർശിക്കുകയും സമാശ്വാസമായി 10 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയും ചെയ്തിരുന്നോ;

(ബി) കണ്ണൂരിൽ കൊലചെയ്യപ്പെട്ട ഷുഹൈബിന്റെ വീട് മുഖ്യമന്ത്രി സന്ദർശിച്ച് കുടുംബത്തെ സമാശ്വസിപ്പിക്കുകയോ എന്തെങ്കിലും ധനസഹായം നൽകുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല.

**അക്ഷയ സെന്ററുകൾക്ക് അനുവദിച്ചിട്ടുള്ള സർവ്വീസ് ചാർജ്ജുകൾ**

66 (1607) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, പട്ടികജാതി ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധി എന്നിവയ്ക്കുള്ള അപേക്ഷ അക്ഷയ സെന്ററുകൾ മുഖാന്തരം സൗജന്യമായി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) വിവിധ അപേക്ഷകൾക്കും സേവനങ്ങൾക്കുമായി അക്ഷയ സെന്ററുകൾക്ക് അനുവദിച്ചിട്ടുള്ള സർവ്വീസ് ചാർജ്ജുകൾ വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനായുള്ള അപേക്ഷകൾ അക്ഷയ സെന്ററുകൾ മുഖേന സൗജന്യമായാണ് നൽകിവരുന്നത്. പ്രസ്തുത അപേക്ഷകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിനുള്ള സർവ്വീസ് ചാർജ് പട്ടികജാതി വികസന വകുപ്പാണ് അക്ഷയയ്ക്ക് അനുവദിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾക്ക് നിലവിൽ അപേക്ഷാഫീസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ അക്ഷയ കേന്ദ്രങ്ങൾ ഇത്തരം സേവനങ്ങൾക്ക് സമാന സേവനങ്ങൾക്കെന്നപോലെ ഒരു നിശ്ചിത ഫീസ് സർവ്വീസ് ചാർജായി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്ഷയ മുഖേന ലഭ്യമാക്കുന്ന സേവനങ്ങളുടെ സർവ്വീസ് ചാർജ് കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ചും സൗജന്യമായി നൽകേണ്ട സേവനങ്ങളെ സംബന്ധിച്ചും സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) അക്ഷയ കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്ന എല്ലാ സേവനങ്ങൾക്കും നിരക്ക് നിശ്ചയിച്ചിട്ടില്ല. നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജുകൾ കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ചും നിരക്ക് നിശ്ചയിച്ചിട്ടില്ലാത്ത സേവനങ്ങൾക്ക് സർവ്വീസ് ചാർജ് നിശ്ചയിക്കുന്നത് സംബന്ധിച്ചുമുള്ള അക്ഷയ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിൽ നിരക്ക് നിശ്ചയിച്ചിട്ടുള്ള സേവനങ്ങളുടെ സർവ്വീസ് ചാർജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഷുഹൈബിന്റെ കുടുംബത്തിന് നഷ്ടപരിഹാരം

67 (1608) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂരിൽ കൊലചെയ്യപ്പെട്ട ഷുഹൈബിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യത്തിന്മേൽ മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നിലപാട് എന്താണെന്നും എത്ര രൂപയാണ് കുടുംബത്തിന് നഷ്ടപരിഹാരമായി നൽകാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ബഹുമാനപ്പെട്ട കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 16-2-2018-ലെ ഉത്തരവ് പ്രകാരം മരണപ്പെട്ടയാളുടെ കുടുംബത്തിന് ധനസഹായം നൽകണമെന്ന ആവശ്യത്തിന്മേൽ ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ വിശദീകരണ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ആനുകൂല്യങ്ങളും സഹായങ്ങളും

68 (1609) ശ്രീ. എൻ .എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ; ഈ ലിസ്റ്റിൽപ്പെട്ട എത്രപേർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള ധനസഹായം അനുവദിച്ചു ; ഇവർക്ക് നൽകിയ മറ്റു ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണ്; ഇവരിൽ എത്രപേർക്കു പെൻഷൻ ലഭിക്കുന്നുണ്ടെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ; ഈ ലിസ്റ്റിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എത്രപേരുണ്ട് ; ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ;

(ബി) 2017 ജനുവരി 10 ന് സുപ്രീം കോടതി പുറപ്പെടുവിച്ച വിധി അനുസരിച്ച് എത്രപേർക്ക് ധനസഹായം നൽകി; പ്രസ്തുത സുപ്രീംകോടതി വിധിയുടെ കോപ്പി ലഭ്യമാക്കാമോ;

(സി) എൻഡോസൾഫാൻ ആനുകൂല്യങ്ങൾക്ക അർഹതയുണ്ടെങ്കിലും ലിസ്റ്റിൽപ്പെടാത്ത സമാനമായ എത്ര ദുരിതബാധിതരുണ്ടെന്ന് വ്യക്തമാക്കാമോ; അവർ ഇതുവരെയും ലിസ്റ്റിൽ ഉൾപ്പെടാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) എൻഡോസൾഫാൻ സെല്ലിന്റെ യോഗം അവസാനമായി ചേർന്നതെപ്പോഴാണെന്നും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എൻഡോസൾഫാൻ ബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളിൽ ആരൊക്കെ പങ്കെടുത്തിരുന്നുവെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് അന്നത്തെ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നും പ്രസ്തുത യോഗങ്ങളിൽ ആരൊക്കെ പങ്കെടുത്തിരുന്നുവെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ നിലവിൽ 6135 പേർ ഉൾപ്പെട്ടിട്ടുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരം 3524 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. നിലവിൽ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് പ്രതിമാസ പെൻഷൻ, എം-പാനൽഡ് ആശുപത്രികളിലൂൾപ്പെടെ സൗജന്യ ചികിത്സ, സൗജന്യ റേഷൻ എന്നിവ നൽകിവരുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ മുൻഗണനയും ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവും സർക്കാർ ദുരിതബാധിതർക്ക് അനുവദിച്ച് വരുന്നുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ചവരായി 1182 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. 2017-ലെ മെഡിക്കൽ ക്യാമ്പിൽനിന്നും കണ്ടെത്തിയിട്ടുള്ള ബുദ്ധിമാന്ദ്യം സംഭവിച്ച 21 പേർക്ക് ആനുകൂല്യങ്ങൾ അനുവദിക്കാനുണ്ട്. ദുരിതബാധിതർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെല്ലാംതന്നെ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ലഭിക്കുന്നുണ്ട്. പെൻഷൻ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെയും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശകളുടെയും അടിസ്ഥാനത്തിലാണ് ദുരിതബാധിതർക്ക് ധനസഹായം നൽകിവരുന്നത്. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും ദുരിതംമൂലം മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക വൈകല്യമുള്ളവർ, കാൻസർ രോഗികൾ എന്നിവർക്ക് 3 ലക്ഷം രൂപ വീതവും ഗഡുക്കളായി നൽകി വരുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ഇതുവരെ ധനസഹായം ലഭിച്ചവരുടെ പട്ടികയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ പകർപ്പും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴിയാണ് കൃത്യമായ, മാനദണ്ഡങ്ങൾ പ്രകാരം ദുരിതബാധിതരെ കണ്ടെത്തുന്നത്. പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് എല്ലാവർക്കും അവസരം നൽകുന്നുണ്ട്. ഇനിയും പട്ടികയിൽ ഉൾപ്പെടാത്തവരുണ്ടോ എന്നുള്ള വിവരങ്ങൾ മെഡിക്കൽ ക്യാമ്പിലൂടെ മാത്രമേ കണ്ടെത്താൻ സാധിക്കുകയുള്ളൂ.

(ഡി) 8-2-2018-നാണ് അവസാനമായി ജില്ലാതല സെൽ യോഗം ചേർന്നിട്ടുള്ളത്. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. 2017 മെഡിക്കൽ ക്യാമ്പിൽ ഉൾപ്പെട്ടിട്ടുള്ള 287 പേരുടെ പട്ടിക പെൻഷൻ അനുവദിക്കുന്നതിനും പ്രത്യേക ധനസഹായം അനുവദിക്കുന്നതിനുമായി കാറ്റഗറൈസ് ചെയ്തത് സെൽ അംഗീകരിച്ചു.
2. 2013 സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽനിന്നും കണ്ടെത്തിയ 1318 പേരെയും പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.
3. എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് കൃത്യമായ ഗൈഡ്‌ലൈൻ കരട് തയ്യാറാക്കുന്നതിന് എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജരെ ചുമതലപ്പെടുത്തി.
4. നബാർഡ് ആർ.ഐ.ഡി.എഫ്. പ്രവൃത്തികളുടെ കാലാവധി 2018 മാർച്ച് 31-ന് അവസാനിക്കുന്നതിനാൽ പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി.

(ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ലോക കേരള സഭയുടെ പ്രഥമ സമ്മേളന നടത്തിപ്പിന് അനുവദിച്ച തുക

69 (1610) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയിൽ ആകെ എത്ര അംഗങ്ങളാണുള്ളത്; ഇവർ ആരെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ;

(ബി) ലോക കേരള സഭയുടെ പ്രഥമ സമ്മേളന നടത്തിപ്പിന് സർക്കാർ അനുവദിച്ച തുക എത്രയാണ്;

(സി) ഓരോ അംഗങ്ങളുടെ താമസത്തിനും മറ്റുമായി ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) ലോക കേരള സഭയിൽ ആകെ 351 അംഗങ്ങളാണുള്ളത്.

| | | |
|---|---|---|
| എം.എൽ.എ.-മാർ | - | 141 |
| എം.പി.-മാർ | - | 33 |
| വിദേശ രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ | - | 99 |
| ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ | - | 42 |
| തിരിച്ച് വന്ന പ്രവാസികളെ പ്രതിനിധീകരിക്കുന്ന അംഗങ്ങൾ | - | 6 |
| എമിനന്റ് എൻ.ആർ.കെ. | - | 30 |

(ബി) ലോക കേരള സഭയുടെ പ്രഥമ സമ്മേളനവുമായി ബന്ധപ്പെട്ട് 4.5 കോടി രൂപ ലോക കേരള സഭാ സമ്മേളനത്തിനും 2 കോടി രൂപ അതിനോട് അനുബന്ധിച്ച് നടത്തിയ ആഗോള സാംസ്കാരികോത്സവത്തിനുമായി മൊത്തം 6.5 കോടി രൂപ അനുവദിച്ചിരുന്നു.

(സി) അംഗങ്ങൾക്ക് താമസം ഒരുക്കിയ സ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്. അവയുടെ വിശദ പരിശോധന നടന്നുവരുന്നു. പ്രസ്തുത പരിശോധന പൂർത്തിയായാൽ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

## കസ്റ്റംസ് ഉദ്യോഗസ്ഥർക്കെതിരെ ഉയർന്നുവന്ന പരാതികൾ

70 (1611) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ എയർപോർട്ടിൽ പ്രവാസികളായ യാത്രക്കാരുടെ ലഗേജുകൾ കൊള്ളയടിക്കപ്പെട്ട വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കസ്റ്റംസ് ഉദ്യോഗസ്ഥർക്കെതിരെ ഉയർന്നുവന്ന പരാതികളിൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പരാതികൾ ലഭിച്ച കേസിൽ അന്വേഷണവിധേയമായി ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ;

(ഡി) കസ്റ്റംസ് ഉദ്യോഗസ്ഥരുടെ ചൂഷണത്തിൽനിന്നും പ്രവാസി യാത്രക്കാരെ രക്ഷിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കസ്റ്റംസ് ഉദ്യോഗസ്ഥർക്കെതിരെ പരാതികളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ അപ്രകാരം കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) കരിപ്പൂർ എയർപോർട്ടിനകത്ത് എത്തിച്ചേരുന്ന യാത്രക്കാരുടെ ബാഗേജുകളിൽനിന്നും പാസ്പോർട്ടും മറ്റ് വിലപിടിപ്പുള്ള രേഖകളും നഷ്ടപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി എയർപോർട്ടിനകത്ത് കൂടുതൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് എയർപോർട്ട് അതോറിറ്റി സി.ഐ.എസ്.എഫ്. അധികൃതർ എന്നിവർക്ക് ശിപാർശ നൽകിയിട്ടുണ്ട്.

## ശബരിമലയ്ക്കടുത്ത് അന്താരാഷ്ട്ര വിമാനത്താവളം

71 (1612) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയ്ക്കടുത്ത് അന്താരാഷ്ട്ര വിമാനത്താവളം സ്ഥാപിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം നടപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതേപ്പറ്റി പഠനം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത് ; ഇവർ എന്നാണ് റിപ്പോർട്ട് നൽകേണ്ടത് ;

(സി) കേന്ദ്ര സർക്കാരിൽനിന്നും വിമാനത്താവളത്തിനായി എന്തൊക്കെ അനുമതികളാണ് വാങ്ങേണ്ടത് ; ഇതിന് എന്ത് കാലതാമസം നേരിടും;

(ഡി) വിമാനത്താവളം നിർമ്മിക്കാനായി അനുയോജ്യമായ ഏതെങ്കിലും സ്ഥലം കണ്ടെത്തിയോ; ഏത് സ്ഥലം; സ്ഥലം വിട്ടുലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടത്;

(ഇ) എല്ലാ അനുമതികളും ലഭ്യമാക്കി എന്നത്തേയ്ക്ക് വിമാനത്താവളം നിർമ്മിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിന് 21-2-2017-ലെ സ.ഉ.(കൈ.)13/2017/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. ഒരു താൽപ്പര്യ പത്രം പ്രസിദ്ധപ്പെടുത്തുകയും സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. 25-9-2017-ലെ സ.ഉ.(കൈ.)76/2017/ഗതാ. നമ്പർ സർക്കാർ ഉത്തരവിലൂടെ ആയതിന് വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റായി കെ.എസ്.ഐ.ഡി.സി. ധാരണാപത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തി വിശദമായ പഠന റിപ്പോർട്ട് നാല് മാസത്തിനുള്ളിലും, പദ്ധതിക്കാവശ്യമായ അംഗീകാരവും അനുമതിയും ഒൻപത് മാസത്തിനുള്ളിലും ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ 4,55,40,000 രൂപ ഫീസ് നൽകിക്കൊണ്ട് M/s. Louis Berger Consulting Pvt. Ltd.-നെ 25-9-2017-ലെ സ.ഉ.(കൈ) നമ്പർ 76/17/ഗതാ. പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിരുന്നു.

(സി) ഡി.ജി.സി.എ., വ്യോമയാന മന്ത്രാലയം, പ്രതിരോധ മന്ത്രാലയം, കേന്ദ്ര ആഭ്യന്തര മന്ത്രാലയം എന്നിവരുടെ ക്ലിയറൻസ്, വനം-പരിസ്ഥിതി വകുപ്പിന്റെ അനുമതി, കേന്ദ്ര സർക്കാരിന്റെ 'in principal' അപ്രൂവൽ എന്നിവ ഒൻപത് മാസത്തിനുള്ളിൽ ലഭ്യമാകുമെന്ന് കരുതുന്നു.

(ഡി) 21.07.2017-ലെ സ.ഉ. (കൈ.) നമ്പർ 60/2017/ഗതാ ഉത്തരവ് പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷന്റെ സ്ഥലം തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. തുടർനടപടി കൈക്കൊണ്ടുവരുന്നു.

(ഇ) കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭ്യമാക്കേണ്ട അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റ് പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## തിരുവനന്തപുരം വിമാനത്താവള വികസനംമൂലം ഭൂമി നഷ്ടപ്പെടുന്നവരുടെ പുനരധിവാസം

72 (1613) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവള വികസനത്തിന്റെ ഭാഗമായി വള്ളക്കടവ്, വയ്യാമൂല പ്രദേശങ്ങളിൽനിന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കൽമൂലം ഭൂമി നഷ്ടപ്പെടുന്നവരുടെ പുനരധിവാസം, തൊഴിൽ സുരക്ഷ എന്നിവ ഉറപ്പാക്കണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ; ഏറ്റെടുക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരമായി ഗെയിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ പാക്കേജ് നടപ്പിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന്റെ ഭാഗമായി പേട്ട വില്ലേജിലെ വയ്യാമൂല പ്രദേശത്തുനിന്ന് വിവിധ സർവ്വേ നമ്പരുകളിലുൾപ്പെട്ട 18 ഏക്കർ സ്ഥലം 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സമഗ്രവും സഹകരണാത്മകവുമായ ഒരു മികച്ച പുനരധിവാസ പാക്കേജിലൂടെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോകാമെന്നതാണ് പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശ. പ്രസ്തുത റിപ്പോർട്ടിലെ സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച ശിപാർശകളുൾക്കൊള്ളുന്ന അധ്യായത്തിന്റെ പ്രസക്തഭാഗം അനുബന്ധമായി ചേർക്കുന്നു*.

(സി) സ്ഥലം ഏറ്റെടുക്കൽമൂലം ഭൂമി നഷ്ടപ്പെടുന്നവരുടെ പുനരധിവാസം, തൊഴിൽ സുരക്ഷ എന്നിവ സ.ഉ. (സാധാ.) നമ്പർ 448/2017/റവ തീയതി 29.12.2017-ലെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്. ഏറ്റെടുക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരമായി ഗെയിൽ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേക പാക്കേജ് അനുവദിക്കുന്നതിന് നിർവ്വാഹമില്ല.

## കൊച്ചി മെട്രോ റെയിൽ രണ്ടാംഘട്ടം

73 (1614) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>:

<u>ശ്രീ. ഹൈബി ഈഡൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ രണ്ടാംഘട്ടം സ്ഥലമെടുപ്പ് നടപടി എവിടെവരെയായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) എന്നത്തേക്ക് സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കാൻ സാധിക്കും;

(സി) സ്ഥലം ഏറ്റെടുക്കൽ വൈകുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ;

(ഡി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊച്ചി മെട്രോ റെയിൽ രണ്ടാംഘട്ടത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ തുടങ്ങിയിട്ടില്ല.

(ബി -ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ പോളിസി അനുസരിച്ച് തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ടിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാവുകയുള്ളൂ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അന്തർ സംസ്ഥാന നദികളിൽനിന്നും സംസ്ഥാനത്തിന് അർഹമായ ജലം

74 (T1615) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നദികളിൽനിന്നും സംസ്ഥാനത്തിന് അർഹമായ ജലം ലഭിക്കാത്തത് കാരണം സംസ്ഥാനത്തിനുണ്ടായ നഷ്ടം സംബന്ധിച്ച് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പഠനം നടത്തുന്നതിനായി നിയോഗിച്ച ഏജൻസിയെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പഠന റിപ്പോർട്ട് ഏതു കാലാവധിയ്ക്കുള്ളിൽ നല്കാനാണ് നിർദ്ദേശം നല്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പഠനം നടത്താനായി തീരുമാനമെടുത്തിട്ടില്ല.

## കാവേരി നദീ ജലതർക്കത്തിൽ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി

75 (T*1616) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീ ജലതർക്കത്തിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) വിധി കേരളത്തെ അനുകൂലമായാണോ പ്രതികൂലമായാണോ ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിധി നടപ്പിലാക്കുമ്പോൾ കേരളത്തിനുണ്ടാകാൻ പോകുന്ന ഗുണവും ദോഷവും വിലയിരുത്തിയിട്ടുണ്ടോ; സുപ്രീംകോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കാവേരിയിൽനിന്ന് അർഹതപ്പെട്ട ജലം നേടിയെടുക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടതിനു പിന്നിൽ വെള്ളത്തിന്റെ ആവശ്യവും അതു ഉപയോഗിക്കാനുള്ള സംവിധാനങ്ങളും കൃത്യമായി ധരിപ്പിക്കുന്നതിലുണ്ടായ വീഴ്ചയാണെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) 10 വർഷം മുമ്പ് കാവേരി ട്രൈബ്യൂണൽ മുൻപാകെ ഇക്കാര്യം ബോധിപ്പിക്കുന്നതിൽ വന്ന പോരായ്മ സുപ്രീംകോടതിയിലും ആവർത്തിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആക്ഷേപം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കാമോ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഇ) ഡൽഹിയിൽ ആരംഭിച്ച കാവേരി സെൽ കഴിഞ്ഞവർഷം അടച്ചുപൂട്ടിയതും നദീജല പ്രശ്നത്തിനുള്ള സംസ്ഥാനതല സെല്ലിന്റെ പ്രവർത്തനം ആവസാനിപ്പിച്ചതും കേരളത്തിന് ദോഷം ചെയ്തു എന്നത് ശരിയാണോ;

(എഫ്) നദീജലം പങ്കുവയ്ക്കൽ ചട്ടമനുസരിച്ച് കുടിവെള്ളത്തിനാണ് ആദ്യപരിഗണന എന്നിരിക്കെ ജലത്തിന്റെ ആവശ്യം തെളിയിക്കാൻ സർക്കാർ നിർദ്ദേശിച്ച പദ്ധതികളിൽ മിക്കതും ജലവൈദ്യുത പദ്ധതികളായിരുന്നു എന്നത് കേരളത്തെ ദോഷകരമായി ബാധിച്ചു എന്നത് ശരിയാണോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കാവേരി നദീ ജലതർക്കത്തിൽ സുപ്രീംകോടതി വിധി സർക്കാർ പരിശോധിച്ച് വരികയാണ്. വിധിയുടെ സോഫ്റ്റ് കോപ്പി ഉള്ളടക്കം ചെയ്യുന്നു*.

(സി) ശരിയല്ല.

(ഡി) വസ്തുതാപരമല്ല.

(ഇ) ശരിയല്ല.

(എഫ്) ശരിയല്ല. കേരളം സമർപ്പിച്ച പദ്ധതികൾ വിവിധോദ്ദേശ പദ്ധതികളാണ്. വിവിധോദ്ദേശ പദ്ധതികൾ ജലസേചനത്തിനും ജലവൈദ്യുതിക്കും വേണ്ടി ഉപയോഗിക്കുന്നതാണ്. ഇവയിൽ Trans basin diversion ഉള്ളതുകൊണ്ട് പ്രസ്തുത പദ്ധതികൾക്കുള്ള അനുമതി സുപ്രീംകോടതി നിഷേധിക്കുകയുണ്ടായി. എന്നാൽ ബാണാസുര സാഗർ വിവിധോദ്ദേശ പദ്ധതിയെ സംബന്ധിച്ച് ജലസേചനത്തിന് 0.84 റ്റി.എം.സി. ജലം കേരളത്തിന് അനുവദിച്ചിട്ടുണ്ട്.

കാവേരി ബേസിനിൽ ഉൾപ്പെടുന്ന ഓരോ സംസ്ഥാനങ്ങളുടെയും നദീതടത്തിലെ ജനസംഖ്യയുടെ അനുപാതത്തിന് അനുസരിച്ചാണ് കുടിവെള്ളത്തിനുള്ള ജലവിഹിതം സുപ്രീംകോടതി കണക്കാക്കിയിട്ടുള്ളത്. കേരളത്തിന്റെ കാവേരി ബേസിനിൽ ഉൾപ്പെടുന്ന നദീതടത്തിലെ ജനസംഖ്യയുടെ അനുപാതത്തിൽ കുടിവെള്ളം നൽകിയിട്ടുണ്ട്.

## കാവേരി നദീ ജല വിഹിതം

76 (1617) <u>ശ്രീ. അനിൽ അക്കര:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദിയിലേക്ക് കേരളത്തിന്റെ സംഭാവന എത്ര റ്റി.എം.സി. ജലമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാവേരി ട്രൈബ്യൂണൽ വിധി വരുന്നതിനുമുമ്പ് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിഹിതം എത്ര റ്റി.എം.സി ജലമായി നിജപ്പെടുത്തിയിരുന്നു;

(സി) ട്രൈബ്യൂണലിന്റെ വിധി സുപ്രീംകോടതി ശരിവച്ചതോടുകൂടി എത്ര റ്റി.എം.സി ജലമാണ് ഇനി സംസ്ഥാനത്തിന് ലഭിക്കുന്നത്;

(ഡി) കബനിയിൽ അനുവദിച്ച 21 റ്റി.എം.സി. ജലത്തിൽ വിവിധ പദ്ധതികൾക്ക് കേരളം നിലവിൽ പ്രയോജനപ്പെടുത്തുന്നത് എത്ര റ്റി.എം.സി ജലമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാവേരി നദിയിലേയ്ക്ക് കാവേരിയുടെ കേരളത്തിലെ മൂന്ന് ഉപനദീതടങ്ങളിൽ (കബനി 96 റ്റി.എം.സി., പാമ്പാർ 15 റ്റി.എം.സി., ഭവാനി 36 റ്റി.എം.സി.) നിന്നും കേരളത്തിന്റെ സംഭാവന 147 റ്റി.എം.സി. ജലമാണ്.

(ബി) കാവേരി നദിയിലെ ഉപഭോഗത്തെ സംബന്ധിച്ച് 1976 ആഗസ്റ്റ് 25, 26 തീയതികളിൽ കേന്ദ്ര ജലവിഭവ കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേരളം, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങൾ പങ്കെടുത്ത ചർച്ചയിൽ കാവേരിയുടെ നിലവിലുള്ള ഉപഭോഗം 671 റ്റി.എം.സി. എന്നും അതിൽ കേരളത്തിന്റെ ഉപയോഗം 5 റ്റി.എം.സി. ആണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ജലസേചനം ആധുനീകരിച്ച്, തമിഴ്നാടും പുതുച്ചേരിയുടെ കാരയ്ക്കൽ റീജിയണും 15 വർഷം കൊണ്ട് 125 റ്റി.എം.സി. ജലം മിച്ചം പിടിക്കണമെന്നും അതിൽനിന്നും 15 വർഷത്തിനുശേഷം (1991) 34 റ്റി.എം.സി. ജലം കേരളത്തിന്റെ ഉപഭോഗത്തിനായി നൽകണമെന്നുമായിരുന്നു അന്നത്തെ ചർച്ചയിൽ തീരുമാനിച്ചത്.

(സി) ട്രൈബ്യൂണലിന്റെ വിധി സുപ്രീംകോടതി ശരിവച്ചതോടെ കേരളത്തിന് 30 റ്റി.എം.സി. ജലമാണ് ലഭിക്കേണ്ടത്.

(ഡി) കബനി ബേസിനിൽ അനുവദിക്കപ്പെട്ടിട്ടുള്ള 21 റ്റി.എം.സി. ജലത്തിൽ 11.71 റ്റി.എം.സി. ജലം കേരളം ഉപയോഗപ്പെടുത്തിവരുന്നു.

**കാവേരി നദീജലം സംബന്ധിച്ച സുപ്രീംകോടതി വിധി**

77 (1618) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദീജലം സംബന്ധിച്ച സുപ്രീംകോടതിവിധി സംസ്ഥാന താൽപ്പര്യങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനാനന്തര നദികൾ രാജ്യത്തിന്റെ പൊതുസ്വത്താണെന്ന് സുപ്രീംകോടതി വിധിയിലെ പരാമർശം സംസ്ഥാനത്തെ ഏതെങ്കിലും നദികളിൽ നിന്നും ജലം കൂടുതലായി അയൽ സംസ്ഥാനങ്ങൾക്ക് വിട്ടുകൊടുക്കേണ്ട അവസ്ഥ ഉണ്ടാക്കിയിട്ടുണ്ടോ ;

(സി) സംസ്ഥാനം എത്ര ഘന അടി വെള്ളം അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടത് ; സുപ്രീംകോടതി വിധിയനുസരിച്ച് എത്ര ഘന അടി വെള്ളം കാവേരി നദിയിൽ നിന്നും അനുവദിച്ചിട്ടുണ്ട് ;

(ഡി) നേരത്തെ അനുവദിച്ചിരുന്ന വെള്ളം സംസ്ഥാനം എന്താവശ്യങ്ങൾക്കാണ് ഉപയോഗിച്ചിരുന്നത് ; വൈദ്യുതി ഉൽപ്പാദനത്തിന് അത് ഉപയോഗിച്ചിട്ടുണ്ടോ;

(ഇ) കബനി, ഭവാനി,പാമ്പാർ നദികളിലെ വെള്ളം തിരിച്ചുവിടണമെന്ന കേരളത്തിന്റെ ആവശ്യം കോടതി അംഗീകരിച്ചിട്ടുണ്ടോ ; വൈദ്യുതി ഉത്പാദനത്തിന് കൂടുതൽ വെള്ളം അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം സുപ്രീംകോടതി നിഷേധിച്ചത് എന്തടിസ്ഥാനത്തിലാണ് ?

<u>ഉത്തരം</u>

(എ) കാവേരി നദീ ജലതർക്കത്തിൽ സുപ്രീംകോടതി വിധി സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഇല്ല.

(സി) 99.8 റ്റി.എം.സി. ജലം അനുവദിക്കണമെന്നാണ് കേരളം ആവശ്യപ്പെട്ടത്. 30 റ്റി.എം.സി. ജലം കേരളത്തിന് അനുവദിച്ച കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രൈബ്യൂണലിന്റെ വിധി സുപ്രീം കോടതി ശരിവെച്ചിരിക്കുകയാണ്.

(ഡി) കാവേരി വാട്ടർ ഡിസ്പ്യൂട്ട് ട്രൈബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിന് അനുവദിച്ച ജലം ജലസേചന പദ്ധതികൾക്കും കുടിവെള്ള ആവശ്യത്തിനും ചെറുകിട ജലസേചന പദ്ധതികൾക്കുംവേണ്ടി വിനിയോഗിച്ചു വരുന്നു. വൈദ്യുതി ഉൽപ്പാദനത്തിന് ഉപയോഗിച്ചിട്ടുണ്ട്.

(ഇ) അംഗീകരിച്ചിച്ചില്ല. കാവേരി ബേസിനിൽ ജലം കുറവുള്ളതിനാൽ കേരളം ആവശ്യപ്പെട്ട Trans Basin Diversion സുപ്രീം കോടതി അനുവദിച്ചില്ല.

## അന്തർ സംസ്ഥാന നദീജല കരാറുകൾ

78 (T1619) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച വിഷയം ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്ന കാര്യത്തിൽ സർക്കാർ പിന്നോക്കമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഈ സർക്കാർ മുഖ്യമന്ത്രിതലത്തിൽ എത്ര കത്തുകൾ മറ്റ് സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത കരാറുകളിലെ സംസ്ഥാന താൽപ്പര്യം സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) അന്തർ സംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച വിഷയങ്ങളിൽ കേരളത്തിന്റെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ ഇടപെടലുകൾ കേരള സർക്കാർ യഥാസമയം നടത്തിവരുന്നുണ്ട്. ഇതിൽ ജാഗ്രതാക്കുറവൊന്നും കാണിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 16-9-2016, 29-4-2017, 9-8-2017, 4-1-2018, 8-2-2018, 12-2-2018 എന്നീ തീയതികളിൽ തമിഴ്നാട് സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്.

(സി) കേരളത്തിന് പ്രധാനമായും ജലം ലഭിക്കുന്ന പി.എ.പി. കരാറിന്റെ കാര്യത്തിൽ കരാർപ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങൾ മുഖാന്തരം നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു.

ഇതിനുപുറമേ ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പു ജലവർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഉഭയകക്ഷി ചർച്ചയടക്കമുള്ള ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ 20-2-2018-ൽ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഹൈദ്രാബാദിൽ ചേർന്ന ദക്ഷിണ സംസ്ഥാനങ്ങളുടെ ആദ്യ പ്രാദേശിക സമ്മേളനത്തിൽ പി.എ.പി. സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾ അംഗീകരിച്ച ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി, കരാർ വ്യവസ്ഥകൾ പാലിക്കുന്നതിനും കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും ഇരു സംസ്ഥാനത്തെയും മുഖ്യമന്ത്രിമാർ തലത്തിൽ ചർച്ച ചെയ്യണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

**അന്തർ സംസ്ഥാന നദീജല കരാറുകൾ**

79 (1620) ശ്രീ. പി. ടി. തോമസ്:

ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം അയൽ സംസ്ഥാനങ്ങളുമായി ഏർപ്പെട്ടിരിക്കുന്ന അന്തർസംസ്ഥാന നദീജല കരാറുകൾ ഏതെല്ലാമെന്ന് വ്യകതമാക്കാമോ;

(ബി) ഓരോ കരാർ പ്രകാരവും കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ അനുവദനീയമായ ജലം കേരളത്തിന് ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വിശദീകരിക്കുമോ;

(ഡി) അനുവദനീയമായ ജലം കേരളത്തിന് ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന അറിയിക്കുമോ?

ഉത്തരം

(എ) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കേരളം തമിഴ്നാടുമായി താഴെപ്പറയുന്ന കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്.

9-11-1958 മുതൽ മുൻകാലപ്രാബല്യത്തോടെ 29-5-1970-ൽ ഒപ്പുവച്ച പറമ്പിക്കുളം -ആളിയാർ പദ്ധതി (പി.എ.പി.) കരാർ, 19-8-1973-ൽ ഒപ്പുവച്ച ശിരുവാണി കുടിവെള്ള പദ്ധതി കരാർ, 1886 ഒക്ടോബർ 29-ന് തിരുവിതാംകൂർ മഹാരാജാവും, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും ഒപ്പുവച്ച പെരിയാർ പാട്ട കരാർ, 1970-ലെ മുല്ലപ്പെരിയാർ അനുബന്ധ കരാറുകൾ എന്നിവയാണ് അവ. (പെരിയാർ പാട്ടക്കരാറിന് നിയമസാധുത ഇല്ലെന്നാണ് കേരളത്തിന്റെ നിലപാടെങ്കിലും 7-5-2014-ലെ സുപ്രീംകോടതി വിധിയിൽ കേരളത്തിന്റെ നിലപാട് അംഗീകരിച്ചിട്ടില്ല.) നദീജലം പങ്കുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കർണ്ണാടകയുമായി കരാറുകളൊന്നും തന്നെയില്ല.

(ബി) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിൽ നിന്നാണ് പ്രധാനമായും ജലം ലഭിക്കുന്നത്. ഇതുപ്രകാരം ഒരു ജലവർഷം (ജൂലൈ 1 മുതൽ ജൂൺ 30 വരെ) മണക്കടവ് വിയറിൽ 7520 എം.സി.എഫ്.ടി.-യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.-യുമാണ് കേരളത്തിന്റെ വിഹിതം.

ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർനീരാറിലെ തനത് നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇതിനുപുറമേ പറമ്പിക്കുളം വ്യൂഹം ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനത് നീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടിപുഴയിലേയ്ക്കും വിടേണ്ടതാണ്. ശിരുവാണി കുടിവെള്ള പദ്ധതി കരാർ പ്രകാരം കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി ശിരുവാണി അണക്കെട്ടിൽനിന്ന് 5.0 ക്യൂസെക്സ് എന്നതോതിൽ കേരളത്തിലേയ്ക്ക് ജലത്തിന്റെ ഒഴുക്ക് നിലനിർത്തേണ്ടതാണ്. പെരിയാർ പാട്ടകരാർ പ്രകാരം കേരളത്തിന് ജലം ലഭിക്കാനുള്ള വ്യവസ്ഥയില്ല.

(സി) പറമ്പിക്കുളം ആളിയാർ പദ്ധതി പ്രകാരം കേരളത്തിന് ലഭിക്കാനുള്ള ജലം മഴക്കുറവുള്ള സമയങ്ങളിൽ പൂർണ്ണതോതിൽ ലഭിക്കാറില്ല. എന്നാൽ അപ്പർ നീരാറിലെ തനത് നീരൊഴുക്ക് ഏറെക്കുറെ കേരളത്തിന് ലഭിക്കുന്നുണ്ട്.

(ഡി) കേരളത്തിന് പി.എ.പി. കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യു.ആർ.ബി.) യോഗങ്ങൾ മുഖാന്തരം നേടിയെടുക്കാറുണ്ട്. ഇത് ഫലവത്തായില്ലെങ്കിൽ സർക്കാർതലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന കേരളത്തിന്റെ ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു.

ഇതിനുപുറമെ കേരള ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പുജലവർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ഉഭയകക്ഷി ചർച്ച അടക്കമുള്ള ഊർജ്ജിത നടപടികൾ കേരളം സ്വീകരിച്ചുവരുന്നു.

## പറമ്പിക്കുളം - ആളിയാർ പദ്ധതി

80 (T 1621) ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽനിന്ന് ചിറ്റൂർ പുഴയിലേക്ക് ജലം നിഷേധിച്ച തമിഴ് നാടിന്റെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) മുൻകൂട്ടി നിശ്ചയിച്ചിരുന്ന സെക്രട്ടറിതല ചർച്ചയിൽനിന്ന് തമിഴ്നാട് ഏകപക്ഷീയമായി പിൻമാറിയ സാഹചര്യമെന്തായിരുന്നു;

(സി) കരാർ പ്രകാരം എത്ര റ്റി.എം.സി. ജലമാണ് കേരളത്തിന് തമിഴ്നാട് നൽകേണ്ടത്; 2016-ലും 2017-ലും എത്ര റ്റി.എം.സി. ജലം നൽകി;

(ഡി) സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം വിട്ടുകിട്ടുന്നതിനു മുഖ്യമന്ത്രിതല ചർച്ച നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കരാർപ്രകാരം പൂർണ്ണതോതിൽ ജലം കിട്ടിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംയുക്ത ജലക്രമീകരണ ബോർഡിന്റെയും സംസ്ഥാന സെക്രട്ടറിമാരുടെയും യോഗങ്ങൾ ചേർന്നു. കൂടാതെ മുഖ്യമന്ത്രി തലത്തിൽ തമിഴ്നാട് മുഖ്യമന്ത്രി കത്തയയ്ക്കുകയും ദക്ഷിണ സംസ്ഥാനങ്ങളുടെ ആദ്യത്തെ സമ്മേളനത്തിൽ പ്രശ്നം ഉന്നയിക്കുകയും ചെയ്തു. ആയതുകൊണ്ട് ചിറ്റൂർ പുഴയിലേയ്ക്ക് ജലം ഇപ്പോൾ ലഭിക്കുന്നുണ്ട്.

(ബി) 19-1-2018-ൽ തിരുവനന്തപുരത്ത് നടന്ന സെക്രട്ടറിതല ചർച്ചയെത്തുടർന്ന് തുടർചർച്ച ഫെബ്രുവരി രണ്ടാംവാരം ചെന്നൈയിൽവച്ച് നടത്താമെന്ന് ധാരണയായിരുന്നു. എന്നാൽ ചില അസൗകര്യങ്ങൾ കാരണം ഫെബ്രുവരി രണ്ടാം വാരത്തിൽ നടത്താനിരുന്ന ചർച്ച മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെട്ടിരുന്നു. സെക്രട്ടറിതല തുടർചർച്ച ഉടൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം അതായത് ജൂലൈ 1 മുതൽ ജൂൺ 30 വരെ മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.-യും, കേരള ഷോളയാറിൽ 12300 എം.സി.എഫ്.ടി.-യുമാണ് കേരളത്തിന്റെ ജലവിഹിതം. കൂടാതെ ഒക്ടോബർ 1 മുതൽ ജനവരി 31 വരെയുള്ള അപ്പർ നീരാറിലെ തനതു നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. കരാർ പ്രകാരം ഇതിന്റെ അളവ് നിജപ്പെടുത്തിയിട്ടില്ല. ഇത് കേരളത്തിന് ലഭിക്കുന്നുണ്ട്. ഇതിനുപുറമേ പറമ്പിക്കുളം സിസ്റ്റം (പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം) ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനത് നീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്. എന്നാൽ 2015-16, 2016-17 ജല വർഷങ്ങളിൽ തനത് നീരൊഴുക്ക് 16350 എം.സി.എഫ്.ടി. എന്ന പരിധി കടന്നിട്ടില്ല.

കേരളത്തിന് പി.എ.പി.-യിൽനിന്നും 2015-16, 2016-17 ജല വർഷങ്ങളിൽ ലഭിച്ച ജലത്തിന്റെ അളവ് കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു:

| ജല വർഷം | കേരള ഷോളയാർ അളവ് എം. സി.എഫ്.റ്റി.-യിൽ | മണക്കടവ് വിയർ അളവ് എം. സി.എഫ്.റ്റി.-യിൽ | അപ്പർ നീരാർ വിയർ അളവ് എം. സി.എഫ്.റ്റി.-യിൽ |
|---|---|---|---|
| 2015-16 | 11114 | 7292 | 1131 |
| 2016-17 | 8204 | 4378 | 665 |

(ഡി) ആവശ്യാനുസരണം നടപടികൾ സ്വീകരിക്കുന്നതാണ്.

## സി.എം.ഒ. കേരള വെബ്സൈറ്റ് വഴി നിവേദന വിവരം അറിയിക്കാൻ നടപടി

81 (1622) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ശിപാർശയോടെ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന നിവേദനങ്ങളിൽ സ്വീകരിക്കുന്ന അന്തിമ നടപടി സംബന്ധിച്ച വിവരം സി.എം.ഒ. കേരള എന്ന വെബ്സൈറ്റ് വഴി എം.എൽ.എ.-മാരെ അറിയിക്കാൻ നിലവിൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സി.എം.ഡി.ആർ.എഫ്. അപേക്ഷകളിൽ സ്വീകരിക്കുന്ന നടപടി വിവരം അറിയിക്കുന്ന രീതിയിൽ നിവേദനങ്ങൾ/അപേക്ഷകൾ എന്നിവയിൽ സ്വീകരിച്ച അന്തിമ നടപടി സംബന്ധിച്ച വിവരം സി.എം.ഒ. കേരള എന്ന വെബ് സൈറ്റ് വഴി എം.എൽ.എ.-മാരെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) സി.എം.ഒ. പോർട്ടൽ വഴി അറിയിക്കാൻ നിലവിൽ സംവിധാനമില്ല.

(ബി) സി.എം.ഒ. പോർട്ടൽ വഴി ലഭിക്കുന്ന പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് പരാതികൾ കൈമാറുകയും പ്രസ്തുത വിവരം അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.എൽ.എ.-മാർക്ക് മറുപടി നൽകുകയും ചെയ്യുന്നുണ്ട്. സർക്കാർതലത്തിൽ തീരുമാനം കൈക്കൊള്ളേണ്ട പരാതികളിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും റിപ്പോർട്ട് വേണ്ടിവരുമ്പോൾ അത് കൂടി പരിശോധിച്ചാണ് തീരുമാനം കൈക്കൊള്ളുക. തീർപ്പ് സംബന്ധിച്ച അറിയിപ്പ് അതത് വകുപ്പുകൾ തന്നെ എം.എൽ.എ.-മാർക്ക് നൽകിവരുന്നുണ്ട്.

## മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് പുതിയ ചട്ടങ്ങൾ

82 (1623) <u>ശ്രീ. വി. ഡി. സതീശൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമങ്ങളെ നിയന്ത്രിക്കുന്നതിന് പുതിയ ചട്ടങ്ങൾ ആവശ്യമാണെന്ന് കരുതുന്നുണ്ടോ;ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) മാധ്യമങ്ങൾ കോടതി നടപടികളുടെ തത്സമയ റിപ്പോർട്ടിങ് ഒഴിവാക്കണമെന്നും അവർ നൽകുന്ന സ്ക്രോളിംഗ് ആശാസ്യമല്ലായെന്നും കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) അഭിഭാഷക-മാധ്യമ സംഘർഷത്തെത്തുടർന്ന് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഔദ്യോഗികതല സ്ഥാപനങ്ങളിലും പരിപാടികളിലും മാധ്യമ പ്രവർത്തകർക്ക് മീഡിയ കവറേജ് സുഗമമായി നടത്തുന്നതിന് കഴിയുന്നതും പ്രത്യേക സ്ഥലസൗകര്യമുൾപ്പെടെയുള്ള (മീഡിയ കോർണർ) ക്രമീകരണങ്ങൾ ഒരുക്കണമെന്നുള്ളതാണ് നിലപാട്.

(ബി&സി) കേരളത്തിലെ കോടതികളിൽ മാധ്യമവിലക്ക് ഇല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഹൈക്കോടതി രജിസ്ട്രാറും വ്യക്തമാക്കിയശേഷവും മാധ്യമപ്രവർത്തകർക്കുനേരെ ഒറ്റപ്പെട്ട ചില കയ്യേറ്റ ശ്രമങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് ജസ്റ്റിസിനെ കണ്ട് ഇക്കാര്യത്തിൽ ഇടപെടണമെന്ന്

അഭ്യർത്ഥിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് സർക്കാർ നിർദ്ദേശിച്ചിരുന്നു. അഡ്വക്കേറ്റ് ജനറൽ കാണാനിരിക്കെ ചീഫ് ജസ്റ്റിസ് പ്രശ്നത്തിൽ ഇടപെടുകയും പ്രശ്നം പരിഹരിച്ചതായി അറിയിക്കുകയും ചെയ്തിരുന്നു. കോടതിയുടെ അധികാരി അവിടത്തെ ന്യായാധിപന്മാർ തന്നെയാണ്. മാധ്യമ വിലക്കിന് അനുകൂല നിലപാടല്ല പൊതുവേ ഉണ്ടായിട്ടുള്ളത്. മാധ്യമസ്വാതന്ത്ര്യം കോടതിയിൽ പൂർണ്ണമായി സംരക്ഷിക്കണമെന്ന് ജുഡീഷ്യറിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പിൻവലിച്ച കേസുകൾ

83 (1624) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻതിരിച്ച് വ്യക്തമാക്കാമോ; ഈ കേസുകളുടെ ക്രൈം നമ്പർ, സി.സി. നമ്പർ, ചുമത്തപ്പെട്ട സെക്ഷനുകൾ, പ്രതികളുടെ പേരുവിവരങ്ങൾ എന്നിവ വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര രാഷ്ട്രീയ കേസുകൾ ഉണ്ടെന്നും മറ്റേതൊക്കെ രീതിയിലുള്ള കേസുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ കേസുകൾ പിൻവലിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; കേസുകൾ പിൻവലിക്കാൻ ആരൊക്കെ അപേക്ഷകൾ നൽകിയിരുന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## കേരളത്തിലെ ഭിക്ഷാടന മാഫിയ

84 (1625) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും പിഞ്ചുകുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി അംഗവൈകല്യം വരുത്തി, ഇപ്രകാരമുള്ള കുഞ്ഞുങ്ങളെ ഉപയോഗപ്പെടുത്തി കേരളത്തിൽ അങ്ങോളമിങ്ങോളം ഭിക്ഷാടനം നടത്തുന്ന ആൾക്കാരെ അമർച്ച ചെയ്യാനും ഇതിനുപുറകിൽ പ്രവർത്തിക്കുന്ന വൻമാഫിയകളെ ഉന്മൂലനം ചെയ്യുവാനും പോലീസ് സേനയിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഭിക്ഷാടകരുടെ പക്കലുള്ള ചെറുതും വലുതുമായ കുഞ്ഞുങ്ങളെയും ഇവരോടൊപ്പമുള്ള മുതിർന്നവരെയും പിടികൂടി ഫലപ്രദമായ ടെസ്റ്റുകൾക്ക് വിധേയരാക്കി, ഭിക്ഷാടനത്തിന് ഉപയോഗിക്കുന്നവർ കുഞ്ഞുങ്ങളുടെ യഥാർഥ മാതാപിതാക്കൾ തന്നെയാണോയെന്ന് കണ്ടുപിടിയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(സി) വിവിധതരത്തിലുള്ള ഭിക്ഷാടനമാഫിയകളെ ചെറുക്കാൻ കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഉപദേശവും ഇവരെ പോലീസിൽ ഏല്പിക്കാൻ പറ്റുന്ന തരത്തിലുള്ള മാർഗ്ഗങ്ങളും പകർന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും പിഞ്ചു കുഞ്ഞുങ്ങളെ തട്ടിക്കൊണ്ടുപോയി അംഗവൈകല്യം വരുത്തി, അവരെ ഉപയോഗപ്പെടുത്തി കേരളത്തിൽ അങ്ങോളമിങ്ങോളം ഭിക്ഷാടനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതികൾ ലഭിക്കുന്ന കേസുകളിൽ കുട്ടികളുടെയും ഇവരോടൊപ്പമുള്ള മുതിർന്നവരുടെയും യഥാർത്ഥ മാതാപിതാക്കളെ കണ്ടെത്തുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി മാത്രമേ നടപടി സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ.

(സി) സംസ്ഥാനത്ത് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഭവന സന്ദർശന സമയത്തും ജനങ്ങൾക്കൊപ്പമുള്ള വിവിധ സമ്മേളനങ്ങളിലും കൂടിക്കാഴ്ചകളിലും പൊതുജനങ്ങളോട് ഭിക്ഷാടനം പ്രോത്സാഹിപ്പിക്കരുതെന്ന നിർദ്ദേശം നൽകിവരുന്നതുമാണ്.

## പോലീസിന്റെ യൂണിഫോമിനോട് സാദൃശ്യമുള്ള യൂണിഫോം ധരിക്കൽ

85 (1626) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സുരക്ഷാ ജീവനക്കാരും ഏജൻസികളും പോലീസിന്റെ യൂണിഫോമിനോട് സാദൃശ്യമുള്ള യൂണിഫോം ധരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സൈനിക വിഭാഗങ്ങളുടെയും പോലീസിന്റെയും യൂണിഫോം ദുരുപയോഗം ചെയ്യുന്ന കുറ്റകൃത്യമായി കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇത്തരം വേഷം ധരിക്കുന്നവർക്കെതിരെയും ഏജൻസികൾക്ക് എതിരെയും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'ദ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് (റെഗുലേഷൻ) ആക്ട് 2005'-ലെ സെക്ഷൻ 21 പ്രകാരം അത് ശിക്ഷാർഹമായ കുറ്റകൃത്യമാണ്.

(ബി) സ്വീകരിച്ചിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിയ്ക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സംസ്ഥാനത്തെ ക്രമസമാധാനനില**

86 (1627) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാനനില ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോശമായിക്കൊണ്ടിരിക്കുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയിൽ തെളിഞ്ഞ കാര്യങ്ങൾ വ്യക്തമാക്കാമോ;

(ബി) എല്ലാത്തരത്തിലുമുള്ള കുറ്റകൃത്യങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾക്കും ദുർബല വിഭാഗങ്ങൾക്കുമെതിരെ വർദ്ധിച്ചുവരുന്ന ആക്രമണങ്ങളും മയക്കുമരുന്നിന്റെ വ്യാപനവും തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഈ സർക്കാരിന്റെ കാലത്ത് മാനസിക സമ്മർദ്ദംമൂലം പോലീസുദ്യോഗസ്ഥർ ആത്മഹത്യചെയ്യേണ്ടി വന്ന സാഹചര്യവും വധഭീഷണി നേരിടേണ്ടിവരുന്ന സാഹചര്യവും പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഭരണകക്ഷി നേതാക്കൾത്തന്നെ പോലീസ് സ്റ്റേഷനുകളിൽ കടന്ന് ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുകയും സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ തടയുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിനും, നിഷ്പക്ഷമായി അവരുടെ കടമ നിർവ്വഹിക്കുന്നതിനും ഉതകുന്ന നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ക്രമസമാധാനം മോശമായിക്കൊണ്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ക്രമസമാധാനനില മുമ്പത്തെക്കാളും ഭദ്രമായ നിലയിലാണ്.

(ബി) കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് 2016, 2017 വർഷങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിൽ 2016-നെ അപേക്ഷിച്ച് 2017-ൽ Indian Penal Code വിഭാഗത്തിൽ 9%കുറവും Special & Local Laws വിഭാഗത്തിൽ 7.05% കുറവുമാണ് കാണപ്പെടുന്നത്. വിശദവിവരം ഇതോടൊപ്പം അനുബന്ധമായി* ചേർത്തിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയുമുണ്ടാകുന്ന അക്രമങ്ങളും പീഡനങ്ങളും ഫലപ്രദമായി നേരിടുന്നതിനും അമർച്ച ചെയ്യുന്നതിനും അതുവഴി അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷ, സ്വയം പ്രതിരോധ പരിശീലന പരിപാടികൾ, കൂടാതെ കോളേജുകൾ, സ്കൂൾ, റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുമായി ഒത്തൊരുമിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. ദുർബല വിഭാഗങ്ങളുടെ പരാതികളും ആവശ്യങ്ങളും പരിഗണിക്കുന്നതിന് മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാരും ഇവരുടെ വാസസ്ഥലങ്ങളിൽ എത്തി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മയക്കുമരുന്നിന്റെ വ്യാപനം തടയുന്നതിന് സ്കൂൾ, കോളേജ് എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും മറ്റു വകുപ്പുകളുമായി സഹകരിച്ച് സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചും കുറ്റവാളികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാരിന്റെ കാലത്ത് 2016-ൽ 9 പേരും 2017-ൽ 14 പേരും 2018-ൽ 3 പേരും വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷം കുറയ്ക്കാനുള്ള വിവിധ ബോധവൽക്കരണ ക്ലാസ്സുകൾ പോലീസ് ജില്ലകളിൽ നടത്തിവരുന്നു. വധഭീഷണി നേരിടുന്നതുമായി ബന്ധപ്പെട്ട് ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥർക്ക് നേരെ ഭീഷണിമുഴക്കുന്ന ആർക്കെതിരെയും കർശന നിയമനടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ കേരള പോലീസ് ആസൂത്രണംചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. അത്യാധുനിക സാങ്കേതിക വിദ്യയിലുള്ള ശരീരത്തിൽ ധരിക്കാവുന്ന ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ, സ്പീഡ് റഡാർ വേഗത നിർണ്ണയ ക്യാമറകൾ, വെഹിക്കിൾ മൗണ്ട്സ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ട്രാഫിക് സിഗ്നൽ സിസ്റ്റംസ്, ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബൂസ് ബസ്സ് (ആൽക്കഹോൾ/ഡ്രഗ്ഗ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ നിരവധി ഉപകരണങ്ങൾ പോലീസ് സേനയെ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പോലീസ് സേന കാര്യക്ഷമമായും നിഷ്പക്ഷമായുമാണ് അവരുടെ കടമ നിർവ്വഹിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അന്ധവിശ്വാസങ്ങളും അനാചാര പ്രവർത്തനങ്ങളും തടയാൻ നിയമം

87 (1628) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായ അചാരങ്ങളും പ്രവർത്തനങ്ങളും തടയാൻ നിയമം കൊണ്ടുവരുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) സാധാരണക്കാരായ ജനങ്ങളെ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ച് ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെ പേരിൽ നടന്നുവരുന്ന ചൂഷണങ്ങളും അതിക്രമങ്ങളും തടയുന്നതിനായി കേരളത്തിൽ നിലവിലുള്ള സാഹചര്യങ്ങൾക്കനുസൃതമായി നിയമനിർമ്മാണം നടത്തുന്നതിനായുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുള്ളതും ആയത് പോലീസ് വകുപ്പിന്റെ പരിശോധനയിലുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 9 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിന്മേൽ നിയമനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

## കുടുംബപ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്താൻ ജനമൈത്രി പോലീസിന്റെ ഇടപെടൽ

88 (1629) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തബന്ധുക്കളെ നിസ്സാരപ്രശ്നങ്ങളുടെ പേരിൽ കൊലപ്പെടുത്തുന്ന സംഭവങ്ങൾ വർദ്ധിച്ച വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അണുകുടുംബങ്ങളിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയും നിസ്സാര പ്രശ്നങ്ങളിൽപോലും പെട്ടെന്നുണ്ടാകുന്ന പ്രകോപനങ്ങളും ഇത്തരം കൊലപാതകങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) നഗരങ്ങളിൽ റസിഡന്റ്സ് അസ്സോസിയേഷനുകളുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ കുടുംബങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നതിനും അവ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആധുനിക കാലഘട്ടത്തിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസമില്ലായ്മയും ആഴത്തിലുള്ള ബന്ധങ്ങളുടെ അഭാവവും നിസ്സാര പ്രശ്നങ്ങളിൽ പെട്ടെന്നുണ്ടാകുന്ന പ്രകോപനങ്ങളും ദമ്പതികൾ പരസ്പരം വച്ചുപുലർത്തുന്ന സംശയകരമായ അവസ്ഥയും അണുകുടുംബങ്ങളിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയും അടുത്ത ബന്ധുക്കളെ നിസ്സാര പ്രശ്നങ്ങളുടെ പേരിൽ കൊലപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്.

(സി) ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ജനമൈത്രി സമിതിയിൽ പൗരപ്രമുഖർ, റെസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവർ അംഗങ്ങളാണ്. ഓരോ ബീറ്റ് മേഖലയിലും പ്രവർത്തിക്കുന്ന സമിതിയിൽ ആ പ്രദേശത്തെ സംബന്ധിച്ച് വിപുലമായ ചർച്ചകൾ നടക്കും. കൂടാതെ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് ഗൃഹസന്ദർശനവേളയിൽ ബീറ്റ് ഓഫീസർമാർ പ്രത്യേകമായി പരിഗണിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയോ സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്യുന്നു. ഇപ്രകാരം റസിഡന്റ്സ് അസോസിയേഷനുകളുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്ത പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വലിയൊരു പരിധിവരെ കഴിയുന്നു.

**ഹോം ഗാർഡുകൾ**

89 (1630) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ ഹോം ഗാർഡായി വിമുക്തഭടന്മാരെ മാത്രമാണോ നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര ഹോം ഗാർഡുകൾ ഉണ്ട്; ഇവരിൽ സൈനിക സേവനത്തിൽ നിന്നും വിരമിച്ച വിമുക്ത ഭടന്മാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഇവർക്ക് നല്കിവരുന്ന വേതന നിരക്കും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും വ്യക്തമാക്കാമോ;

(ഡി) ജോലിഭാരം വർദ്ധിക്കുന്നതിനനുസരിച്ച് പുതിയതായി ഹോം ഗാർഡുകളെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ യോഗ്യതയും നിയമന രീതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിമുക്തഭടന്മാരെ കൂടാതെ, യൂണിഫോം സർവ്വീസിൽനിന്നും അതായത് പോലീസ്, ഫയർഫോഴ്സ്, എക്സൈസ്, ഫോറസ്റ്റ് തുടങ്ങിയ സേനയിൽനിന്നും വിരമിച്ചവരെയും നിയമിക്കുന്നു.

(ബി) 2869 പേർ നിലവിൽ ജോലി നോക്കിവരുന്നു. അതിൽ 2500 പേർ സൈനിക സേവനത്തിൽനിന്നും വിരമിച്ച ഭടന്മാരാണ്.

(സി) 685 രൂപ നിരക്കിൽ ദിവസ വേതനവും, എല്ലാവർഷവും യൂണിഫോം അലവൻസായി 1,000 രൂപയും, ഉത്സവബത്തയായി 1,210 രൂപയും നിലവിൽ നൽകിവരുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

**പോലീസ് ട്രെയിനിംഗ് മാന്വൽ**

90 (1632) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ട്രെയിനിംഗ് മാന്വൽ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) പോലീസ് ട്രെയിനിംഗ് കോളേജുകളിലെ ട്രെയിനികൾക്ക് മുൻകാലങ്ങളിൽ അപരിഷ്കൃതമായ ശിക്ഷാവിധികൾ നൽകിയിരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) സിവിൽപോലീസ്ഓഫീസർമാരുടെ പരിശീലനകാലം റഗുലർ സർവീസായി പരിഗണിച്ച് എല്ലാ ആനുകൂല്യങ്ങളും നിലവിൽ നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പോലീസ് ട്രെയിനിംഗ് മാന്വൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 1-3-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 80/2011/ആഭ്യന്തരം, 22-8-2011-ലെ ജി.ഒ. (എം.എസ്.) നം.185/2011/ആഭ്യന്തരം എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ ട്രെയിനിംഗ് കാലയളവിൽ നൽകിവരുന്നു.

## പോലീസ് സ്റ്റേഷനുകളിലെ സ്ത്രീ സുരക്ഷ

91 (1633) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രമസമാധാനപാലനത്തിന് നിയുക്തരായ വനിതാ പോലീസുകാരുടെ എണ്ണം ആവശ്യാനുസൃതമാണോയെന്ന് വിശദമാക്കുമോ;

(ബി) പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ സുരക്ഷക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ജനമൈത്രി പോലീസ് സംവിധാനത്തിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ കഴിയുന്നുണ്ടോയെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ക്രമസമാധാനപാലനത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം അപര്യാപ്തമാണ്. എങ്കിലും വനിതാ പോലീസിന്റെ പ്രാതിനിധ്യം ഘട്ടംഘട്ടമായി ഉയർത്തുന്നതിന്റെ ഭാഗമായി 380 വനിതാ സിവിൽ പോലീസ് ഓഫീസർമാരെയും 20 വനിതാ പോലീസ് ഹവിൽദാർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിൽ ലിംഗ അവബോധത്തിനും ലിംഗ സമത്വ സൗഹൃദ അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകുന്ന പദ്ധതിക്ക് 700 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിൽ പിങ്ക് കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 42 ലക്ഷം രൂപയും രണ്ട് വാഹനങ്ങൾവീതം അഞ്ച് കൺട്രോൾ റൂമുകളിലേയ്ക്ക് വാങ്ങുന്നതിന് 60 ലക്ഷം രൂപയും, ഫാമിലി ക്രൈം പ്രിവെൻഷൻ ആന്റ് കൗൺസിലിംഗ് സെന്ററുകളുടെ നടത്തിപ്പിന് 25 ലക്ഷം രൂപയും പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ലൈനുകളിലും മറ്റും സ്ത്രീ സന്ദർശകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ശുചിമുറികളും കാത്തിരിപ്പ് മുറികളും നിർമ്മിക്കുന്നതിന് 80 ലക്ഷം രൂപയും കുറ്റകൃത്യങ്ങളിലെ സ്ത്രീകളായ ഇരകൾക്ക് സഹായം നൽകുന്നതിന് 75 ലക്ഷം രൂപയും അടക്കം വിവിധങ്ങളായ പദ്ധതികൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കഴിയുന്നുണ്ട്. ജനമൈത്രി പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി 2018-19 സാമ്പത്തിക വർഷത്തിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിൽ

ജനമൈത്രി പോലീസ് സംവിധാനം നിലവിൽ സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്. ജനമൈത്രി പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷാ പ്രവർത്തനങ്ങൾ, രക്തദാന ക്യാമ്പ്, പി.എസ്.സി. കോച്ചിംഗ്, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങി വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വിവിധ സന്ദർഭങ്ങളിൽ വനിതകൾ നേരിടേണ്ടിവരുന്ന അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കുക, അത്തരം സന്ദർഭങ്ങൾ നേരിടേണ്ടി വന്നാൽ സ്വയരക്ഷയ്ക്കായി പെട്ടെന്ന് സ്വീകരിക്കേണ്ടിവരുന്ന പ്രതിരോധ തന്ത്രങ്ങൾ സ്വായത്തമാക്കുക, അതുവഴി സംസ്ഥാനത്തെ സ്ത്രീകൾക്ക് സുരക്ഷയും കൂടുതൽ ആത്മവിശ്വാസവും പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് സ്ത്രീകൾക്കുള്ള സ്വയം പ്രതിരോധ പരിശീലന പദ്ധതി നടപ്പാക്കി വരുന്നത്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ, റെസിഡന്റ്സ് അസോസിയേഷനുകൾ, കലാലയങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ഈ പരിശീലനം പ്രാദേശികതലങ്ങളിലും സംഘടിപ്പിച്ചുവരുന്നു. ഈ വർഷം ഒരു ലക്ഷത്തിലേറെ പേർക്ക് ഈ പരിശീലനം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നൽകിക്കഴിഞ്ഞു. വരുംവർഷവും ഒരു ലക്ഷത്തിലേറെപ്പേരെ പരിശീലിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് പോലീസ്. കൂടാതെ, സ്ത്രീകൾക്ക് നേരെയുള്ള സൈബർ ആക്രമണങ്ങളെ പ്രതിരോധിക്കാനായി വിദ്യാലയങ്ങളിൽ ടച്ച് സ്ക്രീൻ കിയോസ്കുകൾ എത്തിച്ച് ബോധവൽക്കരണം നടത്തുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ജാഗ്രതാ നിർദ്ദേശങ്ങളടങ്ങിയ കൈപ്പുസ്തകം വിതരണം ചെയ്തിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ജനകീയ പ്രവർത്തനങ്ങളുടെ ഭാഗമായി റെസിഡന്റ്സ് അസോസിയേഷനുകളും മറ്റ് സാംസ്കാരിക സംഘടനകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ, രക്തദാന ക്യാമ്പുകൾ, പി.എസ്.സി. പരിശീലനം എന്നിവ നടന്നുവരുന്നു.

## മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ് എന്നിവയുടെ പ്രവർത്തനം

92 (T 1634) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, കോസ്റ്റ്ഗാർഡ് എന്നിവയുടെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ ഏജൻസികൾക്ക് 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ബജറ്റിൽ മാറ്റിവച്ചിരുന്നു; ഇതിൽ എത്ര രൂപ ചെലവാക്കിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, കോസ്റ്റ്ഗാർഡ് ഇവയ്ക്ക് 2016 ജനുവരി മുതൽ 2017 ജനുവരി വരെ എത്ര രൂപയുടെ ഇൻസ്ട്രുമെന്റുകൾ വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഇൻസ്ട്രുമെന്റുകൾ ഉപയോഗശൂന്യമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ആരാണ് ഉത്തരവാദികൾ എന്ന് വിശദമാക്കുമോ;

(ഇ) മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, കോസ്റ്റ്ഗാർഡ് ജീവനക്കാർക്കാരുടെ ഒരു വർഷത്തെ ശമ്പളം എത്ര; മറ്റ് ബത്തകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) 2017 നവംബർ 29 മുതൽ സംസ്ഥാനത്തുണ്ടായ ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് നടത്തിയ തെരച്ചിൽപ്രവർത്തനങ്ങളിൽ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ് എന്നിവർ പങ്കെടുത്തില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ജി) ഇത് സംബന്ധിച്ച് സർക്കാർ എടുത്ത മുഴുവൻ നടപടികളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

**ഹോം ഗാർഡ്**

93 (1635) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേനാവിഭാഗങ്ങൾക്കൊപ്പം സേവനം ചെയ്യുന്ന ഹോംഗാർഡുകളുടെ ജോലിയുടെ സ്വഭാവങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) നിലവിൽ ഹോം ഗാർഡുകൾക്ക് നൽകിവരുന്ന പ്രതിദിന/മാസ വേതനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഹോം ഗാർഡുകൾക്ക് വേതനം സമയബന്ധിതമായി ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹോം ഗാർഡുകൾ പോലീസിലും ഫയർഫോഴ്സിലും നിക്ഷിപ്തമായ ജോലികളാണ് ചെയ്യുന്നത്. പോലീസ് വകുപ്പിൽ ട്രാഫിക് കൺട്രോൾ & റെഗുലേഷൻസ്, ഫെസ്റ്റിവൽ ബന്തവസ്സ്, ദേശീയ ദുരന്തം - സിവിൽ ഡിഫൻസ് പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ് സമയത്ത് സ്പെഷ്യൽ പോലീസ് കോൺസ്റ്റബിൾ, പോലീസ് പട്രോൾ അസിസ്റ്റന്റ്സ്, കമ്മ്യൂണിറ്റി പോലീസിംഗ് എന്നീ ഡ്യൂട്ടികളിലും, അഗ്നിരക്ഷാ സേവന വകുപ്പിൽ രക്ഷാപ്രവർത്തനങ്ങളിലും, പാറാവ് ഉൾപ്പെടെയുള്ള ഡ്യൂട്ടികളിലും ജീവനക്കാരെ സഹായിക്കുന്നുണ്ട്.

(ബി) നിലവിൽ ഹോം ഗാർഡുകൾക്ക് പ്രതിദിനം 685 രൂപ ദിവസ വേതനാടിസ്ഥാനത്തിൽ (മാസം പരമാവധി 18,450 രൂപ) നൽകിവരുന്നു.

(സി) ബജറ്റ് വിഹിതത്തോടൊപ്പം ആവശ്യമായ ഫണ്ട് ലഭ്യമാക്കി സമയബന്ധിതമായി ഹോം ഗാർഡുകൾക്ക് ശമ്പളം നൽകിവരുന്നു.

**സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷ**

94 (1636) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. ഉണ്ണി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താകെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) വനിതാ പോലീസിന്റെ നിയമനം, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ സംബന്ധിച്ചുള്ള എന്തെല്ലാം നടപടിക്രമങ്ങളാണ് ലഘൂകരിച്ച് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്ക്, പിങ്ക് ബീറ്റ് സംവിധാനം, പഞ്ചായത്ത് ബീറ്റ് സംവിധാനം, സെൽഫ് ഡിഫൻസ് പദ്ധതി, ജനമൈത്രി ബീറ്റ് സംവിധാനം എന്നിവയിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും നേർക്കുള്ള പീഡനങ്ങൾ അമർച്ച ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. കൂടാതെ സ്കൂൾ/കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, പരാതി അദാലത്തുകൾ, ആന്റി വിമൺ ഹരാസ്മെന്റ് സെൽ, രാത്രിയിൽ ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്കായി Short Stay Homes സംവിധാനം, പഞ്ചായത്തുതലത്തിൽ പരാതികൾ വനിതാ പോലീസ് ഉദ്യോഗസ്ഥർ നേരിട്ട് സ്വീകരിക്കുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിലും മറ്റും സ്ത്രീകളോടും കുട്ടികളോടും അപമര്യാദയായി പെരുമാറുന്നവരെ കണ്ടെത്തുന്നതിനായി മഫ്തിയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു വരികയും, സ്ത്രീകൾ ജോലിചെയ്തുവരുന്ന സ്ഥലങ്ങളിൽ റെഡ്രസൽ സെൽ രൂപീകരിക്കുകയും പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും മാസന്തോറും മീറ്റിംഗുകൾ നടത്തുകയും പരാതികളിൽ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി 6 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. 19 പോലീസ് ജില്ലകളിൽ ഓരോന്നിലും 3 എണ്ണം child friendly പോലീസ് സ്റ്റേഷനാക്കി മാറ്റുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനായി വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തിയും പോലീസ് സ്റ്റേഷനുകളെ സ്ത്രീ സൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ താലൂക്ക് ആസ്ഥാനത്തും വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വനിതാ പോലീസിന്റെ നിയമനം സംബന്ധിച്ച് 11-9-1986-ലെ സ.ഉ.(പി) നം.203/86/ആഭ്യ. പ്രകാരം റിക്രൂട്ട്മെന്റ് റൂൾസ് നിലവിലുണ്ട്. 1-3-2011 -ലെ സ.ഉ.(പി) നമ്പർ 83/2011/ആഭ്യ. പ്രകാരം വനിതകളുടെ അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച് onetime arrangement വ്യവസ്ഥയിൽ താൽക്കാലികമായി ഇളവ് നൽകിയിട്ടുണ്ട്.

## പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സംഘർഷങ്ങൾ

95 (1637) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുദ്യോഗസ്ഥർക്കിടയിൽ ജോലിയുടെ ഭാഗമായുള്ള മാനസിക സംഘർഷങ്ങളും, പിരിമുറുക്കവും വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠനത്തിൽ വെളിപ്പെട്ട വസ്തുതകൾ എന്തൊക്കെയാണ്;

(സി) സ്വകാര്യചടങ്ങുകളിൽപ്പോലും പങ്കെടുക്കുവാൻ കഴിയാതെ തുടർച്ചയായി ജോലി ചെയ്യാൻ നിർബന്ധിതരാകുന്നത് കടുത്ത മാനസിക സംഘർഷത്തിലേക്കും അതുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങളിലേക്കും നയിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആത്മഹത്യചെയ്ത പോലീസുദ്യോഗസ്ഥർ എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായുണ്ടാകുന്ന മാനസിക പിരിമുറുക്കത്തിൽ നിന്നും പ്രസ്തുത ഉദ്യോഗസ്ഥരെ മോചിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥർക്കിടയിൽ ജോലിയുടെ ഭാഗമായുള്ള മാനസിക സംഘർഷങ്ങളും പിരിമുറുക്കവും വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(സി) കണ്ടെത്തിയിട്ടില്ല.

(ഡി) കഴിഞ്ഞ വർഷവും ഈ വർഷവുമായി ആകെ 17 പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ഇ) കേരള പോലീസ് അക്കാഡമി, പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ ഒരു Fitness and Wellness Centre ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

(A)Mental health strategies

(i) Counselling (ii) Yoga/breathing

(iii) Group Activities/laughing sessions

(B)Physical health strategies

(i) Cardio training (ii) Circuit training

(iii) Weight training (iv) Aerobics

(C)Fitness and Life style Change Strategies

(i) Professional fitness coaching (ii) Diet and Life Style Planning

(D)Sports and General Health

(i) Games (ii) Physiotherapy

(iii) Sports Medicine (iv) General Consultation

നിലവിൽ പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനായി Help and Assistance to Tackle (HATS) എന്ന പേരിൽ കൗൺസിലിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. യോഗ, സ്ട്രെസ് മാനേജ്മെന്റ് പ്രോഗ്രാം തുടങ്ങിയവയും സംഘടിപ്പിച്ചുവരുന്നുണ്ട്.

**താലൂക്ക് ആസ്ഥാനങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ**

96 (1638) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ വനിതാ പോലീസിന്റെ പ്രാതിനിധ്യം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഓരോ താലൂക്ക്ആസ്ഥാനത്തും വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

ഉത്തരം

(എ) പോലീസ് സേനയിൽ നിലവിൽ വനിതാ പ്രാതിനിധ്യം 8.43% ആണ്.

(ബി) ഓരോ താലൂക്ക് ആസ്ഥാനത്തും വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ആദ്യഘട്ടമായി ഇടുക്കി, തിരുവനന്തപുരം റൂറൽ, എറണാകുളം റൂറൽ എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**പോലീസ് കംപ്ലയിന്റ് അതോറിറ്റി**

97 (1639) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് കംപ്ലയിന്റ് അതോറിറ്റി കുറ്റക്കാരായ പോലീസുകാരെ ശിക്ഷിക്കുന്നതിൽ എത്രമാത്രം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പോലീസ് കംപ്ലയിന്റ് അതോറിറ്റി പോലീസുകാർക്കെതിരെ പ്രഖ്യാപിക്കുന്ന വിധികൾ നടപ്പിലാക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(സി) പ്രസ്തുത അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന-ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾക്ക് കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിനുള്ള അധികാരമില്ല. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് ശിപാർശ ചെയ്യാനുള്ള അധികാരമാണുള്ളത്.

(ബി) പോലീസ് കംപ്ലയിന്റ് അതോറിറ്റി പോലീസുകാർക്കെതിരെ നൽകുന്ന ശിപാർശകളിന്മേൽ അധികാരക്ഷമത അനുസരിച്ച് സംസ്ഥാന പോലീസ് മേധാവിയും ജില്ലാ/റെയ്ഞ്ച് പോലീസ് മേധാവിമാരും നടപടി സ്വീകരിക്കുന്നുണ്ട്.

(സി) സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

98 (1640) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) കോതമംഗലം മണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകളിൽ പ്രസ്തുത പദ്ധതി പുതുതായി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളിലെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 574 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ജില്ലതിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 100 സർക്കാർ സ്കൂളുകളിൽ കൂടി പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വാടാനപ്പള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്.-ലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

99 (1641) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷം നാളിതുവരെ എത്ര സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുകയുണ്ടായി;

(ബി) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്-ൽ എസ്.പി.സി. അനുവദിക്കുന്നതിനായി ആഭ്യന്തര വകുപ്പിന് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാടാനപ്പള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്.-ൽ എസ്.പി.സി. അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2017-2018 വർഷം തിരുവനന്തപുരം ജില്ലയിലെ കോട്ടൺഹിൽ ഗവ. പോലീസ് ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിച്ചിട്ടുണ്ട്.

(ബി&സി) വാടാനപ്പള്ളി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ എസ്.പി.സി. പദ്ധതി അനുവദിക്കണമെന്ന അപേക്ഷ ആഭ്യന്തര വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മാനന്തവാടിയിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

100 (1642) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഏതെങ്കിലും സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) മാനന്തവാടി നിയോജക മണ്ഡലത്തിലെ ഏതെങ്കിലും സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) 100 സർക്കാർ സ്കൂളുകളിൽക്കൂടി പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസലിൽ മാനന്തവാടി നിയോജകമണ്ഡലത്തിലെ സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കരുനാഗപ്പള്ളിയിലെ പോലീസ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ**

101 (1643) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലെയും സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, എ.സി.പി. ഓഫീസ് എന്നിവിടങ്ങളിലെയും സ്റ്റാഫ് പാറ്റേണും നിലവിൽ ജോലിയെടുക്കുന്ന ഉദ്യോഗസ്ഥരുടെ കാറ്റഗറി തിരിച്ചുള്ള വിവരവും ലഭ്യമാക്കുമോ;

(ബി) ഈ സ്റ്റേഷനോടനുബന്ധിച്ച് നിയമിച്ചിട്ടുള്ള ഹോംഗാർഡുകളുടെ എണ്ണവും വിവരങ്ങളും ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഷന്റെ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ച് നടപ്പാക്കിയ തീയതി മുതൽ കരുനാഗപ്പള്ളി സർക്കിൾ ഓഫീസ് നിലവിലില്ലാത്തതാണ്. കരുനാഗപ്പള്ളി എ.സി.പി. ഓഫീസ്, പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലെ സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു:

| ACP Office | | | Karunagappally Police Station | | |
|---|---|---|---|---|---|
| Category | Sanctioned | Existing | Category | Sanctioned | Existing |
| ACP | 1 | 1 | IP | 1 | 1 |
| | | | SI | 7 | 3 |
| | | | ASI | 3 | 1 |
| | | | SCPO | 18 | 18 |
| | | | CPO | 30 | 22 |
| | | | WSCPO | 2 | 0 |
| | | | WCPO | 9 | 9 |
| | | | PTS | 1 | 1 |

കൂടാതെ 2 സി.പി.ഒ., 3 ഡബ്ല്യു.സി.പി.ഒ. എന്നിവർ മറ്റ് യൂണിറ്റുകളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തുവരുന്നു.

(ബി) നിലവിൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ 10 ഹോം ഗാർഡുകളെ നിയമിച്ചിട്ടുണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു:

| Sl. No. | Gl. No. | Name |
|---|---|---|
| 1 | HG 10 | Aji R. |
| 2 | HG 36 | Abdul Salam |
| 3 | HG 136 | Prasad |
| 4 | HG 202 | Chandrahasan |
| 5 | HG 207 | Ayyappadas |
| 6 | HG 215 | Vijayan Pillai |
| 7 | HG 233 | Visweswaran Pillai |
| 8 | HG 80 | Kunjumon |
| 9 | HG 153 | Omanakuttan |
| 10 | HG 216 | Sasikumar |

(സി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകളൊന്നും നിലവിലില്ല.

## കെ.എസ്.യു. നടത്തിയ സമരകാഹളം പരിപാടിക്ക് നേരെയുണ്ടായ അക്രമം

102 (1644) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.യു ഫെബ്രുവരി 17-ന് നടത്തിയ സമരകാഹളം പരിപാടിയിൽ പങ്കെടുത്ത പ്രവർത്തകരെ സി.പി.എം. പ്രവർത്തകർ മർദ്ദിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊടിക്കുന്നിൽ സുരേഷ്. എം.പി.- യുടെ വാഹനം അടിച്ച് തകർത്തതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) അക്രമപ്രവർത്തനത്തിൽ പങ്കെടുത്ത ഡി.വൈ.എഫ്.ഐ/സി.പി.എം. പ്രവർത്തകർക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്കെതിരെ എന്നറിയിക്കാമോ;

(ഡി) പ്രതിപക്ഷ പാർട്ടിയുടെ വിദ്യാർത്ഥി സംഘടനകൾക്കുനേരെ നടക്കുന്ന ഇത്തരം അക്രമങ്ങൾ തടയുന്നതിന് പോലീസിന് കഴിയാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സി.പി.ഐ.(എം.), ഡി.വൈ.എഫ്.ഐ., സി.ഐ.ടി.യു., എസ്.എഫ്.ഐ. എന്നീ സംഘടനകളിലെ പ്രവർത്തകർക്കെതിരെ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ (ക്രൈം നം.342/18) കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) സംസ്ഥാനത്ത് അക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നുണ്ട്.

**ചെറായി എ.കെ.ജി. വായനശാല കത്തിച്ച സംഭവം**

103 (1645) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി എ.കെ.ജി. വായനശാല കത്തിച്ച സംഭവത്തിൽ പ്രതികളെ പിടികൂടുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ ഫോറൻസിക് പരിശോധനാഫലം ലഭ്യമായിട്ടുണ്ടോ;

(സി)അന്വേഷണം ഊർജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേസിലെ പ്രതികളെക്കുറിച്ച് നാളിതുവരെ യാതൊരു സൂചനകളും ലഭ്യമായിട്ടില്ല. കേസിലെ പരാതിക്കാരനെയും കൃത്യത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്നവരെയും പോളീഗ്രാഫ് പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള അപേക്ഷ ബഹു. ഞാറയ്ക്കൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സമർപ്പിക്കുകയും ബഹു. കോടതി തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ലഭ്യമായിട്ടുണ്ട്.

(സി) സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം ഊർജിതമായി അന്വേഷണം നടത്തിവരുന്നു.

## ഷുഹൈബ് വധക്കേസ്

104 (1646) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഷുഹൈബ് വധക്കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ;

(ബി) കേസിൽ ഇതുവരെ എത്രപേരെ അറസ്റ്റ് ചെയ്തു; അവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ; യഥാർത്ഥ കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ അന്വേഷണം സി.ബി.ഐ.-ക്ക് വിടുമോ; ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ പോലീസ് സ്റ്റേഷനിൽ ഷുഹൈബ് വധവുമായി ബന്ധപ്പെട്ട് ക്രൈം നമ്പർ 202/2018 പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നടന്നുവരുന്നു. ഈ സംഭവത്തിന്റെ അന്വേഷണം കണ്ണൂർ റേഞ്ച് ഐ.ജി.-യുടെ മേൽനോട്ടത്തിൽ കണ്ണൂർ ജില്ലാ പോലീസ് മേധാവി ശ്രീ. ശിവവിക്രമന്റെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ചാണ് അന്വേഷണം നടത്തി വരുന്നത്. പതിനൊന്ന് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രതികളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ആകാശ് എം.പി.
   S/o രവീന്ദ്രൻ, ലക്ഷ്മി നിലയം,
   തില്ലങ്കേരി പി.ഒ.
2. രജിൽ രാജ്
   S/o രാജൻ, പഴയപുരയിൽ (എച്ച്),
   തില്ലങ്കേരി പി.ഒ.
3. അസ്കർ ടി. കെ.
   S/o എൻ.വി. അലി, തയ്യുള്ളതിൽ, പുതിയപുര (എച്ച്)
   എടയന്നൂർ പി.ഒ.
4. അൻവർ സാദത്ത് പി. പി.,
   S/o മജീദ്, പുതിയപുരയിൽ (എച്ച്)
   തില്ലങ്കേരി പി.ഒ.
5. അഖിൽ കെ.,
   S/o ചന്ദ്രൻ, മൂട്ടിൽ (എച്ച്),
   എടയന്നൂർ പി.ഒ.

6. ജിതിൻ എ. @ ചാത്തു,
S/o മുകുന്ദൻ, കുരുവോട്, (എച്ച്),
മുഴക്കുന്ന് പി.ഒ.

7. രജത് കെ.,
S/o ഹരീന്ദ്രൻ, രജത് നിവാസ്,
തെരൂർപാലയോട്.

8. സഞ്ജയ് കെ,
S/o നാരായണൻ, സാജ് നിവാസ്,
തെരൂർപാലയോട്.

9. സംഗീത് കെ. വി.,
S/o സുധാകരൻ, കുറ്റേര വീട്ടിൽ,
കുമ്മാനം, മട്ടന്നൂർ പി.ഒ.

10. ദീപ് ചന്ദ് സി.,
S/o ശശികുമാർ, കൃഷ്ണനിവാസ്,
കാക്കയങ്ങാട്.

11. ബൈജു കെ.,
S/o ചന്തു, സാജ് നിവാസ്,
തെരൂർ, പാലയോട്.

നിലവിൽ സി.ബി.ഐ. അന്വേഷണത്തിന്റെ ആവശ്യകതയില്ല.

**കണ്ണൂർ ജില്ലയിൽ നടക്കുന്ന സംഘട്ടനങ്ങൾ**

105 (1647) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തുടർച്ചയായി നടക്കുന്ന രാഷ്ട്രീയ സംഘട്ടനങ്ങളും ബോംബ് ആക്രമണങ്ങളും പ്രദേശ വാസികളുടെ സ്വൈരജീവിതത്തെ സാരമായി ബാധിച്ചുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലയുടെ പല ഭാഗത്തുനിന്നും മാരകായുധങ്ങളും ബോംബും അടുത്തിടെ റെയ്ഡിൽ കണ്ടെടുത്തിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിൽ തില്ലങ്കേരി മാമ്പറത്ത് നിന്ന് ബോംബും, ബോംബുനിർമ്മാണ സാമഗ്രികളും പിടിച്ചെടുക്കുകയുണ്ടായോ; അത് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരാണ്;

(ഡി) പ്രസ്തുത പ്രദേശത്ത് നിയമവാഴ്ച പുനസ്ഥാപിക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കണ്ടെടുത്തിട്ടുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ തില്ലങ്കേരി മാമ്പറം എന്ന സ്ഥലത്തുനിന്നും ബോംബും, ബോംബുനിർമ്മാണ സാമഗ്രികൾ പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് മുഴക്കുന്ന് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 754/17 u/s 4 of ES Act, ക്രൈം നമ്പർ 126/18 u/s 4 & 5 of ES Act ക്രൈം നമ്പർ 142/18 u/s 4 of ES Act and Sec.27 of Arms Act എന്നീ മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ടി മൂന്ന് കേസ്സുകളും ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ഡി) പ്രദേശത്ത് നിയമവാഴ്ച തകർന്ന സാഹചര്യമില്ല. കൂടുതൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനായി പോലീസ് പട്രോളിംഗ് ശക്തമാക്കിയും (പ്രത്യേകിച്ചും രാത്രി കാലങ്ങളിൽ), ഇടയ്ക്കിടെ റെയ്ഡുകൾ നടത്തിയും പോലീസ് നടപടികൾ ശക്തമാക്കിയും നടപടികൾ സ്വീകരിച്ചുവരുന്നു.

**കണ്ണൂർ കേന്ദ്രമായി നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും**

106 (1648) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കേന്ദ്രമായി നടക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും വർദ്ധിക്കുന്ന സാഹചര്യത്തിൽ പോലീസ് ജാഗരൂകരാകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ടോ;

(ബി) ഷുഹൈബ് വധക്കേസിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ അന്വേഷണത്തിന് സംസ്ഥാന പോലീസ് മേധാവി പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) അന്വേഷണം നീതിപൂർവ്വവും നിഷ്പക്ഷവും ആകുന്നതിന് തടസ്സമാകും വിധം എന്തെങ്കിലും പ്രവൃത്തി പോലീസ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) സംസ്ഥാന പോലീസിന്റെ അന്വേഷണം നിഷ്പക്ഷമാകില്ല എന്നതിനാൽ കേസ് സി.ബി.ഐ.-ക്ക് വിടണമെന്ന് ഷുഹൈബിന്റെ പിതാവ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്മീഷന്റെ 16-2-2018-ലെ ഉത്തരവിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കമ്മീഷന്റെ ഉത്തരവ് നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പാക്കി കമ്മീഷന് സമർപ്പിക്കാൻ കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയതായും കൂടാതെ സോണൽ എ.ഡി.ജി.പി.-മാരുടെ അറിവിലേയ്ക്കും ഉചിതമായ നടപടി സ്വീകരിക്കുന്നതിനുംവേണ്ടി സംസ്ഥാന പോലീസ് മേധാവി അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഷുഹൈബിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടണമെന്ന് ആവശ്യപ്പെടുന്ന ഷുഹൈബിന്റെ മാതാപിതാക്കളുടെ കത്ത് പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല മുഖാന്തരം ലഭ്യമായത് അഭിപ്രായം അറിയുന്നതിലേയ്ക്കായി സംസ്ഥാന പോലീസ് മേധാവി കണ്ണൂർ റെയ്ഞ്ച് ഐ.ജി.-ക്ക് നൽകിയിട്ടുള്ളതാണ്.

**സർക്കാരിനെ അസ്ഥിരപ്പെടുത്താനുള്ള അക്രമപ്രവർത്തനങ്ങൾ**

107 (1650) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനെ അസ്ഥിരപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടി സംഘ പരിവാർ സംഘടനകളുടെയും മറ്റ് ചില ഇതര സംഘടനകളുടെയും നേതൃത്വത്തിൽ അക്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഒഞ്ചിയം, കൊയിലാണ്ടി വിയ്യൂർ പ്രദേശങ്ങളിൽ ആർ.എസ്.എസ്, ആർ.എം.പി. പ്രവർത്തകർ നടത്തിയ അക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുളിയഞ്ചേരിയിലെ കെ. ടി. എസ്. വായനശാലയിൽ വാളുൾപ്പെടെ മാരകായുധങ്ങളുമായെത്തി നടത്തിയ കൊലപാതകശ്രമം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എത്ര പ്രതികളെ പിടികൂടി; പ്രതികൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം ആരുടെയെല്ലാം പേരിലാണ് കേസെടുത്തതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സംഘപരിവാർ സംഘടനകളുടെയും ഇതര സംഘടനകളുടെയും പ്രവർത്തകർ നടത്തിയ അക്രമങ്ങൾ സംബന്ധിച്ച് 2018 ജനുവരി 31 വരെ 581 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) കൊലപാതകശ്രമം സംബന്ധിച്ച് കൊയിലാണ്ടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 110/2018 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിൽ 143, 147, 148, 452, 324, 427, 307 r/w 149 IPC എന്നീ വകുപ്പുകൾ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രതികളുടെ പേരുകൾ ചുവടെ ചേർക്കുന്നു:

1) അഭിജിത്ത്, S/o. കേളപ്പൻ, കരിമ്പാലക്കണ്ടി

2) വൈഷ്ണവ്, S/o. അനിൽ കുമാർ

3) അരുൺ കുമാർ, S/o. ശ്രീധരൻ

4) രമീഷ്, S/o. ബാബു

5) വിഷ്ണു പ്രസാദ്, S/o. ബാബു

6) അഖിൽ, S/o. സത്യപാലൻ

7) ആദർശ് @ മനു, S/o. ഷൈജു

ഇവരെ അറസ്റ്റ് ചെയ്തിട്ടില്ല.

**പട്ടാപ്പകൽ വീട് കുത്തിത്തുറന്ന് മോഷണം**

108 (1652) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട, കോസ്മോ പോളിറ്റൻ. റെസിഡൻസ് അസോസിയേഷനിലെ സി. ആർ. എ 112 നമ്പർ വീട്ടിൽ ഫെബ്രുവരി 14-ാം തീയതി ഉച്ചക്ക് വീടിന്റെ കതക് കുത്തി തുറന്ന് മോഷണശ്രമം നടത്തിയെന്ന വീട്ടുടമസ്ഥന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും പ്രതിയെ കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പട്ടാപ്പകൽ വീട് കുത്തിത്തുറന്ന പ്രതിയുടെ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള വസ്തുക്കൾ പോലീസിന് ലഭിച്ചിട്ടും പ്രതിയെ ഇതുവരെ അറസ്റ്റ് ചെയ്യുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് വീട്ടുടമസ്ഥന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 320/18 u/s 511 of 380 IPC പ്രകാരം കേസ് രജിസ്റ്റർചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

**ആദിവാസികൾക്കെതിരെയുള്ള അക്രമങ്ങൾ തടയാൻ നടപടി**

109 (1653) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ മോഷ്ടാവെന്ന് ആരോപിച്ച് നാട്ടുകാർ മർദ്ദിച്ചുകൊന്ന മധുവിന്റെ മരണത്തിന്റെ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ആദിവാസികൾക്കെതിരെ വർദ്ധിച്ചുവരുന്ന അക്രമങ്ങൾ തടയാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആഹാരപദാർത്ഥങ്ങൾ മോഷ്ടിച്ചെന്ന് ആരോപിച്ച് 22-2-2018 ഉച്ചയ്ക്ക് 2.15-ന് മധു ചിണ്ടക്കി എന്നയാളെ മുക്കാലി ജംഗ്ഷനിൽ നാട്ടുകാർ പിടിച്ചുവച്ചിരിക്കുന്ന വിവരം ലഭിച്ചു. അതനുസരിച്ച് ടിയാനെ മുക്കാലിയിൽ നിന്ന് ഡിപ്പാർട്ട്മെന്റ് ജീപ്പിൽ വൈകുന്നേരം 4.30-ന് കൂട്ടിക്കൊണ്ടുവരുന്ന സമയം താവളം ജംഗ്ഷനിൽ വച്ച് ടിയാൻ ഛർദ്ദിച്ച് അവശനായതിനാൽ സ്റ്റേഷനിലേയ്ക്ക് കൊണ്ടുവരുന്ന വഴി മെഡിക്കൽ പരിശോധനയ്ക്കായി അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിച്ചു. ഡോക്ടർ പരിശോധിച്ച് ടിയാൻ മരണപ്പെട്ടതായി പറഞ്ഞു. ഈ കേസുമായി ബന്ധപ്പെട്ട് അഗളി പോലീസ് ക്രൈം നമ്പർ 87/2018 u/s 143, 147, 148, 323, 324, 325, 364, 365, 367, 368, 302 r/w 149 IPC & Sec.3 (1)(d)(r), 3(2)(v) of SC/ST POA Act and Sec. 27(2)(c) of Kerala Forest Act, u/s 174 CrPc ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസിൽ 16 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ കേസിന്റെ അന്വേഷണം ശ്രീ. റ്റി. കെ. സുബ്രഹ്മണ്യൻ, ഡിവൈ.എസ്.പി. സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് ആന്റ് അഗളി സബ് ഡിവിഷൻ നടത്തിവരികയാണ്.

(ബി) ആദിവാസികൾക്കെതിരെ ഉണ്ടാകുന്ന അക്രമങ്ങൾ തടയുന്നതിനും അവർക്ക് നിയമപരമായ പരിരക്ഷ ലഭിക്കുന്നതിനും പോലീസ് ശ്രദ്ധിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകളുടെ പരാതികളിൽ എത്രയും പെട്ടെന്ന് അന്വേഷണം നടത്തി ആവശ്യമെങ്കിൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്യുന്നുണ്ട്. ജനമൈത്രി പദ്ധതി മുഖേന എസ്.സി./എസ്.ടി. കോളനികൾ കേന്ദ്രീകരിച്ച് അദാലത്തുകളും ബോധവത്കരണ ക്ലാസുകളും

നടത്തിവരുന്നു. ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ അതത് ജില്ലകളിൽ മൂന്ന് മാസം കൂടുമ്പോൾ അന്വേഷണ ഉദ്യോഗസ്ഥരുടെയും വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളുടെയും യോഗം വിളിച്ച് കേസുകളെ സംബന്ധിച്ച് അവലോകനം നടത്തിവരാറുണ്ട്.

## നെൽകൃഷിയുടെ മറവിൽ വായ്പാത്തട്ടിപ്പ്

110 (T+ 1654) ശ്രീ. അനിൽ അക്കര:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ നെൽകൃഷിയുടെ മറവിൽ വായ്പാത്തട്ടിപ്പ് നടത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷക സംഘങ്ങൾ തട്ടിക്കൂട്ടി കള്ള ഒപ്പിട്ട് കർഷകരുടെ പേരിൽ കോടികൾ തട്ടിയെടുത്തുവെന്ന ആരോപണം സമഗ്രമായി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(സി) തട്ടിപ്പിലൂടെ ജപ്തി ഭീഷണി നേരിടുന്ന നിരപരാധികളായ കർഷകരെ സഹായിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമഗ്ര അന്വേഷണം നടത്തിവരുന്നു. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കൈനടി പോലീസ് സ്റ്റേഷനിൽ 3 കേസുകളും എടത്വ പോലീസ് സ്റ്റേഷനിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ പ്രാഥമിക അന്വേഷണം നടത്തുന്നതിന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പോലീസ് മർദ്ദനം

111 (1655) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് പ്രതികളെയും അല്ലാത്തവരെയും മർദ്ദിക്കുന്നതിനുള്ള അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ;

+ "T" മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പോലീസ് ഉദ്യോഗസ്ഥരുടെ മർദ്ദനത്തിനിരയാകുന്ന ജനത്തിന് എന്തൊക്കെ നിയമ പരിരക്ഷകളാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പോലീസിൽനിന്നും മർദ്ദനം ഏറ്റതായ പരാതികളിൽ ഐ.പി.സി. പ്രകാരമുള്ള വകുപ്പുകൾ ചുമത്തി കുറ്റക്കാരായ പോലീസുകാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പോലീസിൽ ഇന്നും നിലനിൽക്കുന്ന കൊളോണിയൽ സംസ്കാരം ഇല്ലാതാക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് അറസ്റ്റ്, ന്യായവിരോധമായ ജനക്കൂട്ടത്തെ പിരിച്ചുവിടൽ തുടങ്ങിയ സന്ദർഭങ്ങളിൽ ബലപ്രയോഗം അനിവാര്യമെങ്കിൽ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ബലപ്രയോഗം നടത്താവുന്നതാണ്. ആരെയും മർദ്ദിക്കുന്നതിനുള്ള അധികാരം പോലീസിനില്ല.

(ബി) നിയമം അനുശാസിക്കുന്ന തരത്തിലുള്ള എല്ലാവിധ പരിരക്ഷയ്ക്കും അവകാശമുണ്ട്.

(സി) ഇത്തരം പരാതികളിൽ അന്വേഷണം നടത്തി അന്വേഷണത്തിൽ കഴമ്പുള്ളതായി കണ്ടാൽ ഉചിതമായ വകുപ്പുതല നടപടികളും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ പ്രകാരവും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യാറുണ്ട്.

(ഡി) കൊളോണിയൽ സംസ്കാരം പോലീസിൽ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാറശ്ശാലയിലെ വാഹനാപകട കേസുകൾ**

112 (1656) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഫെബ്രുവരി 1 മുതൽ 2013 ഫെബ്രുവരി 28 വരെ എത്ര വാഹന അപകട കേസുകളാണ് പാറശ്ശാല പോലീസ് സ്റ്റേഷൻ പരിധിയിൽ റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിലെ പാറശ്ശാല പോലീസ് സ്റ്റേഷനിലെ ജനറൽ ഡയറിയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 18 വാഹനാപകട കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(Death- 1, Grievous Injury- 14, Major Injury- 2, Motor Occurrence - 1)

(ബി) പ്രസ്തുത കാലയളവിലെ ജനറൽ ഡയറിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വാഹന പരിശോധന**

113 (1657) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ദിവസവും നിശ്ചിത എണ്ണം പെറ്റി കേസുകൾ രജിസ്റ്റർ ചെയ്തിരിക്കണമെന്ന നിർദ്ദേശം പോലീസ് സബ് ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ടോ; എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകിയിരിക്കുന്നത്; വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് പോലീസ് സബ് ഇൻസ്പെക്ടർമാർ കേസുകൾ തികയ്ക്കുവാൻ വേണ്ടി ടൂവീലർ യാത്രക്കാരെയും ഫോർവീലർ യാത്രക്കാരെയും തടഞ്ഞു നിർത്തി എങ്ങനെയെങ്കിലും പെറ്റി കേസുകൾ ഉണ്ടാക്കുവാൻ ശ്രമിക്കുന്ന കാര്യം പരിശോധിക്കുമോ; ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) അമിത വേഗതയിലും അശ്രദ്ധമായിട്ടും മറ്റ് വാഹനങ്ങൾക്കും കാൽനട യാത്രക്കാർക്കും സാരമായ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന വാഹനങ്ങളെ പലപ്പോഴും പരിശോധകരായ എസ്.ഐ.- മാർ ശ്രദ്ധിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; പലപ്പോഴും എല്ലാ രേഖകളുമായി കൃത്യമായ നിയമം അനുസരിച്ച് വാഹനങ്ങൾ ഓടിക്കുന്നവരെ തടഞ്ഞുനിറുത്തി അധിക്ഷേപിക്കുന്ന കാര്യം പരിശോധിക്കുമോ; ഇത്തരത്തിൽ പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം നടപടിയ്ക്ക് വിധേയരായവരുടെ വിവരം ലഭ്യമാക്കുമോ;

(ഡി) വാഹന പരിശോധനയിലെ അശ്രദ്ധ കാരണം മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ; ചില പ്രദേശങ്ങളിൽ പല വിഭാഗങ്ങളുടെ പരിശോധന നടക്കുന്നതിന്റെ ഫലമായി പ്രദേശവാസികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ ആവശ്യമായ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിക്ക് നൽകുമോ; സംസ്ഥാന പോലീസ്, മൊബൈൽ കോടതി, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സ്ഥിരം പരിശോധിക്കുന്ന സ്ഥലങ്ങൾ ഉണ്ടെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) തിരുവനന്തപുരം സിറ്റി ഡിവിഷനിലെ ശംഖുമുഖം ഡിവിഷന്റെകീഴിൽ വരുന്ന സ്റ്റേഷനുകളിൽ ലൈസൻസ്, ഇൻഷ്വറൻസ് എന്നിവ പരിശോധിക്കാതെ പൊല്യൂഷൻ സർട്ടിഫിക്കറ്റ് മാത്രം പരിശോധിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ലൈസൻസ്, ഇൻഷ്വറൻസ് എന്നിവ പരിശോധിക്കുന്നില്ലെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാനത്ത് വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ പ്രത്യേകിച്ച് പോലീസ് സബ് ഇൻസ്പെക്ടർമാർ പെറ്റി ഈടാക്കുന്നത് ഹെൽമെറ്റ്, സീറ്റ് ബെൽറ്റ്, ഇൻഷ്വറൻസ് എന്നീ വിഭാഗങ്ങളിൽ മാത്രമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ; തിരുവനന്തപുരം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ 2016 ജനുവരി മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്ത കേസുകളിൽ സീറ്റ് ബെൽറ്റ്, ഹെൽമെറ്റ്, ഇൻഷ്വറൻസ്, പൊല്യൂഷൻ, അമിത വേഗത, ട്രാഫിക് ലംഘനം, ഡ്രൈവർമാരുടെ മൊബൈൽ ഫോൺ ഉപയോഗം എന്നിവയ്ക്ക് രജിസ്റ്റർ ചെയ്തതും പെറ്റി അടച്ചതും സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ; ഓരോ പോലീസ് സ്റ്റേഷനിലെയും ഇത് സംബന്ധിച്ച കേസുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ജി) ഈ സ്റ്റേഷനുകളിൽ അമിത വേഗതയിൽ പോകുന്ന വാഹനങ്ങളെക്കുറിച്ചുള്ള പരിശോധന നടക്കുന്നില്ലെന്ന കാര്യം വകുപ്പ് പ്രത്യേകം പരിശോധിക്കുമോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ; ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നിലവിലുണ്ടെങ്കിലും ഉന്നത ഉദ്യോഗസ്ഥർ അത് നടപ്പിലാക്കുന്നില്ലെന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിലൊരു നിർദ്ദേശം നൽകിയിട്ടില്ല.

(ബി) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് തടയുക, കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെ കണ്ടെത്തുക, അപകടങ്ങൾ കുറയ്ക്കുക, ക്രമസമാധാന പാലനം, പൊതുജന സുരക്ഷ, മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ കണ്ടെത്തുക, കഞ്ചാവ്, നിരോധിത പുകയില ഉൽപ്പന്നങ്ങൾ, സ്ഫോടക വസ്തുക്കൾ എന്നിവ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കടത്തുന്നത് കണ്ടെത്തുക, ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളും മറ്റും കണ്ടെത്തുന്നതിനും അവ തടയുന്നതിനും കർശന വാഹന പരിശോധന ആവശ്യമാണ്. ഇതിന്റെ ഭാഗമായി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധമാണ് വാഹന പരിശോധന നടത്തിവരുന്നത്.

(സി) വാഹന പരിശോധനാവേളകളിൽ എല്ലാവിധ കുറ്റകൃത്യങ്ങളും പോലീസ് കണ്ടെത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്. കുറ്റവാളികളെ കണ്ടെത്തുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും വാഹന മോഷണം തടയുന്നതിനും മറ്റും വാഹന പരിശോധന അത്യന്താപേക്ഷിതമാണ്. വാഹനം തടഞ്ഞുനിർത്തി മാത്രമേ ഇത്തരക്കാരെ കണ്ടെത്തുന്നതിന് സാധിക്കുകയുള്ളൂ. പരിശോധനയിലൂടെ മാത്രമേ കുറ്റകൃത്യങ്ങളിലും മറ്റും ഏർപ്പെട്ടിരിക്കുന്നവരെയും നിയമലംഘകരെയും കണ്ടെത്താൻ കഴിയുകയുള്ളൂ. ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനോ, അധിക്ഷേപിക്കുന്നതിനോവേണ്ടി വാഹനം തടഞ്ഞു നിർത്തുകയോ പരിശോധിക്കുകയോ ചെയ്യാറില്ല. ഇത് സംബന്ധിച്ച് പരാതി ലഭിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഒരാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല. യാത്രക്കാർക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാത്തവിധത്തിൽ വാഹന പരിശോധന നടത്തണമെന്നും വാഹന പരിശോധന നടത്തുന്നതിനായി കൈക്കൊള്ളേണ്ട നടപടിക്രമങ്ങളെപ്പറ്റി 6/2012 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നൽകിയിട്ടുള്ളതാണ്. ഇത് അനുസരിക്കാതെ വാഹന പരിശോധന നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇത്തരത്തിൽ ഒരു നിർദ്ദേശം നൽകിയിട്ടില്ല. വാഹന പരിശോധനകൾ കൃത്യമായി നടത്തുവാൻ എല്ലാ സബ് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ബഹു. സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള ട്രാഫിക് എൻഫോഴ്സ്മെന്റ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശങ്ങൾ നൽകിവരുന്നു. ബഹു. സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി 2018 ജനുവരി 1 മുതൽ Red light jumping, Over Speeding, Over loading in goods carriages, carrying persons in goods carriages, Driving under the influence of drinks and drugs, Driving/Pillion riding without helmet, Seat Belt law violations etc. എന്നിവയിന്മേൽ പോലീസ് വകുപ്പ് കർശന നടപടി സ്വീകരിക്കുകയും, സ്വീകരിക്കുന്ന നടപടികൾ അടങ്ങുന്ന ത്രൈമാസ റിപ്പോർട്ട് ബഹു. സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിക്ക് മുൻപാകെ സമർപ്പിച്ചുവരുന്നു. ഇതിനുപരിയായി തേർഡ് പാർട്ടി ഇൻഷ്വറൻസ്

ഇല്ലാത്ത വാഹനങ്ങളെ പിടിച്ചെടുത്ത് അവ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ള ബഹു. സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിയുടെ കർശന നിർദ്ദേശപ്രകാരം 2017 ജനുവരി 1 മുതൽ നടപടി സ്വീകരിക്കുകയും ആയതിന്റെ ത്രൈമാസ റിപ്പോർട്ട് ബഹു. സുപ്രീം കോടതി നിയോഗിച്ച കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ 2016 ജനുവരി മുതൽ നാളിതുവരെ സീറ്റ് ബെൽറ്റ്, ഹെൽമറ്റ് മുതലായവയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെയും പിഴ ഈടാക്കിയതിന്റെയും വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ജി) തിരുവനന്തപുരം സിറ്റി ട്രാഫിക് സ്റ്റേഷനിൽ അനുവദിച്ചുനൽകിയിട്ടുള്ള ഇന്റർസെപ്റ്റർ വാഹനത്തിലെ റഡാർ ഉപയോഗിച്ച് അമിത വേഗതയിൽ ഓടിച്ചുപോകുന്ന വാഹനങ്ങളെ കണ്ടെത്തി പിഴ ഈടാക്കിവരുന്നു. കൂടാതെ സബ് ഇൻസ്പെക്ടർമാർ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത രീതിയിൽ വാഹന പരിശോധനകളും നടത്തിവരുന്നു. ഇതിന് വിപരീതമായി വാഹന പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരെപ്പറ്റി വിവരം ലഭിച്ചാൽ അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## പാറശ്ശാല കേന്ദ്രീകരിച്ച് ട്രാഫിക് പോലീസ് സ്റ്റേഷൻ

114 (1658) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി പ്രദേശമായ പാറശ്ശാല കേന്ദ്രീകരിച്ച് ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുതുതായി എത്ര ട്രാഫിക് പോലീസ് സ്റ്റേഷനുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയതായി ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച പ്രാരംഭതല നടപടികൾ സംസ്ഥാന പോലീസ് മേധാവിതലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ

115 (1659) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ പോലീസ് കസ്റ്റഡിയിൽനിന്നും സമയബന്ധിതമായി വിട്ടുനൽകാത്തത് സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ വൈകിപ്പിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(സി) അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ സമയ ബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി വിട്ടുനൽകാത്തതുമൂലം കെ.എസ്.ആർ.ടി.സി. യ്ക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അപകടത്തിൽപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി സമയബന്ധിതമായി വിട്ടുനൽകാറുണ്ട്.

(സി) അപകടത്തിൽപ്പെട്ട് കേസ്സുകളിൽ ഉൾപ്പെടുന്ന കെ.എസ്.അർ.ടി.സി. ബസുകൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി താമസംവിനാ വിട്ടുനൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## സാമൂഹ്യ മാധ്യമങ്ങളിലെ വ്യാജ വാർത്തകൾ

116 (1660) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിൽക്കൂടി പ്രചരിക്കുന്ന വ്യാജ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യാജ വാർത്തകൾമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ആശങ്കകളകറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വ്യാജ വാർത്തകൾ നിയന്ത്രിക്കാനും വ്യാജ വാർത്തകൾ നൽകുന്നവർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വീടുകളുടെ ജനാലകളിൽ സ്റ്റിക്കർ പതിപ്പിച്ച് ഇതര സംസ്ഥാനക്കാരായ മോഷ്ടാക്കൾ വിഹരിക്കുന്നതായും, കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന ഇതര സംസ്ഥാന ഭിക്ഷാടന മാഫിയ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായും മറ്റുമുള്ള വ്യാജ വാർത്തകൾ പ്രചരിപ്പിച്ച് പൊതുജനങ്ങളിൽ ഭയമുളവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ഇതുസംബന്ധിച്ച് പൊതുജനങ്ങൾ പരിഭ്രാന്തരാകരുതെന്നും വാർത്തകൾ വ്യാജമാണെന്നും മറ്റും പത്രമാധ്യമങ്ങളിൽക്കൂടിയും സാമൂഹ്യ മാധ്യമങ്ങൾവഴിയും സന്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ഇതുസംബന്ധിച്ചുള്ള മുന്നറിയിപ്പ് പൊതുജനങ്ങൾക്ക് നൽകിയിട്ടുള്ളതുമാണ്.

(സി) ഇത്തരം വ്യാജ പ്രചരണങ്ങളെ നിയന്ത്രിക്കുന്നതിനായി രഹസ്യാന്വേഷണ വിഭാഗം, ഷാഡോ പോലീസ്, സൈബർ സെൽ തുടങ്ങിയ സംവിധാനങ്ങൾ വഴി നിരീക്ഷണം നടത്തിയും ഇത്തരം പ്രവർത്തനങ്ങളോ പ്രചാരണങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ ഇല്ലായ്മ ചെയ്യുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 16 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## നവമാധ്യമങ്ങളിൽക്കൂടിയുള്ള അപവാദ പ്രചരണങ്ങൾ

117 (1661) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.പി. നേതാവ് ശ്രീമതി കെ. കെ. രമക്കെതിരെ നവമാധ്യമങ്ങളിൽക്കൂടി നടത്തുന്ന അപവാദപ്രചരണങ്ങൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എടച്ചേരി പി.എസ്. ക്രൈം നം.82/18 u/s. 509 IPC and sec. 119(b), 120(o) of KP Act ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## പുതിയ പോലീസ് സബ് ഡിവിഷൻ ഓഫീസുകൾ

118 (1662) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പോലീസ് സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ ഇത്തരം സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; വിശദമാക്കുമോ;

(ഡി) സബ് ഡിവിഷൻ ഓഫീസുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലില്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ മലയോര പോലീസ് സബ് ഡിവിഷൻ രൂപീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയിൽനിന്നും ലഭിച്ച ശിപാർശ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(ബി) ജനസംഖ്യ, പ്രദേശത്തെ ക്രമസമാധാനനില, കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരക്കണക്ക്, ഭരണസൗകര്യം, ജൂഡീഷ്യൽ അൺകംഫർട്ടബിലിറ്റി എന്നീ ഘടകങ്ങളാണ് പരിഗണിക്കുന്നത്.

(സി&ഡി) ഇതുസംബന്ധിച്ച ശിപാർശകൾ നിലവിലില്ല.

## വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

119 (1663) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വേങ്ങര പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്ന വാടക കെട്ടിടം കോടതി ഉത്തരവ് പ്രകാരം എന്നത്തേക്ക് ഒഴിഞ്ഞുകൊടുക്കേണ്ടി വരുമെന്ന് അറിയിക്കുമോ;

(ബി) വേങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തൊക്കെ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോടതി ഉത്തരവ് നിലവിലില്ല.

(ബി) വേങ്ങര പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയ മൃഗസംരക്ഷണ വകുപ്പിന്റെകീഴിലുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം അത് ലഭിക്കാതെ വന്നാൽ അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളുടെ നവീകരണം**

120 (1664) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കേസുകൾ യഥാസമയം അന്വേഷിച്ച് തീർപ്പാക്കുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങളും വേണ്ടത്ര ഉദ്യോഗസ്ഥരെയും എല്ലാ സ്റ്റേഷനുകളിലും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി എല്ലാ പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യവും, ആവശ്യമായ വാഹനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്:

- പരാതികൾ സ്വീകരിക്കുന്നതിനായി പബ്ലിക് റിലേഷൻസ് ഓഫീസർ സംവിധാനം (പി.ആർ.ഒ.)
- റിസപ്ഷൻ സംവിധാനം
- ജനമൈത്രി പോലീസ്
- വനിതാ ഹെൽപ് ഡെസ്ക്
- രാജ്യത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം (സി.സി.റ്റി.എൻ.എസ്.)

ഇതിനുപുറമേ സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 4 സെർവ്വർ മെഷീനുകൾ വാങ്ങുകയും പോലീസ് സ്റ്റേഷനുകൾക്കുവേണ്ട 1647 ലാപ്ടോപ്പുകളും 550 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും, 214 യു.പി.എസ്.-കളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ പോലീസ് സ്റ്റേഷന്റെ നവീകരണത്തിനായി സ്വീകരിച്ചുവരുന്നു.

(ബി) കേസുകൾ യഥാസമയം അന്വേഷിച്ച് തീർപ്പാക്കുന്നതിനായി Finger Print Bureau, Voice Recorder, Video Camera & Mobile Phone Call Details എടുക്കുന്നതിനുള്ള സോഫ്റ്റ്വെയർ, എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ സി.സി.റ്റി.എൻ.എസ്. പ്രോജക്ട്, വിവിധതരം മൊബൈൽ ആപ്ലിക്കേഷൻസ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കംപ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിലെ ഒഫീഷ്യൽ കറസ്പോണ്ടൻസ് വേഗത്തിലാക്കാൻ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം, സി.ഒ.ബി., വയർലെസ് തുടങ്ങിയ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതികവിദ്യകളെക്കുറിച്ചും കാലാകാലങ്ങളിലുണ്ടാകുന്ന മറ്റ് മാറ്റങ്ങൾക്ക് അനുസരിച്ചുള്ള ട്രെയിനിംഗും നൽകി വരുന്നു. കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും രണ്ടായി വേർതിരിച്ചും പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ ഉദ്യോഗസ്ഥരെ ലഭ്യമാക്കിയും കേസുകൾ യഥാസമയം തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

## ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ

121 (1665) ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി പദ്ധതിയുണ്ടോ;

(ബി) ശിശുസൗഹൃദ പോലീസ് സ്റ്റേഷന്റെ സവിശേഷതകൾ വിശദമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ എവിടെയൊക്കെയാണ് ആരംഭിക്കുന്നതെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 6 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. 19 പോലീസ് ജില്ലകളിൽ ഓരോന്നിലും 3 എണ്ണം ചൈൽഡ് ഫ്രണ്ട്‌ലി പോലീസ് സ്റ്റേഷനാക്കി മാറ്റുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ രൂപത്തിലും ഭാവത്തിലും ഘടനയിലും ശിശുസൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ആക്കുകയെന്നുള്ളതാണ്. കുട്ടികളുടെ പരിചരണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫയർ കമ്മിറ്റി ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റ് സർക്കാർ ഇതര സംഘടനകൾ, പൊതുസമൂഹം എന്നിവയുടെ ഒരു കൂട്ടായ്മ ഒരുക്കുക, കുട്ടികളുടെ അവകാശങ്ങളിലും അവരുടെ മാനസിക അവസ്ഥയെക്കുറിച്ചും വിശദമായ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ താമസംവിനായുള്ള ശക്തമായ നടപടിയെടുക്കൽ എന്നിവയൊക്കെയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് 6 ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

1. ഫോർട്ട് പോലീസ് സ്റ്റേഷൻ, തിരുവനന്തപുരം സിറ്റി.
2. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കൊല്ലം സിറ്റി.
3. കടവന്ത്ര പോലീസ് സ്റ്റേഷൻ, കൊച്ചി സിറ്റി.
4. തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ സിറ്റി.
5. കോഴിക്കോട് ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കോഴിക്കോട് സിറ്റി.
6. കണ്ണൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ, കണ്ണൂർ.

## മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ

122 (1666) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പുതുതായി പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവ അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഒരു പോലീസ് സ്റ്റേഷനും ഫയർ സ്റ്റേഷനും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഇതുസംബന്ധിച്ച് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കൊല്ലം റൂറൽ പോലീസ് ഓഫീസ് നൽകാനുള്ള വൈദ്യുതി ഉപഭോഗ കുടിശ്ശിക

123 (1667) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ഓഫീസ് കൊട്ടാരക്കരയിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ വാടക അടിസ്ഥാനത്തിൽ പ്രവർത്തിച്ചസമയത്ത് വൈദ്യുതി ഉപഭോഗ ഇനത്തിൽ തുക ഒടുക്കുവാനുണ്ടോ ;

(ബി) എത്ര തുകയാണ് വൈദ്യുതി ഉപഭോഗ കുടിശ്ശിക ഇനത്തിൽ പോലീസ് നൽകാനുള്ളത്;

(സി) പ്രസ്തുത തുക ഒടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നറിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ഇ.ബി.-യിൽനിന്നും ലഭിച്ച കണക്കുപ്രകാരം 17437-ാം കൺസ്യൂമർ നമ്പറിന് 4,27,816 രൂപയും 17438-ാം കൺസ്യൂമർ നമ്പരിന് 2,48,206 രൂപയുമാണ് പലിശ സഹിതം കുടിശ്ശികയിനത്തിൽ നൽകുവാനുള്ളത്.

(സി) സംസ്ഥാന പോലീസ് മേധാവിതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

### കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് ആസ്ഥാന മന്ദിരം

124 (1668) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പരിഗണനയിലുണ്ട്. കരീലക്കുളങ്ങര പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ കൈവശമുള്ള കാർത്തികപ്പള്ളി താലൂക്കിൽ പത്തിയൂർ വില്ലേജിൽ ഉൾപ്പെട്ട 25 സെന്റ് ഭൂമി പോലീസ് വകുപ്പിന് കൈമാറി നൽകുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

### അമ്പലപ്പാറയിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ

125 (1669) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അമ്പലപ്പാറയിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല.

### തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ നിർമ്മാണം

126 (1670) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട്; എവിടെയൊക്കെയെന്ന് വിശദമാക്കാമോ;

(ബി) നാദാപുരം മണ്ഡലത്തിലെ കാവിലുംപാറ ഗ്രാമ പഞ്ചായത്തിൽ തൊട്ടിൽപ്പാലം പോലിസ് സ്റ്റേഷന് ഭൂമി ലഭ്യമാക്കിയിട്ടും കെട്ടിടം പണിയുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) പോലീസ് വകുപ്പിന്റെ കെട്ടിടത്തിലല്ലാതെ സംസ്ഥാനത്ത് 79 പോലീസ് സ്റ്റേഷനുകളാണ് നിലവിൽ വാടക/വാടകരഹിതമായി പ്രവർത്തിച്ചുവരുന്നത്. ആയത് സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷന് കാവിലുംപാറ വില്ലേജിൽ റീസർവ്വേ 140/2-ൽപ്പെട്ട 13.75 സെന്റ് ഭൂമി പോലീസ് വകുപ്പിന് ലഭ്യമാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

**പി. ജെ. ചാക്കോയുടെ പെൻഷൻ ആനുകൂല്യങ്ങൾ**

127 (1671) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ കോൺസ്റ്റബിൾ ആയി വിരമിച്ച ശ്രീ. പി. ജെ. ചാക്കോ CPO നമ്പർ PC-1737-ന്റെ പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെയും ലഭ്യമായിട്ടില്ല എന്ന പരാതിയിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടി അറിയിക്കാമോ; ആനുകൂല്യം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഫയൽ നമ്പർ H1/29424/2010 എന്ന ഫയലിന്റെ തുടർനടപടികൾ വ്യക്തമാക്കാമോ; ഇതു സംബന്ധിച്ചുള്ള കാരണങ്ങൾ പരാതിക്കാരനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(സി) പി. ജെ. ചാക്കോയെ സംബന്ധിച്ച് ഡി.ജി.പി. ഓഫീസിലും സെക്രട്ടേറിയറ്റിലും ഇപ്പോൾ നിലവിലുള്ള ഫയലുകളുടെ നമ്പർ അറിയിക്കാമോ?

ഉത്തരം

(എ) കൊച്ചി സിറ്റിയിൽ സേവനത്തിലിരിക്കെ 15-9-2016-ൽ മരണമടഞ്ഞ പി. ജെ. ചാക്കോയുടെ (പി.സി.1737) 7-3-2001 മുതൽ 24-11-2004 വരെയുള്ള സസ്പെൻഷൻ കാലയളവ് തീർപ്പാക്കി ഉത്തരവായതിനെ തുടർന്ന് ടിയാന്റെ ലീവ് ക്രമീകരിച്ച്, അവധിയെടുത്തതുമൂലം കൂടുതലായി വാങ്ങിയ ശമ്പളത്തിന് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളയ്ക്കും, തൊടുപുഴ സബ് ട്രഷറിക്കും അയച്ചുകൊടുത്തിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പി. ജെ. ചാക്കോയുടെ പേരിലുള്ള അച്ചടക്കനടപടികൾ അവസാനിപ്പിച്ചുകൊണ്ടും ടിയാന്റെ സസ്പെൻഷൻ കാലം എല്ലാ ആനുകൂല്യങ്ങൾക്കും പരിഗണിച്ചുകൊണ്ടും 30-11-2017-ലെ സ.ഉ.(ആർ.റ്റി) 3200/2017/ആഭ്യന്തരം നമ്പർ ഉത്തരവിന്റെ പകർപ്പാണ് H1/29424/2010 എന്ന ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിൻപ്രകാരം പ്രതിപാദ്യവിഷയം ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി അനന്തര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ടി വിവരങ്ങൾ പരാതിക്കാരെ അറിയിക്കുന്നതിനായി പോലീസ് ആസ്ഥാനത്തെ മേലെഴുത്ത് നമ്പർ ജി1/83566/14 തീയതി 13-12-2017 പ്രകാരം ഇടുക്കി ജില്ലാ പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) പോലീസ് ആസ്ഥാനത്തും സെക്രട്ടേറിയറ്റിലും ഇത് സംബന്ധിച്ച് ഫയലുകളൊന്നും ഇപ്പോൾ നിലവിലില്ല.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ പാട്ടക്കരിമ്പ് കോളനിയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം

28 (1672) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ അമരമ്പലം ഗ്രാമപഞ്ചായത്തിലെ പാട്ടക്കരിമ്പ് ആദിവാസി കോളനിയിൽ അടുത്ത കാലത്ത് മാവോയിസ്റ്റ് സാന്നിധ്യം ഉണ്ടായിരുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എടുത്ത നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനിയിലെ ആദിവാസികളുടെ ക്ഷേത്രഭൂമി സ്വകാര്യവ്യക്തി കയ്യേറി എന്ന പരാതിയിൻമേൽ സർക്കാർ എടുത്ത നടപടി വിശദമാക്കുമോ;

(സി) ആദിവാസികളുടെ ഭൂമി കയ്യേറിയ വിഷയവും മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യവും തമ്മിൽ ബന്ധമുള്ളതായി പത്രവാർത്തകൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൂക്കോട്ടുപാടം പോലീസ് സ്റ്റേഷൻ പരിധിയിലെ പാട്ടക്കരിമ്പ് കോളനിയുടെ സമീപപ്രദേശങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യത്തെത്തുടർന്ന് പ്രസ്തുത സ്ഥലത്തും സമീപ പ്രദേശങ്ങളിലും പോലീസ് പട്രോളിംഗ് നടത്തുകയും പോലീസ് നിരീക്ഷണം ശക്തമാക്കുകയുമുണ്ടായി.

(ബി) പരാതിയിന്മേൽ നിലമ്പൂർ പോലീസ് ഇൻസ്പെക്ടറും താലൂക്ക് സർവ്വേയറും അന്വേഷണം നടത്തിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അങ്കമാലിയിൽ പോലീസ് ക്വാർട്ടേഴ്സ്**

129 (1673) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ പോലീസ് ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിനായി ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് അങ്കമാലി എം.എൽ.എ. വകുപ്പിന് നൽകിയ കത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശം കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ വകുപ്പിന് സ്വന്തമായി സ്ഥലസൗകര്യമുള്ള സ്ഥലത്ത് വേഗത്തിൽ ക്വാർട്ടേഴ്സുകൾ പണിയുന്നതിനുള്ള ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കത്തിലെ ആവശ്യം പരിഗണിച്ച് അങ്കമാലി പോലീസ് ഫാമിലി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി എറണാകുളം ജില്ലയിലെ കെ.പി.എച്ച്.സി.സി. പ്രോജക്ട് എഞ്ചിനീയർ തയ്യാറാക്കി നൽകിയ ശിപാർശ, നിർദ്ദേശാനുസരണം എം.ഡി., കെ.പി.എച്ച്.സി.സി. പരിശോധിച്ച് തുടർനടപടികൾക്കായി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

(ബി) ആയത് സംബന്ധിച്ച ശിപാർശ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**നെയ്യാറ്റിൻകര ബോയ്സ് ഹൈസ്കൂളിലെ തീപിടിത്തം**

130 (1674) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ബോയ്സ് ഹൈസ്കൂളിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് കത്തിനശിച്ചതുമായി ബന്ധപ്പെട്ട പോലീസ് അന്വേഷണം പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ തീപിടുത്തവുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) സ്കൂൾ കത്തിനശിച്ചതുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) തീപിടുത്തവുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള സംശയങ്ങൾക്ക് ശരിയായ അന്വേഷണം നടത്തി വ്യക്തത വരുത്തുന്നതിന് 2018 മാർച്ച് 31-ന് മുൻപ് നടപടി സ്വീകരിക്കാൻ കഴിയുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശാസ്ത്രീയ പരിശോധനാഫലം ലഭിക്കാത്തതിനാലാണ് അന്വേഷണം പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത്.

(ബി) നെയ്യാറ്റിൻകര എസ്.എച്ച്.ഒ.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

(സി) ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിന് തടസ്സങ്ങളൊന്നുമില്ല.

(ഡി) ശരിയായ അന്വേഷണം നടത്തി വ്യക്തത വരുത്തുന്നതിന് എഫ്.എസ്.എൽ., ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നുമുള്ള ശാസ്ത്രീയ പരിശോധനാഫലം ലഭിക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്നമുറയ്ക്ക് വ്യക്തത വരുത്തുന്നതിന് കഴിയുന്നതാണ്.

## പോലീസ് സ്റ്റേഷൻ ആക്രമണങ്ങൾ

131 (1675) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 20 മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടുവെന്നും ഈ സ്റ്റേഷനുകൾ ഏതൊക്കെ ജില്ലകളിലാണെന്നും അറിയിക്കുമോ;

(ബി) മേൽകാലയളവിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലെ എത്ര പോലീസ് ഉദ്യോഗസ്ഥർ കർത്തവ്യ നിർവ്വഹണത്തിനിടയിൽ ആക്രമിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016 മേയ് 20 മുതൽ നാളിതുവരെ (27-2-2018 വരെ) സംസ്ഥാനത്ത് 5 പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു:

| Sl. No. | District | Police Station |
|---|---|---|
| 1 | Thiruvananthapuram Rural | Vellarada |
| 2 | Kottayam | Ponkunnam |
| 3 | Kottayam | Vakathanam |
| 4 | Kozhikode City | Beypore |
| 5 | Kozhikode Rural | Mukkam |

(ബി) മേൽകാലയളവിൽ കർത്തവ്യ നിർവ്വഹണത്തിനിടയിൽ ആക്രമിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥമാരുടെ പോലീസ് സ്റ്റേഷൻ തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**രാസ ലഹരി മരുന്നുകളുടെ ഉപയോഗം**

132 (1676) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാസ ലഹരി മരുന്നുകളുടെ ഉപയോഗം ആശങ്കാജനകമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരി മരുന്ന് ഉപയോഗിക്കുന്നതിന്റെയും അവ കടത്തുന്നതിന്റെയും മുഖ്യകേന്ദ്രങ്ങളിൽ ഒന്നായി സംസ്ഥാനം മാറിയെന്ന പോലീസ് റിപ്പോർട്ട് ഗൗരവമായി എടുത്തിട്ടുണ്ടോ;

(സി) ലഹരി മരുന്ന് കേസുകളുടെ എണ്ണം കഴിഞ്ഞ വർഷം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ടോ; 2016-നെ അപേക്ഷിച്ച് 2017-ൽ എത്ര കേസുകൾ അധികമായി രജിസ്റ്റർ ചെയ്തു;

(ഡി) ലഹരി മരുന്ന് ഉപയോഗവും വില്പനയും തടയുവാൻ എല്ലാ ജില്ലകളിലും ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് ടീമുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ )ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) രജിസ്റ്റർ ചെയ്തിട്ടുള്ള ലഹരി മരുന്ന് കേസ്സുകളുടെ എണ്ണം 2016-ൽ 5924-ഉം, 2017-ൽ 9242-ഉം ആണ്. റിപ്പോർട്ട് ചെയ്യുന്ന സംഭവങ്ങളിൽ യഥാസമയം കേസുകൾ എടുത്ത കാരണത്താൽ സ്വാഭാവിക വർദ്ധനവുണ്ടായിട്ടുണ്ട്.

(ഡി) ജില്ലകളിൽ നാർക്കോട്ടിക് കേസുകൾ കണ്ടെത്തുന്നതിനും അതിന്റെ ഉപയോഗവും വിൽപ്പനയും തടയുന്നതിനും District Anti Narcotic Special Action Force (DANSAF) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

**മുൻ സർക്കാരിലെ മന്ത്രിമാർക്കെതിരെ അഴിമതികേസുകൾ**

133 (1677) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കേരളത്തിൽ അധികാരത്തിലിരുന്ന സർക്കാരിലെ എത്ര മന്ത്രിമാർക്കെതിരെ അഴിമതിക്ക് കേസെടുത്തിട്ടുണ്ട്; ഏതെല്ലാം കേസുകളിലാണെന്നുള്ള വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇതിൽ എത്രയെണ്ണം വിജിലൻസ് അന്വേഷിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിൽ ഏതെല്ലാം കേസുകളിൽ എഫ്.ഐ.ആർ.രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) 2011-2016 കാലയളവിൽ കേരളത്തിൽ അധികാരത്തിലിരുന്ന സർക്കാരിലെ ഒൻപത് (9) മന്ത്രിമാർക്കെതിരെ പതിനഞ്ച് (15) വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ പതിനൊന്ന് (11) കേസുകൾ ഇപ്പോഴും അന്വേഷണാവസ്ഥയിലാണ്. കേസുകളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) എല്ലാ കേസുകളിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സർക്കാർ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കുമെതിരെ വിജിലൻസ് കേസുകൾ**

134 (1678) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വിജിലൻസ് കേസുകളിൽ സർക്കാർ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും വിചാരണ ചെയ്യുന്നതിന് അനുമതി തേടിക്കൊണ്ട് ലഭിച്ച എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിചാരണക്ക് അനുമതി നൽകുന്നതിന് ഉണ്ടാകുന്ന കാലതാമസം, കേസുകൾ ദുർബലമാകുന്നതിനും കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് വിഘാതമാവുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിജിലൻസ് കേസുകളിൽ സർക്കാർ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും കുറ്റവിചാരണ ചെയ്യുന്നതിന് അനുമതി തേടിക്കൊണ്ട് 19 അപേക്ഷകൾ വിവിധ വകുപ്പുകളിലേയ്ക്ക് അയച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വെൺകുളം അഴിമതി**

135 (1679) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് ഗ്രാമപഞ്ചായത്തിലെ വെൺകുളം അഴിമതി സംബന്ധിച്ച് കൃഷിവകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ടോ; ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) വിജിലൻസ് വിഭാഗത്തിലെ ഏത് യൂണിറ്റിനാണ് അന്വേഷണച്ചുമതല നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാൻ കഴിയുമോ;

(സി) വെൺകുളത്ത് വിജിലൻസ് വിഭാഗം സന്ദർശനം നടത്തി ആവശ്യമായ തെളിവുകൾ ശേഖരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വെൺകുളം നവീകരണ അഴിമതിയുമായി ബന്ധപ്പെട്ട് വിജിലൻസ് വിഭാഗത്തിന് കേസ് രജിസ്റ്റർ ചെയ്യുന്നതിന് തടസ്സം എന്തെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കേസ് 2018- മാർച്ച് 31-ന് മുൻപ് രജിസ്റ്റർ ചെയ്യാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വെൺകുളം പുനരുദ്ധാരണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(ബി) വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ, ദക്ഷിണമേഖലാ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിനാണ് വിജിലൻസ് അന്വേഷണത്തിന്റെ ചുമതല നല്കിയിട്ടുള്ളത്.

(സി) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി വെൺകുളത്ത് വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥർ സന്ദർശനം നടത്തിയിട്ടുണ്ട്.

(ഡി&ഇ) വിജിലൻസ് അന്വേഷണം പൂർത്തിയായ ശേഷം കേസ് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

**വിജിലൻസ് ത്വരിത പരിശോധനകൾ**

136 (1680) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 31-3-2017 വരെ വിജിലൻസ് വകുപ്പ് എത്ര ത്വരിത പരിശോധനകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1-4-2017 മുതൽ നാളിതുവരെ എത്ര ത്വരിത പരിശോധനകൾ നടത്തിയിട്ടുണ്ട്;

(സി) 2015-ലും 2016-ലും എത്ര വീതം ത്വരിത പരിശോധനകളാണ് നടത്തിയിട്ടുള്ളത്;

(ഡി) ഈ പരിശോധനകളുടെ അടിസ്ഥാനത്തിൽ എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഏതെല്ലാം വകുപ്പുകളിലാണ് ഈ പരിശോധന നടത്തിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-3-2017 വരെ 912 ത്വരിത പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) 1-4-2017 മുതൽ നാളിതുവരെ 195 ത്വരിത പരിശോധനകൾ നടത്തിയിട്ടുണ്ട്.

(സി) 2015-ൽ 659 -ഉം 2016-ൽ 886 -ഉം ത്വരിത പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ഡി) ഈ പരിശോധനകളുടെ അടിസ്ഥാനത്തിൽ 181 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ത്വരിത പരിശോധന നടത്തിയ വകുപ്പുകളുടെ വിശദ വിവരം +അനുബന്ധമായി ചേർത്തിരിക്കുന്നു.

## പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ വിജിലൻസ് കേസുകൾ

137 (1681) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര വിജിലൻസ് കേസുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്; അതിൽ എത്ര പേർ പ്രതികളായി ഉണ്ട്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകൾ കോടതിയിൽ വിചാരണയിൽ ഉണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മതിയായ തെളിവുകളില്ലാത്ത കാരണത്താൽ കോടതിയിൽ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളിലാണ് ഇപ്രകാരം നടപടി അവസാനിപ്പിച്ചത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ 42 വിജിലൻസ് കേസുകളാണ് സംസ്ഥാനത്ത് നിലവിലുള്ളത്. അതിൽ 61 പേർ പ്രതികളായുണ്ട്.

(ബി) 24 കേസുകൾ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മതിയായ തെളിവുകളില്ലാത്ത കാരണത്താൽ മൂന്ന് വിജിലൻസ് കേസുകളിൽ കോടതി നടപടി അവസാനിപ്പിക്കുകയും ഒരു കേസ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പ്രതി മരണപ്പെട്ട കാരണത്താൽ ഒരു കേസ് അവസാനിപ്പിക്കുകയും ചെയ്തു.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിജിലൻസ് ഡയറക്ടർ തസ്തിക

138 (1682) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജിലൻസ് വകുപ്പിന് സ്വതന്ത്ര ചുമതലയുള്ള ഒരു ഡയറക്ടറേറ്റ് രൂപീകരിച്ചത് എപ്പോഴാണ് ;

(ബി) രൂപീകരണ കാലഘട്ടത്തിൽ വിജിലൻസ് ഡയറക്ടർ തസ്തികയിൽ ഏത് റാങ്കിലുള്ള ഐ.പി.എസ്. ഓഫീസറെയാണ് നിയോഗിച്ചിരുന്നത് ;

(സി) ഡയറക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിൽ കേഡർ തസ്തികയിലുള്ള ഐ.പി.എസ് ഓഫീസർ വിജിലൻസ് ഡയറക്ടർ ആകണമെന്ന് നിഷ്കർഷിക്കുന്ന കേന്ദ്ര സർക്കാർ നിബന്ധന എപ്പോഴാണ് പ്രാബല്യത്തിൽ വന്നത് ;

(ഡി) പ്രസ്തുത ഉത്തരവ് നിലവിൽ വന്നതിനു ശേഷം ഏതെല്ലാം അവസരത്തിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലല്ലാത്തവർക്കും പ്രസ്തുത റാങ്കിൽ കേഡർ തസ്തികയിലല്ലാത്തവരായ ഉദ്യോഗസ്ഥർക്കും വിജിലൻസ് ഡയറക്ടറുടെ ചുമതല നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 21-12-1964 -ലെ സ.ഉ. നമ്പർ (എം എസ്.) 525/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് വിജിലൻസ് വകുപ്പിന് സ്വതന്ത്ര ചുമതലയുള്ള ഒരു ഡയറക്ടറേറ്റ് രൂപീകരിച്ചു.

(ബി) രൂപീകരണ കാലഘട്ടത്തിൽ വിജിലൻസ് ഡയറക്ടർ തസ്തികയിൽ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലുള്ള ഐ.പി.എസ്. ഓഫീസറെയാണ് നിയോഗിച്ചിരുന്നത്.

(സി) കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന്റെ 22-3-2001- ലെ വിജ്ഞാപനം നമ്പർ 111052/9/2000/AIS(II) പ്രകാരമാണ് വിജിലൻസ് ഡയറക്ടറുടെ തസ്തിക ഡി.ജി.പി. റാങ്കിലുള്ള കേഡർ തസ്തികയാക്കി മാറ്റിയത്.

(ഡി) ഡയറക്ടർ ജനറൽ ഓഫ് പോലീസ് റാങ്കിലല്ലാത്തവരും പ്രസ്തുത റാങ്കിൽ കേഡർ തസ്തികയിലല്ലാത്തവരുമായ ഉദ്യോഗസ്ഥർ വിജിലൻസ് ഡയറക്ടറുടെ ചുമതല വഹിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആറ്റിങ്ങലിൽ പുതിയ കോടതി

139 (T 1683) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ പുതുതായി അഡീഷണൽ ജില്ല സെഷൻസ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ആഭ്യന്തര വകുപ്പിന്റെ 18/11/17-ലെ C5/85/2017/ Home നമ്പർ കത്തിന് ലഭ്യമായ മറുപടിയും ഇതിൻ മേൽ സ്വീകരിച്ച നടപടിയും വിശദമാക്കുമോ?

ഉത്തരം

(എ & ബി) പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാലിസ്റ്റ് 2-3-2016-ലെ സ.ഉ.(കൈ.) 79/2016/ആഭ്യന്തരം പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അഡീഷണൽ ജില്ലാ സെഷൻസ് കോടതി, ആറ്റിങ്ങൽ ഇതിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ മുൻഗണനാലിസ്റ്റിൽ ഈ കോടതിയും ഉൾപ്പെടുത്തണമെന്നും ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 30 ഗ്രാമന്യായാലയങ്ങൾ ആരംഭിച്ച സാഹചര്യത്തിൽ മുൻഗണനാലിസറ്റ് പുനഃപരിശോധിക്കുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. (18-11-2017-ലെ സി5/85/2017 തീയതി കത്തുപ്രകാരം) ഹൈക്കോടതി രജിസ്ട്രാറുടെ ആവശ്യം പരിഗണിച്ച് തുടർനടപടി കൈക്കൊള്ളാമെന്ന് അഡ്വക്കേറ്റ് ജനറൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. നിലവിൽ പുതിയ കോടതികൾ ആരംഭിക്കുന്ന വിഷയത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## യൂണിവേഴ്സിറ്റി ഹോസ്റ്റലിലെ റാഗിംഗ്

140 (1684) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സർക്കാർ ലാ കോളേജിലെ ഒന്നാം സെമസ്റ്റർ വിദ്യാർത്ഥികളായ രണ്ടുപേരെ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ റാഗിംഗിന്റെ പേരിൽ ക്രൂരമായി മർദ്ദിച്ചുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ആർക്കെതിരെയാണ് പരാതി ലഭിച്ചത്; ഏത് വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണ് പ്രതികൾ;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കണ്ണിന് കാഴ്ചയില്ലാത്ത ഷാജഹാൻ എന്ന വിദ്യാർത്ഥിയെപോലും മർദ്ദിക്കുന്ന സാഹചര്യത്തിലേക്ക് വിദ്യാർത്ഥിസമൂഹം മാറുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രതികൾക്കെതിരെ റാഗിംഗ് നിരോധന നിയമപ്രകാരം കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 197/2018/u/s 342, 323, 324 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) തിരുവനന്തപുരം ലോ കോളേജ് സീനിയർ വിദ്യാർത്ഥികളായ വിപിൻ കൃഷ്ണൻ, ശ്രീകാന്ത് തമ്പാൻ, ശ്രാവൺ എന്നീ വിദ്യാർത്ഥികൾക്കെതിരെയാണ് പരാതി ലഭിച്ചത്. ഇവർ ഏത് വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണെന്ന് അറിവായിട്ടില്ല. കേസിന്റെ അന്വേഷണം നടത്തിവരുന്നു.

(സി) ഇതൊരു ഒറ്റപ്പെട്ട സംഭവമായതിനാൽ അന്ധനായ വിദ്യാർത്ഥിയെപ്പോലും മർദ്ദിക്കുന്ന സാഹചര്യത്തിലേയ്ക്ക് വിദ്യാർത്ഥി സമൂഹം മാറുന്നതായി കാണാൻ കഴിയില്ല.

(ഡി) കോളേജിലെ ആന്റി റാഗിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പ്രതികൾക്കെതിരെ റാഗിംഗ് നിരോധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

### തലശ്ശേരിയിൽ ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം

141 (1685) <u>ശ്രീ. എ. എൻ. ഷംസീർ:</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരിയിൽ അഡീഷണൽ ജില്ലാ ജഡ്ജിക്കും Motor Accident Claim Tribunal(എം.എ.സി.ടി.)ജഡ്ജിക്കും ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 2018-19 വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

2018-19-ലെ ഭരണാനുമതിയുള്ള മരാമത്ത് പണികളിലുൾപ്പെടുത്തി 1,26,11,000 രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**അഗ്നിശമന സേനയിലെ ആംബുലൻസുകൾ**

142 (1686) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയ്ക്കുകീഴിൽ എത്ര ആംബുലൻസുകളാണ് നിലവിലുള്ളത്; ഇവയിൽ പലതും കാലപ്പഴക്കം ചെന്നവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെടുന്നയാളിന് അവശ്യസംവിധാനമായ ഓക്സിജൻ സിലിണ്ടറും മറ്റ് അത്യാവശ്യ ഉപകരണങ്ങളും ഇത്തരം ആംബുലൻസുകളിൽ പലതിലും ഇല്ലാത്തത് രക്ഷാദൗത്യത്തെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവൻ രക്ഷാ ഉപകരണങ്ങളും ആവശ്യമായ ഫസ്റ്റ് എയ്ഡ് സംവിധാനങ്ങളും ഒരുക്കുന്നതിനും ഇത്തരം ആംബുലൻസ് സംവിധാനം ആധുനികവത്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 79 എണ്ണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കം ചെന്ന് അറ്റകുറ്റപ്പണികൾ നടത്തുന്നത് ലാഭകരമല്ലാതാകുമ്പോൾ ആംബുലൻസുകൾ നിരാകരണം നടത്തി ലേലം ചെയ്യുകയും പുതിയവ ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ വകുപ്പിന് ആംബുലൻസ് വാങ്ങുന്ന സമയത്ത് ഓക്സിജൻ സിലിണ്ടറുകൾ, ജീവൻരക്ഷാ ഉപകരണങ്ങൾ എന്നിവകൂടി ഉൾപ്പെടുത്തിയ ആംബുലൻസുകൾ വാങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

**അഗ്നിശമന സേനയുടെ ആധുനികവത്കരണം**

143 (1687) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമനസേനയുടെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) കാലാനുസൃതമായ അത്യന്താധുനിക സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫയർ& റെസ്ക്യൂ സർവീസസിന്റെ നവീകരണത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി നിലയം, ആലപ്പുഴ ജില്ലയിൽ അരൂർ നിലയം, കണ്ണൂർ ആസ്ഥാനമാക്കി പുതിയ ഡിവിഷണൽ ആഫീസ് എന്നിവ ആരംഭിച്ചു. ആയതിന്റെയും ഫയർ & റെസ്ക്യൂ സർവ്വീസസ് അക്കാദമി നവീകരണത്തിന്റെയും ഭാഗമായി വിവിധ തലത്തിലുള്ള ആഫീസർ തസ്തികകൾ ഉൾപ്പെടെ 78 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. ദുരന്തങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കമ്മ്യൂണിറ്റി റെസ്ക്യൂ വാളന്റിയർ സർവ്വീസസ്, ആപതാമിത്ര എന്നീ പദ്ധതികൾ ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.

3. 2016-17 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ നവീകരണത്തിനായി 40 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും അനുവദിക്കുകയുണ്ടായി.

4. 2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ സമഗ്രമായ നവീകരണത്തിനായി 70 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

5. വിവിധ വിഭാഗത്തിൽപ്പെട്ട 16-ഓളം അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും കൂടാതെ 2017-18 സാമ്പത്തിക വർഷത്തിൽ 18 -ഓളം അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വിവിധ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

6. കേരള ഫയർ & റെസ്ക്യൂ സർവ്വീസസിൽ ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വകുപ്പിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

7. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുനില കെട്ടിടങ്ങൾക്ക് എൻ.ഒ.സി. അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനായി ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം, ആഫീസ് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായി ഐ-ആപ്സ് സംവിധാനം, വീഡിയോ കോൺഫറൻസ് സംവിധാനം എന്നിവയ്ക്കായി ഫണ്ട് അനുവദിക്കുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

8. വകുപ്പിൽ സ്തുത്യർഹ സേവനത്തിന് 20 പേർക്ക് പോലീസ് സേനയിലെപ്പോലെ ബാഡ്ജ് ഓഫ് ഓണർ നൽകുന്നതിന് നടപടി സ്വീകരിച്ചു.

(ബി) സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## മഞ്ചേരി ഫയർ സ്റ്റേഷൻ

144 (1688) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) നിലവിലുള്ള കെട്ടിടത്തിന്റെ പരിമിതി ഫയർ സ്റ്റേഷന്റെ കാര്യക്ഷമതയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ജൂനിയർ ടെക്നിക്കൽ സ്കൂൾ കോമ്പൗണ്ടിനകത്ത് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അമ്പത് സെന്റ് സ്ഥലം ഉപാധികളോടെ കൈമാറുന്നതിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരവായിട്ടുള്ളതാണ്. സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. മഞ്ചേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ പ്ലാൻ, എസ്റ്റിമേറ്റ് മുതലായവ തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റൂറൽ ഫയർ സ്റ്റേഷൻ പ്ലാൻ സഹിതം അഗ്നിരക്ഷാ വകുപ്പ് കത്ത് നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള താൽക്കാലിക ഫയർ സ്റ്റേഷൻ കെട്ടിടത്തിന് സൗകര്യക്കുറവുകളുണ്ട്. എന്നാൽ കാര്യക്ഷമതയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

**കാസർഗോഡ് സബ് ജയിൽ അടച്ചിട്ടിരിക്കുന്നതിന്റെ കാരണം**

145 (1689) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സബ് ജയിൽ ഇപ്പോൾ അടച്ചിട്ടിരിക്കുകയാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്നും എത്ര ദിവസത്തേക്കാണ് അടച്ചിട്ടതെന്നും വ്യക്തമാക്കാമോ;

(ബി) കാസർകോഡ് സബ് ജയിലിൽ എത്ര തടവുകാരെ പാർപ്പിച്ചിരുന്നുവെന്നും അടച്ചിട്ടതിനെ തുടർന്ന് ഈ തടവുകാരെ ഏത് ജയിലിലേക്കാണ് മാറ്റിയതെന്നും വ്യക്തമാക്കാമോ;

(സി) ഈ തടവുകാരെ മാറ്റിയ ജയിലിൽ എത്ര പേർക്കുള്ള സൗകര്യമാണുള്ളതെന്ന് വ്യക്തമാക്കാമോ; കാസർഗോഡ് സബ് ജയിലിലെ തടവുകാർ കൂടി വന്നതോടെ ഈ ജയിലിലെ സൗകര്യത്തിൽ അപര്യാപ്തത അനുഭവപ്പെടാൻ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യത്തിലാണ് അപര്യാപ്തതയും അസൗകര്യവും ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് (സ്പെഷ്യൽ) സബ് ജയിൽ താൽക്കാലികമായി അടച്ചിട്ടിരിക്കുകയാണ്. തടവുകാരെ പാർപ്പിക്കുന്ന സെല്ലുകളും വരാന്തയും ടൈൽസ് പാകുന്ന പ്രവൃത്തി നടക്കുന്നതിനാലാണ് ജയിൽ അടച്ചിട്ടിരിക്കുന്നത്. ടി പ്രവൃത്തി തീരുന്നതുവരെയാണ് ജയിൽ അടച്ചിട്ടിരിക്കുന്നത്.

(ബി) കാസർഗോഡ് (സ്പെഷ്യൽ) സബ് ജയിലിൽ അറുപത്തിമൂന്ന് തടവുകാരെ പാർപ്പിച്ചിരുന്നു. ഇവരെ ഹോസ്ദുർഗ് ജില്ലാ ജയിലിലേയ്ക്കാണ് മാറ്റി പാർപ്പിച്ചിട്ടുള്ളത്.

(സി) ഹോസ്ദുർഗ് ജില്ലാ ജയിലിൽ നാൽപ്പത്തിരണ്ട് പുരുഷ തടവുകാരെ പാർപ്പിക്കുന്നതിനുള്ള സൗകര്യമാണുള്ളത്. എന്നാൽ കാസർഗോഡ് (സ്പെഷ്യൽ) സബ് ജയിലിൽനിന്നും മാറ്റിപ്പാർപ്പിച്ച തടവുകാർ ഉൾപ്പെടെ 137 പുരുഷ തടവുകാരെ ഹോസ്ദുർഗ് ജില്ലാ ജയിലിൽ പാർപ്പിച്ചിട്ടുണ്ട്. സ്ഥലപരിമിതിമൂലം തടവുകാരെ പാർപ്പിക്കുന്നതിൽ അസൗകര്യം സംസ്ഥാനത്തെ ജയിലുകളിലുണ്ട്.

## നിരക്ഷരർ ഇല്ലാത്ത ജയിലുകൾ

146 (1690) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നിരക്ഷരരായ എത്ര തടവുകാരുണ്ട്;

(ബി) നിരക്ഷരർ ഇല്ലാത്ത ജയിലെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്തെ ജയിലുകളിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 590 തടവുകാർ.

(ബി) നിരക്ഷരർ ഇല്ലാത്ത ജയിൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷനുമായി സഹകരിച്ച് നിരക്ഷരരായ തടവുകാർക്ക് സാക്ഷരതാ ക്ലാസുകൾ നടത്തുന്നതിനും തുടർപരീക്ഷകൾ നടത്തുന്നതിനും ജയിൽ ജ്യോതി എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## സെൻട്രൽ ജയിലുകളിലെ ഇതുവരെ പരോൾ ലഭിക്കാത്തവർ

147 (1691) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതുവരെ പരോൾ ലഭിക്കാത്തവരായി സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ എത്ര പേരുണ്ട്;

(ബി) ജയിൽ ചട്ടങ്ങളിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഇതുവരെ പരോൾ ലഭിക്കാത്ത തടവുകാർക്ക് പരോൾ അനുവദിക്കുന്നത്;

(സി) ഈ വ്യവസ്ഥ പ്രകാരം അർഹതപ്പെട്ടവർക്ക് പരോൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്;

(ഡി) തൃശ്ശൂരിലെ പരോൾ റിവ്യൂ കമ്മിറ്റി, ഈ വ്യവസ്ഥ പ്രകാരം എത്ര പേർക്ക് പരോൾ നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്;

(ഇ) അതിൽ എത്ര പേർക്ക് പരോൾ അനുവദിച്ചിട്ടുണ്ട്; അവർ ഏതെല്ലാം കേസുകളിലെ പ്രതികളാണ്; ഇത്തരത്തിൽ പരോൾ അനുവദിച്ചപ്പോൾ എന്തെങ്കിലും നിബന്ധനകൾ ഉണ്ടായിരുന്നോ;

(എഫ്) ഈ വ്യവസ്ഥ പ്രകാരം പരോൾ അനുവദിച്ചവരിൽ കാലാവധിക്കുള്ളിൽ തിരികെ എത്തിച്ചേരാത്തവരായി ആരെങ്കിലുമുണ്ടോ;

(ജി) റിവ്യൂ കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരമുള്ള പരോൾ ഇനിയും ആർക്കെങ്കിലും അനുവദിക്കാനുണ്ടോ;എങ്കിൽ അവർ ആരെല്ലാമാണ്?

ഉത്തരം

(എ) സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ ഇതുവരെ പരോൾ ലഭിക്കാത്തവരായി ആകെ 1075 തടവുകാരുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സെൻട്രൽ ജയിൽ, തിരുവനന്തപുരം - 160 പേർ

സെൻട്രൽ ജയിൽ, വിയ്യൂർ - 128 പേർ

സെൻട്രൽ ജയിൽ, കണ്ണൂർ - 787 പേർ

(ബി) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 399, 469 പ്രകാരമാണ് ഇതുവരെ പരോൾ ലഭിക്കാത്ത തടവുകാർക്ക് പരോൾ അനുവദിക്കുന്നത്.

(സി) മറ്റെല്ലാ വിധത്തിലും സാധാരണ അവധിക്ക് അർഹതയുണ്ടായിരുന്നിട്ടും ഒന്നിൽകൂടുതൽ തവണ പോലീസ് റിപ്പോർട്ട് പ്രതികൂലമായതിനാൽ അവധിയിൽ പോകാൻ കഴിയാത്ത തടവുകാരെ 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ

സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 469 പ്രകാരം ജയിൽ ഉപദേശക സമിതി പരിഗണിക്കുകയും അർഹതയുണ്ടെന്ന് കണ്ടെത്തിയവരെ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. കൂടാതെ 3 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയവരുടെ 3 പോലീസ് റിപ്പോർട്ടുകൾ പ്രതികൂലമായാൽ അത്തരം കേസുകൾ ചട്ടം 399 പ്രകാരം പരോൾ പുനരവലോകന സമിതി പരിഗണിക്കുകയും അർഹതയുണ്ടെന്ന് കണ്ടെത്തുന്നവരെ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ ലഭിക്കുന്ന ശിപാർശകൾ സർക്കാർ പരിശോധിക്കുകയും അർഹരായ തടവുകാർക്ക് പരോൾ അനുവദിക്കുകയും ചെയ്യുന്നു.

(ഡി) 03-11-2017-ന് യോഗം ചേർന്ന് വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ പരോൾ റിവ്യൂ കമ്മിറ്റി ടി ജയിലിലെ 19 അന്തേവാസികൾക്ക് പരോൾ നൽകാൻ ശിപാർശ ചെയ്തിട്ടുണ്ട്.

(ഇ) കമ്മിറ്റി ശിപാർശ ചെയ്ത 19 പേർക്കും പരോൾ അനുവദിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(എഫ്) ഈ വ്യവസ്ഥകൾ പ്രകാരം പരോൾ അനുവദിക്കപ്പെട്ട എല്ലാവരും നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ തിരികെ എത്തിയിട്ടുണ്ട്.

(ജി) പരോൾ അനുവദിക്കപ്പെട്ട 19 തടവുകാരിൽ 3 പേർക്ക് അവധി അനുവദിക്കാനുണ്ട്.

1. സി. നമ്പർ 2422 സുരേഷ്
2. സി. നമ്പർ 2420 പ്രവീൺ
3. സി. നമ്പർ 9351 ശശിധരൻ

**ജയിലുകളിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ**

148 (1692) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഓരോന്നിൽനിന്നും ലഭിയ്ക്കുന്ന വരുമാനം/ചെലവ് ഇനം തിരിച്ച് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഉല്പാദന മേഖലകൾ എന്തെന്നും അവയ്ക്കായി തടവുകാർക്ക നൽകുന്ന പ്രതിഫലം എത്രയെന്നും ഇത്തരം ഉല്പന്നങ്ങൾക്ക് എത്ര തുക ഈടാക്കി വിപണനം നടത്തുന്നുവെന്നും ആയതുവഴി വകുപ്പിന് എത്ര തുക ലഭിക്കുന്നുവെന്നും, ഇവയിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്ന മേഖല ഇനംതിരിച്ചും വിശദാംശം ലഭ്യമാക്കുമോ;

(ഡി) ജയിലുകളിൽ കല്ലുവെട്ടുന്ന കുഴിയിൽ വെള്ളം സംഭരിച്ച് കൃഷിക്കും, ജല സംഭരണികളും കുളങ്ങളുമുള്ള മേഖലകളിൽ നിന്ന് കുപ്പിവെള്ള നിർമ്മാണം നടത്തി സംസ്ഥാനത്ത് കുപ്പിവെള്ളം കുറഞ്ഞ വിലയിൽ ലഭ്യമാക്കാനും അതിലൂടെ കുപ്പിവെള്ള ലോബികൾ ഈടാക്കുന്ന അമിത വില ഒഴിവാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ജയിലുകളിൽ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ, കാർഷിക, പൗൾട്രി, കന്നുകാലി വളർത്തൽ, മാനുഫാക്ചറി എന്നിവയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഇനം |
|---|---|
| (1) | (2) |
| 1 | ചപ്പാത്തി |
| 2 | ചിക്കൻകറി |
| 3 | വെജിറ്റബിൾ കറി, തക്കാളിക്കറി |
| 4 | മുട്ടക്കറി |
| 5 | ചില്ലി ചിക്കൻ, ചിക്കൻ കബാബ് |
| 6 | ദം ചിക്കൻ ബിരിയാണി |
| 7 | വെജിറ്റബിൾ ബിരിയാണി |
| 8 | ഇഡ്ഡലി, സാമ്പാർ, ചമ്മന്തിപ്പൊടി |
| 9 | കേസരി |
| 10 | അച്ചാർ |
| 11 | പൊടിയപ്പം |
| 12 | അരിയുണ്ട |

| (1) | (2) |
|---|---|
| 13 | ബിസ്ക്യ |
| 14 | ചിപ്സ് |
| 15 | ഉണ്ണിയപ്പം |
| 16 | നെയ്യപ്പം |
| 17 | ലഡു |
| 18 | ബൺ |
| 19 | കോക്കനട്ട് ബൺ |
| 20 | പ്ലം കേക്ക് |
| 21 | കപ്പ് കേക്ക് |
| 22 | പച്ചക്കറി |
| 23 | മാനുഫാക്ടറി ഉത്പന്നങ്ങൾ |
| 24 | പൗൾട്രി ഫാം |
| 25 | വെട്ടുകല്ല് |
| 26 | കന്നുകാലി വളർത്തൽ |
| 27 | റബ്ബർ ഷീറ്റ് |

(ബി) ഭക്ഷ്യനിർമ്മാണ യൂണിറ്റിൽനിന്നും 2017 വർഷം ലഭിച്ച

വരുമാനം -26,51,45,881 രൂപ,

ചെലവ് - 21,45,75,848 രൂപ.

<u>മറ്റ് വരുമാനങ്ങൾ</u>

i. കാർഷിക ഉത്പന്നങ്ങൾ -78,04,524 രൂപ

ii. പൗൾട്രി ഫാം-7,34,298 രൂപ

iii.കന്നുകാലി വളർത്തൽ-34,30,070 രൂപ

iv. റബ്ബർ ഷീറ്റ്- 21,90,250 രൂപ

v. മാനുഫാക്ടറി ഉത്പന്നങ്ങൾ-1,08,57,427 രൂപ

ചെലവ് സംബന്ധിച്ച വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(സി) ഭക്ഷ്യ നിർമ്മാണ/മറ്റ് യൂണിറ്റുകളിലെ തടവുകാർക്ക് 148 രൂപ പ്രതിഫലം നൽകിവരുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ നിലവിൽ ഇല്ല.

| ക്രമ നമ്പർ | ഇനം | തുക രൂപയിൽ |
|---|---|---|
| (1) | (2) | (3) |
| 1 | ചപ്പാത്തി | 2 |
| 2 | ചിക്കൻകറി | 30 |
| 3 | വെജിറ്റബിൾ കറി, തക്കാളിക്കറി | 15 |
| 4 | മുട്ടക്കറി | 15 |
| 5 | ചില്ലി ചിക്കൻ, ചിക്കൻ കബാബ് | 40,60 |
| 6 | ദം ചിക്കൻ ബിരിയാണി | 60 |
| 7 | വെജിറ്റബിൾ ബിരിയാണി | 40 |
| 8 | ഇഡ്ഡലി, സാമ്പാർ, ചമ്മന്തിപ്പൊടി | 25 |
| 9 | കേസരി | 25 |
| 10 | അച്ചാർ(നൂറ് ഗ്രാം) | 30 |
| 11 | പൊടിയപ്പം(ഇരുന്നൂറ് ഗ്രാം) | 38 |
| 12 | അരിയുണ്ട(അഞ്ച് എണ്ണം) | 20 |
| 13 | ബിസ്ക്കറ്റ്(പത്ത് എണ്ണം) | 25 |
| 14 | ചിപ്സ് (ഒരു കിലോ) | 240 |
| 15 | ഉണ്ണിയപ്പം(പത്ത് എണ്ണം) | 35 |
| 16 | നെയ്യപ്പം(അഞ്ച് എണ്ണം) | 30 |
| 17 | ലഡ്ഡു(ഒരു കിലോ) | 120 |
| 18 | ബൺ | 20 |
| 19 | കോക്കനട്ട് ബൺ | 20 |
| 20 | പ്ലം കേക്ക് (മുന്നൂറ്റിയമ്പത് ഗ്രാം) | 80 |
| 21 | കപ്പ് കേക്ക് | 20 |
| 22 | കാർഷിക ഉത്പന്നങ്ങൾ | ഹോർട്ടി കോർപ്പിലെ ദിവസ വില |

| (1) | (2) | (3) |
|---|---|---|
| 23 | വെട്ടുകല്ല് | 16 |
| 24 | കന്നുകാലി വളർത്തൽ | പാൽ -മിൽമയുടെ വില |
| 25 | റബ്ബർ ഷീറ്റ് | റബ്ബർ ബോർഡിന്റെ മാർക്കറ്റ് വില |
| 26 | മാനുഫാക്ചറി ഉത്പന്നങ്ങൾ | 23-9-2014 തീയതിയിലെ G.O(p) No.409/2014/Fin പ്രകാരം വില നിർണ്ണയിക്കുന്നു. |
| 27 | പൗൾട്രി ഫാം | കെപ്പ്കോയിലെ ദിവസ വില |

(ഡി) വിയ്യൂർ സെൻട്രൽ ജയിലിലും ചീമേനി തുറന്ന ജയിലിലും കല്ലുവെട്ടുകുഴിയിൽ വെള്ളം സംഭരിച്ച് കൃഷിക്കും ജയിലിലെ മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിച്ചുവരുന്നു. കുപ്പിവെള്ള നിർമ്മാണത്തിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

**തടവുപുള്ളികൾക്ക് പരോൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ**

149 (1693) <u>ശ്രീ. വി. ടി. ബൽറാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടവുപുള്ളികൾക്ക് പരോൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) 2018 ജനുവരി 23-ാം തീയതിയിലെ ജി.ഒ.(ആർ.റ്റി) നം.238/2018/ ഹോം ഉത്തരവ് പ്രകാരം 19 തടവുപുള്ളികൾക്ക് ഒരുമിച്ച് സാധാരണ അവധി അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം സാധാരണ അവധി ലഭിച്ചവരിൽ കൊലക്കുറ്റത്തിനും, ബലാത്സംഗത്തിനുമായി ശിക്ഷ അനുഭവിക്കുന്നവർ എത്രപേരുണ്ടെന്നും അവർ ആരൊക്കെയെന്നും ഏതൊക്കെ കേസുകളിലെ പ്രതികളാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇവർ എന്നാണ് ജയിലിൽ നിന്നും മോചിതരായതെന്നും എന്ന് ജയിലിൽ തിരിച്ചെത്തിയെന്നും വിശദമാക്കുമോ;

(ഇ) 15 ദിവസത്തെ സാധാരണ അവധി അവസാനിച്ചിട്ടും തിരിച്ച് ജയിലിലെത്താത്തവർ ഉണ്ടോയെന്നും അവരുടെ അവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(എഫ്) ഇപ്രകാരം അവധി അനുവദിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ടി.പി.ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട എത്ര പേരുണ്ടെന്നും അവർക്ക് ഒരുമിച്ച് സാധാരണ അവധി അനുവദിക്കുവാനുണ്ടായ പ്രത്യേക സാഹചര്യമെന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397,399,400,469 എന്നിവയിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായാണ് തടവുപുള്ളികൾക്ക് അവധി അനുവദിക്കുന്നത്.

(ബി) പരോൾ റിവ്യൂ കമ്മിറ്റി ശിപാർശ ചെയ്ത വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 19 തടവുകാർക്ക് കമ്മിറ്റി നിഷ്കർഷിച്ച വ്യവസ്ഥകൾക്ക് വിധേയമായി സാധാരണ 15 ദിവസത്തെ അവധി അനുവദിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ 19 തടവുകാരും കൊലക്കുറ്റത്തിന് ശിക്ഷ അനുഭവിക്കുന്നവരാണ്. കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി)

| ക്രമ നമ്പർ | സി. നമ്പർ &പേര് | അവധിയിൽ പ്രവേശിച്ച തീയതി | തിരികെ ജയിലിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 1701 മോഹനൻ | 29-1-2018 | 15-2-2018 |
| 2 | 916 ജലീൽ | 29-1-2018 | 14-2-2018 |
| 3 | 9073 രാജൻ | 26-1-2018 | 11-2-2018 |
| 4 | 9348 ജംഷീർ | 26-1-2018 | 13-2-2018 |
| 5 | 198 അബു @ അബൂബക്കർ | 27-1-2018 | 12-2-2018 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) | (3) | |
|---|---|---|---|
| 6 | 9351 ശശിധരൻ | അവധിയിൽ പോയിട്ടില്ല | |
| 7 | 2429 അബ്ദുൾഖാദർ | 26-1-2018 | 13-2-2018 |
| 8 | 774 അനിൽ കുമാർ@ശ്രീജു | 26-1-2018 | 11-2-2018 |
| 9 | 9113 രാഗേഷ്@ കുഞ്ഞൻ | 14-2-2018 | 2-3-2018 |
| 10 | 1146 ഫാറൂഖ്@കരാട്ടേ ഫാറൂഖ് | 26-1-2018 | 13-2-2018 |
| 11 | 2417 പ്രേം | 25-1-2018 | 9-2-2018 |
| 12 | 2419 ഷിനോജ് | 10-2-2018 | 26-2-2018 |
| 13 | 2420 പ്രവീൺ | കൂട്ടുപ്രതികളിൽ ഒരാൾ അവധിയിൽ പോയിരിക്കുന്നതിനാൽ അവധിയിൽ വിട്ടിട്ടില്ല. | |
| 14 | 2422 സുരേഷ് | കൂട്ടുപ്രതികളിൽ ഒരാൾ അവധിയിൽ പോയിരിക്കുന്നതിനാൽ അവധിയിൽ വിട്ടിട്ടില്ല. | |
| 15 | 2421 പ്രജിത് | 26-2-2018 | 14-3-2018 |
| 16 | 1608 അനൂപ് | 12-2-2018 | 2-3-2018 |
| 17 | 1610 സുനിൽ കുമാർ@കൊടി സുനി | 25-1-2018 | 12-2-2018 |
| 18 | 705 റ്റി. കെ. രജീഷ് | 11-2-2018 | 27-2-2018 |
| 19 | 1878 അലി | 26-1-2018 | 11-2-2018 |

(ഇ) 15 ദിവസത്തെ സാധാരണ അവധിയിൽ പോയിരുന്ന എല്ലാവരും നിർദ്ദിഷ്ട തീയതിയിൽ തന്നെ തിരികെ ജയിലിൽ പ്രവേശിച്ചിട്ടുണ്ട്.

(എഫ്) അവധി അനുവദിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട 3 പ്രതികളുണ്ട്. വിയ്യൂർ ജയിലിലെ പരോൾ പുനരവലോകന സമിതിയുടെ ശിപാർശ പ്രകാരമാണ് ഇവർക്ക് അവധി അനുവദിച്ചത്.

**ടി.പി. ചന്ദ്രശേഖരൻ വധക്കേസ്**

150 (1694) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട് പൂജപ്പുര സെൻട്രൽ

ജയിലിൽ തടവിലുണ്ടായിരുന്ന ഏതെങ്കിലും പ്രതികളെ ഈ സർക്കാർ നിലവിൽ വന്നശേഷം മറ്റേതെങ്കിലും ജയിലിലേയ്ക്ക് മാറ്റിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയാണ് ഇപ്രകാരം മാറ്റിയതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ & ബി) സി.നമ്പർ 9329 മനോജൻ എന്ന തടവുകാരന് ബൈപ്പാസ് സർജറി കഴിഞ്ഞതിനാലും വിചാരണ കോടതിയായ തലശ്ശേരി ജില്ലാ സെഷൻസ് കോടതിയിൽ ഹാജരാകേണ്ടതിനാലും ബന്ധുക്കൾക്ക് ടിയാനെ ജയിലിൽവന്ന് കാണുന്നതിനുള്ള സൗകര്യം കണക്കിലെടുത്തും ടിയാന്റെ അപേക്ഷ പരിഗണിച്ച് ജയിൽ വകുപ്പ് മേധാവിയുടെ ഉത്തരവുപ്രകാരം ടിയാനെ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

**കനോലി കനാൽ ജലഗതാഗത പാത**

151 (T1695) <u>പ്രൊഫ. കെ. യു. അരുണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനോലി കനാൽ ജലഗതാഗത പാത തുറന്ന് നൽകുമെന്ന പ്രഖ്യാപനം ഏതുഘട്ടം വരെ പ്രാവർത്തികമായി;

(ബി) ഇത് പ്രാവർത്തികമാകുന്നതോടൊപ്പം ഇരിങ്ങാലക്കുട മണ്ഡലത്തിലെ ഷണ്മുഖം കനാൽ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ജലപാത III-ന്റെ ഭാഗമായ കനോലി കനാലിന്റെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI)യുടെ കീഴിലാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത ജലപാത എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ട സഹായ സഹകരണങ്ങൾ സംസ്ഥാന സർക്കാർ IWAI -യ്ക്ക് ലഭ്യമാക്കുന്നുണ്ട്.

(ബി) ഫീഡർ കനാലുകളിലൊന്നായ ഷൺമുഖം കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികളിൽ ഒന്നാംഘട്ട പ്രവർത്തനം 0 മുതൽ 1400 മീറ്റർ വരെ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പ്രവൃത്തിയായ 1400 മുതൽ 4935 മീറ്റർ വരെയുള്ള പണി പുരോഗമിക്കുന്നു. പണി പൂർത്തീകരിച്ചാൽ ജലഗതാഗതം സാധ്യമാകുന്നതാണ്.

T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ജലഗതാഗതത്തിന് പ്രാധാന്യം നൽകി നടപ്പാക്കാൻ നടപടി

152 (T1696) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ റോഡുകളിൽ വാഹനങ്ങളുടെ വർദ്ധനവുമൂലം ഗതാഗതം വളരെ തടസ്സമായി വന്നിട്ടുള്ളതിനാൽ ജലഗതാഗതത്തിന് പ്രാധാന്യം നൽകി വിവിധ സ്ഥലങ്ങളിൽ ഇത് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര ജലപാതകളാണ് ഉള്ളത്; ജില്ല തിരിച്ച് വിശദാംശങ്ങൾ വിവരിയ്ക്കുമോ;

(സി) പുതിയ ഏതൊക്കെ ജലപാതകൾ തുടങ്ങുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി. മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കാനുള്ള ഊർജിത ശ്രമങ്ങൾ നടന്നുവരുന്നു. പശ്ചിമതീരത്തെ 10 ജില്ലകളിൽക്കൂടി കടന്നുപോകുന്ന പ്രസ്തുത പാതയും മറ്റ് ലിങ്ക് കനാലുകളും നവീകരിച്ച് ഉപയോഗപ്രദമാക്കുന്നതുവഴി റോഡ് വഴിയുള്ള ഗതാഗതം കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ( spv) ആയി കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് ( KWIL ) എന്ന പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയുമുള്ള ഭാഗങ്ങൾ സംസ്ഥാന ജലപാതയാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗം ദേശീയ ജലപാത (NW-3)യാണ്. എറണാകുളം ജില്ലയിലെ ചമ്പക്കര കനാൽ, ഉദ്യോഗമണ്ഡൽ കനാൽ എന്നിവയും ദേശീയ ജലപാത (NW-3)യാണ്. ആലപ്പുഴ കോട്ടയം ജില്ലകളിലെ ആലപ്പുഴ ചങ്ങനാശ്ശേരി കനാൽ ( NW-8 ), ആലപ്പുഴ-കോട്ടയം -ആതിരമ്പുഴ കനാൽ(NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59) എന്നിവ ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടവയാണ്. തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ തമിഴ്നാട്ടിലെ ഇരയിമ്മൻതുറ വരെയുള്ള എ.വി.എം. കനാൽ ( NW-13 ) ദേശീയ ജലപാതയാണ്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) നിലവിലുള്ള പാതകൾ ദേശീയ നിലവാരത്തിൽ പണി പൂർത്തിയാക്കുന്നതോടൊപ്പം ലിങ്ക് കനാലുകളും ഫീഡർ കനാലുകളും ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. ചരക്ക് ഗതാഗതത്തിനും ടൂറിസത്തിനും പ്രയോജനം ലഭിക്കുന്ന ഫീഡർ കനാലുകളും ലിങ്ക് കനാലുകളും കണ്ടെത്തുന്നതിന് പഠനം നടത്തുകയും മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് വികസിപ്പിക്കുകയും ചെയ്യുന്നതിന് നടപടികളെടുത്തുവരുന്നു.

**കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത നിർമ്മാണം**

153 (1697) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ പൂർത്തിയാകേണ്ടിയിരുന്ന കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത നിർമ്മാണം മുൻസർക്കാരിന്റെ കെടുകാര്യസ്ഥത കൊണ്ട് നിശ്ചലമായി കിടന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രധാന റോഡുകളിലെ വലിയ ചരക്ക് വാഹനങ്ങളുടെ തിരക്ക് ഒഴിവാക്കാൻ പര്യാപ്തമായ തരത്തിലും, ചരക്ക് ഗതാഗതം കുറഞ്ഞ ചെലവിൽ സാധ്യമാക്കുന്നതിനാവശ്യമായ ആഴവും വീതിയും ഉറപ്പാക്കിക്കൊണ്ടാണോ ദേശീയ ജലപാത നിർമ്മാണം ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ദേശീയ ജലപാതകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നിറവേറ്റണമെങ്കിൽ അനുബന്ധ പാതകളായ, കൊല്ലം-കോവളം, കോട്ടപ്പുറം-നീലേശ്വരം പാതകളും പൂർത്തിയാകേണ്ടതുള്ളതുകൊണ്ട് അവയുടെ നവീകരണവും നിർമ്മാണവും സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ &ബി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. വരുന്ന ദേശീയ ജലാപത III- ന്റെ നിർമ്മാണ നവീകരണ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കിവരുന്നത്. പ്രധാന റോഡുകളിലെ വലിയ ചരക്കുവാഹനങ്ങളുടെ

തിരക്ക് ഒഴിവാക്കാൻ പര്യാപ്തമായ തരത്തിൽ ആഴവും വീതിയും ഉറപ്പാക്കിക്കൊണ്ടാണ് ദേശീയ ജലപാത നിർമ്മാണം IWAI ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രസ്തുത ജലപാത എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് വേണ്ട സഹായ സഹകരണങ്ങൾ സംസ്ഥാന സർക്കാർ IWAI-യ്ക്ക് ലഭ്യമാക്കുന്നുണ്ട്.

(സി) ഉണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗതയോഗ്യവും ബാക്കിവരുന്ന 11.30 കി.മീ. ഭാഗം ഭാഗികമായി ഗതാഗതയോഗ്യവുമാണ്. പാർവതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കി.മീ. ഭാഗത്തെ കനാൽവികസനം, ജലപാത വികസനം ലക്ഷ്യമാക്കി രൂപീകരിച്ച KWIL (കേരള വാട്ടർവേയ്സ് &ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന പൊതുമേഖലാ സ്ഥാപനം മുഖേന KIIFB ധനസഹായത്തോടെ നടപ്പിലാക്കുന്നതാണ്. നിലവിലുള്ള വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീറ്റർ വീതിയിൽ പുതിയ തുരങ്കങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി.മീ. ഭാഗം (ചെ.411.78 -450.08 കി.മീ) ഗതാഗത യോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ. 450.08 കി.മീ.-467.69 കി.മീ. ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനുമിടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു. വളപട്ടണം മുതൽ നീലേശ്വരം വരെ പാത ഗതാഗതയോഗ്യമാണ്.

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ സംസ്ഥാന ജലപാതയായ കോവളം-കൊല്ലം-കോഴിക്കോട്-നീലേശ്വരം എന്നീ ഭാഗങ്ങൾ മൂന്ന് ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. നിർമ്മാണ പുരോഗതി അവലോകനം ചെയ്യുകയും സമയബന്ധിതമായി പണികളുടെ പുരോഗതി നിരീക്ഷിക്കുകയും ചെയ്തുവരുന്നു.

**കേരളത്തിലെ ജലപാതകളുടെ സാധ്യതകൾ**

154 (1698) ശ്രീ. ബി. സത്യൻ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലപാതകളുടെ സാധ്യതകൾ സംസ്ഥാന വികസനത്തിന് പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോവളം-കാസർഗോഡ് ജലപാതയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇതിനാവശ്യമായി വരുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ഇതിനുള്ള പണം കണ്ടെത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) ദേശീയ ജലപാത സംസ്ഥാനത്തെ ടൂറിസം വികസനത്തിനുകൂടി പ്രയോജനകരമാകത്തക്ക വിധം ആസൂത്രണം ചെയ്യുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി. മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. ഇതിനായി കേരള വാട്ടർ വേയ്സ് & ഇൻഫ്രാസ്ട്രക്ച്ചേഴ്സ് ലിമിറ്റഡ് എന്ന പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ജലപാത നിർമ്മാണം പൂർത്തിയാക്കുന്നതോടുകൂടി റോഡുകളിലെ ഗതാഗത തിരക്കുകൾക്ക് പരിഹാരം ഉണ്ടാകുന്നതാണ്. അപകടകരമായ രാസവസ്തുക്കൾ ഉൾപ്പെടെയുള്ള ചരക്കുകളുടെ നീക്കം പൂർണ്ണമായും ജലപാതകളിലേയ്ക്ക് മാറ്റാനും അതുവഴി ചെലവ് കുറഞ്ഞതും അപകടരഹിതവുമായ ഗതാഗതം സാധ്യമാകുന്നതുമാണ്. വിനോദ സഞ്ചാരമേഖലയിലെ പുരോഗതികൂടി ലക്ഷ്യമിട്ടുകൊണ്ടാണ് ജലപാത വികസനം ആസൂത്രണം ചെയ്തിട്ടുള്ളത്.

(ബി) വിലയിരുത്തിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായി ജലപാതാനിർമ്മാണം പൂർത്തീകരിക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ നിർമ്മാണ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യുന്നതിനും സമയബന്ധിതമായി പണികളുടെ പുരോഗതി വിലയിരുത്തുന്നതിനും തീരുമാനമായിട്ടുണ്ട്.

(സി) പ്രാരംഭ ഘട്ടത്തിൽ ഉദ്ദേശം 2300 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ ചെലവ് സംസ്ഥാന പദ്ധതി വിഹിതം, കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് , മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന കണ്ടെത്താമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ടൂറിസം വികസനത്തിന്റെ സാധ്യതകൾ പരിഗണിച്ചാണ് മൂന്നാംഘട്ടത്തിൽ ജലപാത വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. കോവളം മുതൽ ബേക്കൽ വരെയുള്ള കനാൽ ദേശീയപാത നിലവാരത്തിൽ പൂർത്തിയാക്കി ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുകയും കനാലിന്റെ വിവിധ ഭാഗങ്ങളിൽ ടൂറിസം വില്ലേജുകൾ സ്ഥാപിച്ച് ടൂറിസം പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവേകുവാനുമാണ് ലക്ഷ്യമിടുന്നത്.

## തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി

155 (1699) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വർക്കല മണ്ഡലത്തിലെ തീരദേശവാസികളുടെ എത്ര അപേക്ഷകൾ തീരദേശ പരിപാലന അതോറിറ്റിയിൽ തീർപ്പാക്കുവാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 45 അപേക്ഷകൾ.

(ബി) CRZ ക്ലിയറൻസിനുവേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ തീർപ്പാക്കി വരികയാണ്.

## കേരള പ്രവാസി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന് നടപടി

156 (1700) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രവാസി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിട്ടുകൊണ്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) പ്രവാസി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കേരള പ്രവാസി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-യ്ക്ക് വിടുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതിനാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

## കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

157 (1701) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ 2016 മുതൽ നാളിതുവരെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്രയെണ്ണം; ഇതിൽ തീർപ്പാക്കിയവ എത്ര; വിശദാംശം ലഭ്യമാക്കുമോ ;

(ബി) അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിലെ കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നിന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ 26-3-2016 മുതൽ 5-3-2018 വരെ സമർപ്പിച്ച അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്തിന്റെ പേര് | ലഭിച്ച അപേക്ഷകൾ (26-3-2016 മുതൽ 5-3-2018 വരെ) | തീർപ്പാക്കിയവ |
|---|---|---|
| കടമക്കുടി | 146 | 82 |
| മുളവുകാട് | 56 | 39 |
| ഇടവനക്കാട് | 115 | 89 |
| ഇളംകുന്നപ്പുഴ | 14 | 11 |
| കുഴുപ്പിള്ളി | 108 | 74 |
| നായരമ്പലം | 100 | 71 |
| ഞാറയ്ക്കൽ | 55 | 37 |
| പള്ളിപ്പുറം | 186 | 124 |

(ബി) CRZ ക്ലിയറൻസിനുവേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിച്ച അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ തീർപ്പാക്കി വരികയാണ്.

## എൽ.ഡി.ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി

158 (1702) ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-3-2015-ൽ അവസാനിച്ച എൽ.ഡി. ക്ലാർക്ക് (വിവിധ വകുപ്പുകൾ) റാങ്ക് ലിസ്റ്റിന്റെ കാലാവധി, 31-3-2015-ൽ പുതിയ മറ്റൊരു റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷവും നീട്ടിക്കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കാലയളവിലേക്ക് നീട്ടികൊടുത്തുവെന്നും ഇതനുസരിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും 30-3-2015-ന ശേഷം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) 31-3-2015-ൽ നിലവിൽവന്ന കൊല്ലം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് (വിവിധ വകുപ്പുകൾ) റാങ്ക് ലിസ്റ്റിൽനിന്നും ഇതിനകം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പഴയ റാങ്ക് ലിസ്റ്റിന് കാലാവധി നീട്ടിക്കൊടുത്തതുമൂലം ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 3 വർഷത്തെ റാങ്ക് ലിസ്റ്റ് കാലാവധി ലഭിക്കാതെ പോകുന്നതായി കാണിച്ച് ഉദ്യോഗാർത്ഥികൾ നൽകിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ, ഈ ലിസ്റ്റിലുള്ള അനവധി ഉദ്യോഗാർത്ഥികളും അധിക പ്രായപരിധി അവസാനിക്കാറായവരാണ് എന്ന പരിഗണനകൂടി നൽകി റാങ്ക് ലിസ്റ്റിന്റെ കാലാവധി ഉചിതകാലയളവിലേക്ക് നീട്ടിക്കൊടുക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ &ബി) ഇല്ല. ടി പട്ടികയുടെ കാലാവധി അവസാനിച്ച 30-3-2015-നുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കാണ് ടി ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകിയിട്ടുള്ളത്.

(സി) 660 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഡി&ഇ) പഴയ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിനൽകിയിട്ടില്ല. നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ Adv C3/304/2017/P& ARD നമ്പർ സർക്കുലർ മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്. (വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാകുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉപസി 3/428/17 ഉഭപവ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖാന്തരം കൃത്യമായി റിപ്പോർട്ട് ചെയ്യാൻ 20-12-2017 -ലെ ഉപസി 3/141/17 ഉഭപവ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും 7-2-2018-ലെ ഉപസി3/536/17/ ഉഭപവ. സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കാലാവധി പൂർത്തിയാക്കുന്ന റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

## കൊട്ടുക്കര പി.പി.എം. ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകനിയമനാംഗീകാരം

159 (1703) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊട്ടുക്കര പി.പി.എം. ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ അധ്യാപകനായി ജോലി ചെയ്തിരുന്ന ശ്രീ. ദിൽഷാദ് മെഹറിന് നിയമനാംഗീകാരം നൽകാൻ 25-2-2016-ന് സംസ്ഥാന മന്ത്രിസഭ തീരുമാനമെടുത്തിട്ടും ഇതുവരെ നിയമനാംഗീകാരം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 25-2-2016-ലെ 8471 നമ്പർ മന്ത്രിസഭ തീരുമാനത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് ലഭ്യമാക്കാമോ;

(സി) സംസ്ഥാന മന്ത്രിസഭ തീരുമാനമെടുത്തിട്ടും പ്രസ്തുത വ്യക്തിക്ക് നിയമനാംഗീകാരം ലഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പട്ടിട്ടുണ്ട്.

(ബി &സി) കഴിഞ്ഞ സർക്കാർ 1-1-2016-നുശേഷം എടുത്തിട്ടുള്ള ചില മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിന്റെ ഭാഗമായി 8471-ാം നമ്പർ മന്ത്രിസഭാ തീരുമാനവും പുന: പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ഒഴിവുകൾ നികത്താൻ നടപടി

160 (1704) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വന്റസ് റാങ്ക് ലിസ്റ്റ് (567/2013)-ൽ നിന്ന്, യൂണവേഴ്സിറ്റികളിലെ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ നികത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി വകുപ്പിൽ പുനഃസ്ഥാപിക്കപ്പെട്ട ലാസ്റ്റ് ഗ്രേഡ് ഒഴിവുകളിലേക്ക് നിലവിലുള്ള ലിസ്റ്റിൽനിന്ന് നിയമിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(സി) ലോട്ടറി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ നിലവിലുള്ള പി.എസ്.സി ലിസ്റ്റിൽ നിന്നും നടത്താൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഹയർ സെക്കണ്ടറി, ലോട്ടറി വകുപ്പുകളിൽനിന്നും ലിസ്റ്റ് കാലാവധിക്കുള്ളിൽ എഴുതി അറിയിക്കുന്ന ലാസ്റ്റ് ഗ്രേഡ് ഒഴിവുകളിലേയ്ക്ക് നിലവിലുള്ള ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുന്നതാണ്.

**ജമ്മുകാശ്മീർ ഉപമുഖ്യമന്ത്രിയുടെ പ്രസ്താവന**

161 (1705) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളവും തീവ്രവാദികളുടെ കേന്ദ്രമായി മാറുകയാണെന്ന ജമ്മുകാശ്മീർ ഉപമുഖ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ഒരു പ്രസ്താവന എന്ത് അടിസ്ഥാനത്തിലാണ് അദ്ദേഹം നടത്തിയതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018 ഫെബ്രുവരിയിൽ ഭാരതീയ ജനതാ പാർട്ടി സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുന്നതിനിടയിൽ ഇത്തരത്തിലൊരു പരാമർശം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നടപടി യഥാസമയം സ്വീകരിക്കുന്നുണ്ട്.

**ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കൽ തടയുന്നതിനുള്ള നടപടികൾ**

162 (1706) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതിലൂടെ ഉണ്ടാകുന്ന മാരക രോഗങ്ങൾ പൊതു ജനങ്ങളുടെ ജീവന് ഭീഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ നിശ്ചിത ഇടവേളകളിൽ ഭക്ഷ്യ സംഭരണ വിതരണ കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. പ്രസ്തുത പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന എന്തെങ്കിലും കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ നിയമം, 2006 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യപദാർത്ഥങ്ങൾ വിൽക്കുന്ന വ്യാപാര സ്ഥാപനങ്ങൾ താൽക്കാലികമായി അടപ്പിക്കുകയോ ആരോഗ്യത്തിന് ഹാനികരമായ ഭക്ഷ്യവസ്തുക്കൾ നിരോധിക്കുകയോ ചെയ്യാറുണ്ട്.

**അവയവദാനം**

163 (1707) ഡോ. എം. കെ. മുനീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. എം. ഉമ്മർ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച പരാതികൾമൂലം അവയവമാറ്റം ഗണ്യമായി കുറഞ്ഞിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) അവയവദാനം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ വർഷങ്ങളെ അപേക്ഷിച്ച് 2017-ൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവുണ്ടായിട്ടുണ്ട്. മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 1-2-2017-ലെ സ.ഉ.(കൈ) നം. 16/2017/ആകുവ. പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൻപ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള നാല് ഡോക്ടർമാരുടെ പാനലിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്ക മരണം സ്ഥിരീകരണം നടത്തുന്ന ആശുപത്രിക്ക് പുറത്തുള്ളവരായിരിക്കണമെന്നും അതിൽ ഒരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ള ഡോക്ടറായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുവേണ്ടി ആറ് മണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് ആപ്നിയ (APNOEA) ടെസ്റ്റുകളും വീഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

1994- ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട് (THOA) അനുസരിച്ചാണ് സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. മസ്തിഷ്ക മരണാനന്തര അവയവ ദാനത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലുള്ള തെറ്റിദ്ധാരണകൾ മാറ്റുന്നതിനും അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുമായി മൃതസഞ്ജീവനി (KNOS) വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസുകളും ശിൽപ്പശാലകളും സംഘടിപ്പിച്ചുവരുന്നുണ്ട്. പ്രശസ്ത സിനിമാതാരം പത്മശ്രീ മോഹൻലാലിനെ മസ്തിഷ്ക്ക മരണാനന്തര അവയവദാന പദ്ധതിയുടെ ഗുഡ്‌വിൽ അംബാസിഡറായി നിയമിച്ചിട്ടുണ്ട്. അവയവദാനത്തിന് താൽപ്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും വിവിധ മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ മസ്തിഷ്ക്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള പാനലിൽ ഉൾപ്പെടുത്തുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും കൂടുതൽ ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാനലുകൾ തയ്യാറാക്കിയിട്ടുമുണ്ട്.

(ബി) ഉണ്ട്. പരോപകാര താൽപ്പരതയോടുകൂടി നിസ്വാർത്ഥമായി അവയവം ദാനം ചെയ്യുന്നതിനായി മുന്നോട്ടുവരുന്നവർക്ക് വേണ്ടിയും സ്വാപ്പ് ഡൊണേഷനുവേണ്ടിയും 15-2-2018- ലെ സ.ഉ.(കൈ.) നമ്പർ 26/2018/ആകുവ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**ജനകീയ ആരോഗ്യ നയം**

164 (1708) <u>ശ്രീ. റ്റി. വി. രാജേഷ്:</u>

<u>പ്രൊഫ. കെ. യു. അരുണൻ:</u>

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>

<u>ശ്രീ. വി. അബ്ദുറഹിമാൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ ആരോഗ്യ നയം നടപ്പാക്കുമെന്ന എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രഖ്യാപിച്ച കരട് ആരോഗ്യനയത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മോഡേൺ മെഡിസിൻ വിഭാഗത്തിൽ ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്ത്, ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസസ്, ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ എന്നീ മൂന്ന് ഡയറക്ടറേറ്റുകൾക്ക് രൂപംനൽകുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പുനഃസംഘടനമൂലം ഏതെല്ലാം തരത്തിലുള്ള നേട്ടം കൈവരിക്കാനാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 22-2-2018-ലെ സ.ഉ.(കൈ.) നമ്പർ 32/2018/ആ.കു.വ. പ്രകാരം ഡോക്ടർ ബി.ഇക്ബാൽ ചെയർമാനും ഡോ. കെ.പി. അരവിന്ദൻ കൺവീനറുമായി 17 അംഗ വിദഗ്ധ സമിതി സമർപ്പിച്ച കരട് ആരോഗ്യനയം അംഗീകരിച്ചു. ടി കരട് ആരോഗ്യനയത്തിൽ മുൻഗണന നൽകുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്:

1. പകർച്ചവ്യാധികളുടെ നിയന്ത്രണം
2. പ്രാഥമികതലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം
3. കാര്യക്ഷമമായ ആരോഗ്യപരിപാലന സംവിധാനങ്ങൾ
4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ
5. ദ്വിതീയ തലത്തിൽ രോഗസങ്കീർണ്ണതകളുടെ നിയന്ത്രണം
6. ദ്വിതീയ തൃതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം
7. തൃതീയ റഫറൽ സമ്പ്രദായം നടപ്പാക്കൽ
8. ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ.

(ബി&സി) മോഡേൺ മെഡിസിൻ വിഭാഗത്തിനുകീഴിൽ മൂന്ന് ഡയറക്ടറേറ്റുകൾ ഉണ്ടാകും.

1. ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്ത്
2. ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസസ്
3. ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ

ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെ 3 കേഡറുകളായി വിഭജിക്കപ്പെടും. പ്രാഥമിക സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരും ഭരണപരമായ തസ്തികകളായ ജില്ലാ മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവരുൾപ്പെടുന്ന ഡോക്ടർമാരും പബ്ലിക് ഹെൽത്ത് കേഡറിൽപ്പെടും. സ്പെഷ്യലിസ്റ്റുകളും സൂപ്രണ്ട് പോലുള്ള ഭരണനിർവ്വഹണ തസ്തികകളും ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസസ് കേഡറിലും മെഡിക്കൽ കോളേജുകളിലുള്ളവർ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ കേഡറിലും ഉൾപ്പെടും.

**ആരോഗ്യ ജാഗ്രത**

165 (1709) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടുത്ത മഴക്കാലത്തിന് മുമ്പായി നാടും നഗരവും ശുചീകരിച്ച് പകർച്ച വ്യാധികളെ അകറ്റാനുള്ള സംസ്ഥാന സർക്കാരിന്റെ സമഗ്ര പകർച്ച വ്യാധി പ്രതിരോധ പരിപാടിയായ 'ആരോഗ്യ ജാഗ്രത'യുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ പകർച്ചവ്യാധികൾ എല്ലാ മാസങ്ങളിലും ഉണ്ടായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യ വകുപ്പ്, ആർദ്രം മിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും ഇതര സർക്കാർ വകുപ്പുകളും ഏജൻസികളുമായി ചേർന്ന് ജനുവരി മുതൽ ഡിസംബർ വരെ നടത്തുന്ന ആരോഗ്യ ബോധവൽക്കരണ പ്രതിരോധ നിയന്ത്രണ പരിപാടിയാണ് ആരോഗ്യ ജാഗ്രത. ഇതിനുള്ള മുന്നൊരുക്കങ്ങൾ 2017 ഒക്ടോബർ മുതൽ ആരംഭിക്കുകയുണ്ടായി. 2018 ജനുവരി മുതൽ ഡിസംബർ വരെ നടപ്പിലാക്കേണ്ട പ്രവർത്തന കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്.

ജനുവരി 1-ന് തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽവച്ച് ബഹു.മുഖ്യമന്ത്രി ആരോഗ്യ ജാഗ്രതയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് ഓരോ ജില്ലയുടെയും ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, ജില്ലാ കളക്ടർമാർ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, തുടങ്ങിയവരെ പങ്കെടുപ്പിച്ച് യോഗങ്ങൾ നടത്തുകയുണ്ടായി. ജനുവരി 17, 18, 31 തീയതികളിൽ ആരോഗ്യ വകുപ്പ് കിലയുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ, സെക്രട്ടറി തുടങ്ങിയവർക്ക് വെർച്ചൽ കോൺഫറൻസ് നടത്തി ആരോഗ്യ ജാഗ്രത സംബന്ധിച്ച് നേതൃത്വ ബോധവൽക്കരണം നടത്തുകയുണ്ടായി. അതോടൊപ്പം ജില്ലാ ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത്, നഗരസഭാ തലങ്ങളിലും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ഹരിതകേരളം, ശുചിത്വമിഷൻ, കുടുംബശ്രീ പ്രവർത്തകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

ജനുവരി 21-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.-മാർ മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരോഗ്യ കർമ്മസേന വാർഡുതല ശുചിത്വ സമിതി അംഗങ്ങൾ സംസ്ഥാനത്തെ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും പകർച്ചവ്യാധികൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു. തുടർ ദിവസങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ നടത്തി.

2018 ജനുവരി 23 മുതൽ 25 വരെ തദ്ദേശസ്വയംഭരണ സ്ഥാപനതല പ്രത്യേക യോഗം നടത്തി. ജനുവരി 24-30 തീയതികളിൽ പ്രത്യേക ഗ്രാമസഭയും ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണവും നടത്തുകയുണ്ടായി. ജനുവരി 27-31 തീയതികളിൽ ആരോഗ്യശുചിത്വ പോഷണ സമിതി പ്രത്യേക യോഗവും ശുചിത്വ മാപ്പിംഗിനും വേണ്ടിയുള്ള വാർഡ് ലെവൽ മൈക്രോ പ്ലാൻ തയ്യാറാക്കലും നടത്തി. ഫെബ്രുവരി 1 മുതൽ 5 വരെ ശുചിത്വമാപ്പിംഗ് നടത്തി. ഫെബ്രുവരി 6-11 തീയതികളിൽ ആരോഗ്യശുചിത്വ പോഷണ സമിതി യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള വാർഡുതല കർമ്മപദ്ധതി തയ്യാറാക്കി. ഫെബ്രുവരി 16 മുതൽ വാർഡുതല ആരോഗ്യജാഗ്രത ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ ഗാർഹിക സ്ഥാപന തലത്തിൽ ആരംഭിച്ചു. മാർച്ച് ആദ്യവാരം വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണവും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മാർച്ച് മാസം മുതൽ എല്ലാ മാസവും ആഴ്ചയിലൊരിക്കൽ ആരോഗ്യജാഗ്രത ദിനാചരണം (ഡ്രൈഡേ) വെള്ളിയാഴ്ച സ്കൂളുകളിലും ശനിയാഴ്ച ഓഫീസുകളിലും ഞായറാഴ്ച വീടുകളിലും പൊതുസ്ഥലങ്ങളിലും എന്നിങ്ങനെ നടത്തുവാൻ തീരുമാനിച്ചു. ജനുവരി മുതൽ മാർച്ച് വരെ ഹരിത കർമ്മസേന, എം.സി.എഫ്.(മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ആർ.ആർ.എഫ്. (റിസോഴ്സ് റിക്കവറി ഫെസിലിറ്റി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ പ്രവർത്തനം സുസ്ഥിരമാക്കുന്നതിനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ജനുവരി മുതൽ ഏപ്രിൽ വരെ നഗരസഭകൾക്കുവേണ്ടി പ്രത്യേക പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മേയ് മുതൽ ഡിസംബർ വരെ ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ നഗര, ഗ്രാമപ്രദേശങ്ങളിൽ വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിയും ആരോഗ്യ കർമ്മസേന, ഹരിത കർമ്മസേന, കുടുംബശ്രീ അംഗങ്ങളുടെയും സഹായത്തോടെ സംയുക്തമായി നടത്തുന്നതാണ്.

## കോമൺ പബ്ലിക് ഹെൽത്ത് ആക്ട്

166 (1710) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കോമൺ പബ്ലിക് ഹെൽത്ത് ആക്ട് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് രണ്ട് പൊതുജനാരോഗ്യ നിയമങ്ങളാണ് നിലവിലുള്ളത്. പഴയ തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിൽ 1955 -ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും മലബാർ പ്രദേശങ്ങളിൽ 1939- ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടുമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് രണ്ട് ഭാഗങ്ങളിൽ രണ്ട് നിയമങ്ങളാണ് നിലവിലുള്ളത് എന്നതും ഈ നിയമങ്ങൾ വളരെ കാലപ്പഴക്കം ചെന്നതാണ് എന്നതും ഈ നിയമങ്ങളിലെ പോരായ്മകളാണ്. ആരോഗ്യമേഖലയ്ക്ക് ഭീഷണിയായ പുതിയ പകർച്ചവ്യാധികളും മാലിന്യ ഭീഷണിയും പരിഹരിക്കാൻ ഈ നിയമങ്ങൾമൂലം കഴിയുന്നില്ല. വളരെ കാലപ്പഴക്കം ചെന്ന നിയമങ്ങൾ ആയതിനാൽ ശിക്ഷാ നടപടികളും പിഴകളും കാലാനുസൃതമല്ല. കൂടാതെ രണ്ട് നിയമങ്ങളിലെയും അധികാര ഘടനയിലും വിത്യാസം നിലനിൽക്കുന്നു.

1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ സർക്കാരിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

## മാനസിക വെല്ലുവിളി നേരിടുന്നവർ

167 (1711) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്നവർക്ക് കൃത്യമായി മരുന്നും പരിചരണവും കുടുംബത്തിൽ നിന്നുപോലും ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രാഥമിക ചികിത്സക്കും തുടർപരിചരണങ്ങൾക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജില്ലാ മെന്റൽ ഹെൽത്ത് പരിപാടി മുഖേന എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നുണ്ട്. ഇതിൽ ഔഷധ ചികിത്സയും മന: ശാസ്ത്ര ചികിത്സാരീതിയും ആവശ്യമുള്ളവർക്ക് റീഹാബിലിറ്റേഷനും നൽകി വരുന്നുണ്ട്. ഇതിനുവേണ്ടി സൈക്യാട്രിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരടങ്ങുന്ന ടീം മാസംതോറും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക് നടത്തിവരുന്നു. ഇതിനുപുറമെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റ്, മറ്റ് ആരോഗ്യ പ്രവർത്തകർക്കും മാനസികാരോഗ്യ പരിശീലനം നൽകിയിട്ടുണ്ട്. ഈ മാനസിക രോഗികളുടെ തുടർ ചികിത്സയും മരുന്നുകളും അവരുടെ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു.

**ആശുപത്രി വ്യവസായ ബന്ധസമിതി**

168 (T+1713) <u>ശ്രീ. അനൂപ് ജേക്കബ്:</u>

<u>ശ്രീ. സണ്ണി ജോസഫ്:</u>

<u>ശ്രീ. അൻവർ സാദത്ത്:</u>

<u>ശ്രീ. പി. ടി. തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രി വ്യവസായ ബന്ധസമിതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ കാര്യങ്ങളാണ് പ്രസ്തുത സമിതിയുടെ അധികാരപരിധിയിൽ വരുന്നത്; വ്യക്തമാക്കുമോ;

(സി) സ്വകാര്യ ആശുപത്രി മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രസ്തുത സമിതി നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

---

\+ ' T ' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ഡി) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; അതിനെതിരെ ആശുപത്രി ഉടമകൾ കോടതിയെ സമീപിച്ചിട്ടുണ്ടോ;

(ഇ) സ്വകാര്യ ആശുപത്രി മേഖലയിൽ മിനിമം വേതന വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് നടത്തുന്ന സമരം ഒത്തുതീർപ്പാക്കുവാൻ ആശുപത്രി വ്യവസായ ബന്ധസമിതി ഇടപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വകാര്യ ആശുപത്രി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി, സ്വകാര്യ ആശുപത്രി മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊള്ളുകയും നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ചെയ്തുവരുന്നു.

(സി) സ്വകാര്യ ആശുപത്രി മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പഠിക്കാനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി രൂപീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ പരിശോധിച്ച ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ നഴ്സുമാരുടെ ഡ്യൂട്ടി സമയവുമായി ബന്ധപ്പെട്ട ശിപാർശകൾ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതിയുടെ പരിഗണനയ്ക്കായി നൽകിയതുപ്രകാരം സ്വകാര്യ ആശുപത്രി മേഖലയിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്താൻ സമിതി നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ എട്ട് മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതമായ ഓവർടൈം അലവൻസും ജീവനക്കാർക്ക് വീട്ടിലെത്താൻ സൗകര്യമില്ലാത്തപക്ഷം ആശുപത്രികളിൽ റെസ്റ്റ് റൂം ലഭ്യമാക്കുന്നതിനും ടി സമിതി ശിപാർശ ചെയ്യുകയുണ്ടായി. കൂടാതെ നഴ്സുമാരുടെ ഡ്യൂട്ടി സമയം സംബന്ധിച്ച് വീരകുമാർ കമ്മിറ്റി നൽകിയ ശിപാർശകൾ വ്യവസായ ബന്ധസമിതി പരിഗണിച്ചിട്ടുണ്ട്.

(ഡി) സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതന നിരക്കുകൾ പുതുക്കിനിശ്ചയിച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം 16-11-2017-ലെ ഇ 1/375/2017/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനെതിരെ ആശുപത്രി ഉടമകൾ കോടതിയെ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ മിനിമം വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിനായി 28-10-2016-ലെ തീയതിലെ സ.ഉ.(ആർ റ്റി.) 1334/2016/ തൊഴിൽ നമ്പർ പ്രകാരം സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ടി സമിതി നടത്തിയ തെളിവെടുപ്പിന്റെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്വകാര്യ ആശുപത്രി മേഖലയിലെ ജീവനക്കാരുടെ പുതുക്കിയ മിനിമം വേതന നിരക്കുകൾ ഉൾപ്പെടുത്തി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. സ്വകാര്യ ആശുപത്രി നഴ്സുമാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്നതിൽ വ്യവസായ ബന്ധസമിതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

## മാറാക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കിഡ്നി ഡയാലിസിസ് സെന്റർ

169 (1714) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മാറാക്കര പ്രാഥമിക ആരോഗ്യ കേന്ദ്രം കോമ്പൗണ്ടിൽ കാടാമ്പുഴ ലൈഫ് മിഷൻ എന്ന സന്നദ്ധ സംഘടന കിഡ്നി ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ അനുവാദം നൽകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആശുപത്രി മാനേജ് മെന്റ് കമ്മിറ്റിയുടെ തീരുമാനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഈ വിഷയത്തിൽ ഡി.എച്ച്.എസ്., ഡി.എം.ഒ. എന്നിവരുടെ റിപ്പോർട്ട് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മാറാക്കര പ്രാഥമിക ആരോഗ്യകേന്ദ്രം കോമ്പൗണ്ടിൽ കാടാമ്പുഴ ലൈഫ് മിഷൻ എന്ന സന്നദ്ധ സംഘടനക്ക് കിഡ്നി ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ സ്ഥലം വിട്ട് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണ സമിതി മീറ്റിംഗിന്റെയും തീരുമാനങ്ങൾ ഉൾപ്പെടെ നിവേദനം സമർപ്പിച്ചിരുന്നു.

(ഡി) മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് പ്രകാരം സംസ്ഥാന സർക്കാർവക ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. സർക്കാർ ഭൂമിയിൽ സ്വകാര്യ ഏജൻസിക്ക് ഉപയോഗാനുമതി നൽകാറില്ല. മറിച്ച് പാട്ടത്തിനാണ് നൽകിവരുന്നത്. ആയതിനാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സ്ഥലം സ്വകാര്യ ഏജൻസിക്ക് ആവശ്യമുള്ള പക്ഷം ജില്ലാ കളക്ടർ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിരുന്നു. ആയത് 65/ഇ 2/2018/ആകുവ. പ്രകാരം പരിശോധിച്ചു വരികയാണ്.

**ഡയാലിസിസ് രോഗികൾ**

170 (1715) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡയാലിസിസ് മെഷീനുകൾ ലഭിക്കാത്തതിനാൽ രോഗികൾ അമിത ചാർജ് നൽകി സ്വകാര്യ ആശുപത്രികളിൽ അഭയം തേടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബജറ്റിൽ പ്രഖ്യാപിച്ചതുപോലെ എല്ലാ താലൂക്ക് ആശുപത്രികളിലും കുറഞ്ഞത് 15 ഡയാലിസിസ് മെഷീനുകൾ സ്ഥാപിച്ച് രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചികിത്സ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിനായി ഡയാലിസിസ് യൂണിറ്റുകൾ വിവിധ ആശുപത്രികളിൽ ഒരുക്കി വരുന്നു. നിലവിൽ കിഫ്ബി പദ്ധതി മുഖേന തെരഞ്ഞെടുക്കപ്പെട്ട 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2015-16, 2016-17-ലെ പ്ലാൻ പദ്ധതി പ്രകാരം നെടുങ്ങോലം, ഹരിപ്പാട്, വർക്കല, തിരുവനന്തപുരം ഫോർട്ട് എന്നീ താലൂക്ക് ആശുപത്രികളിലും 2017-18 പദ്ധതിയിൽ അടിമാലി, കട്ടപ്പന, ആറ്റിങ്ങൽ എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് ആശുപത്രികളുടെ വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇത് ഘട്ടംഘട്ടമായി മാത്രമേ സാധ്യമാവുകയുള്ളൂ. നിലവിൽ എല്ലാ രോഗികൾക്കും സൗജന്യമായി ഡയാലിസിസ് നൽകുന്നതിൽ സാങ്കേതിക തടസ്സമുണ്ട്. ഡയാലിസിസിനുള്ള കൺസ്യൂമബിൾസും മരുന്നുകളും എസ്സൻഷ്യൽ ഡ്രഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയാലെ സൗജന്യമായി നൽകാൻ കഴിയുകയുള്ളൂ. ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ

171 (1716) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ടുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഏതൊക്കെ രോഗത്തിനുള്ള ചികിത്സയാണ് സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്നത് ; ഇതിലേയ്ക്കായി വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ചികിത്സ ലഭ്യമാക്കുന്നതിന് സ്വകാര്യമേഖലയിലെ ഏതെങ്കിലും ആശുപത്രിയെ റഫറൽ ആശുപത്രികളായി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പതിനെട്ടുവയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പുതിയതായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യകാര്യക്രം പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന മുപ്പത് രോഗങ്ങൾ ഒഴികെയുള്ള എല്ലാ ജീവൻരക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്കും ആരോഗ്യകിരണം പദ്ധതിയിലൂടെ ചികിത്സാസഹായം എല്ലാ സർക്കാർ ആശുപത്രികൾ മുഖേനയും സൗജന്യമായി ലഭിക്കുന്നതാണ്. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും (ആദായനികുതിദായകർ, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, അവരുടെ ആശ്രിതർ എന്നിവർ) ഒഴികെ ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

(ബി& സി) ഹൃദ്യം എന്നത് പുതിയ പദ്ധതിയാണ്. കുട്ടികളിലെ ഹൃദയരോഗത്തിന് Amritha, Aster, Believers Church Hospital, തിരുവല്ല എന്നീ ആശുപത്രികളെ റഫറൽ ആശുപത്രിയായി നിശ്ചയിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## കാൻസർ സെന്ററുകളുടെ പ്രവർത്തനം

172 (1717) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാരംഭഘട്ടത്തിൽ കണ്ടെത്തിയാൽ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്ന വദനാർബുദം, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവ പ്രാരംഭഘട്ടത്തിൽതന്നെ പരിശോധിച്ച് കണ്ടുപിടിക്കുന്നതിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്നും ആയത് എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം പ്രചാരണ പരിപാടികളും ബോധവത്കരണ പരിപാടികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളും കേന്ദ്രീകരിച്ച് കാൻസർ നിർണയിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാൻസർ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) വദനാർബുദം പ്രാരംഭഘട്ടത്തിൽ കണ്ടെത്തുവാൻ ക്ലിനിക്കൽ പരിശോധനയിലൂടെ ഒരു വിദഗ്ദ്ധ ഡോക്ടർക്ക് സാധിക്കുന്നതാണ്. സംശയാസ്പദമായ ലക്ഷണങ്ങൾ കണ്ടാൽ ബയോപ്സി പരിശോധനവഴി രോഗം സ്ഥിരീകരിക്കാൻ കഴിയുന്നതാണ്. ഇതുകൂടാതെ വായ പരിശോധന പരിശീലിക്കുക വഴി രോഗിക്ക് സംശയം ഉണ്ടാകുമ്പോൾ തന്നെ ഡോക്ടറുടെ സഹായം തേടുവാനാകും. സ്തനാർബുദം മുൻകൂട്ടി കണ്ടുപിടിക്കാൻ പരിശീലനം ലഭിച്ച വിദഗ്ദ്ധ ഡോക്ടർമാർക്ക് ക്ലിനിക്കൽ പരിശോധന വഴിയും ഇതുകൂടാതെ മാമോഗ്രാഫി, അൾട്രാസൗണ്ട് സ്കാനിംഗ്, കുത്തിയെടുത്ത് പരിശോധന (FNAC) തുടങ്ങിയ മറ്റ് പരിശോധനകൾവഴി രോഗം സ്ഥിരീകരിക്കാൻ സാധിക്കും. ചിലപ്പോൾ രോഗബാധിത ഭാഗത്തുനിന്നും ശസ്ത്രക്രിയ വഴി കലകളെടുത്ത് (exision biopsy) പരിശോധിക്കേണ്ടതായും വരും.

പാപ്സ്മിയർ, VIA-VILI test, കോൾപോസ്കോപ്പി തുടങ്ങിയ പരിശോധനകൾ വഴി ഗർഭാശയഗള കാൻസർ കണ്ടുപിടിക്കാൻ സാധിക്കുന്നതാണ്. മേൽപ്പറഞ്ഞ പരിശോധനകളെല്ലാം ചെയ്യാനുള്ള സംവിധാനം ആർ.സി.സി.-യിൽ നിലവിലുണ്ട്. ഇതുകൂടാതെ മാമോഗ്രാഫിയും അൾട്രാസൗണ്ട് ഒഴികെയുള്ള പരിശോധനകൾ നടത്തുവാൻ ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങളിലും കൊല്ലത്ത് പ്രവർത്തിക്കുന്ന NBRR ക്ലിനിക്കിലും സൗകര്യം ലഭ്യമാണ്.

എല്ലാ സാമ്പത്തിക വർഷവും ഡോക്ടർമാർക്കും നഴ്സുമാർക്കും കാൻസർ സെന്ററുകളിൽവച്ച് പരിശീലനം നൽകുകയും തുടർന്ന് ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ സെന്ററുകളിൽ ഇവരെ വിന്യസിച്ച് കാൻസർ ചികിത്സയും നിർണ്ണയവും നടത്തിവരികയും ചെയ്യുന്നു. വദനാർബുദം കണ്ടെത്തുന്നതിനായി ജില്ലാ ആശുപത്രികളിൽ ഓറൽ കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ ദന്തരോഗ വിഭാഗവുമായി ചേർന്ന് നടത്തിവരുന്നു. ആരോഗ്യ വകുപ്പിന് കീഴിലുള്ള ജില്ലാ കാൻസർ കെയർ സെന്ററുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | ജനറൽ ആശുപത്രി |
| 2 | കൊല്ലം | ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പുനലൂർ |
| 3 | പത്തനംതിട്ട | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, കോഴഞ്ചേരി (ആർ.സി.സി.യുടെ കീഴിൽ) |
| 4 | കോട്ടയം | ജില്ലാ ആശുപത്രി |
| 5 | ആലപ്പുഴ | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, മാവേലിക്കര |
| 6 | ഇടുക്കി | താലൂക്ക് ആശുപത്രി, തൊടുപുഴ |
| 7 | എറണാകുളം | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, വടക്കൻ പറവൂർ |
| 8 | തൃശ്ശൂർ | ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, ഇരിങ്ങാലക്കുട |
| 9 | മലപ്പുറം | ജില്ലാ ആശുപത്രി,തിരൂർ |
| 10 | പാലക്കാട് | ജില്ലാ ആശുപത്രി |
| 11 | കോഴിക്കോട് | ജില്ലാ ആശുപത്രി,വടകര |
| 12 | കണ്ണൂർ | ജില്ലാ ആശുപത്രി |
| 13 | വയനാട് | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, നല്ലൂർനാട് |
| 14 | കാസർഗോഡ് | ജില്ലാ ആശുപത്രി |

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ കാൻസർ രോഗ ചികിത്സ നൽകിവരുന്നു.

ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലി കോബോൾട്ട് മെഷീൻ, റോഡിയോ തെറാപ്പി, സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം ബ്രോങ്കോസ്കോപ്പി, എൻഡോസ്കോപ്പി, കൊളോണോസ്കോപ്പി എന്നിവ ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ, അത്യാധുനിക രീതിയിലുള്ള ഓപ്പറേഷൻ തീയേറ്ററുകളും, ഡിജിറ്റൽ മാമോഗ്രാഫി മുതലായ സൗകര്യങ്ങളും മലബാർ കാൻസർ സെന്ററിൽ ലഭ്യമാണ്. വദനാർബുദം, സ്തനാർബുദം, ഗർഭാശയ ഗള കാൻസർ തുടങ്ങിയവ പ്രാരംഭ ദശയിൽ കണ്ടുപിടിക്കുന്നതിനുള്ള സൗകര്യവും ഒരു ദിവസം ദൈർഘ്യമുള്ള കീമോതെറാപ്പി ചികിത്സയും കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ നൽകിവരുന്നു.

എല്ലാ സാമ്പത്തിക വർഷവും നിരവധി പദ്ധതികളാണ് ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ആരോഗ്യബോധവത്കരണ, ക്യാമ്പുകൾ, സെമിനാറുകൾ, പോസ്റ്ററുകൾ, ലഘുലേഖകൾ, എക്സിബിഷനുകൾ എന്നിവ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പ് നടത്തിവരുന്നു. പുകയില, മദ്യം തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും പ്രത്യേകിച്ച് ഇവയ്ക്ക് കാൻസറുമായുള്ള ബന്ധത്തെക്കുറിച്ചും സ്കൂൾ, കോളേജ് തലത്തിൽ പ്രത്യേക ആരോഗ്യ ബോധവൽക്കരണം നൽകിവരുന്നു. പഞ്ചായത്തുതലത്തിൽ കാൻസർ സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിലും ആർ.സി.സി.യുടെ ഉപകേന്ദ്രങ്ങളിലും മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിലും ബോധവൽക്കരണ ക്ലാസുകളും മുൻകൂർ കാൻസർ പരിശോധന ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.

(സി) കാൻസർ ചികിത്സാരംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിച്ച ജില്ലാ കാൻസർ കെയർ പദ്ധതി ഇപ്പോൾ 14 ജില്ലകളിലായി 18 ആശുപത്രികളിൽ നിലവിലുണ്ട്. ഇത് കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പുതുതായി നിർമ്മിച്ച ഒരു പത്തുനില കെട്ടിടം ആർ.സി.സി.യിൽ സജ്ജമാക്കിയിട്ടുണ്ട്. ഈ കെട്ടിടത്തിൽ ഔട്ട് പേഷ്യന്റ് ക്ലിനിക്കുകൾ, ഡേകെയർ കീമോ തെറാപ്പി, ന്യൂക്ലിയാർ

മെഡിസിൻ, ഡെന്റൽ ഡിവിഷൻ, ആഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഇൻഫർമേഷൻ സിസ്റ്റംസ് ഡിവിഷൻ, മെഡിക്കൽ റെക്കോർഡ്സ് ഡിവിഷൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആർ.സി.സി.യോട് ചേർന്ന് ഒരു പുതിയ 14 നില കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ആർ.സി.സി.യിൽ ആറ് ഓപ്പറേഷൻ തീയേറ്ററുകൾ പ്രവർത്തനസജ്ജമാണ്.

ആർ.സി.സി.-യുടെ രണ്ടാം ക്യാമ്പസ് പുലയനാർകോട്ടയിൽ സ്ഥാപിക്കുന്നതിന് 11.78 ഏക്കർ ഭൂമി നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള കാൻസർ സെന്റർ, ന്യൂറോ ഓങ്കോളജി സെന്റർ, ഗവേഷണ വിഭാഗം, രോഗികൾക്കും കൂട്ടിരിപ്പുകൾക്കുമുള്ള ഡോർമെറ്ററി സൗകര്യം, ഹോം എവേ ഫ്രം ഹോം (Home Away From Home), കമ്മ്യൂണിറ്റി ഓങ്കോളജി സെന്റർ തുടങ്ങിയ വിവിധ പദ്ധതികളാണ് പുലയനാർകോട്ടയിൽ ലക്ഷ്യമിടുന്നത്.

### കോക്ലിയർ ഇംപ്ലാന്റേഷൻ

173 (1718) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോക്ലിയർ ഇംപ്ലാന്റേഷന് വേണ്ടി എത്ര തുക എത്ര പേർക്ക് ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കോക്ലിയർ ഇംപ്ലാന്റേഷനുവേണ്ടി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എത്ര അപേക്ഷകളാണ് തീർപ്പാകാതെയുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം ചികിത്സയ്ക്കുള്ള അപേക്ഷകളിൽ തീരുമാനങ്ങളെടുക്കുന്നത് വേഗത്തിലാക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ?

#### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 211 കുട്ടികൾക്ക് ശ്രുതിതരംഗം പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയതിനുവേണ്ടി 7,56,98,343 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി&സി) ശ്രുതിതരംഗം പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റേഷനുവേണ്ടി ലഭിച്ച അപേക്ഷകളൊന്നും നിലവിൽ തീർപ്പാക്കാനില്ല.

(ഡി) നിലവിൽ ശ്രുതിതരംഗം പദ്ധതിയിലൂടെ ലഭിച്ച അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി അർഹരായ കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് ഈ രംഗത്തെ വിദഗ്ദ്ധരും ഓഡിയോളജിസ്റ്റുകളും ഡോക്ടർമാരും അടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാൻസർ രോഗികളുടെ എണ്ണം**

174 (1719) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിന് കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത കാരണം കണ്ടെത്തുന്നതിന് ഗവേഷണങ്ങൾ നടക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കാൻസർരോഗ ചികിത്സയ്ക്കായി എത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. നിലവിൽ ആധുനിക ചികിത്സയുടെ ലഭ്യതയും മറ്റ് താലൂക്ക് ആശുപത്രികൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽനിന്നുമുള്ള റഫറൽ കൂടുന്നതും ബോധവൽക്കരണ ക്ലാസുകൾ വഴി ധാരാളം രോഗികൾ എത്തുന്നതും വർദ്ധനവിന് കാരണമാണ്. കൂടാതെ കേരളത്തിലെ ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റവും തെറ്റായ ഭക്ഷണരീതിയും വ്യായാമമില്ലായ്മയും ലഹരിയോടുള്ള ആഭിമുഖ്യവും കാൻസർ രോഗത്തിന് കാരണമായിട്ടുണ്ട്.

(ബി) പ്രസ്തുത കാരണം കണ്ടെത്തുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ സഹകരണത്തോടെ ആശുപത്രിയെ അടിസ്ഥാനമാക്കിയുള്ള കാൻസർ രജിസ്റ്ററിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് കാൻസർ വിഭാഗത്തിൽ 2014 മുതൽ പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി മൂന്ന് ഗവേഷണങ്ങൾ പ്രസ്തുത വിഭാഗത്തിൽ നടത്തുന്നുണ്ട്.

ആരോഗ്യ വകുപ്പ്, റീജിയണൽ കാൻസർ സെന്റർ എന്നിവിടങ്ങളിൽ ഇതുസംബന്ധിച്ച പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. മലബാർ കാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തിവരുന്നു.

## സാംക്രമികേതര രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ

175 (1720) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം രോഗങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) പ്രസ്തുത രോഗങ്ങൾ തടയുന്നതിന് സ്കൂൾ പഠനകാലത്ത് തന്നെ ബോധവത്കരണം നടത്തുന്നതിന് ആരോഗ്യ വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സാംക്രമികേതര രോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നഗരവൽക്കരണവും പാശ്ചാത്യവൽക്കരണവും അതിലൂടെ ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ കാതലായ വ്യതിയാനങ്ങളാണ് സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളെയും ഇത്തരം രോഗങ്ങളിലേയ്ക്ക് നയിക്കുന്നതിന് കാരണം. ഇത് നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് "അമൃതം ആരോഗ്യം" എന്ന പേരിൽ സംസ്ഥാന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. രോഗങ്ങൾ വരാതിരിക്കുന്നതിനായി ആരോഗ്യ ബോധവൽക്കരണം, രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പദ്ധതി, രോഗം സ്ഥിരീകരിച്ചവർക്ക് സൗജന്യമായി ചികിത്സയും മരുന്നും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ല /ജനറൽ ആശുപത്രികളിലും ഈ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) സ്കൂൾ കുട്ടികളിൽ ജീവിതശൈലീരോഗങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണവും ആരോഗ്യവിദ്യാഭ്യാസവും പ്രവൃത്തിപരിചയവും ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി LEAP എന്ന പേരിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നു. ആരോഗ്യപരമായ ഭക്ഷണം, ചിട്ടയായ വ്യായാമം, ലഹരിയിൽനിന്നുള്ള മുക്തി എന്നിവയെക്കുറിച്ചുള്ള ആരോഗ്യ ബോധവൽക്കരണം, രോഗ സാധ്യതയുള്ള കുട്ടികളെ കണ്ടെത്തി ചികിത്സിക്കുക, യോഗ, മറ്റ് വ്യായാമ മുറകൾ എന്നിവ വിദ്യാർത്ഥികളെ ശീലിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇപ്പോൾ ഇത് സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്നു. ഇതിനുപുറമെ യോഗ പരിശീലനം, ജംഗ് ഫുഡിനെതിരെയുള്ള ക്യാമ്പയിൻ എന്നിവയും സ്കൂളുകൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു.

## ആരോഗ്യരംഗത്തെ ലോകോത്തര നിലവാരം

176 (1721) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ ആരോഗ്യരംഗത്ത് കേരളത്തെ ഒന്നാംസ്ഥാനത്ത് എത്തിക്കാൻ പുതിയ ഗവൺമെന്റ് നടപ്പിലാക്കിയ സവിശേഷ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) ആരോഗ്യരംഗത്തെ കേരളത്തിന്റെ ഒന്നാം സ്ഥാനത്തിലൂടെ പ്രത്യേക കേന്ദ്രസഹായം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) ആരോഗ്യരംഗം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താൻ എന്തൊക്കെ പദ്ധതികളാണ് പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഇന്ത്യൻ ആരോഗ്യരംഗത്ത് കേരളത്തെ ഒന്നാംസ്ഥാനത്ത് എത്തിക്കാൻ കേരള സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുന: സംഘടിപ്പിക്കാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാ തലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശം. അതോടൊപ്പം ജില്ലാ /താലൂക്ക്/ജനറൽ ആശുപത്രികളിലേയ്ക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും ചികിത്സ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് 28-3-2017-ലെ സ.ഉ. (ആർ.റ്റി) 845/2017/ആകുവ, പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചായി 12-5-2017-ലെ സ.ഉ. (എം.എസ്) 75/2017/ആകുവ, 22-12-2017-ലെ സ.ഉ. (എം എസ്.) 188/2017/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡ പ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നുവർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ /താലൂക്ക് /ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രെയിനേജുകൾ തുടങ്ങിയവയ്ക്കുള്ള ഇരുപത്തിമൂന്ന് കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ താലൂക്കുതല ആശുപത്രികളിലേയ്ക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും KIIFB-യിൽ ഉൾപ്പെടുത്തി കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും KMSCL വഴി നടന്നുവരുന്നു. ജില്ലാ താലൂക്കുതല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ KIIFB പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

(ബി) നിലവിൽ 2018-19 സാമ്പത്തിക വർഷത്തിൽ മെച്ചപ്പെട്ട സേവനം കാഴ്ചവച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഇൻസെന്റീവ് ലഭ്യമായിട്ടുണ്ട്.

(സി) ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ടി സർക്കാർ നവകേരള മിഷന്റെ ഭാഗമായി സംസ്ഥാനത്തെ ആശുപത്രികളെ മാറുന്ന ആരോഗ്യമേഖലയ്ക്ക് അനുസൃതമായി ജീവിതശൈലീ രോഗങ്ങൾക്കടക്കം ശരിയായ ചികിത്സ നൽകിക്കൊണ്ട് ആദ്യഘട്ടത്തിൽ തന്നെ ചികിത്സ ലഭ്യമാക്കി, ജനങ്ങളുടെ ആരോഗ്യനിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ ജീവനക്കാരെയും നൽകുക എന്നതാണ് ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് യൂണിറ്റ്

177 (1722) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളിലാണ് വൃക്കരോഗികൾക്ക് നിലവിൽ ഡയാലിസിസ് സൗകര്യം ലഭ്യമായിട്ടുള്ളത് ; അവയുടെ പേരുവിവരം വ്യക്തമാക്കാമോ;

(ബി) ഭക്ഷണ-ജീവിത രീതികളിൽ വന്ന മാറ്റംമൂലം വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് കണക്കിലെടുത്ത് പൊതുജന പങ്കാളിത്തത്തിലൂടെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കിഫ്ബി പദ്ധതി മുഖേന തെരഞ്ഞെടുക്കപ്പെട്ട 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2015-16,2016-17- ലെ പ്ലാൻ പദ്ധതി പ്രകാരം നെടുങ്ങോലം, ഹരിപ്പാട്, വർക്കല, തിരുവനന്തപുരം ഫോർട്ട് എന്നീ താലൂക്ക് ആശുപത്രികളിലും 2017-18 പദ്ധതിയിൽ അടിമാലി, കട്ടപ്പന, ആറ്റിങ്ങൽ എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് സൗകര്യം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് ആശുപത്രികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) നിലവിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ജില്ലാ ആശുപത്രികളിൽ കിഫ്ബി പദ്ധതി മുഖേനയും തദ്ദേശസ്വയംഭരണ ഫണ്ട് ഉപയോഗിച്ചും ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതി മുഖനയും ഡയാലിസിസ് യൂണിറ്റ് സൗകര്യങ്ങൾ ആശുപത്രികളിൽ ലഭ്യമാക്കിവരുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ശൂന്യവേതനാവധി എടുക്കുന്നതിന് നിയന്ത്രണം

178 (1723) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, നഴ്സ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ഉപരിപഠനം, മെഡിക്കൽ ലീവ് തുടങ്ങിയ കാരണങ്ങൾ ഒഴികെ മറ്റ് ആവശ്യങ്ങൾക്ക് ദീർഘകാലത്തേയ്ക്ക് ശൂന്യവേതനാവധി എടുക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ നിയന്ത്രണം ഏർപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്ക് ഉപരിപഠനം, മെഡിക്കൽ ലീവ് തുടങ്ങിയ കാരണങ്ങൾ ഒഴികെ മറ്റ് ആവശ്യങ്ങൾക്ക് ദീർഘകാല ശൂന്യവേതനാവധി അനുവദിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. 22-7-2003- ലെ സ.ഉ.(സാധാ.) 2190/2003/ആകുവ പ്രകാരവും 1-8-2011-ലെ സർക്കുലർ 29953/ഇ 1/2011/ ആകുവ പ്രകാരവും Appendix XII A, XII C പ്രകാരമുള്ള ശൂന്യവേതനാവധി ദുർലഭ വിഭാഗത്തിൽ ഉണ്ടായിട്ടുള്ള ഡോക്ടർമാർക്ക് അനുവദിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുമുള്ള ദുർലഭ വിഭാഗങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. Appendix XII A, XII C പ്രകാരമുള്ള ശൂന്യവേതനാവധി മൂന്ന് വർഷം തുടർച്ചയായ സേവനമില്ലാത്ത ഡോക്ടർമാർക്ക് അനുവദിക്കേണ്ടതില്ലെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഡോക്ടർമാർ ദീർഘകാല അവധിയിൽ പ്രവേശിക്കുന്നത് വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് Scarce Category എന്ന വേർതിരിവില്ലാതെ എല്ലാ ഡോക്ടർമാരുടെയും Appendix XII A, XII C പ്രകാരമുള്ള അവധി അപേക്ഷകൾ നിലവിൽ സർക്കാർ പ്രോത്സാഹിപ്പിക്കുന്നില്ല.

ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് തസ്തികയിലുള്ള ജീവനക്കാർക്ക് നിലവിൽ ഉപരിപഠനം, മെഡിക്കൽ ലീവ് തുടങ്ങിയ കാരണങ്ങളൊഴികെ മറ്റ് ആവശ്യങ്ങൾക്ക് ദീർഘകാല ശൂന്യവേതനാവധി അനുവദിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## മലബാർ മേഖലയിലെ ഒരു സി.ജി.എച്ച്.എസ്. ഡിസ്പെൻസറി

179 (1724) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജീവനക്കാർക്കും, വിരമിച്ചവർക്കും, അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ നിരക്കിൽ ചികിത്സ ലഭിക്കുന്ന സി.ജി.എച്ച്.എസ്. (കേന്ദ്ര ഗവൺമെന്റ് ഹെൽത്ത് സ്കീം) ഡിസ്പെൻസറികൾ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മലബാർ പ്രദേശങ്ങളിലെ ജീവനക്കാർ, അവർക്ക് അർഹതപ്പെട്ട ചികിത്സക്കായി തിരുവനന്തപുരംവരെ യാത്ര ചെയ്യേണ്ടി വരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മലബാർ മേഖലയിൽ ഒരു സി.ജി.എച്ച്.എസ്. ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) കേന്ദ്ര സർക്കാർ ജീവനക്കാർക്കും വിരമിച്ചവർക്കും അവരുടെ കുടുബാംഗങ്ങൾക്കും സൗജന്യ നിരക്കിൽ ചികിത്സ ലഭിക്കുന്ന സി.ജി.എച്ച്.എസ്. ഡിസ്പെൻസറികൾ നിലവിൽ തിരുവനന്തപുരത്ത് മാത്രമാണ് പ്രവർത്തിക്കുന്നത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഇ-ഹെൽത്ത് പദ്ധതി

180 (1725) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വ്യക്തികളുടെ എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വ്യക്തികളുടെ പേര്, മേൽവിലാസം എന്നിവ അടങ്ങുന്ന 13 ഘടകങ്ങൾ, ആധാർ നമ്പർ, വൈവാഹിക സ്ഥിതി, മതം, സാമൂഹിക വിഭാഗം, രക്തഗ്രൂപ്പ്, പ്രധാന ആരോഗ്യ പ്രശ്നങ്ങൾ, പ്രതിരോധ കുത്തിവയ്പ് നിലവാരം, വൈകല്യങ്ങൾ, പുകവലി, മദ്യപാനം, ക്ഷയരോഗ നിർണ്ണയ സർവ്വേ, ആഹാരരീതി, മൊബൈൽ നമ്പർ, വോട്ടർ ഐ.ഡി., ഡ്രൈവിംഗ് ലൈസൻസ്, ജോലി, വിദ്യാഭ്യാസ നിലവാരം എന്നിവ കൂടാതെ വ്യക്തികൾ ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തുമ്പോൾ പ്രസ്തുത ചികിത്സാ വിവരങ്ങൾകൂടി ആ രോഗിയുടെ രേഖയിൽ കൂട്ടിച്ചേർക്കപ്പെടും. ഫീൽഡ് സർവ്വേവഴി ലഭ്യമാകുന്ന ആരോഗ്യ വിവരങ്ങളും ചികിത്സാ കേന്ദ്രത്തിലെ ചികിത്സാ വിവരങ്ങളും ഒരു വ്യതിരിക്ത നമ്പർ മുഖേന ഡിജിറ്റൽ രീതിയിൽ ബന്ധിപ്പിച്ച് ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ പൂർണ്ണത ഉറപ്പാക്കുകയും തുടർചികിത്സയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

(സി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക;
2. സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക;
3. എല്ലാ അലോപ്പതി ആശുപത്രികളെയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക;
4. ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

**കേരള പൊതുജനാരോഗ്യ നിയമം**

181 (1726) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൊതുജനാരോഗ്യനിയമം രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കേരള പൊതുജനാരോഗ്യനിയമത്തിന്റെ കീഴിൽ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പൽ കോർപ്പറേഷനുകീഴിലും ഫുഡ് സേഫ്റ്റി വിഭാഗത്തിന് കീഴിലുമുള്ള ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ ഉൾപ്പെടുന്നുണ്ടോ;

(സി) പൊതുജനാരോഗ്യത്തിനുമാത്രമായി പ്രത്യേക ഡയറക്ടേറ്റ് രൂപീകരിക്കുന്നുണ്ടോ; ഡയറക്ടറേറ്റിന്റെ ഘടന എങ്ങനെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ സർക്കാരിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

(ബി) കേരള പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനുള്ള ചുമതല ആരോഗ്യ വകുപ്പിനുകീഴിലുള്ള ജീവനക്കാരുടേതായാണ് കരട് നിയമത്തിൽ വിഭാവന ചെയ്തിരിക്കുന്നത്. എന്നാൽ പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് വലിയ പങ്കുവഹിക്കാൻ കഴിയുന്ന പഞ്ചായത്തീരാജ് നഗരപാലിക നിയമങ്ങളും ഭക്ഷ്യ വകുപ്പ് നിയമങ്ങളും നടപ്പിലാക്കാനുള്ള ചുമതല ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുതന്നെ ആയിരിക്കും.

(സി) ഉണ്ട്. ഡയറക്ടറേറ്റിന്റെ ഘടന വിഭാവന ചെയ്തിട്ടില്ല.

## വലിയോറ പാണ്ടികശാലയിൽ ആരോഗ്യ ഉപകേന്ദ്രം

182 (1727) <u>ശ്രീ. കെ. എൻ. എ ഖാദർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന വലിയോറ പാണ്ടികശാലയിൽ ജനസംഖ്യാനുപാതികമായി ആരോഗ്യ ഉപകേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച എഫ്. ഡബ്ല്യു എ 1-84202/2015 ആ. വ. ഡ ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തിന്റെയും റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടെങ്കിൽ ആയതിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ വേങ്ങര ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന വലിയോറ പാണ്ടികശാലയിൽ ഉപകേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിന്റെയും ഉള്ളടക്കത്തിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

**വയനാട് ജില്ലയിൽ ആർദ്രം പദ്ധതി**

183 (1728) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

ആർദ്രം പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിൽനിന്നും വേങ്ങപ്പള്ളി, പൂത്താടി, അപ്പപ്പാറ, നൂൽപ്പുഴ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രി, കല്പറ്റ ജനറൽ ആശുപത്രി, സുൽത്താൻ ബത്തേരി താലൂക്കാശുപത്രി, വൈത്തിരി താലൂക്കാശുപത്രി എന്നിവയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും മാനന്തവാടി ജില്ലാ ആശുപത്രിയിലേയ്ക്ക് 15 വിവിധ തസ്തികകളും കല്പറ്റ ജനറൽ ആശുപത്രിയിലേയ്ക്ക് 50 തസ്തികകളും സുൽത്താൻബത്തേരി താലൂക്കാശുപത്രിയിൽ 16 തസ്തികകളും വൈത്തിരി താലൂക്കാശുപത്രിയിൽ 6 തസ്തികകളും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ഇതിനോടകം സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീ സൗഹൃദമാക്കുന്നതിലേക്കായി 2017-18 സാമ്പത്തിക വർഷത്തിൽ മാനന്തവാടി ജില്ലാ ആശുപത്രിക്ക് 117 ലക്ഷം രൂപയും കല്പറ്റ ജനറൽ ആശുപത്രിക്ക് 99.5 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകളുടെ എണ്ണം രോഗികളുടെ എണ്ണത്തിന് ആനുപാതികമായി വർദ്ധിപ്പിക്കുക, പരിശോധനാ സൗകര്യങ്ങൾ, വിവിധ ഒ.പി. സെക്ഷനുകൾ, ലബോറട്ടറികൾ ഇവ എളുപ്പത്തിൽ കണ്ടുപിടിക്കുവാനുള്ള സൈനേജുകൾ, ടോക്കൺ സംവിധാനം ഒരുക്കുക, രോഗികൾക്ക് കാത്തിരിപ്പിന് ആവശ്യമായ സ്ഥല സൗകര്യവും കസേരകളും ഒരുക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രവർത്തനം നടന്നുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ആശുപത്രികളുടെ വികസനം

184 (1729) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഗവണ്മെന്റ് ആശുപത്രികളുടെ വികസനത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വികസന പ്രവർത്തനങ്ങൾക്കായി ആർദ്രം പദ്ധതിയിലുൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ആശുപത്രികൾ ഏതൊക്കെയാണ്;

(സി) അധിക തസ്തിക സൃഷ്ടിച്ചിട്ടുള്ള ആശുപത്രികളും, അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) ദേശീയ ആരോഗ്യ മിഷന്റെ ഭാഗമായി ചിറ്റൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ടുവർഷം നടത്തിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ചിറ്റൂർ നിയോജകമണ്ഡലത്തിനുകീഴിലുള്ള ഗവൺമെന്റ് ആശുപത്രികളിൽ നടത്തിയ വികസനത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

ചിറ്റൂർ താലൂക്ക് ഹോസ്പിറ്റൽ

- ചിറ്റൂർ താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ഇവിടെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ രണ്ട് തസ്തികയും ഒരു ലാബ് ടെക്നീഷ്യന്റെ തസ്തികയും ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II, മെക്കാനിക്കൽ ഗ്രേഡ് II എന്നിവയിൽ ഓരോ തസ്തികയും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

- ചിറ്റൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 45 ലക്ഷം രൂപയുടെ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

- ബെഡ് സ്റ്റോറേജ് നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി അനുവദിച്ച 70,000 രൂപയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

- കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും കേരള ഹെൽത്ത് വെൽഫെയർ സൊസൈറ്റിയും സംയുക്തമായി ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു.
- ആർ.എസ്.ബി.വൈ. ഫണ്ട് ഉപയോഗിച്ച് എഫ്.ഡബ്ല്യൂ. സ്റ്റോർ നിർമ്മാണം പുരോഗമിച്ചുവരികയാണ്.
- മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>പി.എച്ച്.സി. പൊൽപ്പുള്ളി</u>

ചിറ്റൂർ എം.എൽ.എ. ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകളുടെ 2016-17 സാമ്പത്തികവർഷത്തെ ആസ്തി വികസന പദ്ധതിയിൽനിന്നും പുതിയ കെട്ടിട നിർമ്മാണം പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>പി.എച്ച്.സി., നല്ലേപ്പിള്ളി</u>

ഗ്രാമപഞ്ചായത്ത് മുഖേന ഈ സ്ഥാപനത്തിലെ ഫാർമസി സ്റ്റോറിന്റെ വിപുലീകരണം നടന്നുവരുന്നു.

<u>പി.എച്ച്.സി., ഒഴലപ്പതി</u>

ടി കേന്ദ്രം ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു.

<u>പി.എച്ച്.സി.,പെരുവമ്പ്</u>

ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടിൽ ഭിന്നശേഷിക്കാർക്കുള്ള ശുചിമുറിയും കൂടാതെ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം ശുചിമുറിയും പണികഴിപ്പിച്ചു.

<u>പി.എച്ച്.സി.,പെരുമാട്ടി</u>

ഗ്രാമപഞ്ചായത്ത് മുഖേന ഈ സ്ഥാപനത്തിലെ ഒ.പി. ഹാൾ നവീകരണം നടന്നുവരുന്നു.

<u>സി.എച്ച്.സി., കൊഴിഞ്ഞാമ്പാറ</u>

ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ഒന്നാംവാർഷിക പദ്ധതി 2017-18 കൊഴിഞ്ഞാമ്പറ ആശുപത്രിക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ഫണ്ട് അനുവദിച്ചു.

**ആരോഗ്യ നയം**

185 (1730) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച ആരോഗ്യ നയത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ആരോഗ്യ നയത്തിന്റെ ചുവടുപിടിച്ച് ഈ വർഷവും അടുത്ത വർഷവും സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടന്നുവരുന്ന പദ്ധതികൾ /പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ഡി) കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആശുപത്രികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ & ബി) 22-2-2018-ലെ സ.ഉ. (കൈ) നമ്പർ 32/2018/ആ.കു.വ. പ്രകാരം ഡോക്ടർ ബി. ഇക്ബാൽ ചെയർമാനും ഡോ. കെ. പി. അരവിന്ദൻ കൺവീനറുമായി 17 അംഗ വിദഗ്ദ്ധ സമിതി സമർപ്പിച്ച കരട് ആരോഗ്യ നയം അംഗീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ടി കരട് ആരോഗ്യനയത്തിൽ കൂടുതൽ നിർദ്ദേശങ്ങളും ഭേദഗതികളും ആവശ്യമാണെന്ന് കാണുന്നപക്ഷം അവ കൂടി ഉൾപ്പെടുത്തി അന്തിമ ആരോഗ്യ നയം അംഗീകരിച്ചതിനുശേഷം മാത്രമേ സർക്കാർ ആശുപത്രികളിൽ ഈ വർഷവും അടുത്ത വർഷവും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാൻ സാധിക്കുകയുള്ളൂ. കരട് ആരോഗ്യനയത്തിൽ മുൻഗണന നൽകുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്:

1. പകർച്ചവ്യാധികളുടെ നിയന്ത്രണം
2. പ്രാഥമികതലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം
3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ
4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ
5. ദ്വിതീയ തലത്തിൽ രോഗസങ്കീർണ്ണതകളുടെ നിയന്ത്രണം
6. ദ്വിതീയ തൃതീയ തല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവൽക്കരണം
7. തൃതീയ റഫറൽ സമ്പ്രദായം നടപ്പാക്കൽ
8. ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ.

(സി) സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് സ.ഉ.(ആർ.റ്റി.) 845/2017/ആകുവ. തീയതി 28-3-2017 പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി സ.ഉ. (എംഎസ്.) 75/2017/ആകുവ. തീയതി 12-05-2017, സ.ഉ. (എം.എസ്.) 188/2017/ആകുവ. തീയതി 22-12-2017 എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെകീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്‌ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രെയിനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം.വഴി അംഗീകൃത

ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ താലൂക്ക്തല ആശുപത്രികളിലേക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും കിഫ്ബിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

(ഡി) ആർദ്രം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽനിന്നും 13 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനം എൻ.എച്ച്.എം. മുഖേന നടന്നുവരികയാണ്.

**നീതി ആയോഗ്**

186 (1731) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗിന്റെ ആരോഗ്യരംഗത്തെ കുറിച്ചുള്ള പഠനറിപ്പോർട്ട് പ്രകാരം കേരളം എത്രാം സ്ഥാനത്താണ് നിൽക്കുന്നത്; നീതി ആയോഗിന്റെ പഠനറിപ്പോർട്ടിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ;

(ബി) മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുംവിധത്തിൽ സംസ്ഥാനത്തെ ആരോഗ്യരംഗം നിലനിൽക്കുന്നതിന് ആർദ്രം മിഷൻ പദ്ധതി സഹായകരമായിട്ടുണ്ട് എന്ന വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

(എ) 2014-15 വർഷം ബേസ് ഇയറും 2015-16 വർഷം റഫറൻസ് ഇയറുമായി കണക്കാക്കി നടത്തിയ പഠനത്തിൽ കേരളം ഒന്നാംസ്ഥാനത്താണ്.

പ്രധാന ആരോഗ്യ സൂചികകൾ, ആരോഗ്യ രംഗത്തെ ഭരണ സംവിധാനം, ആരോഗ്യ പദ്ധതികളുടെ നടത്തിപ്പ് (Health outcomes, Governance & Information, key inputs/processes) എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി 24 സൂചികകൾ ഉപയോഗിച്ചാണ് പഠനം നടത്തിയത്. രാജ്യത്തെ സംസ്ഥാനങ്ങളെ വലിയ സംസ്ഥാനങ്ങൾ, ചെറിയ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. വലിയ സംസ്ഥാനങ്ങളോടൊപ്പമാണ് കേരളത്തെ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) 2014-15 വർഷത്തെ സംസ്ഥാനങ്ങളുടെ പ്രവർത്തനം അടിസ്ഥാനമാക്കി 2015-16-ൽ തയ്യാറാക്കിയ റിപ്പോർട്ടിൽ 2017-18 വർഷം മുതൽ നടപ്പിലാക്കി തുടങ്ങിയ 'കുടുംബ ഡോക്ടർ' സങ്കൽപ്പത്തിൽ അധിഷ്ഠിതമായ 'ആർദ്രം' പദ്ധതിയുടെ പുരോഗതി ഉൾപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**ആർദ്രം പദ്ധതി**

187 (1732) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യമേഖലയിൽ പുതിയ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയത് ജില്ലകൾതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിൽ 1721 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള ജീവനക്കാരുടെ വിന്യാസം പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ജില്ലതിരിച്ചുള്ള കണക്ക് തയ്യാറാക്കാൻ കഴിയൂ. മാത്രമല്ല, ആർദ്രം പദ്ധതിക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട തസ്തികകളൊന്നും ജില്ലാ അടിസ്ഥാനത്തിലല്ല നടത്തിയിട്ടുള്ളത്. ആരോഗ്യ വകുപ്പിൽ ആകെ 4271 തസ്തികകൾ DHS, DME, Ayush എന്നിവിടങ്ങളിലായി സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിൽ ആർദ്രം പദ്ധതി**

188 (1733) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിടുന്ന ആർദ്രം പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽനിന്നും ഏതെല്ലാം ആശുപത്രികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ഈ പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഡി) കോതമംഗലം മണ്ഡലത്തിലെ കൂടുതൽ ആശുപത്രികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച സ.ഉ.(ആർ.ടി.) 845/2017/ആകുവ. 28-3-2017-ലെ പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി സ.ഉ. (എം.എസ്.) 75/2017/ആകുവ., 12-5-2017-ലെ, സ.ഉ. (എം.എസ്.) 188/2017/ ആകുവ. 22-12-2017-ലെ എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള

ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/ താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്‌ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, ഡ്രെയിനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ താലൂക്ക്തല ആശുപത്രികളിലേക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൻ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും കിഫ്ബിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ലാ താലൂക്കുതല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

(ബി&സി) കുട്ടമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും കോതമംഗലം താലൂക്കാശുപത്രിയേയും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും കുട്ടമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു മെഡിക്കൽ ഓഫീസറും രണ്ട് സ്റ്റാഫ് നഴ്സുമാരുടെയും ഒരു ലാബ് ടെക്നീഷ്യന്റെ തസ്തികയും കോതമംഗലം താലൂക്കാശുപത്രിയിൽ രണ്ട് ഡോക്ടർമാർ, ഒരു ലബോറട്ടറി ടെക്നീഷ്യൻ, 3 സ്റ്റാഫ് നഴ്സ് എന്നിവയും മെച്ചപ്പെട്ട ചികിത്സയ്ക്കായി സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

(ഡി) ആർദ്രം പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിഗണിക്കേണ്ട ആശുപത്രികളുടെ കരടുപട്ടിക പരിശോധിച്ചുവരികയാണ്.

## ആലത്തൂർ മണ്ഡലത്തിലെ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആർദ്രം പദ്ധതി

189 (1734) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി അനുവദിക്കപ്പെട്ട സൗകര്യങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ കാര്യങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി സ്റ്റാഫ് നഴ്സിന്റെ 2 തസ്തികയും ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയും പീഡിയാട്രിക് (ജൂനിയർ കൺസൾട്ടന്റ്), ഗൈനക്കോളജി, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്-II, ദന്തൽ മെക്കാനിക് ഗ്രേഡ്-II, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ്-II എന്നിവയിൽ ഓരോ തസ്തികയും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ 4 തസ്തികയും ഇതിനോടകം സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. ഇവിടെ ഒ.പി. ട്രാൻസ്ഫർമേഷൻ സംബന്ധമായ പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പട്ടികയിൽ ആലത്തൂർ മണ്ഡലത്തിൽ നിന്നും കിഴക്കഞ്ചേരി, വണ്ടാഴി എന്നീ പി.എച്ച്.സി.-കളെ ഉൾപ്പെടുത്തുകയും ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി കിഴക്കഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് 8 ലക്ഷം രൂപ അനുവദിക്കുകയും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 12-10-2017-ൽ ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. ഇവിടെ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇവിടെ വിഷാദരോഗത്തിന് 'ആശ്വാസ്' ക്ലിനിക്കും ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്ക് 'ശ്വാസ്' ക്ലിനിക്കും പ്രവർത്തിക്കുന്നു. വണ്ടാഴി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 13 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കുഴൽമന്ദം സി.എച്ച്.സി.-യിൽ ഓപ്പറേഷൻ തിയേറ്ററിന് ആവശ്യമായ സാധനങ്ങൾ, സോളാർ പാനൽ, ആശുപത്രിയുടെ മുൻഭാഗം മോടി പിടിപ്പിക്കൽ, ഒ.പി. കൗണ്ടർ നവീകരണം, ആശുപത്രിയുടെ മുറ്റം ഇന്റർലോക്ക്, ലബോറട്ടറി നവീകരണം എന്നിവ ബ്ലോക്ക് ഫണ്ട് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി കെട്ടിടങ്ങൾ ആശുപത്രി വികസന സമിതി മുഖേന ലഭ്യമാക്കിയിട്ടുണ്ട്. ഫാർമസി സ്റ്റോറിനുള്ള എയർ കണ്ടീഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ലാപ്ടോപ്പ്, ഫോഗിംഗ് മെഷീൻ എന്നിവ പഞ്ചായത്ത് പ്രോജക്ട് മുഖേന നടന്നുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിലേക്ക് തെരഞ്ഞെടുക്കുന്ന ആശുപത്രിയുടെ കരട് പട്ടികയിൽ കുനിശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്.

## പാണ്ഡ്യൻ എന്ന യുവാവിന്റെ മരണം

190 (1735) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽവച്ചുണ്ടായ വാഹനാപകടത്തിൽ ഗുരുതരമായി പരിക്ക് പറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സ തേടിയ പാണ്ഡ്യൻ എന്ന യുവാവ്, തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ച് ജീവൻ നിലനിർത്തുവാനുള്ള ചികിത്സ നൽകാത്തതിനാൽ മരണമടഞ്ഞു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട് സ്വദേശി മുരുകന് ചികിത്സ നിഷേധിച്ച സംഭവത്തിന് ശേഷം ഇത്തരം പാളിച്ചകൾ പറ്റാതിരിക്കുവാൻ നടപടി സ്വീകരിക്കും എന്ന ഉറപ്പിന് വിരുദ്ധമായി വീണ്ടും ഇത്തരം പാളിച്ചകൾ സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) തമിഴ്നാട് സ്വദേശി മുരുകന് യഥാസമയം ചികിത്സ ലഭ്യമായില്ലെന്ന ആരോപണം സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

## കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ആംബുലൻസുകൾ

191 (1736) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ എത്ര ആംബുലൻസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ എത്ര ഡ്രൈവർ തസ്തികകൾ ഉണ്ടെന്നും നിലവിൽ എത്ര ഡ്രൈവർമാരുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ആറ് ആംബുലൻസുകൾ

(ബി) ഡ്രൈവർ തസ്തികകൾ - 7

നിലവിലുള്ള ഡ്രൈവർമാർ - 7

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വെന്റിലേറ്ററുകൾ

192 (1737) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര വെന്റിലേറ്ററുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇവയിൽ എത്രയെണ്ണമാണ് കാര്യക്ഷമമായി പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ;

(ബി) വെന്റിലേറ്ററുകളുടെ ദൗർലഭ്യം കാരണം നിരവധി രോഗികൾ മരിക്കാനിടയായിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അധികമായി വെന്റിലേറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 73 വെന്റിലേറ്ററുകൾ നിലവിലുണ്ട്. ഇതിൽ 60 എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

(ബി) അതീവ ഗുരുതരമായ അനവധി രോഗികൾ വന്നെത്തുന്ന മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ ഓപ്പറേഷനുകൾക്ക് വിധേയമാകുന്നവർക്ക് ജീവൻ നിലനിർത്തുന്നതിന് വെന്റിലേറ്റർ സഹായം അനിവാര്യമായ രോഗികൾക്ക് ലഭ്യമായ വെന്റിലേറ്റർ സൗകര്യങ്ങൾ യഥാസമയം നൽകിവരുന്നുണ്ട്. എന്നാൽ ആശുപത്രിയുടെ ക്രിയാശേഷിയുടെ നാലിരട്ടിയിലധികം രോഗികൾ വന്നെത്തുന്ന അപൂർവ്വ ഘട്ടങ്ങളിൽ എല്ലാപേർക്കും വെന്റിലേറ്റർ സൗകര്യങ്ങൾ നല്കാൻ കഴിയാതെ വന്നിട്ടുണ്ട്. നിലവിൽ പ്രവർത്തനസജ്ജമായ വെന്റിലേറ്ററുകളുടെ സേവനം സമയോചിതമായി രോഗികൾക്ക് നൽകിവരുന്നുണ്ട്. അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കാൻ കഴിയുന്ന വെന്റിലേറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ല/ താലൂക്കാശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാകുന്നതോടെ വികേന്ദ്രീകൃതമായ വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കാനും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇന്ന് അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി**

193 (1738) <u>ശ്രീ. യു. ആർ. പ്രദീപ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുളംകുന്നത്ത്കാവ് മെഡിക്കൽ കോളേജിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; ഇത് ഏതെല്ലാം വിഭാഗങ്ങളിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) രോഗികൾക്ക് മികച്ച ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനായി ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പ്രഥമ പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒഴിവുകളുടെ വിവരം താഴെച്ചേർക്കുന്നു:

| ക്രമ നം. | വകുപ്പ്/വിഭാഗം | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1 | അനാട്ടമി | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 4 |
| 2 | അനസ്തേഷ്യോളജി | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 3 |
| 3 | ബയോകെമിസ്ട്രി | അസിസ്റ്റന്റ് പ്രൊഫസർ | 2 |
| 4 | കാർഡിയോളജി | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 1 |
| 5 | കമ്മ്യൂണിറ്റി മെഡിസിൻ | പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 1<br>2 |
| 6 | ഇ.എൻ.റ്റി. | പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 1<br>1 |
| 7 | ജനറൽ സർജറി | പ്രൊഫസർ<br>അസോസിയേറ്റ് പ്രൊഫസർ<br>അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 1<br>1<br>12 |
| 8 | ജനറൽ മെഡിസിൻ | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 6 |
| 9 | ഇൻഫെക്ഷ്യസ് ഡിസീസ് | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 1 |
| 10 | ന്യൂറോളജി | അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ | 1 |
| 11 | നെഫ്രോളജി | അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ | 1 |
| 12 | ന്യൂറോ സർജറി | അസോസിയേറ്റ് പ്രൊഫസർ | 1 |
| 13 | ഒബ്സ്റ്റട്രിക്സ്&ഗൈനക്കോളജി | അസോസിയേറ്റ് പ്രൊഫസർ<br>അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 1<br>1 |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | ഒഫ്ത്താൽമോളജി | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 2 |
| 15 | ഓർത്തോപീഡിക്സ് | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 3 |
| 16 | പത്തോളജി | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 1 |
| 17 | പീഡിയാട്രിക്സ് | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 2 |
| 18 | പീഡിയാട്രിക് സർജറി | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 3 |
| 19 | ഫാർമക്കോളജി | അസിസ്റ്റന്റ് പ്രൊഫസർ/ ലക്ചറർ | 1 |
| 20 | ഫിസിയോളജി | അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ | 7 |
| 21 | പ്ലാസ്റ്റിക് സർജറി | അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ | 1 |
| 22 | പൾമണറി മെഡിസിൻ | അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ | 1 |
| 23 | റേഡിയോ ഡയഗ്നോസിസ് | അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ | 4 |
| | | ആകെ | 66 |

(ബി) അസിസ്റ്റന്റ് പ്രൊഫസർ/ലക്ചറർ തസ്തികയിലെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ നിയമനങ്ങൾക്ക് കാലതാമസംവരുന്ന എൻട്രി കേഡർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിവരുന്നുണ്ട്. അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലെ ഒഴിവുകൾ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് നികത്തുന്നതാണ്.

**മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് വെന്റിലേറ്ററുകൾ**

194 (1739) <u>ശ്രീ. പി. സി. ജോർജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന്

വെന്റിലേറ്ററുകൾ ഇല്ലാത്തതുമൂലവും ഉള്ളവ കേടായത് നിമിത്തവും രോഗികൾ മരിക്കുന്ന അവസ്ഥ സംജാതമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഓരോ മെഡിക്കൽ കോളേജിലും നിലവിൽ എത്ര വെന്റിലേറ്ററുകൾ ഉണ്ടെന്നും, ആയതിൽ പ്രവർത്തിക്കുന്നവ എത്രയെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ സ്ഥാപിച്ചിരിക്കുന്ന മിക്ക രോഗനിർണ്ണയ മെഷ്യനുകളും, (സ്കാനർ, X-ray, തുടങ്ങിയവ) ഉപയോഗശൂന്യവും നിലവാരം കുറഞ്ഞവയുമായതിനാൽ, രോഗികൾക്ക് അമിത ചാർജ്ജ് നല്കി പ്രൈവറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സർക്കാർ ആശുപത്രികളിലെത്തുന്ന രോഗികളുടെ രോഗനിർണ്ണയം നടത്തുന്നതിന് ആവശ്യമായ പരിശോധനാ മെഷ്യനുകൾ, പ്രസ്തുത ആശുപത്രികളിൽ തന്നെ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഇ) വിവിധ സർക്കാർ ആശുപത്രികളിലെ രോഗനിർണ്ണയ മെഷ്യനുകളുടെ പോരായ്മകൾ പഠിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) അതീവ ഗുരുതരമായ ആരോഗ്യസ്ഥിതിയുമായി അനവധി രോഗികൾ വന്നെത്തുന്ന മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധ ഓപ്പറേഷനുകൾക്ക് വിധേയമാകുന്നവർക്കും ജീവൻ നിലനിർത്തുന്നതിന് വെന്റിലേറ്റർ സഹായം അനിവാര്യമായ രോഗികൾക്കും ലഭ്യമായ വെന്റിലേറ്റർ സൗകര്യങ്ങൾ യഥാസമയം നൽകി വരുന്നുണ്ട്. എന്നാൽ ആശുപത്രിയുടെ ക്രിയാശേഷിയുടെ നാലിരട്ടിയിലധികം രോഗികൾ വന്നെത്തുന്ന അപൂർവ്വ ഘട്ടങ്ങളിൽ എല്ലാപേർക്കും വെന്റിലേറ്റർ സൗകര്യങ്ങൾ നല്കാൻ കഴിയാതെ വന്നിട്ടുണ്ട്. നിലവിൽ പ്രവർത്തനസജ്ജമായ വെന്റിലേറ്ററുകളുടെ സേവനം സമയോചിതമായി രോഗികൾക്ക് നൽകിവരുന്നുണ്ട്. അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കാൻ കഴിയുന്ന വെന്റിലേറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാകുന്നതോടെ വികേന്ദ്രീകൃതമായ വിദഗ്ദ്ധ ചികിത്സ ഉറപ്പാക്കാനും മെഡിക്കൽ കോളേജുകളിൽ ഇന്ന് അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി)

| മെഡിക്കൽ കോളേജുകൾ | ആകെ വെന്റിലേറ്ററുകൾ | പ്രവർത്തനക്ഷമമായത് |
|---|---|---|
| സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | 73 | 60 |
| സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ | 66 | 58 |
| സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം | 96 | 87 |
| സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ | 58 | 48 |
| സർക്കാർ മെഡിക്കൽ കോളേജ, കോഴിക്കോട് | 81 | 67 |
| സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം | 14 | 13 |
| സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി | 11 | 11 |
| സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം | 12 | 12 |
| | 411 | 356 |

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിലെ രോഗനിർണ്ണയ മെഷീനുകൾ പ്രവർത്തനസജ്ജവും ഗുണനിലവാരം പുലർത്തുന്നവയുമാണ്. അപൂർവ്വ അവസരങ്ങളിൽ അവയിൽ ഏതെങ്കിലും കേടുവന്നാൽ താമസംവിനാ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള AMC/CAMC വച്ചിട്ടുണ്ട്. എന്നിരുന്നാലും തീരെ ഉപയോഗപ്രദമല്ലാത്തതും അറ്റകുറ്റപ്പണി നടത്താൻ കഴിയാത്തതും സാങ്കേതികവിദ്യ കാലഹരണപ്പെട്ടതുമായവയ്ക്ക് പകരം പുതിയവ വാങ്ങി സ്ഥാപിക്കുന്നതിന് വാർഷിക പദ്ധതിയിൽപ്പെടുത്തി അനുവദിച്ചുവരുന്നു.

(ഡി) സർക്കാർ ആശുപത്രികളിൽ രോഗനിർണ്ണയത്തിനുള്ള മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## പട്ടികവർഗ്ഗക്കാർക്കുള്ള ആംബലൂൻസ്

195 (1740) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ആവശ്യത്തിനായി എത്ര ആംബുലൻസുകൾ ഉണ്ട്; അവ പ്രവർത്തനസജ്ജമാണോയെന്ന് വിശദമാക്കുമോ;

(ബി) പ്രവർത്തനസജ്ജമല്ലെങ്കിൽ അതിനുപകരം എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(സി) ഈ ആംബുലൻസുകൾക്കായി എത്ര ഡ്രൈവർ തസ്തികകൾ ഉണ്ടെന്നും എത്ര ഡ്രൈവർമാർ നിലവിൽ ഉണ്ടെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) നാല് ആംബുലൻസുകളുണ്ട്. ഇവ പ്രവർത്തനസജ്ജമാണ്. മാതൃശിശുസംരക്ഷണ കേന്ദ്രത്തിൽ ആംബുലൻസ് ഇല്ലാത്തതിനാൽ ആശുപത്രി വികസന ഫണ്ട് ചെലവഴിച്ച് വാങ്ങിയ ഒരു ആംബുലൻസ് ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് മാത്രമായി സേവനം നടത്തുന്നുണ്ട്.

(ബി) മാതൃശിശുസംരക്ഷണ കേന്ദ്രത്തിലെ ഒരു ആംബുലൻസ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികളുടെ ഉപയോഗത്തിന് പര്യാപ്തമല്ലാത്തതിനാൽ മിക്ക ദിവസങ്ങളിലും ആംബുലൻസുകളുടെ സേവനം ട്രൈബൽ ഫണ്ട് വിനിയോഗിച്ച് ഉപയോഗപ്പെടുത്താറുണ്ട്.

(സി) ഡ്രൈവർ തസ്തികകൾ - 7

ഡ്രൈവർമാർ - 7

## സർക്കാർ ആശുപത്രികൾക്ക് ഗ്രേഡിംഗ് സമ്പ്രദായം

196 (1741) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് ഗ്രേഡിംഗ് സമ്പ്രദായം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികൾക്കാണ് ആദ്യഘട്ടത്തിൽ ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഗ്രേഡിംഗ് സമ്പ്രദായം കൊണ്ടുവരുന്നതിലൂടെ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് ആശുപത്രികളിൽ ഉണ്ടാകാൻ പോകുന്നത് എന്നറിയിക്കാമോ ;

(സി) സ്വകാര്യ ആശുപത്രികളെക്കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ-സി) കേരളത്തിലെ ആതുര ചികിത്സാ കേന്ദ്രങ്ങൾക്ക് ഗുണനിലവാരം നൽകാൻ പര്യാപ്തമായ നിശ്ചിത മാനദണ്ഡങ്ങളുടെ ഏറ്റവും ചുരുങ്ങിയ നിലവാരം നിശ്ചയിച്ച് മെച്ചപ്പെട്ട ആരോഗ്യസേവനം ഉറപ്പാക്കുന്നതിനുവേണ്ടി രൂപീകൃതമായ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരം രൂപീകരിക്കുന്ന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിലുൾപ്പെടെ ഓരോ ആരോഗ്യ ചികിത്സാ കേന്ദ്രത്തിനും ഏറ്റവും ചുരുങ്ങിയ മാനദണ്ഡം നിശ്ചയിക്കുന്നതാണ്. നിർദ്ദിഷ്ട ചട്ടം പ്രാബല്യത്തിൽ വരുന്നതോടെ വിവിധ ആശുപത്രികളെ ശ്രേണീവല്ക്കരിക്കാൻ കഴിയുന്നതാണ്. നിലവിൽ ഗ്രേഡുകൾ നിശ്ചയിച്ചിട്ടില്ല.

## മാനസിക രോഗത്തിന് ചികിത്സാ സൗകര്യം

197 (1742) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ മാനസിക രോഗത്തിന് ചികിത്സാസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദീകരിക്കുമോ;

(ബി) ഇവിടെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മാനസികാസ്വാസ്ഥ്യം ഉള്ളവർക്ക് അവശ്യമരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ മെന്റൽ ഹെൽത്ത് പരിപാടി മുഖേന എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നുണ്ട്. ഇതിൽ ഔഷധ ചികിത്സയും മനഃശാസ്ത്ര ചികിത്സാരീതിയും ആവശ്യമുള്ളവർക്ക് റീഹാബിലിറ്റേഷനും നൽകിവരുന്നുണ്ട്. ഇതിനുവേണ്ടി

സൈക്യാട്രിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരടങ്ങുന്ന ടീം മാസംതോറും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക് നടത്തിവരുന്നു. ഇതിനുപുറമെ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ, ഫാർമസിസ്റ്റ്, മറ്റ് ആരോഗ്യ പ്രവർത്തകർക്കും മാനസികാരോഗ്യ പരിശീലനം നൽകിയിട്ടുണ്ട്. ഈ മാനസിക രോഗികളുടെ തുടർ ചികിത്സയും മരുന്നുകളും അവരുടെ തൊട്ടടുത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിലായി വിഷാദരോഗം കണ്ടെത്താനും ചികിത്സിക്കാനും ആശ്വാസം പദ്ധതിയും നിലവിലുണ്ട്. ഇതിനായി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവർക്കും പരിശീലനം നൽകിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിൽ സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി പ്രകാരം ആശാവർക്കർമാർക്ക് പരിശീലനം നൽകുകയും വീട് സന്ദർശനത്തിലൂടെ മാനസികരോഗം/പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്തിച്ച് ചികിത്സ നൽകിവരുന്നു.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ നിയമിക്കുന്നത് പ്രായോഗികമല്ല. ജില്ലാ മെന്റൽ ഹെൽത്ത് പരിപാടിയിലൂടെ ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം സാമൂഹ്യരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്.

(സി) ജില്ലാ മെന്റൽ ഹെൽത്ത് പരിപാടി മുഖേന എല്ലാ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും മാനസികാസ്വാസ്ഥ്യം ഉള്ളവർക്ക് ചികിത്സയും അവശ്യമരുന്നുകളും ലഭ്യമാണ്.

## സി.എച്ച്.സി.-യിൽ കിടത്തിചികിത്സ

198 (1743) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സി.എച്ച്.സി.- യിൽ പോലും കിടത്തിചികിത്സയില്ലാത്ത നിയോജക മണ്ഡലങ്ങളിൽ കിടത്തി ചികിത്സ അനുവദിക്കുന്നതിനുവേണ്ട സാഹചര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സി.എച്ച്.സി - യിൽ എങ്കിലും കിടത്തി ചികിത്സ അനുവദിച്ച് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ക്രമീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളെ തെരഞ്ഞെടുത്ത് മെച്ചപ്പെട്ട സൗകര്യവും ആവശ്യമായ തസ്തികകളും സൃഷ്ടിച്ചുനൽകുകയാണ് ആദ്യഘട്ടത്തിൽ സർക്കാർ ഉദ്ദേശിക്കുന്നത്. തുടർന്ന് സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളെ തെരഞ്ഞെടുത്ത് ഈ പദ്ധതി നടപ്പാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്.

## എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റ്

199 (1744) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ഓരോ ജില്ലയിലുമുള്ള ആകെ താലൂക്ക് ആശുപത്രികൾ, അവയിൽ ഡയാലിസിസ് കേന്ദ്രങ്ങൾ സ്ഥാപിച്ചത് എന്നിവയുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സെന്റർ സ്ഥാപിച്ചിട്ടില്ലെങ്കിൽ അത് പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ അറിയിക്കാമോ;

(ഡി) കമ്മ്യൂണിറ്റി ഹെൽത്ത്സെന്റർ, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയിൽ ഡയാലിസിസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ നയം, സഹായങ്ങൾ, പിന്തുണ തുടങ്ങിയ കാര്യങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ കിഫ്ബി പദ്ധതി മുഖേന തെരഞ്ഞെടുക്കപ്പെട്ട 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നം. | ജില്ല | ആശുപത്രി |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പാറശ്ശാല (പൂർത്തീകരിച്ചു) |
| 2 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നെടുമങ്ങാട് |
| 3 | കൊല്ലം | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി (പൂർത്തീകരിച്ചു) |
| 4 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കടയ്ക്കൽ (പൂർത്തീകരിച്ചു) |
| 5 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ശാസ്താംകോട്ട (പൂർത്തീകരിച്ചു) |
| 6 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര (പൂർത്തീകരിച്ചു) |
| 7 | | പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജ് |
| 8 | പത്തനംതിട്ട | ജനറൽ ആശുപത്രി, അടൂർ |
| 9 | | ജില്ലാ ആശുപത്രി, കോഴഞ്ചേരി |
| 10 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, റാന്നി (പൂർത്തീകരിച്ചു) |
| 11 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല (പൂർത്തീകരിച്ചു) |
| 12 | ആലപ്പുഴ | ജില്ലാ ആശുപത്രി, മാവേലിക്കര |
| 13 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചെങ്ങന്നൂർ (പൂർത്തീകരിച്ചു) |
| 14 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം (പൂർത്തീകരിച്ചു) |
| 15 | കോട്ടയം | ജനറൽ ആശുപത്രി, പാലാ |
| 16 | ഇടുക്കി | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നെടുങ്കണ്ടം |

| (1) | (2) | (3) |
|---|---|---|
| 17 | എറണാകുളം | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ |
| 18 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ |
| 19 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പിറവം |
| 20 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഫോർട്ട് കൊച്ചി |
| 21 | | ജനറൽ ആശുപത്രി, മൂവാറ്റുപുഴ |
| 22 | തൃശ്ശൂർ | ജില്ലാ ആശുപത്രി, വടക്കാഞ്ചേരി |
| 23 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി |
| 24 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊടുങ്ങല്ലൂർ |
| 25 | | താലൂക്ക് ആശുപത്രി, കുന്നംകുളം |
| 26 | | താലൂക്ക് ആശുപത്രി, ചാവക്കാട് |
| 27 | പാലക്കാട് | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം (പൂർത്തീകരിച്ചു) |
| 28 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മണ്ണാർക്കാട് (പൂർത്തീകരിച്ചു) |
| 29 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ (പൂർത്തീകരിച്ചു) |
| 30 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറ്റൂർ (പൂർത്തീകരിച്ചു) |
| 31 | മലപ്പുറം | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി (പൂർത്തീകരിച്ചു) |
| 32 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പെരിന്തൽമണ്ണ |

| (1) | (2) | (3) |
|---|---|---|
| 33 | വയനാട് | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻബത്തേരി (പൂർത്തീകരിച്ചു) |
| 34 | കോഴിക്കോട് | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി (പൂർത്തീകരിച്ചു) |
| 35 | | താലൂക്ക് ആശുപത്രി, ഫെറോക്ക് (പൂർത്തീകരിച്ചു) |
| 36 | | താലൂക്ക് ആശുപത്രി, ബാലുശ്ശേരി (പൂർത്തീകരിച്ചു) |
| 37 | കണ്ണൂർ | ജനറൽ ആശുപത്രി, തലശ്ശേരി |
| 38 | | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ (പൂർത്തീകരിച്ചു) |
| 39 | | താലൂക്ക് ആശുപത്രി, പേരാവൂർ (പൂർത്തീകരിച്ചു) |
| 40 | | താലൂക്ക് ആശുപത്രി, കൂത്തുപറമ്പ (പൂർത്തീകരിച്ചു) |
| 41 | | താലൂക്ക് ആശുപത്രി, ഇരിട്ടി (പൂർത്തീകരിച്ചു) |
| 42 | | താലൂക്ക് ആശുപത്രി, പഴയങ്ങാടി (പൂർത്തീകരിച്ചു) |
| 43 | കാസർഗോഡ് | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം (പൂർത്തീകരിച്ചു) |
| 44 | | താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ (പൂർത്തീകരിച്ചു) |

ഇതുകൂടാതെ നെടുങ്ങോലം, വർക്കല, ഹരിപ്പാട്, ഇടുക്കി, അടിമാലി, കട്ടപ്പന, ആറ്റിങ്ങൽ എന്നീ താലൂക്കാശുപത്രികളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ആവശ്യമായ ഡോക്ടർമാരുടെ അഭാവംമൂലം സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ പൊതുവെ പരിഗണിക്കാറില്ല.

## ആരോഗ്യ വകുപ്പിലെ പ്രതിമാസ മീറ്റിംഗുകൾ

200 (1745) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ ജില്ലാതലം വരെയുള്ള ജീവനക്കാർക്ക് വിവിധ രീതിയിലുള്ള/തലത്തിലുള്ള പ്രതിമാസ മീറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ;എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മീറ്റിംഗിൽ ഓരോ കേന്ദ്രത്തിൽ നിന്നും ഏതെല്ലാം തസ്തികയിലുള്ള ജീവനക്കാരെയാണ് പങ്കെടുക്കാൻ നിയോഗിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) നിലവിലുള്ള മാനദണ്ഡത്തിന് വിരുദ്ധമായി പ്രതിമാസ മീറ്റിംഗ് സംഘടിപ്പിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആരോഗ്യ വകുപ്പിൽ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാതലം വരെയുള്ള ജീവനക്കാർക്ക് വിവിധ രീതിയിലുള്ള പ്രതിമാസ മീറ്റിംഗുകൾ നടത്താറുണ്ട്. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും താലൂക്കാശുപത്രികളുടെയും അടിസ്ഥാന സൗകര്യ വികസനം

201 (1746) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും താലൂക്ക് ആശുപത്രികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ അഞ്ച് വർഷം ചെലവാക്കിയ തുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിനായി കഴിഞ്ഞ അഞ്ച് വർഷം ഏറ്റവുമധികം തുക ചെലവാക്കിയിട്ടുള്ള ജില്ലകൾ ഏതൊക്കെയാണ്; അതിന് കാരണമെന്താണ്; ഏറ്റവും കുറവ് തുക ചെലവാക്കിയ ജില്ലകൾ ഏതൊക്കെയാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഏറ്റവും കുറവ് ചെലവാക്കിയ ജില്ലകളുടെ വിഹിതം കൂടുതൽ ചെലവാക്കിയ ജില്ലകൾക്ക് തുല്യമാക്കാൻ എന്തൊക്കെ ചെയ്യാൻ ഉദ്ദേശിക്കുന്നു;

(ഡി) അടിസ്ഥാന സൗകര്യത്തിന്റെ ലഭ്യത, ഡോക്ടർമാരുടെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ താലൂക്ക് ആശുപത്രികളുടെ റാങ്കിംഗ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) സാമൂഹികമായി പിന്നോക്കം നിൽക്കുന്ന മേഖലകൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 1,74,78,793 |
| കൊല്ലം | 12,16,91,720 |
| പത്തനംതിട്ട | 85,23,000 |
| ആലപ്പുഴ | 2,92,23,000 |
| കോട്ടയം | 14,63,00,000 |
| ഇടുക്കി | 1,64,55,968 |
| എറണാകുളം | 17,46,39,739 |
| തൃശ്ശൂർ | 2,88,16,541 |
| പാലക്കാട് | 1,85,73,936 |
| വയനാട് | 5,17,48,126 |
| മലപ്പുറം | 9,15,21,029 |
| കോഴിക്കോട് | 82,34,024 |
| കണ്ണൂർ | 4,58,00,000 |
| കാസർഗോഡ് | 14,79,04,792 |
| ആകെ | 90,69,10,668 |

താലൂക്കാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ അഞ്ചുവർഷം ചെലവാക്കിയ തുക ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 5,78,50,606 |
| കൊല്ലം | 22,56,29,996 |
| പത്തനംതിട്ട | 6,30,00,000 |
| ആലപ്പുഴ | 18,37,00,598 |
| കോട്ടയം | 23,00,00,000 |
| ഇടുക്കി | 65,79,875 |
| എറണാകുളം | 17,46,39,739 |
| തൃശ്ശൂർ | 27,36,75,743 |
| പാലക്കാട് | 47,90,08,416 |
| മലപ്പുറം | 31,21,88,333 |
| കോഴിക്കോട് | 69,10,048 |
| വയനാട് | 5,17,48,126 |
| കണ്ണൂർ | 2,85,55,638 |
| കാസർഗോഡ് | 14,79,04,792 |

(ബി) ബഹുമാനപ്പെട്ട എം.എൽ.എ., എം.പി. ഫണ്ടുകൾ തദ്ദേശസ്വയംഭരണ വകുപ്പ് വഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്നിവ മുഖേനയാണ് ഓരോ സ്ഥാപനത്തിലും അടിസ്ഥാന സൗകര്യ വികസനങ്ങൾ നടപ്പിലാക്കുന്നത്. ഓരോ ജില്ലയിലും ചെലവാക്കിയ തുക അവരോഹണ ക്രമത്തിൽ ചുവടെ ചേർക്കുന്നു:

| ജില്ല | തുക |
|---|---|
| (1) | (2) |
| എറണാകുളം | 17,46,39,793 |
| കാസർഗോഡ് | 14,79,04,792 |
| കോട്ടയം | 14,63,00,000 |
| കൊല്ലം | 12,16,91,720 |
| മലപ്പുറം | 9,15,21,029 |
| വയനാട് | 5,17,48,126 |

| (1) | (2) |
|---|---|
| കണ്ണൂർ | 4,58,00,000 |
| ആലപ്പുഴ | 2,92,23,000 |
| തൃശ്ശൂർ | 2,88,16,541 |
| പാലക്കാട് | 1,85,73,936 |
| തിരുവനന്തപുരം | 1,74,78,793 |
| ഇടുക്കി | 1,64,55,968 |
| പത്തനംതിട്ട | 85,23,000 |
| കോഴിക്കോട് | 82,34,024 |

(സി) അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യത കൂടി കണക്കിലെടുത്താണ് ഓരോ സ്ഥാപനത്തിന്റെയും അടിസ്ഥാന സൗകര്യ വികസനത്തിന് തുക അനുവദിക്കുന്നത്.

(ഡി&ഇ) നിലവിൽ ആർദ്രം പദ്ധതിയിലൂടെ ആരോഗ്യസ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ആർദ്രം പദ്ധതി പൂർണ്ണരൂപത്തിൽ നടപ്പാക്കപ്പെടുമ്പോൾ ആശുപത്രികളുടെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ**

202 (1747) ശ്രീ. എ. എം. ആരിഫ്:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിലെ സേവനവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കൂടുതൽ താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) താലൂക്ക് ആശുപത്രികളിലെ ലേബർ റൂമുകൾ, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ എന്നിവ കൂടുതൽ സൗകര്യപ്രദമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) താലൂക്ക് ആശുപത്രികളിലെ ഒ.പി. സേവനങ്ങൾ കൂടുതൽ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നുവർഷംകൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകളിൽ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്കുപുറമെ ആർദ്രം മിഷനുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 44 താലൂക്ക് ജില്ലാതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കാത്ത് ലാബ് യൂണിറ്റ് വികസനത്തിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാൻഫണ്ട് വഴിയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും രോഗീ സൗഹൃദമാക്കാനും കഴിയുന്നതാണ്. ജനറൽ/ജില്ലാ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾക്കും വേണ്ട ഉപകരണങ്ങൾ വാങ്ങുവാൻ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ എട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2 ആശുപത്രികളിലും കാത്ത് ലാബ്, ആൻജിയോപ്ലാസ്റ്റി സൗകര്യങ്ങൾ എന്നിവ ഘട്ടംഘട്ടമായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) കിഫ്ബി മാന്ദ്യവിരുദ്ധ പദ്ധതിയിൽ ഉൾപ്പെടുത്തി 44 താലൂക്കാശുപത്രികളിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരികയാണ്. കൂടാതെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല താലൂക്കാശുപത്രി, നെടുങ്ങോലം സാമൂഹ്യരോഗ്യ കേന്ദ്രം, താലൂക്കാശുപത്രി ഹരിപ്പാട്, താലൂക്കാശുപത്രി കട്ടപ്പന, ജില്ലാ ആശുപത്രി അടിമാലി, താലൂക്കാശുപത്രി ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ എട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2 ആശുപത്രികളിലും കാത്ത് ലാബ്, ആൻജിയോപ്ലാസ്റ്റി സൗകര്യങ്ങൾ ഘട്ടംഘട്ടമായി ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്കുപുറമേ 44 താലൂക്ക് ജില്ലാതല ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കാത്ത് ലാബ് യൂണിറ്റ് വികസനത്തിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന പ്ലാൻ ഫണ്ട് വഴിയും പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും രോഗീസൗഹൃദമാക്കാനും കഴിയുന്നതാണ്. ജനറൽ/ജില്ലാ ആശുപത്രികളിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ന്യൂറോളജി, യൂറോളജി എന്നീ വിഭാഗങ്ങൾക്കുവേണ്ട ഉപകരണങ്ങൾ വാങ്ങുവാൻ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) താലൂക്ക് ആശുപത്രികളിലെ ലേബർ റൂമുകൾ, ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ എന്നിവ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യ പദ്ധതികളായ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, ന്യൂബോൺ കെയർ കോർണർ, സിക്ക് ന്യൂ ബോൺ കെയർ യൂണിറ്റ് എന്നിവ അംഗീകരിച്ച് വാങ്ങുവാൻ കോർപ്പറേഷനെ ചുമതലപ്പെടുത്തി പ്രസ്തുത ഉപകരണങ്ങൾ വാങ്ങി പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിന് കെ.എം.എസ്.സി.എൽ. വഴി നടപ്പിലാക്കി വരുന്നു. കൂടാതെ മെറ്റേണൽ മോർട്ടാലിറ്റി റിഡക്ഷൻ, മദർ ആന്റ് ചൈൽഡ് ഹെൽത്ത് എന്നീ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള ഉപകരണങ്ങളും വാങ്ങി ഉറപ്പുവരുത്തുന്നതിന് കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദ പരവുമായ സേവനം നൽകുക, രോഗികൾക്ക് പ്രോട്ടോക്കോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക, ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവൽക്കരിച്ച രജിസ്ട്രേഷൻ,

ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൽട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക എന്നിവ ആർദ്രം പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. കൂടാതെ രോഗികൾക്ക് Online appointment എടുത്ത് കൺസൽട്ടേഷൻ നടത്താനുള്ള സോഫ്റ്റ്‌വെയർ തയ്യാറായിക്കഴിഞ്ഞു. പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ നിന്നും 22-3-2017-ലെ ജി.ഒ.(ആർ.ടി.) 773/17/H&FWD പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.

**ട്രോമാകെയർ**

203 (1748) <u>ശ്രീ. എം. സ്വരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത കടന്നുപോകുന്നതും ഒട്ടേറെ തിരക്കേറിയ ഗതാഗതം നടക്കുന്നതുമായ തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി, തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ ആശുപത്രികളിൽ ആധുനിക വൈദ്യശാസ്ത്ര സംവിധാനങ്ങളോടു കൂടിയ ആംബുലൻസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത കടന്നുപോകുന്നതും ഒട്ടേറെ തിരക്കേറിയ ഗതാഗതം നടക്കുന്നതുമായ തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി, തൃപ്പൂണിത്തുറ താലൂക്കാശുപത്രികളിലെ കാഷ്വാലിറ്റി വിഭാഗം ഡോക്ടർമാർക്ക് എമർജൻസി മെഡിക്കൽ കെയർ, ട്രോമാകെയർ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ വരുന്നവർക്ക് പ്രാഥമിക ചികിത്സ ഈ സ്ഥാപനങ്ങളിൽ നൽകി വരുന്നുണ്ട്. താലൂക്കാശുപത്രിക്കനുയോജ്യമായ അത്യാഹിത വിഭാഗം ഈ ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ഏതെങ്കിലും ഒരു ആശുപത്രിക്കായി ആംബുലൻസ് വാങ്ങി നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് മതിയായ ചികിത്സ ലഭ്യമാക്കുന്നതിന് ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ സംസ്ഥാനത്താകെ ഒരു ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സംവിധാനം

ഏർപ്പെടുത്തുന്നതിനായി തുടർ നടപടി സ്വീകരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിലവിൽ വരുന്നതോടെ തൃപ്പൂണിത്തുറ മണ്ഡലത്തിൽ പ്രസ്തുത വാഹനങ്ങളുടെ സേവനം ലഭ്യമാകുന്നതാണ്.

**സർക്കാർ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനായുള്ള നടപടികൾ**

204 (1749) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ കുറവ് കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രാഥമിക തലത്തിലെ ആശുപത്രികളുടെ ഭരണത്തിനായി പബ്ലിക് ഹെൽത്ത് വിംഗ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് അതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) എല്ലാ ജില്ലകളിലും വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി ദ്വിതീയതലത്തിലുള്ള ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്; വ്യക്തമാക്കാമോ;

(സി) ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നിവയിൽപ്പെടുന്ന തൃതീയതല ആശുപത്രികളിൽ സജ്ജമാക്കാൻ ഉദ്ദേശിക്കുന്ന അടിയന്തിര ചികിത്സാ വിഭാഗം ഒരു പരിശീലന കേന്ദ്രമായി പ്രവർത്തിക്കുമെന്ന നിർദ്ദേശത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) എല്ലാ തലങ്ങളിലുമുള്ള ആശുപത്രികളിലും ആധുനിക രോഗനിർണ്ണയ ലബോറട്ടറികൾ സജ്ജീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യ മേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകി ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും

രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് 28-3-2017-ലെ സ.ഉ.(ആർ.ടി.) 845/2017/ ആകുവ. പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി 12-5-2017-ലെ സ.ഉ. (എം.എസ്.) 75/2017/ആകുവ., 22-12-2017-ലെ സ.ഉ. (എം.എസ്.) 188/2017/ആകുവ. എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/ താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്‌ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, സൈനേജുകൾ തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ താലൂക്ക്തല ആശുപത്രികളിലേക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും കിഫ്ബിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ്

സജ്ജമാക്കൽ പ്രവർത്തനങ്ങളും കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്. ഈ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് ഓരോ ജില്ലയിലെ ജീവനക്കാർക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പരിശീലനം നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു

## സർക്കാർ ആശുപത്രികളിലെ അറ്റകുറ്റപ്പണികൾ

205 (1750) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ കൃത്യമായ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം ഉപകരണങ്ങളും ഫർണിച്ചറുകളും ഉപയോഗ ശൂന്യമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രികളിലെ ഉപകരണങ്ങളുടെ ചെറിയ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമത നിലനിർത്തുന്നതിന് അതത് പ്രദേശങ്ങളിലെ പോളിടെക്നിക്, ഐ.ടി.ഐ. എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അത്യാധുനിക ആശുപത്രി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ പോളിടെക്നിക്, ഐ.ടി.ഐ. എന്നിവിടങ്ങളിലെ വിദ്യാർത്ഥികളെക്കൊണ്ട് ചെയ്യിക്കുന്നത് അപ്രായോഗികമാണ്. ചെറിയ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ് എന്നിവ നിലവിൽ NSS സ്കീം അനുസരിച്ച് ഇവർ ചെയ്യുന്നുണ്ട്.

## സർക്കാർ ആശുപത്രികളുടെ സമഗ്ര പുരോഗതിയും വികസനവും

206 (1751) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളുടെ സമഗ്ര പുരോഗതിക്കും വികസനത്തിനുമായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് 28-3-2017-ലെ സ.ഉ.(ആർ.ടി.) 845/2017/ആകുവ. പ്രകാരം ഉത്തരവാകുകയും അതിന്റെതുടർച്ചയായി 12-5-2017-ലെ സ.ഉ. (എം.എസ്.) 75/2017/ആകുവ., 22-12-2017-ലെ സ.ഉ. (എം.എസ്.) 188/2017/ആകുവ. എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്‌ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, സൈനേജുകൾ

തുടങ്ങിയവയ്ക്കുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ താലൂക്ക്തല ആശുപത്രികളിലേക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൻ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും കിഫ്ബിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ലാ താലൂക്കതല ആശുപത്രികളിൽ മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

**കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി.-കൾ**

207 (1752) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി, സി.എച്ച്.സി - കൾ അപ്ഗ്രേഡ് ചെയ്യണമെന്ന് കാണിച്ച് ആരോഗ്യ വകുപ്പിന് ലഭിച്ച പ്രൊപ്പോസലുകളിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസിന്റെ ഓഫീസിൽ ഇത് സംബന്ധിച്ച് എം.എൽ.എ. നൽകിയ കത്തുകളുടെയും ജില്ലാ മെഡിക്കൽ ഓഫീസർ (DMO) നൽകിയ റിപ്പോർട്ടുകളുടെയും വിശദമായ വിവരം ഫയൽ നമ്പർ ഉൾപ്പെടെ ലഭ്യമാക്കുമോ;

(സി) കോട്ടക്കൽ എം.എൽ.എ. നൽകിയ കത്തുകൾക്ക് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും മറുപടികൾ ലഭിച്ചിട്ടില്ലെന്നകാര്യം പരിശോധിക്കുമോ;

(ഡി) ആരോഗ്യ വകുപ്പിൽനിന്നും എം.എൽ.എ.- ക്ക് മറുപടി ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പട്ടികയിൽ കോട്ടക്കൽ നിയോജകമണ്ഡലത്തിലെ പൊന്മള പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി തെരഞ്ഞെടുത്ത് ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

(ബി-ഡി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി

208 (1753) ശ്രീ. എസ്. ശർമ്മ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതിയിൽ എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പദ്ധതി നടത്തിപ്പിനായി നടപ്പുസാമ്പത്തിക വർഷം എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പരിശോധനാ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ലബോറട്ടറികൾ സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതിയിൽ നിലവിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ

കേന്ദ്രങ്ങളാക്കി മാറ്റുന്നതിലേക്കായി അടിസ്ഥാന ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 2017-18 ബജറ്റിൽ വകയിരുത്തിയ തുകയായ 23 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാവുകയും ടി പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികൾ മുഖാന്തരം നടന്നുവരികയും ചെയ്യുന്നു. ലബോറട്ടറി സൗകര്യം ഏർപ്പെടുത്തിയിട്ടില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ (എഫ്.എച്ച്.സി.-കൾ ആക്കി ഉയർത്തിയവയിൽ) ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു.

(ബി) തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. ഇതുപ്രകാരം റഫറൽ സംവിധാനം ശക്തിപ്പെടുത്തുകയും വെർച്വൽ ക്യൂ സംവിധാനത്തിലൂടെ തിരക്ക് ഒഴിവാക്കുകയും രോഗിയുടെ ആരോഗ്യ റിക്കാർഡുകൾ ഇ-ഹെൽത്ത് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ഡിജിറ്റലൈസ് ചെയ്യുക, ആധുനിക പരിശോധനാ സമ്പ്രദായങ്ങൾ ഉറപ്പാക്കുക, ചികിത്സാ മാർഗ്ഗരേഖ പ്രകാരം ചികിത്സ ലഭ്യമാക്കുക എന്നീ സേവനങ്ങൾ ഈ കേന്ദ്രങ്ങളിൽ ലഭ്യമാകുന്നതാണ്.

(സി) പരിശോധന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ലാബ് സൗകര്യമില്ലാത്ത പി.എച്ച്.സി.-കളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിലേക്കായി 2017-18 ബജറ്റിൽ 7 കോടി രൂപ വകയിരുത്തുകയും ഭരണാനുമതി ലഭ്യമാക്കുകയും 5 കോടി രൂപയ്ക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ. വഴി നടന്നുവരികയും ചെയ്യുന്നു. വരും വർഷങ്ങളിൽ കൂടുതൽ പി.എച്ച്.സി.-കളിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 2018-19 സംസ്ഥാന ബജറ്റിൽ 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## എക്സിക്യൂട്ടീവ് ചെക്കപ്പ്

209 (1754) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ എക്സിക്യൂട്ടീവ് ചെക്കപ്പ് എന്ന പേരിൽ വിവിധ ടെസ്റ്റുകൾ നടത്തി അമിതമായ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ടി എക്സിക്യൂട്ടീവ് ചെക്കപ്പ് മിതമായ നിരക്കിൽ നടത്തിക്കൊടുക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) ഇല്ലായെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൂർണ്ണമായും സൗജന്യമോ സൗജന്യ നിരക്കിലോ ചികിത്സ പ്രദാനം ചെയ്യുന്ന സർക്കാർ ആശുപത്രികളെ സാധാരണക്കാരും നിരാലംബരുമായ ജനവിഭാഗമാണ് കൃത്യമായും ആശ്രയിക്കുന്നത്. അവർക്ക് നൽകുന്ന ചികിത്സയ്ക്ക് തടസ്സംവരുന്ന നടപടിക്രമങ്ങൾ/ടെസ്റ്റുകൾ സർക്കാർ മേഖലയിൽ കൊണ്ടുവരുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി)ഇപ്പോൾ ആലോചനയിലില്ല.

**ട്രോമാകെയർ യൂണിറ്റ് ആരംഭിക്കാൻ നടപടി**

210 (1755) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് ആരോഗ്യവകുപ്പ് ഏത് വർഷത്തിലാണ് നെയ്യാറ്റിൻകര GH-ൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ ഏതെല്ലാം മെഡിക്കൽ ഉപകരണങ്ങളാണ് ആരോഗ്യവകുപ്പ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ട്രോമാകെയർ യൂണിറ്റിന് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വിതരണം നടത്തുന്നതിന്റെ ഭാഗമായി എത്ര കോടി രൂപയാണ് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ചെലവഴിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ഡി) ട്രോമാകെയർ യൂണിറ്റിന്റെ മെഡിക്കൽ ഉപകരണങ്ങൾ 2018 ഏപ്രിൽ മാസത്തിൽ വിതരണം നടത്താൻ നടപടി സ്വീകരിക്കുമോ; ഇതിന് ആവശ്യമായ ഉത്തരവ് ആരോഗ്യവകുപ്പ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നമ്പർ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം വിതരണം നടത്തിയിട്ടുണ്ട്.

(ബി) ട്രോമാകെയർ യൂണിറ്റിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം നൽകിയ ഉപകരണങ്ങളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി&ഡി) മേൽപ്പറഞ്ഞ ഉപകരണങ്ങൾ വാങ്ങുന്നതിനായി 68,53,333 രൂപ വിനിയോഗിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റിന് അനുയോജ്യമായ വിധത്തിൽ സിവിൽ ഇലക്ട്രിക്കൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിച്ച പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കാൻ കഴിയുകയുള്ളൂ.

**മങ്കട മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾ**

211 (1756) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മങ്കട നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണ്; തരം തിരിച്ച് വിശദമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മങ്കട നിയോജകമണ്ഡലത്തിൽ നിന്നും പാങ്ങ് പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ് II, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതോടൊപ്പം അടിസ്ഥാന വികസനത്തിനായി 14 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ഇവിടത്തെ ജീവനക്കാർക്കും തദ്ദേശസ്വയംഭരണ മേധാവികൾക്കും വിഗദ്ധ പരിശീലനം നൽകി രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സേവനങ്ങളും ചികിത്സയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുക ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമാക്കുകയെന്നതാണ് ആർദ്രം മിഷന്റെ ഒരു പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിലേക്ക് അധിക തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് 28-3-2017-ലെ സ.ഉ.(ആർ.ടി.) 845/2017/ആകുവ. പ്രകാരം ഉത്തരവാകുകയും അതിന്റെ തുടർച്ചയായി 12-5-2017-ലെ സ.ഉ. (എം.എസ്.) 75/2017/ആകുവ.,22-12-2017-ലെ സ.ഉ. (എം.എസ്.) 188/2017/ആകുവ. എന്നീ ഉത്തരവുകൾ പ്രകാരം ആകെ 830 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ ഒരു താലൂക്കിൽ ആർദ്രം മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആകെ 4271 തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

170 ഫാമിലി ഹെൽത്ത് സെന്ററുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചെറിയ മോഡിഫിക്കേഷൻ വർക്കുകളും രോഗികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും ടോയ്‌ലെറ്റ്, ടോക്കൺ സിസ്റ്റം, രജിസ്ട്രേഷൻ കൗണ്ടർ, സൈനേജുകൾ തുടങ്ങിയവയുമുള്ള 23 (ഇരുപത്തിമൂന്ന്) കോടി രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ എൻ.എച്ച്.എം. വഴി അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 5 കോടി രൂപയ്ക്ക് ഫാമിലി ഹെൽത്ത് സെന്ററുകളിലേക്കുള്ള ലബോറട്ടറി ഉപകരണങ്ങളും ഒരു വർഷത്തേയ്ക്കുള്ള ലാബ് കൺസ്യൂമബിൾസിനുമുള്ള ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. വഴി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ താലൂക്ക്തല ആശുപത്രികളിലേക്കുള്ള ആശുപത്രി ഉപകരണങ്ങൾ ഈ വർഷത്തെ പ്ലാൻഫണ്ട് (45 കോടി രൂപ) ഗ്രീൻ ബുക്കിൻ ഉൾപ്പെടുത്തിയതനുസരിച്ച് ഭരണാനുമതി നൽകി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും കിഫ്ബിയിൽ ഉൾപ്പെടുത്തി കാത്ത് ലാബ്-ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കൽ പ്രവർത്തനങ്ങളും കെ.എം.എസ്.സി.എൽ. വഴി നടന്നുവരുന്നു. ജില്ലാ താലൂക്ക് തല ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി പ്ലാൻ ഫണ്ട്, നബാർഡ് സ്കീം തുടങ്ങിയവ വഴിയും നടന്നുവരുന്നുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്ന കരട് പട്ടിക സർക്കാർ പരിശോധിച്ചുവരികയാണ്.

## വിമൻ ആന്റ് ചിൽഡ്രൻ ആശുപത്രി

212 (1757) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയ്ക്ക് വിമൻ &ചിൽഡ്രൻ ആശുപത്രി അനുവദിച്ചത് എന്നാണ്; ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രവർത്തനം ആരംഭിക്കാതിരുന്നത്; വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിന് റാന്നി പഴവങ്ങാടി പി . എച്ച് .സി -യിൽ സ്വന്തമായി സ്ഥലം ഉള്ളത് ചൂണ്ടിക്കാട്ടിയിട്ടും ഇവിടെ വിമൻ & ചിൽഡ്രൻ ആശുപത്രി ആരംഭിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ; ജില്ലയ്ക്ക് അനുവദിച്ച വിമൻ & ചിൽഡ്രൻ ആശുപത്രി റാന്നിയിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 311 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇതിന് അനുയോജ്യമായ സ്ഥലത്തിന്റെ കാര്യത്തിൽ തീരുമാനം ആകാത്തതിനാലാണ് തുടർനടപടികൾക്ക് കാലതാമസം ഉണ്ടായിട്ടുള്ളത്. ഈ ആശുപത്രി ലഭ്യമാകുന്ന സ്ഥലത്ത് ആരംഭിക്കുന്ന കാര്യം സജീവപരിഗണനയിലാണ്.

## നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ സ്പെഷ്യാലിറ്റി ആശുപത്രി

213 (1758) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണത്തിനായി നബാർഡ് ഫണ്ടിൽ നിന്നും തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മാണത്തിനായി നബാർഡ് ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി&സി) ടി പ്രവൃത്തി ആരംഭിക്കുന്നതിനായി വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

## ഇടുക്കി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

214 (1759) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പനയിൽ പ്രവർത്തിക്കുന്ന ഇടുക്കി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുവാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടി ഏതുഘട്ടംവരെയായി; വ്യക്തമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുമ്പ് ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടപ്പന താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുവാൻ 3 കോടി 60 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ കെട്ടിടംപണി പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കി കഴിഞ്ഞാൽ കെ.എം.എസ്.സി.എൽ. വഴി ഡയാലിസിസ് ഉപകരണങ്ങൾ സ്ഥാപിച്ച് ഡയാലിസിസ് കേന്ദ്രം പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കരിമ്പുഴ പി.എച്ച്.സി.-യിലെ ഒഴിവുകൾ**

215 (1760) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ പി.എച്ച്.സി. യിൽ സ്ഥിരം ഡോക്ടർ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരിമ്പുഴ പി.എച്ച്.സി - യിൽ സ്ഥിരം ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ കീഴിൽ എലമ്പുലാശ്ശേരി, കോട്ടോപ്പാടം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ നിലവിലുണ്ട്.

എലമ്പുലാശ്ശേരിയിൽ രണ്ട് ഡോക്ടർമാരുടെ തസ്തികയിൽ ഒരെണ്ണം ഒഴിവാണ്. പകരം അഡ്ഹോക് വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. കോട്ടോപ്പാടം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡോക്ടർമാരുടെ ഒഴിവില്ല.

(ബി) എലമ്പുലാശ്ശേരി, കോട്ടോപ്പാടം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഫാർമസിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിലും താൽക്കാലികമായി പുനർവിന്യാസ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്.

## എറണാകുളം ജില്ലയിലെ താലൂക്ക് ആശുപത്രികൾ

216 (1761) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ താലൂക്ക് ആശുപത്രികൾ ഏതെല്ലാമെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇതിൽ മാനദണ്ഡപ്രകാരമുള്ള സ്റ്റാഫ് പാറ്റേണിൽ പ്രവർത്തിക്കുന്ന താലൂക്കാശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) 2017-2018-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രിയെന്നത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ;

(ഡി) കൊച്ചി താലൂക്കിൽ ഏത് ആശുപത്രിയെയാണ് ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ)

| | നിയോജകമണ്ഡലം | താലൂക്കാശുപത്രികൾ |
|---|---|---|
| 1 | അങ്കമാലി | താലൂക്ക് ആശുപത്രി, അങ്കമാലി |
| 2 | കൊച്ചി | ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി, കരിവേലിപ്പടി |
| 3 | വൈപ്പിൻ | താലൂക്ക് ആശുപത്രി, ഞാറയ്ക്കൽ |
| 4 | പറവൂർ | താലൂക്ക് ആശുപത്രി, പുത്തൻവേലിക്കര |
| 5 | തൃപ്പൂണിത്തുറ | താലൂക്ക് ആശുപത്രി, പള്ളുരുത്തി |
| 6 | പിറവം | താലൂക്ക് ആശുപത്രി, പിറവം |

(ബി) ആശുപത്രികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

1. ഗവൺമെന്റ് മഹാരാജാസ് താലൂക്ക് ആശുപത്രി, കരിവേലിപ്പടി
2. താലൂക്ക് ആശുപത്രി, ഞാറയ്ക്കൽ
3. താലൂക്ക് ആശുപത്രി, പള്ളുരുത്തി
4. താലൂക്ക് ആശുപത്രി, അങ്കമാലി
5. താലൂക്ക് ആശുപത്രി, പിറവം

(സി) സ.ഉ.(കൈ) നമ്പർ 58/2017/ആകുവ. പ്രകാരം 75 താലൂക്ക് ആശുപത്രികളെയും 17 ജില്ലാ ആശുപത്രികളെയും ആർദ്രം പദ്ധതിയിലുൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക, ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക, രോഗികൾക്ക് പ്രോട്ടോക്കോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക, ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക, വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്ക്തല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനഃക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ഡി) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഫോർട്ട് കൊച്ചി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മഹാരാജാസ്, കരുവേലിപ്പടി എന്നിവയെ കൊച്ചി താലൂക്കിൽ നിന്നും ആർദ്രം പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത് ഇവിടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## കായംകുളം താലൂക്കാശുപത്രിയുടെ വികസനത്തിന് പദ്ധതികൾ

217 (1762) <u>ശ്രീമതി യു. പ്രതിഭ ഹരി:</u> താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ളതെന്നും ഇനിയും നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം താലൂക്കാശുപത്രിയിൽ മുനിസിപ്പാലിറ്റി ഫണ്ട് മുഖേന ഡയാലിസിസ് യൂണിറ്റ്, പാലിയേറ്റീവ് കെയർ, ഓപ്പറേഷൻ തിയേറ്റർ ഉപകരണങ്ങൾ, സർജിക്കൽ ഉപകരണങ്ങൾ, പാലിയേറ്റീവ് കെയർ, സോളാർ പാനൽ എന്നിവയും ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട് മുഖേന ദന്തൽ ഉപകരണങ്ങൾ, പ്രൈമറി സെക്കന്ററി കെയർ പാലിയേറ്റീവ്, എൽ.സി.ഡി. സെൻട്രൽ കെയർ, സ്റ്റ്രെംഗ്തനിംഗ് ഓഫ് മെഡിക്കൽ റെക്കോർഡ് ലൈബ്രറി, സ്റ്റ്രെംഗ്തനിംഗ് ഓഫ് സെൻട്രൽ കെയർ യൂണിറ്റ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

കായംകുളം താലൂക്കാശുപത്രി ഏഴ് നിലകളോടുകൂടിയ ഒരു കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. ഇതിൽ കാഷ്വാലിറ്റി, ഒ.പി.വിംഗ്, വാർഡുകൾ, സെൻട്രലൈസ്ഡ് ലാബ്, പ്രീ ഒ.പി., പോസ്റ്റ് ഒ.പി., ഐ.സി.യു., ഓപ്പറേഷൻ തിയേറ്റർ എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഹൗസിംഗ് ബോർഡിനെ SPV ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ചിറ്റൂർ താലൂക്കാശുപത്രി വികസനത്തിന് തയ്യാറാക്കിയ പദ്ധതികൾ

218 (1763) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിന് സമർപ്പിക്കപ്പെട്ട പദ്ധതിരേഖയിൽ ആരോഗ്യ വകുപ്പ് ആസൂത്രണ വിഭാഗം ഇന്നേ വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ചിറ്റൂർ താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കഴിഞ്ഞ 10 വർഷം ആരോഗ്യ വകുപ്പ് നീക്കിവച്ച പണത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ചിറ്റൂർ താലൂക്കാശുപത്രിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനത്തിനുള്ള 44 കോടി രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വിഭാഗം തയ്യാറാക്കി ലഭ്യമായത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നെങ്കിലും കിഫ്ബി ഫണ്ടിൽ പ്രസ്തുത നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ മറ്റേതെങ്കിലും ഫണ്ട് കണ്ടെത്തണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

(ബി)

1. ഒ.പി./ഓഫീസ് ബ്ലോക്ക് നിർമ്മാണം -42,31,906 രൂപ (2009-ാം വർഷം)

2. ഓപ്പറേഷൻ തിയേറ്റർ നിർമ്മാണം -20,60,000 രൂപ (2011-ാം വർഷം)

3. ലേബർ വാർഡ് നിർമ്മാണം -35,00,000 രൂപ (2011-ാം വർഷം)

ചിറ്റൂർ നിയോജകമണ്ഡലം എം.എൽ.എ., ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകളുടെ ആസ്തി വികസന ഫണ്ട് മുഖേന ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി 18-09-2017-ലെ സ.ഉ. (സാധാ.) നമ്പർ 2495/ 2017/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ടി ആശുപത്രിയിൽ രക്തബാങ്ക് നിർമ്മാണത്തിനായി കെ.എസ്.എ.സി.എസ്. 70 ലക്ഷം രൂപ അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡും കേരള ഹെൽത്ത് റിസർച്ച് &വെൽഫയർ സൊസൈറ്റിയും സംയുക്തമായി ചേർന്ന് ഡയാലിസിസ് യൂണിറ്റ് (4 കിടക്ക)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർ.എസ്.ബി.വൈ. ഫണ്ടുപയോഗിച്ച് ഫാമിലി വെൽഫെയർ സ്റ്റോറിന്റെ നിർമ്മാണം പൂർത്തിയാക്കാറായിട്ടുണ്ട്. മുനിസിപ്പൽ ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

### മാവേലിക്കര ജില്ലാ ആശുപത്രി വികസനം

219 (1764) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ, പവർ ലോൺഡ്രി, കാരുണ്യ ഫാർമസി എന്നിവ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ അടിയന്തരമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന ഡയാലിസിസ് കേന്ദ്രത്തിന്റെ പണി പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. അതോടൊപ്പം കാരുണ്യ ഫാർമസിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനം ആരംഭിക്കുന്നതിനായി ഡ്രഗ് ലൈസൻസ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2018 മാർച്ച് മാസം തന്നെ ഇതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പവർ ലാൺട്രി സ്ഥാപിക്കുന്നതിനുള്ള വിതരണ ഉത്തരവ് കെ.എം.എസ്.സി.എൽ. വഴി നൽകിയിട്ടുണ്ട്. ഉപകരണം സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി ഇത് താമസംവിനാ പ്രവർത്തനമാക്കുവാൻ കഴിയുന്നതാണ്.

**നിലമ്പൂർ ജില്ലാ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ**

220 (1765) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ജില്ലാ ആശുപത്രികൾ ഏതൊക്കെയാണ് ; ഇവയിൽ ഏതൊക്കെ ജില്ലാ ആശുപത്രികളിലാണ് ജില്ലാ ആശുപത്രിക്ക് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ അനുവദിച്ചത് ; വിശദമാക്കാമോ ; നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ആനുപാതികമായ സ്റ്റാഫ് പാറ്റേൺ അനുവദിക്കുമോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജി വിഭാഗം എന്നത്തേക്ക് തുടങ്ങാൻ കഴിയും എന്ന് വിശദമാക്കാമോ ;

(സി) നിലമ്പൂർ ജില്ലാ ആശുപത്രി ഏതു തരത്തിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) തിരൂർ, പെരിന്തൽമണ്ണ, നിലമ്പൂർ എന്നിവയാണ് ഇപ്പോൾ മലപ്പുറം ജില്ലയിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ആശുപത്രികൾ.

ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന നിലയിൽ തിരൂർ ജില്ലാ ആശുപത്രിയിൽ 2-2-2013-ലെ സ.ഉ.(കൈ.) 27/2013/ആ.കു.വ. പ്രകാരം 38 തസ്തികകൾ സൃഷ്ടിച്ചുനൽകുകയും ഇതുകൂടാതെ ടി ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 28-6-2017-ലെ സ.ഉ.(കൈ.)നമ്പർ 107/2017/ ആ.കു.വ. 23-9-2017-ലെ സ.ഉ. (കൈ.) 136/2017/ആ.കു.വ. എന്നിവ പ്രകാരം താഴെപ്പറയുന്ന 31 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്:

| | |
|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 5 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 4 |
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| ഓർത്തോപീഡിക്സ് കൺസൾട്ടന്റ് | 1 |
| അനസ്തെറ്റിസ്റ്റ് (JC) | 1 |
| കൺസൾട്ടന്റ് റേഡിയോ ഡയഗ്നോസിസ് | 1 |
| റെസ്പിറേറ്ററി മെഡിസിൻ (JC) | 1 |
| ബ്ലഡ് ബാങ്ക്/ മൈക്രോബയോളജിസ്റ്റ്/ പത്തോളജിസ്റ്റ് (JC) | 1 |
| പീഡിയാട്രിക്സ് കൺസൾട്ടന്റ് | 1 |
| O&G(JC) | 1 |
| കാഷ്വാലിറ്റി മെഡിക്കർ ഓഫീസർ | 2 |
| ഡയാലിസിസ് ടെക്നീഷ്യൻ | 3 |
| റേഡിയോഗ്രാഫർ ഗ്രേഡ് II | 2 |
| X-ray അറ്റൻഡർ | 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | 3 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I | 1 |
| മെഡിക്കൽ റെക്കോർഡ് അറ്റൻഡന്റ് | 1 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |

നിലമ്പൂർ ജില്ല ആസ്ഥാന ആശുപത്രിയിൽ 13-8-2015-ലെ സ.ഉ.(കൈ.)174/2015/ആകുവ. പ്രകാരം 17 അധിക തസ്തികകൾ സൃഷ്ടിച്ച നൽകുകയും ഇതുകൂടാതെ ടി ആശുപത്രിയെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി ഇവിടെ ഡയാലിസിസ് ടെക്നീഷ്യൻ -2, ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ്-II-1 എന്നീ തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയെ 4-1-2014-ലെ സ.ഉ. (കൈ.) 07/2014/ആ.കു.വ. പ്രകാരം 9 അധിക തസ്തികകൾ സൃഷ്ടിച്ച നൽകുകയും ഇതുകൂടാതെ ടി ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 23-9-2017-ലെ സ.ഉ.(കൈ) 136/2017/ആ.കു.വ. പ്രകാരം ഇവിടെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II -1, കൺസൾട്ടന്റ് PMR-1, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II -1, ഡെന്റൽ മെക്കാനിക് ഗ്രേഡ് II -1, മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ ഗ്രേഡ് II -1, എന്നീ തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

(ബി&സി) നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിലൂടെ മെച്ചപ്പെട്ട സൗകര്യങ്ങളും ആവശ്യമായ തസ്തികകളും ഘട്ടംഘട്ടമായി ഒരുക്കി രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലമ്പൂർ ജില്ലാ ആശുപത്രിയിലെ കാർഡിയോളജി യൂണിറ്റ് തുടങ്ങുന്നതിലേക്കായി അടിസ്ഥാന സൗകര്യ വികസനം കാർഡിയാക് ഐ.സി.യൂണിറ്റ്, വെന്റിലേറ്റർ ഉൾപ്പെടെയുള്ള ജീവൻ രക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കി ഇവിടെ സാങ്കേതിക ജീവനക്കാരുടെയും ഡോക്ടർമാരുടെയും അധിക തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനായി ആർദ്രം പദ്ധതിയിൽ വരുംവർഷങ്ങളിൽ Gap Analysis ഉൾപ്പെടെ നടത്തി പദ്ധതി പൂർണ്ണരൂപത്തിൽ നടപ്പിലാക്കുന്നതോടെ നിലമ്പൂർ ജില്ലാ ആശുപത്രിയിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്**

221 (1766) ശ്രീ. ഒ . ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാത്ത് ലാബ് ആരംഭിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത കാത്ത് ലാബ് ആരംഭിക്കുന്നതിന് നിലവിൽ യാതൊരു തടസ്സവുമില്ല.

(സി) 9-10-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) നം. 2778/2018/ആകുവ. പ്രകാരം 2017-18 വാർഷിക പദ്ധതിയിൽ 1200 ലക്ഷം രൂപ അനുവദിച്ചതിൽ 823.422 ലക്ഷം രൂപ ജില്ലാ ആശുപത്രി മാനന്തവാടിക്ക് കാത്ത് ലാബിനായി വകയിരുത്തുകയും അതിൽ 673.422 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും 150 ലക്ഷം രൂപ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിക്കും നൽകിയിട്ടുണ്ട്. കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കാൻ നടപടി

222 (1767) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് ആശുപത്രിയിലെ കാലഹരണപ്പെട്ട എക്സ്റേ യൂണിറ്റ് മാറ്റി ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, വിനോദസഞ്ചാര കേന്ദ്രമായ വർക്കലയിൽ വിദേശ രാജ്യങ്ങളിൽ നിന്നും എത്തുന്ന സഞ്ചാരികൾ ഉൾപ്പെടെയുള്ളവർ ചികിത്സ തേടിയെത്തുന്ന പ്രസ്തുത ആശുപത്രിയിൽ അടിയന്തരമായി ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വർക്കല താലൂക്ക് ആശുപത്രിയിൽ പുതിയ ഡിജിറ്റൽ എക്സ്റേ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ വർക്കല മുനിസിപ്പാലിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന വിവരം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ (ആരോഗ്യം) നിന്നും അറിയിച്ചിട്ടുണ്ട്.

## കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനം

223 (1768) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും പ്രത്യേക വാർഡിന്റെ അഭാവം സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മോർച്ചറിയുടെയും ഫ്രീസറിന്റെയും അഭാവം പോസ്റ്റ്മോർട്ടത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) എങ്കിൽ, ആശുപത്രിയുടെ ശോച്യാവസ്ഥ കണക്കിലെടുത്ത് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ 4 സ്പെഷ്യാലിറ്റി മെഡിക്കൽ ഓഫീസർമാരുടെയും 2 ലാബ് ടെക്നീഷ്യന്റെയും ഒരു ദന്തൽ സർജന്റെയും തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്.

(സി) മോർച്ചറി-കം-ഫ്രീസർ ആധുനിക രീതിയിൽ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ആശുപത്രിയുടെ അധീനതയിലുള്ള 80 സെന്റ് സ്ഥലം നിലവിൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശമാണുള്ളത്. അത് വിട്ടുകിട്ടുന്നതിനുള്ള കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ആയതിനാൽ ടി സ്ഥലം വിട്ടുകിട്ടിയാൽ നാഷണൽ ഹെൽത്ത് മിഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള കാര്യം പരിശോധിക്കുന്നതാണ്.

## തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവ്

224 (1769) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രിയിൽ ആവശ്യാനുസരണം ഡോക്ടർമാർ ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുറവ് നികത്തണമെന്ന് ആരെങ്കിലും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെന്ന് അറിയിക്കാമോ;

(സി) ഈ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്നത്തേക്ക് ഇത് സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ നിലവിൽ കൺസൾട്ടന്റ് (ഓഫ്ത്താൽമോളജി) തസ്തികയിൽ ഒരൊഴിവ് മാത്രമാണുള്ളത്.

(ബി) എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ മേൽഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റി കൂടുന്നതിനനുസരിച്ച് ഒഴിവ് നികത്തുന്നതാണ്.

(ഡി) വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റി, സ്പെഷ്യാലിറ്റി കേഡറിലെ വിവിധ സ്പെഷ്യാലിറ്റികളുടെ 2017-ലെ ഒഴിവുകളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി വരുന്നു. വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റി കൂടുന്നമുറയ്ക്ക് കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി)-യുടെ 2017-ലെ സെലക്ട് ലിസ്റ്റ് അടിയന്തരമായി തയ്യാറാക്കി ഉദ്യോഗക്കയറ്റത്തിലൂടെ ഒഴിവുകൾ നികത്തും.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രം

225 (1770) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽനിന്നും കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് ഏത് പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ;

(ബി) ഈ നടപടിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ;

(സി) എന്നത്തേക്ക് ഈ പ്രവൃത്തികൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എച്ച്.സി. ഏരൂരിനെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി&സി) ഈ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 13,06,800 രൂപ വകയിരുത്തുകയും ടി തുക ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എൻ.എച്ച്.എം.-ന്റെ മേൽനോട്ടത്തിൽ നിർമ്മിതി കേന്ദ്രം മുഖേന നടന്നുവരുന്നു. ഇതുകൂടാതെ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ഡോക്ടറുടെ ഒരു തസ്തികയും സ്റ്റാഫ് നഴ്സിന്റെ 2 തസ്തികയും ലാബ് ടെക്നീഷ്യന്റെ ഒരു തസ്തികയും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ഇതിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൃക്കരിപ്പൂർ, നീലേശ്വരം താലൂക്കാശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ്

226 (1771) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിൽ പ്രഖ്യാപിച്ച ഡയാലിസിസ് യൂണിറ്റുകൾ നാളിതുവരെ പ്രവർത്തന സജ്ജമാക്കാൻ കഴിയാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഡയാലിസിസ് യൂണിറ്റുകൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിപ്പെട്ടിട്ടുണ്ട്.

(ബി) തൃക്കരിപ്പൂർ താലൂക്കാശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ അനുവദിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ മരാമത്ത് പണികൾ കേരള ഹെൽത്ത് റിസർച്ച് വെൽഫയർ സൊസൈറ്റി മുഖാന്തരം പൂർത്തിയാക്കി വരുന്നു. 2018 ജൂൺ മാസത്തോടെ ഡയാലിസിസ് കേന്ദ്രം പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

നീലേശ്വരം താലൂക്കാശുപത്രിയിൽ അനുവദിച്ച കിഫ്ബി ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനത്തിന്റെ കെട്ടിടം പണി പൂർത്തിയായിട്ടില്ല. കെട്ടിടം കോർപ്പറേഷന് കൈമാറി കഴിഞ്ഞാൽ ആറ് മാസത്തിനകം മരാമത്ത് പണി പൂർത്തിയാക്കി ഡയാലിസിസ് കേന്ദ്രം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി**

227 (1772) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ദിനംപ്രതി 2500 മുതൽ 3500 വരെ രോഗികൾ ചികിത്സയ്ക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രോഗികളുടെ തിരക്കുകാരണം ശരിയായ പരിശോധന നടത്തുന്നതിന് ഡോക്ടർമാർക്ക് സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് 24 മണിക്കൂറും ശരിയായ പരിശോധന നടത്തുന്നതിന് ഗവൺമെന്റ്/സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നിന്നും ഹൗസ് സർജന്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ നിലവിലെ നിയമങ്ങൾ അനുസരിച്ച് ഹൗസ് സർജന്മാരെ നിയമിക്കുന്നതിന് നിയമപരമായ തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ഹൗസ് സർജന്മാരെ നിയമിക്കുന്നതിന് ആശുപത്രി അധികൃതർ എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കേണ്ടതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകളൊന്നും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിൽ നവകേരള മിഷന്റെ ഭാഗമായി ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പൂർണ്ണ രൂപത്തിൽ നടപ്പാക്കപ്പെടുമ്പോൾ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നെയ്യാറ്റിൻകര താലൂക്കാശുപത്രിയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നോ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നിന്നോ ഹൗസ് സർജന്മാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഒപ്റ്റോമെട്രിസ്റ്റ് തസ്തിക അനുവദിക്കാൻ നടപടി

228 (1773) <u>ശ്രീ. കെ. മുരളീധരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട താലൂക്ക് ആശുപത്രിയിലും ജനറൽ ആശുപത്രിയിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക അനുവദിക്കാത്തത് നേത്ര ചികിത്സാ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിലവിൽ പരിഗണനയിലില്ല.

## പള്ളുരുത്തി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവ്

229 (1774) <u>ശ്രീ. എം. സ്വരാജ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ആവശ്യാനുസരണം ഡോക്ടർമാർ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടർമാരുടെ ഈ കുറവ് നികത്തണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെന്നറിയിക്കുമോ;

(സി) തിരക്കേറിയ ടി ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവ് ഒട്ടേറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നതിനാൽ അടിയന്തരമായി ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്നത്തേക്ക് ഇതിന് സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പള്ളുരുത്തി താലൂക്കാശുപത്രിയിലെ അനുവദിക്കപ്പെട്ട തസ്തികകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇ.എൻ.റ്റി., സ്കിൻ, ഒഫ്ത്താൽമോളജി, സർജറി എന്നീ വിഭാഗങ്ങൾ നിലവിലില്ല എന്നും അവ തുടങ്ങുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുള്ള ഫോർട്ട് കൊച്ചി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി സൂപ്രണ്ടിന്റെ 6-1-2018-ലെ കത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ 21-2-2018-ന് ലഭ്യമായിട്ടുണ്ട്. ആയതിന് മേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി&ഡി) വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റി കൂടുന്നതിനനുസരിച്ച് വിവിധ സ്പെഷ്യാലിറ്റിയിലെ മെഡിക്കൽ ഓഫീസർമാർക്ക് പ്രൊമോഷൻ നൽകിയും പൊതു സ്ഥലംമാറ്റങ്ങളിലൂടെയും പ്രസ്തുത ആശുപത്രിയിലെ ഒഴിവുകൾ നികത്തുന്നതാണ്.

**സി.എച്ച്.സി.-കളിലെ സ്റ്റാഫ് പാറ്റേൺ**

230 (1775) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി.- കളിലെ സ്റ്റാഫ് പാറ്റേൺ ഏകീകരിച്ചുകൊണ്ടുള്ള ഉത്തരവ് നടപ്പിലാക്കാൻ കഴിയാത്ത സാങ്കേതികമായ എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോ;

(ബി) പല സി.എച്ച്.സികളിലും ആവശ്യത്തിലേറെ സൗകര്യങ്ങൾ ഉണ്ടായിട്ടും കിടത്തി ചികിത്സ ആരംഭിക്കുവാൻ കഴിയാത്തത് സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകളിൽ നിയമനം നടത്താൻ കഴിയാത്തത് കൊണ്ടാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 2-8-1961-ലെ ജി.ഒ. (ആർ.ടി.) നം. 3150/61/ആ.കു.വ. പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ വന്നത്. ഈ സ്റ്റാഫ് പാറ്റേൺ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ആരോഗ്യരംഗത്ത് ആധുനികവും നൂതനവുമായ ധാരാളം ചികിത്സാവിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ സ്റ്റാന്റേഡൈസേഷന്റെ ഭാഗമായി 06-11-2008-ലെ ജി.ഒ. (എം.എസ്.) നമ്പർ 568/08/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചിരുന്നില്ലെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി ആർദ്രം പദ്ധതിയിലൂടെ മാത്രം ഇതിനോടകം 1721 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്.

## ന്യൂറോ ടെക്നോളജിസ്റ്റ് തസ്തിക

231 (1776) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സർക്കാർ ആശുപത്രികളിൽ ന്യൂറോ ടെക്നോളജിസ്റ്റ് തസ്തിക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ജില്ലാ ആശുപത്രികളിൽ പ്രസ്തുത തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ഈ തസ്തിക നിലവിലില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തിക

232 (1777) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ന് ശേഷം മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് നടന്ന എല്ലാ സ്ഥാനക്കയറ്റങ്ങളും പുനഃപരിശോധിക്കണമെന്ന് ധനകാര്യ പരിശോധനാ വിഭാഗം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശമെന്താണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ നടപടി വേണ്ടെന്ന് ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി യോഗം കൂടി തയ്യാറാക്കിയ എല്ലാ സെലക്ട് ലിസ്റ്റുകളും കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 10 (എ, ബി) കണക്കിലെടുത്ത് പുനഃപരിശോധിക്കണമെന്ന് ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ നൽകിയിട്ടുണ്ട്. ധനകാര്യ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് പ്രൊഫസർ തസ്തിക നിലവിൽ പ്രവേശന തസ്തികയാണ്. ആയതിനാൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് നിലവിൽ സ്ഥാനക്കയറ്റം നൽകിവരുന്നില്ല.

(സി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇതിൽ ഭരണപരമായ വിഷയം കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ വിവിധ വകുപ്പുകളുടെ ഉപദേശം തേടി അവധാനതയോടെ മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയൂ.

## ഡോക്ടർമാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

233 (1778) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി എച്ച് സി-കളിലും സി എച്ച് സി-കളിലും ആയി എത്ര ഡോക്ടർമാരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട് ;

(ബി) മഴക്കാല പൂർവ്വരോഗങ്ങളും, പകർച്ച വ്യാധികളും പിടിപെടുന്നത് തടയുന്നതിനായിട്ടുള്ള മുന്നൊരുക്ക നടപടികൾ ആരംഭിച്ചത് കണക്കിലെടുത്ത് ഡോക്ടർമാരുടെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് മുന്തിയ പരിഗണന നൽകി നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 95 അസിസ്റ്റന്റ് സർജന്മാരുടെ തസ്തികകൾ പി.എച്ച്.സി.-കളിലും സി.എച്ച്.സി.-കളിലുമായി ഒഴിഞ്ഞുകിടക്കുന്നു.

(ബി) പ്രവേശനകാലം ദീർഘിപ്പിച്ച് നൽകിയിട്ടുള്ള ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്കും നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നൽകിയും ഒഴിവുള്ള തസ്തികകൾ നികത്തുന്നതാണ്.

(സി) മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പ്രവേശനകാലം ദീർഘിപ്പിച്ച് നൽകിയ ഇരുന്നൂറോളം ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കാനുണ്ട്. കൂടാതെ അസിസ്റ്റന്റ് സർജന്മാരുടെ പുതിയ റാങ്ക് ലിസ്റ്റും നിലവിലുണ്ട്.

**ഡോക്ടർമാരുടെ നിയമനം**

234 (1779) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. എം. ഷാജി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കായി പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) ഇതുമൂലം ആരോഗ്യ രംഗത്തുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കായി പബ്ലിക് ഹെൽത്ത് കേഡർ രൂപീകരിക്കുന്ന വിഷയം പരിഗണനയിലുണ്ട്. ആയത് പ്രാരംഭഘട്ടത്തിലാണ്.

(ബി) രോഗ പ്രതിരോധ സംവിധാനത്തിലൂന്നി പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും വ്യാപിക്കുന്നത് തടയുന്നതിനും പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി പബ്ലിക് ഹെൽത്ത് കേഡറിന്റെ രൂപീകരണം വളരെയധികം സഹായിക്കും.

## ഐ.സി.സി.ഒ.എൻ.എസ്.-ജീവനക്കാരുടെ നിയമനവും ശമ്പളവും

235 (1780) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.സി.ഒ.എൻ.എസ്. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആന്റ് കൊഗ്നിറ്റീവ് ന്യൂറോ സയൻസ്) എന്ന സ്ഥാപനത്തിലെ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) ജീവനക്കാർക്ക് പത്താം ശമ്പള കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഐ.സി.സി.ഒ.എൻ.എസ്. -ലെ നിയമനരീതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനത്തിന് ജില്ലാ ഓഫീസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ജീവനക്കാർക്ക് 10-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പള കാര്യങ്ങൾ പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്.

(സി) ഈ സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അധികാരപ്പെടുത്തിയ ഒരു സെലക്ഷൻ കമ്മിറ്റിയാണ് ജീവനക്കാരുടെ നിയമന കാര്യങ്ങൾ ചെയ്യുന്നത്. ഗവേണിംഗ് ബോഡി മെമ്പർ കൂടി ഉൾപ്പെട്ട സെലക്ഷൻ കമ്മിറ്റിയിൽ സ്ഥാപനത്തിന്റെ ഡയറക്ടർ, സബ്ജക്ട് എക്സ്പേർട്ടുകൾ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, മെഡിക്കൽ സൂപ്രണ്ട് തുടങ്ങിയവർ അംഗങ്ങളാണ്. പത്രപ്പരസ്യം നൽകി അപേക്ഷ ക്ഷണിച്ച് എഴുത്തുപരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. ഈ സ്ഥാപനത്തിന് ജില്ലാ ഓഫീസുകൾ നിലവിലില്ല. പക്ഷേ ഈ സ്ഥാപനത്തിന്റെ ഓരോ സെന്ററുകൾ തിരുവനന്തപുരത്തും ഷൊർണ്ണൂരിലും പ്രവർത്തിക്കുന്നുണ്ട്.

## ജെ.പി.എച്ച്.എൻ. നിയമനം

236 (1781) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജെ.പി.എച്ച്.എൻ. ഗ്രേഡ് 1 തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിൽ ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 തസ്തികയിൽ നിന്ന് പ്രൊമോഷൻ നല്കി നിയമനം നടത്തുന്നതിന് തടസ്സങ്ങളെന്തെങ്കിലുമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) നിലവിലുള്ള ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ ആരോഗ്യ വകുപ്പിൽ എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്;

(ഡി) ജെ.പി.എച്ച്.എൻ. ഗ്രേഡ് 1 തസ്തികയിലേയ്ക്ക് പ്രൊമോഷൻ നല്കിയാൽ ഗ്രേഡ് 2 തസ്തികയിൽ വരുന്ന ഒഴിവുകളിൽ, നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 126 ഒഴിവുകൾ നിലവിലുണ്ട്.

(ബി) തടസ്സങ്ങൾ ഒന്നുംതന്നെയില്ല. സ്ഥാനക്കയറ്റം നൽകുന്നതിന് സീനിയോറിറ്റി ലിസ്റ്റ് അടക്കം തയ്യാറാക്കാനും ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 വിഭാഗത്തിലുള്ള ജീവനക്കാരുടെ സേവന വിവരങ്ങൾ ലഭ്യമാക്കാനും ആരോഗ്യവകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 353 പേർക്ക്.

(ഡി) സ്വീകരിക്കുന്നുണ്ട്.

## പവർ ലോൺട്രി അറ്റൻഡർ ഒഴിവുകൾ

237 (1782) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെകീഴിൽ പവർ ലോൺട്രി അറ്റൻഡർ തസ്തികയിൽ (Category No.204/2010) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ടി തസ്തികയിൽ നിലവിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെകീഴിൽ പവർ ലോൺട്രി അറ്റൻഡർ തസ്തികയിൽ താത്ക്കാലിക ജീവനക്കാരായി നിലവിൽ എത്ര പേർ നിയമിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ടി തസ്തികയിൽ താത്ക്കാലിക ജീവനക്കാരെ ഒഴിവാക്കി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദ്വിഭരണം അവസാനിപ്പിക്കുന്നതിനുമുൻപ് പവർ ലോൺട്രി അറ്റൻഡർമാരുടെ നിയമന അധികാരി ജില്ലാ മെഡിക്കൽ ഓഫീസറായിരുന്നു. അതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയത്തിൽനിന്നും ആയിരുന്നു. 25-10-2008-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 548/2008/ആ.കു.വ. പ്രകാരം ആരോഗ്യ വകുപ്പിന് കീഴിലുള്ള പവർ ലോൺട്രി അറ്റൻഡർ തസ്തിക മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരുന്നു. Category No.204/2010 പ്രകാരമുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് പേർക്ക് പവർ ലോൺട്രി അറ്റൻഡറായി നിയമനം നൽകിയിട്ടുണ്ട്.

(സി) താല്ക്കാലിക നിയമനം നടന്നിട്ടില്ല.

(ഡി) നിലവിലുള്ള നാല് ഒഴിവുകൾ പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്.

**ആരോഗ്യ ജാഗ്രതാ പദ്ധതി**

238 (T1783) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ജാഗ്രതാ പദ്ധതിക്ക് പഞ്ചായത്തുതലത്തിൽ നേതൃത്വം നൽകേണ്ട ചുമതല ഹെൽത്ത് ഇൻസ്പെക്ടർമാർക്കാണോ എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഹെൽത്ത് ഇൻപെക്ടർമാരുടെ എത്ര ഒഴിവുകളുണ്ട്; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) പ്രസ്തുത തസ്തികയിൽ ഒഴിവുകൾ നികത്താത്തത് ആരോഗ്യ ജാഗ്രതാ പദ്ധതിയെ പുറകോട്ടടിക്കുകയില്ലേ;

(ഡി) ഹെൽത്ത് ഇൻസ്പെക്ടർ വിഭാഗത്തിന്റെ ജോലിയും ഉത്തരവാദിത്വവും കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അവർക്ക് സ്റ്റാറ്റ്യൂട്ടറി യൂണിഫോം അനുവദിക്കുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ ജാഗ്രതാ പദ്ധതിക്ക് പഞ്ചായത്തുതലത്തിൽ നേതൃത്വം നൽകുന്നത് പ്രൈമറി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ആഫീസർ-ഇൻ-ചാർജ്ജാണ്. ഹെൽത്ത് ഇൻസ്പെക്ടർ മെഡിക്കൽ ആഫീസറിന് ആവശ്യമായ സഹായം നൽകുന്നു. പഞ്ചായത്തിലെ ഓരോ സബ് സെന്ററിലും വാർഡിലും നടത്തുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക, ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ജില്ലയിൽനിന്നും ലഭ്യമാകുന്ന രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള സാധന സാമഗ്രികളും ബോധവത്കരണ ഉപാധികളും താഴെത്തട്ടിൽ ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറാണ് ചെയ്യുന്നത്.

(ബി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ 190-ഓളം ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത തസ്തിക ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയുടെ പ്രൊമോഷൻ തസ്തികയായതിനാൽ ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ 27-3-2015-ലെ സ.ഉ.(കൈ)നമ്പർ 101/2015/പൊ.ഭ.വ. പ്രകാരം പട്ടികവർഗ്ഗവിഭാഗത്തിനായി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ 14 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലെ സ്ഥാനക്കയറ്റം സംബന്ധിച്ച സീനിയോറിറ്റി വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ പ്രസ്തുത വിഷയത്തിലെ ഉത്തരവ് കോടതിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്ഥാനക്കയറ്റം നടത്തി പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തുവാനാകുകയുള്ളൂ.

(ഡി) പരിശോധിച്ചുവരുന്നു.

## വർക്കല താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടെ/മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ

239 (1784) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ/മെഡിക്കൽ ഓഫീസർമാരുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ ഏതെല്ലാം വിഭാഗങ്ങളിലാണെന്ന് വ്യക്തമാക്കാമോ;

(സി) മെഡിക്കൽ ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) മെഡിക്കൽ ഓഫീസർമാരെ ഒഴിവാക്കി മറ്റ് തസ്തികകൾ എത്രയാണ് അനുവദിച്ചിട്ടുള്ളത്; അതിലെ ഓരോ തസ്തികയിലും എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) അഡ്മിനിസ്ട്രേറ്റീവ് കേഡർ-1

ജനറൽ കേഡർ-8

സ്പെഷ്യാലിറ്റി കേഡർ-10

(ബി)

| നമ്പർ | സ്പെഷ്യാലിറ്റി കേഡർ | തസ്തിക | എണ്ണം |
|---|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് | ഗൈനക്കോളജി | 2 |
| 2 | കൺസൾട്ടന്റ് | ഗൈനക്കോളജി | 1 |
| 3 | ജൂനിയർ കൺസൾട്ടന്റ് | പീഡിയാട്രിക്സ് | 1 |
| 4 | ജൂനിയർ കൺസൾട്ടന്റ് | ജനറൽ മെഡിസിൻ | 1 |
| 5 | കൺസൾട്ടന്റ് | ജനറൽ മെഡിസിൻ | 1 |

| | | | |
|---|---|---|---|
| 6 | ജൂനിയർ കൺസൾട്ടന്റ് | ജനറൽ സർജറി | 1 |
| 7 | ജൂനിയർ കൺസൾട്ടന്റ് | അനസ്തേഷ്യ | 1 |
| 8 | ജൂനിയർ കൺസൾട്ടന്റ് | ഓർത്തോ | 1 |
| 9 | ജൂനിയർ കൺസൾട്ടന്റ് | ഇ.എൻ.ടി. | 1 |
| 10 | ജൂനിയർ കൺസൾട്ടന്റ് | ഒഫ്ത്താൽമോളജി | 1 |

അസിസ്റ്റന്റ് സർജൻ-2

കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-6

അസിസ്റ്റന്റ് ഡയറക്ടർ (സൂപ്രണ്ട്)-1

(സി) കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ഡി) വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റിയുടെ യോഗം ചേർന്ന് ജൂനിയർ കൺസൾട്ടന്റുമാർക്ക് ഉദ്യോഗക്കയറ്റം നൽകി പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അനുബന്ധമായി* ചേർക്കുന്നു.

## പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റുകൾ

240 (1785) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുരയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗൈനക്കോളജി വിഭാഗത്തിനായി ഇവിടെ അലോപ്പതി വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ടോ;

(സി) അതിനായി ചെലവേറിയ അത്യാധുനിക സംവിധാനങ്ങളോടു കൂടിയ ലേബർ റൂം ഇവിടെ യാഥാർത്ഥ്യമാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ലേബർ റൂം നിലനിൽക്കെ, ആശുപത്രിയിലെ രണ്ട് ഗൈനക്കോളജിസ്റ്റുകളെ തസ്തികയടക്കം മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇവിടത്തെ ഗൈനക്കോളജി വിഭാഗത്തിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്ക് ഇതുമൂലമുണ്ടായ ബുദ്ധിമുട്ട് പരിഗണിച്ച് രണ്ട് ഗൈനക്കോളജിസ്റ്റുകളെ തസ്തികയടക്കം ഇവിടെ പുനഃസ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പൂജപ്പുരയിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ നിലവിലുണ്ട്.

(ബി) ഗൈനക്കോളജി വിഭാഗത്തിനായി ഇവിടെ അലോപ്പതി വിഭാഗവും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലെ ആശുപത്രികളിൽ മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനുള്ള യജ്ഞത്തിന്റെ ഭാഗമായാണ് പൂജപ്പുര സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രിയിൽ നിന്നും ആരോഗ്യ വകുപ്പിന്റെ രണ്ട് ഗൈനക്കോളജിസ്റ്റുകളുടെ തസ്തിക ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് പുനർവിന്യസിച്ചത്.

(ഇ) സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

## മാനന്തവാടി ജില്ലാ ആശുപത്രിയിലെ തസ്തികകൾ

241 (1786) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) 2015 ഡിസംബറിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഏതെല്ലാം തസ്തികകളാണ് ആളില്ലാതെ ഒഴിഞ്ഞു കിടന്നിരുന്നത്;

(സി) നിലവിൽ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ടി ആശുപത്രിയിൽ ആകെ 18 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. ലാബ് ടെക്നീഷ്യൻ-7
2. ജൂനിയർ കൺസൾട്ടന്റ്-1
3. കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ-1
4. ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II-1
5. ഡയാലിസിസ് ടെക്നീഷ്യൻ -3
6. ഫിസിയോതെറാപ്പിസ്റ്റ് - 1
7. റേഡിയോഗ്രാഫർ - 2
8. എക്സ്റേ അറ്റൻഡർ - 1
9. മെഡിക്കൽ റെക്കോർഡ് അറ്റൻഡർ -1

(ബി&സി) വിശദ വിവരം അനുബന്ധമായി *ചേർത്തിട്ടുണ്ട്.

**മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക**

242 (1787) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കാത്തതിനാൽ നിർധനരായ രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നതായുള്ള പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആരോഗ്യവകുപ്പിൽ റിഫ്രാക്ഷനിസ്റ്റ്, ഓർത്തോപ്റ്റിക്സ്റ്റ്, ഒഫ്താൽമിക് അസിസ്റ്റന്റ് തുടങ്ങിയ തസ്തികകൾ ഏകീകരിച്ച് ഓപ്റ്റോ മെട്രിസ്റ്റ് എന്നാക്കി ഉത്തരവ് ഇറക്കിയിട്ടും പ്രസ്തുത ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ലെങ്കിൽ പരിശോധിക്കുന്നതാണ്.

**പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക**

243 (1788) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ നാലുനില കെട്ടിടമുള്ള പ്രസ്തുത ആശുപത്രിയിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ലിഫ്റ്റ് ഓപ്പറേറ്ററുടെ തസ്തിക നിലവിലില്ല.

(ബി) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**അസിസ്റ്റന്റ് ഡയറക്ടർ നിയമനം**

244 (1789) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി, ഫൈലേറിയ) എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു; എന്തു കാരണത്താലാണ് ടി തസ്തികകളിൽ നിയമനം നടത്താത്തതെന്ന് വ്യക്തമാക്കാമോ;

(സി) 18-2-2017 ലെ G.O.(Ms.) No.27/2017/ആ.കു.വ. പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിലേക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഡി.പി.സി. യുടെ അംഗീകാരം വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഡി.പി.സി - യുടെ അംഗീകാരം ലഭിച്ച സെലക്ട് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികയിൽ 15-7-2014-ലെ ജി.ഒ.(പി) നമ്പർ 215/2014/ആ.കു.വ. ഉത്തരവ് പ്രകാരം 8-10-2014-ൽ നിയമനം നടത്തിയിട്ടുണ്ട്.

അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമനം നടത്തിയിട്ടില്ല.

(ബി) അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തിക 1-7-2014 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള യോഗ്യതയും നിയമനരീതിയും സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവ് 8-4-1994-ലെ ജി.ഒ. (എം.എസ്.) 82/94/ആ.കു.വ. പ്രകാരം സീനിയർ ബയോളജിസ്റ്റുമാരിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികെ യോഗ്യതകളിലൊന്നായ നിർബന്ധിത മലേറിയോളജി ട്രെയിനിംഗ് സർട്ടിഫിക്കറ്റ് സംബന്ധിച്ചുള്ള അവ്യക്തത നിലനിന്നിരുന്നതിനാലും അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി, ഫൈലേറിയ) തസ്തികകളിലേയ്ക്ക് ഹയർ ഗ്രേഡ് ജില്ലാ മലേറിയ ഓഫീസർമാരെയും കൂടി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള കേസിന്മേൽ സ്റ്റേ നിലനിന്നിരുന്നതിനാലുമാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) 18-2-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 27/2017/ആ.കു.വ. പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 31-7-2018-ൽ വരുന്ന ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇല്ല.

**ഒപ്ടോമെട്രിസ്റ്റുകളുടെ നിയമനം**

245 (1790) <u>ശ്രീ. സി. മമ്മൂട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ തസ്തിക നിലവിലുണ്ടോ; എങ്കിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒപ്റ്റോമെട്രിസ്റ്റുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. നിലവിൽ ഒപ്‌റ്റോമെട്രിസ്റ്റുകളുടെ തസ്തികകളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഒപ്ടോമെട്രിസ്റ്റുകളുടെ നിയമനം

246 (1791) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിത ശൈലീരോഗങ്ങളിൽ പ്രധാനമായ പ്രമേഹം മൂലം കണ്ണിനുണ്ടാകുന്ന ഡയബറ്റിക് റെറ്റിനോപതി അന്ധതയുണ്ടാക്കുന്നതിനുമുമ്പേ കണ്ടെത്താൻ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രാഥമിക നേത്രപരിശോധകരായ ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ വിവിധ ജില്ല, താലൂക്ക് ആശുപത്രികളിലെ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ അന്ധതാ നിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; സഞ്ചരിക്കുന്ന കണ്ണാശുപത്രികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ജീവിതശൈലീരോഗങ്ങളിൽ പ്രധാനമായ പ്രമേഹം മൂലം കണ്ണിനുണ്ടാകുന്ന ഡയബറ്റിക് റെറ്റിനോപതി പ്രാഥമിക തലത്തിൽത്തന്നെ കണ്ടെത്തുന്നതിനുവേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ആഫീസർമാർ, ഒപ്ടോമെട്രിസ്റ്റുകൾ എന്നിവർ ജില്ലയിലെ സഞ്ചരിക്കുന്ന നേത്ര വിഭാഗത്തിന്റെ സഹായത്തോടെ ഡയബറ്റിക് റെറ്റിനോപ്പതി കണ്ടുപിടിച്ച് വിവിധ ചികിത്സകൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ വിവിധ ജില്ല, താലൂക്ക് ആശുപത്രികളിലെ ഒപ്ടോമെട്രിസ്റ്റുകളുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഏഴ് ഒപ്ടോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തുടർന്നും ആവശ്യകത അനുസരിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ അന്ധതാ നിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും സൗജന്യ തിമിര ശസ്ത്രക്രിയ, സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധിച്ച് സൗജന്യ കണ്ണട വിതരണം എന്നിവ നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന നേത്ര വിഭാഗം, കൂടാതെ ആധുനിക നേത്ര ചികിത്സ സംവിധാനത്തോടുകൂടിയ സഞ്ചരിക്കുന്ന ടെലി ഒഫ്ത്താൽമോളജി യൂണിറ്റ് തിരുവനന്തപുരം, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളിൽ ഡയബറ്റിക്, റെറ്റിനോപ്പതി, ഗ്ലൂക്കോമ എന്നിവ കണ്ടുപിടിക്കാനുള്ള സംവിധാനം ലഭ്യമാണ്. എല്ലാ ജില്ലാ ആസ്ഥാന ആശുപത്രികളിലും അടിസ്ഥാന സൗകര്യം ലഭ്യമായ ജനറൽ, താലൂക്ക് ആശുപത്രികളിലും തിമിര ശസ്ത്രക്രിയയ്ക്കുള്ള സൗകര്യവും മറ്റ് നേത്ര സംബന്ധമായ അസുഖങ്ങൾക്കുള്ള ചികിത്സയും ലഭ്യമാണ്. ലോക കാഴ്ചദിനം, ദേശീയ നേത്രദാന പക്ഷാചരണം, ലോക ഗ്ലൂക്കോമ വാരം എന്നീ പരിപാടികൾ സംസ്ഥാനത്തിലുടനീളം ആചരിച്ചുവരുന്നു. പ്രമേഹ രോഗികൾക്കായി പ്രത്യേക നേത്ര ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് ചികിത്സ വേണ്ടി വരുന്നവർക്ക് മരുന്ന്, ലേസർ ചികിത്സ എന്നിവ സൗജന്യമായി നൽകി വരുന്നു. നേത്രപടലാന്ധത പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് 16 നേത്ര ബാങ്കുകളിൽ കോർണിയ കളക്ഷൻ സെന്ററുകളും 50 വിഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഇവിടെ ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിനും പരിശീലനത്തിനും ഗവേഷണങ്ങൾക്കും മുൻതൂക്കം കൊടുത്തുകൊണ്ടുള്ള മേഖലാ സ്ഥാപനം (റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്ത്താൽമോളജി) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. 24 മണിക്കൂറും ഇവിടെ സേവനം ലഭ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചില പ്രത്യേക ദിവസങ്ങളിൽ ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണ്. കേരളത്തിൽ സൗജന്യ തിമിര ശസ്ത്രക്രിയ-നേത്ര ചികിത്സയ്ക്കായി 35 സർക്കാരിതര സന്നദ്ധ സംഘടനകളുടെ കണ്ണാശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്.

**തിരുവനന്തപുരം ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ഒഴിവുകൾ**

247 (1792) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II -ന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 31-1-2018 വരെ നിലവിലുള്ള എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിൽ അംഗീകൃത തസ്തികയിൽ ജോലി നോക്കി വരുന്ന സ്ഥിരം ജീവനക്കാരല്ലാത്ത ഫാർമസിസ്റ്റുകൾ എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ എത്രയുംവേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II-ന്റെ 10 ഒഴിവുകളാണ് നിലവിലുള്ളത്.

(ബി) 31-01-2018 വരെ നിലവിലുള്ള പത്ത് ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

| പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
|---|---|
| 6-7-2015 | 1 (എൻ.ജെ.ഡി.) |
| 17-8-2015 | 1 |
| 28-3-2016 | 1 |
| 29-3-2016 | 2 |
| 1-9-2016 | 4 |
| 14-11-2016 | 1 |

(സി) തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II-ന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ മേൽപ്പറഞ്ഞ പത്ത് ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയ ജീവനക്കാർ ജോലി നോക്കുന്നു.

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്കിന് ലൈസൻസ്

248 (1793) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് ഡ്രഗ് കൺട്രോളറിൽ നിന്നും ലൈസൻസ് ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് ആവശ്യമായ ടെക്നീഷ്യൻമാരെയും, കൗൺസിലറെയും നിയമിക്കുന്നതിന് സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്കും ഡി.എം.ഒ.-യ്ക്കും ആശുപത്രി സൂപ്രണ്ട് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ടെക്നിഷ്യനെയും കൗൺസിലറേയും ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്ന 2018 മാർച്ച് മാസത്തിൽ നിയമിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) ബ്ലഡ് ബാങ്ക് ആരംഭിക്കുന്നതിന് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് ഭാവിയിൽ എന്തൊക്കെ ചെയ്യാം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ഇല്ലാത്തതിനാൽ കൗൺസിലറുടെയും ടെക്നീഷ്യൻമാരുടെയും തസ്തിക നിലവിലില്ല. നെയ്യാറ്റിൻകര താലൂക്കാശുപത്രി ബ്ലഡ് ബാങ്കിനെ നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ (NACO) അടുത്ത സാമ്പത്തിക വർഷം അവരുടെ പട്ടികയിൽ ഉൾപ്പെടുത്തി തസ്തിക അനുവദിക്കുന്ന മുറയ്ക്ക് സ്റ്റാഫിനെ നിയമിക്കുന്നതാണ്.

(സി) ഈ സാമ്പത്തിക വർഷം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയിൽ പുതിയ നിയമനം നടത്താൻ സാധിക്കുകയില്ല. എങ്കിലും രക്തബാങ്കിന്റെ പ്രവർത്തനത്തിന് ആവശ്യമായ ടെസ്റ്റിംഗ് കിറ്റുകൾ, ബ്ലഡ് ബാഗുകൾ എന്നിവ നൽകാൻ സാധിക്കും.

(ഡി) നെയ്യാറ്റിൻകര ബ്ലഡ് ബാങ്കിന്റെ ദൈനംദിന പ്രവർത്തനത്തിനാവശ്യമായ ടെസ്റ്റ് കിറ്റുകൾ, റീ ഏജന്റുകൾ എന്നിവ ലഭ്യമാക്കാൻ സാധിക്കും.

**കോഴിക്കോട് ജില്ലയിലെ അനധികൃത സ്ഥാപനങ്ങൾ**

249 (1794) <u>ശ്രീ. എ. പ്രദീപ്കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006- ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം, കോഴിക്കോട് ജില്ലയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**ഭക്ഷ്യസുരക്ഷാ നടപടികൾ**

250(1795) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യ സുരക്ഷാ സംവിധാനം ഫലപ്രദമാകാത്തതിനാൽ, വിഷാംശമുള്ള മത്സ്യ, മാംസ്യങ്ങളും, പച്ചക്കറികളും ജനങ്ങൾ ഉപയോഗിക്കുകയും മാരകരോഗങ്ങൾക്ക് അടിമകളായിത്തീരുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭക്ഷ്യസുരക്ഷാ നിയമം കർശനമാക്കി ഭക്ഷ്യ സാധനങ്ങളിൽ മായം ചേർക്കുന്നവർക്ക് തടവുശിക്ഷ നൽകുന്ന തരത്തിൽ നിയമം നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) സ്ക്വാഡുകൾ രൂപീകരിച്ച് എല്ലാ വിപണന കേന്ദ്രങ്ങളിലും കർശനമായ പരിശോധന നടത്തി മായം ചേർക്കൽ നടത്തുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ പരിശോധനകൾക്കായി സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെകീഴിൽ എൻഫോഴ്സ്മെന്റ് വിഭാഗവും അനലിറ്റിക്കൽ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഓഫീസർമാർ നിശ്ചിത ഇടവേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നു. അവിടെ നിന്നും ലഭിക്കുന്ന പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ മായം ചേർക്കുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ മാസങ്ങളിലും പരിശോധന നടത്താറുണ്ട്. ഇതുകൂടാതെ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ്സ് -പുതുവത്സരം തുടങ്ങിയ ആഘോഷവേളകളിലും ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സമയങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ ടോൾഫ്രീ വഴിയും നേരിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും നവമാധ്യമങ്ങളിലെ വാർത്തകളുടെ അടിസ്ഥാനത്തിലും ഇ-മെയിൽ ആയി വരുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഭക്ഷ്യ ഉൽപ്പാദന വിതരണ സംഭരണ വിൽപ്പന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്.

(ബി) ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർതലത്തിൽ വിവിധങ്ങളായ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. അതിൽ കൃഷി, മൃഗ സംരക്ഷണ വകുപ്പുകൾക്കുള്ള ചുമതലകൾ വളരെ വലുതാണ്. കൃഷി വകുപ്പ് കർഷകർ ഉപയോഗിക്കുന്ന കീടനാശിനികളെ സംബന്ധിച്ചും രാസവളങ്ങളെ സംബന്ധിച്ചും കൃത്യമായ പരിജ്ഞാനം കർഷകർക്ക് നൽകുന്നുണ്ടെങ്കിലും ഇവ പലപ്പോഴും കൃത്യമായി പാലിക്കപ്പെടാത്തതും അമിത വ്യാപാര താല്പര്യം മുൻനിർത്തി, വിളകൾ നഷ്ടപ്പെടാതെ ലഭിക്കുന്നതിനു വേണ്ടിയും കണക്കിൽ കൂടുതൽ കീടനാശിനികളും രാസവളങ്ങളും ഉപയോഗിക്കുന്നത് നിയന്ത്രിക്കാതെ ഭക്ഷ്യസുരക്ഷ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. അതുപോലെ മൃഗസംരക്ഷണ വകുപ്പ് കാലികളുടെയും കോഴി, താറാവ് മറ്റ് ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെയും വളർച്ചയ്ക്കും പരിപാലനത്തിനും കൃത്യമായ മുൻകരുതലുകളും ഇടപെടലുകളും നടത്തിയെങ്കിൽ മാത്രമേ ഭക്ഷ്യയോഗ്യമായ മാംസവും മുട്ടയും ലഭിക്കാൻ സാധിക്കുകയുള്ളൂ.

വിപണിയിൽ ലഭ്യമാകുന്ന പഴം, പച്ചക്കറി, മത്സ്യം, മാംസം, മുട്ട ഇവ പരിശോധിച്ചതുകൊണ്ട് ഒരു പരിധി വരെ മാത്രമേ ഇവയിൽ നിന്നുള്ള ആരോഗ്യപ്രശ്നങ്ങളെ ചെറുക്കാൻ സാധിക്കുകയുള്ളൂ. കൃഷി, മൃഗസംരക്ഷണം, ഭക്ഷ്യ സുരക്ഷ, ആരോഗ്യം, ഫിഷറീസ് എന്നീ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനംകൊണ്ടുമാത്രമേ ഇത്തരം ദുഷ്പ്രവർത്തനങ്ങളെ തടയാൻ സാധിക്കുകയുള്ളൂ.

(സി) ഭക്ഷ്യസുരക്ഷാ നിയമപ്രകാരം മായം കലർത്തുന്നതിനുള്ള പരമാവധി ശിക്ഷ ഏഴ് വർഷം മുതൽ ജീവപര്യന്തം വരെയുള്ള തടവുശിക്ഷയും പത്ത് ലക്ഷം രൂപയിൽ കുറയാതെയുള്ള പിഴയും പ്രാബല്യത്തിലുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ മാസങ്ങളിലും പരിശോധന നടത്താറുണ്ട്. ഇതുകൂടാതെ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ്സ്-പുതുവത്സരം തുടങ്ങിയ ആഘോഷവേളകളിലും ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സമയങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്.

പ്രസ്തുത പരിശോധനകളിൽ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധന നടത്താറുണ്ട്. പ്രസ്തുത പരിശോധനയിൽ മായം കലർത്തിയതായി കണ്ടെത്തിയ സാഹചര്യങ്ങളിൽ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾ

251 (1796) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്ര സ്ഥലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയെന്ന് അറിയിക്കുമോ; ഇവയ്ക്ക് ഫണ്ട് അനുവദിക്കാറുണ്ടോ;

(ബി) സുരക്ഷിത ഭക്ഷണം സംബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ ഓരോ ജില്ലകളിലും നടപ്പാക്കുന്നുണ്ടോ; കഴിഞ്ഞ വർഷം എത്ര ഹോട്ടലുകളിൽ പരിശോധന നടത്തി; എത്ര രൂപ പിഴ ഈടാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തൊട്ടാകെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം 314 ഭക്ഷ്യസുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇവയ്ക്കായി ഫണ്ട് അനുവദിക്കാറുണ്ട്.

(ബി) സുരക്ഷിത ഭക്ഷണം സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിൽ ബോധവൽക്കരണ പരിപാടികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സംഘടിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷം ഹോട്ടലുകളിൽ നടത്തിയ പരിശോധനകൾ സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു:

| ജില്ല | പരിശോധനകളുടെ എണ്ണം | ഈടാക്കിയ പിഴ |
|---|---|---|
| തിരുവനന്തപുരം | 208 | 1437500 |
| കൊല്ലം | 241 | 618000 |
| പത്തനംതിട്ട | 88 | 680500 |
| ആലപ്പുഴ | 301 | 206000 |
| കോട്ടയം | 119 | 168000 |
| ഇടുക്കി | 216 | 169000 |
| എറണാകുളം | 2107 | 1472500 |
| തൃശ്ശൂർ | 385 | 52500 |
| പാലക്കാട് | 45 | 87800 |
| മലപ്പുറം | 123 | 359500 |
| കോഴിക്കോട് | 247 | 883500 |
| വയനാട് | 92 | 212000 |
| കണ്ണൂർ | 121 | 545500 |
| കാസർഗോഡ് | 66 | 210000 |
| ആകെ | 4359 | 7102300 |

**ചാലക്കുടി മണ്ഡലത്തിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി**

252 (1797) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിൽ നിലവിൽ പല കെട്ടിടങ്ങളിലായി ചിതറിക്കിടക്കുന്ന വിവിധ ബ്ലോക്കുകളെ ഒരു കെട്ടിടസമുച്ചയത്തിൻ കീഴിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടി ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) 110 ഏക്കറോളം വരുന്ന ഗാന്ധി ഗ്രാം ത്വക്ക് രോഗാശുപത്രി വക സ്ഥലത്തിൽ, ആശുപത്രിയുടെ വികസനാവശ്യം കഴിഞ്ഞ് ബാക്കിവരുന്ന 100 ഏക്കറോളം സ്ഥലത്ത് ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2017-18 ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ട പദ്ധതികളിൽ ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി ഉൾപ്പെട്ടിട്ടില്ല. അടുത്ത സാമ്പത്തിക വർഷം RIDF മുഖേന ആരോഗ്യ വകുപ്പിന് 50 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ആയതിനാൽ ഗാന്ധിഗ്രാം ത്വക്ക് രോഗ ആശുപത്രിയുടെ വികസനകാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

**ആശുപത്രികളിൽ സുരക്ഷിതരക്തം ലഭ്യമാക്കുന്നതിന് നാറ്റ് ടെസ്റ്റ്**

253 (1798) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രക്തദാനത്തിലൂടെ മാരകമായ രോഗങ്ങൾ പടരുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ ആശുപത്രികളിൽ സുരക്ഷിത രക്തം ലഭ്യമാക്കുന്നതിന് ന്യൂക്ലിക് ആസിഡ് ആംപ്ലിഫിക്കേഷൻ ടെക്നോളജി (നാറ്റ്) നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനിതക ഘടകങ്ങളെ ബാധിക്കുന്ന എച്ച്.ഐ.വി., ഹെപ്പറ്റൈറ്റിസ് ബി തുടങ്ങിയ വൈറസുകളെ കണ്ടുപിടിക്കുന്നതിന് ലോകമെമ്പാടും ഉപയോഗിക്കുന്ന നാറ്റ് ടെസ്റ്റ് പ്രാവർത്തികമാക്കുന്നതിന് നിലവിലെന്തെങ്കിലും വിഘാതമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ നാല് വർഷത്തിനിടയിൽ രണ്ട് എച്ച്.ഐ.വി. കേസ്സുകളാണ് രക്തം സ്വീകരിച്ചതിലൂടെ വന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി&സി) ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ചെലവേറിയതിനാലും നാലാം തലമുറയിലെ എലിസാ ടെസ്റ്റ് ഫലപ്രദമെന്ന് കണ്ടെത്തിയതിനാലും നാക്കോ (National Aids Control Organization) നൽകുന്ന എലിസാ ടെസ്റ്റ് നാലാം തലമുറയിലേയ്ക്ക് ഉയർത്തുന്നതിന് NACO-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കരട് ആരോഗ്യ നയം**

254 (1799) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്രതലത്തിൽ മാതൃകയായി മാറിയ കേരളത്തിലെ

പൊതുജനാരോഗ്യമേഖലയെ ലോകോത്തരമാക്കി മാറ്റുന്നതിനായി കരട് ആരോഗ്യനയത്തിൽ അനുവർത്തിച്ചിട്ടുള്ള സമീപനം വിശദമാക്കാമോ ;

(ബി) പൊതുജനാരോഗ്യപരിപാലനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ സാധാരണക്കാരുടെ ആശ്രയമായ സർക്കാർ ആശുപത്രികൾക്ക് പ്രാമുഖ്യം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യമേഖലയിലെ അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനായി പ്രാഥമിക തലത്തോടൊപ്പം ദ്വിതീയ, ത്രിതീയ തലങ്ങളിലുള്ള സർക്കാർ ആശുപത്രികൾ അത്യാധുനിക വിദഗ്ദ്ധ ചികിത്സാ കേന്ദ്രങ്ങളാക്കി ഉയർത്തുവാൻ പദ്ധതിയുണ്ടോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അവയുടെ ഉപകേന്ദ്രങ്ങളും മുതൽ മെഡിക്കൽ കോളേജുകൾ വരെയാണ് പൊതുജനാരോഗ്യത്തിന്റെ ത്രിതല സംവിധാനം. ഓരോ തട്ടിലെയും സ്ഥാപനങ്ങൾക്ക് വ്യക്തമായ ഉത്തരവാദിത്വമുണ്ടെങ്കിലും ഇത് ലംഘിക്കപ്പെടുമ്പോഴാണ് ഏറ്റവും മുകളിലത്തെ തട്ടിൽ അമിതമായ ജനത്തിരക്കും ഏറ്റവും താഴെത്തട്ടിലുള്ള അവഗണനയും ഉണ്ടാകുന്നത്. ഈ സ്ഥിതിയിൽ മാറ്റംവരുത്താനാണ് ശ്രമിക്കുന്നത്.

ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ്സ് മാനദണ്ഡമനുസരിച്ച് ഉചിതമായ ഭേദഗതികളോടെ ആരോഗ്യ മേഖലയിലെ എല്ലാ സ്ഥാപനങ്ങളെയും തരം തിരിച്ച് കർശനമായ റഫറൽ സംവിധാനം ഏർപ്പെടുത്തുക എന്നതാണ് കരട് ആരോഗ്യ നയത്തിൽ അനുവർത്തിച്ചിട്ടുള്ള സമീപനം.

(ബി) ഉണ്ട്.

(സി) ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ പ്രാഥമികതല ചികിത്സാ കേന്ദ്രങ്ങളായിരിക്കും. ഇവയിൽ നിർബന്ധമായും ഉണ്ടാകേണ്ട അടിസ്ഥാന സൗകര്യങ്ങൾ, ചികിത്സാ സംവിധാനങ്ങൾ എന്നിവ പൊതുവിൽ നിഷ്കർഷിക്കുകയും സമയബന്ധിതമായി ഇവ കൈവരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. എല്ലാ താലൂക്ക് ആശുപത്രികളിലും പൊതുവിൽ ജില്ലാ-ജനറൽ ആശുപത്രികളിലും ദ്വിതല ചികിത്സാ കേന്ദ്രങ്ങളായിരിക്കും. ദ്വിതല ചികിത്സാ കേന്ദ്രങ്ങളിൽ അടിസ്ഥാന സ്പെഷ്യാലിറ്റികളായ മെഡിസിൻ, സർജറി, സ്ത്രീ രോഗ, ശിശു രോഗ വിഭാഗങ്ങൾക്കുപുറമേ ത്വക്ക് രോഗ ചികിത്സ, നേത്രരോഗ ചികിത്സ, ഇ.എൻ.ടി., എല്ലുരോഗ ചികിത്സ തുടങ്ങിയ വിഭാഗങ്ങളെല്ലാം ഉണ്ടാകും.

എല്ലാ മെഡിക്കൽ കോളേജുകളും ത്രിതല ആശുപത്രികളായിരിക്കും. മെഡിക്കൽ കോളേജുകൾക്കുപുറമെ അടിസ്ഥാന സൗകര്യങ്ങൾ മെഡിക്കൽ കോളേജുകൾക്ക് സമാനമായി ലഭ്യമായിട്ടുള്ള ജില്ലാ ആശുപത്രികളും, സർക്കാർ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിലെ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള ജനറൽ ആശുപത്രിയോ താലൂക്ക് ആശുപത്രിയോ കൂടി ത്രിതല ആശുപത്രി സംവിധാനത്തിൽ കൂട്ടിച്ചേർക്കാൻ ലക്ഷ്യമിടുന്നു. പാലക്കാട് ജില്ലയിലെ കോട്ടത്തറ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത മേഖലയിലെ ദ്വിതല ആരോഗ്യ കേന്ദ്രം, ഇടുക്കി, വയനാട് എന്നീ പിന്നോക്കം നിൽക്കുന്നതായി വിലയിരുത്തപ്പെട്ട ജില്ലകളിലെ തെരെഞ്ഞെടുക്കുന്ന ദ്വിതല ആരോഗ്യ കേന്ദ്രം എന്നിവയും ത്രിതല സംവിധാനമായി വികസിപ്പിക്കും. അടിസ്ഥാന സ്പെഷ്യാലിറ്റികൾക്കു പുറമേ, ഹൃദ്രോഗ, വൃക്കരോഗ വിഭാഗങ്ങളും സർജിക്കൽ സ്പെഷ്യാലിറ്റികളും എല്ലാ ത്രിതല ആശുപത്രികളിലും ഉണ്ടാകും.

### സർജിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാരം

255 (1800) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശസ്ത്രക്രിയയുടെ ഭാഗമായി ശരീരത്തിനുള്ളിൽ സ്ഥാപിക്കുന്ന സർജിക്കൽ ഉപകരണങ്ങൾ ഗുണനിലവാരമുള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന് ആശുപത്രികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികൾ ഉൾപ്പെടെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സർജിക്കൽ ഉപകരണങ്ങൾ വാങ്ങണമെന്ന നിർദ്ദേശം ലംഘിക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) വർഷങ്ങളോളം ശരീരത്തിനുള്ളിൽ സ്ഥാപിക്കേണ്ട സർജിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാരമില്ലായ്മ കാരണം കാൻസർപോലുള്ള മാരക രോഗങ്ങൾക്ക് കൂടി ഇടയാകുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഒരു ടെക്നിക്കൽ കമ്മിറ്റിയുടെ സൂക്ഷ്മമായ വിലയിരുത്തലിനുശേഷം അംഗീകാരം കിട്ടുന്ന കമ്പനികളുടെ സർജിക്കൽ ഉപകരണങ്ങളാണ് ശസ്ത്രക്രിയയുടെ ഭാഗമായി ശരീരത്തിനുള്ളിൽ സ്ഥാപിക്കുന്നത്.

(ബി) സർക്കാർ ആശുപത്രികളിൽ അംഗീകൃത സ്ഥാപനങ്ങളുടെ ഉപകരണങ്ങളാണ് ഉപയോഗിക്കാറുള്ളത്.

(സി) ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനാൽ ശരീരത്തിനുള്ളിൽ സ്ഥാപിക്കുന്ന സർജിക്കൽ ഉപകരണങ്ങൾ സാധാരണനിലയിൽ ശരീരത്തിന് മാരകമായ ദോഷങ്ങൾ ഉണ്ടാക്കുന്നില്ല.

**കോമൺ പബ്ലിക് ഹെൽത്ത് ആക്ട്**

256 (1801) <u>ശ്രീ. എ. പി. അനിൽ കുമാർ:</u>

<u>ശ്രീ. കെ. സി. ജോസഫ്:</u>

<u>ശ്രീ. വി. ടി. ബൽറാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള കേരള പബ്ലിക് ഹെൽത്ത് ആക്ട് പരിഷ്കരിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ബി) എല്ലാ വൈദ്യശാസ്ത്ര ശാഖകളെയും ഉൾപ്പെടുത്തി ഏകീകൃത പൊതുജനാരോഗ്യ നിയമം കൊണ്ടുവരുന്ന കാര്യം ആലോചിക്കുമോ;

(സി) ആരോഗ്യ സേവനം വസ്തുനിഷ്ഠവും സുതാര്യവും ഗുണനിലവാരവും ഉള്ളതാണെന്ന് ഉറപ്പുവരുത്താൻ മെഡിക്കൽ ഓഡിറ്റിംഗ് സംവിധാനം കൊണ്ടുവരുമോ;

(ഡി) ജനങ്ങളുടെ ആരോഗ്യാവകാശങ്ങളുടെ ലംഘനവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുവാൻ മെഡിക്കൽ ഓംബുഡ്സ്മാനെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ സർക്കാരിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

(ബി) ഇന്ന് നിലവിലുള്ള രണ്ട് പൊതുജനാരോഗ്യ നിയമങ്ങളിലെ പ്രസക്തമായ വകുപ്പുകൾകൂടി ഉൾപ്പെടുത്തി പുതിയ പൊതുജനാരോഗ്യ നിയമം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കരട് ആരോഗ്യ നയത്തിലുണ്ട്. ടി നിയമം നിലവിൽ വരുന്നതോടെ എല്ലാ വൈദ്യശാഖകളും ടി നിയമത്തിനുകീഴിൽ വരും.

(സി) ആരോഗ്യ സേവനം വസ്തുനിഷ്ഠവും സുതാര്യവും ഗുണനിലവാരമുള്ളതാണെന്നും ഉറപ്പാക്കാൻ മെഡിക്കൽ ഓഡിറ്റിംഗ് സംവിധാനം നടപ്പാക്കുമെന്ന് കരട് ആരോഗ്യ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ആരോഗ്യ നയത്തിന്റെ കരട് രൂപരേഖ**

257 (1802) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. പി. ടി. തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ആരോഗ്യ നയത്തിന്റെ കരട് രൂപരേഖയ്ക്ക് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോഗ്യനയത്തിൽ എന്തൊക്കെ കാര്യങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്, വിശദമാക്കുമോ;

(സി) മെഡിക്കൽ കോളേജുകൾക്കും നഴ്സിംഗ് കോളേജുകൾക്കും സ്വയംഭരണാവകാശം നൽകുന്നതിനും മെഡിക്കൽ കോളേജുകളെ എല്ലാ സ്പെഷ്യാലിറ്റിയും സൂപ്പർ സ്പെഷ്യാലിറ്റിയും ഉള്ള റഫറൽ ആശുപത്രികളാക്കുന്നതിനും നയത്തിൽ നിർദ്ദേശം ഉണ്ടോ; വിശദമാക്കുമോ;

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

1. പകർച്ചവ്യാധികളുടെ നിയന്ത്രണം
2. പ്രാഥമികതലത്തിൽ തന്നെ ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണം.
3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ.
4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ.
5. ദ്വിതീയ തലത്തിൽ രോഗസങ്കീർണതകളുടെ നിയന്ത്രണം.
6. ദ്വിതീയ-തൃതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം.
7. തൃതീയ റഫറൽ സമ്പ്രദായം നടപ്പാക്കൽ.
8. ചികിത്സാ രംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ.

(സി) പ്രവർത്തന സ്വയംഭരണം നൽകാൻ നിർദ്ദേശിക്കുന്നുണ്ട്. സങ്കീർണ്ണമായ ഭരണ നടപടിക്രമങ്ങളും വളരെ കുറച്ച് ഭരണപരമായ സ്വാതന്ത്ര്യവുംമൂലം പ്രിൻസിപ്പൽമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും മെഡിക്കൽ കോളേജ് ഭരണം കാര്യക്ഷമമായും ഫലപ്രദമായും നടത്താൻ കഴിയുന്നില്ല. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾക്കും പ്രവർത്തന സ്വയംഭരണം നൽകുന്നതിനും സ്ഥലംമാറ്റം ഒഴിവാക്കുന്നതിനായി ഓരോ മെഡിക്കൽ കോളേജിനുംവേണ്ടി പ്രത്യേകമായി മെഡിക്കൽ റിക്രൂട്ട്മെന്റ് ബോർഡ് മുഖേന സ്റ്റാഫിനേയും അധ്യാപകരെയും നിയമിക്കുന്നതിനും നിലവിലുള്ള ജീവനക്കാർക്ക് താല്പര്യമുള്ള കോളേജിൽ തുടരാൻ ഓപ്ഷൻ നൽകാൻ വ്യവസ്ഥയുണ്ട്.

പി.ജി. കോഴ്സുകളുടെയും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളുടെയും സീറ്റിന്റെ എണ്ണം മാനവ വിഭവശേഷിയുടെ ആവശ്യകതയ്ക്കും ലഭ്യതയ്ക്കുമനുസൃതമായി തീരുമാനിക്കുന്നതിനും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും എം.സി.ഐ.-യുടെ നിബന്ധനകൾ പാലിച്ച്

ആരംഭിക്കുന്നതിനും ലഭ്യമായ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുകയും ചെയ്യുന്നു. എമർജൻസി മെഡിസിൻ, ജെറിയാട്രിക്സ്, ഫാമിലി മെഡിസിൻ, ക്രിട്ടിക്കൽ കെയർ, സ്പോർട്ട്സ് മെഡിസിൻ, ക്ലിനിക്കൽ എംബ്രിയോളജി, റേഡിയേഷൻ ഫിസിക്സ്, ജെനറ്റിക്സ്, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ എന്നിവയിൽ പുതിയ കോഴ്സുകൾ തുടങ്ങാനും നിർദ്ദേശമുണ്ട്.

എല്ലാ സർക്കാർ നഴ്സിംഗ് കോളേജുകളിലും ഡിഗ്രി, പി.ജി. തലത്തിൽ സൈക്യാട്രി ഉൾപ്പെടെയുള്ള സ്പെഷ്യലൈസേഷനുകളിൽ വകുപ്പ് വിഭജനം അനുവദിക്കുന്നതിനും നഴ്സിംഗ് സൂപ്പർ സ്പെഷ്യാലിറ്റി തുടങ്ങുന്നതിനും ജനറൽ നഴ്സിംഗ് ഡിപ്ലോമയുള്ളവർക്കായി പോസ്റ്റ് ബേസിക് നഴ്സിംഗ് കോഴ്സും നഴ്സിംഗ് പി.എച്ച്.ഡി.-യും തുടങ്ങുന്നതിനും കരട് ആരോഗ്യ നയത്തിൽ നിർദ്ദേശമുണ്ട്.

## കൃത്രിമ പല്ലുകൾ സൗജന്യമായി വച്ചുപിടിപ്പിച്ച് നൽകുന്ന പദ്ധതി

258 (1803) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ സൗജന്യമായി വച്ചുപിടിപ്പിച്ച് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിൽ സ്വകാര്യ ദന്താശുപത്രികളെക്കൂടി പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സർക്കാർ ആശുപത്രികളിൽ ഇതിനുള്ള സൗകര്യങ്ങളുടെ അഭാവമാണോ സ്വകാര്യ ദന്താശുപത്രികളെക്കൂടി ഈ പദ്ധതിയിൽ പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചതിന്റെ കാരണം; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള, 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് പൂർണ്ണ ദന്തനിര സൗജന്യമായി വച്ചുപിടിപ്പിച്ച് നൽകുന്ന 'മന്ദഹാസം' പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി ആനുകൂല്യത്തിനായി ജില്ലാ സാമൂഹ്യനീതി ഓഫീസിൽ അപേക്ഷ സ്വീകരിക്കുകയും ജില്ലാ സാമൂഹ്യനീതി ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, സർക്കാർ ഡെന്റിസ്റ്റ് എന്നിവരടങ്ങുന്ന സമിതി പരിശോധന നടത്തി ഗുണഭോക്താവിനെ തെരഞ്ഞെടുക്കുകയും പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള ആശുപത്രികൾവഴി ദന്തനിര വച്ചുപിടിപ്പിച്ചു നൽകുകയും ചെയ്യുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) മന്ദഹാസം പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ കേസും പൂർത്തിയാക്കുന്നതിന് ഒരാൾക്കുതന്നെ ആശുപത്രികളിൽ നിരവധി സിറ്റിംഗുകൾ വേണ്ടിവരുന്ന സാഹചര്യം കണക്കിലെടുത്തും പദ്ധതി ആനുകൂല്യം പരമാവധി വേഗത്തിൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് സർക്കാർ ആശുപത്രികൾക്കുപുറമേ സ്വകാര്യ ദന്താശുപത്രികളെക്കൂടി പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

## പാലിയേറ്റീവ്, കീമോ തെറാപ്പി സെന്ററുകളും വാർഡുകളും

259 (1804) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ, ഷുഗർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ വിവിധ പി.എച്ച്.സി., ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ പാലിയേറ്റീവ്, കീമോ തെറാപ്പി സെന്ററുകളും വാർഡുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിലേക്കായി ആരോഗ്യ വകുപ്പിൽ പ്രത്യേക സംഘത്തെ രൂപീകരിച്ച് പഠനം നടത്തി, ഈ സംവിധാനം സംസ്ഥാനത്ത് എല്ലായിടത്തും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും ഒരു കാൻസർ ചികിത്സാ കേന്ദ്രം എന്ന ഉദ്ദേശ്യ ലക്ഷ്യവുമായി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച ജില്ലാ കാൻസർ കെയർ പദ്ധതിയിലൂടെ സംസ്ഥാനത്തെ പതിനെട്ടോളം ആശുപത്രികളിൽ കീമോ തെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ മൂർദ്ധന്യാവസ്ഥയിലുള്ള കാൻസർ രോഗികളെ പരിചരിക്കുന്നതിനുള്ള പാലിയേറ്റീവ് കീമോതെറാപ്പി വാർഡും യൂണിറ്റും സജ്ജീകരിച്ചിട്ടുണ്ട്. അഭയം എന്ന പേരിൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ ഗുരുതരാവസ്ഥയിലുള്ള നിരവധി രോഗികൾക്ക് പാലിയേറ്റീവ് കീമോതെറാപ്പിയും വേദനരഹിത ചികിത്സാ വിധികളും പ്രദാനം ചെയ്യുന്നതാണ്.

(ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ഓങ്കോളജി ബിരുദധാരികളുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് വിദഗ്ദ്ധ പരിശീലനം നൽകിയാണ് ജില്ലാ കാൻസർ കെയർ സെന്ററുകളിലും പാലിയേറ്റീവ് കീമോതെറാപ്പി സെന്ററുകളിലും വിന്യസിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ സമയ ദൈർഘ്യമുള്ള ഈ പദ്ധതി ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ സാങ്കേതികമായി സാധിക്കുകയുള്ളൂ.

## പാരാമെഡിക്കൽ ഡയറക്ടറേറ്റിന്റെ രൂപീകരണം

260 (1805) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ ഡയറക്ടറേറ്റിന്റെ അഭാവംമൂലം പ്രസ്തുത മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹെൽത്ത് ഡയറക്ടറേറ്റിന്റെ മാതൃകയിൽ പാരാമെഡിക്കൽ ഡയറക്ടറേറ്റ് സ്ഥാപിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്; അതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടേണ്ടതുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാർത്ഥികൾ ലഹരിക്കായി ഇംഗ്ലീഷ് മരുന്നുകൾ ഉപയോഗിക്കുന്നത്

261 (1806) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനോരോഗ ചികിത്സക്കായുള്ള ഗുളികകൾ അടക്കമുള്ള ഇംഗ്ലീഷ് മരുന്നുകൾ ലഹരിക്കായി വിദ്യാർത്ഥികൾ ഉപയോഗിക്കുന്നു എന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സൈക്കോട്രോപ്പിക് സബ്സ്റ്റൻസുകളിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള മരുന്നുകളെ ഷെഡ്യൂൾ എച്ച് 1 എന്ന പ്രത്യേക പട്ടികയിൽ ഉൾപ്പെടുത്തി ഇവയുടെ വിതരണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ ഭേദഗതി ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഡോക്ടറുടെ കുറിപ്പടി പ്രകാരം മാത്രമേ ഇത്തരം മരുന്നുകൾ വിപണനം ചെയ്യാൻ പാടുള്ളൂ. കൂടാതെ ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ വേണമെന്നും നിയമം നിഷ്കർഷിക്കുന്നുണ്ട്. പരിശോധനാവേളകളിൽ പ്രസ്തുത രജിസ്റ്ററുകൾ പരിശോധിക്കുകയും നിയമലംഘനം ശ്രദ്ധയിൽപ്പെടുന്നപക്ഷം കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ആയതുകൊണ്ട് തന്നെ ഇത്തരം മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആർക്കും എളുപ്പത്തിൽ ലഭ്യമാകുന്ന സാഹചര്യം നിലവിലില്ല.

**അങ്കണവാടികളുടെ പുനരുദ്ധാരണം**

262 (1807) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 24 അങ്കണവാടികളുടെ പുനരുദ്ധാരണത്തിനായി പണി ആരംഭിക്കാനിരിക്കെ കുറ്റിപ്പുറം ശിശുവികസന ഓഫീസർ തുക പി.ഡബ്ല്യൂ.ഡിയുടെ ഹെഡിലേയ്ക്ക് മാറ്റി നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിലേക്കായി കോട്ടക്കൽ മണ്ഡലത്തിലെ മാറാക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ മൊയ്തീൻകുട്ടി മാസ്റ്റർ സമർപ്പിച്ച നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് അനുവദിക്കണമെന്നും വകുപ്പിൽ നിന്നും തുക കൈമാറി നൽകണമെന്നും സാമൂഹ്യക്ഷേമ വകുപ്പിനോട് പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുള്ള കാര്യം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ 24 അങ്കണവാടി കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തിക്കായി 40 ശതമാനം തദ്ദേശ സ്വയംഭരണ വകുപ്പ് വിഹിതം പി.ഡബ്ല്യു.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള 8843-00-108-PWD Deposit എന്ന ശീർഷകത്തിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യുവാൻ വകുപ്പിന്റെ നിർദ്ദേശാനുസരണം കുറ്റിപ്പുറം അഡീഷണൽ ശിശു വികസന ഓഫീസർ മാറാക്കര ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. മൊയ്തീൻകുട്ടി മാസ്റ്റർ സമർപ്പിച്ച നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**സ്വകാര്യ മെഡിക്കൽ കോളേജുകളിലെ അഡ്മിഷൻ**

263 (1808) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ ന്യൂനപക്ഷ മാനേജ്മെന്റുകളുടെയും കല്പിത സർവ്വകലാശാലകളുടെയും മെഡിക്കൽ കോളേജുകൾ എത്ര എണ്ണമുണ്ട്; അവിടെ എത്ര സീറ്റുകൾ വീതമുണ്ട്; അതിൽ സർക്കാർ സീറ്റുകൾ എത്ര; വിവരങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത കോളേജുകളിലെ സീറ്റുകളിലേക്കുള്ള പ്രവേശനം സർക്കാർ കൗൺസിലിംഗ് വഴി നടത്തണമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ പുതിയ സത്യവാങ്മൂലംവഴി സുപ്രീംകോടതിയെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത മേഖലയിലെ അഡ്മിഷൻ സുതാര്യമാക്കാൻ ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്നും അതുവഴി സംസ്ഥാനത്ത് നടന്നുവരുന്ന വിദ്യാഭ്യാസ കച്ചവടം എപ്രകാരം ഇല്ലാതാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) അഖിലേന്ത്യാ ക്വാട്ടയിൽ രണ്ട് റൗണ്ടിനുശേഷം ബാക്കി സംസ്ഥാന ക്വോട്ടയിലാക്കാനും അഖിലേന്ത്യാ ക്വാട്ടയിൽ വന്നവർക്ക് ഒഴിവാകാൻ അവസരം അനുവദിക്കാതിരിക്കാനും ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) കൗൺസിലിംഗ് ഘട്ടത്തിൽത്തന്നെ ഫീസ് ഈടാക്കി ബന്ധപ്പെട്ട കോളേജുകൾക്ക് അത് കൈമാറാനും എല്ലാ അഡ്മിഷനും സർക്കാർ കൗൺസിലിംഗ് വഴിയാക്കാനും ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് സ്വകാര്യ ന്യൂനപക്ഷ മാനേജ്മെന്റുകളുടെ കീഴിലുള്ള 14 മെഡിക്കൽ കോളേജുകളുടെ പേരുവിവരവും സീറ്റുകളുടെ എണ്ണവും അനുബന്ധമായി വച്ചിട്ടുണ്ട്*. സംസ്ഥാനത്തെ ഏക കൽപ്പിത സർവ്വകലാശാലയായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ 2017-18-ലെ എം.ബി.ബി.എസ്. അഡ്മിഷൻ നടത്തിയത് കേന്ദ്ര ഏജൻസിയായതിനാൽ സീറ്റ് വിവരം ലഭ്യമല്ല.

(ബി) ന്യൂനപക്ഷ കോളേജുകളിലെ മുഴുവൻ സീറ്റുകളിലും 2017-18 വർഷം സർക്കാരാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. പുതിയ സത്യവാങ്മൂലം സംബന്ധിച്ച വിവരം ലഭ്യമല്ല.

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മുഴുവൻ സീറ്റുകളും സർക്കാർ അലോട്ട്മെന്റിനായി ലഭ്യമാകുന്ന മുഴുവൻ സീറ്റുകളും ഏകീകൃത കൗൺസലിംഗ് വഴി പ്രവേശനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മുഴുവൻ സീറ്റുകളും സർക്കാർ നേരിട്ട് നടത്തുന്ന ഏകീകൃത കൗൺസലിംഗ് വഴി നികത്തപ്പെടുമ്പോൾ വിദ്യാഭ്യാസ കച്ചവടത്തിനുള്ള സാധ്യത തീരെയില്ലാതാകുന്നതാണ്.

(ഡി) അഖിലേന്ത്യാ ക്വാട്ടയിലെ രണ്ടാംഘട്ട കൗൺസലിംഗിനുശേഷം ഒഴിവു വരുന്ന സീറ്റുകൾ അതത് സ്റ്റേറ്റുകൾക്ക് കൈമാറ്റം ചെയ്തുവരാറുണ്ട്. അഖിലേന്ത്യ ക്വാട്ടയിലെ രണ്ടാംഘട്ട അലോട്ട്മെന്റിനുശേഷം ആ സീറ്റുകളിൽ നിന്നും വിടുതൽ നേടാൻ വിദ്യാർത്ഥികളെ കേന്ദ്ര നിർദ്ദേശപ്രകാരം അനുവദിക്കാറില്ല.

(ഇ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മുഴുവൻ സീറ്റുകളും ഉൾപ്പെടെ സംസ്ഥാന സർക്കാരിന് അലോട്ട്മെന്റിനായി ലഭ്യമായ സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ ഏകീകൃത കൗൺസലിംഗ് വഴി പ്രവേശനം നടത്തുമ്പോൾ ഫീസിനത്തിലുള്ള മുഴുവൻ തുകയും പ്രവേശന പരീക്ഷാ കമ്മീഷണർതന്നെ ഈടാക്കി വരുന്നു.

## ഇംഹാൻസിലെ എം.ഫിൽ. വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെന്റ്

264 (1809) <u>ശ്രീ. എ. പ്രദീപ്കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഇംഹാൻസ് എന്ന സ്ഥാപനത്തിലെ എം.ഫിൽ. വിദ്യാർത്ഥികൾക്ക് ഇതുവരെ സ്റ്റൈപ്പെന്റ് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്ത് കാരണത്താലാണ് ഇവർക്ക് സ്റ്റൈപ്പെന്റ് നൽകാത്തത് എന്ന വ്യക്തമാക്കുമോ;

(സി) ബാംഗ്ലൂർ നിംഹാൻസ് പോലുള്ള സമാനമായ സ്ഥാപനങ്ങളിൽ സ്റ്റൈപ്പെന്റ് നൽകുന്നതുപോലെ പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പെന്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇംഹാൻസിനെ മികവിന്റെ കേന്ദ്രമാക്കിയതിന്റെ ഭാഗമായാണ് ഈ കോഴ്സുകൾ തുടങ്ങിയത്. ഇതിനുവേണ്ടി ഫണ്ട് അനുവദിച്ചത് കേന്ദ്രഗവൺമെന്റാണ്. ഈ ഫണ്ടിൽ സ്റ്റൈപ്പെന്റിന് തുക വകയിരുത്താത്തതിലാണ് ഇതുവരെ അനുവദിക്കാൻ കഴിയാത്തത്.

(സി) പരിശോധിച്ചുവരുന്നു.

**ആശുപത്രി കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഇളവ്**

265 (1810) <u>ശ്രീ. പി. ടി. തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നത് പരിസ്ഥിതിലോല പ്രദേശത്തായതിനാൽ അതിന് അനുമതി നൽകുവാൻ കഴിയില്ലായെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അറിയിച്ചിട്ടുണ്ടോ;

(ബി) കസ്തൂരി രംഗൻ റിപ്പോർട്ടിൽ ആശുപത്രി കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഇളവ് ഇടുക്കി മെഡിക്കൽ കോളേജിന് ലഭ്യമാക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അറിയിച്ചിട്ടില്ല.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**യുനാനി - സിദ്ധ ചികിത്സാ കേന്ദ്രങ്ങൾ**

266 (1811) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. മുഖേനയും ആരോഗ്യവകുപ്പ് നേരിട്ടും എത്ര യുനാനി സിദ്ധചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കാമോ;

(ബി) എൻ.ആർ.എച്ച്.എം. മുഖേന കൂടുതൽ യുനാനി സിദ്ധ ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പ് നേരിട്ട് ഒന്നും എൻ.ആർ.എച്ച്.എം. മുഖേന 15-ഉം യുനാനി സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ആയുഷ് വകുപ്പ് നേരിട്ട് 17-ഉം എൻ.ആർ.എച്ച്.എം. മുഖേന 28-ഉം സിദ്ധ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പരിയാരം മെഡിക്കൽ കോളേജ്**

267 (1812) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോഴാണ് ഏറ്റെടുക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തീരുമാനത്തിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പരിയാരം മെഡിക്കൽ കോളേജിന്റെ കടബാധ്യതകൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ എപ്പോഴാണ് ഈ തീരുമാനം എടുത്തതെന്നും പ്രസ്തുത തീരുമാനം എടുക്കുമ്പോൾ എത്രയായിരുന്നു കടബാധ്യതയെന്നും വ്യക്തമാക്കാമോ;

(ഡി) കടബാധ്യതകൾ സർക്കാർ ഏറ്റെടുത്തശേഷവും ഹൃദയ ശസ്ത്രക്രിയാ ഉപകരണങ്ങളും സ്റ്റെന്റ് പോലുള്ള ജീവൻ രക്ഷാ സാമഗ്രികളും വാങ്ങിക്കൂട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സാമഗ്രികൾ വാങ്ങുന്നത് സർക്കാരിന്റെ മേൽനോട്ടത്തിലാണോ എന്ന് വ്യക്തമാക്കാമോ;

(എഫ്) പരിയാരം മെഡിക്കൽ കോളേജ് ഹഡ്കോയ്ക്ക് എത്ര പണം നൽകാനുണ്ടെന്നും ടി പണം ആരു നൽകുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പരിയാരം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) പരിയാരം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഗ്യാരണ്ടിയിൽ 46.5 കോടി രൂപ ഹഡ്കോയിൽ നിന്നും 1997-ൽ എടുത്തിട്ടുണ്ടായിരുന്നു. ഈ ബാധ്യത പലിശ ഉൾപ്പെടെ 279,23,02,508 രൂപ കൊടുത്തുതീർപ്പാക്കാൻ 26-8-2017-ലെ സ.ഉ.(എം എസ്.) 126/2017/ആ.കു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അല്ല.

(എഫ്) പലിശ ഉൾപ്പെടെ ഹഡ്കോയ്ക്ക് നൽകാനുള്ള 279,23,02,508 രൂപ സർക്കാർ നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

## കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ സേവന-വേതന വ്യവസ്ഥകൾ

268 (1813) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ദിവസ വേതനം/ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെയും, കോർപ്പറേഷനുകളിലെയും, ദിവസ വേതനം/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ച രീതിയിൽ, മെഡിക്കൽ സർവ്വീസ് കേർപ്പറേഷനിലും വേതന വർദ്ധനവ് നടപ്പാക്കുമോ; ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ദിവസ വേതനം/ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജനറിക് മെഡിസിൻ**

269 (1814) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനറിക് മെഡിസിൻ വിതരണം കാര്യക്ഷമമാണോ;വിശദമാക്കാമോ;

(ബി) ഒരേ മരുന്നിനുതന്നെ വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയന്ത്രണ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മരുന്നുകളുടെ അമിത വിലയിൽ നിന്നും പൊതുജനങ്ങളെ സഹായിക്കാൻ ആരംഭിച്ച നടപടികൾ വിശദമാക്കാമോ; വില നിലവാരം മനസ്സിലാക്കാൻ പോർട്ടൽ സംവിധാനം ആവിഷ്കരിക്കുമോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെയുള്ള ജനറിക് മരുന്നുകളുടെ വിതരണം കാര്യക്ഷമമായിത്തന്നെയാണ് നടക്കുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിലൂടെ പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നത് പൂർണ്ണമായും ജനറിക് മരുന്നുകളാണ്. കേരളാ ജനറിക്സ്, ജൻ ഔഷധി സ്റ്റോറുകൾ, സ്വകാര്യ ഫാർമസികൾ എന്നിവവഴിയും പൊതുവിപണിയിൽ ജനറിക് നാമത്തിലുള്ള മരുന്നുകൾ ലഭ്യമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര അവശ്യവസ്തു നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് ഡ്രഗ് പ്രൈസ് കൺട്രോൾ ഓഡർ (DPCO) പ്രകാരം, ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയാണ് (NPPA) രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള പരമാവധി വിലയ്ക്കു താഴെ ഏത് വിലയിലും നിർമ്മാതാവിന് മരുന്ന് വിപണിയിൽ ലഭ്യമാക്കാം. നിലവിലെ നിയമപ്രകാരം അതിൽ അപാകതകളൊന്നുമില്ല. അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകളുടെ (നോൺ-ഷെഡ്യൂൾഡ് ഫോർമുലേഷൻസ്) നിർമ്മാതാക്കൾ അവരുടെ ഉൽപന്നത്തിന്റെ വില സ്വയം നിശ്ചയിച്ചുറപ്പിച്ച് എൻ.പി.പി.എ.-യുടെ അംഗീകാരം ലഭ്യമാക്കിയതിനുശേഷം വിപണനം ചെയ്യുന്നതാണ് നിലവിലെ രീതി. ടി ഉൽപ്പന്നങ്ങളുടെ വിലയിൽ വർഷതോറും 10% വർദ്ധനവ് നടത്താമെന്ന് ഡി.പി.സി.ഒ. നിഷ്കർഷിക്കുന്നുണ്ട്.

ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്നുവില പരിധി ലംഘിക്കുന്നതായി കാണുന്ന പക്ഷം, പ്രസ്തുത മരുന്ന് നിർമ്മാതാക്കളുടെ വിശദാംശങ്ങൾ NPPA-യെ അറിയിക്കുന്നുണ്ട്.

(സി) ബ്രാൻഡഡ് മരുന്നുകൾ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയിൽ ജനങ്ങളിലെത്തിക്കുന്നതിനായി ആരംഭിച്ച കാരുണ്യ ഫാർമസിക്ക് ഇപ്പോൾ കേരളത്തിലുടനീളം 60-ഓളം ശാഖകളുണ്ട്. കൂടാതെ സർക്കാർ ആശുപത്രികൾ വഴി ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ടെങ്കിലും, ചില കുറിപ്പടികളെങ്കിലും പുറത്തുപോകുന്നതിനാൽ സാധാരണക്കാരന് ഉണ്ടായേക്കാവുന്ന സാമ്പത്തികബാദ്ധ്യത ലഘൂകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെകീഴിൽ ആരംഭിച്ച പുതിയ സംരംഭമാണ് കേരള ജനറിക്സ്. കഴിഞ്ഞ ഏഴ് മാസക്കാലമായി കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകളിലും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) എറണാകുളം ജനറൽ ആശുപത്രിയിലും കേരള ജനറിക്സ് ഫാർമസികൾ പ്രവർത്തിച്ചുവരുന്നു.

വില നിയന്ത്രണ പട്ടികയിലുള്ള എല്ലാ ജീവൻ രക്ഷാമരുന്നുകളും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയിൽ തന്നെയാണോ നിർമ്മാതാക്കൾ/ വിതരണക്കാർ/ വിൽപ്പനക്കാർ വിപണിയിൽ ലഭ്യമാക്കുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തര പരിശോധനകളിലൂടെ ഉറപ്പാക്കുന്നുണ്ട്. വില നിയന്ത്രണ പട്ടിക, NPPA-യുടേയും ഡ്രഗ്സ് കൺട്രോൾ ജനറൽ(ഇന്ത്യ)-ന്റെയും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെയും വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## സ്വകാര്യ - പൊതുമേഖലാ മെഡിക്കൽ സ്റ്റോറുകളിൽ ഫാർമസിസ്റ്റ് നിയമനം

270 (1815) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ , പൊതു മേഖലാ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ എടുത്തു കൊടുക്കുന്നതിന് ഫാർമസിസ്റ്റിനെ നിയമിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മരുന്ന് വിൽപ്പനയുടെ മേൽനോട്ടത്തിനായി മരുന്ന് വിൽപ്പന ശാലകളിൽ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം കർശനമാണെന്ന് ഡ്രഗ്സ് &കോസ്മെറ്റിക്സ് റൂൾസിലെ, റൂൾ 64, 65(2) എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ മുഴുവൻ സമയ സേവനം, നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ എന്നിവ ഉറപ്പാക്കിയതിനുശേഷം മാത്രമാണ് മരുന്നു വിൽപ്പന ലൈസൻസുകൾ അനുവദിക്കുന്നത്. ആയതിനാൽ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ എടുത്തുകൊടുക്കുന്നതിന് ഫാർമസിസ്റ്റിനെ നിയമിക്കണമെന്ന് പ്രത്യേക നിർദ്ദേശത്തിന്റെ ആവശ്യമില്ല.

(ബി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്ന് വിൽപ്പനശാലകളിൽ നടത്തുന്ന പതിവ് പരിശോധനാവേളകളിൽ ഇക്കാര്യം ഉറപ്പുവരുത്തുന്നുണ്ട്. രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനമില്ലാതെയുള്ള മരുന്ന് വില്പന ശ്രദ്ധയിൽപ്പെടുന്ന പക്ഷം ലൈസൻസ് സസ്പെൻഷൻ പോലുള്ള വകുപ്പുതല നടപടികളും അനിവാര്യമാണെന്ന് കണ്ടാൽ നിയമനടപടികളും ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്.

**അവയവമാറ്റ ശസ്ത്രകിയ**

271 (1816) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ജീവിതകാലം മുഴുവൻ ഉപയോഗിക്കുന്ന മരുന്നുകളുടെ അമിതവില കണക്കിലെടുത്ത് ഇവ നിർമ്മിക്കുന്നതിനായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) കഴിഞ്ഞ ബജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുള്ള 10 കോടി രൂപ എന്തിനെല്ലാമായാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നോൺ ബീറ്റാലാക്ടം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അവയവ ശസ്ത്രക്രിയയ്ക്ക് വിധേയരായവർക്കുവേണ്ട മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നത്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. സിവിൽ വർക്കുകൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട

മെഷിനറികൾക്കെല്ലാം ഓർഡർ നൽകിക്കഴിയുകയും അത് ഉദ്ദേശം ഒരു മാസത്തിനുള്ളിൽ ഇൻസ്റ്റാൾ ചെയ്യുന്നതുമാണ്. മറ്റ് അനുബന്ധ ഉപകരണങ്ങൾക്കെല്ലാംതന്നെ ഓർഡർ നൽകുകയും പണികൾ നടന്നുവരികയും ചെയ്യുന്നുണ്ട്. നാല് മാസത്തിനുള്ളിൽ ഉല്പാദനം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയിട്ടുള്ള പത്ത് കോടി രൂപ മെഷിനറികൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കുമായിട്ടാണ് വിനിയോഗിച്ചത്.

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ

272 (1817) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന പഴയ ഓഫീസ് കെട്ടിടത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂക്കോട്ട് കാവ് ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ഇല്ല.

(ബി) ഇല്ല. ടി ഗ്രാമപഞ്ചായത്തിൽ നിലവിൽ എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നുണ്ട്.

## വ്യാജ പ്രകൃതി ചികിത്സകരെ തടയാൻ സംവിധാനം

273 (1818) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യാജ പ്രകൃതി ചികിത്സാ രീതികൾമൂലം ധാരാളം ചികിത്സാ പിഴവുകൾ ഉണ്ടാകുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കെ പ്രസ്തുത വ്യാജ ചികിത്സകരെ തടയാൻ എന്തെങ്കിലും നിയമ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

1953-ലെ T.C.M.C ആക്ട് 38-ാം വകുപ്പപ്രകാരം ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനില്ലാത്ത യാതൊരാൾക്കും കേരളത്തിൽ പ്രാക്ടീസ് നടത്താൻ കഴിയുകയില്ല. അപ്രകാരം രജിസ്ട്രേഷൻ നേടാതെ പ്രാക്ടീസ് നടത്തുന്നത് നിയമവിരുദ്ധമാകയാൽ ആയതിന് ക്രിമിനൽ നടപടിക്ക് സർക്കാരിനോട് ശിപാർശ ചെയ്യാൻ പ്രസ്തുത ആക്ടിന്റെ 44-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പിൽ വ്യാജ ചികിത്സകരെ തടയാൻ നിയമ സംവിധാനം ഇപ്പോൾ നിലവിലുണ്ട്. വ്യാജചികിത്സകരെ സംബന്ധിച്ച പരാതികൾ ജില്ലാ കളക്ടർവഴി ലഭിക്കുന്നത് ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധന നടത്തി റിപ്പോർട്ട് നൽകാറുണ്ട്. കൂടാതെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിലേയ്ക്ക് പരിശോധനയ്ക്കായി പരാതികൾ അയച്ചുകൊടുത്തും നടപടി സ്വീകരിച്ചുവരുന്നു.

## കേരളത്തിൽ ബി.എൻ.വൈ.എസ്. കോളേജ്

274 (1819) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യോഗ-പ്രകൃതി ചികിത്സ അംഗീകൃത ഡിഗ്രിയായ ബി.എൻ.വൈ.എസ്. കോഴ്സ് ഉള്ള കോളേജ് സംസ്ഥാനത്ത് നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബി.എൻ.വൈ.എസ്. കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഔഷധ സസ്യങ്ങളുടെ പരിപാലനം

275 (1820) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധ സസ്യങ്ങളുടെ പരിപാലനത്തിനായി ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; അറിയിക്കുമോ;

(ബി) ഔഷധ സസ്യങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഔഷധ സസ്യങ്ങളുടെ കൃഷിയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വിദേശ വരുമാനം കണ്ടെത്താനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഔഷധ സസ്യങ്ങളുടെ പരിപാലനത്തിനായി നടപ്പ് സാമ്പത്തിക വർഷം 60 ലക്ഷം രൂപ ഭാരതീയ ചികിത്സാ വകുപ്പിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

ഔഷധ സസ്യങ്ങളുടെ പരിപാലനത്തിനായി ഗ്രീൻ ഹൗസ് നിർമ്മിക്കുന്നതിനും പഴയ ഗ്രീൻ ഹൗസുകൾ പുതുക്കി പണിത് ഔഷധത്തോട്ടത്തിന്റെ ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി പ്ലാൻ ഫണ്ടിൽ തുക അനുവദിക്കുകയും പി.ഡബ്ല്യൂ.ഡി-യുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് ഔഷധ സസ്യങ്ങളുടെ പരിപാലനത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന ഔഷധ സസ്യ ബോർഡ് ഗൃഹാങ്കണത്തിൽ ഔഷധോദ്യാനം, കാവുകളിലെ ഔഷധ സസ്യ സംരക്ഷണം, സ്കൂളിലൊരു ഔഷധത്തോട്ടം തുടങ്ങിയ ജനപ്രിയ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ തനത് ആവാസ വ്യവസ്ഥയിലേയും ആവാസ വ്യവസ്ഥയ്ക്ക് പുറമേയുള്ള ഔഷധ സസ്യ സംരക്ഷണം, ജില്ലാതല ഔഷധ സസ്യ ഉദ്യാനങ്ങൾ, സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലെ ഔഷധ സസ്യ ഉദ്യാനങ്ങൾ, ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉൽപ്പാദനം, തരിശുഭൂമികളിലെ ഔഷധ സസ്യ കൃഷി, വനംവകുപ്പുമായി സഹകരിച്ചുള്ള ഔഷധ സസ്യ കൃഷി, തുടങ്ങി ഔഷധ സസ്യ മേഖലയെ പരിപോഷിപ്പിക്കുവാനുതകുന്ന വിവിധ സംരക്ഷണ പദ്ധതികൾ വിജയകരമായിത്തന്നെ സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്.

ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെയുള്ള മുൻകാലങ്ങളിൽ അനുവദിച്ച വിവിധ പദ്ധതികൾ നിലവിലും തുടർന്നുവരുന്നു. ഈ പദ്ധതികളിലൂടെ വിപണിയിൽ വളരെയധികം ആവശ്യമുള്ളതും, അപൂർവ്വവുമായ വിവിധതരം ഔഷധ സസ്യങ്ങളുടെ നടീലും പരിപാലനവും നടത്തിവരുന്നു.

ഔഷധ സസ്യ കൃഷി കൂടുതൽ ജനകീയമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഔഷധ സസ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ടും കർഷക സംഘങ്ങളുടെ സഹായസഹകരണത്തോടും ദേശീയ ഔഷധ സസ്യ ബോർഡിന്റെ സാമ്പത്തിക സഹായത്തോടുംകൂടി ഗ്രാമീണം എന്ന പദ്ധതി നടപ്പാക്കിവരുന്നു.

സംസ്ഥാന സർക്കാർ ആരോഗ്യ രംഗത്ത് നടപ്പിലാക്കുന്ന വിവിധ ഔഷധ സസ്യ പരിപാലന കർമ്മ പദ്ധതികളുടെ ഭാഗമായി ആര്യവേപ്പിന്റെയും കറിവേപ്പിന്റെയും പ്രാധാന്യവും സംരക്ഷണവും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന ഔഷധ സസ്യ ബോർഡ് നടപ്പിലാക്കുന്ന പദ്ധതിയാണ് "ഗൃഹചൈതന്യം". സംസ്ഥാനത്തെ എല്ലാ വീടുകളിലും "ഒരു വേപ്പും കറിവേപ്പും" എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. നടപ്പുസാമ്പത്തിക വർഷം ഒരു ജില്ലയിൽ ഒരു ഗ്രാമപഞ്ചായത്തുവീതം 14 ഗ്രാമപഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി 7000 എണ്ണംവീതം ആര്യവേപ്പും കറിവേപ്പും ഗ്രാമപഞ്ചായത്തുകളിൽ നൽകുകയുണ്ടായി.

ഔഷധിയുടെ കുട്ടനെല്ലൂരിലെ ഫാക്ടറി കോമ്പൗണ്ടിലും കണ്ണൂർ ജില്ലയിലെ പരിയാരത്തെ സബ്സെന്ററിലും ഔഷധ സസ്യങ്ങൾ നട്ടുവളർത്തി പരിപാലിച്ചുവരുന്നു. കൂടാതെ ഔഷധ സസ്യങ്ങൾ ഉൽപാദിപ്പിക്കുന്നതിനുവേണ്ടി രണ്ടു നഴ്സറികൾ കുട്ടനെല്ലൂരിലും പരിയാരത്തും പ്രവർത്തിച്ചുവരുന്നു.

(ബി) ഔഷധ സസ്യങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ലഭ്യമായ സ്ഥല പരിമിതിക്കുള്ളിൽ തന്നെ ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും സ്ഥാപനങ്ങളിലെ ഡോക്ടർമാർ ഔഷധ സസ്യങ്ങളെക്കുറിച്ചുള്ള ക്ലാസുകൾ എടുത്തുവരികയും ചെയ്യുന്നുണ്ട്.

ഗുണവും മേന്മയുമുള്ള വിത്തിനങ്ങൾ ശേഖരിച്ച് തോട്ടം തൊഴിലാളികളെക്കൊണ്ട് നട്ടുവളർത്തി ഔഷധത്തോട്ടത്തോട് അനുബന്ധിച്ചുള്ള നഴ്സറിയിൽനിന്നും ഉല്പാദനശേഷിയുള്ള ഔഷധ സസ്യതൈകൾ തുച്ഛമായ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽക്കുന്നുണ്ട്.

പൊതുജനങ്ങൾക്കും കർഷകർക്കും കൃഷി ചെയ്യുന്നതിനായി ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ തൈകൾ സൗജന്യമായി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കേണ്ടതിനും അതിൽക്കൂടി സംസ്ഥാനത്തിന്റെ ഔഷധ സസ്യ സമ്പത്ത് ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും വന ഗവേഷണ സ്ഥാപനം പീച്ചി, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ പാലോട്, ആയുർവ്വേദ ഗവേഷണ സ്ഥാപനം തിരുവനന്തപുരം, എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ കൽപ്പറ്റ, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ കോഴിക്കോട്, ചേതന ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് സൊസൈറ്റി കായംകുളം തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ഉൽപ്പാദിപ്പിച്ചെടുത്ത ഒരു ലക്ഷത്തിലധികം ഔഷധ സസ്യ തൈകൾ ഓരോ വർഷവും സംസ്ഥാന ഔഷധ സസ്യ ബോർഡ് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ജനപ്രിയ പദ്ധതികളായ ഗൃഹാങ്കണത്തിൽ

ഔഷധോദ്യാനം, കാവുകളിലെ ഔഷധ സസ്യ സംരക്ഷണം, സ്കൂളിലൊരു ഔഷധത്തോട്ടം, തുടങ്ങിയ പദ്ധതികളിലൂടെ നടപ്പുസാമ്പത്തിക വർഷം മൂന്ന് ലക്ഷത്തിലധികം തൈകൾ ഉൽപ്പാദിപ്പിച്ച് നട്ട് സംരക്ഷിക്കുന്നുണ്ട്.

ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ 2014-15, 2015-16, 2016-17 വർഷങ്ങളിൽ അംഗീകരിച്ച വിവിധ പദ്ധതികളിലൂടെ വിപണിയിൽ വളരെയധികം ആവശ്യമുള്ളതും അപൂർവ്വമായതുമായ വിവിധയിനം ഔഷധ സസ്യങ്ങൾ നട്ട് പരിപാലനം നിർവ്വഹിച്ചുവരുന്നു. ഇത്തരത്തിലുള്ള പദ്ധതികളിലൂടെ വിവിധയിനം ഔഷധ സസ്യ ഇനങ്ങളുടെ ലഭ്യത നിലനിർത്താൻ സാധിക്കുന്നു.

ഔഷധ സസ്യങ്ങളുടെ ഉൽപ്പാദനത്തിനും വിതരണത്തിനുമായി രണ്ട് നഴ്സറികൾ ഔഷധിക്കുണ്ട്. കുട്ടനെല്ലൂരും പരിയാരത്തുമുള്ള നഴ്സറികളിലൂടെ പ്രതിവർഷം മൂന്ന് ലക്ഷത്തിൽപരം ഔഷധ സസ്യങ്ങൾ സൗജന്യമായി നേരിട്ടും, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയിലൂടെയും പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു.

(സി) ദേശീയ ഔഷധ സസ്യ ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന ഔഷധ സസ്യ ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗ്രാമീണം പദ്ധതി പഞ്ചായത്തുകളിൽ ഔഷധ സസ്യ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനും കൂടുതൽ ഔഷധ സസ്യ കർഷകർക്ക് ഗുണകരമാവുംവിധം വിപുലപ്പെടുത്തുന്നതിനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾ പങ്കാളിത്ത വന പരിപാലനത്തിലൂടെ വന സംരക്ഷണ സമിതികൾ വഴിയാണ് നടപ്പാക്കുന്നത്. ഇതുവഴി വനാശ്രിതരായ ആദിവാസികൾ ഉൾപ്പെടെയുള്ളവർക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കുന്നു. ഔഷധ സസ്യങ്ങൾ വനംവകുപ്പ് നേരിട്ട് വിദേശ വിപണിയിൽ എത്തിക്കുന്നില്ലെങ്കിലും വിദേശ വിപണിയിലും പങ്കാളിത്തമുള്ള ഔഷധി പോലുള്ള സ്ഥാപനങ്ങൾ, വന സംരക്ഷണ സമിതികൾ എന്നിവ വഴിയും അല്ലാതെയും വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ വാങ്ങുക വഴി വിദേശ വിപണിയിൽ പങ്കാളികളാകാൻ വനാശ്രിതരായ ആദിവാസികൾക്കും അവസരം കൈവരുന്നുണ്ട്.

മറ്റത്തൂർ പഞ്ചായത്തിൽ ഗ്രാമീണം പദ്ധതിയിലൂടെ ആദിവാസി മേഖലയിലും കർഷക കൂട്ടായ്മകൾക്കും പ്രത്യേകിച്ചും കുടുംബശ്രീകൾക്കും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാന ഔഷധ സസ്യ ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പുസമയത്ത് ഹ്രസ്വകാലത്തേയ്ക്കെങ്കിലും തൊഴിലവസരങ്ങൾ സാധാരണക്കാർക്കുകൂടി ഗുണകരമാകും വിധം ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കർഷകരെ ഔഷധ സസ്യ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനായി ഇവരുടെ ഉൽപ്പന്നങ്ങൾ ടെണ്ടർ കൂടാതെ ഔഷധി നേരിട്ട് വാങ്ങുന്നുണ്ട്. വിപണി ഉറപ്പായാൽ കൂടുതൽ പേർ ഔഷധ സസ്യ കൃഷിയിലേയ്ക്ക് ആകർഷിക്കപ്പെടുകയും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതാണ്.

**ആയുർവേദ ഡ്രഗ് ലൈസൻസ് പുതുക്കാത്തതുമൂലമുള്ള പ്രതിസന്ധി**

276 (1821) <u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ഔഷധ നിർമ്മാണത്തിന് ആവശ്യമായ ഡ്രഗ്ഗ് ലൈസൻസ് പുതുക്കി നൽകാത്തതുമൂലവും മരുന്ന് കയറ്റുമതിക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകാത്തതുമൂലവും ഉളവായിട്ടുള്ള സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ആയുർവേദ മരുന്ന് നിർമാണ കമ്പനികൾ ഈ പ്രതിസന്ധിമൂലം സംസ്ഥാനം വിടാനുള്ള സാധ്യത പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ & ലൈസൻസിംഗ് അതോറിറ്റി (ആയുർവേദ, സിദ്ധ, യുനാനി)യുടെ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ നടന്നുവരുന്ന കേസുകളിന്മേൽ അന്തിമവിധി ഉണ്ടാകാത്തതിനാലാണ് നിലവിലെ സ്ഥിതിവിശേഷം സംജാതമായിട്ടുള്ളത്.

(ബി) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ നിലവിലുള്ള കേസുകളിന്മേലുള്ള വിധിന്യായങ്ങൾക്കനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ജനന സർട്ടിഫിക്കറ്റ്

277 (1822) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശു സംരക്ഷണ കേന്ദ്രങ്ങളിൽ എത്തിപ്പെടുന്ന കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് ഉണ്ടാക്കുന്നതിന് വ്യക്തമായ മാർഗ്ഗരേഖ തയ്യാറാക്കണമെന്ന് ബാലാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് വ്യക്തമായ മാർഗ്ഗരേഖ സമർപ്പിക്കാൻ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വൃക്കരോഗികൾക്കുള്ള ധനസഹായം

278 (1823) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വൃക്കരോഗികൾക്ക് ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച ചാലക്കുടി മണ്ഡലത്തിലെ പരിയാരം പഞ്ചായത്തിൽ ടി ദേശത്ത് തെക്കിനിയത്ത് വീട്ടിൽ ശ്രീ. റ്റി. ആർ. ബേബിയുടെ അപേക്ഷയിന്മേൽ (File No.42/2016 dt. 8-6-2016) ഇനിയും ധനസഹായം അനുവദിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിയാന് പ്രതിമാസ ധനസഹായം അടിയന്തരമായി അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. റ്റി. ആർ. ബേബിക്ക് 2017 ജൂലൈ മാസംവരെ തുടർച്ചയായി ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. ആറുമാസത്തിലൊരിക്കൽ സമർപ്പിക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ തുടർന്ന് ചികിത്സാ ധനസഹായം നൽകുന്നതിൽ മുടക്കംവന്നിട്ടുണ്ട്.

(ബി) ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് 2017 ആഗസ്റ്റ് മുതലുള്ള ചികിത്സാ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കേരള സാമൂഹ്യ സുരക്ഷാ മിഷൻ

279 (1824) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ അസിസ്റ്റന്റ് ഡയറക്ടർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ ;

(ബി) ഈ നിയമനത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയുടെ യോഗ്യതകൾ എന്തെല്ലാമാണ്;

(ഡി) പ്രസ്തുത യോഗ്യത ഇല്ലാത്തവർ പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ ;

(ഇ) എം.എസ്.ഡബ്ല്യൂ. വിദ്യാഭ്യാസ യോഗ്യതയായുള്ള തസ്തികകളിൽ അനധികൃത നിയമനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ രണ്ട് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിലും നിയമനം നടത്തിയിട്ടുണ്ട്.

(സി&ഡി) പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയുടെ യോഗ്യത നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മെഡിക്കൽ കോളേജുകളിൽ ചികിത്സ ലഭിക്കാതെയും ഡോക്ടർമാരുടെ അശ്രദ്ധമൂലവുമുള്ള മരണങ്ങൾ

280 (1825) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ ലഭിക്കാതെയും ഡോക്ടർമാരുടെ അശ്രദ്ധമൂലവും എത്ര ആളുകൾ മരണമടഞ്ഞിട്ടുണ്ടെന്നുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത മരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥിനിയായിരുന്ന കുമാരി ഷംന തസ്നിം 18-7-2016-ൽ എറണാകുളം മെഡിക്കൽ കോളേജിൽ വച്ച് മരണമടഞ്ഞിട്ടുണ്ട്. ഈ മരണം ഉപകരണങ്ങളുടെ അഭാവവും, ചികിത്സാപ്പിഴവും എന്ന ആരോപണത്തിന് ഇടയായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ വെന്റിലേറ്റർ സൗകര്യം ഒഴിവില്ലാത്തതിനാൽ ചികിത്സയ്ക്കായി അഡ്മിറ്റ് ചെയ്യുവാൻ നിർവ്വാഹമില്ലാതെ തമിഴ്നാട് സ്വദേശി ശ്രീ. മുരുകൻ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ആദിവാസിയായ ശ്രീ. കണ്ടൻ എന്നിവർ മരണപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കുമാരി ഷംന തസ്നിമിന്റെ മരണത്തോടനുബന്ധിച്ച് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം പ്രൊഫസറും വകുപ്പ് മേധാവിയുമായ ഡോ. ജിൽസ് ജോർജ്ജിനെ 20-4-2017-ലെ സ.ഉ.(സാധാ) നം.1120/2017/ആ.കു.വ. പ്രകാരം സർവ്വീസിൽനിന്നും മാറ്റി നിർത്തിക്കൊണ്ട് ഉത്തരവാകുകയുണ്ടായി. എന്നാൽ 13-10-2017-ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 1007/2017 നം. ഹർജിയിന്മേലുള്ള ഉത്തരവനുസരിച്ച് സർവ്വീസിൽ നിന്നും മാറ്റി നിർത്തപ്പെട്ടിട്ട് ആറുമാസം കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ടിയാളെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. State level Apex Committee ഈ കേസ് വിശദമായി പരിശോധിക്കുകയും തുടർനടപടികൾക്കായി പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

ശ്രീ. മുരുകൻ മരണപ്പെട്ടത് സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട ഡോക്ടറോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ കണ്ടൻ മരണപ്പെട്ടത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആരോപണത്തിൽ പ്രാഥമിക അന്വേഷണം നടത്തുകയും ഓർത്തോപീഡിക് കാഷ്വാലിറ്റിയിലെ മെഡിക്കൽ

ഓഫീസറേയും സർജറി വിഭാഗം ഡോക്ടറേയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണം നടത്തുന്നതിന് മൂന്നംഗ അന്വേഷണ സംഘത്തെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് കാര്യക്ഷമമായ ചികിത്സ ലഭ്യമാക്കുന്നതിനുള്ള വിദഗ്ദ്ധ പരിശീലനം ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജീവനക്കാർക്കും നൽകിവരുന്നുണ്ട്. ജീവനക്കാരും രോഗി/കൂട്ടിരിപ്പുകാർ തമ്മിലുള്ള ആശയവിനിമയത്തിൽ ഉണ്ടാകുന്ന പാകപ്പിഴയാണ് കൂടുതൽ പരാതികൾക്കും അടിസ്ഥാനം. ആയത് ഒഴിവാക്കുന്നതിന് കാലാകാലങ്ങളിൽ പരിശീലനവും നിർദ്ദേശങ്ങളും നൽകിവരുന്നുണ്ട്.

## സാമൂഹ്യനീതി വകുപ്പ് വിഭജനം

281 (1826) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി, വനിതാ ശിശുവികസനം എന്നീ രണ്ട് വകുപ്പുകളായി സാമൂഹ്യനീതി വകുപ്പിനെ വിഭജിക്കുന്നത് സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) വകുപ്പ് വിഭജിച്ചുവെങ്കിലും ജീവനക്കാരുടെ പുനർവിന്യാസം പൂർത്തീകരിക്കാത്തത് വകുപ്പിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി 30-6-2017-ലെ സ.ഉ.(കൈ)നമ്പർ 24/2017/സാ.നീ.വ. ഉത്തരവുപ്രകാരം വനിതാ ശിശു വികസന വകുപ്പ് രൂപീകരിക്കുകയും ടി വകുപ്പിൽ 24 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയുമുണ്ടായി. ടി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ശ്രീമതി ഷീബ ജോർജ്ജ്, ഐ.എ.എസ്.-നെ ഡയറക്ടറായി നിയമിച്ചു. സർക്കാരിന്റെ 21-01-2018-ലെ സ.ഉ.(സാധാ.)നമ്പർ 26/2018/സാ.നീ.വ. നമ്പർ ഉത്തരവുപ്രകാരം വനിതാ ശിശു വികസന ഡയറക്ടറേറ്റ് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനമാരംഭിക്കുകയും സാമൂഹ്യനീതി വകുപ്പിൽ നിന്നും ജീവനക്കാരെ താൽക്കാലിക ക്രമീകരണ വ്യവസ്ഥയിൽ പുനഃക്രമീകരിക്കുകയുമുണ്ടായി. ജില്ലാ ഓഫീസർ തസ്തികയിലെ സ്ഥിര നിയമനത്തിന് വിശേഷാൽ ചട്ട രൂപീകരണത്തിന് കാലതാമസം നേരിടുമെന്നതിനാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയ വിഷയങ്ങൾ വനിതാ ശിശു വികസന വകുപ്പിന് കൈമാറിയും മുതിർന്ന പൗരന്മാർ, ട്രാൻസ്ജെൻഡർ, മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഓരോ വകുപ്പും കൈകാര്യം ചെയ്യുന്ന വിഷയങ്ങൾക്കനുസൃതമായി സാമൂഹ്യനീതി വകുപ്പിൽ നിലവിലുണ്ടായിരുന്ന ക്ഷേമ സ്ഥാപനങ്ങളെ ഇരുവകുപ്പുകൾക്കുമായി വിഭജിച്ചും നൽകിയിട്ടുണ്ട്.

സെക്ഷനുകൾ വിഭജിച്ച് വർക്ക് അലോക്കേഷൻ നടത്തി ഇരു വകുപ്പുകളിലേയും സെക്ഷനുകളിലേയ്ക്ക് ഫയലുകൾ കൈമാറുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ട്രാൻസിഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. വനിതാ ശിശു വികസന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി ജീവനക്കാരെ സ്ഥിരമായി നിയമിക്കുന്നതിലേയ്ക്കായി വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വനിതാ ശിശു വികസന ഡയറക്ടറേറ്റിന്റെ സുഗമമായ പ്രവർത്തനത്തിനായി സാമൂഹ്യനീതി വകുപ്പിലെ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ അഞ്ച് ജീവനക്കാരെ താല്ക്കാലിക ക്രമീകരണമെന്ന രീതിയിൽ ഇരു വകുപ്പുകളിലുമായി പുനർവിന്യസിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.) സാമൂഹ്യനീതി ഡയറക്ടറേറ്റിലെ മറ്റു തസ്തികകളിലെ ജീവനക്കാരെ വനിതാ ശിശു വികസന ഡയറക്ടറേറ്റിലേയ്ക്ക് താൽക്കാലികമായി പുനർവിന്യസിച്ച് സാമൂഹ്യനീതി ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സാമൂഹ്യനീതി വകുപ്പിൽ ഉപദേശകന്റെ നിയമനം

282 (1827) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ നിന്ന് വിരമിച്ച ഉദ്യോഗസ്ഥനെ, ഉപദേശകനായി നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ടോ;

(ബി) എന്ത് കാര്യത്തിനാണ് ഉപദേശകനെ നിയമിക്കുന്നതെന്നും അദ്ദേഹത്തിന് എത്ര ശമ്പളമാണ് നൽകുവാൻ നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**സ്ത്രീ ശാക്തീകരണത്തിനായി കൈക്കൊള്ളുന്ന നടപടികൾ**

283 (1828) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ദാസൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് ഭരണഘടനാദത്തമായ അവകാശസമത്വം ഉറപ്പുവരുത്തുന്നതിനായി പുതുതായി രൂപീകരിച്ച സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ ;

(സി) സ്ത്രീകളുടെ രാഷ്ട്രീയശാക്തീകരണത്തിന് അനിവാര്യമായ വനിതാസംവരണ ബിൽ പാസ്സാക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ എന്നറിയിക്കാമോ ;

(ഡി) ജോലിസംബന്ധമായും അല്ലാതെയും വീട്ടിൽനിന്ന് മാറി ഒറ്റയ്ക്ക് താമസിക്കേണ്ടി വരുന്ന സ്ത്രീകളുടെ സുരക്ഷിതതാമസത്തിനും യാത്രയ്ക്കും നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി 30-06-2017-ലെ സ.ഉ.(കൈ)നമ്പർ 24/2017/സാ.നീ.വ. ഉത്തരവുപ്രകാരം വനിതാ ശിശു വികസന വകുപ്പ് രൂപീകരിക്കുകയും ടി വകുപ്പിൽ 24 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും, ടി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ശ്രീമതി ഷീബ ജോർജ്ജ്, ഐ.എ.എസ്.-നെ ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ 21-01-2018-ലെ സ.ഉ.(സാധാ)നമ്പർ 26/2018/സാ.നീ.വ. നമ്പർ ഉത്തരവുപ്രകാരം വനിതാ ശിശു വികസന ഡയറക്ടറേറ്റ് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനമാരംഭിക്കുകയും സാമൂഹ്യനീതി വകുപ്പിൽനിന്നും ജീവനക്കാരെ താൽക്കാലിക ക്രമീകരണ വ്യവസ്ഥയിൽ പുനഃക്രമീകരിക്കുകയുമുണ്ടായി. ജില്ലാ

ഓഫീസർ തസ്തികയിലെ സ്ഥിരനിയമനത്തിന് വിശേഷാൽ ചട്ട രൂപീകരണത്തിന് കാലതാമസം നേരിട്ടുമെന്നതിനാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അധികച്ചുമതല നൽകിയിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം, പരിചരണം, ക്ഷേമം, വികസനം, പുനരധിവാസം, ശാക്തീകരണം തുടങ്ങിയ വിഷയങ്ങൾ വനിതാ ശിശു വികസന വകുപ്പിന് കൈമാറിയും മുതിർന്ന പൗരന്മാർ, ട്രാൻസ്ജെൻഡർ, മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നീ വിഷയങ്ങൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഓരോ വകുപ്പും കൈകാര്യം ചെയ്യുന്ന വിഷയങ്ങൾക്കനുസൃതമായി സാമൂഹ്യനീതി വകുപ്പിൽ നിലവിലുണ്ടായിരുന്ന ക്ഷേമ സ്ഥാപനങ്ങളെ ഇരു വകുപ്പുകൾക്കുമായി വിഭജിച്ചും നൽകിയിട്ടുണ്ട്.

സെക്ഷനുകൾ വിഭജിച്ച് വർക്ക് അലോക്കേഷൻ നടത്തി ഇരുവകുപ്പുകളിലേയും സെക്ഷനുകളിലേയ്ക്ക് ഫയലുകൾ കൈമാറുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ട്രാൻസിഷൻ ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. വനിതാ ശിശു വികസന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി ജീവനക്കാരെ സ്ഥിരമായി നിയമിക്കുന്നതിലേയ്ക്കായി വിശേഷാൽ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന വളരെ കുറഞ്ഞ പലിശ നിരക്കിൽ (പ്രതിവർഷം 3% മുതൽ 6% വരെ) വനിതകൾക്കായി വായ്പ ലഭ്യമാക്കുന്നു. 18-നും 55-നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് വായ്പയ്ക്കുള്ള അപേക്ഷ നൽകാം. വായ്പയ്ക്കുള്ള പ്രതിവർഷ കുടുംബ വരുമാന പരിധി നഗര പ്രദേശങ്ങളിൽ 1,03,000 രൂപയും ഗ്രാമപ്രദേശങ്ങളിൽ 81,000 രൂപയുമാണ് ഈട്/ജാമ്യം അനിവാര്യമാണ്.
2. അഭയകിരണം പദ്ധതി: - അനാഥരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസം 1000 രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് അഭയകിരണം. ഈ പദ്ധതി 2017 മേയ് മാസം മുതൽ പൈലറ്റ് അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു.
3. വിധവകളായ സ്ത്രീകൾക്കും അവിവാഹിതരായ അമ്മമാർക്കുമുള്ള തൊഴിൽ നൈപുണ്യ പരിശീലനം: - വിധവകളായ സ്ത്രീകൾക്കും അവിവാഹിതരായ അമ്മമാർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ തൊഴിൽ നൈപുണ്യ പരിശീലന പരിപാടി ആലപ്പുഴ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

4. സ്വാധാർ ഗ്രഹ് പദ്ധതി: - ജയിൽ മോചിതരായവർ, വിധവകൾ, അഗതികളായ സ്ത്രീകൾ എന്നിവരാണ് ഗുണഭോക്താക്കൾ. ടിയാളുടെ ഭക്ഷണം, വസ്ത്രം, താമസം, കൗൺസിലിംഗ്, തൊഴിൽ പരിശീലനം എന്നിവ നൽകി പുനരധിവസിപ്പിക്കുന്നു.
5. മംഗല്യ പദ്ധതി: - വിധവകളായ വനിതകളുടെ പുനർ വിവാഹത്തിന് 25,000 രൂപ ധനസഹായം നൽകുന്നു.
6. സ്നേഹപൂർവ്വം പദ്ധതി: - മാതാവോ പിതാവോ ഇരുവരുമോ മരണമടഞ്ഞ നിർദ്ധനരായ കുടുംബങ്ങളിലെ കുട്ടികളെ അനാഥാലയങ്ങളിൽ പാർപ്പിക്കാതെ അവരെ സ്വഭവനങ്ങളിൽ അല്ലെങ്കിൽ ബന്ധുഭവനങ്ങളിൽ സംരക്ഷിച്ച് വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യത്തോടെ സാമൂഹ്യ സുരക്ഷ മിഷൻ മുഖേന സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി)

1. വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാന നഗരിയിൽ എത്തിച്ചേരുന്ന വനിതകൾക്ക് സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുന്നതിനായി വൺഡേ ഹോം എന്ന പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.
2. സ്ത്രീകളുടെ സുരക്ഷിതമായ താമസത്തിനായി വിവിധ ജില്ലകളിലായി വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ (വനിതാ മിത്ര കേന്ദ്രം) നടപ്പിലാക്കി വരുന്നു.
3. സ്ത്രീകളുടെ സുരക്ഷിതമായ യാത്ര മുൻനിർത്തി വിവിധ ജില്ലകളിലായി ഷീ ടാക്സി പദ്ധതി നടപ്പിലാക്കി വരുന്നു.
4. ഷീ ലോഡ്ജ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്നേഹപൂർവ്വം പദ്ധതി

284 (1829) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്നേഹപൂർവ്വം' പദ്ധതി ആരംഭിച്ചത് എന്നാണ്;

(ബി) പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകി എന്നത് വ്യക്തമാക്കാമോ;

(സി) ഓരോ സാമ്പത്തിക വർഷവും എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സാമ്പത്തിക സഹായത്തിനുപുറമേ മറ്റേതെങ്കിലും സേവനങ്ങളോ ആനുകൂല്യങ്ങളോ ഈ പദ്ധതി പ്രകാരം ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്ര അപേക്ഷകർക്ക് ആനുകൂല്യം ലഭ്യമാക്കാനുണ്ട്;

(എഫ്) ഏത് അദ്ധ്യയനവർഷം വരെയുള്ള അപേക്ഷകളാണ് തീർപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 'സ്നേഹപൂർവ്വം' പദ്ധതി ആരംഭിച്ചത് 2012 നവംബറിലാണ്.

(ബി) വിശദവിവരം താഴെക്കൊടുക്കുന്നു:

| | |
|---|---|
| 2012-13 | -643 പേർക്ക് |
| 2013-14 | -10854 പേർക്ക് |
| 2014-15 | -15699 പേർക്ക് |
| 2015-16 | -17656 പേർക്ക് |
| 2016-17 | -56291 പേർക്ക് |
| 2017-18 | -7864 പേർക്ക് (2015-16, 2016-17 അധ്യയന വർഷത്തിലെ പ്രിന്റ് ഔട്ട് ലഭിച്ചത്). |

2017-18 വർഷത്തെ ധനസഹായ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വിശദവിവരം താഴെക്കൊടുക്കുന്നു:

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|
| 2012-13 | 11,76,450 |
| 2013-14 | 42,11,900 |
| 2014-15 | 10,20,19,100 |
| 2015-16 | 13,24,20,000 |
| 2016-17 | 28,94,08,400 |
| 2017-18 | 3,94,58,700 |

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കളിൽ 10, 12 ക്ലാസ്സുകളിൽ പഠിച്ചിരുന്നവരിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് ലഭിച്ചവർക്ക് പ്രോത്സാഹന ധനസഹായമായി യഥാക്രമം 2,000, 3,000 എന്ന ക്രമത്തിലും 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന പദ്ധതി ഗുണഭോക്താക്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 പേർ വീതമുള്ള ഓരോ ബാച്ചുകൾക്കും 14 ജില്ലകളിലും രണ്ടു ദിവസത്തെ 'ജീവിത നൈപുണ്യ പരിശീലന' പരിപാടിയും നടപ്പിലാക്കി വരുന്നു.

(ഇ) 2017-18 വർഷത്തിൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ച 64080 വിദ്യാർത്ഥികൾക്കുള്ള ധനസഹായം നൽകുവാനുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) 2016-17 വർഷം വരെ ഓൺലൈനായി അപേക്ഷ സമർപ്പിച്ചവരിൽ പ്രിന്റൗട്ട് നൽകിയ അർഹതയുള്ളവരുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. മുൻവർഷങ്ങളിൽ ഓൺലൈനായി അപേക്ഷ സമർപ്പിച്ചവരിൽ പ്രിന്റൗട്ട് നൽകാത്തവർക്ക് ആയതു സമർപ്പിക്കുന്നതിനു 28-02-2018 വരെ സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു.

**ഐ.സി.ഡി.എസ്. വർക്കർമാർക്ക് പ്രൊമോഷൻ**

285 (1830) പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017 ജൂലൈ 19-ന് പ്രസിദ്ധീകരിച്ചതും ഐ.സി.ഡി.എസ്. വർക്കർമാർക്ക് സൂപ്പർവൈസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനുമായുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ പ്രായക്കൂടുതലും, ഡിഗ്രിക്ക് മുകളിൽ വിദ്യാഭ്യാസയോഗ്യതയുള്ളവരും ഉണ്ടെന്നിരിക്കെ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിന് വേണ്ടി എന്ത് നടപടി സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ബിരുദവും അങ്കണവാടി വർക്കറായി 10 വർഷം പരിചയവുമുള്ള ഉദ്യോഗാർത്ഥികൾക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും 82 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. നിലവിലുള്ള 49 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്രഷ് വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ വേതനം

286 (1831) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്രഷ് വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ വേതനം നിലവിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കിട്ടുന്ന നാമമാത്രമായ വേതനം അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ചെറിയ കുട്ടികളെ സംരക്ഷിക്കേണ്ടതായ ഭാരിച്ച ഉത്തരവാദിത്വമുള്ള ഈ ജീവനക്കാർക്ക് വേതന വർദ്ധനവ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നാഷണൽ ക്രഷ് സ്കീം പ്രകാരം പ്രവർത്തിക്കുന്ന ക്രഷുകളിലെ വർക്കർമാർക്ക് 3,000 രൂപയും ഹെൽപ്പർമാർക്ക് 1,500 രൂപയുമാണ് പ്രതിമാസവേതനം.

(ബി&സി) വേതന വർദ്ധനവ് നടപ്പാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### അങ്കണവാടി

287 (1832) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സാമൂഹിക നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്ഷേമ കാര്യങ്ങൾക്കുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അങ്കണവാടികളെ ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒരു നിയോജക മണ്ഡലത്തിൽ ഒരു അങ്കണവാടിയെ നിലവിലെ സൗകര്യങ്ങൾക്കുപുറമേ നൂതന സംവിധാനങ്ങൾകൂടി ഏർപ്പെടുത്തി മാതൃകാ അങ്കണവാടിയായി ഉയർത്തി വരികയാണ്. ആയതിന് ചുരുങ്ങിയത് 10 സെന്റ് സ്ഥലം കണ്ടെത്തി ആധുനിക സൗകര്യങ്ങൾ ഒരുക്കി ഇരുനില കെട്ടിടം നിർമ്മിച്ച്

വരികയാണ്. നിലവിൽ ഈ പദ്ധതി പ്രകാരം 121 അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 87 എണ്ണം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ കെട്ടിടനിർമ്മാണ നടപടികൾ പുരോഗമിച്ചു വരുന്നു. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച മാതൃക അങ്കണവാടികളെ (3 ജി) 3 തലമുറകളുടെ (കുട്ടികൾ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ, മുതിർന്ന സ്ത്രീകൾ) സംഗമസ്ഥലമായി ഉയർത്തണമെന്ന ഉദ്ദേശത്തോടെ സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 21 മാതൃകാ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണിച്ചറും വാങ്ങി നൽകിയിട്ടുണ്ട്. 52 മാതൃകാ അങ്കണവാടികൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണിച്ചറും മറ്റ് സൗകര്യങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ അടിസ്ഥാന സൗകര്യമേഖലയിലും അങ്കണവാടികളുടെ നിലവാരം ഉയർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളിൽ 22,998 എണ്ണത്തിന് സ്വന്തമായി കെട്ടിടമുള്ളതാണ്. ബാക്കിയുള്ളവയ്ക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി വരുന്നു. എല്ലാ അങ്കണവാടികളിലും ശുദ്ധമായ കുടിവെള്ള സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികളും ശിശുസൗഹൃദ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടികളിലെ പ്രീ-സ്കൂൾ കുട്ടികൾക്ക് ECCE കരിക്കുലത്തിന് അനുയോജ്യമായ കാലോചിതവും ശാസ്ത്രീയവുമായ കളി ഉപകരണങ്ങൾ, മെഡിസിൻ കിറ്റ്, പ്രീ സ്കൂൾ കിറ്റ്, അടിയന്തര സാഹചര്യങ്ങൾക്ക് ഫ്ലക്സി ഫണ്ട്, വൈവിധ്യമാർന്ന പോഷകാഹാരം, കൗമാരപ്രായക്കാർക്കും അമ്മമാർക്കും പ്രയോജനകരമായ ആരോഗ്യ പോഷണ വിദ്യാഭ്യാസം, പരിപാടിയിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കൽ എന്നിവ അങ്കണവാടികളുടെ പരിഷ്കൃതമായ അവസ്ഥയിലേക്കുള്ള മാറ്റത്തിന് സഹായകരമാകുന്നു.

2016-17 സാമ്പത്തിക വർഷം 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ 1370 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 1 ലക്ഷം രൂപ നിരക്കിൽ 110 അങ്കണവാടികൾക്കുകൂടി നവീകരണം നടത്തുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി 1 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ 1170 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**അങ്കണവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും പരിശീലനം**

288 (1833) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.സി.ഡി.എസ്. പദ്ധതിയുടെകീഴിൽ പ്രവർത്തിച്ചുവരുന്ന അങ്കണവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും പരിശീലനം നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പരിശീലനം എപ്പോഴേക്ക് പുനരാരംഭിക്കാൻ കഴിയും ; വിശദമാക്കാമോ?

ഉത്തരം

അങ്കണവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും പരിശീലന പരിപാടി 01-01-2018 മുതൽ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. പരിശീലന പരിപാടി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ ഗ്രാന്റ് നൽകാത്തതിനാലും എൻ.ജി.ഒ-കൾക്ക് ഫണ്ട് നൽകില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചതിനാലുമാണ് താല്ക്കാലികമായി പരിശീലന പരിപാടി നിർത്തിവച്ചത്. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശീലന പരിപാടി പുനരാരംഭിക്കാൻ സാധിക്കുന്നതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ പരിശീലന പരിപാടി നടത്താൻ ആഗ്രഹിക്കുന്ന Stake holder-മാരിൽനിന്നും നിലവിലെ പരിശീലന കേന്ദ്രനടത്തിപ്പുകാരിൽനിന്നും ഓൺലൈൻ വഴി അപേക്ഷ ക്ഷണിച്ച്, ലഭ്യമാകുന്ന അപേക്ഷ പരിശോധിച്ച്, അനുമതി നൽകാവുന്ന പരിശീലന കേന്ദ്രങ്ങളുടെ വിവരം ശിപാർശചെയ്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയും ആയത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**മറയൂർ ഗ്രാമപഞ്ചായത്തിൽ അങ്കണവാടി**

289 (1834) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മറയൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അങ്കണവാടികളിൽ എല്ലാംകൂടി എത്ര കുട്ടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കുട്ടികൾ കുറവായ അങ്കണവാടി സെന്ററുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുട്ടികൾ കുറവാണെന്ന കാരണത്താൽ പ്രവർത്തനം അവസാനിപ്പിച്ച അംഗൻവാടികൾ തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കുട്ടികൾ കുറവായ അങ്കണവാടികളുടെ തുടർപ്രവർത്തനം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 29 അങ്കണവാടികൾ.

(ബി) ഈ അങ്കണവാടികളിൽ എല്ലാം കൂടി 201 പ്രീസ്കൂൾ കുട്ടികളുണ്ട്.

(സി) ഉണ്ട്.

(ഡി) കുട്ടികൾ കുറവാണെന്ന കാരണത്താൽ പ്രവർത്തനം അവസാനിപ്പിച്ച മൂന്ന് അങ്കണവാടികളും തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടി സെന്റർ നമ്പർ. 49 (കരിമുട്ടി); 45 (ഒലിക്കുടി); 52 (ചിന്തവര) എന്നിവ മാറ്റി പ്രവർത്തിപ്പിച്ചു.

(ഇ) കുട്ടികൾ കുറവായ അങ്കണവാടികളുടെ തുടർപ്രവർത്തനം സാധ്യമാക്കുന്നതിനായി ആയത് സ്ഥാനപുനഃനിർണ്ണയം നടത്തുകയോ, എണ്ണത്തിൽ കുറവു വരാതെ ക്ലബ്ബ് ചെയ്ത് അധികം വരുന്ന അങ്കണവാടികൾ ഏറ്റവും അത്യാവശ്യ മേഖലകളിൽ പുനർവിന്യസിക്കുന്നതിനോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചെങ്ങന്നൂർ മണ്ഡലത്തിൽ മാതൃകാ അങ്കണവാടി**

290 (1835) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ചെറിയനാട് ഗ്രാമപഞ്ചായത്തിലെ 52-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് തടസ്സങ്ങൾ ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിലെ 52-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും, ബന്ധപ്പെട്ട എം.എൽ.എ. വിഹിതമായി 6.75 ലക്ഷം രൂപയും (ആകെ 23,75,000) വിനിയോഗിച്ച് ബന്ധപ്പെട്ട എം.എൽ.എ.യുടെ ശിപാർശ സഹിതം സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൻപ്രകാരം ടി മാതൃകാ അങ്കണവാടി, കെട്ടിട നിർമ്മാണത്തിനായി പദ്ധതിയുടെ നിർവ്വഹണ

ഏജൻസിയായ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് പ്രവൃത്തി നിർവ്വഹണ ചുമതല നൽകിയിട്ടുണ്ട്. ടി മാതൃക അങ്കണവാടിക്കുവേണ്ടി പഞ്ചായത്ത് കണ്ടെത്തിയ സ്ഥലം ശിശുവിഹാറിനു വേണ്ടി പഞ്ചായത്ത് വിലയാധാരമായി വാങ്ങിയ വസ്തുവായിരുന്നു. ടി വസ്തുവിൽ ശിശുവിഹാറിന് കെട്ടിടം പണിയുന്നതിനായി പഞ്ചായത്ത് അടിത്തറ നിർമ്മിച്ചിട്ടുണ്ട്. മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി എഞ്ചിനീയർ സൈറ്റ് പരിശോധിച്ചപ്പോൾ ടി സ്ഥലത്ത് ശിശുവിഹാറിനായി നിർമ്മിച്ച ഉറപ്പുള്ള അടിത്തറ ഉണ്ടായിരുന്നതിനാൽ അത് പൊളിച്ചു മാറ്റാതെ തന്നെ അങ്കണവാടിയുടെ പ്ലാനിൽ നേരിയ വ്യതിയാനം വരുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് അപേക്ഷിച്ചിട്ടുണ്ട്.

(ബി & സി) പ്ലാനിൽ മാറ്റം വരുത്തി അനുമതി ലഭിച്ചുകഴിഞ്ഞാൽ കെട്ടിടം പണി ആരംഭിക്കുന്നതാണ്. നിലവിൽ മറ്റ് തടസ്സങ്ങളൊന്നുമില്ല.

**ശരണബാല്യം പദ്ധതി**

291 (1836) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ 'ശരണബാല്യം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പിനുകീഴിൽ ഓപ്പറേഷൻ ശരണബാല്യം എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ബാലവേല- ബാലഭിക്ഷാടനം- തെരുവ് ബാല്യ വിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി ജില്ലയുമായി അതിർത്തി പങ്കിടുന്ന സമീപ ജില്ലകളായ ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാ

ശിശുസംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ റെസ്ക്യൂ ഓഫീസർമാരെ നിയമിച്ചുകൊണ്ട് പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച ജില്ലകളിൽ ബാലഭിക്ഷാടനത്തിനും ബാലവേലയ്ക്കായും മറ്റ് പല തരത്തിലുള്ള ചൂഷണത്തിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ച 39 കുട്ടികളെ രക്ഷപ്പെടുത്തുകയുണ്ടായി. ആലപ്പുഴ ജില്ലയുടെ പരിധിയിൽ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തും കോട്ടയം ജില്ലയിലെ എരുമേലി, അഴുത ഭാഗങ്ങളിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബാലവേലയിലും ഭിക്ഷാടനത്തിലും കുട്ടികൾ ഏർപ്പെടുന്നത് തടയുന്നതിനായിലുള്ള നടപടികൾ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ മുഖാന്തരം സ്വീകരിച്ചിട്ടുണ്ട്.

ശരണബാല്യം പദ്ധതി പ്രവർത്തനം പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയ സാഹചര്യം കണക്കിലെടുത്ത് സാമ്പത്തിക ലാഭത്തിന് ഇതര സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ എത്തിക്കുന്നവർ മറ്റ് ജില്ലകളിൽ കുട്ടികളെ എത്തിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ ബാലവേല, ബാലഭിക്ഷാടനം എന്നിവയ്ക്ക് വിധേയരാകുന്ന കുട്ടികളെ കണ്ടെത്തി സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു.

**നിഷ്**

292 (1837) <u>ശ്രീ. വി. ഡി. സതീശൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ലെ കേന്ദ്ര ബജറ്റിൽ നിഷ് കേന്ദ്ര സർവ്വകലാശാല ആക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും നടപടി കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളതായി അറിയാമോ;

(സി) പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതിന് വിതുരയിൽ 50 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ രേഖകൾ കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ടോ;

(ഡി) രാജ്യത്തിന് തന്നെ മാതൃകയായി മാറാവുന്ന പ്രസ്തുത സ്ഥാപനത്തിന് കേന്ദ്രസർവകലാശാല പദവി നേടിയെടുക്കുന്നതിന് ഊർജിത നടപടി ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നാഷണൽ യൂണിവേഴ്സിറ്റി ഫോർ റീഹാബിലിറ്റേഷൻ ആന്റ് ഡിസെബിലിറ്റി സ്റ്റഡീസ് (NURDS) ബിൽ, ധനകാര്യ മന്ത്രാലയത്തിന്റെ ഇ, എഫ്, സി ഉൾപ്പെടെയുള്ള എല്ലാ മന്ത്രാലയങ്ങളും അംഗീകരിച്ചശേഷം ക്യാബിനറ്റ് നോട്ടിനോടൊപ്പം ജൂലൈ 2017-ൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ എത്തിയിട്ടുണ്ട്. അതിനുശേഷം തുടർനടപടി ക്രമങ്ങൾ ഉണ്ടായിട്ടില്ല. പ്രധാനമന്ത്രിയുടെ അംഗീകാരത്തോടെ ഈ ബിൽ ക്യാബിനറ്റിൽ അംഗീകരിക്കുകയും പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്യേണ്ടതുണ്ട്.

(സി) ഉണ്ട്. ഉത്തരവ് കേന്ദ്ര സരക്കാരിന് കൈമാറിയിട്ടുണ്ട്.

(ഡി) നിഷിന് കേന്ദ്ര സർവകലാശാല പദവി നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഴ്ച പരിമിതരായവരുടെ പെൻഷൻ**

293 (1838) <u>ശ്രീ. എം. രാജഗോപാലൻ</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാഴ്ച പരിമിതരായവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടികളായിട്ടുണ്ടോ;

(ബി) തൊഴിൽ മേഖലയിൽ ഉൾപ്പെടെ കാഴ്ചപരിമിതരായവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികളുണ്ടാകുമോ ;വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പൂർണ്ണമായും കാഴ്ചപരിമിതരായവർ ഉൾപ്പെടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തുവാൻ സാധിക്കാത്തവിധം അംഗപരിമിതരായവർക്ക് വികലാംഗക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

(ബി) തൊഴിൽ മേഖലയിൽ ഉൾപ്പെടുന്ന കാഴ്ച പരിമിതരായവർ നേരിടുന്ന പ്രശ്നങ്ങൾ Rights of Persons with Disabilities Act, 2016-ൽ വിവക്ഷിക്കുന്ന രീതിയിൽ പരിഹരിച്ച് നടപ്പാക്കുന്നതിന് Rights of Persons with Disabilities Rules പുറപ്പെടുവിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

## വികലാംഗ കോർപ്പറേഷൻ

294 (1839) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വികലാംഗ കോർപ്പറേഷൻ എന്തൊക്കെ കാര്യങ്ങൾക്കാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഫണ്ടുകൾ അനുവദിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് ഉള്ളതെന്നും ആയത് അർഹതപ്പെട്ടവരിൽ എത്തിക്കാൻ എന്തൊക്കെ മുൻ കരുതലുകൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വികലാംഗക്ഷേമ കോർപ്പറേഷന് ചുവടെ പറയുന്ന പദ്ധതികൾക്കായിട്ടാണ് ഫണ്ടുകൾ അനുവദിച്ചിട്ടുള്ളത്:

1. ഭിന്നശേഷിക്കാർക്ക് പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.
2. നാഷണൽ ഹാൻഡികാപ്പ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ.
3. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി.
4. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി.
5. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി.
6. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ.
7. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം.

കൂടാതെ കോർപ്പറേഷൻ മുഖേന താഴെ പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു:

1. ഭിന്നശേഷിയുള്ളവർക്കു ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണ സഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം.

2. ഭിന്നശേഷിയുള്ളവർക്കുവേണ്ടി ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി.
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി.
4. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും.
5. നാല് ജില്ലകളിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ പുതിയ ജില്ല/ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി.
6. കോർപ്പറേഷന്റെ തിരുവനന്തപുരം പാറ്റൂരിലെ ഉപകരണ നിർമ്മാണ യൂണിറ്റിന് 2.7 കോടി രൂപയുടെ നവീകരണ പദ്ധതിക്ക് അംഗീകാരം ലഭിച്ചു.

(ബി) ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പത്ര പരസ്യത്തിലൂടെ അപേക്ഷകൾ ക്ഷണിച്ചും ശ്രവണ ദൃശ്യമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകിയുമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

**വികലാംഗരുടെ വായ്പ എഴുതിത്തള്ളുന്ന പദ്ധതി**

295 (1840) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗ കോർപ്പറേഷനിൽനിന്നും വായ്പ എടുത്തശേഷം മരണമടയുന്ന അംഗപരിമിതരുടെ കടം എഴുതി തള്ളുന്നതിന് പദ്ധതിയുണ്ടോ;

(ബി) എൻ.എച്ച്.എഫ്.ഡി.സി.-യിൽ നിന്നും വായ്പയെടുത്ത ശേഷം മരണമടഞ്ഞവരുടെ വായ്പ പൂർണ്ണമായും എഴുതിത്തള്ളുന്നതിന് പദ്ധതിയുണ്ടോ;

(സി) എത്ര പേരുടെ വായ്പയാണ് ഇപ്രകാരം എഴുതിത്തള്ളിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്നും എൻ.എച്ച്.എഫ്.ഡി.സി. പദ്ധതി പ്രകാരമുള്ള വായ്പയാണ് നൽകിവരുന്നത്. 15-9-2017-ലെ സ.ഉ. (സാധാ) നം. 601/2017/സാ.നീ.വ. ഉത്തരവ് പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ ബാധ്യത പൂർണ്ണമായും എഴുതിത്തള്ളുന്നതിനായി ഉത്തരവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എൻ.എച്ച്.എഫ്.ഡി.സി.-യിൽനിന്നും വായ്പയെടുത്തശേഷം മരണമടഞ്ഞവരുടെ വായ്പ എഴുതിത്തള്ളുന്നതിന് ടി സ്ഥാപനത്തിന് പദ്ധതിയുണ്ട്. അതുപ്രകാരം വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും നിരവധി തവണ എൻ.എച്ച്.എഫ്.ഡി.സി.-ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി യാതൊരു തുകയും എൻ.എച്ച്.എഫ്.ഡി.സി.-യിൽ നിന്ന് ലഭിച്ചിട്ടില്ല. പദ്ധതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും മരണപ്പെട്ട എല്ലാവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും എൻ.എച്ച്.എഫ്.ഡി.സി.-ക്ക് കത്തയച്ചിട്ടുണ്ട്.

വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്നും വായ്പയെടുത്തശേഷം മരണമടഞ്ഞ 28 പേരുടെ വായ്പ എഴുതിത്തള്ളുന്നതിന് 15-9-2017-ലെ സ.ഉ. (സാധാ) നമ്പർ 601/2017/സാ.നീ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

## അംഗപരിമിതരുടെ കുട്ടികളുടെ വിദ്യാഭ്യാസം

296 (1841) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അംഗപരിമിതരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാനത്ത് അംഗപരിമിതരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 'വിദ്യാകിരണം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2016-ലെ Rights of Persons with Disabilities Act -ൽ നിർദ്ദേശിക്കപ്പെട്ട വൈകല്യ സർട്ടിഫിക്കറ്റ് ഉള്ള 40%-ഉം അതിനുമുകളിലും വൈകല്യതോതുള്ള അംഗപരിമിതരുടെ മക്കൾക്ക് ടി പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നു. കുട്ടികളെ 4 വിഭാഗമായി തിരിച്ച് ഓരോ ജില്ലയിൽ നിന്നും ഓരോ വിഭാഗത്തിൽനിന്നും 25 കുട്ടികൾക്ക് 10 മാസത്തേക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ

മുഖേന നൽകുന്നു. സ്കോളർഷിപ്പ് നിരക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ക്ലാസ്സ് | സ്കോളർഷിപ്പ് നിരക്ക്/മാസം |
|---|---|---|
| 1. | 1 മുതൽ 5 വരെ | 300 |
| 2. | 6 മുതൽ 10 വരെ | 500 |
| 3. | +1, +2, തത്തുല്യമായ മറ്റ് കോഴ്സുകൾ | 750 |
| 4. | ഡിഗ്രി, പി.ജി, പോളിടെക്നിക്, തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ | 1,000 |

വരുമാനം തെളിയിക്കുന്നതിനായി (പരിധി 1 ലക്ഷം, വൈകല്യതോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകിയിട്ടുണ്ട്) വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ ബോർഡിൽ നിന്നുള്ള വൈകല്യ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

### ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനുള്ള നടപടികൾ

297 (1842) ശ്രീ. അൻവർ സാദത്ത്:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. അനിൽ അക്കര:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഭിന്നശേഷിക്കാർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്ത് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോഎന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത യൂണിറ്റിനെ അത്യാധുനിക സാങ്കേതിക വിദ്യകൾ അനുസരിച്ചുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്;

(ഡി) ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ഷോറൂമുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഭിന്നശേഷിയുള്ളവർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണസഹായി തുടങ്ങിയ സഹായ ഉപകരണങ്ങളുടെ സൗജന്യ വിതരണം,
2. ഭിന്നശേഷിയുള്ളവർക്കുവേണ്ടി ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ എന്നിവ മാനദണ്ഡങ്ങൾക്കു വിധേയമായി വിതരണം.
3. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം മാനദണ്ഡങ്ങൾക്ക് വിധേയമായി.
4. അംഗവൈകല്യമുള്ളവർക്ക് പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.
5. നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പ,
6. സ്വയം തൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി,
7. ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി.വായ്പാ സബ്സിഡി,
8. ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി,
9. സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കൽ,
10. വികലാംഗ സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലന കേന്ദ്രവും,
11. വികലാംഗരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം,
12. കാഴ്ചവൈകല്യമുള്ള യുവതീയുവാക്കൾക്ക് ടാബ്ലെറ്റ്/സ്മാർട്ട് ഫോൺ നൽകുന്ന പദ്ധതി,
13. നാല് ജില്ലകളിൽ വികലാംഗക്ഷേമ കോർപ്പറേഷന്റെ പുതിയ ജില്ല/റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി,
14. കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റിന് 27 കോടി രൂപയുടെ നവീകരണ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കാഴ്ച വൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം.
2. വികലാംഗർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്
3. ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം
4. വിദ്യാജ്യോതി
5. കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്ന രക്ഷകർത്താക്കൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി-സ്വാശ്രയ
6. വിദ്യാകിരണം-അംഗപരിമിതരായ രക്ഷകർത്താക്കളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി
7. സഹായ ഉപകരണ വിതരണ പദ്ധതി
8. വ്യക്തിഗത പരിപാലന പദ്ധതി.

താഴെ പറയുന്ന സംഘടനകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

1. CDMRP-Community Disability Management and Rehabilitation Programme
2. Alzhiemer's Related Disorder Society of India (ARDSI)
3. Epilepsy Care through Schools
4. Pallium India
5. State Nodal Agency Centre (SNAC)
6. നിരാമയ
7. ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO)
8. ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)
9. Insight Project (SPACE)
10. District Psychiatric Rehabilitation Project (IMHANS)

11. SIMC (State Institute on Mentally Challenged)

12. ആശ്രയ

13. യോഗ ക്ലാസ്

14. ഓട്ടിസം ഡയഗ്നോസ്റ്റിക് ടൂൾ ഡെവലപ്‌മെന്റ്.

സംസ്ഥാനത്തെ അംഗപരിമിതർക്കുള്ള ക്ഷേമത്തിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന അനുയാത്ര എന്ന പേരിൽ ഒരു നവീന പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകി 2017 ജൂൺ മാസം മുതൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.

(ബി) ഭിന്നശേഷിക്കാർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിനായി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഉപകരണ നിർമ്മാണ യൂണിറ്റായ എം.ആർ.എസ്.റ്റി. സെന്റർ തിരുവനന്തപുരത്ത് പാറ്റൂരിൽ 2000 മുതൽ പ്രവർത്തിച്ചു വരുന്നു.

(സി) എം.ആർ.എസ്.റ്റി. സെന്ററിനെ അത്യാധുനിക സാങ്കേതിക വിദ്യകൾ അനുസരിച്ചുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റായി വികസിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 2.7 കോടി രൂപ 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ വിൽക്കുന്നതിനുള്ള ഷോറൂമുകൾ എല്ലാ മേഖലാ ഓഫീസുകളിലും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

**ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത ഒഴിവുകൾ**

298 (1843) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വികലാംഗ നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത ഒഴിവുകൾ സമയബന്ധിതമായി നികത്താൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

Persons with Disabilities Act 1995-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ G.O.(P) No.60/2015/സാ.നീ.വ. തീയതി 22-9-2015 പ്രകാരം ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സംസ്ഥാനനയം പുറപ്പെടുവിക്കുകയും ആയത്

നടപ്പിലാക്കി വരികയുമാണ്. Rights of Persons with Disabilities Act 2016-ന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള സംസ്ഥാനനയം നവീകരിക്കുന്നതിനുള്ള നടപടികളും ടി നിയമത്തിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

Persons with Disabilities Act, 1995 പ്രകാരം നിശ്ചിത ഭിന്നശേഷിക്കാർക്ക് അവർക്കായി നിയമനം നൽകാൻ സർക്കാർ കണ്ടെത്തിയ തസ്തികകളിൽ 3% സംവരണം നൽകാൻ വ്യവസ്ഥ ചെയ്യുന്നു. ആയതുപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പ്രസ്തുത തസ്തികകളിൽ നിയമനം നൽകി വരുന്നു. Rights of Persons with Disabilities Act, 2016 പ്രകാരം പ്രസ്തുത സംവരണം 4% ആയി ഉയർത്തുകയും പുതുതായി ടി ആക്ടിലെ സെക്ഷൻ 34(1) d, e ക്ലാസ്സിൽപ്പെടുന്ന ഓട്ടിസം, ഇന്റലക്ച്വൽ ഡിസെബിലിറ്റി ബാധിച്ചവർ, മൾട്ടിപ്പിൾ ഡിസെബിലിറ്റി ഉള്ളവർ തുടങ്ങി രണ്ടു ഭിന്നശേഷി വിഭാഗക്കാരെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി ക്കാർക്കായുള്ള സംവരണം 4% ആയി ഉയർത്തുമ്പോൾ അവർക്കായി നീക്കി വയ്ക്കാവുന്ന തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സീകരിച്ചു വരുന്നു. തസ്തികകൾ കണ്ടെത്തുന്നമുറയ്ക്ക് ഭിന്നശേഷിക്കാർക്കായി നീക്കിവയ്ക്കുന്ന ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വെളിയം പഞ്ചായത്തിലെ ക്രഷ് സെന്ററുകൾ**

299 (1844) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം പഞ്ചായത്തിൽ സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ ധനസഹായത്തോടെ എത്ര ക്രഷ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ക്രഷ് സെന്ററുകളെ സർക്കാർ ഏറ്റെടുത്തത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്രഷ് സെന്ററുകൾക്കുള്ള ഗ്രാന്റ് കുടിശ്ശിക നൽകാനുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കുടിശ്ശിക തുക നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ വെളിയം പഞ്ചായത്തിൽ സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ ധനസഹായത്തോടെ പ്രവർത്തിച്ചിരുന്നത് മൂന്ന് ക്രഷ് സെന്ററുകളാണ്.

(ബി) 9-8-2017 -ലെ സ.ഉ. (കൈ) നമ്പർ 35/2017/സാനീവ. പ്രകാരം 1-1-2017 മുതൽ പ്രാബല്യത്താടെയാണ് പ്രസ്തുത ക്രഷുകളെ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്.

(സി) 1-1-2017 പ്രാബല്യത്തോടെയാണ് നാഷണൽ ക്രഷ് സ്കീമിനു കീഴിൽ പ്രസ്തുത ക്രഷുകളെ സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. ടി കാലയളവ് മുതലുള്ള ഗ്രാന്റ് കുടിശ്ശിക വകുപ്പിൽ നിന്നും പ്രസ്തുത ക്രഷുകൾക്ക് നൽകാനുണ്ട്.

(ഡി) ഓരോ ഐ.സി.ഡി.എസ്. പ്രദേശത്തും നാഷണൽ ക്രഷ് സ്കീം പ്രകാരം പ്രവർത്തിക്കുന്ന ക്രഷുകൾക്കുള്ള ഗ്രാന്റ് അതത് ചൈൽഡ് ഡെവലപ്മെന്റ് പ്രൊട്ടക്ഷൻ ഓഫീസർമാർ (CDPO) മുഖേന നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ആയതിലേക്കായി ക്രഷുകൾ നടത്തുന്ന NGO-മാരുമായി ധാരണാപത്രം ഒപ്പു വയ്ക്കുന്നതിന് എല്ലാ ചൈൽഡ് ഡെവലപ്മെന്റ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ധാരണാപത്രം ഒപ്പു വച്ചതായുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പിൽ നിന്നും ഗ്രാന്റ് അനുവദിച്ചു നൽകുന്നതാണ്.

## സാമൂഹ്യസുരക്ഷാ മിഷനിലെ നിയമനം

300 (1845) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആസ്ഥാന ഓഫീസിൽ എത്ര പേരെ നിയമിച്ചു എന്ന് അറിയിക്കാമോ;

(ബി)1-6-2017 ലെ സാമൂഹ്യ സുരക്ഷാ മിഷൻ ഗവേണിംഗ് ബോഡി തീരുമാന പ്രകാരം ജില്ലാതല കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിയമനത്തിനായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നിലവിലുള്ള വിവിധ പ്രോജക്ടുകളിലെ ജീവനക്കാരെയാണോ ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഇ) എങ്കിൽ ആയതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സാമൂഹ്യ സുരക്ഷാ മിഷനിലെ സേവനകാലം സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിഷൻ ആസ്ഥാന ഓഫീസിൽ സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ/കരാർ/ ദിവസവേതനാടിസ്ഥാനത്തിൽ 12 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) ചുമതല നൽകി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ജില്ലാതലത്തിലുള്ള കോ-ഓർഡിനേറ്റർമാരുടെ സീനിയോരിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അതെ

(ഇ) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 1-6-2017-ലെ 23-ാം ഗവേണിംഗ് ബോഡി തീരുമാനപ്രകാരം മിഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലെ പ്രവൃത്തി പരിചയവും അതാത് ജില്ലകളിൽ പ്രവർത്തിച്ച ജില്ലാതലത്തിൽ സർവ്വീസ് സീനിയോറിറ്റിയുമനുസരിച്ചാണ് ജില്ലാ കോ-ഓർഡിനേറ്റർമാരെ ചുമതല നൽകി നിയമിച്ചിട്ടുള്ളത്.

(എഫ്) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**സാമൂഹ്യസുരക്ഷാ മിഷനിൽ ജില്ലാ കോ-ഓർഡിനേറ്റർ നിയമനം**

301 (1846) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചത് എന്ത് അടിസ്ഥാനത്തിലും മാനദണ്ഡത്തിലുമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ കോ-ഓർഡിനേറ്റർ തസ്തിക, വയോമിത്രം/എസ്.ഐ.ഡി. കോ-ഓർഡിനേറ്റർമാരുടെ പ്രൊമോഷൻ തസ്തികയാണോയെന്ന് വ്യക്തമാക്കുമോ;

(സി) വയോമിത്രം/എസ്.ഐ.ഡി. കോ-ഓർഡിനേറ്റർ തസ്തികകളുടെ ശമ്പള സ്കെയിൽ തുല്യമാണോയെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വ്യത്യസ്തമായ ശമ്പള സ്കെയിൽ ഉള്ള തസ്തികകളിൽ നിന്ന് മുൻഗണനാക്രമത്തിൽ ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിച്ചത് നിയമപരമാണോയെന്ന് വ്യക്തമാക്കുമോ;

(ഇ) 6-1-2018-ലെ A1/10730/18/KSSM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവരുടെ പ്രവൃത്തിപരിചയം, അവർ സർവ്വീസിൽ പ്രവേശിച്ച തീയതി, കരാർ നിയമനം അവസാനിച്ച തീയതി, കരാർ പുതുക്കി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത തീയതി എന്നീ വിവരങ്ങൾ ഇനംതിരിച്ച് വ്യക്തമാക്കുമോ;

(എഫ്) കരാർ കാലാവധി പുതുക്കി നൽകാത്ത വയോമിത്രം കോ-ഓർഡിനേറ്റർമാർക്ക് ജില്ലാ കോർഡിനേറ്റർമാരായി നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മിഷൻ പദ്ധതികളിൽ ജില്ലാതലത്തിൽ പ്രവൃത്തിപരിചയവും സർവ്വീസ് സീനിയോരിറ്റിയും കണക്കിലെടുത്ത് ജീവനക്കാരെ ജില്ലാതലത്തിൽ കോർഡിനേറ്റർമാരായി നിയമിക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 1-6-2017 -ലെ 23-ാം ഗവേണിംഗ് ബോഡി തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ സർവ്വീസ് സീനിയോരിറ്റി പ്രകാരമാണ് കോ-ഓർഡിനേറ്റർമാരെ ജില്ലാകോ-ഓർഡിനേറ്റർമാരായി ചുമതല നൽകി നിയമിച്ചിട്ടുള്ളത്.

(ബി) ജില്ലാ കോ-ഓർഡിനേറ്റർ തസ്തിക വയോമിത്രം/എസ്.ഐ.ഡി കോ-ഓർഡിനേറ്റർമാരുടെ പ്രൊമോഷൻ തസ്തികയല്ല.

(സി) വയോമിത്രം/എസ്.ഐ.ഡി. എന്നിവയിലെ ജീവനക്കാർക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല. സഞ്ചിത വേതനമാണ് നൽകി വരുന്നത്.

(ഡി) കേരള സാമൂഹ്യസുരക്ഷാ മിഷന്റെ 01-06-2017 - ലെ 23-ാം ഗവേണിംഗ് ബോഡി തീരുമാനപ്രകാരമാണ് ജില്ലാ കോർഡിനേറ്റർമാരെ നിയമിച്ചിട്ടുള്ളത്. സുരക്ഷാ മിഷന്റെ വിവിധ പദ്ധതികളിലെ ജില്ലാതലത്തിലെ പ്രവർത്തി പരിചയവും സർവ്വീസ് സീനിയോറിറ്റിയും പരിഗണിച്ചാണ് ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് ചുമതല നൽകി നിയമിച്ചിട്ടുള്ളത്.

(ഇ) അനുബന്ധമായി ചേർക്കുന്നു*.

(എഫ്) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അവയവദാനം ചെയ്യുന്ന കുടുംബങ്ങളുടെ സാമൂഹ്യസുരക്ഷ

302 (1847) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവങ്ങൾ ദാനം ചെയ്യുന്ന കുടുംബങ്ങളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കാനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

## സാമൂഹ്യനീതി വകുപ്പിലെ ക്ലാർക്ക് നിയമനം

303 (1848) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ വയനാട് ജില്ലയിലെ ഓഫീസുകളിൽ 3-1-2014 തീയതിക്ക് ശേഷം പി.എസ്.സി. മുഖേന ക്ലാർക്ക് തസ്തികയിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത ഓഫീസുകളിൽ 3-1-2014-നുശേഷം അന്തർ ജില്ലാ സ്ഥലംമാറ്റം വഴി ക്ലാർക്ക് തസ്തികയിൽ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്;

(സി) സാമൂഹ്യനീതി വകുപ്പിൽ വയനാട് ജില്ലയിൽ 3-1-2014-ലെ സ. ഉ. (പി) നമ്പർ 1/2014/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം ക്ലാസ് IV (ലാസ്റ്റ് ഗ്രേഡ്)ജീവനക്കാർക്ക് തസ്തികമാറ്റം വഴി ക്ലാർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; പേരുവിവരം ലഭ്യമാക്കാമോ;

(ഡി) 3-1-2014 നുശേഷം ആദ്യം ഒഴിവ് വരുന്ന ക്ലാർക്ക് തസ്തിക Class IV (ലാസ്റ്റ് ഗ്രേഡ്) ജീവനക്കാരുടെ ബൈട്രാൻസ്ഫർ നിയമനത്തിനുവേണ്ടി മാറ്റി വയ്ക്കണമെന്ന പ്രസ്തുത സർക്കാർ ഉത്തരവ് മറി കടന്ന് പി.എസ്.സി. വഴിയും അന്തർ ജില്ലാ സ്ഥലംമാറ്റം വഴിയും സാമൂഹ്യനീതി വകുപ്പിൽ വയനാട് ജില്ലയിലെ ഓഫീസുകളിൽ ക്ലാർക്ക് തസ്തികയിൽ നടത്തിയ നിയമനങ്ങൾ പുനഃക്രമീകരണം നടത്തുമോ;

(ഇ) വയനാട് ജില്ലയിലെ Class IV (ലാസ്റ്റ് ഗ്രേഡ്) ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ആരെങ്കിലും സാമൂഹ്യനീതി ഡയറക്ടർക്ക് ക്ലാർക്ക് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ടോ;

(എഫ്) സാമൂഹ്യനീതി ഡയറക്ടറേറ്റിലെ E4-21384/117 20-5-2017 നമ്പർ ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഒരു നിയമനം നടന്നിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിലവിൽ ക്ലാർക്ക് തസ്തികയിൽ 7 പേരും ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ 3 പേരും സീനിയർ ക്ലാർക്ക് തസ്തികയിൽ 8 പേരുമാണ് സേവനമനുഷ്ഠിക്കുന്നത്. ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ നിലവിലുള്ള ഒരൊഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള 7 ക്ലാർക്കുമാരിൽ 2 പേർക്ക് പ്രൊമോഷൻ ലഭിയ്ക്കുന്നമുറയ്ക്ക് കേഡർ സ്ട്രെംഗ്ത് കഴിഞ്ഞ് നിൽക്കുന്ന രണ്ട് തസ്തികകൾ പുനഃക്രമീകരിക്കുവാൻ കഴിയുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) 3-1-2014-ലെ സ.ഉ(പി)നമ്പർ 1/14/ഉ.ഭ.പ.വ. പ്രകാരം ക്ലാർക്ക് തസ്തികയുടെ 10% ഒഴിവുകളിൽ വയനാട് ജില്ലയിൽ ബൈട്രാൻസ്ഫർ നിയമനത്തിന് അർഹതയുണ്ടായിരുന്നത് മാനന്തവാടി അഡീഷണൽ ഐ.സി.ഡി.എസ്.-ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. നിസാർമണിമയ്ക്കായിരുന്നു. വയനാട് ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് നിലവിലില്ലാതിരുന്ന സാഹചര്യത്തിലും ശ്രീ. നിസാർമണിമ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സേവനമനുഷ്ഠിക്കാൻ സമ്മതമാണെന്ന് അറിയിച്ച് 1-10-2017-ൽ നൽകിയ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലും ടിയാനെ സാമൂഹ്യനീതി ഡയറക്ടറുടെ 6-2-2018-ലെ ഇ 4-21384/17 ഉത്തരവ് പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിയമിച്ചു. വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അധികമായി നിലനിൽക്കുന്ന 2 അധിക തസ്തികകൾ ക്രമീകരിച്ചശേഷം ആദ്യമുണ്ടാകുന്ന ഒഴിവിൽ ശ്രീ. നിസാർമണിമയ്ക്ക് സ്ഥലം മാറ്റത്തിന് അർഹതയുണ്ടായിരിക്കുമെന്നും ക്ലാർക്ക് തസ്തികയിലെ ടിയാളുടെ സീനിയോറിറ്റി വയനാട് ജില്ലയിൽ നിലനിൽക്കുമെന്ന നിബന്ധനയോടെയുമാണ് ബൈട്രാൻസ്ഫർ നിയമനം നൽകിയിട്ടുള്ളത്. ഇത്രയും നടപടികളാണ് ഇ 4-21384/17 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ളത്.

## മായം കലർന്ന ഭക്ഷ്യ എണ്ണകൾ വിൽപ്പന ചെയ്യുവർക്കെതിരെ നിയമ നടപടി

304 (1849) ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ വകുപ്പിന്റെ പരിശോധനയിൽ മായം കലർന്ന വെളിച്ചെണ്ണ കണ്ടെത്തിയിട്ടുണ്ടോ;

(ബി) മായം കലർന്നതോ, ഗുണനിലവാരമില്ലാത്തതോ ആയതിന്റെ പേരിൽ നിരോധിച്ച ഭക്ഷ്യ എണ്ണകൾ ഏതൊക്കെയെന്ന് ബ്രാൻഡ് തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം മായം കലർന്ന ഭക്ഷ്യ എണ്ണകൾ വിൽപ്പന ചെയ്യുവർക്കെതിരെ എന്തൊക്കെ നിയമ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ഭക്ഷ്യ സാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള അധികാരം ഭക്ഷ്യ വകുപ്പിൽ നിക്ഷിപ്തമല്ല.

## ന്യായവില ഭക്ഷണ ഷോപ്പുകൾ എല്ലാ താലൂക്കുകളിലും ആരംഭിക്കാൻ നടപടി

305 (1850) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യോൽപ്പന്നങ്ങളുടെ വില സാധാരണക്കാരന് അപ്രാപ്യമാകുന്ന രീതിയിൽ ഉയർന്നതിനാൽ ന്യായവില ഭക്ഷണ ഷോപ്പുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കൽ ഏതു ഘട്ടം വരെയായി;

(ബി) എവിടെയൊക്കെയാണ് ഇത്തരം ന്യായവില ഷോപ്പുകൾ ആരംഭിച്ചിട്ടുള്ളത് ;

(സി) ഭക്ഷ്യോൽപ്പന്നങ്ങൾ വിലകുറച്ച് നൽകുന്ന ന്യായവില ഭക്ഷണ ഷോപ്പുകൾ എല്ലാ താലൂക്കുകളിലും ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-സി) സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടായിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ഭക്ഷണത്തിന് വകയില്ലാത്ത വിശക്കുന്നവർക്കെല്ലാം ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതിന് 'വിശപ്പ് രഹിത കേരളം' പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ രണ്ടുജില്ലകളിൽ പൈലറ്റ് പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കുന്നുണ്ട്. വരുന്ന സാമ്പത്തിക വർഷം മുതൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

**അമിത വില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ നടപടി**

306 (1851) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ അമിത വില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിനുള്ളത്.

## ഹോട്ടലുകളിലെ ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നടപടി

307 (1852) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ/ക്യാന്റീനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മലപ്പുറം ജില്ലയിലെ ഹോട്ടലുകളിൽ നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പരിശോധനകളെത്തുടർന്ന് സ്വീകരിച്ച ശിക്ഷാനടപടികൾ വ്യക്തമാക്കാമോ;

(ഡി) ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉറപ്പുവരുത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ/ക്യാന്റീനുകളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ആഹാര വസ്തുക്കൾ ഉൽപ്പാദിപ്പിക്കുകയും വിൽപ്പന നടത്തുന്നതുമായ സ്ഥാപനങ്ങളിൽ കർശന പരിശോധന നടപടികളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഭക്ഷ്യസുരക്ഷാ സ്പെഷ്യൽ സ്ക്വാഡുകൾ എല്ലാ ജില്ലകളിലും പരിശോധനകൾ നടത്തുന്നുണ്ട്. ശുചിത്വ നിലവാരം ഉറപ്പാക്കുന്നതിന് സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസുകൾ നൽകുന്നുണ്ട്. തുടർ പരിശോധനകളിൽ നോട്ടീസ് നൽകിയ സ്ഥാപനങ്ങൾ നിർദ്ദേശങ്ങൾ ലംഘിച്ചതായി കണ്ടെത്തിയാൽ പിഴ ഈടാക്കുകയും ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കി സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പിക്കുകയുമാണ് പതിവ്. ഇത്തരം കേസുകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുവാൻ അനുവദിക്കുകയുള്ളൂ. ഹോട്ടലുകളിലും/ റസ്റ്റോറന്റുകളിലും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ കമ്മീഷണർ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മലപ്പുറം ജില്ലയിലെ ഹോട്ടലുകളിൽ നടത്തിയ പരിശോധനയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | ഹോട്ടലുകളുടെ വിശദാംശങ്ങൾ | ചുമത്തിയ പിഴ |
|---|---|---|
| 1 | ജനതാ ഹോട്ടൽ, പാലത്തിങ്കൽ | 1000 |
| 2 | ഹോട്ടൽ ടോപ്സി, തിരൂർ | 2000 |
| 3 | ഹോട്ടൽ മുബാരക്, വെന്നിയൂർ | 2000 |
| 4 | ഹോട്ടൽ ടോപ്പ് അപ്പ്, വെന്നിയൂർ | 1000 |
| 5 | ബിസ്മില്ലാ ഹോട്ടൽ , കാടാമ്പുഴ, | 2000 |
| 6 | ഹോട്ടൽ ഹന്നത്ത്, കുറ്റിപ്പുറം | 1000 |
| 7 | കെ.എൽ. 10 ഹോട്ടൽ, പൊൻമ്മുള | 2000 |
| 8 | അൽ അമീൻ ഹോട്ടൽ മന്നൂർപ്പള്ളി | 2000 |
| 9 | ഹോട്ടൽ റെസ്പെക്ട് കൂൾ കോഫീ, കൊണ്ടോട്ടി | 3000 |
| 10 | ഹോട്ടൽ നന്ദനം, കൊണ്ടോട്ടി | 3000 |
| 11 | ഹോട്ടൽ തൗഫീക്ക് പ്ലാസ്സ കൊണ്ടോട്ടി | 2000 |

(സി) 2018 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 11 ഹോട്ടലുകൾക്കായി 21,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

(ഡി) എല്ലാ ഹോട്ടൽ ജീവനക്കാർക്കും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തി മാത്രമേ ലൈസൻസ്/രജിസ്ട്രേഷൻ നൽകാറുള്ളൂ.

## പൊതുവിതരണവുമായി ബന്ധപ്പെട്ട പരാതി പരിഹാര സംവിധാനം

308 (1853) ശ്രീ. രാജു എബ്രഹാം:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണ സംവിധാനത്തിലെ അഴിമതി പൂർണമായും ഇല്ലാതാക്കുന്നതിന് എന്തെല്ലാം കർമപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് കോൾ സെന്റർ ഓൺലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ മേഖലയിൽ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി 30-4-2018-നകം ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കിവരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നുണ്ട്. കൂടാതെ, പത്രപരസ്യവും നൽകി വരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും കാൾ സെന്റർ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപരിയായി പൊതുവിതരണ സമ്പ്രദായത്തിനെ സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

(ഡി) പൊതുവിതരണം സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ ബന്ധപ്പെട്ട താലൂക്ക്/ജില്ലാ സപ്ലൈ ഓഫീസർ, വകുപ്പ് വിജിലൻസ് ഓഫീസർ/ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ/റേഷനിംഗ് കൺട്രോളർ/സിവിൽ സപ്ലൈസ് ഡയറക്ടർ എന്നിവർക്ക് നൽകാവുന്നതും 1967 എന്ന ടോൾ ഫ്രീ നമ്പരിൽ ഫോൺ മുഖാന്തരം അറിയിക്കാവുന്നതുമാണ്. പരാതി പരിഹാരത്തിനുള്ള ഓൺലൈൻ സംവിധാനം സെക്യൂരിറ്റി ഓഡിറ്റിംഗിന് നൽകിയിട്ടുണ്ട്. 20 ലക്ഷം മുതൽ 1 കോടി രൂപ വരെ സാമ്പത്തിക ബാദ്ധ്യത ഉള്ള കേസുകൾ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ പരിഗണിക്കുന്നതാണ്.

**ദേശീയ ഭക്ഷ്യഭദ്രതാ നിയമം**

309 (1854) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>
<u>ശ്രീ. സി. കെ. നാണു:</u>
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ നിലവിൽ സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ എത്രത്തോളം കുറവ് വന്നുവെന്ന് വ്യക്തമാക്കാമോ;

(സി) മുൻഗണനാ വിഭാഗങ്ങളിലെ കുടുംബങ്ങളെ തെരഞ്ഞെടുക്കുമ്പോൾ ബി.പി.എൽ., എ.എ.വൈ. ലിസ്റ്റിൽപ്പെട്ടവർ പുറത്തായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നിയമപ്രകാരമുള്ള റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിൽ സംഭവിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചുകൊണ്ട് അർഹരായ മുഴുവൻ ആളുകൾക്കും റേഷൻ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഇ) ഭക്ഷ്യഭദ്രതാ നിയമം വിഭാവനം ചെയ്യുന്ന വാതിൽപ്പടി വിതരണം നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഏത് രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ പ്രധാനഘട്ടം എന്ന നിലയ്ക്ക് മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും 1-11-2016 മുതൽ പ്രസ്തുത പട്ടികപ്രകാരം റേഷൻ വിതരണം ആരംഭിക്കുകയും ചെയ്തു. തുടർന്ന് കൃത്യമായ നടപടികളിലൂടെ 1-6-2017 മുതൽ നിലവിലുള്ള ലിസ്റ്റ് പ്രകാരം റേഷൻ വിതരണം തുടർന്നു വരികയും ചെയ്യുന്നു. അനർഹരെ ഒഴിവാക്കുന്നതിനായുള്ള തീവ്രപരിശ്രമത്തിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിൽനിന്നും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അനർഹരായ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 262675 അനർഹരെ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി 30-4-2018-നകം ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചു വരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കി വരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നുണ്ട്. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് കമ്മിറ്റി രൂപീകരിക്കുന്നതിനും വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപരിയായി പൊതുവിതരണ സമ്പ്രദായത്തിനെ സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) സംസ്ഥാനത്തിനുമുമ്പ് പ്രതിവർഷം 16.01 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ലഭിച്ചിരുന്ന സ്ഥാനത്ത് നിലവിൽ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം പ്രതിവർഷം 12.26 മെ.ടൺ അരിയും 1.99 ലക്ഷം മെ.ടൺ ഗോതമ്പുമുൾപ്പെടെ 14.25 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യമാണ് ലഭിക്കുന്നത്. ഇപ്രകാരം കണക്കാക്കിയാൽ 1.76 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യത്തിന്റെ കുറവുവരുന്നുണ്ട്.

(സി&ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ അന്തിമ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും അർഹരായവർ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 742278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 567009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളത് ഇരട്ടിപ്പുള്ള അപേക്ഷകളും നേർക്കാഴ്ചയ്ക്ക് ഹാജരാകാത്തവയുമാണ്. അനർഹരെ ഒഴിവാക്കുന്നതിനായുള്ള തീവ്രപരിശ്രമത്തിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ അനർഹരായ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 262675 അനർഹരെ കണ്ടെത്തിയിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. 2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ ക്ലാസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ഇ) ഉണ്ട്. വാതിൽപ്പടി വിതരണം 2017 മാർച്ച് മാസത്തിൽ കൊല്ലം ജില്ലയിൽ പൈലറ്റ് പദ്ധതിയായി ആരംഭിക്കുകയും തുടർന്ന് 2017 മേയ്, ജൂൺ മാസത്തോടുകൂടി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഇതിന്റെ ചുമതല സപ്ലൈകോയെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

### വിശപ്പുരഹിത കേരളം പദ്ധതിയുടെ ലക്ഷ്യങ്ങൾ

310 (1855) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, സർക്കാരിതര സംഘടനകൾ തുടങ്ങിയവയെ പ്രസ്തുത പദ്ധതിയിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതിനായി ഓരോ വർഷവും എത്ര രൂപയാണ് ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. പദ്ധതിയുടെ പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. സന്നദ്ധ സംഘടനകളുടെ സഹായത്തോടും പങ്കാളിത്തത്തോടുംകൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്.

(സി) 2017-18 സാമ്പത്തിക വർഷം തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ഈ പദ്ധതി നടപ്പാക്കുന്നതിനായി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം 14 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**സംസ്ഥാനത്തെ റേഷൻ കാർഡുടമകൾ**

311 (1856) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുടമകൾ ഉണ്ട് ; ഇനം തിരിച്ചുള്ള വിശദവിവരം നൽകുമോ ;

(ബി) റേഷൻ കാർഡിന് അപേക്ഷ നൽകിയ മുഴുവൻ പേർക്കും കാർഡ് അനുവദിച്ച് നൽകിയിട്ടുണ്ടോ ;

(സി) ബി. പി. എൽ. കാർഡ് അർഹതപ്പെട്ട എല്ലാവർക്കും നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ബി പി എൽ കാർഡുടമകൾക്ക് എന്തെല്ലാം റേഷൻ സാധനങ്ങളാണ് ഓരോ ആഴ്ചയിലും ഇപ്പോൾ നൽകിവരുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ ആകെ 8018030 കാർഡുടമകളാണുള്ളത്. ഇനം തിരിച്ചുള്ള വിശദവിവരം താഴെ പറയുന്നു:

| | | |
|---|---|---|
| എ.എ.വൈ | - | 595800 |
| മുൻഗണനാ വിഭാഗം | - | 2906709 |
| മുൻഗണനേതര വിഭാഗം | - | 4515521 |
| ആകെ | - | 8018030 |

(ബി) റേഷൻ കാർഡിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) 01-11-2016 മുതൽ പൊതുവിതരണ സമ്പ്രദായത്തിൽ എ.പി.എൽ/ ബി.പി.എൽ കാർഡുകളില്ല. പകരം മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളാണ് നിലവിലുള്ളത്. അന്തിമ മുൻഗണനാ പട്ടികയിൽ ധാരാളം അനർഹർ ഉൾപ്പെട്ടതിനാൽ ആയവരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അന്തിമ മുൻഗണനാ ലിസ്റ്റിൽ കടന്നുകൂടിയ 91169 സർക്കാർ ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർ നൽകിയ പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(ഡി) ഓരോ വിഭാഗം റേഷൻകാർഡ് ഉടമകൾക്കും റേഷൻകടകൾ വഴി നൽകിവരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പുതുതായി അനുവദിച്ച റേഷൻ കാർഡുകൾ

312 (1857) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ മുതൽ നാളിതുവരെ എത്ര റേഷൻ കാർഡുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് മുൻഗണനാ, മുൻഗണനേതര വിഭാഗങ്ങളിലായി ആകെ എത്ര റേഷൻകാർഡ് ഉടമകൾ ഉണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 8018030 പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ബി) മുൻഗണനാ വിഭാഗം | -2906709 റേഷൻകാർഡുകൾ |
| മുൻഗണനേതര വിഭാഗം | -4515521 റേഷൻകാർഡുകൾ |
| **ആകെ** | **-7422230.** |

## അപാകതകൾ പരിഹരിച്ച് റേഷൻകാർഡ് അനുവദിക്കുന്നതിന് നടപടി

313 (1858) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്ന നടപടികൾ എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുൻപ് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന നിർധന കുടുംബങ്ങളിൽ പലതും പുതിയ കാർഡ് ലഭിച്ചപ്പോൾ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെടാതെ പോയ സാഹചര്യത്തിൽ അപാകതകൾ പരിഹരിച്ച് അർഹരായ മുഴുവൻ കുടുംബങ്ങളേയും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻകാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ 99% റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാനിയമം 2013 പ്രകാരം തയ്യാറാക്കിയ അന്തിമ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിന്മേൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

## മുൻഗണനാവിഭാഗം റേഷൻ കാർഡുകളിൽനിന്നുംഅനർഹരെ ഒഴിവാക്കുന്ന നടപടി

314 (1859) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻഗണനാവിഭാഗം റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിരിക്കുന്ന നാലുചക്ര വാഹന ഉടമകളെയും 1000 സ്ക്വയർ ഫീറ്റ് വീടുള്ളവരെയും മുൻഗണനേതര വിഭാഗത്തിലാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിലുള്ള എത്ര കാർഡുകൾ ഇതിനകം മാറ്റിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായ നാലുചക്ര വാഹന ഉടമകളെയും 1000 ചതുരശ്ര അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള വീടുള്ളവരെയും പട്ടികയിൽനിന്ന് ഒഴിവാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) അനർഹരായ 22,460 കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പുതിയ റേഷൻ കാർഡുകൾ**

315 (1860) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിന് സംവിധാനമുണ്ടോ;

ഉത്തരം

സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള സംവിധാനം തയ്യാറായി വരുന്നു.

**റേഷൻ മുൻഗണനാ പട്ടിക പരിഷ്കരണം**

316 (1861) ശ്രീ. പാറക്കൽ അബ്ദുല്ല:

ഡോ. എം. കെ. മുനീർ:

ശ്രീ. എം. ഉമ്മർ:

ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാ പട്ടിക സംസ്ഥാന തലത്തിൽ നിന്ന് മാറ്റി താലൂക്ക് തലത്തിൽ പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മുൻഗണനാ പട്ടികയിലേക്കുള്ള മൊത്തം ഒഴിവിന്റെ വിഹിതം താലൂക്ക് തലത്തിൽ പരിഗണിക്കുമ്പോൾ നഗരപ്രദേശത്തുള്ള അനർഹർ പട്ടികയിൽ വീണ്ടും ഇടം നേടുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അനർഹരെ കണ്ടെത്തി സംസ്ഥാനതലത്തിൽ അന്തിമ മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചാൽ അർഹരായവരെ ഉൾപ്പെടുത്തുവാനും അനർഹരെ ഒഴിവാക്കുവാനും കഴിയുമെന്ന് കരുതുന്നുണ്ടോ;

(ഡി) താലൂക്കുതലത്തിൽ പട്ടിക പരിഷ്കരിക്കുമ്പോൾ അർഹതാ മാനദണ്ഡമനുസരിച്ച് കൂടുതൽ മാർക്ക് ലഭിച്ചവർ പുറത്താകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) നിലവിൽ അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായ സർക്കാർ ജീവനക്കാർ, നാലുചക്ര വാഹനം സ്വന്തമായുള്ളവർ, 1000 ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീട് സ്വന്തമായുള്ളവർ എന്നിവരെ കണ്ടെത്തി പട്ടികയിൽനിന്നും ഒഴിവാക്കി അർഹരാണെന്ന് കണ്ടെത്തുന്നവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. അനർഹരായവരെന്ന് കണ്ടെത്തിയവരുടെ എണ്ണവും അപേക്ഷ നൽകിയവരുടെ എണ്ണവും താലൂക്ക് അടിസ്ഥാനത്തിൽ പരിശോധിച്ച് ആനുപാതികമായി വീതം വയ്ക്കുന്നത് പരിഗണിക്കുന്നതിനോടൊപ്പം താലൂക്കുകളിൽ അധികമായി ലഭിക്കുന്ന ഒഴിവുകൾ മറ്റ് താലൂക്കുകളിലേക്ക് നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റേഷൻ മുൻഗണനാ പട്ടിക പരിഷ്ക്കരിക്കുന്നതിന് നടപടി**

317 (1862) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>:

<u>ശ്രീ. അനിൽ അക്കര:</u>

<u>ശ്രീ. എ. പി. അനിൽ കുമാർ:</u>

<u>ശ്രീ. റോജി എം. ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ മുൻഗണനാ പട്ടിക സംസ്ഥാന തലത്തിൽ നിന്നും താലൂക്ക് തലത്തിലേക്ക് പരിഷ്ക്കരിക്കുന്നതിന് ആലോചനയുണ്ടോ; ഇതിനുള്ള സാഹചര്യമെന്താണ്;

(ബി) സംസ്ഥാന തലത്തിൽ തയ്യാറാക്കിയിട്ടുള്ള മുൻഗണനാ പട്ടികയിൽ നിന്നും ആരെങ്കിലും പുറത്തായാൽ തൊട്ടടുത്ത ആൾക്ക് മുൻഗണനാ പട്ടികയിൽ ഇടം നൽകണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമല്ലേ പുതിയ പരിഷ്കാരം;

(സി) പുതിയ വ്യവസ്ഥ ഗ്രാമപ്രദേശങ്ങളിലുള്ള അർഹതയുള്ളവർക്ക് പ്രതികൂലമാകുമെന്നതിനാൽ സംസ്ഥാന തലത്തിൽ തന്നെ മുൻഗണനാ പട്ടിക പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നിലവിൽ അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായ സർക്കാർ ജീവനക്കാർ, നാല് ചക്ര വാഹനം സ്വന്തമായുള്ളവർ, 1000 ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീട് സ്വന്തമായുള്ളവർ എന്നിവരെ കണ്ടെത്തി പട്ടികയിൽ നിന്നും ഒഴിവാക്കി അർഹരാണെന്ന് കണ്ടെത്തുന്നവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. അനർഹരായവരെന്ന് കണ്ടെത്തിയവരുടെ എണ്ണവും അപേക്ഷ നൽകിയവരുടെ എണ്ണവും താലൂക്ക് അടിസ്ഥാനത്തിൽ പരിശോധിച്ച് ആനുപാതികമായി വീതം വയ്ക്കുന്നത് പരിഗണിക്കുന്നതിനോടൊപ്പം താലൂക്കുകളിൽ അധികമായി ലഭിക്കുന്ന ഒഴിവുകൾ മറ്റ് താലൂക്കുകളിലേക്ക് നൽകുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അർഹരാണെന്ന് കണ്ടെത്തിയവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി

318 (1863) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ പട്ടികയിൽനിന്നും അനർഹരാണെന്ന് കണ്ടെത്തി ഒഴിവാക്കിയവർക്ക് പകരമായി നേരത്തെ പരാതി നൽകി ഹിയറിംഗ് നടത്തി അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ മുൻഗണനാ പട്ടികയിൽനിന്നും എത്ര പേരെ അനർഹരാണെന്ന് കണ്ട് ഒഴിവാക്കിയിട്ടുണ്ട്;

(സി) ഇതിന് പകരമായി എത്ര പേരെ പുതുതായി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) മുൻഗണനാ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കുന്നതിനായി നടത്തിയ തീവ്ര പരിശ്രമത്തിന്റെ ഭാഗമായി സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ 91,169 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മോട്ടോർ വാഹന വകുപ്പ് എന്നിവർ നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ അനർഹരായ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 2,62,675 അനർഹരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്.

## റേഷൻകടകളെ നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും നടപടി

319 (1864) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാനിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് ഉതകും വിധം റേഷൻ കടകളെ നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) റേഷൻ സാധനങ്ങൾക്കുപുറമേ ആവശ്യമായ മറ്റ് നിത്യോപയോഗ സാധനങ്ങളും ലഭിക്കുന്ന ഒരു പൊതുവിതരണ കേന്ദ്രമാക്കി റേഷൻകടകളെ മാറ്റുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) റേഷൻ വ്യാപാരികൾക്കായി വരുമാന പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സുതാര്യമായ പൊതുവിതരണ സംവിധാനം സാധ്യമാക്കുന്നതിനായി ഉദ്യോഗസ്ഥരുടെയും റേഷൻ വ്യാപാരികളുടെയും പൊതുജനങ്ങളുടെയും കൂട്ടായ പ്രവർത്തനം സംഘടിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻ കടകളുടെ നവീകരണത്തിനും മറ്റ് പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുത്തുന്നതിനും കെ.എസ്.എഫ്.ഇ. വഴി പലിശരഹിത വായ്പ ലഭ്യമാക്കുവാൻ 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ദദ്രതാനിയമം, 2013 പൂർണ്ണമായ രീതിയിൽ സംസ്ഥാനത്ത് നടപ്പാക്കിയതിനുശേഷം മാത്രമേ റേഷൻ കടകൾ നവീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ.

(ബി) പരിഗണനയിലാണ്.

(സി) ഉണ്ട്. 10-11-2017-ലെ സ.ഉ (കൈ)നമ്പർ 29/17/ഭ.പൊ.വി.വ പ്രകാരമുള്ള റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

(ഡി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള വിജിലൻസ് കമ്മിറ്റികൾ സംസ്ഥാന/ജില്ല/ബ്ലോക്ക്/ റേഷൻകട തലത്തിൽ ആരംഭിക്കുന്നതാണ്. കൂടാതെ, പൊതുജന പങ്കാളിത്തത്തോടുകൂടി റേഷൻ കടകളുടെ പ്രവർത്തനത്തെ നിരീക്ഷിക്കുന്നതിനുള്ള സോഷ്യൽ ഓഡിറ്റിംഗ് സംസ്ഥാനത്ത് ആരംഭിക്കുന്നതാണ്. സോഷ്യൽ ഓഡിറ്റിംഗ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

## റേഷൻകട തലത്തിൽ അദാലത്തുകൾ നടത്തി തീർപ്പുകൽപ്പിച്ച അപേക്ഷകൾ

320 (1865) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകട തലത്തിൽ അദാലത്തുകൾ നടത്തി തീർപ്പുകൽപ്പിച്ച അപേക്ഷകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;എങ്കിൽ വിശദാംശം നൽകുമോ;

(ബി) മുൻഗണനാ പട്ടികയിൽ ഒരേ മാർക്ക് ലഭിച്ചവരുടെ മുൻഗണനാ ക്രമം എപ്രകാരമാണ് നിശ്ചയിക്കുന്നത് ;

(സി) പുതുക്കിയ മാനദണ്ഡമനുസരിച്ച് എപ്രകാരമാണ് അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾക്കായി 15-02-18-ലെ സർക്കുലർ നമ്പർ 1971864/ബി3/17/ഭ.പൊ.വി.വ. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 14-1-2011-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 16/2011/ ത.സ്വ.ഭ.വ./-യുടെ അനുബന്ധം പ്രകാരം മാനദണ്ഡങ്ങൾ ഉപയോഗിച്ചിട്ടും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുല്യമാർക്ക് ലഭിക്കുകയാണെങ്കിൽ അംഗങ്ങൾ കൂടുതലുള്ള കുടുംബത്തിന് കൂടുതൽ പരിഗണന നൽകുന്നതാണ്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ ചട്ടം 3 ഉപചട്ടം (4) പ്രകാരമാണ് അന്ത്യോദയ അന്നയോജനയിൽ ഉപഭോക്താക്കളെ ഉൾപ്പെടുത്തുന്നത്.

**റേഷൻ വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് നടപടി**

321 (1866) ശ്രീ. കെ. ദാസൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങളുടെ വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) റേഷൻ വിതരണം സംബന്ധിച്ച എന്തെല്ലാം കാര്യങ്ങളാണ് പൊതുവിതരണ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുന്നത്; വ്യക്തമാക്കാമോ;

(സി) റേഷൻ സാധനങ്ങളുടെ ചോർച്ച തടയുന്നതിന് റേഷൻ സാധനങ്ങൾ എത്തിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി ഏപ്രിൽ അവസാനത്തോടെ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കി വരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകിവരുന്നുണ്ട്. കൂടാതെ പത്രപരസ്യവും നൽകി

വരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റേഷൻ സംബന്ധിച്ച ട്രാൻസാക്ഷനുകൾ, സ്റ്റോക്ക് വിവരങ്ങൾ മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാൻ സാധിക്കും. റേഷൻ പ്രതിമാസ വിഹിതം വകുപ്പിന്റെ പോർട്ടലിൽ (civilsupplieskerala.gov.in) പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request For Proposal (RFP) തയ്യാറാക്കിവരുന്നു.

**റേഷൻ കടകളിലേക്ക് ഭക്ഷ്യസാധനങ്ങൾ തൂക്കി നല്കുന്നതിന് നടപടി**

322 (1867) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യ വകുപ്പിന്റെകീഴിലുള്ള എൻ.എഫ്.എസ്.എ, പി.ഡി.എസ്. ഗോഡൗണുകളിൽനിന്നും റേഷൻ കടകളിലേക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങൾ തൂക്കി നൽകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഏതു രീതിയിലെന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യധാന്യങ്ങൾ തൂക്കി നൽകുന്നതിനായി എല്ലാ ഗോഡൗണുകളിലും ഇലക്ട്രോണിക് ത്രാസ്സുകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; നല്കാത്ത ഇടങ്ങളിൽ അവ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം മേനംകുളം എൻ.എഫ്.എസ്.എ. ഗോഡൗണിൽ ഭക്ഷ്യവകുപ്പ് പരിശോധന നടത്തിയിരുന്നോ; പരിശോധനയിൽ എന്തെല്ലാം തിരിമറികൾ കണ്ടെത്തിയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തിരിമറി നടത്തിയ ജീവനക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പൊതുവിതരണ ഡിപ്പോകളിൽനിന്നും വിതരണം ചെയ്യുന്ന സാധനങ്ങൾ തൂക്കി നൽകുന്നതിനും തൂക്കി നൽകുമ്പോൾ റേഷൻ വ്യാപാരിയേയോ പ്രതിനിധിയേയോ ബോധ്യപ്പെടുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സപ്ലൈകോ നടത്തുന്ന 148 എൻ.എഫ്.എസ്.എ. ഗോഡൗണുകളിലായി 155 വെയിംഗ് മെഷീനുകളാണ് നിലവിലുള്ളത്. കൂടാതെ 150 വെയിംഗ് മെഷീനുകൾകൂടി വാങ്ങുന്നതിന് സപ്ലൈകോ M/s. Slintec എന്ന കമ്പനിക്ക് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

(ഡി) റേഷനിംഗ് കൺട്രോളറുടെ നേതൃത്വത്തിൽ മേനംകുളം എൻ.എഫ്.എസ്.എ. ഗോഡൗണിൽ നടത്തിയ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി:

| | |
|---|---|
| പുഴക്കലരി | -118.92 ക്വിന്റൽ കുറവ് |
| പച്ചരി | - 1489.30 ക്വിന്റൽ കൂടുതൽ |
| സി.എം.ആർ | - 17.80 ക്വിന്റൽ കുറവ് |
| ഗോതമ്പ് | - 56.26 ക്വിന്റൽ കൂടുതൽ |

കൂടാതെ രണ്ട് അട്ടിയിലുള്ള സി.എം.ആർ അരി ചാക്കുകളിൽ തൂക്കക്കുറവും കണ്ടെത്തിയിട്ടുണ്ട്.

(ഇ) മേനംകുളം ഗോഡൗണിലെ ഓഫീസർ-ഇൻ-ചാർജ്ജിനെ 24-1-2018-ലെ സ.ഉ.(സാധാ)നമ്പർ 34/18/ഭ.പൊ.വി.വ പ്രകാരം സസ്പെൻഡ് ചെയ്യുകയും 15-2-2018-ലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ നടപടിക്രമം നമ്പർ (സി.എസ്) ബി.03.502/2017 പ്രകാരം തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസറെ ജില്ല വിട്ട് സ്ഥലം മാറ്റുകയും ഗോഡൗണിലെ മറ്റ് ജീവനക്കാരെ തിരുവനന്തപുരം മേഖലാ മാനേജർ, സപ്ലൈകോയുടെ 3-2-2018-ലെ നടപടിക്രമം നമ്പർ റ്റി1-02/18 പ്രകാരം അടിയന്തരമായി സ്ഥലംമാറ്റുന്നതിനും ഉത്തരവുകൾ നൽകിയിട്ടുണ്ട്.

**വാതിൽപ്പടി വിതരണം**

323 (1868) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ മേഖലയിലെ വാതിൽപ്പടി വിതരണം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വാതിൽപ്പടി വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ;

(സി) ജി.പി.എസ് ഘടിപ്പിക്കാത്തതുമൂലം അരി മറ്റിടങ്ങളിലേക്ക് കടത്തുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വാതിൽപ്പടി വിതരണത്തിൽ വാഹനങ്ങളുടെ അപര്യാപ്തത മൂലം റേഷൻകടകളിൽ സാധനങ്ങൾ കൃത്യസമയത്ത് എത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ജീവനക്കാരുടെ അപര്യാപ്തത, പരിചയക്കുറവ്, ഗോഡൗണുകളുടെ കുറവ്, തൊഴിലാളികളുടെ സമരം, ട്രാൻസ്പോർട്ടിംഗ് എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിലും സംസ്ഥാനത്തെ റേഷൻ കരിഞ്ചന്ത തടയുന്നതിനും റേഷൻ സാധനങ്ങളുടെ വിതരണം കാര്യക്ഷമമാക്കുന്നതിനും വാതിൽപ്പടി വിതരണം മൂലം സാധിച്ചിട്ടുണ്ട്. റേഷൻ വിതരണരംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request For Proposal (REP) തയ്യാറാക്കി വരുന്നു.

(സി) ഇല്ല.

(ഡി) ഇല്ല. റേഷൻകടകളിലേക്ക് വിതരണം കടത്തുകരാർ മുഖേനയാണ് ചെയ്യുന്നത്. വാഹനങ്ങളുടെ അപര്യാപ്തതമൂലം റേഷൻകടകളിലേക്കുള്ള വിതരണം വൈകാറില്ല.

**ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്നുവെന്ന പരാതി**

324 (1869) <u>ശ്രീ. ബി. സത്യൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷണത്തിന് ന്യായവില ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പല ഹോട്ടലുകളിലും ഭക്ഷണത്തിന് അമിതവില ഈടാക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) വിലനിയന്ത്രണം പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത നടപടികൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിനുള്ളത്. എല്ലാ തലത്തിലും മോണിറ്ററിംഗ് ശക്തിപ്പെടുത്തി വകുപ്പിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വിലക്കയറ്റം തടയാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അരിച്ചാക്കുകളിൽ അരിയുടെ കുറവുണ്ടാകുന്നുവെന്ന പരാതി**

325 (1870) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഗോഡൗണുകളിൽനിന്നും വാതിൽപ്പടി വിതരണംവഴി റേഷൻ കടകളിൽ എത്തുന്ന അരിച്ചാക്കുകളിൽ അരിയുടെ കുറവുണ്ടാകുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; പരിശോധനയിൽ കണ്ടെത്തിയ കാര്യം വ്യക്തമാക്കുമോ;

(സി) മേനംകുളം കിൻഫ്രാ പാർക്കിലെ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണിൽ നിന്ന് കരിഞ്ചന്തക്ക് കടത്താൻ സൂക്ഷിച്ചിരുന്ന അരി പിടിച്ചെടുത്തിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തിട്ടുണ്ടോ; എങ്കിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) 14-09-2017-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 310/17/ F&CSD പ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാനതല ഇൻസ്പെക്ടർ സ്ക്വാഡ് മേനംകുളം NFSA PDS ഗോഡൗണിൽ 15-01-2018-ന് നടത്തിയ പരിശോധനയിൽ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിൽ കുറവ് കണ്ടെത്തിയിരുന്നു. ഇതിനെത്തുടർന്ന് ലീഗൽ മെട്രോളജി, റേഷനിംഗ് കൺട്രോളർ എന്നിവർ തുടർന്നുള്ള ദിവസങ്ങളിലും ഗോഡൗണിൽ പരിശോധന നടത്തി താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി:

| ക്രമ നമ്പർ | ഇനം | കമ്പ്യൂട്ടർ രേഖകൾ പ്രകാരം നീക്കിയിരിപ്പ് | ഭൗതിക സ്റ്റോക്ക് | വ്യത്യാസം |
|---|---|---|---|---|
| 1 | പുഴുക്കലരി | 8746.44 | 8627.56 | 118.92 (കുറവ്) |
| 2 | പച്ചരി | 6248.34 | 7737.64 | 1489.30 (കൂടുതൽ) |
| 3 | സി.എം.ആർ | 3600 | 3582.2 | 17.80 (കുറവ്) |
| 4 | ഗോതമ്പ് | 3927.47 | 3983.73 | 56.26 (കൂടുതൽ) |

(ഡി) മേനംകുളം ഗോഡൗണിലെ ഓഫീസർ-ഇൻ-ചാർജ്ജിനെ 24-1-2018-ലെ സ.ഉ.(സാധാ)നമ്പർ 34/18/ഭ.പൊ.വി.വ. പ്രകാരം സസ്പെൻഡ് ചെയ്യുകയും 15-2-2018-ലെ സിവിൽ സപ്ലൈസ് ഡയറക്ടറുടെ നടപടിക്രമം നമ്പർ (സി.എസ്) ബി.03.502/2017 പ്രകാരം തിരുവനന്തപുരം താലൂക്ക് സപ്ലൈ ഓഫീസറെ ജില്ല വിട്ട് സ്ഥലം മാറ്റുന്നതിനും ഗോഡൗണിലെ മറ്റ് ജീവനക്കാരെ തിരുവനന്തപുരം മേഖലാ മാനേജർ, സപ്ലൈകോയുടെ 3-2-2018-ലെ നടപടിക്രമം നം. റ്റി1-02/18 പ്രകാരം അടിയന്തരമായി സ്ഥലം മാറ്റുന്നതിനും ഉത്തരവുകൾ നൽകിയിട്ടുണ്ട്.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന പഞ്ചസാരയുടെ ഗുണനിലവാരം

326 (1871) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന പഞ്ചസാരയുടെ ഗുണനിലവാരം പരിശോധിച്ച ശേഷമാണോ ഇവ കമ്പനികളിൽ നിന്നും വാങ്ങുന്നത്;

(ബി) 2017 മുതൽ തുടർച്ചയായി ഏതെല്ലാം കമ്പനികളാണ് പഞ്ചസാര വിതരണം ചെയ്യുന്നത്;

(സി) ഇങ്ങനെ വിതരണം ചെയ്യുന്ന പഞ്ചസാരയിൽ മാലിന്യം കലർന്നിട്ടുണ്ട് എന്ന പരിശോധനാ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവാരമില്ലാത്ത പഞ്ചസാര വിതരണം ചെയ്ത കമ്പനികളെ ടെണ്ടറിൽ പങ്കെടുക്കുന്നതിൽനിന്നും തടയുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) NABL (National Accreditation Board for Testing and Calibration Laboratories) അംഗീകരിച്ച ലാബുകളിൽ നിന്നുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കുന്ന സർട്ടിഫിക്കറ്റോടുകൂടിയാണ് ഇ-ഓക്ഷൻ മുഖേന വാങ്ങുന്ന പഞ്ചസാര ഡിപ്പോകളിൽ വിതരണത്തിന് എത്തിക്കുന്നത്. ആവശ്യമായ സന്ദർഭങ്ങളിൽ അതത് ഡിപ്പോകളിൽ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർ പരിശോധിച്ച് ആവശ്യമെങ്കിൽ സാമ്പിൾ ശേഖരിച്ച് ഗവൺമെന്റ് ലാബുകളിൽ പരിശോധിക്കുകയും ചെയ്യുന്നു.

(ബി) 2017 ജനുവരി മുതൽ തുടർച്ചയായി ഒരു കമ്പനിയും പഞ്ചസാര വിതരണം ചെയ്തിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഗുണനിലവാരത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ സപ്ലൈകോ പർച്ചേസ് മാന്വൽ പ്രകാരം പിഴ ചുമത്തുകയും കരിമ്പട്ടയിൽ ഉൾപ്പെടുത്തി ടെൻഡറിൽ പങ്കെടുക്കുന്നതിൽനിന്നും വിലക്കേർപ്പെടുത്തുകയും ചെയ്തു വരുന്നു.

**മാവേലിക്കര മണ്ഡലത്തിൽ മാവേലി സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിന് നടപടികൾ**

327 (1872) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സൂപ്പർമാർക്കറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിൽ പുതുതായി മാവേലി സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇത്തരം സൂപ്പർമാർക്കറ്റ് മാവേലിക്കര മണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാവേലി സൂപ്പർ മാർക്കറ്റുകൾ എന്ന പേരിൽ പുതിയ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് തീരുമാനമില്ല. എന്നാൽ പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നിവേദനം ലഭിക്കുന്ന മുറയ്ക്ക് സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേക്കി മാറ്റി സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിച്ചുവരുന്നു.

(സി) നിവേദനം ലഭിക്കുന്നമുറയ്ക്ക് സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഒറ്റപ്പാലം കരിമ്പുഴയിൽ മാവേലി സ്റ്റോർ

328 (1873) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യ സാധനങ്ങളുടെ വർദ്ധിച്ചുവരുന്ന വിലക്കയറ്റം തടയുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കരിമ്പുഴയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയും വിശദാംശവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിനായി സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും ഗാർഹികാവശ്യത്തിനുള്ള എല്ലാവിധ നിത്യോപയോഗ ഭക്ഷ്യവസ്തുക്കളും ഫ്രീ സെയിൽ നിരക്കിൽ സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളായും പൊതുവിപണിയി

ലേതിനേക്കാൾ ഗണ്യമായ വിലക്കുറവിൽ വില്പന നടത്തുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്. കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോറായതിനാൽ കെട്ടിട സൗകര്യവും അനുബന്ധ ഉപകരണങ്ങൾക്കുള്ള ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## ചാലക്കുടിയിൽ സിവിൽ സപ്ലൈസിന്റെ ഹൈപ്പർമാർക്കറ്റ്

329 (1874) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ സിവിൽ സപ്ലൈസിന്റെ ഹൈപ്പർമാർക്കറ്റ്, പെട്രോൾപമ്പ് , ഗ്യാസ് സ്റ്റേഷനുകൾ എന്നിവ അനുവദിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ &ബി) കിഴക്കേ ചാലക്കുടി വില്ലേജ് സർവ്വേ നമ്പർ 439/1-ൽ ചാലക്കുടി ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിനോടനുബന്ധിച്ച് 0.1568 ഹെക്ടർ ഭൂമി (38.74 സെന്റ്) സപ്ലൈകോയ്ക്ക് റവന്യൂ വകുപ്പിൽനിന്നും കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഒരു ഹൈപ്പർമാർക്കറ്റും പെട്രോൾ പമ്പും ഗ്യാസ് സ്റ്റേഷനും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

## നെല്ല് സംഭരണത്തിന് നൽകിവരുന്ന ഹാൻഡ്ലിംഗ് ചാർജ്

330 (1875) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പുമുഖേനയുള്ള നെല്ല് സംഭരണത്തിന് നൽകി വരുന്ന ഹാൻഡ്ലിംഗ് ചാർജ് ടണ്ണിന് എത്ര രൂപയാണെന്ന് അറിയിക്കാമോ;

(ബി) ഹാൻഡ്‌ലിംഗ് ചാർജ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്: വിശദമാക്കാമോ:

(സി) ഈ സർക്കാർ ഹാൻഡ്‌ലിംഗ് ചാർജ് ഇനത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) വികേന്ദ്രീകരണ ധാന്യ സംഭരണ സംസ്കരണ വിതരണ പ്രക്രിയയിൽ കർഷകർക്ക് നൽകുന്ന ഹാൻഡ്‌ലിംഗ് ചാർജ് ക്വിന്റലിന് 12 രൂപ ഉൾപ്പെടെ ഒരു ക്വിന്റൽ നെല്ലിന് 214 (ഇരുനൂറ്റിപതിനാല് രൂപ) രൂപയാണ് പ്രോസസ്സിംഗ് ചാർജ്ജായി നൽകുന്നത്.

(ബി) കർഷകർ നെല്ല് ചാക്കിലാക്കി വാഹനത്തിൽ കയറ്റി കൊടുക്കുന്നതിനാണ് ഹാൻഡ്‌ലിംഗ് ചാർജ്ജായി ക്വിന്റലിന് 12 രൂപ നൽകുന്നത്.

(സി) ഇല്ല.

**നെല്ല് സംഭരണത്തിന് ആവശ്യമായ തുക**

331 (1876) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒരു വർഷത്തെ കൃഷിയുടെ നെല്ല് സംഭരിക്കുന്നതിന് എത്ര കോടി രൂപയാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന് വേണ്ടത്;

(ബി) അടുത്ത പുഞ്ചകൃഷി വിളവെടുപ്പിന്റെ നെല്ല് സംഭരണത്തിന് എത്ര തുകയാണ് ആവശ്യമായിട്ടുള്ളത്;

(സി) നെല്ല് സംഭരണത്തിനായി 2018-19-ലെ ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒരു വർഷത്തെ നെല്ല് സംഭരണത്തിന് ശരാശരി 1350 കോടി രൂപ ആവശ്യമായി വരുന്നു.

(ബി) അടുത്ത പുഞ്ചകൃഷി ഉൾപ്പെടുന്ന രണ്ടാംവിളയുടെ സംഭരണത്തിനായി ഉദ്ദേശം 850 കോടി രൂപ ആവശ്യമായി വരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാന വിഹിതമായി 2018-19-ലെ ബജറ്റിൽ 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

332 (1877) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ സീസണിൽ ഉൾപ്പെടെ കഴിഞ്ഞ അഞ്ചു വർഷത്തെ ഓരോ സീസണിലും സംഭരിച്ച നെല്ലിന്റെ കണക്ക് വ്യക്തമാക്കാമോ; കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ പണം പൂർണ്ണമായും വിതരണം ചെയ്യുകയുണ്ടായോ;

(ബി) ഈ സീസണിൽ നെല്ല് സംഭരിക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; വിളവെടുക്കുന്ന നെല്ലെല്ലാം സമയബന്ധിതമായി സംഭരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ എന്നാണ് നെല്ല് സംഭരണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കർഷകന് പണം നിർദ്ദിഷ്ട സമയത്ത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എടുത്തിട്ടുള്ള മുൻകരുതലുകൾ വിശദമാക്കാമോ?

### ഉത്തരം

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷത്തെ സീസണുകളിൽ സംഭരിച്ച നെല്ലിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| സീസൺ | നെല്ലിന്റെ അളവ് (ലക്ഷം മെട്രിക് ടൺ) |
|---|---|
| 2012-13 | 1.01 |
| 2013-14 | 2.13 |
| 2014-15 | 2.14 |
| 2015-16 | 2.23 |
| 2016-17 | 1.29 |

കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ പണം പൂർണ്ണമായും കർഷകർക്ക് നൽകിയിട്ടുണ്ട്.

(ബി) നെല്ല് സംഭരണത്തിനായി പാലക്കാട് ജില്ലയിലെ 12 മില്ലുകൾ ഉൾപ്പെടെ സംസ്ഥാനത്ത് 49 മില്ലുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളതും നെല്ല് നൽകുവാൻ തയ്യാറായി സപ്ലൈകോയിൽ രജിസ്റ്റർ

ചെയ്തിട്ടുള്ള കർഷകരുടെ നെല്ല് കൊയ്ത്തുകഴിഞ്ഞ ഉടൻതന്നെ സംഭരിക്കുകയും ചെയ്യുന്നുണ്ട്. ആയതിന്റെ മേൽനോട്ടത്തിനായി ഓരോ പ്രദേശത്തും പാഡി മാർക്കറ്റിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ 28-9-2017 മുതൽ ഈ സീസണിലെ നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്.

(ഡി) കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച ഉടൻ തന്നെ സംഭരണവില പി.ആർ.എസ് ലോൺ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നു. ഇതിനായി കേരളത്തിൽ പ്രവർത്തിക്കുന്ന 15 ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്.

**നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കൊടുക്കുവാനുള്ള തുക**

333 (1878) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഭരിച്ച നെല്ലിന്റെ പണം നൽകാത്തതുമൂലം ബാങ്ക് വായ്പയെടുത്ത് കൃഷിചെയ്ത നെൽകർഷകർ കടക്കെണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ല് സംഭരിച്ചവകയിൽ കർഷകർക്ക് നിലവിൽ കൊടുക്കുവാനുള്ള കുടിശ്ശിക എത്രയാണ്;

(സി) കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നെല്ല് സംഭരിച്ച വകയിൽ 28-02-2018 വരെ 118.65 കോടി രൂപ കർഷകർക്ക് വിതരണം ചെയ്യാനുണ്ട്. ബാങ്കുകളുടെ പി.ആർ.എസ്. പരിശോധനയിലെ കാലതാമസംമൂലമാണ് കുടിശ്ശിക വരുന്നത്.

(സി) സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാനുള്ള തുക പി.ആർ.എസ്. ലോൺ മുഖേന കൃത്യമായി വിതരണം ചെയ്തുവരുന്നു.

**ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം**

334 (1879) <u>ശ്രീ. എം. ഉമ്മർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ ;

(ബി) എഫ്. സി. ഐ.-യിലെ ക്വാളിറ്റി ഇൻസ്പെക്ടർമാർ, സപ്ലൈകോ ക്വാളിറ്റി ഇൻസ്പെക്ടർമാർ എന്നിവർ അരിയുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ടുകൾ നൽകിയിരുന്നോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരും സപ്ലൈകോയുടെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥരും സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം സംബന്ധിച്ച പ്രത്യേക പരിശോധനകൾ നടത്തിവരുന്നു. സപ്ലൈകോ വില്പനശാലകളിൽനിന്നും സ്കൂളുകളിലേക്ക് അരി വിതരണം നടത്തുന്ന അവസരങ്ങളിലും ഗുണമേന്മ സംബന്ധിച്ച പരിശോധനയും FIFO (First in first out) രീതിയും നടത്തിവരുന്നു.

(ബി&സി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ക്വാളിറ്റി കൺട്രോളറും സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരും സംയുക്ത പരിശോധന നടത്തി ഗുണനിലവാരമുള്ള അരിയാണെന്ന് ഉറപ്പുവരുത്തിയാണ് FCI-യിൽനിന്നും അരി വിട്ടെടുക്കുന്നത്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാർ പ്രതിമാസം സമർപ്പിക്കുന്ന ഇൻസ്പെഷൻ റിപ്പോർട്ടിൽ പരിശോധനകളെ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തുന്നു.

**ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ**

335 (1880) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ ആകെ എത്ര അംഗങ്ങളാണ് ഉള്ളത്; നിലവിൽ എത്ര പേരുണ്ട്; ഇവരുടെ കാലാവധി ഏതുവരെ എന്ന് വ്യക്തമാക്കുമോ;

(ബി) അംഗങ്ങളുടെ ഒഴിവുണ്ടെങ്കിൽ എന്നുമുതലാണ് ഒഴിവുവന്നതെന്നും; നിലവിലെ അംഗങ്ങളെ നിയമിക്കുന്നതിനുമുൻപ് എത്രകാലം ഒരു അംഗം മാത്രമായി പ്രവർത്തിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കമ്മീഷനിൽ ഒഴിവുള്ള അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെ ആയെന്നും; അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്നും; ആരാണ് നിയമന നടപടികളും കൂടിക്കാഴ്ചയും നടത്തുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ പ്രസിഡന്റ് ഉൾപ്പെടെ ആകെ 5 അംഗങ്ങളാണുള്ളത്. നിലവിൽ 3 പേരുണ്ട്. പ്രസിഡന്റിന് 3-3-2019 വരെയും ജുഡീഷ്യൽ അംഗത്തിന് 29-1-2023 വരെയും ജനറൽ അംഗത്തിന് 4-6-2018 വരെയും സേവന കാലാവധിയുണ്ട്.

(ബി) 15-5-2016 മുതൽ ഒരു ജനറൽ അംഗത്തിന്റെയും 29-1-2017-മുതൽ ഒരു വനിതാ അംഗത്തിന്റെയും ഒഴിവുണ്ട്. 6-5-2017- മുതൽ 25-7-2017 വരെ ഒരു അംഗം മാത്രമായാണ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രവർത്തിച്ചത്.

(സി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഒഴിവുള്ള അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ചെയർമാനും നിയമവകുപ്പ് സെക്രട്ടറി മെമ്പറും ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി കൺവീനറും ആയിട്ടുള്ള സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി ശിപാർശ ചെയ്യുന്ന പാനലിൽ നിന്നും സർക്കാരാണ് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളെ നിയമിക്കുന്നത്.

**റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് നടപടി**

336 (1881) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുകളിൽ ഉണ്ടായ തെറ്റുകൾ തിരുത്തുന്നതിന് എന്തെല്ലാം സംവിധാനമാണ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ ക്രമീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കാർഡിൽ തിരുത്തലുകൾക്ക് അപേക്ഷ എന്നുമുതൽ സ്വീകരിച്ചു തുടങ്ങും എന്നറിയിക്കാമോ; എത്ര ദിവസത്തിനകം കാർഡുടമകൾക്ക് പുതിയ കാർഡ് നൽകും എന്ന് വ്യക്തമാക്കുമോ;

(സി) റേഷൻ കാർഡ് വിഭജനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ വന്ന മാറ്റങ്ങൾ റേഷൻകാർഡുകളിൽ ഉൾപ്പെടുത്തുന്നതിനും റേഷൻകാർഡുകൾ ഇല്ലാത്തവർക്ക് പുതുതായി കാർഡുകൾ നൽകുന്നതിനും സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം (അനുബന്ധമായി ചേർത്തിരിക്കുന്നു) നൽകിയിട്ടുണ്ട്.*

കൂടാതെ സംസ്ഥാനത്തെ ഏതൊരു വ്യക്തിക്കും സ്വയം ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും അക്ഷയ പോലെയുള്ള സ്ഥാപനങ്ങൾ മുഖാന്തരം അപേക്ഷിക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനും റേഷൻകാർഡ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ സജ്ജമാക്കുന്നതിന് NIC-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ നിയമനം**

337 (1882) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഫോറങ്ങളിലും അംഗങ്ങളെ നിയമിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) അംഗങ്ങളുടെ നിയമന കാലാവധി എത്രയാണെന്നും, പുനർനിയമനം എത്ര പ്രാവശ്യം നൽകാമെന്നും ഓരോ പ്രാവശ്യം നിയമിക്കുന്നതും പുതിയ നിയമനമായി കണക്കാക്കുമോ എന്നും വ്യക്തമാക്കാമോ;

(സി) അംഗങ്ങളുടെ പ്രസ്തുത നിയമനത്തിന് ഓരോ പ്രാവശ്യവും പ്രത്യേകം വിജ്ഞാപനം നൽകാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിലെയും 2005-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾസിലെയും വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെയും അംഗങ്ങളുടെ നിയമനം നടത്തുന്നത്. സംസ്ഥാന ഉപഭോക്തൃ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെയും അംഗങ്ങളുടെ നിയമനത്തിനായി (ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ജുഡീഷ്യൽ അംഗം ഒഴികെ) അതത് ജില്ലാ കളക്ടർമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ നിയമനത്തിനായി 3 അപേക്ഷകരുടെ പാനലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ നിയമനത്തിനായി 5 അപേക്ഷകരുടെ പാനലും ജില്ലാ കളക്ടർമാർ സർക്കാരിൽ ലഭ്യമാക്കും. കളക്ടർമാരിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ സെലക്ഷൻ കമ്മിറ്റി കൺവീനറായ ഉപഭോക്തൃ കാര്യ വകുപ്പ് സെക്രട്ടറി പരിശോധിച്ച് ചുരുക്കപ്പട്ടിക തയ്യാറാക്കി പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടവരെ സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ചെയർമാനും നിയമവകുപ്പ് സെക്രട്ടറി മെമ്പറും ഉപഭോക്തൃകാര്യ വകുപ്പ് സെക്രട്ടറി കൺവീനറും ആയിട്ടുള്ള സെലക്ഷൻ കമ്മിറ്റി അഭിമുഖം നടത്തി ശിപാർശ ചെയ്യുന്ന പാനലിൽ നിന്നും സർക്കാരാണ് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഫോറങ്ങളിലെയും അംഗങ്ങളെ നിയമിക്കുന്നത്.

(ബി) 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പരമാവധി 5 വർഷം അല്ലെങ്കിൽ 67 വയസ് ഏതാണോ ആദ്യം അതുവരെയാണ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ നിയമന കാലാവധി. പരമാവധി 5 വർഷം അല്ലെങ്കിൽ 65 വയസ് ഏതാണോ ആദ്യം അതുവരെയാണ് ജില്ലാ ഫോറങ്ങളിലെ അംഗങ്ങളുടെ നിയമന കാലാവധി. ഒരിക്കൽ നിയമിക്കുന്ന അംഗത്തെ മറ്റൊരു 5 വർഷത്തേക്കുകൂടി പുനർനിയമനം നടത്തുവാൻ വ്യവസ്ഥയുണ്ട്. പുനർനിയമനം പുതിയ നിയമനമായി കണക്കാക്കുന്നതാണ്.

(സി) പ്രത്യേക വിജ്ഞാപനം നൽകാറുണ്ട്.

## ഹോട്ടൽ ഭക്ഷണത്തിന് ഏകീകൃത വില

338 (1883) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്നതിൽ യാതൊരു നിയന്ത്രണവും നിലവിലില്ലാത്ത സ്ഥിതി പരിഹരിക്കുന്നതിന് പുതിയ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അമിതവില ഈടാക്കുന്നത് തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(സി) ഹോട്ടലുകളിൽ വിതരണം ചെയ്യുന്ന ഓരോ ഇനത്തിനും ഏകീകൃതമായ വിലനിലവാരം നിശ്ചയിക്കുമോ; ഈ കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നൽകുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമമനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും വില വിവരപ്പട്ടിക പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിനുള്ളത്. നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് നിയമ സാധുത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നും പരിശോധനയിൽ നിന്നും മനസ്സിലായിട്ടുണ്ട്.

**കേരളത്തിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറം**

339 (1884) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ മെമ്പർമാരുടെ അംഗസംഖ്യ എത്രയാണ്; ഓരോ ജില്ലയിലും നിലവിലുള്ള മെമ്പർമാരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ജില്ലകളിൽ മുഴുവൻ മെമ്പർമാരും ഇല്ലായെന്നും ഇപ്പോൾ നിയമിക്കപ്പെട്ടവരെ എന്നാണ് നിയമിച്ചതെന്നും ഇവർക്ക് ഇനി കാലാവധി എത്രയുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിൽ മുഴുവൻ മെമ്പർമാരും ഇല്ലാതെ 6 മാസവും അതിൽ കൂടുതലും ഒഴിവ് ഉണ്ടായിരുന്നത് ഏതൊക്കെ ജില്ലകളിലാണ്;

(ഡി) ഇവിടെ മെമ്പർമാരെ നിയമിക്കുവാൻ ഉണ്ടായ കാലതാമസം എന്താണെന്നും ഈ കാലതാമസം വരുത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) മെമ്പർമാരെ നിയമിക്കുമ്പോൾത്തന്നെ ഇവർ പിരിഞ്ഞു പോകുന്ന തീയതി എന്നാണെന്ന് നേരത്തെതന്നെ അറിയാമായിരുന്നിട്ടും അടുത്ത നിയമനങ്ങൾക്ക് എന്തുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നതെന്നും ഈ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ പ്രസിഡന്റിനുപുറമെ 2 അംഗങ്ങൾ വീതമാണുള്ളത്. നിലവിൽ കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ ഒന്ന് വീതവും ബാക്കി ജില്ലകളിൽ 2 വീതവും അംഗങ്ങളുണ്ട്.

(ബി) കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിലെ ഫോറങ്ങളിൽ മുഴുവൻ അംഗങ്ങളും ഇല്ല. കൊല്ലം ഫോറത്തിലെ നിലവിലുള്ള അംഗത്തെ 18-12-2013-ലാണ് നിയമിച്ചത്. അദ്ദേഹത്തിന്റെ കാലാവധി 17-12-2018-ൽ അവസാനിക്കും. 29-5-2014-ൽ നിയമിച്ച നിലവിലുള്ള പത്തനംതിട്ട ഫോറത്തിലെ അംഗത്തിന്റെ കാലാവധി 28-5-2019-ൽ അവസാനിക്കും. ഇടുക്കി ഫോറത്തിലെ നിലവിലുള്ള അംഗത്തെ നിയമിച്ചത് 04-11-2013-ലാണ്. അദ്ദേഹത്തിന്റെ കാലാവധി 03-11-2018-ലും, 23-10-2013-ൽ നിയമിച്ച കാസർഗോഡ് ഫോറത്തിലെ അംഗത്തിന്റെ കാലാവധി 22-10-2018-ലും അവസാനിക്കും.

(സി) കൊല്ലം, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ്.

(ഡി) 1986-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിലേയും, 2005-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾസിലേയും വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേയും അംഗങ്ങളുടെ നിയമനം നടത്തുന്നത്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലേയും അംഗങ്ങളുടെ നിയമനത്തിനായി (ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ജുഡീഷ്യൽ അംഗം ഒഴികെ) അതത് ജില്ലാ കളക്ടർമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ അംഗങ്ങളുടെ നിയമനത്തിനായി 3 അപേക്ഷകരുടെ പാനലും, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ നിയമനത്തിനായി 5 അപേക്ഷകരുടെ പാനലും ജില്ലാ കളക്ടർമാർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്. ജില്ലാ കളക്ടർമാരിൽ നിന്ന് അപേക്ഷകരുടെ പാനൽ സർക്കാരിൽ ലഭ്യമാകാൻ വൈകിയതുകൊണ്ടാണ് നിയമന നടപടികളിൽ കാലതാമസം ഉണ്ടായത്. പ്രസ്തുത ഒഴിവുകളിൽ അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടിക്രമം അന്തിമ ഘട്ടത്തിലാണ്.

(ഇ) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ നിയമനത്തിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനായി അടുത്ത 4 മാസത്തിനുള്ളിൽ ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കി വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ഇന്ധന ലഭ്യതയിലെ കൃത്രിമം തടയുന്നതിന് മാർഗ്ഗങ്ങൾ**

340 (1885) ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വില വർദ്ധനമൂലം ജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ പെട്രോൾ പമ്പുകളിൽ ഇന്ധനം വിതരണം ചെയ്യുന്നതിൽ

വ്യാപകമായ വെട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃത്യ അളവിൽ ഇന്ധനം വാഹനങ്ങളിൽ നിറയ്ക്കാൻ സഹായിക്കുന്ന പൾസർ കാർഡുകളിൽ ചിപ്പ് ഉപയോഗിച്ച് കൃത്രിമം നടത്തുന്നത് തടയുന്നതിന് സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ;

(സി) ഫ്ലോ മീറ്റർ പരിശോധന വഴി ഇന്ധനം ഇന്ധന കമ്പനികളിൽനിന്ന് പമ്പുകളിലെത്തിക്കുന്നതിനിടെ കൃത്രിമം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇന്ധന ലഭ്യതയിൽ കൃത്രിമം നടക്കുന്നുണ്ടെന്ന് ഉപഭോക്താവിന് തോന്നിയാൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പമ്പിൽ വച്ചുതന്നെ പ്രസ്തുത പരാതി പരിഹരിക്കുന്നതിന് മാർഗ്ഗങ്ങളുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) വ്യാപകമായ വെട്ടിപ്പുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പെട്രോൾ പമ്പുകളിൽ തുടർച്ചയായി ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധനകൾ നടത്തുകയും ക്രമക്കേട് കണ്ടെത്തുന്നപക്ഷം നിയമാനുസരണം നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) ചിപ്പ് ഉപയോഗിച്ച് കൃത്രിമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരമുള്ള കൃത്രിമം തടയുന്നതിനായുള്ള പുതിയ പൾസറുകൾ വയ്ക്കുന്നതിന് ഇന്ത്യയൊട്ടാകെ സ്വീകരിച്ച നടപടികൾ കേരളത്തിലും ലീഗൽ മെട്രോളജി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പെട്രോൾ പമ്പുകളിലെ കൃത്രിമം ഒഴിവാക്കുന്നതിന്റെ ഭാഗമായി ഓയിൽ മാർക്കറ്റിംഗ് കമ്പനി ഉദ്യോഗസ്ഥർ പെട്രോളിയം ഔട്ട്ലെറ്റുകളിൽ ത്രൈമാസ പരിശോധന നടത്തുകയും അളവിന്റേയും ഗുണനിലവാരത്തിന്റേയും കൃത്യത ഉറപ്പ് വരുത്തുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ പെട്രോളിയം

ഔട്ട്‌ലെറ്റുകളിൽ മൾട്ടി ഡിസിപ്ലിനറി വിഭാഗവും ആന്റി അഡൾറ്ററേഷൻ സെല്ലും പരിശോധന നടത്താറുണ്ട്.

(സി) ഇന്ധനം നിറച്ച ടാങ്കർ ലോറിയിലെ അളവിലെ കൃത്യത പുനഃപരിശോധനയിലൂടെ ഉറപ്പുവരുത്തുന്നു. ഇന്ധന വിതരണ കമ്പനിയിൽ നിന്നും ഇന്ധനം ടാങ്കർ ലോറിയിൽ നിറച്ച് കൊണ്ടുവരുന്നത് പെട്രോൾ പമ്പിലെത്തുമ്പോൾ കുറവുണ്ടാകുന്നത് സംബന്ധിച്ച പരാതി ലഭിച്ചാൽ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അളവിൽ കുറവുള്ളപക്ഷം പരാതിക്കാരന് ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെടാവുന്നതാണ്. അളവിൽ വ്യത്യാസം ഉള്ളതായ സംശയം ദൂരീകരിക്കുന്നതിന് പമ്പിൽ മുദ്ര ചെയ്ത് സൂക്ഷിച്ചിട്ടുള്ള 5 ലിറ്റർ/10 ലിറ്റർ കോണിക്കൽ മെഷറിൽ അളന്ന് കാണിക്കുവാൻ ഉപഭോക്താവിന് ആവശ്യപ്പെടാവുന്നതാണ്. ഇതിനുപുറമെ ഉപഭോക്താക്കളുടെ പരാതികൾ ടോൾ ഫ്രീ നമ്പരിൽ രജിസ്റ്റർ ചെയ്യുകയോ അല്ലെങ്കിൽ അതത് ഓയിൽ കമ്പനികളുടെ വെബ്സൈറ്റിൽ പരാതികളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(ഇ) പെട്രോളിന്റേയും ഡീസലിന്റെയും ഗുണനിലവാരം പരിശോധിക്കാൻ സഹായിക്കുന്ന ടെസ്റ്റ് കിറ്റ്സും മറ്റ് ഉപകരണങ്ങളും എല്ലാ പെട്രോളിയം ഔട്ട്‌ലെറ്റുകളിലും ലഭ്യമാണ്.

(നക്ഷത്രചിഹ്നമിടാത്ത 1587, 1631, 1649, 1651, 1712 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

( ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A M]

## II. അടിയന്തരപ്രമേയം

### കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനം

മി. സ്പീക്കർ: 2015 മാർച്ച് 13-ന് കേരള നിയമസഭയിലുണ്ടായ അനിഷ്ട സംഭവങ്ങളെയും പൊതുമുതൽ നശിപ്പിക്കപ്പെട്ട കാര്യത്തെയും അടിസ്ഥാനമാക്കി തിരുവനന്തപുരം ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി. 790/16 നമ്പരായി നിലനിൽക്കുന്ന കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനം നിയമവ്യവസ്ഥയിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടാനിടയാകുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതിനുമുമ്പ് ചെയർ ഒരു വാചകമേ പറയുന്നുള്ളൂ. സഭയിൽനിന്ന് പുറത്തേയ്ക്ക് വമിക്കുന്ന ചർച്ചകളും ചിന്തകളും പൊതുസമൂഹത്തിന് ഗുണകരമാകുന്ന നിലയിലായിരിക്കണം. ആ രീതിയിലായിരിക്കണം ഈ വിഷയം ഇവിടെ ചർച്ച ചെയ്യേണ്ടതെന്ന് ദയവായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 13-3-2015-ൽ സഭയിലുണ്ടായ സംഭവങ്ങൾ സംബന്ധിച്ച് അന്നത്തെ നിയമസഭാ സെക്രട്ടറി നൽകിയ പരാതിയിന്മേൽ പോലീസ് രജിസ്റ്റർ ചെയ്ത ഒരു കേസും അന്നത്തെ രണ്ട് വനിതാ എം.എൽ.എ.-മാർ നേരിട്ട് കോടതിയിൽ ഫയൽ ചെയ്ത രണ്ട് കേസും തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതികളിൽ നിലവിലുണ്ട്. 13-ാം നിയമസഭയിലെ സാമാജികരാണ് ഈ കേസുകളിലെ പ്രതികളും സാക്ഷികളും. അന്നത്തെ നിയമസഭാ സ്പീക്കർക്ക് മൂന്ന് പരാതികൾ ലഭിച്ചപ്പോൾ അതിലൊന്നുമാത്രം ഒരുദ്യോഗസ്ഥൻ സഭയുടെ അനുമതിയില്ലാതെ പോലീസിന് കൈമാറിയതിനെ തുടർന്നാണ് കേസ് രജിസ്റ്റർ ചെയ്തത്. ആ നടപടി വിവേചനപരമായിരുന്നു എന്ന പരാതി അന്നുതന്നെ ഉയർന്നിരുന്നു. പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രധാന ആരോപണം പൊതുമുതൽ നശിപ്പിക്കലാണ്. വനിതാ എം.എൽ.എ.-മാർ ഫയൽ ചെയ്ത കേസിലെ കുറ്റകൃത്യം സ്ത്രീകളെ പരസ്യമായി മാനഭംഗപ്പെടുത്തുകയും ദേഹോപദ്രവം ചെയ്തതുമാണ്. വനിതാ എം.എൽ.എ.-മാരെ സഭയ്ക്കകത്തുവച്ച്

ദേഹോപദ്രവം ഏൽപ്പിക്കുകയും അതിൽ ഒരു എം.എൽ.എ. ബോധരഹിതയായി സഭയിൽ വീഴുകയും മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.സി. യൂണിറ്റിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. അവരെല്ലാം സ്പീക്കർക്ക് പരാതി എഴുതി സമർപ്പിച്ചു. എന്നാൽ അദ്ദേഹം അതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. അവർ ഡി.ജി.പി.-ക്ക് പരാതി നൽകിയെങ്കിലും അതിലും നടപടിയുണ്ടായില്ല. അതിനാൽ അവർ കോടതിയിൽ പോയി. അന്നത്തെ വനിതാ എം.എൽ.എ.-മാർ വാദികളായി ഫയൽ ചെയ്ത രണ്ട് കേസുകളും കോടതിയുടെ പരിഗണനയിലാണ്. പ്രതികളായ എം.എൽ.എ.-മാർ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്ത് താൽക്കാലിക സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ഇരുവിഭാഗം കേസുകളിലുമായി 13-ാം കേരള നിയമസഭയിലെ സാമാജികർ വാദികളായും പ്രതികളായും സാക്ഷികളായും കോടതികളിൽ നിരന്തരം ഹാജരാകേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. അഭിലഷണീയമല്ലാത്ത ഈ സ്ഥിതി ഒഴിവാക്കാൻ, കഴിഞ്ഞ സർക്കാരിന്റെ സമയത്തുതന്നെ ബഹുമാന്യനായ അന്നത്തെ സ്പീക്കർ ശ്രീ. ശക്തൻ നാടാർ മുൻകയ്യെടുത്ത് നടപടി സ്വീകരിച്ചിരുന്നു. അതിന്റെ തുടർനടപടിയാണ് ഈ സർക്കാർ ഇപ്പോൾ പ്രോസിക്യൂട്ടർക്ക് നൽകിയ കത്ത്. പോലീസെടുത്ത കേസ് കോടതിയുടെ സമ്മതത്തോടെ പിൻവലിക്കുന്നതിന് സർക്കാരിന് എതിർപ്പില്ലെന്ന് മാത്രമാണ് അറിയിച്ചിട്ടുള്ളത്. സിആർ.പി.സി. 321-ാം വകുപ്പനുസരിച്ച് ഒരു ക്രിമിനൽ കേസിന്റെ ചുമതലയുള്ള പബ്ലിക് പ്രോസിക്യൂട്ടർക്ക് കോടതിയുടെ സമ്മതത്തോടുകൂടി ആ കേസ് പിൻവലിക്കാനുള്ള അപേക്ഷ കോടതിയിൽ സമർപ്പിക്കാനുള്ള സ്വാതന്ത്ര്യം നൽകാൻ മാത്രമേ സർക്കാരിന് അധികാരമുള്ളൂ. വസ്തുതകൾ പരിശോധിച്ച് ആവശ്യമായ മേൽനടപടികൾ സ്വീകരിക്കേണ്ടത് പ്രോസിക്യൂട്ടറാണ്. പ്രോസിക്യൂട്ടർക്ക് സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് യുക്തമായ തീരുമാനമെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. പ്രോസിക്യൂട്ടർ തീരുമാനമെടുക്കുന്നത് വിശാലമായ പൊതുതാല്പര്യം മുൻനിർത്തിയായിരിക്കും. കോടതിയും ഈ തത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തീരുമാനമെടുക്കുന്നത്. അന്നേ ദിവസം സഭയിൽ നടന്ന സംഭവത്തിൽ ഒരു വിഭാഗത്തിന്റെ പരാതി പാടെ അവഗണിക്കപ്പെടുകയാണ് ചെയ്തത്; പ്രത്യേകിച്ചും വനിതാ എം.എൽ.എ.-മാരെ അപമാനിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം തൽസമയ സംപ്രേക്ഷണംവഴി ലോകം മുഴുവൻ കണ്ടതാണ്. കോടതി തെളിവെടുത്തശേഷം പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടാണ് ആ കേസിൽ പ്രതികൾക്ക് സമൻസ് അയച്ചത്. സംസ്ഥാനത്ത് മുമ്പും പല കേസുകളും സർക്കാരുകൾ പിൻവലിച്ചിട്ടുണ്ട്. നിയമസഭ പോലുള്ള ഭരണഘടനാ സ്ഥാപനത്തിന് ഉന്നതമായ പദവിയാണുള്ളത്. വേണ്ടത്ര ആലോചനയോ പരിശോധനയോ ഇല്ലാതെ സഭയ്ക്കുള്ളിലുണ്ടായ

സംഭവത്തെത്തുടർന്ന് ക്രിമിനൽ നടപടിച്ചട്ടങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുന്ന സാഹചര്യം നമ്മുടെ ജനാധിപത്യ വ്യവസ്ഥയ്ക്ക് ഭൂഷണമല്ല. സഭയ്ക്കകത്തു നടക്കുന്ന ഏതൊരു കാര്യം സംബന്ധിച്ചും സഭയുടെ കൂട്ടായ തീരുമാനം ആവശ്യമാണ്. അന്നത്തെ സഭയുടെ അംഗീകാരമോ സഭാനേതാവിന്റെ പ്രമേയമോ ഇല്ലാതെ കേവലം ഒരുദ്യോഗസ്ഥൻ, നിയമസഭാ സെക്രട്ടറി ആധികാരികതയില്ലാതെ നൽകിയ പരാതിയെത്തുടർന്ന് രജിസ്റ്റർ ചെയ്യപ്പെട്ട കേസാണിത്. കോടതിയുടെ അനുമതിയോടെ ഈ കേസ് പിൻവലിക്കുന്നതിന് എതിർപ്പില്ലെന്ന് അറിയിക്കുമ്പോഴും സർക്കാർ പരിഗണിച്ചത് വിശാലമായ പൊതുതാല്പര്യം മാത്രമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സഭയുടെ അന്തസ്സിനെയോ ഡെക്കോറത്തെയോ തകർക്കുന്ന രീതിയിലുള്ള ഒരു വാക്കും ഈ പ്രമേയത്തിന് അനുമതി ചോദിച്ചുകൊണ്ടുള്ള നോട്ടീസുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ എന്റെ ഭാഗത്തുനിന്നുണ്ടാകില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട ചെയറിന് ഉറപ്പുനൽകുന്നു. ഇങ്ങനെയൊരു അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുക്കാനുള്ള പ്രധാനപ്പെട്ട കാരണം ഈ സഭയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ടാണ്. നിയമസഭയുടെ വർണ്ണാഭവും പ്രൗഢവുമായ ചരിത്രത്തിലെ ഏറ്റവും ദൗർഭാഗ്യകരമായൊരു ദിവസമാണ് 2015 മാർച്ച് 13. ബാർ കോഴ ആരോപണത്തിൽ ആരോപണ വിധേയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബജറ്റ് അവതരിപ്പിക്കുന്നത് തടയുമെന്ന് മുൻകൂട്ടി പ്രഖ്യാപിക്കുകയും അദ്ദേഹം അതിൽനിന്ന് പിൻമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുദ്രാവാക്യങ്ങൾ മുഴക്കി സഭയിൽ ഫസ്റ്റ് ബെൽ അടിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിൽ ചാടിക്കയറുകയും അദ്ദേഹത്തിന്റെ പ്രവേശന കവാടത്തിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും സ്പീക്കറുടെ കസേര സഭാതലത്തിലേയ്ക്ക് മറിച്ചിടുകയും മേശപ്പുറത്തുള്ള മൈക്ക്, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ നശിപ്പിക്കുകയും കണ്ണിൽക്കണ്ടതെല്ലാം തല്ലിത്തകർക്കുകയും ചെയ്തു. സഭാതലത്തിൽ ഡസ്കിനുമുകളിലൂടെ മുണ്ട് മടക്കിക്കുത്തി ചില എം.എൽ.എ.-മാർ ഓടിനടക്കുന്നത് വാർത്താമാധ്യമങ്ങളിലൂടെ ജനങ്ങൾ കണ്ടതാണ്. കുറച്ചുകഴിഞ്ഞപ്പോൾ അമിതാധ്വാനം കൊണ്ട് അവർ കുഴഞ്ഞുവീഴുകയും സ്ട്രെച്ചറിൽ അവരെ പുറത്തേയ്ക്ക് കൊണ്ടുപോകുകയും ചെയ്യുന്ന കാഴ്ചയും കേരളം കണ്ടതാണ്. ഇത്തരം ദൗർഭാഗ്യകരമായ സംഭവങ്ങൾ ദൃശ്യമാധ്യമങ്ങളുടെ ലൈവ് ടെലികാസ്റ്റിലൂടെ ലോകമെങ്ങുമുള്ള മലയാളികളും മറ്റാളുകളും കണ്ടു. രാജ്യത്തിന്റെ ക്രിമിനൽ ചരിത്രത്തിൽ ഇത്രയും കൂടുതൽ സാക്ഷികളുണ്ടായ ഒരു ക്രിമിനൽ കേസ് ഇതുവരെയുണ്ടായിട്ടില്ല. കാരണം, ഒരു ഒഫൻസ് നടക്കുന്നത് ലക്ഷക്കണക്കിനാളുകൾ ലൈവായി കാണുന്നത് രാജ്യത്തിന്റെ ക്രിമിനൽ

ചരിത്രത്തിലുണ്ടായിട്ടില്ല. ലക്ഷക്കണക്കിന് സാക്ഷികളാണ് ഇതിലുള്ളത്. ഇപ്പോഴും ആളുകൾ റിപ്പീറ്റ് ചെയ്ത് കണ്ടുകൊണ്ടിരിക്കുകയാണ്. മഹാരഥൻമാരായ നിയമസഭാ സാമാജികർ കെട്ടിപ്പൊക്കിയ സഭയുടെ അന്തസ്സും അഭിമാനവുമാണ് ഒരു ദിവസംകൊണ്ട് തകർന്നുവീണത്. സ്പീക്കർ സ്ഥാനത്തിന്റെ യശ്ശസ്സിന്റെയും അന്തസ്സിന്റെയുമെല്ലാം അടയാളമാണ് അങ്ങിരിക്കുന്ന കസേര. സ്പീക്കർമാർ അവരുടെ സ്ഥാനത്തെത്തന്നെ സ്വയം വിശേഷിപ്പിക്കുന്നത് ചെയർ എന്നാണ്. അതുകൊണ്ട് ചെയർ സഭാതലത്തിലേയ്ക്ക് മറിച്ചിടുന്നത് സ്പീക്കറെത്തന്നെ മറിച്ചിടുന്നതിന് തുല്യമാണ്. ഞാൻ അന്നത്തെ പത്രങ്ങളൊന്നും ഇവിടെ കാണിക്കുന്നില്ല. അന്ന് അന്താരാഷ്ട്രതലത്തിലുള്ള മാധ്യമങ്ങളെല്ലാം ലോകം മുഴുവൻ ഇത് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ 236/15 ക്രൈംനമ്പരായി രജിസ്റ്റർ ചെയ്ത കേസ് ഇന്ന് തിരുവനന്തപുരം ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി. 790/16 നമ്പരായി നിലനിൽക്കുകയാണ്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞത്, ഒരുദ്യോഗസ്ഥൻ ആധികാരികമായ പിൻബലമോ ആലോചനകളോയില്ലാതെ ഒരു പരാതി കൊടുത്തു എന്നാണ്. ആ ഉദ്യോഗസ്ഥൻ നിയമസഭാ സെക്രട്ടറിയാണ്. അദ്ദേഹം ഏതോ ഒരുദ്യോഗസ്ഥനാണോ? നടപടിക്രമങ്ങളനുസരിച്ച് പോലീസിന് പരാതി കൊടുക്കാൻ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥനാണ് നിയമസഭാ സെക്രട്ടറി. ജില്ലാ ജഡ്ജ് റാങ്കിലുള്ള ആളാണ് അദ്ദേഹം. നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങളെ സ്പീക്കറുടെ നിർദ്ദേശപ്രകാരം നിയന്ത്രിക്കുന്ന പ്രധാനപ്പെട്ട ഉദ്യോഗസ്ഥനാണ് നിയമസഭാ സെക്രട്ടറി. ബഹുമാന്യനായ മുഖ്യമന്ത്രിയെപ്പോലെ ഇത്രയും സീനിയോറിറ്റിയുള്ള ഒരാൾ, ഏതോ ഒരുദ്യോഗസ്ഥൻ എന്നുപറഞ്ഞ് നിയമസഭാ സെക്രട്ടറിയുടെ വലിപ്പത്തെ ചെറുതാക്കി കാണിച്ചത് ശരിയായില്ല. ഈ കേസാണ് 2018 ഫെബ്രുവരി 9-ാം തീയതി ആഭ്യന്തര വകുപ്പിന്റെ ഒരുത്തരവിലൂടെ പിൻവലിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. അതുതന്നെയാണ് നടപടിക്രമം. കേസ് പിൻവലിക്കുന്നതിനുള്ള നടപടിക്രമത്തെക്കുറിച്ച് വിശദീകരിച്ചപ്പോൾ പ്രോസിക്യൂട്ടറുടെയും കോടതിയുടെയും ഡിസ്ക്രീഷനെക്കുറിച്ച് അങ്ങ് വളരെ വാചാലനായി സംസാരിച്ചു. എല്ലാ സർക്കാരുകളും സാധാരണയായ കേസുകൾ പിൻവലിക്കാറുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. സർക്കാരുകളൊന്നും അതിൽനിന്ന് വ്യത്യസ്തമല്ല. രാഷ്ട്രീയമായെടുത്ത കേസുകൾ, തെറ്റാണെന്ന് തോന്നുന്ന കേസുകളൊക്കെ പിൻവലിക്കാറുണ്ട്. ഇവിടെയൊരു കാര്യം നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അന്നത്തെ ഭരണകക്ഷി എം.എൽ.എ.-മാർക്കെതിരായി വനിതാ എം.എൽ.എ.-മാർ കൊടുത്ത കേസ്സിൽ കോടതിയിൽ പോയി അവർ ജാമ്യമെടുത്തു. ഹൈക്കോടതിയിൽ ഇത് കള്ളക്കേസ്സാണെന്ന് അവർ പരാതി പറഞ്ഞു. തെളിവുകളുടെ പിൻബലത്തോടുകൂടിയാണ് അവരങ്ങനെ പറഞ്ഞത്. ഇതെല്ലാം ഈ നിയമസഭയുടെ ക്യാമറയിലും വിഷ്വൽ മീഡിയയുടെ ക്യാമറയിലുമുള്ള സംസാരിക്കുന്ന തെളിവുകളാണ്.

ഏതെങ്കിലുമൊരു ഭരണകക്ഷി എം.എൽ.എ. ഏതെങ്കിലുമൊരു വനിതാ എം.എൽ.എ.-യെ, വനിതാ അംഗത്തെ xxxxxxxxxxxx* വസ്ത്രാക്ഷേപം ചെയ്തുവെന്നാണ് പരാതി കൊടുത്തിട്ടുള്ളത്. ഒരു വനിതാ അംഗത്തെ വസ്ത്രാക്ഷേപം ചെയ്തു, XXXXXXX ചെയ്തു തുടങ്ങിയ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ലോകം മുഴുവൻ കണ്ടതാണ് ഈ നിയമസഭയിലെ അന്നത്തെ നടപടിക്രമങ്ങൾ. ആ എം.എൽ.എ.-മാർ അവരുടെ നിരപരാധിത്വം പറഞ്ഞുകൊണ്ട് ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി സ്റ്റേ ചെയ്തു. അവർ നിയമത്തെ നേരിട്ട്, ജാമ്യമെടുത്തു. എന്നാൽ ഈ കേസ്സിൽ ജാമ്യംപോലും എടുത്തിട്ടില്ല. ഇത് PDPP (Prevention of Damages to the Public Property Act) ആക്ടിലെ സെക്ഷൻ 3 (1) അനുസരിച്ച് ചാർജ് ചെയ്തിട്ടുള്ളതും പൊതുമുതൽ നശിപ്പിക്കപ്പെട്ട കേസ് കൂടി ഉൾപ്പെട്ടിരിക്കുന്നതുമാണ്. I invite the attention of this Hon'ble House to a High Court verdict. ഹൈക്കോടതിയിൽ ജസ്റ്റിസ് കെ. പി. ശങ്കരൻ പറഞ്ഞിരിക്കുന്നത്, "I am of the view that, in cases where public property is destroyed, the value of the same or even more should be directed to be deposited by the accused as a condition for granting bail to them" എന്നാണ്. ജാമ്യം കിട്ടണമെങ്കിൽ എത്ര രൂപയുടെ പൊതുമുതലാണോ നശിപ്പിച്ചത്, അത്രയുമോ അതിനേക്കാൾ കൂടുതൽ പണമോ കെട്ടിവച്ചാൽമാത്രമേ ജാമ്യം കൊടുക്കാൻ പാടുള്ളൂവെന്നാണ് പറഞ്ഞത്. കേരളത്തിലെ നിരവധി രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആയിരക്കണക്കിന് സാധാരണക്കാരായ പ്രവർത്തകർ, കൊടിപിടിച്ച് സമരം നടത്തുന്ന പാവപ്പെട്ട പ്രവർത്തകർ ലക്ഷക്കണക്കിന് രൂപ ഇതുപോലുള്ള കേസുകളിൽ കോടതിയിൽ കെട്ടിവച്ചിട്ടാണ് അവർക്ക് ജാമ്യം കിട്ടുന്നതെന്ന യാഥാർത്ഥ്യം നമ്മളറിയണം. എം.എൽ.എ.-മാർക്ക് ഭരണഘടനയുടെ 105 (2), (3) അനുസരിച്ച് ചില പ്രിവിലേജുകളുണ്ട്. സംസാരിക്കുന്നതിനുള്ള പ്രൊട്ടക്ഷനാണത്. അത് പാർലമെന്റിലും നിയമസഭകളിലുമുണ്ട്. സംസാരിക്കുന്ന കാര്യത്തിൽപ്പോലും Rules of Procedure ധാരാളം നിബന്ധനകൾ നമുക്ക് കൊണ്ടുവന്നിട്ടുണ്ട്. നിയമസഭയിൽ സംസാരിച്ചാൽ പ്രൊട്ടക്ഷൻ കിട്ടുമെന്ന് കരുതി എന്തും സംസാരിക്കാനുള്ള അനുവാദമില്ല. എന്തെങ്കിലുമൊരു ക്രൈം ചെയ്താൽ എന്ത് പ്രിവിലേജാണ് ഒരു നിയമസഭാംഗത്തിനുള്ളതെന്ന് അങ്ങ് മനസ്സിലാക്കണം. ശക്ധർ ആന്റ് കൗൾ-ൽ പറയുന്നത് "A criminal act committed by a member within the House cannot be regarded as a part of the proceedings of the house for purposes of protection" എന്നാണ്. അത് വളരെ ക്ലിയറായി പറഞ്ഞിരിക്കുകയാണ്. ഇതുപോലൊരു സംഭവം 1964 ആഗസ്റ്റ് 12-ാം തീയതി മഹാരാഷ്ട്ര നിയമസഭയിലുണ്ടായി. വി.പി. നായിക് മുഖ്യമന്ത്രി ആയിരുന്നപ്പോൾ

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

ജെ. ബി. ദോത്തെ എന്ന അംഗം മൈക്ക് ഓൺ ചെയ്യില്ലെന്ന കാരണത്താൽ കയ്യിലുണ്ടായിരുന്ന പേപ്പർവെയ്റ്റെടുത്ത് മൈക്ക് ഓപ്പറേറ്റർക്ക് നേരെ എറിയുകയും മൈക്ക് ഓപ്പറേറ്ററുടെ തല പൊട്ടുകയും ചെയ്തു. ഇവിടെ ഏതായാലും അങ്ങനെ എറിയാൻ പറ്റില്ല. എറിഞ്ഞാൽത്തന്നെ ചില്ല് പൊട്ടുകയേയുള്ളൂ; ഓപ്പറേറ്ററുടെ തല പൊട്ടില്ല. മഹാരാഷ്ട്രയിൽ സംഭവം നടന്ന് അടുത്ത ദിവസംതന്നെ അദ്ദേഹത്തെ നിയമസഭയിൽ നിന്ന് പുറത്താക്കുകയും അറസ്റ്റ് ചെയ്ത് വിചാരണ ചെയ്യുകയും ചെയ്തു. വിചാരണ ചെയ്ത മഹാരാഷ്ട്ര കോടതി ആറ് മാസത്തേയ്ക്ക് Regress Imprisonment (കഠിനതടവ്)-ന് വിധിച്ചു. അതൊരു ക്രിമിനൽ കുറ്റമാണ്. അദ്ദേഹം പറഞ്ഞത്, എന്നെ സഭയിൽ നിന്ന് എക്സ്പൽ ചെയ്തപ്പോൾത്തന്നെ എനിക്കെതിരായി ആക്ഷനുണ്ടായി, അതുകൊണ്ട് ക്രിമിനൽ പ്രൊസീഡ്യുവർ ട്രയൽ നടത്തുന്നത് Double Jeopardy ആണ്, അത് ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞപ്പോൾ കോടതി പറഞ്ഞത് ഈ കാര്യത്തിൽ Double Jeopardy on stand എന്നാണ്. കാരണം, സഭയിലുള്ള നടപടിക്രമം വേറെയാണ്; അതുപോലെ ക്രിമിനൽ കുറ്റം ചെയ്താലുള്ള നടപടിക്രമവും വേറെയാണ്. സഭയിലോ, ചന്തയിലോ, പാർലമെന്റിലോ, ദേവാലയത്തിലോ എവിടെയാണെങ്കിലും ക്രിമിനൽ കുറ്റം ചെയ്താൽ അത് ക്രൈം തന്നെയാണ്; ഒഫൻസ് തന്നെയാണ്. Place of occurance മാറിയതുകൊണ്ട് ഒഫൻസ് അല്ലാതാകുന്നില്ലെന്നുള്ള യാഥാർത്ഥ്യം നമ്മളറിയണം. It is an offence committed against the State. ലോകം മുഴുവൻ നോക്കിനിൽക്കെ ഈ നിയമസഭയിലെ പൊതുമുതൽ മുഴുവൻ നശിപ്പിക്കുകയും കസേര വലിച്ച് താഴെയിടുകയും ചെയ്ത ഗൗരവതരമായ ഒരു ക്രിമിനൽ കുറ്റം സംസ്ഥാനത്തിനെതിരായുള്ള കുറ്റമാണ്. സംസ്ഥാനത്തിനെതിരായുള്ള ക്രിമിനൽ കുറ്റത്തെ കോടതിയിൽ കൊണ്ടുവന്ന് വിചാരണ നടത്തി തക്കതായ ശിക്ഷ വാങ്ങി ക്കൊടുക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനുണ്ടെന്ന് ഒരു കാരണവശാലും മറക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോഴത്തെ ഒരു മന്ത്രി, ഒരു എം.എൽ.എ. എന്നിവരുൾപ്പെടെ മുൻ എം.എൽ.എ.-മാരായ 6 പേരാണ് ഈ കേസ്സിലെ പ്രതികൾ. പ്രതികൾ അവരുടെ ഭരണസ്വാധീനം ഉപയോഗിച്ച് ക്രിമിനൽ കേസ്സിൽ നിന്ന് ഒഴിവാകാൻ ശ്രമിക്കുകയാണ്. അതാണ് ജനങ്ങൾ നോക്കുന്നത്. നീതിന്യായ വ്യവസ്ഥ, നിയമ വ്യവസ്ഥ എന്താണെന്ന് ജനങ്ങൾ ഉറ്റുനോക്കുകയാണ്. ഇവർ ചെയ്ത ക്രിമിനൽ കുറ്റത്തിന് ലക്ഷക്കണക്കിന് ജനങ്ങൾ സാക്ഷികളാണ്. ഇപ്പോഴും അവരത് കണ്ടുകൊണ്ടിരിക്കുകയാണ്. അവരുടെ കൺമുന്നിൽ വച്ച് നടത്തിയ ക്രിമിനൽ കുറ്റത്തിൽ നിന്ന് ഇവരെ മോചിപ്പിച്ചാൽ ഇവിടെ ഇരട്ട നീതിയാണ് നടപ്പിലാക്കുന്നതെന്ന ധാരണ ജനങ്ങൾക്കുണ്ടാകും. അത് നീതിന്യായ വ്യവസ്ഥയിലും നിയമ വ്യവസ്ഥയിലുമുള്ള സാമാന്യ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുന്നതിനിടയാകും. സർക്കാർ ഈ കേസ് പിൻവലിക്കാൻ പറഞ്ഞ ന്യായങ്ങൾ അന്യായങ്ങളാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു ന്യായവും അങ്ങ് പറഞ്ഞ വാക്കുകളിലില്ല. കാരണം, ഈ

കേസ്സിനെ ന്യായീകരിക്കാൻ കഴിയില്ല. ഇവിടെയുള്ള മുഴുവൻ ആളുകളും അത് കണ്ടതാണ്. ഞാൻ അങ്ങയോട് പറയുന്നു, അന്നത്തെ പ്രതിപക്ഷാംഗങ്ങൾ ഭരണകക്ഷി അംഗങ്ങൾക്കെതിരായി സ്വകാര്യമായി കൊടുത്തിരിക്കുന്ന അന്യായം കോടതിയിൽ നടക്കുകയാണ്. അത് നിങ്ങൾ പിൻവലിച്ചിട്ടില്ല. ആ കേസ് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഹൈക്കോടതി സ്റ്റേ വെക്കേറ്റ് ചെയ്ത് വിചാരണ ചെയ്യട്ടെ. അവർ കുറ്റവാളികളാണെങ്കിൽ, തെളിവുകളുടെ പിൻബലം വച്ച്, അന്നത്തെ പ്രതിപക്ഷാംഗങ്ങൾ വനിതാ അംഗങ്ങളെ ******* വസ്ത്രാക്ഷേപം നടത്തുകയോ അപമാനിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അവർ ഈ രാജ്യത്തെ നിയമത്തിന് വിധേയമാകട്ടെ. ഞങ്ങൾ തന്റേടത്തോടെ പറയുകയാണ്, അന്നത്തെ എം.എൽ.എ.-മാർ വിചാരണ നേരിട്ട് ശിക്ഷയ്ക്ക് വിധേയരാകട്ടെ. അക്കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു ഭയവുമില്ല.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, നിയമസഭയിൽ നാല് വനിതാ എം.എൽ.എ.-മാരെ ആക്രമിച്ച സംഭവം ലോകം മുഴുവൻ കണ്ടതാണ്. അന്നുള്ള ആളുകൾ ഇവിടെ ഇരിപ്പുണ്ട്. നിങ്ങൾ കയറിപ്പിടിച്ചു; വസ്ത്രാക്ഷേപം നടത്തി. നിങ്ങളുടെ സർക്കാരോ ഇവിടെയിരുന്ന ഉദ്യോഗസ്ഥനോ കേസ്സെടുത്തോ? ഏകപക്ഷീയമായി, രാഷ്ട്രീയവിരോധം വച്ച്, രാഷ്ട്രീയമായി നിങ്ങൾ പ്രശ്നത്തെ സമീപിച്ചു. നീതിക്കുവേണ്ടി വനിതാ എം.എൽ.എ.-മാർ ഹൈക്കോടതിയിൽ പോയി. പക്ഷപാതപരമായി പ്രവർത്തിച്ചത് നിങ്ങളാണ്. ഇന്നിവിടെ വാദിക്കുന്ന നിങ്ങൾ അന്നെവിടെ പോയിരുന്നു?

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ശ്രീ. ഇ.പി. ജയരാജൻ ഇതിനുമുമ്പ് പൊട്ടിത്തെറിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ ചിന്തിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ, അങ്ങ് ചെയ്ത ഒരു ക്രിമിനൽ കുറ്റകൃത്യം ലക്ഷക്കണക്കിനാളുകൾ കണ്ടു. അങ്ങ് ബഹുമാനപ്പെട്ട സ്പീക്കറുടെ കസേര മറിച്ച് താഴെയിട്ട കാഴ്ച കേരളം മുഴുവൻ കണ്ടതാണ്. ....(ബഹളം).... എന്നെ ഇങ്ങനെ ശല്യപ്പെടുത്തരുത്. അദ്ദേഹം ചെയ്ത ക്രിമിനൽ കുറ്റം എന്താണെന്ന് ലോകം കണ്ടതാണ്. അദ്ദേഹം പറഞ്ഞതുപോലെ അന്നത്തെ ഭരണകക്ഷിയിൽപ്പെട്ട എം.എൽ.എ.-മാർ, അവർ xxxxxxxxx* വസ്ത്രാക്ഷേപം ചെയ്തിട്ടുണ്ടെങ്കിൽ, ഏതെങ്കിലും സ്ത്രീകളോട് മോശമായി പെരുമാറിയിട്ടുണ്ടെങ്കിൽ let them face the trial. അവർ നിയമവ്യവസ്ഥയ്ക്ക് വിധേയമാകട്ടെ. പരസ്യമായി കേരളത്തിലെ മുഴുവനാളുകളും കണ്ട ഈ സംഭവത്തിൽ, ഭരണകക്ഷിയുടെ സ്വാധീനമുപയോഗിച്ചുകൊണ്ട് ഒരു മന്ത്രിയെയും ഒരു എം.എൽ.എ.-യെയും രക്ഷപ്പെടുത്താനുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടായാൽ, ഈ സംസ്ഥാനത്ത് നീതിയും ന്യായവും നിയമവ്യവസ്ഥകളും നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട, സംസ്ഥാനത്തിന്റെ

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽനിന്നും നീക്കംചെയ്തു.

ഭരണത്തിന് നേതൃത്വം കൊടുക്കുന്ന അങ്ങേയ്ക്ക് അപമാനകരവും കളങ്കവുമായിരിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. അത് സത്യപ്രതിജ്ഞാ ലംഘനമായിരിക്കും. ഭീതി കൂടാതെ നിയമം നടപ്പാക്കുമെന്ന് ഭരണഘടന തൊട്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന അങ്ങയോട് ഞാൻ ആവർത്തിക്കുകയാണ്, നീതിന്യായ വ്യവസ്ഥയെയും നിയമ വ്യവസ്ഥയെയും കാറ്റിൽപ്പറത്താനുള്ള അങ്ങയുടെ തീരുമാനം പിൻവലിക്കണം. ഗൗരവതരമായ ഈ വിഷയം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, നിയമസഭയിലുണ്ടായ ഈ സംഭവം സംബന്ധിച്ച് ശ്രീ. വി. ഡി. സതീശനെപ്പോലെ നിയമം അറിയാവുന്ന ആൾ, ഈ സഭയിൽ അപമാനിക്കപ്പെട്ട സ്ത്രീകളെ ഒരിക്കൽക്കൂടി പൊതുസമൂഹത്തിൽ, പ്രത്യേകിച്ച് നിയമസഭയിൽ കൊണ്ടുവന്ന് അപമാനിക്കുന്ന സമീപനമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. അത് അപമാനകരമാണ്. അഡ്വ. വി. ഡി. സതീശൻ എന്നയാൾ വീണ്ടും സ്ത്രീകളെ അപമാനിക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭയിൽ നടത്തിയിട്ടുള്ള ഒരു പരാമർശവും നിയമസഭാ രേഖകളിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും....... (ബഹളം).. ബഹുമാനപ്പെട്ട അംഗം ഒരാവശ്യമുന്നയിച്ചു. അത് സ്പീക്കർ പരിശോധിച്ച് നടപടി സ്വീകരിക്കും. ...(ബഹളം).. അങ്ങ് പറഞ്ഞ ചില വാചകങ്ങളിൽ അവർക്ക് പരാതിയുണ്ട്. ആ പരാതി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞു,..... (ബഹളം)... ശ്രീമതി ഇ. എസ്. ബിജിമോൾ അന്ന് നിയമസഭാംഗമായിരുന്നു. ഈ വിഷയത്തിൽ അവർ പരാതിക്കാരിയാണ്. അവരൊരു സ്ത്രീയാണ്. അവർക്ക് പറയാനുള്ള അവകാശമില്ലേ ഇവിടെ? ഇതെവിടത്തെ നിയമമാണ്. ...... (ബഹളം)...

ശ്രീ. വി. ഡി. സതീശൻ : സർ, എനിക്കെതിരെയാണ് പറഞ്ഞത്. എനിക്ക് മറുപടി പറയാനുള്ള അവകാശമില്ലേ?

മി. സ്പീക്കർ: അങ്ങേയ്ക്കെതിരെ ഒന്നും പറഞ്ഞിട്ടില്ല. ശ്രീ. വി. ഡി. സതീശന്റെ പരാമർശങ്ങളിൽ അനാവശ്യ പദങ്ങളുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നാണ് പറഞ്ഞത്. അത് ചെയർ ചെയ്യേണ്ട കാര്യമാണ്. ഞാൻ ചെയ്തോളാം. (ബഹളം)... അങ്ങയുടെ പ്രയോഗത്തിൽ എന്തെങ്കിലും അനാവശ്യ പരാമർശമുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ഞാനത് പരിശോധിക്കാമെന്ന് പറഞ്ഞു. പിന്നെ എന്തിനാണ് അതിലൊരു വിശദീകരണം? .... (ബഹളം).. അതിൽ വിശദീകരണം നൽകാറില്ല. സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരംഗം ഒരു കാര്യമുന്നയിച്ചാൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ചെയർ

ബാധ്യസ്ഥമാണ്. അത്രയേയുള്ളൂ... (ബഹളം).. ചെയർ ഇപ്പോഴൊന്നും റൂൾ ചെയ്തിട്ടില്ല. ഏതെങ്കിലുമൊരു കാര്യം പ്രത്യേകമായിട്ടെടുത്ത് ഞാൻ പറഞ്ഞിട്ടില്ല.... (ബഹളം)... പ്രതിപക്ഷ നേതാവ്, അങ്ങ് പറയൂ..

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ സ്ത്രീകൾക്കെതിരായി ഒരു പരാമർശവും നടത്തിയിട്ടില്ല. ....(ബഹളം)... ബഹുമാന്യനായ മുഖ്യമന്ത്രി നാല് വനിതാ എം.എൽ.എ.-മാർ ഹൈക്കോടതിയിൽ കൊടുത്ത കേസിൽ പറഞ്ഞ കാര്യങ്ങളാണ് അദ്ദേഹം ഇവിടെ വിശദീകരിച്ചത്. ******* മാനഭംഗപ്പെടുത്തൽ, വസ്ത്രാക്ഷേപം എന്നിവ ബഹുമാന്യനായ മുഖ്യമന്ത്രി വായിച്ച സെക്ഷനിലുള്ള കാര്യമാണ്. ആ കാര്യമാണ് ഇവിടെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത്. അത് സ്ത്രീകളെ അപമാനിക്കുകയാണോ; മുഖ്യമന്ത്രി പറഞ്ഞ കാര്യം ഇവിടെ ആവർത്തിച്ചതാണ്. ബഹുമാനപ്പെട്ട വി. ഡി. സതീശന് പറയാൻ അവസരം കൊടുക്കണം. .. (ബഹളം)...

മി. സ്പീക്കർ: ചെയറിന് ഇക്കാര്യത്തിൽ വളരെ വ്യക്തമായ അഭിപ്രായമുണ്ട്. ഞാനിപ്പോൾ അത് പറയുന്നില്ല. .... (ബഹളം)... ഞാൻ ഈ പ്രമേയത്തിന് അവതരണാനുമതി നൽകിയപ്പോൾ പറഞ്ഞു, സഭയുടെ അന്തസ്സിന് വിഘാതമാകുന്ന വാചകങ്ങളോ വാക്കുകളോ ഉണ്ടാകരുതെന്ന്. പരാതിക്കാരിയായ നിയമസഭാംഗത്തിന്റെ വികാരമാണ് ഇവിടെ പറഞ്ഞത്. അത് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. ....(ബഹളം)... അതിനുമുകളിൽ വീണ്ടും ഒരു വിശദീകരണത്തിന് പ്രസക്തിയില്ല. ....(ബഹളം)...

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പോയിന്റ് ഓഫ് ഓർഡർ... ബഹുമാനപ്പെട്ട വി. ഡി. സതീശൻ...... (ബഹളം)...

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് പറഞ്ഞ ആവശ്യം ഞാൻ കേട്ടു, ഞാനത് മനസ്സിലാക്കി. ....(ബഹളം)... അതിനുമുമ്പ് അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുണ്ട്... ബഹുമാനപ്പെട്ട മന്ത്രി പറയൂ..

ശ്രീ. എ. കെ. ബാലൻ: സർ, മൂന്ന് പ്രാവശ്യം ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞു... ....(ബഹളം)...; സഭയിൽ ഒരു വ്യക്തത ഉണ്ടാക്കിക്കൊടുക്കുന്നത് നല്ലതാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയ്ക്ക് ഒരു വ്യക്തതയുണ്ടാക്കിക്കൊടുക്കണം.

മി. സ്പീക്കർ: ഞാൻ ഇതിനിടയ്ക്ക് പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചോ എന്നറിയില്ല. ഇവിടെ നടന്ന പ്രസംഗത്തെ സംബന്ധിച്ച് ചെയറിന് വളരെ വ്യക്തമായ

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

അഭിപ്രായമുണ്ട്. പക്ഷെ ചെയർ അതിപ്പോൾ പറയുന്നത് മാന്യതയായിരിക്കില്ല എന്നുള്ളതുകൊണ്ട് മിണ്ടാതിരിക്കുകയാണ്. അവരുടെ ആവശ്യം പരിശോധിച്ച് സഭാനടപടികളിൽനിന്ന് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ നീക്കം ചെയ്യും. ഇവിടെ പറഞ്ഞ ചില വാക്കുകളെ സംബന്ധിച്ച് വ്യക്തമായ അഭിപ്രായം ചെയറിനുണ്ട്. ഞാൻ വീണ്ടും ആവർത്തിച്ച് ഒരാക്ഷേപമുണ്ടാക്കുന്നത് ശരിയല്ലാത്തതുകൊണ്ട് സംസാരിക്കുന്നില്ല. എനിക്ക് അഭിപ്രായമുണ്ട്. ഞാൻ ഇപ്പോൾ ഓഫ്ഹാൻഡായി ഒരു കമന്റ് പറയുന്നില്ല. പ്ലീസ്.. അങ്ങ് പറയൂ... ....(ബഹളം)... ശ്രീ. വി. ഡി. സതീശന് വിശദീകരിക്കാൻ സമയം തരാം. അദ്ദേഹം പറഞ്ഞുകഴിയട്ടെ.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ സംസാരിക്കുമ്പോൾ മൂന്നുപ്രാവശ്യം XXXXXXXX* ആവർത്തിച്ചു. യഥാർത്ഥത്തിൽ സെക്ഷൻ 376 പ്രകാരം കേസ്സില്ല. മാനഭംഗപ്പെടുത്തലും XXXXXXXX രണ്ടും രണ്ടാണ്. അത് ബഹുമാനപ്പെട്ട വി. ഡി. സതീശന് അറിയാത്തതുകൊണ്ടല്ല. അദ്ദേഹത്തെപ്പോലെ ഇക്കാര്യത്തിൽ അറിവുള്ള ഒരാൾ XXXXXXXX മൂന്ന് പ്രാവശ്യം പറഞ്ഞത് ക്രമത്തിലല്ല. മാനഭംഗപ്പെടുത്തലിന് സെക്ഷൻ 353 പ്രകാരം കേസുണ്ട്. ഇവരാരും XXXXXXXX* നടത്തിയെന്ന് പറഞ്ഞ് കേസ് കൊടുത്തിട്ടില്ല. കൊടുക്കാത്ത ഒരു കാര്യത്തെ സംബന്ധിച്ച് തെറ്റായി സഭയിൽ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി നടത്തിയ പ്രയോഗം ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ച് രേഖയിൽ നിന്ന് മാറ്റണം.

ശ്രീ. വി. ഡി. സതീശൻ: സർ, ആദ്യമായി XXXXXXXX എന്ന വാക്ക് ഇവിടെ ഉപയോഗിച്ചത് അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദനാണ്. XXXXXXXXX

മി. സ്പീക്കർ: അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയുന്നത് കേൾക്കൂ.. അങ്ങെന്തിനാണ് അസ്വസ്ഥനാകുന്നത്.... (ബഹളം)... അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്, അവരെ മാനഭംഗപ്പെടുത്തിയെന്ന് പറഞ്ഞു. അവർ കൊടുത്തിരിക്കുന്ന കേസ്, അതാണ് ഞാൻ പറഞ്ഞത്, XXXXXXXX ചെയ്തുവെന്നും മാനഭംഗപ്പെടുത്തിയെന്നും വസ്ത്രാക്ഷേപം ചെയ്തുവെന്നുമൊക്കെയുള്ള ആക്ഷേപം കോടതിയിലാണ്. അത് കോടതി പരിശോധിക്കട്ടെ. തെളിവുകൾ ഇവിടെയുണ്ടല്ലോ. ആ ആക്ഷേപം ഇവിടെ അന്നത്തെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചതാണ്. .....(ബഹളം)...

ശ്രീ. എ. കെ. ബാലൻ : സർ,...

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് ഇരിക്കൂ, അങ്ങ് പറഞ്ഞപ്പോൾ ഞാൻ ഇരുന്നല്ലോ; ഞാനെന്താണ് പറഞ്ഞത്. അത് കള്ളക്കേസ്സാണ്.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ.. അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്കൊരു റൈറ്റുണ്ടല്ലോ. അത് തരൂ. ഞാൻ പറഞ്ഞത്, അത് കള്ളക്കേസാണ്. ഇവിടെയുള്ള തെളിവുകളിൽനിന്ന് അത് വ്യക്തമാണ്. ഒരാളുടെ ശരീരത്തിൽപ്പോലും, ഒരു വനിതാ എം.എൽ.എ.-യെയും അന്നത്തെ ഒരു ഭരണകക്ഷി എം.എൽ.എ.-യും ആക്രമിക്കുകയോ അസഭ്യം പറയുകയോ തെറ്റായ വഴിയിൽ തടുത്ത് നിർത്തുകയോ ചെയ്തിട്ടില്ലെന്നത് കേരളം മുഴുവൻ കണ്ടതാണ്. ഈ നിയമസഭയിലുള്ള രേഖകളിൽ നിന്ന് അത് വ്യക്തമാണ്.

മി. സ്പീക്കർ: അത് പരാതിക്കാരല്ലേ പറയേണ്ടത്. അങ്ങ് എങ്ങനെയാണ് അത് പറയുന്നത്. ....(ബഹളം)... നിർഭാഗ്യകരമാണിത്. അങ്ങ് ആവർത്തിച്ചാവർത്തിച്ച് ഇത് പറയുന്നത് ശരിയല്ല. ഈ നിയമസഭയിലെ വനിതാ സാമാജികർ നൽകിയ പരാതിയെ സംബന്ധിച്ച് അവരുടെ പരാതി പിൻവലിക്കാത്തിടത്തോളം കാലം അതിന് ആധികാരികമായി ശരിയും തെറ്റും അങ്ങിവിടെ പറയുന്നത് ശരിയല്ല. അത് ഖേദകരമാണ്. ....(ബഹളം)... ശരിയല്ല. ...(ബഹളം)... പ്ലീസ്... ഞാൻ അതിനെക്കുറിച്ചൊന്നും പറഞ്ഞില്ല. പക്ഷെ, ഈ സഭയിലെ വനിതാ അംഗങ്ങൾക്കും അവരുടെ അഭിപ്രായം പറയാനുള്ള അവകാശമുണ്ട്. അവർ അവരുടെ പരാതികൾ ഉന്നയിച്ചു. ദയവായി അത് ആവർത്തിക്കരുത്. പ്ലീസ്.. .. (ബഹളം)...

10.00 AM]

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇല്ലാത്ത ഒരു വിഷയത്തിന്റെ പേരിൽ അനാവശ്യമായ പ്രശ്നമുണ്ടാക്കുകയാണ്.....(ബഹളം)...... ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഉദ്ധരിച്ച സെക്ഷൻ ശ്രീ. വി. ഡി. സതീശൻ എടുത്തു പറഞ്ഞുവെന്നേയുള്ളൂ. മുഖ്യമന്ത്രി പറഞ്ഞത് അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞല്ലോ.

മി. സ്പീക്കർ: ചെയർ പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞതോടുകൂടി അത് അവസാനിപ്പിക്കുകയായിരുന്നു വേണ്ടത്. വീണ്ടും വീണ്ടും എഴുന്നേറ്റ് നിന്ന് അതുതന്നെ സംസാരിക്കേണ്ട കാര്യമില്ലായിരുന്നു....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങളാണോ പ്രശ്നമുണ്ടാക്കിയത്? ..... (ബഹളം)........ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതോടുകൂടി ആ പ്രശ്നം അവസാനിക്കുകയാണ്. പിന്നെ ആവശ്യമില്ലാതെ പ്രശ്നമുണ്ടാക്കുന്നതെന്തിനാണ്; ഞങ്ങളാണോ പ്രശ്നമുണ്ടാക്കുന്നത്?....(ബഹളം).....

മി. സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോളും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ആവശ്യപ്പെട്ടതുപ്രകാരം സഭാരേഖകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ അടിയന്തരപ്രമേയാവതരണത്തെക്കുറിച്ച് ആദ്യ പരാമർശം നടത്തുമ്പോൾ ഞാൻ സംസാരിച്ച കാര്യങ്ങൾ ചില തെറ്റിദ്ധാരണയുണ്ടാക്കിയെന്നാണ് തോന്നുന്നത്. അത് ഞാൻ ഒന്നുകൂടി ആവർത്തിക്കാം. വനിതാ എം.എൽ.എ.-മാർ ഫയൽ ചെയ്ത കേസ്സിലെ കുറ്റകൃത്യം സ്ത്രീകളെ പരസ്യമായി മാനഭംഗപ്പെടുത്തുകയും ദേഹോപദ്രവം ചെയ്യലുമാണ്. .......(ബഹളം)........

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): XXXXXXX+ മാനഭംഗവും രണ്ടും രണ്ടാണ്. അത് ശ്രീ. വി. ഡി. സതീശനറിയാം. അതാദ്യം മനസ്സിലാക്കണം. .....(ബഹളം).......

മി. സ്പീക്കർ: മുഖ്യമന്ത്രി പറയട്ടെ. ദയവായി അനാവശ്യമായ വാക്കുകൾ സഭയിൽ വീണ്ടും പറയരുത്. ....(ബഹളം)......

ശ്രീ. പിണറായി വിജയൻ: സർ, മാനഭംഗപ്പെടുത്തലും XXXXXXX രണ്ടും രണ്ടാണ്; രണ്ട് തരത്തിലുള്ള വകുപ്പുകളുമാണ്. ഇവിടെ മറ്റൊരു വകുപ്പും ഞാൻ ഉദ്ധരിച്ചില്ല. അതിനുശേഷം ഞാൻ പറഞ്ഞ വാചകം, 'വനിതാ എം.എൽ.എ.-മാരെ സഭയ്ക്കകത്തുവച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും അതിൽ ഒരു എം.എൽ.എ. ബോധരഹിതയായി സഭയിൽ വീഴുകയും മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.സി.യൂണിറ്റിൽ അഡ്മിറ്റ് ചെയ്യുകയുമുണ്ടായി, അവരെല്ലാം സ്പീക്കർക്ക് പരാതി എഴുതി സമർപ്പിച്ചു' എന്നാണ്. ബഹുമാന്യനായ വി. ഡി. സതീശൻ അതിനകത്ത് വേറൊന്ന് കൂട്ടിച്ചേർത്തു. അതാണ് സ്വാഭാവികമായും പ്രതിഷേധത്തിനിടയാക്കിയത്. അത് നിർഭാഗ്യകരമാണ്. XXXXXXXX* ചെയ്തുവെന്ന് പറയാൻ പാടില്ലായിരുന്നു. നമ്മൾ അപമാനങ്ങൾ ചാർത്തിക്കൊണ്ടിരിക്കണ്ട. അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. നിയമനിർമ്മാണ സഭ സ്വയംനിർണ്ണയ അവകാശമുള്ള സഭയാണ്. സഭയേയും സഭയുടെ നടപടിക്രമങ്ങളെയും സംബന്ധിച്ച ഏത് കാര്യത്തിലും അന്തിമ തീരുമാനം കൈക്കൊള്ളുക സഭ തന്നെയാണ്. അത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ജനാധിപത്യത്തിൽ അതുതന്നെയാണ് ആശാസ്യമായിട്ടുള്ളത്. ജനാധിപത്യ തത്വം എന്നും ഉയർത്തിപ്പിടിച്ച ചരിത്രമാണ് ഈ നിയമസഭയ്ക്കുള്ളത്. അതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്ന വിധത്തിൽ മാത്രമാണ് ഈ പ്രമേയത്തിനാസ്പദമായ നടപടിയുമുണ്ടായിട്ടുള്ളത്. സഭയിലെ നടപടിക്രമങ്ങളെ സാധാരണ നിലയിൽ കോടതിയിലേയ്ക്ക് വലിച്ചിഴയ്ക്കരുത്. അത് സഭയുടെ അന്തസ്സ് കെടുത്തുക മാത്രമല്ല, സഭയുടെ ജനാധിപത്യ അവകാശത്തെ

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

ദുർബലപ്പെടുത്താനും വഴിവയ്ക്കും. ലെജിസ്ലേച്ചറും ജുഡീഷ്യറിയും തമ്മിൽ ആരോഗ്യകരമായ ബന്ധമുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങൾ ലെജിസ്ലേച്ചറും ജുഡീഷ്യറിയും തമ്മിൽ ആശാസ്യകരമല്ലാത്ത സംഘർഷത്തിനുപോലും വഴിവയ്ക്കും. അത്തരം ആപത്തുകൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലോടെയാണ് ഭരണഘടനാ ശിൽപികൾ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയ്ക്ക് കൃത്യമായ വേർതിരിവുകൾ കൽപ്പിച്ചത്. ഇതുമൂന്നും ജനാധിപത്യത്തിന്റെ നെടുംതൂണുകളാണ്. ഇതിലൊന്ന് മറ്റൊന്നിന്റെ അധികാരത്തിൽ കടന്നുകയറാൻ പാടില്ല. ഒന്നിന്റെ അധികാരം മറ്റൊന്നിന് കൈമാറ്റം ചെയ്യുന്നത് ആത്യന്തികമായി ഭരണഘടനാത്മകർച്ചയ്ക്കും ജനാധിപത്യത്തകർച്ചയ്ക്കും വഴിവയ്ക്കുന്നതിന് ഇടയാക്കുമെന്നുള്ള കാര്യം നാം ഗൗരവമായി കാണേണ്ടതുണ്ട്. അസാധാരണമായ സാഹചര്യത്തിൽ, കുറ്റകൃത്യത്തിന്റെ കാര്യത്തിൽപ്പോലും പുറമെനിന്നുണ്ടാകുന്ന നടപടി സഭയുടെ അറിവോടെ ആകണമെന്നതാണ് സഭയിലെ കീഴ്‌വഴക്കം. പുറത്തുനടന്ന ഏതെങ്കിലും ഒരു കുറ്റകൃത്യം സംബന്ധിച്ച് ഒരു നിയമസഭാംഗത്തെ അറസ്റ്റ് ചെയ്താൽ സ്പീക്കറെ അറിയിക്കണമെന്ന വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ഇതിന്റെയെല്ലാം ഭാഗമായി നിലനിൽക്കുന്നതാണ്. ജനപ്രതിനിധി സഭയ്ക്ക് ചില സവിശേഷതകളുണ്ട്. ആ സവിഷേതയുടെ ദൃഷ്ടാന്തമായിട്ടാണ് ഇത്തരം കാര്യങ്ങളെ കാണാൻ സാധിക്കുക. ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ നിയമ നിർമ്മാണസഭയുടെ സ്വയം നിർണ്ണയാവകാശവും പരമാധികാരവും മറ്റെവിടേയ്ക്കും കൈമാറ്റം ചെയ്യപ്പെടുകയില്ലെന്ന് ഉറപ്പു നൽകുന്ന വിധത്തിലാണ് പ്രവർത്തിക്കേണ്ടത്. നിയമസഭയിൽ മുമ്പുണ്ടായതും ഈ പ്രമേയത്തിന് അടിസ്ഥാനമായതുമായ സംഭവം സംബന്ധിച്ച് കേസെടുക്കാനും പോലീസിൽ പരാതി നൽകാനും നിയമസഭയോ നിയമസഭയുടെ അധികാരത്തിന്റെ കസ്റ്റോഡിയനായ ബഹുമാനപ്പെട്ട സ്പീക്കറോ നിശ്ചയിച്ചിരുന്നില്ല. അത്തരമൊരു സാഹചര്യത്തിൽ ഒരുദ്യോഗസ്ഥൻ നൽകുന്ന പരാതി നിയമസഭയുടെ പരാതിയാകുന്നില്ല. നിയമസഭയ്ക്കാകട്ടെ അതിന്റെ അധികാരം ഏതെങ്കിലും രീതിയിൽ കൈമാറ്റം ചെയ്യാനോ ഏതെങ്കിലും തരത്തിൽ വിട്ടുവീഴ്ച ചെയ്യാനോ ആവുകയുമില്ല. ഇത്തരമൊരു പശ്ചാത്തലത്തിലാണ് കോടതിയുടെ അനുമതിയോടെ ഈ കേസ് പിൻവലിക്കുന്നതിന് എതിർപ്പില്ലെന്ന നിലപാടിലേയ്ക്ക് എത്തിയത്. അതിൽ യാതൊരു അനൗചിത്യവുമില്ല. സഭയുടെ അധികാരം ജനങ്ങളുടെ അധികാരമാണ്. അത് ഉയർത്തിപ്പിടിക്കുക മാത്രമേ ഇവിടെയുണ്ടായിട്ടുള്ളൂ.

സഭയ്ക്കു പുറത്ത് നടന്ന കുറ്റകൃത്യങ്ങൾ മുൻനിർത്തി സർക്കാരുകൾ കേസുകൾ പിൻവലിച്ച പഴയ അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതിലൊന്നാണ് പൊതുസമൂഹവും ഈ സഭയും പലവട്ടം ചർച്ച ചെയ്ത ശ്രീ. പ്രവീൺ

തൊഗാഡിയയ്ക്കെതിരെയുള്ള കേസ് പിൻവലിച്ച സംഭവം. ശ്രീ. പ്രവീൺ തൊഗാഡിയ പ്രതിയായ കേസ് 2013 ജൂൺ 5-ാം തീയതി പിൻവലിക്കാൻ അനുമതി നൽകിയത് ശ്രീ. കുമ്മനം രാജശേഖരൻ നൽകിയ അപേക്ഷയിന്മേലായിരുന്നു. മാത്രമല്ല, നമ്മുടെ സംസ്ഥാനത്ത് പഴയ അനുഭവങ്ങൾ പരിശോധിച്ചാൽ 12 വിജിലൻസ് കേസുകൾ പിൻവലിക്കാൻ തീരുമാനിച്ചതായി കാണാൻ കഴിയും. വിജിലൻസ് കേസുകളൊന്നും ഒരുകാലത്തും പിൻവലിക്കുന്ന രീതിയുണ്ടാകാറില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2015 ഫെബ്രുവരി 7 വരെയുള്ള കണക്കനുസരിച്ച് 5607 ക്രൈം കേസുകൾ പിൻവലിക്കുന്ന നിലയുണ്ടായിട്ടുണ്ട്. ആർ.എസ്.എസ്.-ലും ബി.ജെ.പി.-യിലും എ.ബി.വി.പി.-യിലുമുള്ളവർ പ്രതികളായ 12 കേസുകൾ അക്കാലത്ത് പിൻവലിച്ചിരുന്നു. ഇവിടെ ഓർമ്മിക്കേണ്ട കാര്യം, ഒരു സി.ഐ.-യെ ബോംബെറിഞ്ഞ് അദ്ദേഹത്തിന്റെ കാൽ ചിതറിപ്പോയ അവസ്ഥയുണ്ടായി. അതിൽ പ്രതികളായവരുടെ കേസ് പിൻവലിച്ചുകൊടുത്തത് സാധാരണ നിയമനടപടിക്രമങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒന്നായിരുന്നു. പോലീസുദ്യോഗസ്ഥനെ ആക്രമിച്ച കേസ് പിൻവലിക്കുന്നത് പോലീസിന്റെ മനോവീര്യം കെടുത്താനാണ് ഉപകരിക്കുക. അക്രമിയായ ആൾ ഏതോ ഉദ്യോഗത്തിന് ചേരുന്നതിന് കേസ് തടസ്സമായിപ്പോകുമെന്ന ന്യായം പറഞ്ഞാണ് മുൻ സർക്കാർ അത് പിൻവലിക്കുന്നതിന് തയ്യാറായത്. ആ സ്വഭാവത്തിലുള്ളതല്ല ഈ കേസ് പിൻവലിക്കൽ എന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് സഭയുടെയും സഭാംഗങ്ങളുടെയും അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. അത്തരം കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കേണ്ടത് സഭ തന്നെയാണെന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാകാനിടയില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സർക്കാർ എടുത്തത് ഉചിതമായ നടപടിയാണെന്നാണ് അറിയിക്കാനുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്കതായ യാതൊരു ഗൗരവാവസ്ഥയും നിലനിൽക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വിചിത്രമായ വാദമാണ് കേസ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞത്. അദ്ദേഹം ജുഡീഷ്യറിയുടെയും എക്സിക്യൂട്ടീവിന്റെയും ലെജിസ്ലേച്ചറിന്റെയും അധികാരത്തെപ്പറ്റിയൊക്കെ ഇവിടെ പറഞ്ഞു. അതിനൊന്നും ഈ കേസിൽ യാതൊരു സാംഗത്യവുമില്ല. ജുഡീഷ്യറിക്കും ലെജിസ്ലേച്ചറിനും

എക്സിക്യൂട്ടീവിനും അതിന്റേതായ അധികാരമുണ്ട്. അവയെല്ലാം സ്വതന്ത്രമായി പ്രവർത്തിക്കേണ്ട മേഖലകൾ തന്നെയാണ്. അതിലൊന്നും ആർക്കും തർക്കമില്ല. എക്സിക്യൂട്ടീവ് ജുഡീഷ്യറിയെയോ ജുഡീഷ്യറി ലെജിസ്ലേച്ചറിനെയോ ഓവർലാപ്പ് ചെയ്യുമ്പോൾ അതിനെതിരെയുള്ള ശക്തമായ അഭിപ്രായങ്ങൾ എല്ലാവരും രേഖപ്പെടുത്താറുണ്ട്. അതൊന്നുമല്ല ഇവിടത്തെ വിഷയം. കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരിക്കലുമുണ്ടാകാത്ത സംഭവമാണ് 2015 മാർച്ച് 13-നുണ്ടായത്. അതൊരു കറുത്ത അദ്ധ്യായമായി ഈ സഭയുള്ളിടത്തോളം കാലം വിലയിരുത്തപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. ലെജിസ്ലേച്ചർ എന്നുപറയുന്നത് "It is a product of the constitution," ഭരണഘടനയുടെ ഉത്പന്നമാണ് നിയമസഭ. അപ്പോൾ ഭരണഘടനാപരമായ ചുമതല നടത്തുന്നത് തടയാൻ അന്നത്തെ പ്രതിപക്ഷ സാമാജികരായ ആളുകൾ അഴിച്ചുവിട്ട അക്രമവും നശീകരണവും ഇന്ത്യൻ ജനാധിപത്യചരിത്രത്തിലെ കളങ്കമായിത്തന്നെ നിലനിൽക്കും. ഭരണഘടനപ്രകാരം ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവാദിത്വമാണ് സഭയിൽ ബജറ്റ് അവതരിപ്പിക്കുക എന്നുള്ളത്. മാണി സാർ തന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വം നിറവേറ്റാൻ വന്നപ്പോൾ അദ്ദേഹത്തിന് സഭയിൽ പ്രവേശിക്കാനോ ബജറ്റ് അവതരിപ്പിക്കാനോ ബഹുമാനപ്പെട്ട സ്പീക്കർക്ക് സഭാനടപടികൾ മുന്നോട്ടുകൊണ്ടുപോകാനോ കഴിയാത്ത നിലയിൽ അന്നത്തെ പ്രതിപക്ഷ എം.എൽ.എ.-മാർ നടത്തിയ പ്രകടനം കേരള ചരിത്രത്തിലെ കറുത്ത അദ്ധ്യായമായി ജനങ്ങൾ വിലയിരുത്തുന്ന ഒന്നുതന്നെയാണ്. ലോകം മുഴുവൻ കണ്ട കാര്യമാണത്. ജനാധിപത്യ പ്രക്രിയയിൽ തെരഞ്ഞെടുക്കപ്പെട്ടവർ തന്നെ ജനാധിപത്യ സംവിധാനങ്ങളുടെ അന്തസ്സ് തകർക്കുന്ന നടപടിയാണ് നമ്മൾ കണ്ടത്. കേരളത്തിന് തലതാഴ്ത്തി നിൽക്കേണ്ടിവന്ന സന്ദർഭമാണുണ്ടായത്. അമേരിക്കൻ ഐക്യനാടുകളുടെ ശിൽപ്പിയും മൂന്നാമത്തെ പ്രസിഡന്റുമായ തോമസ് ജെഫേഴ്സൺ പറഞ്ഞിട്ടുണ്ട്, "The greatest threat of democracy comes from within its own borders', ജനാധിപത്യത്തിനുനേരെയുള്ള ഭീഷണികൾ ഉയരുന്നത് അതിനുള്ളിൽ നിന്നുതന്നെയായിരിക്കുമെന്ന്. ഇവിടെ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ നിന്നുതന്നെയാണ് ജനാധിപത്യ സംവിധാനത്തെ പിച്ചിച്ചീന്തുന്ന നടപടികളുണ്ടായതെന്ന കാര്യം മറന്നുപോകരുത്. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങ് അന്ന് ഈ സഭയിലില്ലായിരുന്നു. അന്നെന്താണ് ഉണ്ടായതെന്ന് ഈ സഭയിലുണ്ടായിരുന്ന എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ബജറ്റ് അവതരിപ്പിക്കുകയെന്നത് ഒരു മന്ത്രിയുടെ സുപ്രധാനമായ ഉത്തരവാദിത്തമാണ്, ഭരണഘടനാപരമായ ബാധ്യതയാണ്. ആ ബാധ്യതയാണ് ബഹുമാന്യനായ മാണി സാർ ഇവിടെ നിറവേറ്റിയിത്. അത് അക്രമത്തിലൂടെ തടയുകയെന്നാൽ ഭരണഘടന തന്നെ അട്ടിമറിക്കുന്നതിന് തുല്യമാണ്. അത്തരത്തിലുള്ള അട്ടിമറിയാണ് സഭയിൽ

അരങ്ങേറിയത്. അന്ന് നിയമസഭയിൽ ബജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന കോൺസ്റ്റിറ്റ്യൂഷണൽ ബ്രേക്ക്ഡൗണിന് ആര് ഉത്തരവാദിയാകും? അന്ന് ഗവർണർ പറഞ്ഞത് മാധ്യമങ്ങളിൽ വന്നത്, " വടി എടുത്ത് ഗവർണർ; 356- ാം വകുപ്പ് പ്രയോഗിക്കേണ്ട സാഹചര്യം; നടപടി വേണം, രാഷ്ട്രപതിക്ക് റിപ്പോർട്ട് നൽകും; സഭയിലെ അഴിഞ്ഞാട്ടം, ബഹുമാനപ്പെട്ട സ്പീക്കറുടെ നിലപാട് ഗവർണർ ശരിവച്ചു" ബജറ്റ് അവതരിപ്പിക്കുകയെന്നത് ഒരു sanctity അല്ലേ? sanctity-യുള്ള ബജറ്റ് അവതരിപ്പിക്കാനുള്ള മാണിസാറിന്റെ ശ്രമങ്ങളെയാണ് കായികമായി നേരിടുകയെന്ന നിലപാട് അന്നത്തെ പ്രതിപക്ഷം സ്വീകരിച്ചത്. അന്ന് നടന്ന അക്രമങ്ങളിൽ പങ്കെടുത്ത അംഗങ്ങൾക്കെതിരെ കേസെടുക്കാൻ അന്നത്തെ സർക്കാരും സ്പീക്കറും തീരുമാനിച്ചത് ജനാധിപത്യ മര്യാദകൾ മാനിക്കണമെന്നും നിയമവാഴ്ച പുലരണമെന്നും ആഗ്രഹിക്കുന്നതുകൊണ്ടാണ്. നിയമങ്ങളുണ്ടാക്കാൻ ബാധ്യസ്ഥപ്പെട്ടവർ തന്നെ നിയമവാഴ്ചയെ പിച്ചിചീന്താൻ ശ്രമിക്കുമ്പോൾ അതിനെ നിയമപരമായി നേരിടണമെന്ന ഉത്തമ ബോധ്യത്തോടെയായിരുന്നു അന്ന് കേസെടുക്കാൻ തീരുമാനിച്ചത്. സഭയിൽ നടക്കുന്ന കാര്യങ്ങൾ സഭ തീർക്കണ്ടേയെന്ന വിചിത്രമായ വാദം ബഹുമാന്യനായ മുഖ്യമന്ത്രി ഉന്നയിച്ചു. അത് ശരിയാണോ? സഭയിലൊരു കൊലപാതകമുണ്ടായാൽ അതിന്റെ പേരിൽ കേസെടുക്കേണ്ടേ? ഇന്ത്യയിലെ ഏതെങ്കിലും നിയമസഭയിൽ ദൗർഭാഗ്യവശാൽ ഒരു കൊലപാതകമുണ്ടായാൽ അതിൽ സഭയാണോ തീരുമാനിക്കേണ്ടത്; അത് ക്രിമിനൽ കുറ്റമല്ലേ?

M.N. Kaul & S.L.Shakdher എഴുതിയ Practice and Procedure of Parliament-ൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട് - "A criminal act committed by a Member within the House cannot be regarded as a part of the proceedings of the House for the purpose of protection;" സഭയിൽ നടക്കുന്ന ഒരു കുറ്റകൃത്യത്തിന് സഭയുടെ പ്രൊട്ടക്ഷൻ കിട്ടുകയില്ലെന്ന് ഭരണഘടനാപരമായും "ശക്തർ ആന്റ് കൗളും" വ്യക്തമായി പറയുന്നുണ്ട്. ഈ സഭയ്ക്കകത്ത് നടന്നത് ഒരു ക്രിമിനൽ ആക്ടാണ്. ഒരു വിഭാഗം ആളുകൾ ധനകാര്യ വകുപ്പുമന്ത്രിയെ തടയുന്നു; കുറേ പേർ സ്പീക്കറെ തടയുന്നു; സ്പീക്കറുടെ ചെയറെടുത്ത് താഴെയിടുന്നു; അവിടെയുണ്ടായിരുന്ന മുഴുവൻ സാധനങ്ങളും അടിച്ചുതകർക്കുന്നു. It is a criminal act. മാത്രമല്ല, പൊതുമുതൽ നശീകരണമാണ്. പൊതുമുതൽ നശിപ്പിച്ചാൽ ഇന്നുള്ള നിയമപ്രകാരം 5 വർഷം വരെ ശിക്ഷ ലഭിക്കാവുന്നതാണ്. 1966-ൽ മഹാരാഷ്ട്ര നിയമസഭയിൽ നടന്ന ഒരു സംഭവത്തെക്കുറിച്ച് ശ്രീ. വി.ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചു. സഭയുടെ സംരക്ഷണം ലഭിക്കാതെ ആ നിയമസഭാ

സാമാജികന്റെ പേരിൽ കേസെടുക്കുകയും 6 മാസം തടവ് ശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. അക്രമം ഒരു നിയമസഭാംഗത്തിന്റെ അവകാശമാണോ? സഭയിലുള്ള മൈക്ക് തകർക്കുകയും ബഹു. സ്പീക്കറുടെ ചെയറെടുത്ത് താഴെയിടുകയും ചെയ്ത് മുണ്ടും മടക്കിക്കുത്തി ഇവിടെ ഡാൻസ് കളിക്കുന്നത് സഭയിലെ അംഗത്തിന്റെ അവകാശമാണോ? ഇതെവിടെയാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്? ഇവിടെ വച്ചിരിക്കുന്ന പേപ്പർ മുതൽ കുടിവെള്ളം വരെ പൊതുജനങ്ങളുടെ പണമാണ്, പൊതുമുതലാണ്. പൊതുമുതൽ നശീകരണത്തിന് കേസെടുക്കുന്നതും സഭയിലെ അംഗങ്ങളുടെ അവകാശവും തമ്മിൽ കൂട്ടിക്കലർത്തി ബഹു. മുഖ്യമന്ത്രി ന്യായീകരിക്കാൻ ശ്രമിക്കുന്നത് തെറ്റായ നടപടിയാണ്. നിയമനിർമ്മാണ സഭകൾ ക്രിമിനൽ കുറ്റങ്ങൾ അരങ്ങേറാനുള്ള വേദികളല്ല. അത്തരത്തിൽ അതിനെ മാറ്റിത്തീർക്കുന്നവർ ജനാധിപത്യത്തിന്റെ ശത്രുക്കളാണ്. ജനാധിപത്യത്തെ തകർക്കാനുള്ള നടപടിയായി മാത്രമേ അതിനെ കാണാൻ കഴിയൂ. ഇവിടെ പിൻവലിച്ച കേസുകളുടെ കാര്യമൊക്കെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. ശ്രീ. പ്രവീൺ തൊഗാഡിയയുടെ കാര്യം അങ്ങ് ആവർത്തിച്ചു. ശ്രീ. പ്രവീൺ തൊഗാഡിയയുടെ കേസ് ഒരു സർക്കാരും പിൻവലിച്ചിട്ടില്ല. അന്നത്തെ മുഖ്യമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടി ആ കേസ് പിൻവലിച്ചിട്ടില്ല. കോടതിയിൽ ആ കേസുണ്ടായിരുന്നു. പിന്നീട് വന്ന എൽ.ഡി.എഫ്. സർക്കാർ നടപടിയെടുക്കാത്തതിന്റെ ഫലമായി കോടതിയിൽ ആ കേസ് തള്ളിപ്പോകുകയാണുണ്ടായത്. അങ്ങയുടെ കയ്യിൽ അത് സംബന്ധിച്ച മുഴുവൻ ഫയലുമുണ്ടല്ലോ, അങ്ങ് പരിശോധിച്ചാൽ മതി. വസ്തുതകൾ പരിശോധിക്കാതെയാണ് അങ്ങ് ഈ കാര്യം ആവർത്തിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ശ്രീ. പ്രവീൺ തൊഗാഡിയയുടെ ഒരു കേസും പിൻവലിച്ചിട്ടില്ല. അത് തെറ്റായ കാര്യമാണ്. ഇടതുമുന്നണി സർക്കാർ ശരിയായ നിലയിൽ ആ കേസ് മുന്നോട്ടുകൊണ്ടുപോകാത്തതുകൊണ്ടാണ് കോടതിയിൽ തള്ളിപ്പോയത്.

അതുപോലെ വിജിലൻസ് കേസുകൾ പിൻവലിച്ചുവെന്ന് ഇവിടെ പറഞ്ഞു. അങ്ങയുടെ കാലത്ത്, ശ്രീ. ലോക്നാഥ് ബെഹ്റ വിജിലൻസ് ഡയറക്ടറായിരുന്ന കാലത്താണ് പ്രധാനപ്പെട്ട മുഴുവൻ കേസുകളും എഴുതിത്തള്ളിയതെന്നുള്ള കാര്യം മറക്കരുത്. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ ശ്രീ. അരുൺ കുമാറിനെതിരായ കേസും ശ്രീ. ഇ. പി. ജയരാജനെതിരായ കേസും ആരാണ് എഴുതിത്തള്ളിയത്? ശ്രീ. ലോക്നാഥ് ബെഹ്റയുടെ പേരിൽത്തന്നെയുള്ള കേസ് ആരാണ് എഴുതിത്തള്ളിയത്? പോലീസ് സ്റ്റേഷൻ പെയിന്റടി വിവാദത്തിൽ പ്രതിയായ ആൾ തന്നെ തന്റെ കേസ് എഴുതിത്തള്ളുന്നത് കേരളത്തിൽ ആദ്യമായി കേൾക്കുന്ന കാര്യമാണ്. ഏതായാലും ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട ചർച്ച വരുന്നുണ്ടല്ലോ. അപ്പോൾ കൂടുതൽ കാര്യങ്ങൾ പറയാം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, എന്റെ കേസ് സർക്കാർ എഴുതിത്തള്ളിയതല്ല. ബഹു. കേരള ഹൈക്കോടതി എല്ലാം പരിശോധിച്ചതിന് ശേഷമാണ് ഇതിൽ കേസെടുക്കാൻ സാധിക്കില്ല; നിലനിൽക്കുകയില്ല എന്ന് പറഞ്ഞത്. അത് അങ്ങേയ്ക്കറിയില്ലേ? നിങ്ങളുടെ വിശ്വസ്ത സുഹൃത്തുക്കൾ അതിൽ പ്രതികളാണെന്നുള്ളതുകൊണ്ട് നിയമസഭയിൽ ഇങ്ങനെ കള്ളത്തരം പറയരുത്. അറിഞ്ഞ കാര്യം മറച്ചുവയ്ക്കരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞത് ശരിയാണ്. അതിന് ആധാരമായ റിപ്പോർട്ട് കൊടുത്തത് വിജിലൻസിൽ നിന്നായിരുന്നു. അങ്ങയുടെ പേരിൽ എഫ്.ഐ.ആർ. എടുക്കാനുള്ള നിയമപരമായ എല്ലാ കാര്യങ്ങളുമുണ്ടെന്ന് പറഞ്ഞത് ശ്രീ. ജേക്കബ് തോമസാണ്, ഞങ്ങളല്ല. അങ്ങയുടെ കേസ് കോടതിയാണ് തള്ളിയത്. അതിന് ഉപോൽബലകമായ റിപ്പോർട്ട് കൊടുത്തത് വിജിലൻസാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>): സർ, ഒരു ക്രിമിനൽ കേസ് ലാപ്സായി പോകുമെന്ന് ക്രിമിനൽ നടപടി നിയമത്തിലെ ഒരു വകുപ്പിലും പറയുന്നില്ല. ലാപ്സായിപ്പോകുന്ന സംഭവം ഒരു ക്രിമിനൽ കേസുമായി ബന്ധപ്പെട്ടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ലാപ്സ് എന്നുള്ള വാക്ക് ഞാൻ പിൻവലിക്കുന്നു; തള്ളിപ്പോയി എന്നുള്ളതാണ്. കേസുകൾ പിൻവലിക്കാൻ സർക്കാരിന് അധികാരമുണ്ട്. സർക്കാരിന് അധികാരമുണ്ടെന്ന് കരുതി എല്ലാ കേസുകളും പിൻവലിക്കുന്ന നടപടി ശരിയാണോ? 9-2-2018-നാണ് ഈ കേസ് പിൻവലിക്കാൻ സർക്കാരിന് എതിർപ്പില്ലെന്ന് അറിയിക്കുന്നത്. എല്ലാ കേസുകളും പിൻവലിക്കുന്നത് അങ്ങനെ തന്നെയാണ്. സർക്കാരിന് എതിർപ്പില്ലെന്ന് പബ്ലിക് പ്രോസിക്യൂട്ടറെ അറിയിക്കും, പബ്ലിക് പ്രോസിക്യൂട്ടർ കോടതിയിൽ പറയും. കോടതിയുടെ അനുവാദത്തോടെ കോടതിക്ക് ബോധ്യപ്പെടുന്ന പക്ഷം കേസ് പിൻവലിക്കും, അല്ലെങ്കിൽ പിൻവലിക്കില്ല. ഇത് സാധാരണ നടപടിക്രമാണ്. സർക്കാരിന്റെ ഇന്റൻഷൻ ഇതിൽ നിന്ന് വളരെ വ്യക്തമാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയ്ക്കകത്ത് ചില നിയമസഭാ സാമാജികർ നടത്തിയ കുറ്റകൃത്യങ്ങളെ ന്യായീകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നടപടി അങ്ങേയറ്റം തെറ്റായിപ്പോയി. ഈ കേസ് പിൻവലിക്കുക വഴി കേരളത്തിന്റെ ജനാധിപത്യ ചരിത്രത്തിലെ മറ്റൊരു കറുത്ത അധ്യായം അങ്ങ് ഉണ്ടാക്കുകയാണ്. ഈ നടപടി തീരാകളങ്കമാണ്. ഇത് ശരിയായ നടപടിയല്ല. ജനാധിപത്യ സംവിധാനത്തിൽ എം.എൽ.എ.-മാർക്ക് എന്തും കാണിക്കാമോ?

എം.എൽ.എ.-മാർ നിയമങ്ങൾക്ക് അതീതരല്ലേ? ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞു, Rules of Business ആണ് നമ്മളെ ഗവേൺ ചെയ്യുന്നതെന്ന്. ഭരണഘടന നമ്മളെ ഗവേൺ ചെയ്യുന്നു. ഇവിടെ നമ്മൾ സംസാരിക്കുന്നതിനുപോലും, നമ്മുടെ നടപടിക്രമങ്ങൾ ഇഷ്ടാനുസരണം മാറ്റാൻ പോലും ആർക്കും കഴിയില്ല. അങ്ങേയ്ക്കുപോലും മാറ്റാൻ കഴിയില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പ്രവീൺ തൊഗാഡിയ പ്രതിയായിരുന്ന കേസിനെപ്പറ്റി 16-2-2016-ന് ശ്രീ. കെ. കെ. നാരായണൻ ചോദിച്ച ചോദ്യത്തിന് അങ്ങ് തന്നെ നിയമസഭയിൽ ഒരു മറുപടി കൊടുത്തിട്ടുണ്ട്. കേസ് പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയെന്ന് അങ്ങ് തന്നെ സമ്മതിച്ചിരുന്നു. എന്നാൽ രണ്ടാമത്തെ ഭാഗം അതോടൊപ്പം പറയുന്നുണ്ടെന്നു മാത്രം. നിരാക്ഷേപ പത്രം നൽകിയെന്നത് അങ്ങുതന്നെ സമ്മതിച്ചിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് നേരത്തെ സഭയിൽ ചർച്ചാവിഷയമായതാണ്. ശ്രീ. പ്രവീൺ തൊഗാഡിയയുടെ കേസിൽ കൃത്യസമയത്ത് തുടർനടപടികൾ സ്വീകരിക്കാത്തതിനെത്തുടർന്ന് കോടതി തന്നെ അത് ഡിസ്ചാർജ് ചെയ്തു. പഴയ കേസുകൾ പിൻവലിക്കുന്നത് സംബന്ധിച്ച വിഷയം വന്ന സമയത്ത് അന്ന് അനുമതി കൊടുത്തുവെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷെ അതനുസരിച്ചല്ല ആ കേസ് തീർന്നത്. അത് കൊടുക്കുന്നതിനുമുമ്പ് തന്നെ കോടതി ആ കേസിൽ തീർപ്പുകൽപ്പിച്ചിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏതായാലും ശ്രീ. പ്രവീൺ തൊഗാഡിയയ്ക്ക് നമ്മളെല്ലാവരും കൂടി സംരക്ഷണം കൊടുക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. ബി.ജെ.പി.-ക്കാർ അയാളെ കൊല്ലാൻ നടക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, ഇത്ര ദീർഘവീക്ഷണം നിങ്ങൾക്കുണ്ടായിരുന്നുവെന്നുള്ളത് ആർക്കും മനസ്സിലായിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ദീർഘവീക്ഷണത്തിന്റെ പ്രശ്നമല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ മനഃസാക്ഷിയോട് ചോദിക്കണം. കേരള നിയമസഭയിൽ ഇങ്ങനെയൊരു സംഭവം അരങ്ങേറിയത് ശരിയാണോ? ഇപ്പോൾ ഞങ്ങൾ പ്രതിപക്ഷത്താണ്. അങ്ങയുടെ ചെയർ ഞങ്ങൾ ഉരുട്ടിയിടുകയും അങ്ങയെ ഇവിടെ കയറ്റാതിരിക്കുകയും അടിയുണ്ടാക്കുകയും ചെയ്യുന്ന നടപടി ശരിയാണോ? ഞാൻ ചെയറിനോടല്ല ചോദിക്കുന്നത്. അങ്ങയിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് ചോദിക്കുന്നത്. അങ്ങയുടെ അടുത്തുനിന്ന് ഒരാൾക്ക് സെൽഫി എടുക്കാൻപോലും സാധിക്കുന്നില്ല. പിന്നെ അങ്ങയുടെ കയ്യിൽ കയറിപ്പിടിച്ചാലുള്ള സ്ഥിതി എന്താകും? ഞങ്ങൾ ഇപ്പോൾ പ്രതിപക്ഷത്താണ്.

ഞങ്ങൾ ഈ സഭയ്ക്കകത്ത് ബഹളമുണ്ടാക്കുകയും സ്പീക്കറുടെ കണ്ണാടി പൊട്ടിക്കുകയും അവിടെയിരിക്കുന്ന മൈക്കെല്ലാം എടുത്തുകളയുകയും ചെയ്തിട്ട് സഭയ്ക്കകത്ത് ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് പറഞ്ഞ് ഒഴിയാൻ കഴിയുമോ? ഇത്തരത്തിൽ തെറ്റായ കീഴ്വഴക്കങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉണ്ടാക്കരുതെന്നാണ് എന്റെ അഭിപ്രായം. It is a bad precedent. നമ്മൾ നാളെ ഇവിടെയുണ്ടാകില്ല, പുതിയ തലമുറകൾ ഇവിടെ കടന്നുവരും. അങ്ങ് ദയവായി പുനർവിചിന്തനം നടത്തണം. ഈ കേസ് പിൻവലിക്കുക വഴി തലമുറകളോട് നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ തെറ്റായിരിക്കും. ജനാധിപത്യത്തിന്റെ ശ്രീകോവിലിനോട്; അതിന്റെ പവിത്രതയോട് ചെയ്യുന്ന ഏറ്റവും വലിയ അപമാനമായിരിക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഏതായാലും ഈ കേസ് പിൻവലിക്കാൻ അനുമതി കൊടുത്തുകഴിഞ്ഞു. അതിനെ നിയമപരമായി ഞങ്ങൾ കോടതിയിൽ നേരിടും. അന്നത്തെ പാർട്ടി സെക്രട്ടറിയായ അങ്ങുകൂടി അറിഞ്ഞിട്ടായിരിക്കാം ഒരുപക്ഷെ ഇതെല്ലാം ചെയ്തതെന്നുള്ളതാണ് ഞങ്ങളുടെ ഇപ്പോഴത്തെ വിലയിരുത്തൽ. ഏതായാലും നിയമസഭയ്ക്കകത്ത് നടക്കുന്ന എല്ലാ കൃത്യങ്ങൾക്കും സംരക്ഷണം കൊടുക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കരുത്. അത് തെറ്റായ നടപടിയാണ്. കേരള നിയമസഭയുടെ ചരിത്രത്തിലെ ഒരു കറുത്ത അധ്യായത്തിന് ഈ സർക്കാർ കൂട്ടുനിൽക്കുന്നുവെന്നുള്ളത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഒരു വ്യക്തി എത്ര ഉയരത്തിലാണെങ്കിലും അതിനേക്കാൾ ഉയരത്തിലാണ് നിയമം എന്നാണ് തോമസ് മുള്ളർ എന്ന ചരിത്രകാരൻ 17-ാം നൂറ്റാണ്ടിൽ പറഞ്ഞിട്ടുള്ളത്. ഇവിടെ അദ്ദേഹം പറഞ്ഞത് അപ്രസക്തമാണെന്ന് തെളിയിച്ചുകൊണ്ട്, രാഷ്ട്രീയാധികാരമാണ് നിയമത്തിന്റെയും മുകളിലെന്നാണ് ഈ കേസ് പിൻവലിക്കുന്നതിലൂടെ സർക്കാർ തെളിയിച്ചു കൊണ്ടിരിക്കുന്നത്. ഒരു പ്രതി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കേസ് പിൻവലിക്കുന്നത് ചരിത്രത്തിലാദ്യമായാണ്. കേസ് പിൻവലിക്കുന്നതിനു വേണ്ടി നൽകിയ ഉത്തരവിൽ പ്രതിയുടെ കത്താണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ആഭ്യന്തര വകുപ്പ് കേസ് പിൻവലിക്കൽ അനുമതി നൽകുന്നത്, ഒന്ന്, ശ്രീ. വി. ശിവൻകുട്ടി സമർപ്പിച്ച 19-4-2017-ലെ കത്ത്/അപേക്ഷ, രണ്ട്, തിരുവനന്തപുരം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് നൽകിയ കത്ത്. ആറ് പ്രതികളിൽ ഒരു പ്രതി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കേസ് പിൻവലിക്കാൻ സർക്കാർ

തയ്യാറാകുന്നതിൽ രാഷ്ട്രീയ ഉദ്ദേശ്യമുണ്ട്. ഇതിലെ പ്രതി താണ്ഡവമാടിക്കൊണ്ട് ഭരണപക്ഷ ബെഞ്ചിന്റെ മുകളിൽ മുണ്ടുമടക്കിക്കുത്തി കാണിച്ചിട്ടുള്ള ആക്രമണങ്ങളുടെ ദൃശ്യങ്ങൾ നമ്മളെല്ലാവരും കണ്ടിട്ടുള്ളതാണ്. താണ്ഡവമാടി അവസാനം അദ്ദേഹം തന്നെ ബോധം കെട്ടുവീണു. പവനായി ശവമായി എന്ന് പറഞ്ഞതുപോലെ അദ്ദേഹത്തെ പുറത്തേയ്ക്ക് കൊണ്ടുപോകുന്നതാണ് നമ്മൾ പിന്നീട് കണ്ടത്. നമ്മളാരും അദ്ദേഹത്തെ തൊട്ടില്ലായെന്നുള്ളത് ദൃശ്യങ്ങൾ നോക്കിയാൽ മനസ്സിലാകും. ഒരു വനിതാ എം.എൽ.എ.-യെപ്പോലും അപമാനിച്ചിട്ടില്ല. ഭരണപക്ഷ ബെഞ്ചിന്റെ അടുത്താണ് വനിതാ എം.എൽ.എ.-മാരുണ്ടായിരുന്നത്. അവരെങ്ങനെയാണ് പ്രതിപക്ഷത്തിന്റെ അടുത്തെത്തിയത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കസേരയുടെ അടുത്ത് ഓടി വരാൻ ശ്രമിക്കുമ്പോൾ ഭരണപക്ഷ എം.എൽ.എ.-മാർ തടഞ്ഞിട്ടുണ്ടെങ്കിൽ, സംരക്ഷണം കൊടുക്കുക എന്നുള്ളത് അവരുടെ ഉത്തരവാദിത്വമായിരുന്നു. വനിതാ എം.എൽ.എ.-യെ ആശുപത്രിയിൽ കൊണ്ടുപോയ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അവർ വെല്ലിൽ നിന്നാണ് വീണത്. വെല്ലിനകത്ത് ഭരണപക്ഷത്തെ ഒരംഗവും പോയിട്ടില്ല. നിയമസഭാ സാമാജികരെ കാണുന്നത് തടഞ്ഞുകൊണ്ട്, ഞങ്ങൾ അങ്ങയുടെ മുഖം മറച്ച് ബാനർ പിടിച്ചപ്പോൾ അങ്ങ് രോഷാകുലനായിട്ടുണ്ട്; ഇവിടത്തെ decorum തകർക്കാൻ പാടില്ലെന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ തത്വത്തിൽ യോജിക്കുന്നു. അന്നത്തെ സ്പീക്കറുടെ മുഖം മാത്രമല്ല ശരീരവും മറച്ചിരുന്നു. അദ്ദേഹത്തിന് ആരെയും കാണാൻ കഴിഞ്ഞില്ല; അവസാനം അതിനകത്തുകൂടി നുഴഞ്ഞുകയറി വരികയാണ് ചെയ്തത്. മൈക്കില്ലാത്തതിനാൽ ബജറ്റ് അവതരിപ്പിക്കാൻ കൈകൊണ്ട് ആംഗ്യം കാണിച്ചിട്ടാണ് അന്ന് ബജറ്റ് അവതരിപ്പിച്ചത്. ഞങ്ങൾ എപ്പോഴെങ്കിലും ഈ പടിയുടെ മുകളിൽ കയറിയിട്ടുണ്ടോ; ഈ പടിയുടെ മുകളിൽ കയറി വന്ന് അങ്ങയുടെ കസേരയും മുന്നിലുള്ള കമ്പ്യൂട്ടറും തകർത്താൽ സഭയുടെ അനുമതിക്കുവേണ്ടി കാത്തുനിൽക്കുമോ; സഭാദ്ധ്യക്ഷൻ എന്ന നിലയ്ക്ക് അങ്ങ് നടപടി സ്വീകരിക്കും. സ്വീകരിച്ചില്ലെങ്കിൽ അങ്ങ് സ്പീക്കർ സ്ഥാനത്ത് ഇരിക്കാൻ അർഹനല്ലായെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ഈ decorum തകർക്കുന്ന രീതിയിൽ ആരെങ്കിലും വന്നാൽ നടപടി സ്വീകരിക്കണ്ടേ? മുൻ സ്പീക്കർ എടുത്ത തീരുമാനമാണ് ഞാൻ പറയുന്നത്. സ്പീക്കർമാർ മാറിമാറി വന്നാലും ഒരു സ്പീക്കർ എടുത്ത നിലപാട് അടുത്ത സ്പീക്കർ അംഗീകരിക്കും. അതുകൊണ്ടാണല്ലോ കീഴ്വഴക്കം നോക്കുന്നത്.

മി. സ്പീക്കർ: അങ്ങ് ചർച്ച ചെയ്ത് സ്പീക്കർ എടുത്ത നിലപാടെന്ന നിലയ്ക്കാണ് എത്തുന്നത്.

ഡോ. എം. കെ. മുനീർ: സർ, സ്പീക്കറാണ് അന്ന് കേസ് കൊടുത്തത്.

മി. സ്പീക്കർ: അങ്ങനെ അല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. സ്പീക്കർ ഒരു പരാതിയും നൽകിയിട്ടില്ല. സ്പീക്കറുടെ പരാതിയുടെ മേൽ പുതിയ സ്പീക്കർ മാറ്റം വരുത്തിയിട്ടില്ല. അങ്ങനെ ഒരു ചർച്ച സഭയിൽ കൊണ്ടുവരാൻ പാടില്ല, ദയവായി അത് പറയരുത്. ഇത് ചർച്ചയല്ല. വാക്കൗട്ട് പ്രസംഗം പ്രതിഷേധം അവതരിപ്പിക്കാൻ വേണ്ടിയുള്ളതാണ്.

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട സ്പീക്കർക്കുവേണ്ടിയാണ് ആ പരാതി നൽകിയിരിക്കുന്നത്. നിയമസഭാ സെക്രട്ടറി പരാതി കൊടുത്തുവെന്ന് പറഞ്ഞാൽ സ്പീക്കർക്കുവേണ്ടി കൊടുക്കുന്നതല്ലേ? സർക്കാർ ഇങ്ങനെയൊരു തീരുമാനമെടുത്താലും ഇതിന്റെ decorum തകർത്തിട്ടുള്ളവരുടെ പേരിലുള്ള നടപടി പിൻവലിക്കാൻ സ്പീക്കറെന്ന നിലയിൽ അങ്ങ് ഒരിക്കലും അനുവദിക്കാൻ പാടില്ലായെന്നുള്ളതാണ്. Section 321 പിൻവലിക്കുക എന്നത് നിസ്സാരമായ കാര്യമല്ല. പബ്ലിക് പ്രോസിക്യൂട്ടർ, കോടതി ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് കോടതിയോടാണ് കൂടുതൽ കടപ്പെട്ടിരിക്കുന്നത്, അല്ലാതെ സർക്കാരിനോടല്ല. Section 321 അദ്ദേഹം പിൻവലിക്കുമ്പോൾ അഞ്ച് കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. അക്കാര്യങ്ങളൊന്നും ഞാൻ വായിക്കുന്നില്ല. അഡ്വക്കേറ്റ് കാളീശ്വരംരാജ് എഴുതിയിട്ടുള്ള ലേഖനത്തിൽ അഞ്ച് കാരണങ്ങളുണ്ടെങ്കിൽ മാത്രമേ കേസ് പിൻവലിക്കാൻ സാധിക്കൂവെന്നാണ്. ആ അഞ്ച് കാരണങ്ങളും ഇതിലില്ലെന്നുള്ളതാണ് സത്യം. പ്രസ്തുത ലേഖനം വായിച്ച് നോക്കിയാൽ അതറിയാം. അതുകൊണ്ട് ആ കേസ്സിൽ ദൃശ്യങ്ങൾ പരിശോധിച്ചതിനുശേഷം സ്ത്രീകളെ അപമാനിക്കുന്ന എന്തെങ്കിലുമുണ്ടെങ്കിൽ ഇവിടെ പറഞ്ഞത് മുഴുവനും പിൻവലിക്കാൻ തയ്യാറാണ്. അതേസമയം ഈ ആറാളുകൾ അക്രമം നടത്തിയതിന്റെ ഫലമായി സംഭവിച്ച നഷ്ടം ഇവരുടെ കയ്യിൽ നിന്നും ഈടാക്കുകയാണ് ചെയ്യേണ്ടത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ആയ ശ്രീമതി ജമീലാ പ്രകാശം അന്നത്തെ എം.എൽ.എ.-മാരായ ശ്രീ. കെ. ശിവദാസൻ നായർക്കും ശ്രീ. ഡൊമിനിക് പ്രസന്റേഷനുമെതിരായി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് നൽകിയ പ്രൈവറ്റ് അന്യായത്തിന്റെ കോപ്പിയാണിത്. അതിന്റെ ഭാഗമായി u/s. 341, 354 r/w. Section 34 IPC പ്രകാരം കേസ്സെടുത്തിട്ടുണ്ട്. ഇവർ ബഹുമാനപ്പെട്ട അന്നത്തെ സ്പീക്കർക്ക് എഴുതിക്കൊടുത്തത്, ഞങ്ങളെ മാനഭംഗപ്പെടുത്തി എന്നാണ്.

XXXXXX*, അത് Section 376 ആണ്. ഞങ്ങളെ അധിക്ഷേപിച്ചു, പോടീ എന്ന് വിളിച്ചു, നിന്റെ നാടാനെ പോയി വിളിച്ചുകൊണ്ടുവാടീ എന്നൊക്കെ പറഞ്ഞു എന്നാണ്. ഇതെല്ലാം പ്രൈവറ്റ് അന്യായത്തിന്റെ ഭാഗമായി cognizance എടുത്തു. അന്നത്തെ സ്പീക്കർ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല; നിങ്ങളിവിടെ നടന്ന സംഭവത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ; ഇവിടെ നടന്ന സംഭവത്തെക്കുറിച്ച് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് cognizance എടുത്തല്ലോ; സ്ത്രീകളുടെ പരാതിയിന്മേൽ കേസ്സെടുക്കാൻ അന്നത്തെ സ്പീക്കർക്ക് എന്തുകൊണ്ട് കഴിഞ്ഞില്ല; നിങ്ങളെന്തുകൊണ്ടാണ് ഏകപക്ഷീയമായി കേസ്സെടുക്കാൻ ശിപാർശ നൽകിയത്; ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ഇപ്പോൾ കേസ്സെടുത്തല്ലോ?

ഡോ. എം. കെ. മുനീർ: സർ, കോടതി കേസ് എടുത്തിട്ടുണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി വരുന്നോ അതനുസരിച്ച് ആര് ശിക്ഷ നേരിട്ടാലും അതിന്റെ കൂടെ നിൽക്കാൻ പ്രതിപക്ഷമെന്ന നിലയിൽ തയ്യാറാണ്. ദൃശ്യത്തിൽ കണ്ടിട്ടുള്ള കാര്യങ്ങളിന്മേലാണ് ഈ കേസ് എടുത്തിരിക്കുന്നത്. പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ഏത് രീതിയിൽ കേസ്സെടുക്കണമെന്നുള്ളത് തീരുമാനിക്കേണ്ടത് സ്പീക്കറാണ്. പറഞ്ഞു കേൾക്കുന്ന കാര്യം ഏത് രീതിയിൽ എടുക്കണമെന്നുള്ളത് സ്പീക്കറുടെ വിവേചനാധികാരമാണ്. ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ബജറ്റ് അവതരിപ്പിക്കാൻപോലും സമ്മതിക്കാതെ...(ബഹളം)... ചരിത്രത്തിലുണ്ടോ ഇങ്ങനെയൊരു സംഭവം. എല്ലാ മാധ്യമങ്ങളും പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും. പ്രഗത്ഭരായ ആളുകൾ, സാമൂഹിക -സാംസ്കാരിക നായകന്മാർ ഞെട്ടലോടുകൂടിയാണ് കേസ് പിൻവലിക്കുന്നതിനെക്കുറിച്ച് പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ decorum, മാന്യത, ഈ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി കേസ് പിൻവലിക്കാനുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പിന്തിരിയണമെന്ന ആവശ്യം മുഖവിലയ്ക്കെടുക്കാത്തതുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, നിയമസഭയിലുണ്ടായ അനിഷ്ട സംഭവങ്ങളെയും പൊതുമുതൽ നശിപ്പിക്കപ്പെട്ട കാര്യത്തെയും അടിസ്ഥാനമാക്കി നിലനിൽക്കുന്ന കേസ് പിൻവലിക്കാനുള്ള സർക്കാരിന്റെ തീരുമാനം അധിക്ഷേപാർഹമാണ്. എക്സിക്യൂട്ടീവ്, ജുഡീഷ്യറി, സെപ്പറേഷൻ ഓഫ് പവേഴ്സ് എന്നിവയുടെ

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

അടിസ്ഥാനത്തിൽ നിയമസഭയിൽ എന്തുമാകാം, ക്രിമിനൽ നടപടി പാടില്ല എന്നുള്ള ധ്വനിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിലുള്ളത്. അതൊട്ടും ശരിയല്ല. ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിക്കാൻ വരുമ്പോൾ പ്രവേശന കവാടത്തിൽ വച്ച് തടയുകയും അദ്ദേഹത്തെ intimidate ചെയ്യുകയും ചെയ്താൽ അത് ക്രൈം അല്ലേ; അതിനെതിരെ നടപടി പാടില്ലെന്ന് പറയുന്നത് ശരിയാണോ; ഇതൊരു തെറ്റായ മെസ്സേജല്ലേ? ഡോ. ടി. എം. തോമസ് ഐസക് ശ്രദ്ധിക്കണം. ഈ കേസ് പിൻവലിക്കുന്നതിൽ ഒരു ഒളിയമ്പുണ്ട്. ഭാവിയിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബജറ്റ് അവതരിപ്പിച്ചാൽ എന്ത് എതിർപ്പും അഴിഞ്ഞാട്ടവും ഇവിടെ നടത്താം, കേസ്സില്ല എന്നുള്ളതാണ് ഇതിന്റെ മെസ്സേജ്. അതുണ്ടാകാൻ പാടില്ല. ഇനിയും ആവർത്തിക്കാനുള്ള പ്രേരണയാണിത്. അങ്ങ് നീതിനിഷ്ഠനായ ഒരു സ്പീക്കറാണ്. ഈ കേസ് പിൻവലിക്കാൻ അനുവാദം നൽകരുത്. സർക്കാർ ഒരിക്കലും ഈ കേസ് പിൻവലിക്കാൻ പാടില്ല. ഞാൻ കൂടുതലൊന്നും പറയുന്നില്ല. തെറ്റായ നടപടി എടുക്കരുതെന്ന് മാത്രമേ പറയുന്നുള്ളൂ. സർക്കാരിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരള നിയമസഭ ലോകത്തിനുമുമ്പിൽ തലകുനിച്ച ഒരു ദിവസമായിരുന്നു 2015 മാർച്ച് 13. ഏറ്റവും മോശമായ ഒരു സാഹചര്യം അന്ന് ഈ നിയമസഭയിൽ അരങ്ങേറിയെന്നുള്ളത് സഭയ്ക്ക് മാത്രമല്ല കേരളത്തിനുതന്നെ അപമാനമായി മാറിയതാണ്. ഏകദേശം രണ്ട് ലക്ഷം രൂപയുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ടു എന്നാണ് ആ കേസിലുള്ളത്. നിയമസഭയ്ക്കകത്ത് നടക്കുന്ന കാര്യങ്ങൾക്ക് സംരക്ഷണമുണ്ടെന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. ഇവിടെ തെളിവുകൾ ധാരാളമുണ്ട്. മഹാരാഷ്ട്രയിലെ നിയമസഭാ സാമാജികനെതിരെ കോടതിയെടുത്ത നടപടികൾ ഇവിടെ പരാമർശിക്കപ്പെടുകയുണ്ടായി. അത്തരത്തിലുള്ള കീഴ്‌വഴക്കങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ഒരു ക്രിമിനൽ ഒഫൻസ് നടന്നാൽ അതിന് സംരക്ഷണമുണ്ടാകുന്നുവെന്ന നിലയിലുള്ള വ്യാഖ്യാനം ഈ കേസ് പിൻവലിക്കുന്നതിലൂടെ സർക്കാരിന്റെ ഭാഗത്തുനിന്നും വരുന്നു എന്നുള്ളത് ശരിയല്ല. ഇതിൽനിന്ന് സർക്കാർ പിന്മാറണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, നിയമസഭയുടെ ഗരിമയെ സംബന്ധിച്ച അടിസ്ഥാന പ്രശ്നമാണിത്. അതിന് വളരെയേറെ പ്രാധാന്യമുള്ളതാണ്. ഭരണഘടന അനുസരിച്ചാണ് മുഖ്യമന്ത്രിയും മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്യുന്നത്. ഭരണഘടനയനുസരിച്ച് എല്ലാവരെയും തുല്യമായ രീതിയിൽ കൈകാര്യം ചെയ്യുമെന്നുള്ളതാണ് അതിന്റെ അടിസ്ഥാനതത്വം. അതിന് കടകവിരുദ്ധമായ രീതിയിൽ സ്വന്തം പാർട്ടിക്കാരാണെന്നുള്ളതുകൊണ്ട് അവരെ രക്ഷപ്പെടുത്തുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. നിയമത്തിന് പ്രാധാന്യമുള്ള ഭരണത്തിനല്ല, പാർട്ടി ഭരണത്തിനാണ് പ്രാധാന്യം നൽകുന്നതെന്നുള്ള അടിസ്ഥാനപരമായ കാരണങ്ങൾകൊണ്ട് ഞാൻ ഈ നടപടിയെ ശക്തമായി എതിർക്കുന്നു. ഇക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) കുടിവെള്ള ക്ഷാമം

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിൽ അതിരൂക്ഷമായ കുടിവെള്ളക്ഷാമമാണ് ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. വരുന്ന മാസങ്ങളിൽ ഇത് വ്യാപകമാകും. കേരളത്തിൽ കുടിവെള്ളക്ഷാമം ആദ്യമായി ഉണ്ടായതല്ല. എല്ലാ കാലങ്ങളിലും ഇതുപോലുള്ള കാലാവസ്ഥയിൽ കുടിവെള്ളം കിട്ടാതെ ജനങ്ങൾ പരക്കംപായുന്ന സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. ഈ സർക്കാർ മറ്റെന്തിനെക്കാളും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത് കുടിവെള്ളത്തിനാണ്. കുടിവെള്ളം ആവശ്യപ്പെടുന്ന ജനങ്ങളുടെ മുമ്പിൽ ജനപ്രതിനിധികൾ നിസ്സഹായരാണ്. കേരളത്തിലെ 44 നദികളും ഇന്ന് ശോചനീയാവസ്ഥയിലാണ്. കേരളത്തിലെ ജലസ്രോതസ്സുകളെല്ലാം വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. വാട്ടർ അതോറിറ്റിയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റും ജലനിധിയും മേജർ ഇറിഗേഷനും മൈനർ ഇറിഗേഷനും ആയിരക്കണക്കിന് സാങ്കേതിക വിദഗ്ദ്ധരും എഞ്ചിനീയർമാരും ജീവനക്കാരുമുള്ള വലിയൊരു സ്ഥാപനമാണ് ജലസംഭരണ,

വിതരണത്തിലേർപ്പെട്ടിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളെ കോ-ഓർഡിനേറ്റ്ചെയ്ത് കുടിവെള്ളം ഉറപ്പുവരുത്തുക എന്ന വെല്ലുവിളിയാണ് സർക്കാർ നേരിടുന്നത്. നദികളും നീരുറവകളും വറ്റുകയും കിണറുകൾ അശുദ്ധമാവുകയും ചെയ്തതിനാൽ കുടിവെള്ളമില്ലെന്ന് ജനങ്ങളോട് പറയാൻ ഉത്തരവാദിത്വമുള്ള ഒരു സർക്കാരിന് സാദ്ധ്യമല്ല. ഇക്കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാർ നടപടിയെടുക്കണം. ഈ വിഷയം ഗൗരവമായി സഭ പരിഗണിക്കണം. ബന്ധപ്പെട്ട വകുപ്പുകൾ ഇനിയെങ്കിലും ഉണർന്ന് പ്രവർത്തിക്കണം.

എന്റെ മണ്ഡലത്തിലെ ഒഴുകുപാറ, കൊപ്പം, ആലിയാട്, കുതിരക്കുളം തുടങ്ങിയ പല പഞ്ചായത്തുകളിലും മാണിക്കൽ പഞ്ചായത്തിലെ മദപുരം, ഒഴുകുപാറ എന്നീ പ്രദേശങ്ങളിലെ പാറക്കെട്ടുകൾക്കും അതിനുമുകളിലും താമസിക്കുന്നവർക്ക് കുടിവെള്ളം ലഭിക്കാത്ത അവസ്ഥയാണുള്ളത്. അവിടെ നാല് ദിവസത്തിലൊരിക്കൽ മൂന്ന് മണിക്കൂറാണ് വെള്ളം ലഭിക്കുന്നത്. എന്റെ മണ്ഡലത്തിൽ മാത്രമല്ല,കേരളത്തിലാകെ കുടിവെള്ളക്ഷാമമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം; അതിനാവശ്യമായ ഫണ്ട് കണ്ടെത്തണം. കഴിഞ്ഞ തവണ കിയോസ്കുകൾ സ്ഥാപിച്ച് വെള്ളം കൊടുക്കാമെന്ന് പറഞ്ഞു. പക്ഷെ ആളുകൾ അതെടുത്ത് മാറ്റി. ടാങ്കറിൽ വെള്ളം കൊടുക്കാമെന്ന് പറയുന്നുണ്ടെങ്കിലും ടാങ്കറിൽ വെള്ളം കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് ഗുരുതര അഴിമതിയുണ്ടെന്നാണ് പറയപ്പെടുന്നത്. ടാങ്കറിലായാലും കിയോസ്കുകൾ വഴിയായാലും കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുക എന്നതാണ് ഒരു ഗവൺമെന്റിന്റെ പ്രഥമ കർത്തവ്യം. കുടിവെള്ളം നൽകാൻ കഴിയാത്ത അവസ്ഥയുണ്ടാകാൻ പാടില്ല. അതുകൊണ്ട് വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഗ്രൗണ്ട് വട്ടർ എന്നീ വകുപ്പുകളെ കോ-ഓർഡിനേറ്റ് ചെയ്യണം. ജലത്തിന്റെ ദൗർലഭ്യമുണ്ടെന്നും ഭൂഗർഭ ജലത്തിന്റെ നില താണുപോയെന്നുമെല്ലാം പറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാകും. പക്ഷെ നാട്ടിലെ ജനങ്ങൾ കുടവും കലവുമായി വന്ന് മണിക്കൂറുകളോളം കാത്തുനിന്ന് വെള്ളം കിട്ടാതിരുന്നാൽ കലാപമുണ്ടാകും. വെള്ളത്തിനുവേണ്ടി ഗ്രാമങ്ങളിൽ വലിയ കലാപമുണ്ടാകാൻ പോകുകയാണ്. അതുകൊണ്ട് സർക്കാർ ഈ വിഷയം ഗൗരവമായി പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഇക്കാര്യം പരിഗണിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഈ വർഷത്തെ വേനലിന്റെ കാഠിന്യം സർക്കാർ വളരെ ഗൗരവത്തിലെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച കാര്യങ്ങൾ വിലയിരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജില്ലാ കളക്ടർമാരുമായി ആശയവിനിമയം നടത്തിക്കഴിഞ്ഞു. റവന്യൂ വകുപ്പാണ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. റവന്യൂ വകുപ്പുമന്ത്രിയും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് രണ്ട് തവണ അവലോകനയോഗം നടത്തിയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ജലസേചനം, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ജലനിധി എന്നീ നാല് ഘടകങ്ങളെയും ഒരുമിപ്പിച്ച് നിർത്തിക്കൊണ്ടാണ് കഴിഞ്ഞ വർഷമുണ്ടായ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ വരൾച്ചയെ അതിജീവിക്കാൻ റവന്യൂ വകുപ്പും മറ്റ് വകുപ്പുകളും ചേർന്ന് സംസ്ഥാന തലത്തിൽ നടപടികൾ സ്വീകരിച്ചത്. 2016-ലെ കാലവർഷത്തിൽ മഴ കുറഞ്ഞതുകൊണ്ടാണ് 2017-ൽ വരൾച്ചയുണ്ടായത്. 2017 തൊട്ട് തലേവർഷത്തേക്കാൾ കുറഞ്ഞ അളവിലുള്ള മഴയാണ് മൺസൂൺ കാലത്ത് അനുഭവപ്പെട്ടത്. തെക്ക്-പടിഞ്ഞാറൻ കാലവർഷവും വടക്ക്-കിഴക്കൻ കാലവർഷവും തൊട്ട് തലേവർഷത്തെക്കാളും കുറവായിരുന്നു. അതുകൊണ്ട് 2017-നേക്കാൾ രൂക്ഷമായ വരൾച്ച 2018-ലുണ്ടാകുമെന്ന് ആശങ്കപ്പെട്ടാണ് നേരത്തെതന്നെ കോ-ഓർഡിനേഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികൾ സ്വീകരിച്ചത്. ഇടയ്ക്ക് പെയ്ത മഴകാരണം ജല സംഭരണികളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന മെച്ചപ്പെട്ട നിലയിലാണുള്ളത്. നിരീക്ഷണ കിണറുകളിലെ ജലനിരപ്പും കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് അല്പം മെച്ചപ്പെട്ടിട്ടുണ്ട്. പത്ത് വർഷത്തെ ശരാശരിയെക്കാൾ ഇവയെല്ലാം ഇപ്പോൾ താണുനിൽക്കുകയാണ്. കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്ന പല നദികളിലും നീരൊഴുക്ക് കുറവാണ്. ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള മുൻകരുതൽ പ്രവൃത്തികൾ അടിയന്തരമായി നടത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇപ്പോൾ 94 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. അതിൽ പ്രധാനമായുള്ളത് തടയണ നിർമ്മാണ പ്രവൃത്തികളാണ്. സ്രോതസ്സുകളിൽ പരമാവധി ജലം സംരക്ഷിച്ചു നിർത്താനും ജലത്തിന്റെ അളവ് കുറയുമ്പോഴുള്ള ഓരു ജലത്തിന്റെ കടന്നുകയറ്റത്തെ നിയന്ത്രിക്കുവാനും തടയണമൂലം സാധിക്കുന്നതാണ്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 30.5 കോടി രൂപ ഉപയോഗിച്ച് വിവിധ ജില്ലകളിൽ നിന്നുള്ള പദ്ധതികൾ ഏറ്റെടുക്കാനുള്ള

നടപടികൾ സ്വീകരിച്ചുവരികയാണ്. വാട്ടർ അതോറിറ്റിയുടെ പമ്പിന്റെയും മോട്ടോറിന്റെയും അറ്റകുറ്റപ്പണികൾ നടത്തിയും പൈപ്പ് ലൈനുകളുടെ ചോർച്ച സമയബന്ധിതമായി പരിഹരിച്ചും ജലവിതരണം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചില സ്ഥലങ്ങളിലൊക്കെ രണ്ടുമൂന്നു ദിവസത്തിലൊരിക്കലാണ് വെള്ളം ലഭിക്കുന്നത്. നിലവിലുള്ള പദ്ധതിയനുസരിച്ച് പമ്പിംഗ് സമയം ക്രമീകരിച്ചും വാൽവുകൾ നിയന്ത്രിച്ചുമാണ് കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ ജലമെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ഉടനടി പൂർത്തീകരിക്കാൻ കഴിയുന്ന ചില കുടിവെള്ള വിതരണ പദ്ധതികളുണ്ട്. ഏപ്രിൽ മാസത്തിൽ ഏതാണ്ട് 18 പദ്ധതികൾ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. സാദ്ധ്യമായ സ്ഥലങ്ങളിൽ വിതരണശൃംഖല നീട്ടാനും ഇന്റർകണക്ഷൻ നടത്താനും കൂടുതൽ സ്ഥലങ്ങളിൽ ജലമെത്തിക്കാനുമുള്ള ശ്രമം നടത്തിവരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ വിതരണശൃംഖല വഴി ആവശ്യമായ അളവിൽ ജലമെത്തിക്കാൻ സാധിക്കാത്ത സ്ഥലങ്ങളിൽ തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ടാങ്കർ ലോറിവഴി കഴിഞ്ഞവർഷം ജലം നൽകേണ്ടിവന്നിട്ടുണ്ട്. അങ്ങനെ നൽകേണ്ടിവന്നാൽ അതിനാവശ്യമായ ജലം ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ജലവിഭവ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അതിനായി വിവിധ സ്ഥലങ്ങളിൽ ഫില്ലിംഗ് സ്റ്റേഷൻ ഇതിനോടകംതന്നെ സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള സ്രോതസ്സുകൾ പൂർണ്ണമായി തടസ്സപ്പെടുന്ന അവസ്ഥയുണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന ബദൽ സ്രോതസ്സുകൾ കണ്ടെത്തി താൽക്കാലിക ശുദ്ധീകരണശാലകൾ സ്ഥാപിച്ച് ജലവിതരണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ പ്രധാന സ്രോതസ്സുകൾ നദികളും ആറുകളുമാണ്. അവിടെയുള്ള ജലത്തിന്റെ ലഭ്യത കൂട്ടുന്നതിനായി താൽക്കാലിക തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കിണറുകളിലെയും ഗ്യാലറികളിലെയും ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് വാൽവുകൾ, പമ്പ് സെറ്റുകൾ, ടാങ്കുകൾ, പ്ലാന്റുകളിലെ ഫിൽറ്റർ മീഡിയ എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. ഈ വേനൽ രൂക്ഷമാകുന്നതിനുമുമ്പുതന്നെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതാണ്. ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി വാൽവുകൾ ക്രമീകരിച്ചും പമ്പിംഗ് സമയം ക്രമീകരിച്ചുമുള്ള നടപടികൾ ഇപ്പോഴും സ്വീകരിക്കുന്നുണ്ട്. കൂടാതെ പാറമടകളിൽ

ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിച്ചും ജലസുരക്ഷയെപ്പറ്റി പത്ര-ദൃശ്യ മാധ്യമങ്ങൾ വഴി ജനങ്ങളെ ബോധവൽക്കരിച്ചും വേനലിനെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

ജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ കാഷ്വൽ കണക്ഷനുകൾ, ഗാർഹികേതര കണക്ഷനുകൾ എന്നിവയ്ക്ക് ആവശ്യാനുസരണം നിയന്ത്രണം ഏർപ്പെടുത്തുന്നതാണ്. ജലമോഷണം തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്. അന്തിമഘട്ടത്തിലുള്ള കുടിവെള്ള പദ്ധതികളുടെ പണികൾ വേനൽക്കാലത്തിനുമുമ്പ് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 2018 മാർച്ച്-ഏപ്രിൽ മാസങ്ങളിലായി 18 കുടിവെള്ള പദ്ധതികൾ പുതുതായി കമ്മീഷൻ ചെയ്യാനുള്ള ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്.

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നും ജനങ്ങൾക്ക് വെള്ളം കിട്ടുമെന്ന പ്രതീക്ഷയുണ്ട്. ഈ പ്രശ്നം ഞാൻ പറഞ്ഞപ്പോൾ, ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ചേംബറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം വിളിച്ചുകൂട്ടി എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് അടിയന്തരമായി പരിഹാരം കാണണമെന്ന നിർദ്ദേശം കൊടുത്തിരുന്നു. എന്നാൽ അതിനുശേഷവും അവിടെ വെള്ളം കിട്ടാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് അങ്ങ് ഈ കാര്യത്തിൽ ശക്തമായ നടപടിയെടുക്കണം. ഞാനൊരുദാഹരണം പറയാം, എന്റെ മണ്ഡലമായ നെടുമങ്ങാട് ഓമെന്റേഷൻ പ്ലാനിന് ഒരു പ്രോജക്ട് തയ്യാറാക്കി കൊടുത്തിട്ട് അത് സംബന്ധിച്ച ഫയൽ സർക്കാരിൽ പെൻഡിംഗിലാണ്. ആ ഓമെന്റേഷൻ സ്കീമിനുള്ള ഫണ്ട് അനുവദിച്ചാൽ നെടുമങ്ങാടിന്റെ പകുതി പ്രദേശത്തെ കുടിവെള്ളക്ഷാമം പൂർണ്ണമായി പരിഹരിക്കാൻ സാധിക്കും. പക്ഷെ, അതിന്റെ നടപടിക്രമങ്ങൾ പെൻഡിംഗിലാണ്; അത് പ്രാവർത്തികമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്:</u> സർ, നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ ഉയർന്ന പ്രദേശങ്ങളിലും കോളനി പ്രദേശങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിനു വേണ്ടി 13.29 കോടി രൂപയുടെ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. അതിപ്പോൾ സി.ഇ. ഓഫീസിൽ പരിശോധനയിലാണ്. അത് ലഭ്യമാകുന്ന മുറയ്ക്ക്

തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. വിവിധ പഞ്ചായത്തുകളിലെ എസ്.സി./എസ്.ടി. കോളനികളിൽ കുടിവെള്ളം ഉറപ്പാക്കുന്നതിനായി പൈപ്പ് ലൈൻ നീട്ടി ഗാർഹിക കണക്ഷൻ നൽകുന്നതിനുവേണ്ടി 1,42,00,000 രൂപയുടെ മറ്റൊരു പദ്ധതിക്ക് കോർപ്പസ് ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. മറ്റ് പദ്ധതികളും പരിഗണനയിലുണ്ട്. കരകുളം-അരുവിക്കര പഞ്ചായത്തുകൾക്കുവേണ്ടിയും വെള്ളനാട് പഞ്ചായത്തിനും നെടുമങ്ങാട് മുനിസിപ്പാലിറ്റിക്കുംവേണ്ടിയുള്ള പദ്ധതിയാണിത്. ആര്യനാട്-ഉഴമലയ്ക്കൽ പഞ്ചായത്തുകൾക്കുവേണ്ടി മറ്റൊരു പദ്ധതിയുമുണ്ട്. ഇതിന്റെയെല്ലാം നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആവശ്യമായ സ്ഥലം പഞ്ചായത്തുകൾ ഏറ്റെടുത്ത് നൽകുകയോ അല്ലെങ്കിൽ ലാന്റ് അക്വിസിഷൻ നിയമപ്രകാരം ഏറ്റെടുക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. നേരത്തെ എന്റെ ചേംബറിൽ നടത്തിയ യോഗത്തിന്റെ തുടർനടപടികൾ അങ്ങയുടെകൂടി സാന്നിദ്ധ്യത്തിൽ പുനരവലോകനം നടത്തി വേഗത്തിലാക്കാൻ ശ്രമിക്കുന്നതാണ്.

## (2) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. മഹനീയവും ജനകീയ പ്രബുദ്ധവുമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ രൂപീകരിക്കപ്പെട്ടതാണ് വിജിലൻസ് വകുപ്പ്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും പൊതുപ്രവർത്തകരുടെയും അധികാര ദുർവിനിയോഗം, ധൂർത്ത്, കണക്കിൽക്കവിഞ്ഞ സ്വത്ത് സമ്പാദിക്കൽ, 5 ലക്ഷം രൂപയിൽ കവിഞ്ഞ പൊതുമുതൽ കൊള്ളയടിക്കൽ, വിജിലൻസ് എൻക്വയറി, രഹസ്യാന്വേഷണങ്ങൾ ഇവയെല്ലാം വിജിലൻസിന്റെ പരിധിയിൽ വരുന്നതാണ്. സംസ്ഥാന മുഖ്യമന്ത്രി മുതൽ പഞ്ചായത്തു മെമ്പർമാർ വരെയും ചീഫ് സെക്രട്ടറി മുതൽ വില്ലേജാഫീസർ വരെയും ഡി.ജി.പി. മുതൽ പോലീസ് കോൺസ്റ്റബിൾ വരെയുമുള്ളവർ ഇതിന്റെ പരിധിയിൽ വരുന്നവരാണ്. എന്നാൽ ഈയടുത്തകാലത്ത് കോടതിയിൽ നിന്നും മറ്റു കോണുകളിൽ നിന്നുമൊക്കെ അതിനിശിതമായ വിമർശനങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് കേൾക്കുന്നത്. ആക്ടുകളുടെയും സ്റ്റാറ്റ്യൂട്ടുകളുടെയും പിൻബലമില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ട് നിരവധി തവണ കോടതി വിമർശനങ്ങൾക്ക് വകുപ്പ് വിധേയമായിട്ടുണ്ട്.

ഞാൻ എല്ലാ വിധികളും ഇവിടെ പറയുന്നില്ല. അടുത്തകാലത്തുണ്ടായ ഒരു വിധിയിലേക്ക് മാത്രം ശ്രദ്ധയൂന്നുകയാണ്. സർക്കാരിന്റെ ഭരണപരമായ

തീരുമാനങ്ങളിൽപ്പോലും തിരുത്തലുകൾ വേണമെന്ന് വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ട സാഹചര്യം കോടതിയിൽ വരികയുണ്ടായി. കോടതി പറഞ്ഞത്, 'Vigilance and Anti-corruption Bureau will have to explain what is the authority of the Vigilance to comment or direct the Government to review the administrative decisions and actions taken by the Government. If the Vigilance is given such powers, Kerala will go to Vigilance Raj' എന്നാണ്. അമിതമായ അധികാരങ്ങൾ ഉപയോഗപ്പെടുത്തി, അവർക്ക് ചുമത്തപ്പെട്ട അധികാരങ്ങൾക്കപ്പുറമായി സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളിലും പോളിസി വിഷയങ്ങളിലും വിജിലൻസ് മേധാവികൾ ഇടപെടാൻ തുടങ്ങിയപ്പോഴാണ് ഒരു കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇങ്ങനെയൊരു പരാമർശമുണ്ടായത്. ഇങ്ങനെ സംഭവിച്ചത് നിയമത്തിന്റെ പോരായ്മ കൊണ്ടുതന്നെയാണ്. നമ്മുടെ രാജ്യത്തുള്ള പല നിയമങ്ങളും ഒന്നുകിൽ പാർലമെന്റോ അല്ലെങ്കിൽ നിയമസഭയോ പാസ്സാക്കിയതാണ്. ചട്ടങ്ങൾ നിയമസഭ പാസ്സാക്കിയതിനനുസരിച്ച് സഭയുടെ മേശപ്പുറത്തുവയ്ക്കാം. അങ്ങനെ വരുമ്പോൾ നിയമസഭാംഗങ്ങൾക്ക് അത് കാണാനും പഠിക്കാനും ഭേദഗതികൾ കൊണ്ടുവരാനുമുള്ള അവകാശമുണ്ട്. എന്നാൽ സംസ്ഥാനത്തെ മുഴുവനും അടക്കി ഭരിച്ചുകൊണ്ടിരിക്കുന്ന വിജിലൻസ് മാന്വൽ രൂപീകരിച്ചിരിക്കുന്നത് ഒരു നിയമത്തിന്റെയും പ്രാബല്യവും പിന്തുണയില്ലാതെയാണ് എന്നുള്ളതാണ് കോടതിപോലും നിരീക്ഷിച്ചിട്ടുള്ളത്.

11.00 AM]

ജമാൽ എന്ന റിട്ടയേർഡ് ഐ.പി.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഏതാനും പോലീസുദ്യോഗസ്ഥരുടെ ഉപദേശ നിർദ്ദേശങ്ങളോടുകൂടിയാണ് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ മാന്വൽ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ആ മാന്വൽ ഇതുവരെ നിയമസഭയിൽ കാണുകയോ ജനപ്രതിനിധികൾക്ക് പരിശോധിക്കാനോ തിരുത്തുവാനോ യാതൊരവകാശവുമില്ല. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ഒരു ജനാധിപത്യ സർക്കാർ സംവിധാനത്തിൽ നിയമ നിർമ്മാണാധികാരം നിക്ഷിപ്തമായിരിക്കുന്നത് സ്വാഭാവികമായും ജനപ്രതിനിധികൾക്കും ജനങ്ങൾക്കുമാണ്. എന്നാൽ ആ സഭ തയ്യാറാക്കിയ നിയമങ്ങൾക്കു മുകളിലാണ് ജില്ലാ പോലീസ് സൂപ്രണ്ടായി വിരമിച്ച ഒരു ഐ.പി.എസ്. ഓഫീസറുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ട ഒരു മാന്വൽ ഇത്രയുംകാലം ഭേദഗതികളില്ലാതെ തുടരുന്നതെന്ന് നാം മനസ്സിലാക്കേണ്ടതാണ്. ഇന്ത്യൻ പീനൽ കോഡ്, ക്രിമിനൽ പ്രോസീഡ്യുവർ, കോഡ് ഓഫ് സിവിൽ

പ്രോസീഡ്യുവർ, കേന്ദ്ര വിജിലൻസ് ആക്ട് 2003 എന്നിവയ്ക്കെല്ലാം പാർലമെന്റിന്റെ അംഗീകാരമുണ്ടെന്ന് നമുക്കറിയാം. അതിന്റെ വീക്ഷണകോണിൽ നിന്നും പരിശോധിക്കുമ്പോൾ സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനം സ്റ്റാറ്റ്യൂട്ടറി സ്വഭാവമില്ലാത്തതും എക്സിക്യൂട്ടീവ് ഉത്തരവുകളാൽ മാത്രം നിയന്ത്രിക്കപ്പെടുന്നതാണെന്നും മനസ്സിലാക്കാൻ സാധിക്കും. വിജിലൻസ് കൂട്ടിലിട്ട തത്തയാണെന്ന് ആക്ഷേപിക്കാറുണ്ട്; എന്നാൽ അമിതമായ സ്വാതന്ത്ര്യം ഉപയോഗിക്കുന്നുവെന്നും പറയുന്നുണ്ട്. എന്നാൽ ഇത് രണ്ടിന്റെയും ഇടയിലാണ് വിജിലൻസ് വകുപ്പ് നിൽക്കേണ്ടത്. വളയമില്ലാതെ ചാടാൻ പാടില്ല. കൃത്യമായ നിയമത്തിന്റെ പിൻബലമില്ലാത്തതുകൊണ്ടാണ് ഇത്രയധികം ആക്ഷേപം വരുന്നത്. ഒരു പ്രശ്നമുണ്ടാകുമ്പോൾ സർക്കാർ ഉത്തരവിറക്കുകയും ആ ഉത്തര വിന്റെയടിസ്ഥാനത്തിൽ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയുമാണ് ചെയ്യുന്നത്. നിയമ നിർമ്മാണസഭ പാസ്സാക്കുന്ന ആക്ടിന്റെയോ സ്റ്റാറ്റ്യൂട്ടുകളുടെയോ റൂളുകളുടെയോ പിൻബലത്തിലായിരിക്കണം യഥാർത്ഥത്തിൽ വിജിലൻസ് പ്രവർത്തിക്കേണ്ടത്. അല്ലെങ്കിൽ മാറിമാറി വരുന്ന സർക്കാരുകൾക്ക് യഥേഷ്ടം നിയന്ത്രിക്കാമെന്ന സാഹചര്യമുണ്ടാകും. വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനം എക്സിക്യൂട്ടീവ് ഉത്തരവുകളിൽ അധിഷ്ഠിതമായതിനാൽ പ്രസ്തുത ഉത്തരവുകളെ കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി സർക്കാരിന് വിജിലൻസ് വകുപ്പിനെ യഥേഷ്ടം നിയന്ത്രിക്കാൻ കഴിയും. അതുമൂലം വിജിലൻസ് വകുപ്പിൽ ബാഹ്യ ഇടപെടലുകൾ ഉണ്ടാകാനുള്ള സാധ്യതകൾ നിലനിൽക്കുകയാണ്. നിയമനിർമ്മാണം വിഭാവന ചെയ്യുന്ന നിയമ ചട്ടക്കൂടിൽ നിന്നും പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര വിജിലൻസ് സംവിധാനമാണ് പ്രായോഗികവും ആവശ്യവുമായിട്ടുള്ളത്. നിയമനിർമ്മാണ പിൻബലമില്ലാതെയുള്ള നടപടിക്രമങ്ങൾ ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ആത്മാഭിമാനത്തിന് പോറലേൽപ്പിച്ചുകൊണ്ടുള്ള ആശാസ്യമല്ലാത്ത നടപടികൾ വിജിലൻസിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കോടതിയിലെത്തുന്നതിനു മുമ്പുതന്നെ രാജ്യത്തെ മുതിർന്ന ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും സമൂഹത്തിനുമുമ്പാകെ അന്വേഷണത്തിന്റെ ഭാഗമായി അപഹാസ്യരാക്കിയിട്ട് അവസാനം ക്ലീൻ ചീട്ട് കൊടുക്കുകയാണ്. കാലാകാലങ്ങളിൽ ആഭ്യന്തരവകുപ്പും വിജിലൻസ് ഡയറക്ടറും കോടതികളും പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും വെളിച്ചത്തിൽ

തയ്യാറാക്കിയ വിജിലൻസ് മാന്വലിന്റെ അടിസ്ഥാനത്തിലാണ് മാറിമാറി വരുന്ന സർക്കാരുകളും ഡയറക്ടർമാരും വ്യത്യസ്ത ഉത്തരവുകൾ പുറപ്പെടുവിച്ച് നിലവിലുള്ള സംവിധാനത്തെ മാറ്റിമറിക്കുന്നത്. കേരളത്തിൽ ശക്തമായ, സമഗ്രമായൊരു വിജിലൻസ് നിയമത്തിന്റെ പ്രസക്തിയുണ്ട്. അതുകൊണ്ട് ഈ മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിനും നിയമനിർമ്മാണ സഭയുടെ അംഗീകാരത്തോടുകൂടി പാസ്സാക്കിയെടുക്കുന്നതിനും ഒരു നിയമനിർമ്മാണം നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംശുദ്ധമായ സിവിൽ സർവ്വീസും അഴിമതിരഹിത പൊതുപ്രവർത്തനവും ഉറപ്പുവരുത്തുന്നതിനുവേണ്ടി അഴിമതി നിരോധന നിയമത്തിന്റെയും കേരള ലോകായുക്ത നിയമത്തിന്റെയും 1988-ൽ നിലവിൽ വന്ന അഴിമതി നിരോധന നിയമത്തിന്റെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് വിജിലൻസ് സംവിധാനം പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് കാര്യക്ഷമമായും ബാഹ്യ സ്വാധീനങ്ങളിൽനിന്ന് മുക്തമായും സ്വതന്ത്രമായുമാണ് വിജിലൻസ് വകുപ്പ് പ്രവർത്തിച്ചുവരുന്നത്. കാലാനുസൃതമായ മാറ്റങ്ങൾ നിയമത്തിലും വിജിലൻസ് സംവിധാനത്തിലും ആവശ്യമാണ്. നിലവിൽ വിജിലൻസ് മാന്വൽ പരിഷ്കരിക്കുന്നതിനുപകരം 2001-നുശേഷം പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, കോടതി വിധികൾ എന്നിവ മാന്വലിന്റെ അനുബന്ധമായി കൂട്ടിച്ചേർക്കുന്നതിന് വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ കരട് ബിൽ തയ്യാറാക്കുകയും ആയതിന്റെ പകർപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഒരു സംസ്ഥാന വിജിലൻസ് കമ്മീഷണറും രണ്ടിൽ കൂടാതെയുള്ള വിജിലൻസ് കമ്മീഷണർമാരും ഉൾപ്പെടുന്ന കമ്മീഷനാണ് പ്രസ്തുത ബില്ലിലൂടെ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ ശിപാർശ ചെയ്യുന്നത്. സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകൾ, കമ്പനികൾ, കോർപ്പറേഷനുകൾ, സൊസൈറ്റികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിജിലൻസിന് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുംവിധം സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാർ അയച്ച കരട് ബില്ലിന്മേൽ

നിയമവകുപ്പ് സെക്രട്ടറിയുടെയും വിജിലൻസ് ഡയറക്ടറുടെയും അഭിപ്രായം ആരായുകയുണ്ടായി. കരട് ബില്ലിൽ ചില ഭേദഗതികൾ ആവശ്യമാണെന്നാണ് ഇരുവരും നൽകിയ അഭിപ്രായം. ഇതിനകം സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ച സംസ്ഥാനങ്ങളിലെ കമ്മീഷന്റെ പ്രവർത്തനംകൂടി വിലയിരുത്തി കേരളത്തിൽ വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, വിജിലൻസ് കമ്മീഷൻ രൂപീകരിക്കുമ്പോൾ അതൊരു ആക്ടാക്കി നിയമസഭ മുമ്പാകെ ചർച്ച ചെയ്ത് കുറ്റമറ്റ നിയമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ അടുത്തകാലത്ത് നടത്തിയിട്ടുണ്ട്. അതുകൂടി പരിശോധിച്ചു കൊണ്ടുള്ള നടപടികളിലേയ്ക്ക് കടക്കുന്നതാണ്.

## IV. സബ്മിഷൻ

### (1) സി.ആർ.ഇസഡ്. അനുമതി

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, തീരപ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്നവർക്കും സ്ഥലമുള്ളവർക്കും വീട് വയ്ക്കുന്നതിനും പുതുക്കുന്നതിനും അനുവാദം ലഭിക്കുന്നതിന് സി.ആർ.ഇസഡ്. നിയമപ്രകാരം എൻ.ഒ.സി. ലഭിക്കേണ്ടതുണ്ട്. ഇതിനുള്ള അനുമതി ലഭിക്കേണ്ടത് തിരുവനന്തപുരത്തുള്ള ഓഫീസ് മുഖാന്തരമാണ്. ഇതുകാരണം പാവപ്പെട്ടവരും കടലിൽ പണിയെടുക്കുന്നവരുമായ ചെറിയ വീടുകൾ വയ്ക്കുന്നവരാണ് കൂടുതലായി ബുദ്ധിമുട്ടുന്നത്. ഇതൊഴിവാക്കാൻ ചെറിയ വീടുകൾ വയ്ക്കുന്നവർക്ക്, ചുരുങ്ങിയത് 600 സ്ക്വയർ ഫീറ്റ് വരെയുള്ള ഒറ്റനില കെട്ടിടങ്ങളുടെ അനുമതി നൽകുന്നതിന് അധികാരവികേന്ദ്രീകരണം നടത്തി ജില്ലകളിൽ പരിശോധനയും അനുമതിയും നൽകുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിന്റെ തീരദേശ മേഖലയിൽ സി.ആർ.ഇസഡ്. മാനദണ്ഡങ്ങൾ പാലിച്ച് ഗൃഹനിർമ്മാണത്തിന് അനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരമേഖല നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ കേരളത്തിന് അനുയോജ്യമല്ല. കേരളതീരത്ത് ജനസാന്ദ്രത ഏറ്റവും കൂടുതലാണ്. ഇക്കാര്യങ്ങൾ നിരവധി തവണ

കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ടൗൺ പ്ലാനർ മെമ്പർ സെക്രട്ടറിയായും പരമ്പരാഗത തീരദേശവാസികളുടെ മൂന്ന് പ്രതിനിധികൾ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ മെമ്പർമാരുമായി കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 10-10-2017-ലെ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ യോഗ തീരുമാനപ്രകാരം ആദ്യഘട്ടമായി എറണാകുളം, തിരുവനന്തപുരം, കോട്ടയം, കണ്ണൂർ കാസർഗോഡ് എന്നീ ജില്ലകളിലെ കമ്മിറ്റികളുടെ പ്രവർത്തനം തുടങ്ങുവാനും തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്റർ വരെ വരുന്ന കെട്ടിടങ്ങളുടെ സി.ആർ.ഇസഡ്. ക്ലിയറൻസിനുവേണ്ടിയുള്ള അപേക്ഷകൾ പ്രസ്തുത കമ്മിറ്റിക്ക് കൈമാറുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. അതോടൊപ്പം നാല് ജില്ലാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തീർപ്പാക്കാൻ അവശേഷിക്കുന്ന മുഴുവൻ കേസുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

### (2) കുടിവെള്ളക്ഷാമം

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, സംസ്ഥാനത്ത് കൊടും വരൾച്ച അനുഭവപ്പെടുന്ന ജില്ലയാണ് പാലക്കാട്. അവിടെ വരൾച്ചാതോത് നാൾക്കുനാൾ ഏറിവരികയാണ്. വരുന്ന മാസങ്ങളിലെ അതികഠിനമായ വേനൽ ഭൂഗർഭ ജലത്തിന്റെ അളവിനെയും കുടിവെള്ള ലഭ്യതയെയും സാരമായി ബാധിക്കും. കാർഷിക പ്രാധാന്യമുള്ള ജില്ലയാണ് പാലക്കാട്. വരൾച്ചമൂലം കൃഷിനാശവുമുണ്ടാകുന്നു. ഇപ്പോൾത്തന്നെ താപനില 40 ഡിഗ്രി കഴിഞ്ഞിരിക്കുകയാണ്. ജില്ലയിലെ വരൾച്ചയുടെ അടിസ്ഥാനത്തിലുള്ള ക്രിട്ടിക്കൽ സോണാണ് മലമ്പുഴ പ്രദേശം. കാർഷിക ജലസേചനത്തിനും കുടിവെള്ളത്തിനും ഏക ആശ്രയമായ മലമ്പുഴ ഡാമിന്റെ സംഭരണശേഷി കൊടുംവരൾച്ചമൂലം ഏറെ താഴ്ന്ന നിലയിലാണ്. മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലും ഇപ്പോൾത്തന്നെ ജനങ്ങൾ കുടിവെള്ളത്തിനായി ബുദ്ധിമുട്ടുകയാണ്. മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിശേഷിച്ച്, പട്ടികവർഗ്ഗക്കാർ തിങ്ങിപ്പാർക്കുന്ന മലമ്പുഴ അകമലവാരം, പുതുശ്ശേരിയിലെ വാളയാർ പ്രദേശങ്ങളിലൊക്കെ വാട്ടർ കിയോസ്കുകൾ വഴിയും ടാങ്കർ ലോറിയിൽ വെള്ളം എത്തിച്ചുമാണ് താത്കാലിക പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ഇതിനുപുറമെയാണ് വ്യാവസായിക ആവശ്യങ്ങൾക്കായി മലമ്പുഴ

റിസർവോയറിൽ നിന്ന് ജലമെടുക്കുന്നതിനുള്ള നടപടികൾ തുടരുന്നത്. ഈ വിഷയം ഞാൻ ഇതിനകം സഭയുടെ ശ്രദ്ധയിൽ സബ്മിഷനിലൂടെ കൊണ്ടുവന്നതാണ്. മണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വതപരിഹാരം കണ്ടെത്തുന്നതിനായി 2017-18-ലെ ബജറ്റിൽ 75 കോടി രൂപ വകയിരുത്തി വിവിധ ഗ്രാമപഞ്ചായത്തുകളെ അടിസ്ഥാനപ്പെടുത്തി, മലമ്പുഴ കുടിവെള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചു. കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ വാട്ടർ അതോറിറ്റി 2017 ആഗസ്റ്റിൽ ആരംഭിച്ചെങ്കിലും പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് പോലും ഇതുവരെ അംഗീകരിച്ചിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. സാമ്പത്തികവർഷം അവസാനിക്കുന്ന ഈ സന്ദർഭത്തിൽ കുടിവെള്ളക്ഷാമം ശാശ്വതമായി പരിഹരിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി തുടങ്ങുവാൻ കഴിയുന്നില്ലെന്നത് ആശങ്കാജനകമാണ്. പദ്ധതി വിഭാവന ചെയ്യുന്ന രീതിയിൽ ഉന്നതതല സംഭരണികൾ, അതിലേക്കുള്ള പമ്പിംഗ് മെഷീനുകൾ, ക്ലിയർ വാട്ടർ പമ്പ് ഹൗസ് എന്നിവ സാക്ഷാത്കരിക്കപ്പെടുമ്പോൾ മാത്രമേ മലമ്പുഴയിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വതപരിഹാരമായി ഈ പദ്ധതി മാറുകയുള്ളൂവെന്നതിൽ സംശയമില്ല. 2018-19-ലെ ബജറ്റിലും ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്കായുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. ആയതിനാൽ മലമ്പുഴ മണ്ഡലത്തിലെ ജലദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിനും അതുവഴി പാലക്കാട് ജില്ലയിലെ പൊതുവിലുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, വേനൽ അതി കഠിനമായി അനുഭവപ്പെടുന്ന ഒരു ജില്ലയാണ് പാലക്കാട് ജില്ല. താപനില വളരെ ഉയർന്നിരിക്കുന്നുവെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. പാലക്കാട് ജില്ലയിലെ മലമ്പുഴ ഉൾപ്പെടെയുള്ള പ്രദേശങ്ങൾക്ക് വേണ്ട പരിഗണന ഈ വേനൽക്കാലത്തും തുടർന്നും നൽകേണ്ടത് ആവശ്യമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. മലമ്പുഴ നിയോജകമണ്ഡലത്തിലെ മലമ്പുഴ, അകത്തേത്തറ, പുതുപ്പരിയാരം, മരുതറോഡ്, മുണ്ടൂർ (പാർട്ട്) എന്നീ പഞ്ചായത്തുകൾക്ക് 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 75 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്. മേൽപ്പറഞ്ഞ 5 പഞ്ചായത്തുകളിൽ ആവശ്യമായ ജലസംഭരണികൾ, അതിലേക്കുള്ള പമ്പിംഗ് മെയിനുകൾ, മലമ്പുഴ റിംഗ് റോഡിൽ ജലവിതരണത്തിനുള്ള പൈപ്പുകൾ, പമ്പ് സെറ്റുകൾ, എല്ലാ ജലസംഭരണികളിൽ നിന്നും നിലവിലുള്ള വിതരണ ശൃംഖലയിലേക്ക് ജലവിതരണ മെയിൻ പൈപ്പ് ലൈൻ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കോങ്ങോട് ഭാഗത്തേക്കുള്ള ജലവിതരണ പൈപ്പുകൾ ഈ പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പിലാക്കുന്നതാണ്. മലമ്പുഴ നിയോജകമണ്ഡലത്തിൽപ്പെട്ട പുതുശ്ശേരി, കൊടുമ്പ് പഞ്ചായത്തുകളിൽ സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി ജലവിതരണം നടത്തിവരുന്നുണ്ട്. എലപ്പുള്ളി പഞ്ചായത്തിൽ ഇപ്പോൾ സ്റ്റേറ്റ് പ്ലാൻ ഒപ്ടിമൈസേഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതിയിൽ എലപ്പുള്ളി, നല്ലേപ്പള്ളി, പെരുമാട്ടി, പട്ടഞ്ചേരി എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടമായി ശുദ്ധീകരണശാലയുടെ പ്രവൃത്തിയാണ് ഇപ്പോൾ നടന്നുവരുന്നത്. 2017-18-ലെ ബജറ്റിൽ കോങ്ങോട് പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഭാഗം കാഞ്ഞിരപ്പുഴ ഡാം സ്രോതസ്സാക്കി കരിമ്പ, കോങ്ങോട് ഗ്രാമപഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിക്ക് 27.3 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പാലക്കാട് ജില്ലയിലെ എലപ്പുള്ളി, നല്ലേപ്പള്ളി, പെരുമാട്ടി, പട്ടഞ്ചേരി കുടിവെള്ള പദ്ധതികളുടെ രണ്ടാംഘട്ടവും ഉൾപ്പെടെ 5 പദ്ധതികൾ കിഫ്ബിയിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്; ആയത് പരിശോധിച്ചുവരികയാണ്. നിലവിലുള്ള വിതരണ ശൃംഖലയിൽ വാൽവുകൾ ക്രമീകരിച്ച് കുടിവെള്ള വിതരണം ഉറപ്പാക്കുന്നുണ്ട്. ആദിവാസി മേഖലയിൽ കഴിഞ്ഞ വരൾച്ചാ കാലത്ത് 16 വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വെള്ളത്തിന്റെ ക്ഷാമം രൂക്ഷമാകുമ്പോൾ ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പുമായി ആലോചിച്ച് കുടിവെള്ള വിതരണം സാദ്ധ്യമാക്കാനാവശ്യമായ ജലം ലഭ്യമാക്കി കൊടുക്കുന്നതാണ്. സംസ്ഥാനതലത്തിൽ വരൾച്ച സംബന്ധമായ പ്രശ്നങ്ങൾ വിലയിരുത്തുന്നുണ്ട്. പാലക്കാട് ജില്ല ഉൾപ്പെടെയുള്ള ജല സംഭരണികളിലെ ജലനിരപ്പ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന മെച്ചമാണ്. IDRB-യിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് മാർച്ച് 3-ാം തീയതി മലമ്പുഴ ഡാമിൽ 35.15 $mm^3$ ജലം ലഭ്യമാണ്. ഇത് കഴിഞ്ഞ വർഷം ഇതേ തീയതിയിൽ ലഭ്യമായ ജലത്തിന്റെ അളവിനേക്കാൾ 2.58 $mm^3$ കൂടുതലാണ്. ലഭ്യമായ ജലം പരമാവധി കുടിവെള്ള വിതരണത്തിന് കരുതിവച്ചതിനുശേഷം മിച്ചമുള്ള ജലം ജലസേചനത്തിന്

നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. മലമ്പുഴ ഡാം സ്രോതസ്സായ പാലക്കാട് ജില്ലയിലെ പദ്ധതികൾ കൂടാതെ തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴ സ്രോതസ്സായുള്ള പദ്ധതികൾക്കുവേണ്ടി ഭാരതപ്പുഴയിൽ നീരൊഴുക്ക് നിലനിർത്തുവാൻ മലമ്പുഴയിൽ നിന്നും കഴിഞ്ഞ വർഷം ജലം തുറന്നുവിടേണ്ടി വന്നിട്ടുണ്ട്. ജലത്തിന്റെ അളവുകൂടി കരുതൽ ശേഖരമായി കണക്കാക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്.

മലമ്പുഴ ജലസേചന പദ്ധതിയിൽ കുടിവെള്ള ആവശ്യത്തിന് മുന്തിയ പരിഗണന നൽകി കനാലുകളിലൂടെ കൃഷി ആവശ്യത്തിനുള്ള ജലവിതരണം 2018 ഫെബ്രുവരി 8-ന് അവസാനിപ്പിച്ചു. പാലക്കാട് മുനിസിപ്പാലിറ്റിക്കും സമീപത്തുള്ള 6 പഞ്ചായത്തുകൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനായി ഒരു മാസത്തേക്ക് രണ്ട് മില്യൺ $m^3$ എന്ന തോതിൽ 5 മാസത്തേക്കായി 10 മില്യൺ ക്യൂബിക് മീറ്റർ ജലം ഡാമിൽ സംഭരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഭാരതപ്പുഴയിൽ ഷൊർണ്ണൂർവരെ തടയണകൾ നിറയ്ക്കുന്നതിനായി പത്ത് മില്യൺ ക്യൂബിക് മീറ്റർ ജലം ഡാമിൽ ശേഖരിച്ചിട്ടുണ്ട്. മലമ്പുഴ പഞ്ചായത്തിലെ നിലവിലുള്ള കടുക്കാംകുന്ന് തടയണ പൂർണ്ണമായി ഉപയോഗയുക്തമാക്കി ജലസംഭരണം നടത്തുന്നതിനായി പുനരുജ്ജീവന പ്രവൃത്തികൾ നടപ്പിലാക്കുന്നു. പുതുശ്ശേരി പഞ്ചായത്തിലെ മൂന്നാം വാർഡിൽ നിലവിലുള്ള വലിയേരി കുളത്തെ ഉൾപ്പെടുത്തി അതിന് സമീപത്തുകൂടി ഒഴുകുന്ന കുപ്പാലൻചള്ള തോടിന് കുറുകെ തടയണ കെട്ടി ജലം സംഭരിച്ച് കുടിവെള്ളത്തിനും കാർഷിക വ്യാവസായിക ആവശ്യങ്ങൾക്കും ഫലപ്രദമായി വിനിയോഗിക്കുന്നതിന് പത്ത് കോടി രൂപ ചെലവുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു; അതിന്റെ പര്യവേഷണ പ്രവൃത്തികൾക്കുശേഷം വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതാണ്. 2017-18-ൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി മലമ്പുഴ നിയോജകമണ്ഡലത്തിൽ ഏഴ് കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ ഇപ്പോൾ നടന്നുവരികയാണ്. അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ചേന്നമംഗലം ശിവക്ഷേത്രക്കുളം, കൊടുമ്പ് പഞ്ചായത്തിലെ തെരുവീഥിക്കുളം, മരുതറോഡ് പഞ്ചായത്തിലെ വാർഡ് നമ്പർ 5-ലെ പീലിക്കോട്ടുക്കുളം, മുണ്ടൂർ പഞ്ചായത്തിലെ ചക്കംകുളം, പുതുപ്പരിയാരം പഞ്ചായത്തിലെ ചന്ദനഭഗവതി ക്ഷേത്രക്കുളം, പുതുശ്ശേരി പഞ്ചായത്തിലെ സത്രക്കുളം, എലപ്പുള്ളി ഗ്രാമപഞ്ചായത്തിലെ മിച്ചഭൂമിക്കുളം എന്നിവയാണവ. വെണ്ണക്കര പ്രദേശത്ത് പരദേശി കടവിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള പര്യവേഷണം നടത്തിയതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ പ്രവൃത്തികളെല്ലാംകൂടി നടപ്പിലാക്കി അവിടെയുണ്ടാകുന്ന കടുത്ത ജലക്ഷാമത്തെ നേരിടാനുള്ള പരിശ്രമങ്ങളാണ് സർക്കാർ തലത്തിൽ ഗ്രാമപഞ്ചായത്തുകളെക്കൂടി സഹകരിപ്പിച്ചുകൊണ്ട് നടത്തിവരുന്നത്.

## (3) ചീക്കോട് കുടിവെള്ള പദ്ധതി

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ ഏറ്റവും വലിയ കുടിവെള്ള പദ്ധതികളിലൊന്നാണ് ചീക്കോട് കുടിവെള്ള പദ്ധതി. ഇപ്പോൾ 41 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയും ആറ് ടാങ്കുകളിലായി 145000 ലിറ്റർ വെള്ളവും സംഭരിച്ചുകഴിഞ്ഞ ഒരു കുടിവെള്ള പദ്ധതിയാണിത്. ഇത് ഭാഗികമായി രണ്ടുവർഷം മുമ്പ് കമ്മീഷൻ ചെയ്തതാണ്. ആറ് ടാങ്കുകളിലായി വെള്ളം നിറഞ്ഞുനിൽക്കുകയാണ്. എന്നാൽ ആ ടാങ്കിന് താഴെയുള്ള ജനവിഭാഗങ്ങൾക്കും കുടുംബങ്ങൾക്കും വെള്ളം ഇന്നൊരു കിട്ടാക്കനിയാണ്. അതിനുവേണ്ടിയുള്ള വിതരണ ശൃംഖല ഇന്നുവരെ പൂർത്തിയാക്കിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുകയൊന്നും അതിനുവേണ്ടി നൽകിയില്ലെന്നുമാത്രമല്ല അതിന്റെ വിതരണശൃംഖലയ്ക്കുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന മൂന്ന് പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ തയ്യാറായിട്ടുമില്ല. ആറ് പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയും സമീപത്തെ രണ്ട് മണ്ഡലങ്ങളിലെ ഒരു മുനിസിപ്പാലിറ്റിയും മറ്റൊരു പഞ്ചായത്തുമാണ് ഈ പദ്ധതിയുടെ കീഴിലുള്ളത്. എന്നാൽ ഈ പഞ്ചായത്തുകളിൽ ജലനിധി വെള്ളം കൊടുക്കണമെന്നുപറഞ്ഞ് കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന 8 കോടി രൂപയുടെ നബാർഡിന്റെ ഫണ്ട് നിർത്തിവയ്ക്കുകയും അതിന്റെ ടെണ്ടർ ഓപ്പൺ ചെയ്യാൻപോലും തയ്യാറാകാത്ത സ്ഥിതിയാണുണ്ടായത്. ജലനിധി അവിടെയുള്ള വിതരണ ശൃംഖല ഏറ്റെടുക്കുമെന്ന് പറഞ്ഞെങ്കിലും അതും നടന്നില്ല. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ വാട്ടർ അതോറിറ്റി നേരിട്ട് വെള്ളം കൊടുക്കുമെന്ന് പറഞ്ഞെങ്കിലും സാങ്കേതികത്വത്തിന്റെ പേരിൽ അതിന് ബജറ്റിൽ ഫണ്ട് നീക്കിവച്ചില്ലെന്നുമാത്രമല്ല പ്രൊപ്പോസൽ വന്നപ്പോൾ അതും പാതിവഴിയിലാണ്. ഇത്തരത്തിൽ സംഭരണശേഷിയിൽ വെള്ളമെത്തിക്കുകയും ജനങ്ങൾക്ക് വെള്ളം കിട്ടാക്കനിയായി തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ നബാർഡിന്റെ 12 കോടി രൂപയുടെ പ്രവൃത്തിയും S.L.S.S.C.(State Level Scheme Sanctioning Committee) യുടെ 20 കോടി രൂപയുടെ പ്രവൃത്തിയും തടസ്സപ്പെട്ടുകിടക്കുകയാണ്. വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് കാശ് കെട്ടിവയ്ക്കാത്തതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ട് ചെയ്യാൻ അനുമതി കൊടുത്തിട്ടില്ല. പൊതുമരാമത്ത് റോഡുകൾ കേടുവരുന്നത് restore ചെയ്യാൻവേണ്ടിയുള്ള കാശ് അടിയന്തരമായി വാട്ടർ അതോറിറ്റി കെട്ടിവയ്ക്കണം. പുതിയ വിതരണശൃംഖലയ്ക്കുവേണ്ടി അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. ജലനിധിയോ വാട്ടർ അതോറിറ്റിയോ ആരായാലും

അത് ചെയ്യണം. എയർപോർട്ട് അതോറിറ്റിക്കുവേണ്ടി വെള്ളം കൊടുക്കാൻ പഞ്ചായത്ത് റോഡ് കട്ട് ചെയ്യുന്നതിന് പഞ്ചായത്തിന്റെ അനുമതി വേണ്ട, പി.ഡബ്ല്യു.ഡി.-യുടെ അനുമതി കിട്ടിയിട്ടുണ്ടോയെന്ന് അറിയില്ല. അതുപോലെ തൊട്ടടുത്ത മണ്ഡലത്തിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിലേയ്ക്കും വെള്ളം കൊണ്ടുപോകുന്നുണ്ട്. ഇതിന്റെയൊക്കെ ദുരിതം അനുഭവിക്കുന്ന ആളുകൾക്ക് വെള്ളം കിട്ടുന്നില്ല. അതുപോലെ സംഭരണശേഷിയിൽനിന്നുള്ള വേസ്റ്റ് ജലം ഒഴുകുന്ന ചീക്കോട് പഞ്ചായത്തിലെ ജനങ്ങൾക്കും വെള്ളം കിട്ടുന്നില്ല. സമീപത്തുള്ള റോഡ് കട്ട് ചെയ്തതിന്റെ ദുരിതം അവരാണ് അനുഭവിക്കുന്നത്. കൊണ്ടോട്ടി-എടവണ്ണപ്പാറ റോഡിൽ വാട്ടർ അതോറിറ്റി ട്രെഞ്ച് എടുത്തിട്ട് കാശ് കെട്ടിവയ്ക്കാത്തതുകൊണ്ട് റോഡ് റീസ്റ്റോർ ചെയ്യാത്തതിന്റെ ഫലമായി ഗട്ടറിൽ കുടുങ്ങി 7 മരണങ്ങളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തത്. ഇത്തരത്തിലുള്ള അതീവഗുരുതരമായ സാഹചര്യമുണ്ട്. ജനങ്ങൾ വലിയ പ്രതിഷേധത്തിലാണ്. സർവ്വകക്ഷി ആക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് മന്ത്രിയെ കാണാൻപോലും ആക്ഷൻ കമ്മിറ്റിയിലുൾപ്പെട്ട ആളുകൾ വന്നിട്ടുണ്ട്. ഈ രീതിയിലുള്ള സ്ഫോടനാത്മകമായ സാഹചര്യം ചീക്കോട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടുള്ളതുകൊണ്ട് ഈ വിഷയം അടിയന്തരമായി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രധാന ഘടകങ്ങളായ ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ജലസംഭരണികൾ എന്നിവ നബാർഡ് ധനസഹായത്തോടെ 80.72 കോടി രൂപയ്ക്ക് അനുമതി ലഭിച്ച പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച് 28-2-2016-ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. മേൽപ്രവൃത്തിയിൽ 20.12 കിലോമീറ്റർ വിതരണ ശൃംഖലയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിന്റെ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടി 2013-ൽ 22 കോടി രൂപയും നബാർഡ് ആർ.ഐ.ഡി.എഫ്.-19-ൽ 12.54 കോടി രൂപയ്ക്കുള്ള പദ്ധതിക്കും അംഗീകാരം ലഭിച്ചിരുന്നു. മൊത്തം ചീക്കോട് പദ്ധതിയിൽ ഏകദേശം 120 കിലോമീറ്റർ വിതരണ ശൃംഖലയ്ക്കാണ് അനുമതി ലഭിച്ചിരുന്നത്. ഇതിനുപുറമേ ചീക്കോട് പദ്ധതിയിലുൾപ്പെട്ട 6 പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 2014-ൽ S.L.S.S.C.(State Level Scheme Sanctioning Committee)-യിൽ 8 കോടി രൂപയുടെ അനുമതിയും ലഭിച്ചു. എന്നാൽ ഈ വിതരണശൃംഖലയുടെ നിർമ്മാണം ജലനിധി മുഖാന്തരം നടപ്പാക്കാമെന്ന നിർദ്ദേശപ്രകാരം മേൽ ഭരണാനുമതി പിന്നീട് റദ്ദ് ചെയ്യുകയുണ്ടായി. ജലനിധി പ്രസ്തുത പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇതുവരെ 92.5

കിലോമീറ്റർ വിതരണശൃംഖല പൂർത്തീകരിച്ചിട്ടുണ്ട്. ജലനിധിയുടെ ഡി.പി.ആർ. അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം വേഗത്തിലാക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

നിലവിൽ ചീക്കോട്, മുതുവല്ലൂർ, കുഴിമണ്ണ, വാഴയൂർ, പുളിക്കൽ, ചെറുകാവ് എന്നീ പഞ്ചായത്തുകളിലും കൊണ്ടോട്ടി, രാമനാട്ടുകര മുനിസിപ്പാലിറ്റികളിലുമാണ് ഭാഗികമായി ജലവിതരണം നടത്തിവരുന്നത്. വിതരണ ശൃംഖലയിലെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടുകൂടി വാഴക്കാട് പഞ്ചായത്തിലും ജലവിതരണം നടത്താൻ കഴിയുന്നതാണ്. ചീക്കോട് കുടിവെള്ള പദ്ധതിയിൽനിന്നും നിലവിലുള്ളതും പുതിയതുമായി ഇതുവരെ 3,479 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പൂർത്തീകരിച്ച വിതരണ ശൃംഖലയിൽനിന്നും കൂടുതൽ ഗാർഹിക കണക്ഷനുകൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ പ്രവൃത്തികൾക്ക് പുറമെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ ആവശ്യകതകൂടി പരിഗണിച്ച് ചീക്കോട് പദ്ധതിയുടെ ജലലഭ്യത ഉറപ്പാക്കിക്കൊണ്ട് വിപുലീകരണത്തിനുള്ള പദ്ധതികൾ പരിഗണിക്കാവുന്നതാണ്.

## (4) വിവിധ പദ്ധതികളുടെ പൂർത്തീകരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നാല് പ്രധാനപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കോട്ടയം പട്ടണത്തിൽ എപ്പോഴും ഗതാഗതക്കുരുക്കാണ്. ഇവിടെയുള്ള ഒട്ടുമുക്കാൽ ആളുകളും ആ പ്രദേശത്ത് വന്നിട്ടുണ്ട്, ആ കുരുക്കിൽപ്പെട്ടിട്ടുമുണ്ട്. ആ കുരുക്കിൽനിന്നും നാടിനെ രക്ഷിക്കാൻ വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട ചില വർക്കുകളുടെ കാര്യമാണ് ഞാൻ പറയുന്നത്. കോട്ടയം ഡെവലപ്മെന്റ് കോറിഡോർ, ഈരയിൽക്കടവ്-മണിപ്പുഴ റോഡ് തുടങ്ങിയവയെല്ലാം പണി പൂർത്തിയായിട്ടുണ്ട്. ഇനി ടാറിംഗ് മാത്രമാണ് അവശേഷിക്കുന്നത്. അതുകൂടി കഴിഞ്ഞാൽ ആ റോഡ് ഉപയോഗപ്രദമാക്കാൻ സാധിക്കും. നാട്ടകം ട്രാവൻകൂർ സിമന്റ്സ് മുതൽ ഗ്രാമഞ്ചിറ, പാറോച്ചാൽ തിരുവാതുക്കൽ റോഡ് ശരിയായാൽ കോട്ടയം പടിഞ്ഞാറൻ ബൈപ്പാസുമാകും, കോട്ടയം പട്ടണത്തിൽ ഇന്ന് കാണുന്ന ദുരിതത്തിൽനിന്ന് ഭാഗികമായൊരു മോചനവുമുണ്ടാകും. അത് നബാർഡ് വർക്കാണ്. നബാർഡിൽനിന്നും 59 കോടി രൂപ വായ്പയെടുത്ത് നടത്തിക്കൊണ്ടിരിക്കുന്ന ആ വർക്കും വളരെ മന്ദഗതിയിലാണ് പോകുന്നത്. അങ്ങ് രണ്ട് കോൺഫറൻസുകൾ വിളിച്ചുകൂട്ടി ഇവ വേഗത്തിലാക്കണമെന്ന് പറഞ്ഞപ്പോൾ വർക്ക് നടക്കുന്നുണ്ടെങ്കിലും പിന്നീടത് പഴയ രൂപത്തിലേയ്ക്ക് പോകുകയാണ്. വളരെ പ്രധാനപ്പെട്ട റോഡെന്ന നിലയിൽ

അങ്ങ് ഇക്കാര്യം ശ്രദ്ധിക്കണം. കോട്ടയത്തിന്റെ ഹൃദയരേഖ ശാസ്ത്രി റോഡാണ്. ശാസ്ത്രി റോഡിന്റെ നവീകരണത്തിനുവേണ്ടിയുള്ള നടപടി അടിയന്തരമായി സ്വീകരിക്കണം. കോടിമത പാലം പണി തീരാത്ത പാലമെന്ന മട്ടിൽ അവിടെ നിൽക്കുകയാണ്. ആ പാലത്തിനു താഴെ പി.ഡബ്ല്യു.ഡി. പുറമ്പോക്കിൽ ശ്രീമതി ആയിഷ, ശ്രീമതി കുഞ്ഞമ്മ എന്നീ രണ്ട് പാവപ്പെട്ട ആളുകൾ താമസിക്കുന്നുണ്ട്. അവർ രണ്ടുപേരും വിധവകളാണ്. അവരെ മാറ്റിത്താമസിപ്പിക്കുന്ന വിഷയത്തിലാണ് ബുദ്ധിമുട്ട് വന്നിരിക്കുന്നത്. അതിനുവേണ്ടി അവിടെ ചില കോൺഫറൻസൊക്കെ നടന്നു. അവരുടെ സ്ഥിതിയും വളരെ ദയനീയമാണ്. അവരെ മാറ്റിപ്പാർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വീഡിയോ കോൺഫറൻസിലൂടെ കളക്ടറുമായി സംസാരിച്ചിരുന്നു. അങ്ങയുടെകൂടി അഭിപ്രായം അതിലുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇക്കാര്യത്തിൽ ഒരു തീർപ്പുണ്ടാക്കി കോട്ടയം നഗരത്തെ ഗതാഗതക്കുരുക്കിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കോട്ടയം നഗരത്തിൽ നടന്നുവരുന്ന ഒന്നിലേറെ വികസന പദ്ധതികളുടെ സമഗ്രമായ പൂർത്തീകരണത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. കോടിമത പാലത്തിലെ മൂന്ന് സ്പാനുകളിൽ രണ്ടെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്; അവസാനത്തെ സ്പാൻ പൂർത്തീകരണത്തിലേയ്ക്ക് നീങ്ങുകയാണ്. അതിന്റെ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. അവിടത്തെ പുറമ്പോക്കിൽ വിധവകളുള്ള രണ്ട് കുടുംബങ്ങളാണുള്ളത്. അവരെ അവിടെനിന്നും മാറ്റിപാർപ്പിക്കേണ്ടതുണ്ട്. സാധാരണഗതിയിൽ അത് ഡിസ്ട്രിക് കളക്ടറാണ് ചെയ്യേണ്ടത്. പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാർക്ക് പുനരധിവാസത്തിന് അധികാരമില്ല. റവന്യൂ വകുപ്പ്, മുനിസിപ്പാലിറ്റിയുമായി ചേർന്ന് ചെയ്യേണ്ടതാണ്. എന്തായാലും അക്കാര്യം സംബന്ധിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി അവർ സംസാരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നമുക്ക് കൂട്ടായ പരിശ്രമം നടത്തി കളക്ടറെക്കൊണ്ടുതന്നെ അവർക്കാവശ്യമായ പുനരധിവാസം ഏർപ്പാട് ചെയ്തുകൊടുക്കേണ്ടതാണ്. ആ പ്രശ്നമാണ് പ്രധാനമായും അവശേഷിക്കുന്നത്. സ്ഥലം കിട്ടാത്തതുകൊണ്ട് പ്രസ്തുത വർക്കിൽനിന്നും തന്നെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കോൺട്രാക്ടർ ശ്രീ. മാത്യു കോര ഇപ്പോൾ ഒരപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിൽ തീരുമാനമെടുത്തിട്ടില്ല. അത് കളക്ടറുമായി ചർച്ചചെയ്ത് തീരുമാനമെടുത്താൽ മൂന്നാമത്തെ സ്പാനും പൂർത്തിയാക്കി അടിയന്തരമായി

കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. ഇത് 2012 ഫെബ്രുവരി 8-ാം തീയതി ആരംഭിച്ച ജോലിയാണ്. അതായത് ഏകദേശം 6 വർഷക്കാലമായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജോലി വേഗത്തിലായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. 9,24,00,000 രൂപയാണ് അടങ്കൽ തുക. ടി.എസ്. കൊടുത്തത് 2014-ലായിരുന്നു. ടി.എസ്. കൊടുത്ത് കരാർ ഒപ്പിട്ടതിനുശേഷം മൂന്നര വർഷമായി. 2018 മാർച്ച് 31-നാണ് ഇത് പൂർത്തിയാക്കാനായി പുതുക്കിക്കൊടുത്ത തീയതി. ചിലപ്പോൾ കാലയളവിൽ ചെറിയ വ്യത്യാസം വരും. കാരണം, ആളെ മാറ്റി സ്പാനിന്റെ പൂർത്തീകരണമുണ്ടാകണം. ഏതായാലും പണി പൂർത്തിയാക്കിയേ മതിയാകൂ. അടിയന്തരമായി ഇക്കാര്യങ്ങൾ പരിശോധിക്കാമെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്. കോട്ടയം ഡെവലപ്മെന്റ് കോറിഡോർ റോഡിന്റെ കാര്യത്തിൽ എംബാങ്ക്മെന്റ് ഡബ്ല്യു.എം.എം. വരെ തീർന്നിട്ടുണ്ട്. 2016 ആഗസ്റ്റ് 25-ന് ടാറിംഗ് ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചതാണ്. ഈരയിൽക്കടവ് പാലവും പണി പൂർത്തീകരിച്ചിട്ടുണ്ട്. പാലവും കോറിഡോറുമായി ബന്ധിപ്പിക്കുന്ന അപ്രോച്ചും മണിപ്പുഴ വരെയുള്ള ഭാഗവും ഉപരിതലം ടാറിംഗ് ചെയ്യുന്നതിനുള്ള പ്രവൃത്തിയും പൂർത്തീകരിക്കാനുണ്ട്.

പാലത്തിന്റെ അപ്രോച്ച് റോഡുൾപ്പെടെ 800 മീറ്റർ നീളത്തിൽ ബി.എം.&ബി.സി.-യും എം.എസ്.എസ്.-ഉം ചെയ്യുന്നതിന് 160 ലക്ഷം രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ചുകഴിഞ്ഞാൽ മറ്റ് നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. ഇതിന് 2012-ൽ എ.എസ്.-ഉം 2014-ൽ ടി.എസ്.-ഉം കിട്ടിയിട്ടുണ്ട്. 2015 മാർച്ച് 31-നായിരുന്നു അപ്രോച്ച് റോഡിന്റെ പണി പൂർത്തീകരിക്കേണ്ടിയിരുന്നത്. ഏതായാലും ഇക്കാര്യത്തിൽ പുരോഗതി കൈവരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പടിഞ്ഞാറൻ ബൈപ്പാസ്, പാറേച്ചാൽ, ഗ്രാമീൺചിറ പാലങ്ങളുടെ ഇടയിലുള്ള ഫില്ലിംഗ് ഭാഗം സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. സിങ്കിംഗ് കാരണം രണ്ട് വർഷമായി ടാറിംഗ് നടത്താതെ പ്രസ്തുത പ്രവൃത്തി നിർത്തി വച്ചിരിക്കുകയായിരുന്നു. പാറേച്ചാൽ മുതൽ തിരുവാതുക്കൽ വരെയുള്ള ഭാഗം ബി.എം.&ബി.സി. നിലവാരത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ട്. പാറേച്ചാൽ മുതൽ ഗ്രാമീൺചിറ വരെയുള്ള ഭാഗത്ത് എം.എസ്.എസ്. രീതിയിൽ ടാറിംഗ് നടത്തുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. കരാറുകാരനോട് പ്രവൃത്തി പുനരാരംഭിക്കാനും ഈ മാസം 31-നുള്ളിൽ പൂർത്തീകരിക്കാനും കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ അപ്രോച്ച്

റോഡിന്റെ ഭാഗം ടൈൽ ചെയ്യുന്നതിനുള്ള നടപടി അതിവേഗം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇത് 31-3-2018-നുള്ളിൽ നിർബന്ധമായും പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിരിക്കുകയാണ്. പാലങ്ങളുടെ കാര്യത്തിൽ എക്സ്പെർട്ടായ ഡോ. അരവിന്ദൻ സ്ഥലം സന്ദർശിച്ച് remedial measures പറഞ്ഞതനുസരിച്ച് പ്രീ-ഫാബ്രിക്കേറ്റഡ് വെർട്ടിക്കൽ ഡ്രെയിനും സാന്റ് പൈലിംഗും അടിച്ചു. ബാലൻസിംഗ് ബീം നിർമ്മിക്കാൻ നിർദ്ദേശിച്ചെങ്കിലും വെറ്റ് ലാൻഡ് റോഡ് ആയതിനാൽ പാരിസ്ഥിതികാനുമതി ലഭിച്ചില്ല. ഇപ്പോൾ ടാറിംഗ് ആരംഭിച്ചിട്ടുണ്ട്. ടൈൽസ് വിരിക്കുന്ന പ്രവൃത്തിയും നടന്നുവരുന്നു. 31-3-2018-ൽ അത് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. സിങ്കിംഗ് കാരണമാണ് കാലതാമസമുണ്ടായത്. നിർമ്മാണം ഏകദേശം അവസാന ഭാഗത്തേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ മൂന്ന് കാര്യങ്ങളും അതിവേഗം പൂർത്തീകരിച്ചുകൊണ്ട് സമഗ്രവികസനം സാധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശാസ്ത്രി റോഡിന്റെ എസ്റ്റിമേറ്റ് എടുത്തു തന്നാൽ ആവശ്യമായ പണം അനുവദിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അവിടെ ബി.എം.&ബി.സി.-യും എം.എസ്.എസ്.-ഉം ചെയ്യുന്ന കാര്യം അങ്ങിവിടെ പറയുകയുണ്ടായി. അത് മൊത്തത്തിൽ ബി.എം.&ബി.സി.-യിൽ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഒറിജിനൽ എസ്റ്റിമേറ്റിലില്ലെങ്കിൽ നമുക്കത് പ്രത്യേകം പരിഗണിക്കാം. ഒറിജിനൽ എസ്റ്റിമേറ്റിൽ ഉള്ള പണിയല്ലേ കോൺട്രാക്ടർ ചെയ്യുകയുള്ളൂ. അക്കാര്യം പരിശോധിക്കാം.

## (5) നിയമ ഭേദഗതി

ശ്രീ. പി. കെ. ശശി: സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിൽ പുതുതായി കൂട്ടിച്ചേർത്തിട്ടുള്ള 9(എ) വകുപ്പ് റദ്ദാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനത്തെ ചുമട്ടു തൊഴിലാളികൾ സംസ്ഥാന വ്യാപകമായി ഒരു പ്രക്ഷോഭം തീരുമാനിച്ച ദിവസമായിരുന്നു ഇന്ന്. ബഹുമാന്യരായ വ്യവസായ, തൊഴിൽ വകുപ്പുമന്ത്രിമാരുമായി നടത്തിയ ചർച്ചയെത്തുടർന്ന് തൊഴിലാളികൾക്കെതിരായുള്ള ഭാഗം അതിൽനിന്ന് ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഇന്ന് താൽക്കാലികമായി ആ പ്രക്ഷോഭം പിൻവലിച്ചിരിക്കുകയാണ്.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ലക്ഷ്യമിട്ട് കൊണ്ടുവന്നിട്ടുള്ള ഈ ബിൽ പൊതുവെ സ്വാഗതാർഹമാണ്. കാരണം കേരളം വളർച്ചയുടെ പാതയിലാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വളർച്ചാ നിരയിലേയ്ക്ക് മൂലധനത്തെ ആകർഷിക്കാൻ സാധിക്കണം. അതിനായി നിലവിലുള്ള വ്യവസായങ്ങളെ സംരക്ഷിക്കാനും നിക്ഷേപങ്ങളെ ആകർഷിക്കാനുമുതകുന്ന തരത്തിൽ നിയമത്തിലും നടപടിക്രമങ്ങളിലും കാലോചിതമായ മാറ്റമുണ്ടാകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ പുതുതായി കൊണ്ടുവന്ന ഈ ബില്ലിൽ 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്ടിലെ 9-ാം വകുപ്പിനുശേഷം 9(എ) വകുപ്പുകൂടി കൂട്ടിച്ചേർത്തിരിക്കുകയാണ്. പുതിയതായി കൂട്ടിച്ചേർത്ത വകുപ്പ് ബില്ലിൽനിന്ന് ഒഴിവാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ഈ വകുപ്പനുസരിച്ച് ഏതൊരു തൊഴിലുടമയ്ക്കും സ്ഥാപനത്തിനും അവർക്ക് ഇഷ്ടപ്പെട്ട തൊഴിലാളികളെവച്ച് ജോലി ചെയ്യിപ്പിക്കാൻ സാധിക്കും. അങ്ങനെ വരുമ്പോൾ എത്രയോ വർഷങ്ങളായി ഈ രംഗത്ത് നിയമാനുസൃതമായി ജോലി ചെയ്തുവരുന്ന തൊഴിലാളികൾക്ക് എന്നെന്നേയ്ക്കുമായി അവരുടെ ജോലി നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകും. ഈ ഓർഡിനൻസ് വന്ന ഉടൻതന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ക്ഷേമബോർഡിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും വിവിധ സ്ഥാപനങ്ങളുമായി long-term agreement വച്ചിട്ടുള്ള തൊഴിലാളികൾക്കുമുൾപ്പടെ ജോലി നിഷേധിച്ച സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഒരിക്കലും സംസ്ഥാനത്തുണ്ടാകാൻ പാടില്ല. തൊഴിൽ രംഗത്ത് പല തെറ്റായ രീതികളും നിലനിൽക്കുന്നുണ്ടെന്നത് കാണാതിരിക്കുന്നില്ല. തൊഴിലാളികൾക്ക് അവമതിയുണ്ടാക്കുന്ന നോക്കുകൂലി ഉൾപ്പെടെയുള്ള ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. നോക്കുകൂലി ഉൾപ്പെടെ തൊഴിൽരംഗത്ത് നിലനിൽക്കുന്ന തെറ്റായ കാര്യങ്ങളെ ഒരു കാരണവശാലും അംഗീകരിക്കാനാവില്ലെന്ന് കഴിഞ്ഞ ദിവസം ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയിൽ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞതുപോലെ ക്രെയിനും മറ്റ് യന്ത്രങ്ങളും ഉപയോഗിച്ച് ജോലി ചെയ്യിക്കുമ്പോൾ തൊഴിലാളി ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്ന പ്രവണത ഒരു കാരണവശാലും അംഗീകരിക്കാൻ പറ്റില്ല. പക്ഷേ ഇതൊക്കെ ഒറ്റപ്പെട്ട സംഭവങ്ങളാണ്. മാത്രമല്ല, കേരളത്തിലെ ഒരു ട്രേഡ് യൂണിയനും ഇത്തരം തെറ്റായ രീതികളെ ഒരിക്കലും അംഗീകരിക്കുന്നില്ല. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവൽക്കരിക്കാനുള്ള ശ്രമം സംസ്ഥാനത്ത് നടന്നുവരുന്നുണ്ട്. തെറ്റായ ഇത്തരം സമ്പ്രദായങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

26 (എ) പ്രകാരം കാർഡുള്ള അംഗീകൃത കയറ്റിറക്ക് തൊഴിലാളികൾക്ക് അവരുടെ തൊഴിലും കൂലിയും നഷ്ടപ്പെടുന്ന അവസ്ഥയുണ്ടാകാൻ പാടില്ല. നിലവിലുള്ള 9-ാം വകുപ്പിൽ കൂട്ടിച്ചേർത്തിട്ടുള്ള 9(എ) വകുപ്പ് അംഗീകരിക്ക

പ്പെട്ടാൽ ചുമട്ടുതൊഴിലാളിക്ക് ജോലിയുണ്ടാകില്ല. അതോടുകൂടി തൊഴിലാളി ക്ഷേമബോർഡുതന്നെ ഇല്ലാതാകും. തൊഴിലെടുക്കുന്നവന്റെ വേദനയും വികാരവും കാണുന്ന, തൊഴിലാളികളുടെ അവകാശസമരങ്ങളുടെ ഊഷ്മാവറിയാവുന്ന ഒരു സർക്കാരെന്ന നിലയിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഈ ബില്ലിൽനിന്ന് 9 (എ) വകുപ്പ് ഒഴിവാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിൽ അനായാസം വ്യവസായം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുവേണ്ടി പഠനം നടത്തുകയും അപ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് സംസ്ഥാനത്ത് നിലവിലുള്ള 7 നിയമങ്ങളിൽ ഭേദഗതി വരുത്തി The Kerala Investment Promotion and Facilitation Ordinance-2017 പുറപ്പെടുവിക്കുകയും ആയത് 14-ാം കേരള നിയമസഭയുടെ 9-ാം സമ്മേളനത്തിൽ The Kerala Investment Promotion and Facilitation Bill ആയി അവതരിപ്പിക്കുകയുമുണ്ടായി. പ്രസ്തുത ബില്ലിൽ 1978-ലെ ചുമട്ടുതൊഴിലാളി നിയമത്തിലെ 9-ാം വകുപ്പിനുശേഷം 9(എ) എന്ന് ഒരു വകുപ്പ് പുതിയതായി കൂട്ടിച്ചേർക്കുകയുണ്ടായി. ഈ ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് കയറ്റിറക്ക് ജോലിക്കായി സ്വന്തം തൊഴിലാളികളെയോ മെഷിനറിയെയോ ഉപയോഗിക്കാം. ചുമട്ടുതൊഴിലാളികളെയും ഈ ജോലിക്ക് നിയമിക്കുന്നതിൽ തടസ്സമില്ല. പക്ഷെ സർക്കാർ നിശ്ചയിക്കുന്ന മിനിമം കൂലി നൽകണം. ബില്ലിന്റെ അവതരണവേളയിലെ ചർച്ചയിൽത്തന്നെ ഇത് തൊഴിലാളികളെ ബാധിക്കുന്നതാണെന്നുള്ള വിമർശനം ഉന്നയിക്കുകയും സഭയിൽത്തന്നെ സർക്കാർ നിലപാട് വ്യക്തമാക്കുകയും ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കെത്തുമ്പോൾ ചുമട്ടുതൊഴിലാളികളെ ബാധിക്കുന്ന രീതിയിൽ ഏതെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ ആവശ്യമായ വ്യക്തത വരുത്താമെന്ന് അന്ന് സഭയിൽ പറഞ്ഞിരുന്നതാണ്. ഇക്കാര്യത്തെ സംബന്ധിച്ച് തൊഴിലാളി യൂണിയനുകളെല്ലാം സർക്കാരിന്റെ മുന്നിൽ പരാതികൾ ഉന്നയിച്ചിട്ടുള്ളതും ഇതുസംബന്ധിച്ച് സഭയിൽവച്ച് സർക്കാർ നൽകിയ ഉറപ്പ് അവരെ അറിയിക്കുകയും ചെയ്തിരുന്നു. ശ്രീ. പി. കെ. ശശി ഉൾപ്പെടെയുള്ള തൊഴിലാളി സംഘടനാ നേതാക്കൾ ഈ ആവശ്യവുമായി സർക്കാരിനെ സമീപിക്കുകയും സർക്കാരിന്റെ ഉറപ്പിനെത്തുടർന്ന് ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന അവരുടെ സമരം മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ ബിൽ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയിലാണ്. വിഷയനിർണ്ണയ സമിതി ഇക്കാര്യം പരിശോധിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബില്ലിൽ ആവശ്യമായ ഭേദഗതി നിർദ്ദേശം ഉൾപ്പെടുത്തി, തൊഴിലാളികളെ ബാധിക്കുന്ന ഏതെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കാനാവശ്യമായ നിർദ്ദേശം കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

## (6) ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക്

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. യു.ഡി.എഫ്. സർക്കാർ അധികാരം വിട്ടൊഴിയുന്ന സന്ദർഭത്തിൽ അന്ന് ചില ഭൂവുടമകൾക്ക് നൽകിയ അഡ്വാൻസ് തുകയല്ലാതെ ഇക്കാര്യത്തിൽ യാതൊരു പുരോഗതിയും കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് വന്നിട്ടില്ല. 90 കോടി രൂപ ഇതിന്റെ വിതരണത്തിനായി സർക്കാർ നീക്കി വച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ ഭൂവുടമകൾക്ക് തുക നൽകാനുള്ള നടപടികൾ ഇപ്പോഴും മന്ദഗതിയിൽത്തന്നെ നിൽക്കുകയാണ്. ഈ ഭൂമി നെഗോഷിയേറ്റഡ് പർച്ചേസാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നെഗോഷിയേറ്റഡ് പർച്ചേസിൽ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഇളവ് ചെയ്യാൻ കഴിയുമോ ഇല്ലയോ എന്നുള്ള ആശയക്കുഴപ്പമാണ് ഇപ്പോൾ വകുപ്പിനെ സംബന്ധിച്ചുള്ളത്. ഇതുസംബന്ധിച്ച് ലാ സെക്രട്ടറിക്ക് അവർ കത്തയക്കുകയും ലാ സെക്രട്ടറി റവന്യൂ സെക്രട്ടറിക്ക് മറുപടി നൽകിയെങ്കിലും ക്ലാരിഫിക്കേഷനുവേണ്ടി വീണ്ടും ലാ സെക്രട്ടറിക്ക് ഫയൽ പോയിരിക്കുകയുമാണ്. ഇത്തരത്തിൽ സെക്രട്ടറിമാർ തമ്മിൽ എഴുത്തുകുത്തുകൾ നടന്നു കൊണ്ടിരിക്കുന്നതല്ലാതെ യാതൊരു നടപടിയും ഇക്കാര്യത്തിലുണ്ടായിട്ടില്ല. ഇന്നിവിടെ സബ്മിഷൻ ഉന്നയിക്കുന്നതറിഞ്ഞുകൊണ്ടായിരിക്കാം ഇന്നലെ ആമ്പല്ലൂരിലെ ചില ഭൂവുടമകളെ കെ.എസ്.ഐ.ഡി.സി.-യിലെ ഉദ്യോഗസ്ഥർ വിളിച്ചിട്ട് അങ്ങോട്ട് വരുന്നുണ്ടെന്ന് പറയുകയുണ്ടായി.

2018-19-ലെ ബജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വസ്തുതാ വിരുദ്ധമായ ഒരു സ്റ്റേറ്റ്മെന്റ് നടത്തുകയുണ്ടായി. 82-ാം പേജിൽ 'ആമ്പല്ലൂരുള്ള 100 ഏക്കർ ഹാർഡ്‌വെയർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്' എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പ്രസംഗിക്കുകയുണ്ടായി. സഭയെ തെറ്റിദ്ധരിപ്പിച്ച നിലയിലുള്ള പ്രസ്താവനയാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. അക്കാര്യം ഞാൻ ബജറ്റ് ചർച്ചാവേളയിൽ ചൂണ്ടിക്കാട്ടിയെങ്കിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽനിന്നും മറുപടി ലഭിച്ചില്ല. ഇതെങ്ങനെ കടന്നുകൂടിയെന്ന് അങ്ങ് പരിശോധിക്കണം. ഭൂമിപോലും ഏറ്റെടുക്കാതെ എങ്ങനെയാണ് നിർമ്മാണപ്രവർത്തനം ആരംഭിച്ചത്? വകുപ്പ് കൊടുക്കുന്ന മറുപടിയാണ് മന്ത്രി ഇവിടെ വായിക്കുന്നത്. ഇതിനുകാരണം കെ.എസ്.ഐ.ഡി.സി.-യുടെ സമീപനമാണ്. എത്ര ലാഘവ ബുദ്ധിയോടെയാണ് ഇത്രയും വലിയൊരു

പദ്ധതിയെ കെ.എസ്.ഐ.ഡി.സി. ഉദ്യോഗസ്ഥർ കാണുന്നതെന്ന് അങ്ങ് മനസ്സിലാക്കണം. ഹാർഡ്‌വെയർ പാർക്കിന് നല്ല രീതിയിലുള്ള പുരോഗതി കൊണ്ടുവരാൻ പോകുന്നുവെന്ന് 128-ാമത്തെ പാരഗ്രാഫിൽ സർക്കാർതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയായി ഈ പദ്ധതിയെ നമുക്ക് കാണാൻ കഴിയും. സർക്കാർ എന്ത് ലക്ഷ്യം വയ്ക്കുന്നുവോ അതിലേയ്ക്കെത്താൻ കഴിയാത്ത നിലയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ പദ്ധതി ടേക്ക് ഓഫ് ചെയ്യാനുള്ള നടപടികളുണ്ടാകണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. പദ്ധതി തുടങ്ങിയ കളത്തിൽത്തന്നെ നിൽക്കുകയാണ്. അങ്ങയുടെ സജീവമായ ഇടപെടലും ശ്രദ്ധയും ഇക്കാര്യത്തിലുണ്ടായി ഈ പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള സമീപനം സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, എറണാകുളം ജില്ലയിൽ ആമ്പല്ലൂർ വില്ലേജിൽ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്ക് പദ്ധതി വിഭാവന ചെയ്ത് ഫാസ്റ്റ്ട്രാക്ക് പ്രകാരം 334 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഉത്തരവിറങ്ങിയത് 2011-ലാണ്. എന്നാൽ പദ്ധതിപ്രദേശം പരിസ്ഥിതിലോല മേഖലയായി റാംസർ കൺവെൻഷൻ പ്രഖ്യാപിച്ചതാണെന്ന ആക്ഷേപം ഉയരുകയുണ്ടായി. തുടർന്ന് അത്തരത്തിലുള്ള ഭൂമിയല്ലെന്ന അറിയിപ്പ് 2013-ലാണ് പരിസ്ഥിതി വകുപ്പ് നൽകിയത്. 18-12-2017-ലേയും 31-3-2018-ലേയും സർക്കാർ ഉത്തരവുകൾ മുഖേന പദ്ധതിക്കുവേണ്ടി നൂറേക്കർ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഏറ്റെടുക്കാൻ ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ ഡിസ്ട്രിക്ട് ലാന്റ് പർച്ചേസ് കമ്മിറ്റി യോഗം കൂടുകയും ഭൂമിയുടെ നഷ്ടപരിഹാരത്തുക നിശ്ചയിക്കുകയും ചെയ്തു. 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 13 കോടി രൂപ ഉപയോഗിച്ച്, കെ.എസ്.ഐ.ഡി.സി. സ്ഥലമെടുപ്പ് നടപടി തുടങ്ങിവയ്ക്കുകയും 15 ഭൂ ഉടമകളിൽ നിന്ന് 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കരാറെഴുതുകയും ഭൂമിവിലയുടെ 50% തുകയായ 8.26 കോടി രൂപ ഉടമകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഡി.എൽ.പി.സി. മുന്നോട്ടുവച്ച ഭൂമി നിരക്ക് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ മൂന്ന് വിഭാഗത്തിലുള്ള ഭൂമിയുടെ നിരക്കുകൾ ഡി.എൽ.പി.സി. തീരുമാനിക്കുകയും എസ്.എൽ.ഇ.സി.-യിൽ അംഗീകാരം ലഭിക്കാനുള്ള നടപടികളെടുത്ത് വരികയും ചെയ്യുന്നു. 2017-18 സാമ്പത്തികവർഷം മെഗാ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പ്രോജക്ട് മുഖേന 90 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ വിഷയത്തിലുണ്ടായ കാലതാമസവും സാങ്കേതികമായ തടസ്സങ്ങളും നീക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട

ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കഴിയുന്നത്ര വേഗം പാർക്കിന്റെ നിർമ്മാണം നടത്തണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (7) ടെക്സ്റ്റൈൽ മില്ലുകളിലെ വേതനം

ശ്രീ. പുരുഷൻ കടലുണ്ടി: സർ, നവ ഉദാരവൽക്കരണത്തിന്റെ ഭാഗമായി ടെക്സ്റ്റൈൽ രംഗമാകെ ഇന്ന് പ്രതിസന്ധിയിലാണ്. ജോലിക്കും കൂലിക്കും വലിയ പ്രയാസം നേരിടുകയാണ്. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റേയും ടെക്സ് ഫെഡിന്റേയും എൻ.ടി.സി.-യുടേയും ടെക്സ്റ്റൈൽ മില്ലുകളിലെ പ്രതിസന്ധി പരിഹരിക്കാനും സർക്കാരിന്റെ ഇടപെടൽ ത്വരിതപ്പെടുത്താനുമാണ് ഈ സബ്മിഷൻ കൊണ്ടുവന്നത്. മാനേജ്മെന്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും മില്ലുകളുടെ നവീകരണത്തിന് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനും 2014-ലെ ബോണസ് കുടിശികയായ 3,500-ൽപ്പരം രൂപ വിതരണം ചെയ്യാനും നടപടിയുണ്ടാകണം. മുടങ്ങിക്കിടക്കുന്ന ശമ്പളപരിഷ്ക്കരണം നടപ്പിലാക്കി മിനിമം വേതനം 18,000 രൂപയായി നിശ്ചയിക്കാനും ശമ്പളം, ഗ്രാറ്റുവിറ്റി, പി.എഫ്. കുടിശ്ശിക എന്നിവ ഉടൻ നൽകാനുമാവശ്യമായ നടപടി സ്വീകരിക്കണം. കേരള സംസ്ഥാന ടെക്സ്റ്റൈൽ തൊഴിലാളി സംയുക്ത ഫെഡറേഷൻ ഒരു സമരത്തിന്റെ വക്കിലാണ്. എന്റെ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന 'സിഡ്കോ' വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ലാതെ ബുദ്ധിമുട്ടുകയാണ്. ഇതുസംബന്ധിച്ച് നിരവധി നിവേദനങ്ങൾ മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണണം. ഇക്കാര്യത്തിൽ സർക്കാരിന്റെ നയപരമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ പൊതുമേഖലയിലും സഹകരണ മേഖലയിലുംകൂടി 17 മില്ലുകൾ സ്ഥാപിക്കുകയും 15 മില്ലുകൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. 297228 സ്പിന്റിലുകൾ, 680 റോട്ടറുകൾ, 614 യന്ത്രത്തറികൾ എന്നിവ സ്ഥാപിച്ചിട്ടുള്ള ഈ മില്ലുകളിൽ 5000-ത്തോളം പേർക്ക് നേരിട്ടും 15000-ത്തിലധികം പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുന്നുണ്ട്. ഉദുമ സ്പിന്നിംഗ് മിൽ; ഹൈടെക് സ്പിന്നിംഗ് & പവർ ലൂം, പിണറായി; കോമളപുരം സ്പിന്നിംഗ് & പവർ ലൂം എന്നീ മില്ലുകൾ അടിയന്തരമായി തുറക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

2017 ജൂൺ വരെ ഇന്ത്യയിൽ 682 ടെക്സ്റ്റൈൽ മില്ലുകൾ അടച്ചുപൂട്ടപ്പെട്ടുവെന്നാണ് കേന്ദ്ര ടെക്സ്റ്റൈൽ വകുപ്പുമന്ത്രി ലോക്സഭയിൽ പ്രസ്താവിച്ചത്.

കേന്ദ്രനയങ്ങളുടെ പ്രതികൂല സാഹചര്യങ്ങൾ, അനിയന്ത്രിതമായ കോട്ടൺ കയറ്റുമതി, ബഹുരാഷ്ട്ര ഏജൻസികളുടെ ഊഹക്കച്ചവടം, നോട്ട് അസാധുവാക്കൽ, ജി.എസ്.ടി. നടപ്പാക്കൽ തുടങ്ങിയവ കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയെ തളർത്തുകയുണ്ടായി. കൂടാതെ പരുത്തിയുടെ വിലവർദ്ധനവിന് ആനുപാതികമായി നൂലിന് വില ലഭിക്കാത്തതും പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും ഗുണമേന്മയുള്ള പരുത്തി യഥേഷ്ടം ലഭിക്കാത്തതും മെഷീനുകളുടെ കാലപ്പഴക്കവും മില്ലുകളുടെ ഉല്പാദനശേഷി കുറയ്ക്കുകയും ഉൽപ്പാദന ചെലവ് ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. പ്രവർത്തന മൂലധനത്തിൽ വൻ ചോർച്ച സംഭവിച്ചതുവഴി വൻനഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന മില്ലുകൾക്ക് തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി തുടങ്ങിയ വിഹിതങ്ങൾ, ശമ്പള കുടിശിക, വൈദ്യുതി ചാർജ്ജുകൾ എന്നിവ യഥാസമയം അടയ്ക്കാൻ കഴിയാതെവന്നു; കുടിശ്ശിക തുക ഇപ്പോൾ സർക്കാർ സഹായത്തോടെ തീർത്തുകൊണ്ടിരിക്കുകയാണ്.

സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന കേരളത്തിലെ മില്ലുകളിൽ മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സിട്രാ (സൗത്ത് ഇന്ത്യൻ ടെക്സ്റ്റൈൽസ് റിസർച്ച് അസോസിയേഷൻ) മാനദണ്ഡങ്ങൾ അനുസരിച്ച്, താരതമ്യേന ഉയർന്ന നിരക്കിൽ കൂലിയും എന്നാൽ തൊഴിലിലും മെഷിനറിയിലും കുറഞ്ഞ ഉൽപ്പാദന ക്ഷമതയുമാണ്. ഇതുമൂലം ഉൽപ്പാദന ചെലവ് കൂടുതലാണ്. എന്നാലും കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളിലെ തൊഴിലാളികളുടെ ശമ്പളപരിഷ്കരണം ട്രേഡ് യൂണിയനുകൾ, തൊഴിൽ വകുപ്പ്, മാനേജ്മെന്റുകൾ എന്നിവർ തമ്മിലുണ്ടാക്കുന്ന ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കെ.എസ്.ടി.സി.-യിൽ 2015 ഡിസംബറിലും സഹകരണ മില്ലുകളുടെ കാര്യത്തിൽ 2016 ഫെബ്രുവരിയിലുമാണ് കരാർ കാലാവധി കഴിഞ്ഞത്. ഇതിനിടയിൽ ഐ.ആർ.സി. തീരുമാനപ്രകാരം 1,600 രൂപ ഇടക്കാല വേതന വർദ്ധനവ് 2013 നവംബർ മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ മേഖലയിൽ അടുത്ത ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ടെക്സ്റ്റൈൽ ബന്ധ സമിതി (ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി-IRC) അഡീഷണൽ ലേബർ കമ്മീഷണർ ചെയർമാനായി ട്രേഡ് യൂണിയൻ പ്രതിനിധികൾ ഉൾപ്പെട്ട ഉപസമിതി രൂപീകരിക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സമിതിയുടെ ശിപാർശകൾ ലഭ്യമായാൽ അവ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ഓരോ വർഷവും സർക്കാർ പ്രഖ്യാപിക്കുന്ന മുറയ്ക്ക് ട്രേഡ് യൂണിയൻ പ്രതിനിധികളുമായി പരസ്പരം ആലോചിച്ച് ബോണസ് നൽകിവരുന്നുണ്ട്. കേന്ദ്ര സർക്കാർ ബോണസ് നിയമം ഭേദഗതി ചെയ്തപ്പോൾ 2014-ൽ മുൻകാല പ്രാബല്യം

നൽകിയതിനെതിരെ കോയമ്പത്തൂരിലെ തൊഴിലുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങി. അതിന്റെ അടിസ്ഥാനത്തിൽ 2014-ലെ കുടിശ്ശിക നൽകാൻ ബാക്കിയുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തുകയും തുടർന്ന് ശ്രീ. നന്ദകുമാർ ചെയർമാനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും അവർ നൽകിയ സമഗ്രമായ റിപ്പോർട്ട് വിവിധ തലത്തിൽ ചർച്ച നടത്തി സർക്കാർ അംഗീകരിക്കുകയും അതിലെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. കോട്ടൺ പൊതുവായി വാങ്ങുന്നതിനുള്ള കമ്മിറ്റി പുന:സംഘടിപ്പിച്ചതുവഴി 15 കോടി രൂപ സർക്കാർ നൽകിയതിന്റെ ഫലമായി മില്ലുകൾക്ക് കോട്ടൺ വാങ്ങിനൽകുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തന മൂലധനമായും റിപ്പയർ & മെയിന്റനൻസായും പൊതു സഹകരണ മേഖലാ സ്പിന്നിംഗ് മില്ലുകൾക്കായി 27 കോടി 80 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. മില്ലുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഘട്ടംഘട്ടമായി നടപടി സ്വീകരിച്ചുവരികയാണ്. നവീകരണ പ്രവർത്തനത്തിനായി 20 കോടി രൂപയും കോട്ടൺ വാങ്ങുന്നതുൾപ്പെടെ 90 കോടി രൂപയും അടുത്ത വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്. മില്ലുകളുടെ നവീകരണത്തോടൊപ്പം തൊഴിലാളികളുടെ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

## (8) ഭവനശ്രീ വായ്പാ ആനുകൂല്യങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, രണ്ടാമത്തെ പ്രാവശ്യമാണ് ഞാൻ ഈ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 2005-ൽ കുടുംബശ്രീ, സി.ഡി.എസ്. മുഖാന്തരം പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ഭവനശ്രീ വായ്പ അനുസരിച്ചുള്ള തുക സർക്കാർ ഏറ്റെടുക്കാൻ 2010-11-ൽ തീരുമാനിച്ചിരുന്നു. അതനുസരിച്ച് ഈ സ്കീമിൽ വിവിധ ബാങ്കുകളിൽ നിന്നെടുത്തിരുന്ന വായ്പയിൽ ഉമ്മന്നൂർ പഞ്ചായത്തിലെ കോർപ്പറേഷൻ ബാങ്ക് ഒഴികെയുള്ള ബാങ്കുകളിൽ ഈ പണം പലിശസഹിതം കൊടുത്ത് സർക്കാർ റിലീസ് ചെയ്യുകയും ചെയ്തു. എന്നാൽ കോർപ്പറേഷൻ ബാങ്കിലെ 35 ഗുണഭോക്താക്കളുടെ പണം നാളിതുവരെ തിരിച്ച കിട്ടിയിട്ടില്ല. അവരിന്ന് ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുകയാണ്. വളരെ ദരിദ്ര കുടുംബങ്ങളിലുള്ളവരാണവർ. അവർക്ക് പ്രമാണം തിരിച്ച കിട്ടാൻ ഒരു മാർഗ്ഗവുമില്ലാത്ത സ്ഥിതിയാണുള്ളത്. 18-5-2017-ൽ ഈ പ്രശ്നം പരിഹരിക്കുമെന്ന്

പറഞ്ഞിരുന്നെങ്കിലും നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. ഈ പദ്ധതിപ്രകാരം കോർപ്പറേഷൻ ബാങ്കിൽ കൊടുക്കാനുള്ള തുക സംബന്ധിച്ച് തീരുമാനമെടുത്ത് ഇവർക്ക് പ്രമാണം തിരിച്ചുകിട്ടാനുള്ള അടിയന്തര നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഭവനശ്രീ ഗുണഭോക്താക്കൾക്ക് തുക നൽകാൻ ആവശ്യമായ ത്രികക്ഷി കരാറിന്റെ മാതൃക നിയമവകുപ്പിൽ പരിശോധിച്ചു വരികയാണ്. അതംഗീകരിക്കുന്ന മുറയ്ക്ക് വായ്പാ തുക ബാങ്കുകൾക്ക് നൽകാനും പ്രമാണം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനും സാധിക്കും. \

## (9) പരസ്യ ബോർഡുകൾക്ക് നിയന്ത്രണം

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, വ്യാപാര സംബന്ധമായ ഏത് ഉപഭോക്തൃ സമൂഹത്തിലും പരസ്യം അനിവാര്യമായ ഘടകമാണ്. പൊതുജനങ്ങളെ വിവരങ്ങൾ അറിയിക്കുന്നതിനായി സർക്കാരും പരസ്യങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഉപഭോക്താക്കളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ പരസ്യപ്പലകകൾ ലോകത്തെവിടെയും വളരെ ആകർഷകമായ രീതിയിൽ സ്ഥാപിക്കുക എന്നത് സാധാരണമാണെങ്കിലും നമ്മുടെ നാട്ടിലെപ്പോലെ വ്യവസ്ഥാരഹിതമായല്ല അവയൊന്നുംതന്നെ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. കാഴ്ചയും കാറ്റും മറച്ച് വഴിയരികിലും വയലിലും കെട്ടിടങ്ങൾക്ക് മുകളിലും വൈദ്യുതി പോസ്റ്റുകളിലും നടപ്പാതയിലെ കമ്പിയഴികളിൽപ്പോലും അവ സ്ഥാപിക്കപ്പെടുന്നുണ്ട്. മാത്രവുമല്ല, പല പരസ്യങ്ങളും കുടുംബസമേതം കാണാൻ പറ്റാത്ത രൂപത്തിൽ സെക്സിനെ ഉദ്ദീപിപ്പിക്കുന്ന വിധത്തിലും ഉടുതുണിവരെ അഴിച്ച് പല രൂപത്തിലുമുള്ള മോഡലുകൾ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന തരത്തിലുമുള്ളവയാണ്. അസ്ഥാനത്ത് സ്ഥാപിക്കപ്പെടുന്ന ഇതുപോലെയുള്ള കൂറ്റൻ പരസ്യപ്പലകകൾ ഡ്രൈവർമാരുടെ ശ്രദ്ധ തെറ്റിച്ച് അപകടങ്ങൾ വരുത്താതിരിക്കാനും ദിശാസൂചികാ ബോർഡുകൾ മറയ്ക്കാതിരിക്കാനും ശക്തമായ കാറ്റിൽ കാൽനട യാത്രക്കാരുടെയും വാഹനങ്ങളുടെയും മേൽ ഇവ മറിഞ്ഞുവീണ് വൻദുരന്തങ്ങൾ ഉണ്ടാകുന്നത് ഇല്ലാതാക്കുന്നതിനുമായി കൃത്യമായ വ്യവസ്ഥകൾ കൂടിയേതീരൂ. കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പരസ്യപ്പലകകൾ സ്ഥാപിക്കാൻ അനുമതി നൽകുന്നത്. വ്യവസ്ഥകൾ പാലിക്കാതെയും പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പുവരുത്താതെയും അവ സ്ഥാപിക്കുന്നതിന് പിന്നിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ ഉദാസീനതയുണ്ട്. ഇന്ത്യയിൽ ഏറ്റവും മികച്ച വെളിസ്ഥല പരസ്യനയമുള്ളത് ഡൽഹിയിലാണ്. ഇന്ത്യയിലെ ഒട്ടേറെ നഗരസഭകൾ ഇക്കാര്യത്തിൽ ഡൽഹിമാതൃകയാണ് സ്വീകരിച്ചിട്ടുള്ളത്. അമേരിക്ക അടക്കമുള്ള വികസിത രാജ്യങ്ങളും അതിശക്തമായ നയങ്ങളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. വ്യവസ്ഥാരഹിതമായി സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് അഗ്നിരക്ഷാസേന ചില ശിപാർശകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതായി അറിഞ്ഞു. ആ ശിപാർശകൾ പരിശോധിച്ച് ആധുനിക നഗരസംവിധാനത്തിനും ജീവിത പരിസ്ഥിതി സങ്കൽപ്പങ്ങൾക്കും അനുഗുണമായവ നടപ്പാക്കാൻ സർക്കാർ മുന്നോട്ടുവരണം. മാത്രമല്ല, ആതുരാലയങ്ങളുടേതായും കുറേ പരസ്യങ്ങളുണ്ട്; നിങ്ങൾക്ക് വിയർക്കുകയാണോ, എങ്കിൽ അറ്റാക്കാകാം, നിങ്ങൾ ഒന്നിൽക്കൂടുതൽ തവണ മൂത്രമൊഴിക്കുന്നുണ്ടോ, എങ്കിൽ ഡയാലിസിസ് വേണ്ടിവരും, നിങ്ങൾക്ക് ക്ഷീണമാണോ, എങ്കിൽ നിങ്ങൾ കുഴഞ്ഞുവീണ് മരിച്ചേക്കാം എന്നിങ്ങനെ ഭയപ്പെടുത്തുന്ന രൂപത്തിലുള്ള പരസ്യങ്ങൾ കാണുകയാണ്. ഇതിനൊരു നിയന്ത്രണം വേണം. ഈ പരസ്യപ്പലക സംസ്കാരം നിയന്ത്രിക്കണം. അതേസമയം പരസ്യം നൽകുന്നവരുടെയും ഉപഭോക്താക്കളുടെയും ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെയും താല്പര്യം സംരക്ഷിച്ചുകൊണ്ടുള്ള നിയന്ത്രണമായിരിക്കണം സർക്കാരിൽ നിന്നുണ്ടാകേണ്ടത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. 1999-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യബോർഡുകളും സ്ഥാപിക്കൽ), ചട്ടം (3) പ്രകാരം മുനിസിപ്പാലിറ്റിയുടെ ലൈസൻസ് കൂടാതെ പരസ്യബോർഡുകൾ സ്ഥാപിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഒരുതരത്തിലുള്ള പ്രയാസവും പൊതുജനങ്ങൾക്കുണ്ടാകാത്ത വിധത്തിൽ മാത്രമേ ബോർഡുകളും കമാനങ്ങളും സ്ഥാപിക്കാൻ പാടുള്ളൂ. അനധികൃതമായി സ്ഥാപിക്കുന്ന ബോർഡുകളും കമാനങ്ങളും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് നീക്കം ചെയ്യാൻ അധികാരമുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 275 പ്രകാരവും കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 209 (സി) പ്രകാരവും നിയമവിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ നീക്കംചെയ്യുന്നതിന് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് കർശനനിർദ്ദേശം നൽകുന്നതാണ്.

## (10) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സുൽത്താൻ ബത്തേരിയിലെ പൂതാടി ഗ്രാമപഞ്ചായത്തിൽ കേണിച്ചിറയിൽ ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ചാണ് സബ്മിഷൻ ഉന്നയിക്കുന്നത്. പൂതാടി പഞ്ചായത്തിലെ ജനങ്ങൾ കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നത് ബത്തേരി, പുൽപ്പള്ളി, പനമരം, മീനങ്ങാടി എന്നീ നാല് പഞ്ചായത്തുകളിൽ നിന്നാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സബ്മിഷൻ ഉന്നയിച്ചതിനെത്തുടർന്ന് അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി കേണിച്ചിറയിൽ ഒരു ഓവർസിയറോട്ടുകൂടിയ പേമെന്റ് ആഫീസ് അനുവദിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ അവിടെ നടക്കുകയും ചെയ്യുന്നുണ്ട്. വയനാട് ജില്ലയിലെ അമ്പലവയലിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട മന്ത്രി വന്നപ്പോൾ കേണിച്ചിറയിലെ വ്യാപാരികളും വ്യവസായ സമിതി അംഗങ്ങളുമെല്ലാം ചേർന്ന് ഒരു നിവേദനം മന്ത്രിക്ക് സമർപ്പിച്ചിരുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവം അറിയാവുന്ന അങ്ങ് ഈ പിന്നോക്ക പഞ്ചായത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി.-യുടെ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, പൂതാടി പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ ഭൂരിഭാഗവും നിലവിൽ മീനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലാണ്. ഇതുകൂടാതെ പനമരം, സുൽത്താൻ ബത്തേരി, വെസ്റ്റ് പുൽപ്പള്ളി, കുമ്പളങ്ങാട് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിൽപ്പെടുന്ന ഉപഭോക്താക്കളും പൂതാടി പഞ്ചായത്തിലുണ്ട്. നിലവിൽ മീനങ്ങാടി ഇലക്ട്രിക്കൽ സെക്ഷനിൽ 19026 ഉപഭോക്താക്കളും പനമരം ഇലക്ട്രിക്കൽ സെക്ഷനിൽ 13700 ഉപഭോക്താക്കളും സുൽത്താൻ ബത്തേരി വെസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനിൽ 14655 ഉപഭോക്താക്കളും പുൽപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിൽ 17650 ഉപഭോക്താക്കളും കുമ്പളങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിൽ 13339 ഉപഭോക്താക്കളുമാണുള്ളത്. നിലവിലെ മാനദണ്ഡമനുസരിച്ച് ഈ സെക്ഷനുകളൊന്നും വിഭജിക്കേണ്ട സാഹചര്യമില്ലെന്നാണ് ബോർഡ് കരുതുന്നത്. എങ്കിലും ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ഈ പ്രശ്നത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## V. റിപ്പോർട്ട് സമർപ്പണം

### (1) കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

### (2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ പത്ത് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI. റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പത്താമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII. ധനകാര്യം

### 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ കാണിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ അഞ്ചാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2018-2019 സാമ്പത്തിക വർഷത്തെ

ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബജറ്റ് എസ്റ്റിമേറ്റ് 2018-2019 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XII | പോലീസ് | 3971,55,89, 000 | 115,05,08,000 | 4086,60,97, 000 |
| XIII | ജയിലുകൾ | 143,26,68, 000 | .... | 143,26,68, 000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും | 553,43,09, 000 | 10,50,00,000 | 563,93,09, 000 |

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XII – പോലീസ്

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് യു.എ.പി.എ. നിയമം

ദുരുപയോഗം ചെയ്യപ്പെടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(പോലീസ് അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട സുപ്രീം കോടതി നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.(പോലീസ് സേനയുടെ മനോവീര്യം തകർക്കുന്ന വിധത്തിൽ രാഷ്ട്രീയ ഇടപെടലുകൾ വർദ്ധിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(കൂടുതൽ തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണമെന്ന നിർദ്ദേശം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്.(പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്.(പോലീസ് സ്റ്റേഷനുകളിൽ അനാവശ്യമായി പിടിച്ചെടുത്ത വാഹനങ്ങൾ നീക്കം ചെയ്യാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു

രൂപയായി കുറവുചെയ്യേണ്ടതാണ്. (മണ്ണാർക്കാട് സഫീറെന്ന യുവാവിനെ ഗുണ്ടകൾ കുത്തിക്കൊന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (വാഹന പരിശോധന നടത്തുന്ന പോലീസ് ഉദ്യോഗസ്ഥൻമാർ വളവുകളിലും മറ്റും നിന്ന് പരിശോധിക്കുന്നതിന്റെ ഫലമായി അപകടത്തിൽപ്പെട്ട് നിരവധി പേർ മരണപ്പെടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്. (കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന കേസുകളിൽ പോലീസ് ഫലപ്രദമായി ഇടപെടുന്നില്ല എന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4086,60,97,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കേസുകളിൽ കുറ്റപത്രം സമർപ്പിക്കുന്നത് വൈകുന്നതുമൂലം ഫയലുകൾ തീർപ്പുകൽപ്പിക്കാൻ സാധിക്കാത്തതിനാൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12.00 Noon]

**ധനാഭ്യർത്ഥന നമ്പർ XIII — ജയിലുകൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

1. ശ്രീ. മോൻസ് ജോസഫ്: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽനിന്നും ക്രിമിനലുകൾ അനധികൃത പരോളിൽ ഇറങ്ങുന്നതായും അവരെ നിയന്ത്രിക്കുന്നില്ലെന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ ഉദ്യോഗസ്ഥർ പ്രശ്നങ്ങൾ നേരിടുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. <u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ തടവിൽ കഴിയുന്ന കുറ്റവാളികൾക്ക് ആനുപാതികമായി ഉദ്യോഗസ്ഥരെ നിയമിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. <u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിൽ തടവിൽ കഴിയുന്ന കുറ്റവാളികൾക്ക് പരോൾ നൽകുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാത്തതുമൂലം സംജാതമായതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. <u>ഡോ. എം. കെ. മുനീർ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാരുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് കൂടുതൽ ജയിലുകൾ സ്ഥാപിക്കാത്തതായ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000

രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജയിലുദ്യോഗസ്ഥൻമാരുടെ സ്ഥലം മാറ്റങ്ങളിൽ രാഷ്ട്രീയ ഇടപെടലുകൾ ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. പി. ഉബൈദുള്ള: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തടവിൽ കഴിയവെ അസ്വാഭാവിക മരണം സംഭവിച്ചവരുടെ ഉറ്റവരെ കണ്ടെത്തി നഷ്ടപരിഹാരം നൽകാൻ സ്വമേധയാ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

### സൂചക വെട്ടിക്കുറയ്ക്കൽ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 143,26,68,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV — സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പിൽ ആധുനിക ജീവൻരക്ഷാ സാമഗ്രികൾ ലഭ്യമല്ലാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. സി. മമ്മൂട്ടി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എല്ലാ ദുരന്തനിവാരണ പ്രവർത്തനങ്ങളിലും അഗ്നിശമന സേനയുടെ പ്രവർത്തനം ആവശ്യമായി വരുന്ന അവസരങ്ങളിലും സേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ഡോ. എം. കെ. മുനീർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഹോം ഗാർഡുകളുടെ ദിവസവേതനം ജീവിതച്ചെലവിന് അനുസൃതമായി വർദ്ധിപ്പിച്ച് നൽകണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. കെ. എം. ഷാജി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കൂടുതൽ സർക്കാർ പ്രസ്സുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. കെ. എൻ. എ. ഖാദർ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകൾ ആധുനികവൽക്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകളിൽ ജീവനക്കാർക്ക് അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ് നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. പി. ഉബൈദുള്ള: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകൾക്കാവശ്യമായ ഫാറങ്ങൾ, രജിസ്റ്ററുകൾ എന്നിവ ആവശ്യത്തിനു പ്രിന്റ് ചെയ്ത് വിതരണം ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഉയർന്ന ഗുണനിലവാരമുള്ള സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്റ്റേഷനറി സാധനങ്ങളുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 563,93,09,000 രൂപയിൽനിന്ന് ഒരു നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവതരിപ്പിച്ചു.

1.ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

2. ശ്രീ. റോഷി അഗസ്റ്റിൻ

3. ശ്രീ. മോൻസ് ജോസഫ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പോലീസ്, ജയിലുകൾ, സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. സമാധാനപരമായ അന്തരീക്ഷം നിലനിർത്താൻ പ്രതിജ്ഞാബദ്ധതയോടെയാണ് കേരള പോലീസ് പ്രവർത്തിക്കുന്നത്. നവീകരണത്തിന്റെയും കാര്യക്ഷമതയുടെയും പാതയിലൂടെയാണ് എൽ.ഡി.എഫ്. സർക്കാർ പോലീസിനെ നയിക്കുന്നത്. കുറ്റകൃത്യങ്ങൾ തടയാനും ക്രൈം സംഭവിച്ചാൽ പ്രതികളെ പിടികൂടാനും പോലീസ് ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. ധാരാളം ഉദാഹരണങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറയാനുണ്ട്. ഏറ്റവും ഒടുവിലുണ്ടായ ഒരു സംഭവം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. തിരുവനന്തപുരത്തെ എ.ടി.എം കവർച്ചക്കേസിലെ പ്രതികളെ നിക്കരാഗ്വയിൽനിന്ന് പിടികൂടി കേരളത്തിലെത്തിക്കാൻ കഴിഞ്ഞത് കേരള പോലീസിന്റെ തലയിലെ തൂവൽ കൂടുതൽ തെളിമയാർന്നതാക്കുകയാണ്. ഏകദേശം രണ്ടുവർഷം മുമ്പാണ് ഹൈടെക് തട്ടിപ്പ് നമ്മുടെ നാട്ടിലുണ്ടാകുന്നത്. എവിടെനിന്ന് ഓപ്പറേറ്റ് ചെയ്തിട്ടാണ് ഇത്തരമൊരു കുറ്റകൃത്യം നടത്തുന്നതെന്ന് അന്നറിയില്ലായിരുന്നു. ഈ സംഭവം കേരളത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെടുകയും ജനങ്ങൾ വളരെയേറെ ആശങ്കാകുലരുമായിരുന്നു. വളരെ സമർത്ഥമായി ആ സംഭവം സംബന്ധിച്ച് അന്വേഷണം നടത്തുകയും മുഖ്യപ്രതിയെ നിക്കരാഗ്വയിൽനിന്ന് അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനും കഴിഞ്ഞ കേരള പോലീസിന് ഈ അവസരത്തിൽ അഭിനന്ദനം അർപ്പിക്കുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായാണ് ഇത്തരത്തിൽ അന്താരാഷ്ട്ര കുറ്റവാളിയെ അറസ്റ്റ് ചെയ്യുന്നത്. സാങ്കേതിക വിസ്ഫോടനത്തിന്റെ ഈ കാലത്ത് ഹൈടെക് കള്ളൻമാരും ധാരാളമുണ്ട്. കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ സൂപ്പർ ഹൈടെക് വിദ്യകൾ അനിവാര്യമാണ്. പഴയകാലത്തെ ഇടിയൻ നാറാപിള്ളമാരുടെ അന്വേഷണ രീതികൊണ്ട് ഇന്നത്തെ കാലത്ത് കുറ്റകൃത്യങ്ങൾ തെളിയിക്കാനാവില്ല. അതുകൊണ്ടുതന്നെ അത്യാധുനികമായ കമ്പ്യൂട്ടറിന്റെ സഹായത്തോടെ പ്രതികളെ ചോദ്യം ചെയ്യുന്ന ഇന്ററോഗേഷൻ റൂമുകൾ പോലീസ് സജ്ജമാക്കിയിരിക്കുകയാണ്. ഏകദേശം 100 പോലീസ് സ്റ്റേഷനുകൾ ഇതിനകം സ്മാർട്ടായിക്കഴിഞ്ഞു. ഇന്റർനെറ്റ്, ധനകാര്യ കുറ്റകൃത്യങ്ങൾ എന്നിവയുടെ മോണിറ്ററിംഗിനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കണ്ടെത്തുന്നതിനുമായി

സൈബർഡോം, കാക്കി ഹാറ്റ്സ് എന്നിവ പോലുള്ള പുതിയ സംവിധാനങ്ങൾക്ക് രൂപം നൽകുകയും സൈബർ സെൽ, സൈബർ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകുകയുമുണ്ടായി. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട ഫോട്ടോകൾ സൂക്ഷിക്കുന്നതിന് പോലീസ് ഫോട്ടോ ആർക്കൈവ്സ് സംവിധാനം ഏർപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. 19 പോലീസ് ജില്ലകളിലും മൊബൈൽ ഫോറൻസിക് യൂണിറ്റുകൾ സ്ഥാപിച്ചു. തൃശ്ശൂർ പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും പരിശീലന സംവിധാനങ്ങൾ പരിഷ്കരിച്ചു. ഇത്തരത്തിൽ പോലീസ് സേനയെ നവീകരിക്കുന്നതിനായി ഈ സർക്കാർ ആരംഭിച്ചിട്ടുള്ള പദ്ധതികൾ വളരെയേറെ ശ്ലാഘനീയമാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിനും പ്രതികളെ പിടികൂടുന്നതിനും പോലീസ് നടത്തിയിട്ടുള്ള ഇടപെടലുകൾ രാജ്യവ്യാപകമായ അംഗീകാരം നേടിക്കൊണ്ടിരിക്കുകയാണ്. പോലീസ് സംവിധാനത്തിൽ മാതൃകാപരമായ നവീകരണത്തിന് സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. 203 സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ള എസ്.എച്ച്.ഒ.-മാർ ഇപ്പോൾ അധികാരം കയ്യാളുകയാണ്. ഇതോടെ ഈ സ്റ്റേഷനുകളിൽ ക്രമസമാധാനപാലനത്തിനും കുറ്റാന്വേഷണത്തിനും പ്രത്യേകം പ്രത്യേകം ചുമതലയുള്ള എസ്.ഐ.-മാരുടെ നേതൃത്വത്തിൽ രണ്ട് ഡിവിഷനുകൾ നിലവിൽ വന്നിരിക്കുകയാണ്.

കേരളത്തിൽ കുറ്റകൃത്യങ്ങളിൽപ്പെട്ട പ്രതികളെ കണ്ടെത്താൻ മാതൃകാപരമായി പോലീസ് പ്രവർത്തിക്കുന്നു എന്നതിന്റെ ഏറ്റവും നല്ല തെളിവാണ് കാസർഗോഡ് മദ്രസാ അദ്ധ്യാപകനെ കൊലപ്പെടുത്തിയ സംഭവം. നമ്മുടെ രാജ്യത്ത് വലിയ കലാപമുണ്ടാകാനിടയാകുമായിരുന്ന ഒരു സംഭവമാണത്. ആ കേസിലെ പ്രതികളെ വളരെ വേഗത്തിൽ പോലീസ് അറസ്റ്റ് ചെയ്തു. വളരെ മാതൃകാപരമായ നടപടിയാണ് അക്കാര്യത്തിൽ സ്വീകരിച്ചത്. നമ്മുടെ രാജ്യത്തെ കലാപത്തിലേയ്ക്ക് തള്ളിവിടാൻ വർഗ്ഗീയ തീവ്രവാദ ശക്തികൾ നടത്തിയ ആ ശ്രമത്തെ കേരള പോലീസിന്റെ വളരെ ശക്തമായ നടപടിയിലൂടെ കണ്ടെത്താൻ കഴിഞ്ഞു എന്നുള്ളത് ഈ സർക്കാരിന്റെ പോലീസ് നയത്തിന്റെ ഏറ്റവും ഉജ്ജ്വലമായ തെളിവായി ചൂണ്ടിക്കാണിക്കാൻ കഴിയും. പ്രമാദമായ സംഭവങ്ങളിൽ തുമ്പുണ്ടാക്കുന്നതിനും പ്രതികളെ കണ്ടെത്തുന്നതിനും ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സംസ്ഥാന പോലീസ് വളരെ നല്ല നിലയിൽ ഇടപെട്ടു. ജിഷ കേസിൽ പ്രതികളെ കണ്ടെത്താനുള്ള പ്രത്യേക അന്വേഷണ സംഘത്തിന്റെ നടപടികൾ ഫലം കണ്ടു. അതുപോലെ സിനിമാ നടിയെ ആക്രമിച്ച കേസിലെ പ്രതികളെ പിടികൂടാൻ സർക്കാർ ആർജ്ജവം കാണിച്ചു. അത്തരത്തിൽ വലിയ തോതിൽ പോലീസിന്റെ മാതൃകാപരമായ നടപടികൾ സംസ്ഥാനത്ത്

കാണുകയുണ്ടായി. അതുകൊണ്ടുതന്നെ മറ്റ് സംസ്ഥാന പോലീസ് സേനകളിൽനിന്ന് വ്യത്യസ്തമായി അംഗീകാരങ്ങളുടെ നിറവിലാണ് കേരള പോലീസ്. കേരള പോലീസിന് നിരവധി ദേശീയ അംഗീകാരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. ജനമൈത്രി പോലീസ് സംവിധാനത്തിനാണ് ഏറ്റവുമൊടുവിൽ ദേശീയ അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കുക വഴി വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. അതുപോലെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനത്തെ രാജ്യം വളരെ താല്പര്യത്തോടെ ഉറ്റുനോക്കുകയാണ്. മറ്റ് പല സംസ്ഥാനങ്ങളും ഇവിടെ ടി സംവിധാനത്തെക്കുറിച്ച് പഠിക്കാൻ ശ്രമിക്കുകയാണ്. ബീഹാർ മുഖ്യമന്ത്രി ശ്രീ. നിതീഷ് കുമാർ ഈ പദ്ധതി അവിടെ നടപ്പിലാക്കാൻ താല്പര്യം പ്രകടിപ്പിച്ചിരിക്കുകയാണ്. നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ പുതിയ രേഖകൾപ്രകാരം കേരളത്തിലാണ് ഏറ്റവും സുസജ്ജവും കാര്യക്ഷമവുമായ പോലീസ് സംവിധാനം നിലവിലുള്ളതെന്നത് ചൂണ്ടിക്കാണിക്കുന്നത് കേരള പോലീസിനുള്ള ബഹുമതിയാണ്. അത്തരത്തിൽ നമ്മുടെ സംസ്ഥാനത്തെ പോലീസ് സേനയെ നവീകരിക്കുന്നതിന് സർക്കാർ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും പിന്തുണ അർപ്പിക്കുന്നു. അതുപോലെതന്നെയാണ് ജയിലുകളുടെ കാര്യവും. ലോകത്തെല്ലായിടത്തും ജയിൽ സംബന്ധിച്ച പ്രശ്നങ്ങൾ വലിയ തോതിൽ ചർച്ചയാകുന്ന കാലമാണിത്. കേരളത്തിൽ രണ്ട് മലയാളികൾ എഴുതിയ പുസ്തകങ്ങൾ ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിക്കുകയാണ്. ഒന്ന്, ശ്രീ. പയ്യപ്പള്ളി ബാലൻ രചിച്ച "ആലുവാപ്പുഴ പിന്നെയും ഒഴുകി" എന്ന പുസ്തകവും മറ്റൊന്ന് വയലാർ അവാർഡ് നേടിയ ശ്രീ. റ്റി. ഡി. രാമകൃഷ്ണൻ എഴുതിയ "സുഗന്ധി എന്ന ആണ്ടാൾ ദേവനായകി" എന്ന പുസ്തകവും. ഈ രണ്ട് പുസ്തകങ്ങൾ തമ്മിൽ സാമ്യമൊന്നുമില്ല. ശ്രീ. പയ്യപ്പള്ളി ബാലൻ എഴുതിയത് പഴയ കാലത്തെ കേരളത്തിലെ ജയിലുകളെക്കുറിച്ചുള്ള ഹൃദയസ്പർശിയായ ലേഖനമാണ്. ശ്രീ. റ്റി. ഡി. രാമകൃഷ്ണൻ എഴുതിയത് ശ്രീലങ്കൻ പശ്ചാത്തലത്തിലുള്ള ഒരു നോവലാണ്. ആ നോവൽ ആരംഭിക്കുന്നത് പേൾ ഹാർബർ എന്ന അദ്ധ്യായത്തോടുകൂടിയാണ്. ശ്രീലങ്കൻ ജയിലുകളിലെ മൃഗീയമായ മർദ്ദനമുറകളുടെ, ജനാധിപത്യ കശാപ്പിന്റെ, മനുഷ്യാവകാശ ലംഘനങ്ങളുടെ ഭീകരമായ ഉദാഹരണമാണ് ചൂണ്ടിക്കാണിക്കുന്നത്. ആദ്യകാലത്ത് കേരളത്തിലുണ്ടായിരുന്ന ജയിലുകളുടെ അവസ്ഥയിൽ നിന്ന് ഇന്നുകാണുന്ന തരത്തിലേയ്ക്ക് ജയിലുകളെ മാറ്റിയെടുക്കുന്നതിന് കേരളത്തിലെ ആദ്യത്തെ ജനകീയ സർക്കാരെടുത്ത നിലപാടിനെ ആദരപൂർവ്വം ഓർക്കുകയാണ്. ശ്രീ. വി. ആർ. കൃഷ്ണയ്യരാണ് ജയിൽ നവീകരണത്തിനുവേണ്ടിയുള്ള ആദ്യത്തെ

പദ്ധതി മുന്നോട്ടുവച്ചത്. ആ നവീകരണ പാതയിൽ സംസ്ഥാനത്തെ ജയിലുകളെ കൊണ്ടുപോകാൻ ഇന്ന് സംസ്ഥാന സർക്കാരിന് കഴിയുന്നുവെന്നുള്ളത് അഭിമാനകരമാണ്. ജയിൽ അന്തേവാസികളിൽ കുറ്റവാസന ഇല്ലാതാക്കി, മാനുഷികമൂല്യങ്ങൾ അവരിൽ വളർത്തിയെടുക്കാൻ പര്യാപ്തമായ സമീപനമാണ് ജയിലുകളിൽ അവലംബിച്ചുവരുന്നത്. തടവുകാർക്ക് വിദ്യാഭ്യാസത്തിനും വായനയ്ക്കും വിനോദത്തിനും വേണ്ട സൗകര്യങ്ങളുണ്ട്. അതോടൊപ്പം നിർമ്മാണ തൊഴിലുകളിലും ആധുനിക സാങ്കേതികവിദ്യയിലും കമ്പ്യൂട്ടർ പരിശീലനമുൾപ്പെടെ നൽകുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. ജയിലുകളിൽ കഴിയുന്നവർക്ക് അടിയന്തരഘട്ടത്തിലും മറ്റ് സന്ദർഭങ്ങളിലും കുടുംബാംഗങ്ങളുമായി ബന്ധപ്പെടുന്നതിനും കുടുംബ-സാമൂഹ്യ ബന്ധങ്ങൾ നിലനിർത്തുന്നതിനും ഉതകുന്ന രീതിയിൽ ജയിലുകളെ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ ജയിലിലിടുന്നത് അവരെ ശരിയായ ദിശയിലേയ്ക്ക് നയിക്കാനാണ്. കുറ്റവാളികളെ ജയിലിലടച്ച് എക്കാലത്തും അവരെ കുറ്റവാളികളാക്കുക യെന്നുള്ളതല്ല; അവരെ കറക്ഷൻ പ്രോസസ്സിന് വിധേയമാക്കുക എന്നുള്ളതാണ് ആധുനിക കാഴ്ചപ്പാട്. അത് സംസ്ഥാന സർക്കാർ വളരെ നന്നായി ചെയ്യുന്നു എന്നുള്ളതാണ് ജയിലുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്. സംസ്ഥാനത്തെ പോലീസും ജയിൽ വകുപ്പും ഫയർഫോഴ്സും ആധുനീകരണത്തിന്റെ പാതയിലാണ്. ഇക്കാര്യത്തിൽ സർക്കാർ കാണിക്കുന്ന താല്പര്യം മാതൃകാപരമാണ്.

ഒന്നുരണ്ട് രാഷ്ട്രീയ പ്രശ്നങ്ങളിലേയ്ക്കുകൂടി ഞാൻ കടക്കുകയാണ്. ഇന്ന് രാവിലെ രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച ഒരു ചോദ്യം ചർച്ച ചെയ്യുകയുണ്ടായി. ഇവിടെ രാഷ്ട്രീയ കൊലപാതകങ്ങൾ ഈ സർക്കാരിന്റെ കാലത്ത് നടക്കുന്നുവെന്നുള്ള മട്ടിലാണ് വളരെ ഏകപക്ഷീയമായി പറഞ്ഞത്. രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള സംഘർഷവും രാഷ്ട്രീയ കൊലപാതകങ്ങളുമായിരുന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്തെ സ്ഥിതി. സ്വന്തം പാർട്ടി പ്രവർത്തകരെ കൊന്നൊടുക്കിയതിന്റെ കാക്കത്തുവലുള്ളവരാണ് മുൻ യു.ഡി.എഫ്. സർക്കാർ. മധു ഈച്ചരത്തും ലാൽജി കൊള്ളന്നൂരും ഹനീഫയും കൊല്ലപ്പെട്ടത് തൃശ്ശൂർ ജില്ലയിലാണ്. ആരാണ് ഇവരെയൊക്കെ കൊന്നത്? അഹിംസയുടെ സിദ്ധാന്തം ഉയർത്തിപ്പിടിക്കുന്ന കോൺഗ്രസ്സുകാർ തന്നെയാണ് അത് ചെയ്തത്. കോൺഗ്രസ്സുകാർതന്നെ കോൺഗ്രസ്സുകാരെ കൊലപ്പെടുത്തിയ സംഭവം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായതാണ്. ഞങ്ങൾ അഹിംസാവാദികൾ, ഞങ്ങൾ ആരെയും കൊല്ലാത്തവർ എന്ന് കോൺഗ്രസ് സുഹൃത്തുക്കൾ പറയുമോ? കൊലപാതകം നടത്തിയവരെ അറസ്റ്റ് ചെയ്തുവെന്നുള്ളത് ശരിയാണ്. എന്നാൽ കൊല്ലിച്ചവർ ആരാണെന്നത്

സംബന്ധിച്ചുള്ള അന്വേഷണം നടന്നില്ലെന്നുള്ളത് സത്യമാണ്. അന്നത്തെ യു.ഡി.എഫ്. സർക്കാരിലെ മന്ത്രി കൊല്ലപ്പെട്ട മൂന്നാളുകളുടെ വീടുകളിലും പോയില്ലെന്നത് എത്ര ലജ്ജാകരമാണ്. അത്തരത്തിൽ കുറ്റകൃത്യങ്ങൾ നടത്തിയവരാണ് ഇന്നിവിടെ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുതെന്നുള്ളത് ഓർക്കാൻവേണ്ടിയാണ് ഞാനിത് പറഞ്ഞത്. നമ്മുടെ രാജ്യത്ത് ഇന്ന് അപകടകരമായ സ്ഥിതിവിശേഷമാണുള്ളത്. ത്രിപുരയിൽ ഇടതുപക്ഷം പരാജയപ്പെട്ടുവെന്ന് പറയുന്നത് ശരിയാണ്. എങ്ങനെയാണ് പരാജയപ്പെട്ടതെന്നും അവിടെ കോൺഗ്രസ് ഒന്നടങ്കം ബി.ജെ.പി. ആയതും നമുക്കറിയാം. ഇന്ന് ത്രിപുരയിൽ ഭീകരത നടമാടുകയാണ്. മഹാനായ ലെനിന്റെ പ്രതിമ തകർക്കപ്പെടുന്നു, നിരപരാധികളായ പാർട്ടി പ്രവർത്തകരുടെ വീടുകൾ ആക്രമിക്കപ്പെടുന്നു, അവിടത്തെ സാധാരണമനുഷ്യരെ ആക്രമിക്കുന്നു, ഇത്തരത്തിൽ ജനാധിപത്യ വിരുദ്ധമായി ആക്രമണങ്ങൾ നടക്കുകയാണ്. ഇതിനെതിരെ രാജ്യത്തെ ജനാധിപത്യശക്തികൾ ശക്തമായി പ്രതികരിക്കേണ്ടതല്ലേ? എന്താണ് കോൺഗ്രസ് നിലപാട്? 'കള്ളൻ കടന്ന് നാലാംപക്കമാണ് ബാപ്പയ്ക്ക് അരിശം വരുന്നതെന്ന് ഒരു നാടൻ പ്രയോഗമുണ്ട്. മൂന്ന് സംസ്ഥാനങ്ങളിൽ കോൺഗ്രസ് തോറ്റിട്ട് മൂന്നാമത്തെ ദിവസമാണ് ശ്രീ. രാഹുൽ ഗാന്ധി പ്രതികരിച്ചത്. വീക്ഷണം പത്രത്തിൽ അക്കാര്യം പറയുന്നുണ്ട്. ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ്സിന്റെ പ്രസക്തി ചോദ്യം ചെയ്യുന്ന മൂന്ന് നിയമസഭാഫലങ്ങൾ പുറത്തുവന്നതിന്റെ മൂന്നാം ദിവസമാണ് കോൺഗ്രസ് പ്രസിഡന്റ് പ്രതികരണവുമായി വന്നതെന്ന് വീക്ഷണം പത്രത്തിന് പറയേണ്ട അവസ്ഥ വന്നു. ത്രിപുരയിലെ കോൺഗ്രസ്സിന്റെ രാഷ്ട്രീയമായ വഞ്ചന സത്യത്തിൽ നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്.

"തകർക്കാം ശില്പങ്ങളെ തെരുവിൽ എന്നാൽ

ആർക്ക് തകർക്കാനാകും മനസ്സിൻ ശില്പ സങ്കൽപ്പത്തെ"

എന്ന ശ്രീ. പ്രഭാ വർമ്മയുടെ വരികൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ പ്രസംഗം കേട്ടപ്പോൾ ഞങ്ങളുടെ നാട്ടിലെ ഒരു മഹാദ്രോഹിയായിട്ടുള്ള വല്യപ്പൻ മരിച്ച് ശവമടക്ക് സമയത്ത് നടന്ന പ്രസംഗമാണ് ഓർമ്മ വന്നത്. സത്യത്തിൽ വല്യപ്പന്റെ മക്കൾക്ക് ഉള്ളുകൊണ്ട് സന്തോഷമാണ്. അവരെല്ലാം ഇരിക്കുന്ന സ്ഥലത്ത് ഒരു ചരമപ്രസംഗം പ്രാസംഗികൻ നടത്തി, മരിച്ചയാളെ സ്വർഗ്ഗത്തോളം പൊക്കി. "എടാ നമ്മുടെ അപ്പനെക്കുറിച്ച് തന്നെയാണോ പ്രസംഗിക്കുന്നത് " എന്ന് അമ്മ മകനോട്

ചോദിച്ചു. ഈ സർക്കാരിന്റെ പോലീസ് നയത്തെക്കുറിച്ച് അങ്ങ് ഇങ്ങനെ പറയുമ്പോൾ നമ്മുടെ അപ്പനെ കുറിച്ചാണല്ലോ ഇങ്ങനെ പറയുന്നതെന്നാണ് എനിക്ക് തോന്നിയത്. ഇവിടെയിരിക്കുന്ന ഉദ്യോഗസ്ഥരിൽ പലരും എന്നോടൊപ്പം ജോലി ചെയ്തവരാണ്. എനിക്കവരുടെ കഴിവുകൾ നന്നായറിയാം. അതുകൊണ്ട് ഞാനവരെ വ്യക്തിപരമായി ആക്ഷേപിക്കുന്നില്ല. എന്നാൽ ജയിലുകളിൽ പരോൾ നിബന്ധനയിൽ ലംഘനം നടക്കുകയാണ്. അവിടെ കഞ്ചാവ് കച്ചവടം നടക്കുന്നുവെന്നുള്ള ആക്ഷേപവുമുണ്ട്. ഒരു രൂപത്തിലും അതൊന്നും നിയന്ത്രിക്കുന്നില്ല. അവിടെ മൊബൈൽ ഉപയോഗിക്കുന്നു, മറ്റെല്ലാ വിധത്തിലുമുള്ള നിയമലംഘനങ്ങളും നടക്കുന്നു. ഈ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കണ്ടേ? സർക്കാർ നടപടി സ്വീകരിച്ചാലല്ലേ നിയന്ത്രിക്കാൻ കഴിയൂ. ടി.പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികളും കല്ലുവാതുക്കൽ കേസ്സിലെ മണിച്ചനും എവിടെയാണ്? വളരെ പ്രധാനപ്പെട്ട ചന്ദ്രബോസ് വധകേസ്സിലെ പ്രതിക്കും രക്ഷപ്പെടാനുള്ള സൗകര്യം ഒരുങ്ങുകയല്ലേ? അയാൾ ജയിലിലെ സുൽത്താനാണെന്നാണ് ഞാൻ കേട്ടത്. കറക്ഷണൽ മെത്തേഡാണെന്നാണ് അങ്ങ് പറഞ്ഞത്. എന്ത് കറക്ഷനാണ് അവിടെ നടക്കുന്നത്; കറക്ഷനല്ല, കറപ്ഷണൽ മെത്തേഡാണ് അവിടെ നടന്നുകൊണ്ടിരുന്നതെന്നതാണ് പ്രധാന പ്രശ്നം. പോലീസുദ്യോഗസ്ഥരെല്ലാം മോശമാണെന്ന് എനിക്ക് അഭിപ്രായമില്ല. സ്കോട്ട്ലൻഡ് പോലീസിനെപ്പോലും വെല്ലുന്ന വിധത്തിൽ അതിവിദഗ്ദ്ധമായി കാര്യങ്ങൾ ചെയ്യാൻ കഴിവുള്ള ഉദ്യോഗസ്ഥർ നമ്മുടെ ഇടയിലുണ്ട്. ഒരുദ്യോഗസ്ഥനെ മറ്റൊരുദ്യോഗസ്ഥനെതിരെ നിയമിച്ച് കാര്യങ്ങൾ പ്രയോഗിക്കുന്ന ബൗളിംഗ് ആന്റ് ബാറ്റിംഗാണ് കേരള പോലീസിൽ നടക്കുന്നത്. ഡോ. ടി. പി. സെൻകുമാറിനെ നേരിടാൻ എ.ഡി.ജി.പി.-യെ ഉപയോഗിച്ചു. ഡി.ജി.പി.-യെ നേരിടാൻ എ.ഡി.ജി.പി.-യെ ഉപയോഗിക്കും. ഒരാൾ വെട്ടാനും മറ്റൊരാൾ അടിക്കാനും. ഇത് നാടൻ പന്തുകളിയാണോ? പോലീസിൽ ഇന്റേണൽ ഡിസിപ്ലിനില്ലേ? മോന്തായം വളഞ്ഞാൽ അമ്പത്താറും വളയുമെന്ന് പറയാറുണ്ട്. തലപ്പത്തുള്ളത് പോയാൽ എല്ലാം പോയി. പോലീസ് ഓഫീസർമാരെ വട്ടംചുറ്റി അടിക്കുകയാണ്. ഇപ്പോൾ 19 പോലീസ് ജില്ലകളാണുള്ളത്. ഈ 19 പോലീസ് ജില്ലകളിൽ വരുന്ന പോലീസുദ്യോഗസ്ഥർ, അതിൽ കേഡർ, എക്സ്-കേഡർ ഒന്നും ഞാൻ പറയുന്നില്ല, അത് ടെക്നിക്കലാണ്; കേട്ടാൽ ചിലപ്പോൾ എല്ലാവർക്കും മനസ്സിലായെന്ന് വരില്ല, പക്ഷേ മുഖ്യമന്ത്രിക്ക് മനസ്സിലാകും. കേഡർ പോസ്റ്റിൽ വരുന്നവർക്ക് അത് കിട്ടാനുള്ള അർഹതയില്ലേ? എന്തുകൊണ്ടാണ് അവരെ മാറ്റി നിർത്തുന്നത്? എസ്.പി.-യെ നിയമിച്ചിട്ട് ഡിവൈ.എസ്.പി.-യെക്കൊണ്ട് കാര്യങ്ങൾ ചെയ്യിച്ചാൽ പോലീസിനകത്തുള്ള നടപടിക്രമങ്ങൾ എങ്ങനെ നേരെയാകും? പോലീസിൽ പാർട്ടിക്ക് വഴങ്ങാത്തവരെ തട്ടുമെന്ന ഒരു ഫീലിംഗ് ഉണ്ടാക്കുകയാണ്. കഴിഞ്ഞ തവണ പാർട്ടി സമ്മേളനങ്ങളിലും മറ്റും ധാരാളം ചർച്ചകൾ നടന്നു. പക്ഷേ ആ ചർച്ചകളിൽ നിന്ന് പുറത്തേയ്ക്ക് വരുന്ന ഒരു

മെസേജുണ്ട്, പാർട്ടിക്ക് വഴങ്ങാത്തവരെ അവിടെ നിർത്തില്ല. ഇഷ്ടമില്ലാത്തവർക്കെതിരെ തുറന്ന പോരാട്ടം നടത്തുകയാണ്. പോരാട്ടം പല വിധത്തിലാണ്. പോരാട്ടം കോടതിവഴിയും നടത്തും. കൊടി കുത്തിയാൽ കൊടി കുത്തുന്നവർക്കെതിരെ നടപടിയെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽ ഒരുറപ്പ് തന്നിരുന്നു. അത് കേട്ടപ്പോൾ അങ്ങയെക്കുറിച്ച് ആയിരം നാവോടുകൂടി ഞാൻ പുകഴ്ത്തുകയായിരുന്നു. എനിക്ക് വലിയ സന്തോഷം തോന്നി. കാരണം, കൊടി കുത്തിയാൽ നടപടി സ്വീകരിക്കും. പിറ്റേദിവസം അതിനെ വിമർശിച്ചുകൊണ്ട് വേറെ ചില പ്രസ്താവനകളും വന്നു. അന്നത്തെ ദിവസംതന്നെ വാട്ട്സ്ആപ്പിൽ പല മെസേജുകളും വന്നു. അങ്ങ് ആ നിലപാടിൽത്തന്നെ നിന്നു. പക്ഷെ അങ്ങയുടെ പാർട്ടിതന്നെ ആ നിലപാടെടുത്തുകളഞ്ഞാൽ എന്താകും സ്ഥിതി? മുഖ്യമന്ത്രി പ്രസ്താവന നടത്തിയതിന്റെ പിന്നാലെ നിലമേൽ, മുരുക്കുംമണ്ണിൽ വർക്ക്ഷോപ്പിനുമുമ്പിൽ സി.പി.ഐ.(എം.) തന്നെ കൊടി കുത്തിയിരിക്കുകയാണ്. അങ്ങയുടെ വാക്ക് വിശ്വസിച്ചാൽ ഞങ്ങളുടെ സ്ഥിതിയെന്താകും; ഇവിടെ അങ്ങയുടെ പാർട്ടിക്കാർ തന്നെ നിയമം ലംഘിക്കുകയാണ്. എന്നിട്ട് ഇവിടെയെല്ലാം ഗംഭീരമാണെന്ന് ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറയുന്നു. ഇങ്ങനെയായാൽ കാര്യങ്ങൾ എങ്ങനെ നേരെയാകും? ഇവിടെ ഭരണകൂട ഭീകരതയാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇത് പ്രതീക്ഷിക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഷുഹൈബിന്റെ കേസിൽ അങ്ങുതന്നെ കുറ്റം സമ്മതിച്ചു, തെറ്റാണെന്ന് പറഞ്ഞു. ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗിന്റെ പ്രവർത്തകൻ ഷഫീർ, അട്ടപ്പാടിയിലെ മധു, അട്ടപ്പാടിയിലെല്ലാവർക്കും സംതൃപ്തിയാണെന്ന് പ്രിയപ്പെട്ട എ. കെ. ബാലൻ ഇവിടെ പറഞ്ഞു; അദ്ദേഹത്തിന്റെ സംസാരം കേട്ടാൽ സന്തോഷംകൊണ്ട് ആദിവാസികൾ മുഴുവൻ കുമ്മിയടിക്കുകയാണെന്ന് തോന്നും. നാട്ടിൽ നടക്കുന്ന കാര്യം വേണ്ടേ അങ്ങിവിടെ പറയേണ്ടത്? ഞാൻ അട്ടപ്പാടിയിൽ പോയി. ........(ബഹളം).... ശ്രീ. എ. എൻ. ഷംസീർ പോയിട്ടില്ല......(ബഹളം)... ഞാനാണ് അട്ടപ്പാടിയിലെ കാറ്റാടി കമ്പനിയിലെ പാവപ്പെട്ട ആദിവാസികളെ ശ്രീമതി സോണിയഗാന്ധിയുടെ മുന്നിലെത്തിച്ച് അവരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയത്. മധുവിനെ കൊന്നിട്ട് പറയുന്നതെന്താണ്? എല്ലാവർക്കും സന്തോഷമാണോ? അവർക്കെല്ലാം സന്തോഷമാണെന്നാണ് വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പറയുന്നത്. ഇത്ര കടുംകൈ അദ്ദേഹം ചെയ്യണമായിരുന്നോ? സുഗതൻ മരിച്ചതിന്റെ കാരണം പറഞ്ഞാൽ സി.പി.ഐ.(എം.) സ്നേഹിതന്മാർ തർക്കിക്കും. അതുകൊണ്ട് ഞാൻ ആ തർക്കത്തിലേയ്ക്ക് വരുന്നില്ല. ഏതായാലും വളരെ മോശമായി? നമ്മുടെ ആയുധപ്പുരയിലുള്ള മുഴുവൻ ആയുധവുമെടുത്ത് വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങയുടെ പോലീസ്, അങ്ങയുടെ പോലീസെന്ന് ഞാൻ പറയുന്നത്, ഇപ്പോൾ അങ്ങ് മുഖ്യമന്ത്രിയും പോലീസ് വകുപ്പിനെ നയിക്കുന്ന ആളുമായതുകൊണ്ടാണ്. എത്ര ചെറുപ്പക്കാരുടെ കയ്യും കാലുമാണ് ഗ്രനേഡെറിഞ്ഞ് നശിപ്പിച്ചത്? അതിന് ഞാനൊരു രേഖ

കാണിക്കാം. ഗ്രനേഡുകൂടി കാണിച്ചുതരാം. (ഗ്രനേഡ് ഉയർത്തിക്കാട്ടി) ഇത് എറിഞ്ഞ ഗ്രനേഡാണ്. എക്സ്പയറി ഡേറ്റ് കഴിഞ്ഞതാണ്. ഇങ്ങനെ ഡേറ്റ് കഴിഞ്ഞ ഗ്രനേഡുമായിട്ടാണ് ഇവിടെ വന്നത്..... (ബഹളം)..... ഇവിടെ ആയുധപ്പുരയിലുള്ള പഴക്കംചെന്ന, വിനിയോഗിക്കാൻ കഴിയാത്ത സാധനങ്ങൾപോലും എറിഞ്ഞ് ചെറുപ്പക്കാരുടെ ജീവൻ നശിപ്പിക്കുന്നത് ശരിയാണോ; ഇതെന്ത് നീതിയാണ്? അതുകൊണ്ട് ഈ ചോരപുരണ്ട ഒരു സമീപനം .... (ബഹളം)....... എന്താണ് ഇവിടെ; എന്റെ സമയം കളയാൻ സാധിക്കില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്. .... (ബഹളം).....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ സമയം കളയാൻ പറ്റില്ല. ഞാൻ ഇരിക്കുന്ന പ്രശ്നമില്ല. അങ്ങ് നിയന്ത്രിക്കണം. എനിക്ക് നഷ്ടപ്പെട്ട സമയം പിന്നീട് അനുവദിക്കണം. .... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.. .... (ബഹളം).....

ശ്രീ. എസ്. ശർമ്മ: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ആഭ്യന്തര വകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർക്കാരിനെ വിമർശിച്ച് സംസാരിച്ചുകൊണ്ടിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പോലീസ് ഗ്രനേഡ് ഉപയോഗിക്കുന്നു, കുട്ടികളെ ആക്രമിക്കുന്നു എന്നെല്ലാം സ്ഥാപിക്കാൻവേണ്ടി, ഒരു ഡോക്യുമെന്ററി എവിഡൻസുപോലെ ഒരു സാധനം ഇവിടെ കാണിച്ചിട്ട് അത് ഗ്രനേഡാണെന്ന് പറയുന്നു. അത് നിയമസഭയുടെ നടപടിക്രമങ്ങളിൽ വരുന്നതല്ല. അത് ഗ്രനേഡാണോ? മാരകയാധുങ്ങളുമായി ഒരു സാമാജികന് നിയമസഭയിൽ പ്രവേശിക്കാനുള്ള അവകാശമുണ്ടോ; അത് തീർച്ചയായും തെറ്റായ നടപടിയാണ്, അത് പരിശോധനയ്ക്ക് വിധേയമാക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ള സീനിയറായ ഒരംഗം അങ്ങനെ ചെയ്തത് ശരിയാണോ എന്ന് അദ്ദേഹവും പരിശോധിക്കണം. .... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം പരിശോധിക്കാം. ...... (ബഹളം).... പ്ലീസ് സിറ്റ് ഡൗൺ. പരിശോധിക്കാം. .... (ബഹളം)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രസംഗമധ്യേ കാലഹരണപ്പെട്ട ഗ്രനേഡിന്റെ ഭാഗങ്ങൾ ഇവിടെ കാണിച്ചുവെന്നാണല്ലോ പരാതി. അങ്ങത് പരിശോധിക്കാമെന്ന് പറഞ്ഞുകഴിഞ്ഞു. അതവിടെ തീരേണ്ട കാര്യമാണ്. വെറുതെ ആവശ്യമില്ലാതെ ബഹുമാനപ്പെട്ട അംഗത്തിന്റെ സമയം കളയുന്നതെന്തിനാണ്? ... (ബഹളം).... അങ്ങ് നിയന്ത്രിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിക്കാം. പ്ലീസ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാധാരണഗതിയിൽ നിയമസഭയ്ക്കകത്ത് മാരകയാധുങ്ങൾ കൊണ്ടുവരാറില്ല. ബഹുമാന്യനായ മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ കാണിച്ചത് യഥാർത്ഥ ഗ്രനേഡാണെങ്കിൽ അതീവ ഗൗരവമായ പ്രശ്നമാണ്. ഇക്കാര്യത്തിൽ ഏറ്റവും നല്ല നടപടി, അദ്ദേഹം അത് മേശപ്പുറത്തുവയ്ക്കണം, അങ്ങയുടെ കസ്റ്റഡിയിൽ വാങ്ങുകയും വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശം അംഗീകരിക്കുന്നു. സെക്രട്ടേറിയറ്റ് നടയിലൂടെ നടന്നുപോകുന്ന ഏത് വ്യക്തിക്കും ഈ പൊട്ട ഗ്രനേഡ് കയ്യിൽ കിട്ടും. ആർക്കും കിട്ടും. ആ ഗ്രനേഡ് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. അങ്ങ് പരിശോധിക്കണം. മേശപ്പുറത്ത് വയ്ക്കുമ്പോൾ ഒരു കാര്യംകൂടി പരിശോധിക്കണം. ഇതിന്റെ പ്രൊഡക്ഷൻ ഡേറ്റ് എന്റെ കയ്യിലുണ്ട്. (പേപ്പർ ഉയർത്തിക്കാട്ടി) കാലാവധി കഴിഞ്ഞിട്ടും ഈ ഗ്രനേഡ് ഉപയോഗിച്ച പോലീസുദ്യോഗസ്ഥർക്കെതിരെ അങ്ങ് നടപടി സ്വീകരിക്കണം. മുഖ്യമന്ത്രി നടപടി സ്വീകരിക്കണം. അതിന്റെ ഡേറ്റ് ഓഫ് എക്സ്പയറി കഴിഞ്ഞതിന്റെ റെസീപ്റ്റും എന്റെ കയ്യിലുണ്ട്. ഞാനതും മേശപ്പുറത്ത് വയ്ക്കാം. ...(ബഹളം)....ഒരു കുഴപ്പവുമില്ല. എന്റെ കയ്യിൽനിന്ന് അത് വാങ്ങി എന്നുള്ളതിന്റെ റെസീപ്റ്റ് എനിക്ക് തരണം. ഇതുപയോഗിച്ച പോലീസുകാർക്കെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടിയെടുക്കണം. പാവപ്പെട്ട ആളുകൾക്ക് നേരെ ഇങ്ങനെ ഗ്രനേഡ് ഉപയോഗിക്കുന്നത് ശരിയാണോ? അങ്ങയുടെ ത്യാഗപൂർണ്ണമായ പഴയ രാഷ്ട്രീയ ചരിത്രം എനിക്കറിയാം. ഒരു കാരണവശാലും അങ്ങയെപ്പോലെയുള്ള ഒരാൾ ഇതിന് കൂട്ടുനിൽക്കില്ലെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് അങ്ങ് നടപടിയെടുക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പോലീസ് എന്ന ധനാഭ്യർത്ഥനയെക്കുറിച്ചുള്ള ചർച്ചയിൽ എനിക്ക് ധാരാളം കാര്യങ്ങൾ പറയാനുണ്ടായിരുന്നു.

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ...

മി. ഡെപ്യൂട്ടി സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. ആർ. രാജേഷ് : സർ, ഇവിടെ അദ്ദേഹം പറഞ്ഞത് ഒരു പൊട്ട ഗ്രനേഡ് എന്നാണ്. അദ്ദേഹത്തിന്റെ വാക്കുതന്നെയാണ് ഒരു 'പൊട്ട ഗ്രനേഡ്' എന്നത്. വഴിയിൽ കിടന്ന് കിട്ടിയ ഒരു പൊട്ട ഗ്രനേഡ് കൊണ്ടുവന്നിട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് പറയുന്നത് ഓർഡറിലാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതുതന്നെയാണ് ഞാൻ പറഞ്ഞത്, ഇവർ ഉദ്യോഗസ്ഥരെ പ്രേരിപ്പിച്ച് ചെയ്യിച്ചതാണ്. അതുകൊണ്ട് ആ ഉദ്യോഗസ്ഥനെ രക്ഷിക്കാൻ വേണ്ടി ചെയ്യുന്ന നടപടിയാണിത്. ഇവർക്ക് ഗ്രനേഡ് എറിയണം, എറിഞ്ഞ ഉദ്യോഗസ്ഥനെ രക്ഷിക്കണം, അതാണ് ഇവരുടെ നടപടി. അപ്പോൾ ഇതിന്റെ പിന്നിൽ ആരാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. അതുകൊണ്ട് ഈ പോലീസ് നയത്തെയും നടപടികളെയും ഈ ധനാഭ്യർത്ഥനയെയും ഞാൻ വളരെ ശക്തമായി എതിർക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടുള്ള പ്രസംഗത്തിനിടയിൽ മാരകമായ ഗ്രനേഡ് നിയമസഭയിൽ കൊണ്ടുവച്ചിരിക്കുകയാണ്. അത് ബഹുമാനപ്പെട്ട സ്പീക്കറുടെ കസ്റ്റഡിയിലുണ്ട്. ആ ഗ്രനേഡ് ലബോറട്ടറിയിൽ കൊടുത്ത് പരിശോധിക്കണം. കോൺഗ്രസ്സുകാർ ബോംബ് മാത്രമല്ല ഗ്രനേഡ് ഉണ്ടാക്കാനും പഠിച്ചുകൊണ്ടിരിക്കുകയാണെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന പ്രതിപക്ഷ നേതാവുമൊക്കെ ഇത്രയും രോഷാകുലരായല്ലോ. നിങ്ങൾ എന്റെയും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും നേർക്ക് ഗ്രനേഡ് എറിഞ്ഞില്ലേ; ഞങ്ങൾ ആ ഗ്രനേഡ് ഇവിടെ കൊണ്ടുവന്നോ? അന്ന് നിങ്ങൾ ഇവിടെ ഉണ്ടായിരുന്നല്ലോ. സെക്രട്ടേറിയറ്റിന്റെ നടയിൽ എം.എൽ.എ.-മാർ നടത്തിയ പ്രകടനത്തിനുനേർക്ക് നിങ്ങൾ ഗ്രനേഡ് എറിഞ്ഞപ്പോൾ എന്നെയും ശ്രീ. വി. എസ്. അച്ചുതാനന്ദനെയും ആശുപത്രിയിൽ കൊണ്ടുപോയി. അന്ന് ഞങ്ങളിവിടെ ഗ്രനേഡ് കൊണ്ടുവന്നില്ല. റോഡിൽ കുട്ടികൾ വലിച്ചെറിയുന്ന കളിപ്പാട്ടങ്ങൾ ഇവിടെ കൊണ്ടുവന്നിട്ട് ഗ്രനേഡ്, ഗ്രനേഡ് എന്നുപറയാൻ നിങ്ങൾക്ക് നാണമില്ലേ? ഇത്തരം ഓലപ്പാമ്പൊന്നും ഇങ്ങോട്ട് കാണിക്കേണ്ട. ആഭ്യന്തര വകുപ്പിനെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. സി. ദിവാകരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. ഞാനാണ് പ്രസംഗിക്കുന്നത്. എന്റെ സമയമാണ് നഷ്ടമാകുന്നത്. ഒരു പോയിന്റുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ കൊണ്ടുവന്ന ഒരു പൊട്ടിയ ഗ്രനേഡ് മേശപ്പുറത്തുവയ്ക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഞാനത് മേശപ്പുറത്തുവച്ചു. ഇപ്പോൾ അത് അങ്ങയുടെ കസ്റ്റഡിയിലാണ്. ചെയറിന്റെ

കസ്റ്റഡിയിലുള്ള ഒരു സാധനത്തെ ഒരംഗം ചോദ്യം ചെയ്താൽ അതിന്റെ അർത്ഥം ചെയറിനെ ചോദ്യം ചെയ്യുകയെന്നതാണ്. ......(ബഹളം)..... ചെയറിനെ ചോദ്യം ചെയ്യുന്നത് ശരിയാണോ? അങ്ങ് ഈ കാര്യത്തിൽ റൂൾ ചെയ്യണം.

ശ്രീ. സി. ദിവാകരൻ : സർ, അവർക്ക് ചെയറിനോടുള്ള ബഹുമാനത്തെ ഞാൻ അംഗീകരിക്കുകയാണ്. ചെയറിനോടുള്ള ബഹുമാനം ഞാനിവിടെ രാവിലെ മുതൽ കണ്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ചെയറിനെ ബഹുമാനിക്കുന്നത് നല്ല കാര്യമാണ്. രണ്ട് വർഷം തികയാൻപോകുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ആഭ്യന്തര നയത്തെക്കുറിച്ച് വളരെ ചെറിയ കാര്യങ്ങളല്ലാതെ ഗൗരവമുള്ള ഒരാക്ഷേപവും ഇന്നുവരെ പ്രതിപക്ഷത്തിന് ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ല ........ (ബഹളം)..... അതുകൊണ്ട് മര്യാദയ്ക്ക് ഇരിക്കണം. ശ്രീ. അനിൽ അക്കര, നിങ്ങളെക്കാളും ഒരുപാട് പ്രായമുള്ള ഒരാളാണ് ഞാൻ. സംസാരിക്കുമ്പോൾ മര്യാദയ്ക്ക് ഇരിക്കണം. അല്ലെങ്കിൽ അടുത്തിരിക്കുന്ന ശ്രീ. കെ. മുരളീധരൻ പറഞ്ഞുകൊടുക്കണം. ......(ബഹളം)......

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അംഗങ്ങൾ അവരവരുടെ സീറ്റിലിരിക്കാതെയാണ് സംസാരിക്കുന്നത്. .....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: അത് നോക്കാം.

ശ്രീ. സി. ദിവാകരൻ: സർ, സീറ്റ് മാറിയിരുന്നിട്ടാണ് ബഹളം വയ്ക്കുന്നത്. അത് ചെയർ കാണണം. ഇപ്പോൾ കേരളത്തിലെ ജനജീവിതം ശാന്തമായി ഒഴുകുന്ന ഒരു പുഴപോലെയാണ്. യാതൊരു വിധത്തിലുള്ള വർഗ്ഗീയ കലാപങ്ങളോ ജാതീയ സംഘട്ടനങ്ങളോ ഇല്ല. കേരളത്തിൽ എല്ലാ ജാതിമതത്തിലുംപെട്ട ലക്ഷക്കണക്കിനാളുകൾ ഒത്തുചേർന്ന ദേശീയ ഉത്സവങ്ങൾ ഈയടുത്തകാലത്ത് നടക്കുകയുണ്ടായി. ശബരിമല തീർത്ഥാടന കാലത്ത്, കേരള പോലീസ് ഒരു കരിയിലയ്ക്കുപോലും കേടുവരുത്താതെ, ഭക്തജനങ്ങൾക്ക് ഒരപകടവും വരുത്താതെ തീർത്ഥാടനം കഴിഞ്ഞ് ഭക്തജനങ്ങൾക്ക് ശാന്തമായി പോകാനുള്ള സൗകര്യമൊരുക്കി. ആറ്റുകാൽ പൊങ്കാല സമയത്തും യാതൊരു കുഴപ്പവുമുണ്ടായില്ല. ഓണം, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ സന്ദർഭങ്ങളിലാണ് കേരളത്തിന്റെ ക്രമസമാധാനനില തെറ്റുന്നത്. അപ്പോഴെല്ലാം ആയിരം കണ്ണുകളോടുകൂടി കേരളത്തിലെ ക്രമസമാധാനം പരിപാലിക്കാൻ കഴിഞ്ഞു എന്ന കാര്യം ഞങ്ങൾക്കും ജനങ്ങൾക്കും അഭിമാനമാണ്. ഇവിടെ ഒരു പരാതിയുമില്ല. അങ്ങിങ്ങായി ചില സംഭവങ്ങൾ നടക്കുന്നത് സ്വാഭാവികമാണ്, ആര് ഭരിച്ചാലും അതുണ്ടാകും. ഞാൻ ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയോട് ചോദിക്കുകയാണ്, ഇന്ന് നമ്മൾ ഒന്നിച്ചുനിന്ന് പ്രതിഷേധിക്കേണ്ട ദിവസമല്ലേ; നമ്മുടെ രാജ്യത്തെ

ജനങ്ങളെ വഴിയാധാരമാക്കുകയല്ലേ ചെയ്യുന്നത്; തെരഞ്ഞെടുപ്പിന് വോട്ട് ചെയ്തു എന്നല്ലാതെ എന്ത് തെറ്റാണ് ത്രിപുരയിലെ ജനങ്ങൾ ചെയ്തത്; ത്രിപുരയിലെ ജനങ്ങളുടെ വീടുകൾ കത്തിച്ച് കൊലവിളി നടത്തുന്ന നടപടിയല്ലേ സംഘ്പരിവാർ ചെയ്യുന്നത്. അവിടെ മഹാനായ ലെനിന്റെ പ്രതിമ തകർത്തു, ആയിരം പ്രതിമ തകർത്താലും, രാജീവ് ഗാന്ധിയുടെ പ്രതിമ തകർത്താലും അത് തെറ്റാണ്. അത്തരം നടപടിയെ അപലപിക്കണം. ...(ബഹളം)... നിങ്ങൾ രോഷാകുലരാകണ്ട. ലെനിന്റെ പ്രതിമ തകർത്തതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. പക്ഷെ നിങ്ങൾക്ക് ദുഃഖമില്ലാത്തൊരു കാര്യമുണ്ട്. മഹാത്മാഗാന്ധിയെ വെടിവച്ച് കൊന്നവരാണ് ഇന്ന് ലെനിന്റെ പ്രതിമ തകർത്തത്. അതോർമ്മവേണം. നിങ്ങൾ അപലപിക്കണം. നമ്മളൊന്നിച്ച് നിൽക്കേണ്ട സമയമാണിത്. ഈ രാജ്യത്ത് ആർ.എസ്.എസ്.-കാരുടെ അഴിഞ്ഞാട്ടമാണ് നടക്കുന്നത്. ഒരു ജനതയെ വേട്ടയാടുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ത്രിപുരയിൽ നടന്ന സംഭവങ്ങളോട് ആരും യോജിക്കുന്നില്ല. ലെനിന്റെ പ്രതിമയായാലും രാജീവ്ഗാന്ധിയുടെ പ്രതിമയായാലും തകർക്കുന്നതിനെ ഞങ്ങൾ ശക്തമായി അപലപിക്കുകയാണ്. ഡൽഹിയിൽ നിന്ന് ഞങ്ങളുടെ പാർട്ടിതന്നെ അത് അപലപിച്ചിട്ടുള്ള കാര്യമാണ്. എല്ലാവരും അപലപിച്ചിട്ടുണ്ട്. ഇല്ലെങ്കിൽ ഞാനിവിടെ അപലപിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ മറ്റൊരാക്ഷേപമുള്ളത്, രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ചാണ്. രാഷ്ട്രീയ കൊലപാതകങ്ങളുടെ അംഗസംഖ്യ ഇപ്പോൾ വളരെ കുറവാണ്. ഇത്തരം കൊലപാതകങ്ങൾ ഉണ്ടാകുന്നത് ബോധപൂർവ്വമല്ല, യാദൃശ്ചികമായി നടക്കുന്നതാണ്. പോലീസിന്റെ കഴിവിനെക്കുറിച്ച്, 'അവാർഡുകൾ, അംഗീകാരം, ദേശീയ നിലവാരത്തിൽ' - എന്നാണ് പറയുന്നത്. പ്രതിപക്ഷം ഇത് കാണുകയോ വായിക്കുകയോ ചെയ്യുന്നുണ്ടോ? 2016-17-ൽ മികച്ച സംസ്ഥാനമായി പബ്ലിക് അഫയേഴ്സ് ഇൻഡക്സ് കേരളത്തെ തെരഞ്ഞെടുത്തു. അതിൽ പറയുന്നത്, 'സ്ത്രീ സുരക്ഷയ്ക്ക് അംഗീകാരം- പ്ലാൻ ഇന്ത്യ നടത്തിയ ഗ്രേഡിംഗ് പ്രകാരം സ്ത്രീ സുരക്ഷ ഉറപ്പാക്കിയതിന് Gender Vulnerability Index-ൽ കേരളം ഗോവയെ പിന്നിലാക്കി, ജനമൈത്രി പോലീസ് എക്സലന്റ് അവാർഡ്, സൈബർ ഡോമിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ്, ഇന്ത്യയിലെ മികച്ച പോലീസ് സ്റ്റേഷനായി കണ്ണൂരിലെ വളപട്ടണം സ്റ്റേഷനെ തെരഞ്ഞെടുത്തത്, കൊല്ലം സിറ്റി ജില്ലാ പോലീസ് ഓഫീസിന് പ്രവർത്തന മികവിനുള്ള ഐ.എസ്.ഒ. സർട്ടിഫിക്കറ്റ്, സ്റ്റുഡന്റ്സ് പോലീസ് ഇന്ത്യയ്ക്ക് മാതൃകയാകുന്നു' എന്നിങ്ങനെയാണ്. പോലീസ് ഇപ്പോൾ നമ്മുടേതും മുൻപ് നിങ്ങളുടേതുമല്ല. പോലീസ് പോലീസാണ്. അവർ ചെയ്യുന്നത് അംഗീകരിക്കണം.

ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ നിങ്ങൾ ഭാവനയിൽ കണ്ടിട്ടുണ്ടോ? സ്റ്റേഷനുകളിൽ പി.ആർ.ഒ.-മാർ., എന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ? പോലീസ് മർദ്ദനത്തെക്കുറിച്ചും ജയിലുകളെക്കുറിച്ചും ഇവിടെ പറഞ്ഞു. നിങ്ങൾക്കറിയാത്ത, കോൺഗ്രസുകാർ വായിക്കാത്ത കേരളത്തിന്റെ ചരിത്രമുണ്ട്. തോപ്പിൽഭാസി എഴുതിയത്, "പോലീസുകാർക്ക് പൗരുഷം വന്നു. അപ്പോൾ അയാളെ ദണ്ഡിക്കാൻ തുടങ്ങി. അവർ അദ്ദേഹത്തെ കൊട്ടാരക്കര ലോക്കപ്പിൽ അടച്ചു" എന്നാണ്. കോട്ടാത്തല സുരേന്ദ്രനെ നിങ്ങൾക്ക് അറിയാമോ? അദ്ദേഹത്തിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്, 'അന്ന് വൈകിട്ട് ഏഴ് മണിക്ക് സുരേന്ദ്രൻ മരിച്ചു, അടിയും ഇടിയുംകൊണ്ട് ചതഞ്ഞ ഒരു ശരീരം, കൈ ആറിടത്ത് ഒടിഞ്ഞിട്ടുണ്ട്, കഴുത്ത് ഒടിഞ്ഞുപോയി. വാരിയെല്ലുകൾ മിക്കതും ഒടിഞ്ഞിട്ടുണ്ട്. കരൾ കലങ്ങിയിരിക്കുന്നു". ഒരു മനുഷ്യനെ കൊല്ലാൻ ഇത്രയുമൊക്കെയെന്തിന്? നിങ്ങളുടെ കാലത്താണ് ഇത് നടന്നത്. "പോലീസ് ആ ശവശരീരം കൊല്ലത്ത് ചുടുകാടിന് പടിഞ്ഞാറുവശത്ത് പട്ടികളെ കുഴിച്ചിടുന്നതുപോലെ കുഴിച്ചിട്ടു". ഇനിയുമുണ്ട്. അത് ശ്രീ. കെ. സി. ജോസഫിനൊക്കെ അറിയാവുന്നതാണ്. കെ. രാജനെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കും. കൊച്ചിയിലെ ഹാർബർ തൊഴിലാളികളുടെ നേതാവ്. സദാസമയവും ചിരിച്ചുകൊണ്ട് നടക്കുന്ന ചടച്ച ഒരു മനുഷ്യൻ. അദ്ദേഹത്തെ മർദ്ദിച്ച് മർദ്ദിച്ച് അവശനാക്കി. ഇനിയും ആ ശരീരത്തിൽ തല്ലിയാൽ മരിച്ചുപോകുമെന്ന സ്ഥിതിവന്നപ്പോൾ അയാളുടെ ഗുഹ്യഭാഗത്ത് ഈർക്കിൽ കയറ്റാൻ തുടങ്ങി. കൊല്ലാതെ പ്രാണൻ കളയുന്ന നടപടികളാണ് പോലീസ് അവലംബിച്ചത്. എന്നിട്ടും അദ്ദേഹം ഇടപ്പള്ളി കേസിലെ ആളുകളെ പുറത്തുപറഞ്ഞില്ല. ഇതൊക്കെ ഇവിടെ നടന്നതല്ലേ; ഇന്ന് ഞങ്ങളുടെ ഭരണകാലത്ത് ലോക്കപ്പിൽ ആരുടെയെങ്കിലും നേർക്ക് ഈർക്കിൽ പ്രയോഗം നടത്തുന്ന സംഭവം നിങ്ങൾക്ക് പറയാനുണ്ടോ? അന്ന് ദാഹിച്ച് വെള്ളം ചോദിച്ചപ്പോൾ മൂത്രമാണ് കൊടുത്തത്. ഇതെല്ലാം അനുഭവിച്ചവരാണ് ഞങ്ങളും ഞങ്ങളുടെ പൂർവ്വികരും. കേരളത്തിലെ എല്ലാ ജയിലറകളിലും ജയിൽ ഭിത്തികളിലും ഞങ്ങളുടെ പാർട്ടി നേതാക്കൻമാർ അവരുടെ ചോരയും വിയർപ്പും നീരും ജീവിതവും ഹോമിച്ചിട്ടുണ്ട്. എന്നിട്ടാണ് നിങ്ങളിപ്പോൾ പോലീസ് ഭയങ്കരമാണെന്ന് പറയുന്നത്. പോലീസ് ഇതിൽക്കൂടുതൽ എങ്ങനെ നന്നാകും.

ജയിലിനെ സംബന്ധിച്ച് പറയുമ്പോൾ, ഞാൻ ജയിലിൽ തടവുകാരനായി പോയിട്ടുണ്ട്; ഇപ്പോൾ സന്ദർശനത്തിനും പോയി. കേരളത്തിലെ ജയിൽ കണ്ടപ്പോൾ നിയമസഭയിൽ കഴിയുന്നതിനെക്കാൾ സുഖം ജയിലിൽ കഴിയുന്നതാണെന്ന് എനിക്ക് തോന്നുന്നു. എല്ലാ സജ്ജീകരണങ്ങളുമുണ്ട്. ഞാൻ ഭരണാധികാരികളെ അഭിനന്ദിക്കുകയാണ്. എല്ലാ ആധുനിക സജ്ജീകരണങ്ങളുമുണ്ട്. അവരവിടെ ജോലി ചെയ്ത് ലാഭമുണ്ടാക്കുകയാണ്.

അഞ്ചുകോടി രൂപയാണ് ജയിലിൽ നിന്ന് ഖജനാവിലേയ്ക്ക് കൊടുത്തിരിക്കുന്നത്. അവർ മനുഷ്യർക്കാവശ്യമായ ആഹാരവും എൽ.ഇ.ഡി. ബൾബുകളും കളിപ്പാട്ടങ്ങളും ഉണ്ടാക്കിക്കൊടുക്കുകയാണ്. പുതിയ ലോകം പുതിയ മനുഷ്യൻ, അതാണ് ജയിൽ. ഇന്നലെ ഞങ്ങളുടെ പൂർവ്വികർ കിടന്ന ജയിൽ പൂങ്കാവനം പോലെയാകണം. ഇപ്പോൾ അവിടെ ലൈബ്രറിയും പാർക്കുമുണ്ട്. ജയിലിലുള്ളവരിൽ ചിലർ ഒളിമ്പിക്സിൽ മത്സരിക്കാൻ തയ്യാറെടുക്കുകയാണ്. കൂടാതെ ക്രിക്കറ്റ് പരിശീലനവും ആരംഭിക്കാൻ പോകുകയാണ്.

എനിക്കൊരു അപേക്ഷ കൂടിയുണ്ട്. ഫയർ & റസ്ക്യൂ സർവ്വീസ് അടിയന്തരമായി ആധുനികവത്ക്കരിക്കണം. നൂറ് സ്ത്രീകൾ പരിശീലനം നേടിയിട്ടുണ്ട്. അതുപോലെ അപകടമുണ്ടാകുമ്പോൾ ഫയർ ഫോഴ്സ് എത്തുന്നതുവരെ സിവിലിയൻസ് തന്നെ രക്ഷാപ്രവർത്തനം നടത്തുന്ന രീതിയിലെത്തിക്കുന്നതിനുള്ള പരിശ്രമം നടക്കുന്നുണ്ട്. ഫയർ സ്റ്റേഷൻ പലയിടത്തും cowshed-കളാണ്. എന്റെ മണ്ഡലത്തിൽ അങ്ങനെയൊരു സ്റ്റേഷനേയില്ല. രണ്ടുമൂന്ന് ഉദ്യോഗസ്ഥരും രണ്ട് ലോറിയുമുണ്ട്. ഒരുപയോഗവുമില്ല. കേരളത്തിലെ ഫയർ & റസ്ക്യൂ സർവ്വീസ് നവീകരിക്കണം. ഓഖി ദുരന്തമുണ്ടായപ്പോൾ ഫയർഫോഴ്സ് വലിയ സേവനമാണ് നടത്തിയത്. അക്കാര്യത്തിൽ ഉദാരസമീപനം സർക്കാർ കൈക്കൊള്ളണം. അവിടെയുള്ള ഒഴിവുകൾ നികത്തണം. അതുപോലെ ജയിൽ വകുപ്പിൽ 287 ഒഴിവുകളുണ്ട്. ജയിൽ, പോലീസ്, ഫയർഫോഴ്സ് എന്നിവ ഒരു ജനതയുടെ ജീവിതം സംരക്ഷിക്കുന്ന, ക്രമസമാധാനം പരിപാലിക്കുന്ന ഘടകങ്ങളാണ്. ഈ വകുപ്പുകൾക്ക് ബജറ്റിൽ ഗണ്യമായ തുക അനുവദിക്കണം. അവരുടെ അലവൻസ് ആയിരം രൂപയായി വർദ്ധിപ്പിക്കണം. സംതൃപ്തമായ പോലീസ് വിംഗ് ഉണ്ടാകണം. നമ്മുടെ പോലീസ് വകുപ്പിന് നല്ലതുപോലെ കൃത്യനിർവ്വഹണം നടത്താൻ കഴിയുന്നതാണ്. സി.ബി.ഐ.-യും മനുഷ്യർ തന്നെയാണ്. സി.ബി.ഐ.-യെക്കാൾ ഒന്നാന്തരം പോലീസ് സംസ്ഥാനത്തുണ്ടെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. രമേശ് ചെന്നിത്തലയ്ക്കും അറിയാമെങ്കിലും പ്രതിപക്ഷത്തിരിക്കുമ്പോൾ സി.ബി.ഐ. വേണമെന്ന് പറയും. ശ്രീ. കാർത്തിക് ചിദംബരത്തെ സി.ബി.ഐ. കൈകാര്യം ചെയ്യുന്നത് കണ്ടോ, ആ സി.ബി.ഐ. വേണമെന്നാണോ നിങ്ങൾ പറയുന്നത്? സി.ബി.ഐ. വേണമെന്ന് പറയുന്നത് ഞങ്ങളെ നേരിടാനാണ്. ഇതിനേക്കാൾ മെച്ചപ്പെട്ട സംസ്ഥാന സർക്കാർ എവിടെയുണ്ട്; യു.പി.-യിലോ ബീഹാറിലോ ഒറീസയിലോ തമിഴ്നാട്ടിലോ ഉണ്ടോ? നിങ്ങൾ ഈ സർക്കാരിനെ എതിർക്കുകയാണ്. ശ്രീ. കുമ്മനം രാജശേഖരനും ശ്രീ.

രമേശ് ചെന്നിത്തലയും ഒരുമിച്ച് ഈ സർക്കാരിനെ എതിർക്കുന്നു. നിങ്ങളുടേത് ഒരു ജനാധിപത്യ മതേതര പ്രസ്ഥാനമല്ലേ? ബി.ജെ.പി./സംഘ്പരിവാറെടുക്കുന്ന സമീപനം ഇടതുപക്ഷ ജനാധിപത്യ സർക്കാരിനുനേർക്ക് നിങ്ങൾ സ്വീകരിക്കുന്നത് ആത്മഹത്യാപരമാണ്. മതന്യൂനപക്ഷങ്ങൾക്കുവേണ്ടി അടരാടുന്നവരാണ് ഇടതുപക്ഷ പ്രസ്ഥാനം. അതിനെതിരായി കോൺഗ്രസിനോട് ചേർന്നുകൊണ്ട് മുസ്ലീംലീഗുകാരെടുക്കുന്ന സമീപനവും മറ്റൊരാത്മഹത്യയാണ്. അത് നിങ്ങൾ പുനഃപരിശോധിക്കണം. ഈ സർക്കാരിനു നേരെ അനാവശ്യമായ ദുരാരോപണങ്ങൾ കൊണ്ടുവന്ന് ജനങ്ങളുടെ മുന്നിൽ കരിവാരിത്തേയ്ക്കരുതെന്ന് പറഞ്ഞുകൊണ്ട് ധനാഭ്യർത്ഥനയെ ശക്തമായി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കേരളമാകെ ക്രമസമാധാനനില തകർന്നിരിക്കുന്നതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. പുറത്ത് ക്രമസമാധാനം തകർന്നു; നിയമസഭയ്ക്കകത്തും ക്രമസമാധാനം തകർക്കാനുള്ള ശ്രമമാണ് ഭരണകക്ഷി അംഗങ്ങൾ ഇന്ന് രാവിലെ മുതൽ നടത്തിക്കൊണ്ടിരിക്കുന്നത്. പോലീസിന്റെ പ്രവർത്തനത്തെക്കുറിച്ചും പോലീസിന്റെ തൊപ്പിയിലെ പൊൻതൂവലിനെക്കുറിച്ചുമൊക്കെയാണ് ഇവിടെ ചിലർ പറഞ്ഞത്. പോലീസുകാർക്കിടയിൽ ക്രിമിനലുകൾ വർദ്ധിച്ചുവെന്നാണ് പത്രങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ലോക്കപ്പിൽ കിടക്കുന്നവർക്ക് സൂചികൊണ്ട് ഒരു കുത്തെങ്കിലും കിട്ടിയിട്ടുണ്ടോ എന്നാണ് ബഹുമാനപ്പെട്ട സി. ദിവാകരൻ ഇവിടെ ചോദിച്ചത്. 'ലോക്കപ്പിൽ യുവാവിന് ഹോക്കി സ്റ്റിക്കുപയോഗിച്ച് മർദ്ദനം, നിരവധി പോലീസുകാർ കുടുങ്ങിയേക്കും' എന്നതാണ് വാർത്ത. 'പതിനാറുകാരിക്ക് എസ്.ഐ.-യിൽ നിന്നും പീഡനം', 'തൊടുപുഴ സി.ഐ. -യുടെ മർദ്ദനത്തെത്തുടർന്ന് ഓട്ടോ ഡ്രൈവർ ജീവനൊടുക്കി, സി.ഐ.-ക്കെതിരെ നടപടിയാവശ്യപ്പെട്ട് ബന്ധുക്കൾ മൃതദേഹവുമായി തൊടുപുഴയിൽ പ്രതിഷേധിച്ചു'; 'സ്കൂളുകളിൽ കയറി വിദ്യാർത്ഥികൾക്കുനേരെ പോലീസ് നരനായാട്ട്'; 'ഭിന്നലിംഗക്കാർക്കെതിരെ പോലീസിന്റെ ക്രൂരമർദ്ദനം'. എന്നിങ്ങനെ എൽ.ഡി.എഫ്. ഭരിക്കുന്നതുകൊണ്ട് ആർക്കും എന്തുമാകാമെന്നുള്ളതാണ് സംസ്ഥാനത്തെ സ്ഥിതി. ആൾക്കൂട്ട കൊലപാതകം ഉത്തരേന്ത്യയിലൊക്കെ നടക്കുന്നത് കേട്ടിട്ടുണ്ട്. എന്നാൽ കേരളത്തിൽ 16 പേർ ചേർന്നാണ് ആദിവാസി യുവാവായ മധുവിനെ കൊലപ്പെടുത്തിയത്. എൽ.ഡി.എഫ്. ഭരണമായതു കൊണ്ടുമാത്രമാണ് മധുവിനെ കൊലപ്പെടുത്താൻ ആളുകൾ മുന്നോട്ടുവന്നത്. ഇവിടെ ആർക്കും എന്തുമാകാമെന്നാണ്. ഷുഹൈബിനെ അതിദാരുണമായി കൊലപ്പെടുത്തി. 'ഒരു മനുഷ്യനോട് ചെയ്യുന്നത് കണ്ടില്ലേ' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജെയിംസ് മാത്യു)

സി.പി.ഐ.(എം.) നടത്തുന്ന കൊലപാതകങ്ങൾ കണ്ട് സി.പി.ഐ.-ക്കാരും കൊലപാതകം നടത്തുകയാണ്. എല്ലാ കാര്യത്തിലും സി.പി.ഐ., സി.പി.ഐ.(എം.)-നോട് മത്സരിക്കുകയാണ്. മട്ടന്നൂരിൽ ഷുഹൈബിനെ വെട്ടിക്കൊന്നപ്പോൾ മണ്ണാർക്കാട് സഫീറിനെ കുത്തിക്കൊന്നു. പാർട്ടി സമ്മേളനം തുടങ്ങുന്നതിനുമുമ്പ് ഒരാളെ കൊല്ലണമെന്ന് നിങ്ങൾക്ക് തീരുമാനമുണ്ടോ? സി.പി.ഐ.(എം.)-ന്റെ സമ്മേളനം തുടങ്ങുന്നത് ഷുഹൈബിനെ കൊലപ്പെടുത്തിയിട്ടാണ്. സി.പി.ഐ.-യുടെ സംസ്ഥാന സമ്മേളനം തുടങ്ങിയത് സഫീറിനെ കൊലപ്പെടുത്തിയിട്ടാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി. : സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് ബഹുമാനപ്പെട്ട അംഗം സംസാരിക്കുന്നത്. സഫീറിന്റെ കൊലപാതകം രാഷ്ട്രീയ കൊലപാതകമല്ലെന്ന് അദ്ദേഹത്തിന്റെ അച്ഛൻ തന്നെ പറഞ്ഞിട്ടുണ്ട്. ചെറുപ്പകാലത്തുണ്ടായ കുടിപ്പകയാണെന്നാണ് പറഞ്ഞത്. ഇനി ഏതെങ്കിലും തരത്തിൽ സി.പി.ഐ.-ക്ക് ആ കൊലപാതകത്തിൽ പങ്കുണ്ടെങ്കിൽ അത് തെളിയിക്കണം. വെറുതെ ആരോപണം പറയരുത്.

ശ്രീ. പി. ഉബൈദുള്ള: സർ, നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടനുസരിച്ച് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം ദേശീയ ശരാശരിയെക്കാൾ മുമ്പിലാണ്. ഇന്ത്യയിലും കേരളത്തിലും കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന് യു.എ.ഇ.-യിലെ സർക്കാർപോലും മനസ്സിലാക്കിയിരിക്കുകയാണ്. അതുകൊണ്ടാണ് യു.എ.ഇ.-യിൽ പുതിയ നിയമം നടപ്പിലാക്കിയത്. അഞ്ചുകൊല്ലം ഒരു ക്രിമിനൽ കേസിലും പ്രതിയല്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ ഇനി യു.എ.ഇ.-യിൽ ജോലി ചെയ്യാൻ സാധിക്കുകയുള്ളൂ. അപ്പോൾ തൊഴിൽ കൊടുക്കാൻ സാധിക്കില്ല. ഗൾഫിൽ ജോലിക്ക് പോകുന്ന ചെറുപ്പക്കാരുടെ തൊഴിലവസരംപോലും നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള നടപടികളാണ് ഈ ഭരണത്തിന്റെ കീഴിലുണ്ടായിക്കൊണ്ടിരിക്കുന്നത്. അടുത്തകാലത്ത് ഒരു അറബി ഇവിടെ വന്നുപോയതിനു ശേഷമാണ് ഈ നിയമം കൊണ്ടുവന്നതെന്നും പറയുന്നുണ്ട്. ഏതായിരുന്നാലും ഗൾഫിൽ ജോലി ചെയ്യുന്നയാളുകൾ ഇപ്പോൾ വളരെ പ്രയാസമനുഭവിക്കുകയാണ്.

കണ്ണൂർ വളരെ ശാന്തമായ പ്രദേശമായിരുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. 1969 മുതൽ അവിടെ കൊലപാതകങ്ങളുണ്ടെന്നാണ് ഞങ്ങളൊക്കെ വായിച്ചിട്ടുള്ളത്. സഖാവ് എ.കെ.ജി.-യുടെ കാലത്തൊക്കെ

സമാധാനമുണ്ടായിരുന്നു. ഇപ്പോൾ ആരാണ് അവിടെ നേതാവ്? പാടത്ത് പണിയെടുത്താൽ വരമ്പത്ത് കൂലി കൊടുക്കണമെന്ന് അണികൾക്ക് നിർദ്ദേശം കൊടുക്കുന്ന നേതാക്കന്മാർ അക്കാലത്തുണ്ടായിരുന്നില്ല. അണികൾ ഇപ്പോൾ അതെല്ലാം നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പാടത്ത് പണിയെടുക്കുമ്പോൾ വരമ്പത്ത് കൂലി ഇപ്പോൾ ശ്രീ. കാനം രാജേന്ദ്രനും കൊടുത്തുകൊണ്ടിരിക്കുകയാണ്. പാർട്ടിക്കൊടി എല്ലായിടത്തും നാട്ടാനുള്ളതല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. സഭയിലാണ് മുഖ്യമന്ത്രി പറഞ്ഞതെങ്കിലും പുറത്ത് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞത്, അത് എ.ഐ.വൈ.എഫ്. കൊടിക്ക് മാത്രമല്ല എല്ലാ കൊടികൾക്കും ബാധകമാണെന്നാണ്. സി.പി.ഐ.-യെ കാണണമെങ്കിൽ തൃശ്ശൂരിൽ പോകണമെന്നാണ് സി.പി.ഐ.(എം.)-ന്റെ ഒരു യുവ എം.എൽ.എ. പറഞ്ഞത്. അതിന് ശ്രീ. കാനം രാജേന്ദ്രൻ മറുപടി പറഞ്ഞത്, സി.പി.ഐ.-യെ കാണണമെങ്കിൽ തൃശ്ശൂരിൽ പോകണ്ട, ആ യുവ എം.എൽ.എ.-യുടെ പഞ്ചായത്തിൽ 300 അംഗ ബ്രാഞ്ച് കമ്മിറ്റി സി.പി.ഐ.-യ്ക്കുണ്ടെന്നാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. നിയമസഭയിലില്ലാത്ത ഒരു വ്യക്തിയെക്കുറിച്ച് ഇങ്ങനെ ആവർത്തിച്ച് ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാനൊരു തരത്തിലുള്ള ആക്ഷേപവും പറഞ്ഞിട്ടില്ല. പുറത്തുനടക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളാണ് സഭയ്ക്കകത്ത് പ്രതിഫലിപ്പിക്കേണ്ടത്. അതിനാണ് നിയമസഭ. നമ്മുടെ നാട്ടിൽ നടക്കുന്ന കൊലപാതകത്തിൽ ഒരു ഭാഗത്ത് കേന്ദ്രം ഭരിക്കുന്ന പാർട്ടി, മറുഭാഗത്ത് സംസ്ഥാനം ഭരിക്കുന്ന പാർട്ടി. നാട്ടിൽ സമാധാനപരമായി ജനങ്ങൾക്ക് ജീവിക്കാൻ അവസരമൊരുക്കണ്ടേ? അതിനുപകരം കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്ന പാർട്ടികൾ പരസ്പരം ആളുകളെ കൊലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നടക്കുന്ന എല്ലാ അക്രമപ്രവർത്തനങ്ങളിലും ഒരു ഭാഗത്ത് സി.പി.ഐ.(എം.)-ഉം മറുഭാഗത്ത് ബി.ജെ.പി.-യോ കോൺഗ്രസ്സോ ലീഗോ ആയിരിക്കാം. എല്ലാത്തിലും ഒരു ഭാഗത്ത് നിൽക്കുന്നത് സംസ്ഥാനം ഭരിക്കുന്ന പാർട്ടി തന്നെയാണ്. എനിക്കിപ്പോൾ ഓർമ്മ വരുന്നത് മലപ്പുറത്തുണ്ടായിരുന്ന കുട്ടികൃഷ്ണൻ എസ്.ഐ.-യെ ആണ്. എല്ലാ പ്രകടനം നടക്കുമ്പോഴും ഞങ്ങളുടെ മുന്നിൽ വന്ന് അദ്ദേഹം പറയും, കുഴപ്പമൊന്നുണ്ടാക്കരുത്; നമ്മൾ റൂളിംഗ് പാർട്ടിയാണെന്ന്. റൂളിംഗ് പാർട്ടി കുഴപ്പമുണ്ടാക്കരുതെന്ന് പറഞ്ഞ കുട്ടികൃഷ്ണൻ എസ്.ഐ.-യുടെ ബുദ്ധിപോലും ഈ പാർട്ടി നേതാക്കന്മാർക്ക് ഇല്ലാതെപോയി. നമ്മൾ റൂളിംഗ് പാർട്ടിയാണ്, ഇപ്പോൾ കുഴപ്പമുണ്ടാക്കരുതെന്ന നിർദ്ദേശം നിങ്ങൾ അണികൾക്ക് കൊടുക്കണ്ടേ? പോലീസിന്റെ സ്ഥിതിയെന്താണ്? പോലീസിൽ പാർട്ടി

ഫാക്ഷൻ, എൻ.ജി.ഒ. ഫാക്ഷൻ, അദ്ധ്യാപക ഫാക്ഷൻ എന്നിവയുണ്ട്. പോലീസിൽ സി.പി.ഐ.(എം.)-ന് മാത്രമല്ല പാർട്ടി ഫാക്ഷൻ, ആർ.എസ്.എസ്.-ന് തത്വമസി എന്ന പേരിൽ പാർട്ടി ഫാക്ഷൻ, അവർക്കും ഒരു വാട്ട്സ് ആപ് ഗ്രൂപ്പുണ്ട്. ഒരു ചെറുപ്പക്കാരനെ കൊന്നിട്ട് സംസ്ഥാനമൊട്ടാകെ പ്രതിഷേധപ്രകടനം നടത്തുമ്പോൾ മലപ്പുറം ടൗണിൽ മുസ്ലീം ലീഗിന്റെ പ്രകടനം വേണ്ടെന്ന് ഞങ്ങൾ തീരുമാനിച്ചത് അവിടെ സി.പി.ഐ.-യുടെ സംസ്ഥാന സമ്മേളനം നടക്കുന്നതുകൊണ്ട് ഒരു കുഴപ്പമുണ്ടാകരുതെന്ന് ഞങ്ങൾക്ക് നിർബന്ധമുള്ളതു കൊണ്ടാണ്. അതാണ് ലീഗിന്റെ പാരമ്പര്യം.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 351 ഹിന്ദുദേവാലയങ്ങളിലും 96 ക്രിസ്ത്യൻ ദേവാലയങ്ങളിലും 36 മുസ്ലീം പള്ളികളിലും മോഷണം നടന്നു. 155-ഓളം പ്രതികളെ ഇതുവരെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. ഇവിടെ ശ്രീ. സി. ദിവാകരൻ പ്രസംഗിച്ചതുകേട്ടാൽ തോന്നും ആറ്റുകാൽ പൊങ്കാലയും ശബരിമല തീർത്ഥാടനവുമൊക്കെ ആദ്യത്തെ സംഭവമാണെന്ന്. ഇതെല്ലാം വർഷങ്ങളായി നടക്കുന്നതാണ്. യു.ഡി.എഫ്. ഭരണകാലത്താണ് വളരെ ഭംഗിയായി ഇതിനൊക്കെയുള്ള സൗകര്യമൊരുക്കിയത്. മുസ്ലീംലീഗ് നേതാവ് പി.കെ.കെ. ബാവ സാഹിബ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് ശബരിമലയിലേയ്ക്കുള്ള റോഡ് അതിമനോഹരമാക്കി മാറ്റിയതെന്ന കാര്യം ഓർക്കണം. ക്രിമിനൽ കേസുകളിൽപ്പോലും പോലീസുകാർ ഇന്ന് പ്രതിയാകുകയാണ്. കൊലപാതകത്തിൽ, സ്ത്രീപീഡനത്തിൽ, ലൈംഗിക അതിക്രമത്തിൽ, പരാതിക്കാരെ മർദ്ദിക്കുന്നതിലെല്ലാം പോലീസുകാർക്ക് പങ്കുണ്ട്. ഗൾഫ് രാഷ്ട്രങ്ങളിലൊക്കെ ഏതെങ്കിലും പ്രതിയെ പോലീസ് പിടിച്ചാൽ ആദ്യം പറയുന്നത് 'വതു സഹോദരാ എന്താണ് വിവരം' എന്നാണ്. ഇവിടെ പോലീസ് പ്രതികളെ പിടിച്ചാൽ ആദ്യം പറയുന്ന ഭാഷ ഞാനിവിടെ പറയേണ്ട കാര്യമില്ലല്ലോ. ഇവിടെ ഒരാളുടെ ശിപാർശയില്ലാതെ സാധാരണക്കാർക്ക് പോലീസ് സ്റ്റേഷനിൽ കയറാൻ സാധിക്കുമോ? സി.പി.ഐ.(എം.)-ന്റെ ഒരു ജില്ലാ സെക്രട്ടറിയുടെ മകനും കുറച്ച് കൂട്ടുകാരും ചേർന്ന് പോലീസ് സ്റ്റേഷനിൽ മൂത്രമൊഴിക്കാൻ കയറി. ഒറ്റയ്ക്കാണ് പോകുന്നതെങ്കിൽ സാധാരണഗതിയിൽ മൂത്രമൊഴിച്ചിട്ട് പോകാൻ പോലീസുകാർ പറയും. കുറേ സ്നേഹിതന്മാരെയും കൂട്ടിയാണ് പോലീസ് സ്റ്റേഷനിൽ മൂത്രമൊഴിക്കാൻ കയറിയത്. ഇവിടെ അതിനുള്ള സൗകര്യമില്ലെന്ന് എസ്.ഐ. പറഞ്ഞതിന് ആ എസ്.ഐ.-യെ സസ്പെന്റ് ചെയ്യുകയാണുണ്ടായത്. എന്നാൽ ഭരണമുന്നണിയിലെ രണ്ടാമത്തെ കക്ഷിയിലെ ഒരു യുവ എം.എൽ.എ. പോലീസ് സ്റ്റേഷനിലേയ്ക്ക് ഫോൺ ചെയ്തപ്പോൾ എം.എൽ.എ.-യോട് പോലീസ് പറഞ്ഞതെന്താണ്? എം.എൽ.എ.-യാണോ; എം.എൽ.എ. ആണെങ്കിൽ കയ്യിലിരിക്കട്ടെ എന്നാണ്. ആ പോലീസുകാരന്റെ പേരിൽ ഇതുവരെ നടപടിയെടുത്തിട്ടില്ല. ഇതാണ് ഈ സർക്കാരിന്റെ നിലപാട്.

മുമ്പ് നാം കമ്മ്യൂണിസ്റ്റ് ഭരണത്തെക്കുറിച്ച് കേട്ടിരുന്നത്, കേരളം, ബംഗാൾ, ത്രിപുര എന്നിങ്ങനെയാണ്. അതിൽ നിന്നും ആദ്യം ബംഗാൾ പോയി. പിന്നെ കേരളവും ത്രിപുരയും മാത്രമായി. ഇപ്പോൾ ത്രിപുരയും പോയി. ഇനി കേരളം മാത്രമായി. ഈ നിലപാടാണെങ്കിൽ താമസിയാതെ കണ്ണൂരിൽ മാത്രമായി ഈ പാർട്ടി മാറുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് സി.പി.ഐ.(എം.)-ന്റെ നിലപാട് തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അതിശക്തമായി എതിർത്തുകൊണ്ട് നിർത്തുന്നു.

1.00 PM]

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് വിവിധ മുന്നണികൾ അധികാരത്തിലിരുന്നപ്പോഴെല്ലാം കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. അപ്പോഴൊക്കെ തങ്ങളുടെ കക്ഷിയുമായി ബന്ധപ്പെട്ട പ്രതികളായിരുന്ന ആളുകളെ അറസ്റ്റ് ചെയ്യാൻ സന്നദ്ധമാകാതിരുന്നവർ മുമ്പ് കേരളം ഭരിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കക്ഷിയിൽപ്പെട്ട ആളുകളാണ് മട്ടന്നൂർ കൊലപാതകത്തിലെ പ്രതികളെന്ന് പോലീസിന് ധാരണയുണ്ടെങ്കിൽ, അവരെ അറസ്റ്റ് ചെയ്യാൻ പറ്റില്ലെന്ന നിലപാട് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. കഴിഞ്ഞ കാലത്തുണ്ടായ സംഭവങ്ങളെ സംബന്ധിച്ച് പരിശോധിക്കണമെന്ന് ഏതെങ്കിലുമൊരു കക്ഷി ആവശ്യപ്പെട്ടാൽ അതിന് സന്നദ്ധമാണ്.

ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായതിനുശേഷം നീതിപൂർവ്വമായി ആ വകുപ്പ് കൈകാര്യം ചെയ്യുന്നതിന്റെ ഉദാഹരണങ്ങൾ പലതും കാണിക്കാൻ സാധിക്കും. അദ്ദേഹം രാഷ്ട്രീയനേതാവാണ്. പക്ഷെ, ഉത്തരവാദപ്പെട്ട സ്ഥാനത്ത് വന്നപ്പോൾ സമാധാനപരമായ ജീവിതം കേരളത്തിൽ നടപ്പിലാക്കാൻ പോലീസ് വകുപ്പിനെക്കൊണ്ട് എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതിനെല്ലാം അദ്ദേഹം നേതൃത്വം കൊടുക്കുകയാണ് ചെയ്യുന്നത്. സ്വാഭാവികമായും ഏറ്റുമുട്ടലുകളുണ്ടാകാം. അദ്ദേഹത്തിന്റെ കക്ഷിക്കാർ കൊലചെയ്യപ്പെട്ട സംഭവങ്ങളുമുണ്ട്. ഒരു രാഷ്ട്രീയ നേതാവെന്ന നിലയിൽ വികാരപരമായ സന്ദർഭങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടാകാം. പക്ഷെ മുഖ്യമന്ത്രി എന്ന നിലയിൽ നിയമപരമായ സംവിധാനത്തിലൂടെ മാത്രമാണ് അദ്ദേഹം പ്രവർത്തിച്ചതെന്ന് വസ്തുതകൾ നിരത്തി പറയാൻ കഴിയും. അത് അഭിനന്ദനാർഹമാണ്.

സംസ്ഥാനത്തെ പോലീസിന് കൂടുതൽ സൗകര്യങ്ങൾ കൊടുക്കേണ്ടതാവശ്യമാണ്. പോലീസ് ക്വാർട്ടേഴ്സുകൾ നവീകരിക്കണം. എന്റെ വീടിന് മുന്നിലുള്ള ചെറിയൊരു പോലീസ് ക്വാർട്ടേഴ്സിൽ താമസിക്കുന്ന

പോലീസുകാരന്റെ മക്കൾ മെഡിസിനും എഞ്ചിനീയറിംഗിനുമൊക്കെ പഠിക്കുന്നത് കണ്ട ആളാണ് ഞാൻ. ബഹുഭൂരിപക്ഷം പോലീസുകാരും തങ്ങളുടെ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം കൊടുത്ത് മാന്യമായി ജീവിതം നയിക്കുന്നവരാണ്. അവർക്ക് നല്ല രീതിയിലുള്ള, ആധുനിക രീതിയിലുള്ള ക്വാർട്ടേഴ്സും ആവശ്യമായ മറ്റ് സൗകര്യങ്ങളും നൽകണം.

ഇവിടെ ചില രാഷ്ട്രീയ പ്രശ്നങ്ങളുണ്ട്. നമ്മുടെ രാജ്യം അടിയന്തരാവസ്ഥയിലേയ്ക്ക് നീങ്ങിയ ഘട്ടത്തിൽ തങ്ങൾ ഏത് കക്ഷിയുടെ കൂടെ ചേരുന്നുവെന്ന് നോക്കാതെ ജനാധിപത്യ സംരക്ഷണത്തിന്റെ ഭാഗമായി ജയിലിൽ കിടക്കാനും മർദ്ദനമേൽക്കാനും സി.പി.ഐ.(എം.) സന്നദ്ധമായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുപോലും മർദ്ദനമേറ്റ് കണ്ണൂർ ജയിലിൽ കിടക്കേണ്ടി വന്നിട്ടുണ്ട്. ജനതാപാർട്ടി അധികാരത്തിൽ വന്നപ്പോൾ സി.പി.ഐ.(എം.)-നോട് മന്ത്രിസഭയിൽ ചേരുന്നോയെന്ന് ചോദിച്ചപ്പോൾ, അവർ ചേരുന്നില്ലെന്ന് പറഞ്ഞു. അതിനുശേഷം ജനതാപാർട്ടിയും ജനതാദളും ബന്ധമുള്ള സർക്കാരുകൾ വന്നു, സി.പി.ഐ. മന്ത്രിസഭയിലുണ്ടായിരുന്നു. സമീപകാലത്ത് കോൺഗ്രസ് (ഐ.)-യുടെ രണ്ട് സർക്കാരുകളിലും കക്ഷി ആയിരുന്നില്ലെങ്കിലും ബഹുഭൂരിപക്ഷം സമയവും സി.പി.ഐ.(എം.)-ന്റെ പിന്തുണ ഉണ്ടായിരുന്നു. അവർ സ്വീകരിച്ച ചില സമീപനങ്ങളോട് വിയോജിപ്പ് വന്നതിന്റെ ഫലമായാണ് സി.പി.ഐ.(എം.) ആ സർക്കാരിന് നൽകിയ പിന്തുണയിൽ നിന്ന് മാറിയത്. ഇവിടെ നടന്ന ചർച്ചയിൽ മറ്റ് പല കക്ഷികളെക്കാളും ദേശീയ താൽപ്പര്യത്തിന്റെ കൂടെ നിന്ന ഒരു കക്ഷിയെ ആക്ഷേപിക്കുന്നത് കേൾക്കുമ്പോൾ അത് ശരിയാണോയെന്ന് തോന്നിയതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. ഇവിടെ പറഞ്ഞതുപോലെ, പല സർക്കാരുകളും ന്യായമായ രൂപത്തിലാണോ പ്രവർത്തിക്കുന്നത്; എങ്ങനെയാണ് ആ സർക്കാരുകൾ പോകുന്നത്; ഏതെല്ലാം കക്ഷികൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കുന്നുണ്ട്. ഒരു പുതിയ സാഹചര്യത്തിലേയ്ക്ക് ഇന്ത്യ നീങ്ങുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ജനാധിപത്യ സംവിധാനത്തിൽ വിശ്വസിക്കുന്ന, മതപരമായ ഐക്യം സംരക്ഷിക്കുന്ന, അടിതൊട്ട് മുടിവരെ ജനാധിപത്യപരമായി പ്രവർത്തിക്കാൻ സാധിക്കുന്ന ഒരു സംസ്ഥാനമെന്ന നിലയ്ക്ക് ഇന്ത്യയിലെ രാഷ്ട്രീയ സാഹചര്യവും സമ്മർദ്ദവുംമൂലം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുടെ മുമ്പാകെ പിടിച്ചുനിൽക്കേണ്ട അവസ്ഥ ഇന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന രാഷ്ട്രീയ കക്ഷികൾ അതിനോട് യോജിക്കുമോ ഇല്ലയോ; സാഹചര്യങ്ങൾ മനസ്സിലാക്കി അവരതിന് പിന്തുണ നൽകുമോ ഇല്ലയോ എന്നുള്ളത് വേറെ കാര്യമാണ്. ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് അത്തരമൊരു സമീപനം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകാൻ നമുക്ക് സാധിക്കേണ്ടതാണ്.

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ അക്രമം കാണിച്ച, തങ്ങളുടെ അധികാരം സംരക്ഷിക്കാൻ എതിരാളികളെ മുഴുവൻ ജയിലിലടച്ച കക്ഷികളുണ്ട്. ജയപ്രകാശ് നാരായണനെ പോലെയുള്ള ഒരു നേതാവിന് രോഗം വന്നപ്പോൾ ഡോക്ടറെ കാണാൻ പോലും അനുവദിക്കാത്ത ആളുകളുണ്ട്. ആ സാഹചര്യത്തിൽ നിന്ന് രാജ്യത്തെ രക്ഷിച്ച് ഇന്ത്യൻ ജനാധിപത്യം പുന:സ്ഥാപിക്കാൻ സാധിച്ചു. എന്നാൽ വീണ്ടും ഇന്ത്യൻ ജനാധിപത്യം ഭീഷണിയിലേയ്ക്ക് വരുമോയെന്നതിന്റെ ഭയപ്പാടുണ്ട്. അക്രമപരമായ മാർഗ്ഗങ്ങളിലൂടെ തങ്ങൾ അധികാരത്തിൽ വന്നതിനുശേഷം സ്വതന്ത്രമായി അഭിപ്രായം പറയുന്ന ജനവിഭാഗത്തെ അടിച്ചമർത്തി, അവരെയെല്ലാം തകർക്കുന്ന രൂപത്തിലുള്ള ഭീഷണിയിലേയ്ക്ക് വരുന്നത് ജനാധിപത്യവിരുദ്ധമാണ്. അത്തരം ജനാധിപത്യ വിരുദ്ധമായ നടപടികൾ സ്വീകരിക്കുന്നവരുടെ കൈകളിൽ എന്ത് ആയുധമുണ്ടായാലും അതിനെയെല്ലാം നേരിടാൻ കഴിയുന്ന ജനതയാണ് ഇന്ത്യൻ ജനതയെന്ന് പല ഘട്ടങ്ങളിലും ബോധ്യപ്പെടുത്തിയിട്ടുമുണ്ട്. അതുകൊണ്ട് ഇന്ത്യക്ക് മാതൃകാപരമായ രൂപത്തിലുള്ള പോലീസ് ഭരണമാണ് നമ്മുടെ സംസ്ഥാനത്ത് വേണ്ടതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്നലെകളിൽ തന്റെ പാർട്ടി സഖാക്കളാണെന്ന് നോക്കാതെ കുറ്റം ചെയ്തവരുടെ പേരിൽ നടപടി സ്വീകരിക്കാൻ, പോലീസ് ഉദ്ദേശിക്കുന്ന രൂപത്തിൽ നടപടികൾ സ്വീകരിക്കാൻ സമ്മതിച്ച, വിശാലമായ സമീപനം സ്വീകരിക്കാൻ സന്നദ്ധമായ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. പല സ്ഥലത്തും അക്രമങ്ങളുണ്ടായപ്പോൾ അവിടെയൊക്കെ പോയി വേദനയോടെ അവിടത്തെ കാഴ്ച കണ്ട ഒരാളാണ് ഞാൻ. ഇത്തരം അക്രമ പ്രവർത്തനങ്ങൾ നടത്തുന്ന കുറ്റവാളികളെ കണ്ടുപിടിച്ച് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും സന്നദ്ധരാകണം. ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിലെ സമാധാനകാംക്ഷികളും സ്വൈര്യജീവിതം ആഗ്രഹിക്കുന്നവരുമായ ജനങ്ങൾക്ക് സ്വസ്ഥമായി വീടുകളിൽ താമസിക്കാനും സമൂഹത്തിലിറങ്ങി നടക്കാനുമുള്ള സൗകര്യം ഉറപ്പു വരുത്തിക്കൊടുക്കുന്നതിന് സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് ആഗ്രഹിക്കുന്ന ഈ കാലഘട്ടത്തിൽ നമുക്ക് അംഗീകരിക്കാൻ പറ്റാത്ത, ഏറ്റവും വലിയ അപമാനകരമായ സാഹചര്യമെന്ന് പറയുന്നത് കൊലപാതകങ്ങളാണ്. രാഷ്ട്രീയമായി പരസ്പരം തർക്കങ്ങളുന്നയിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുവികാരം നാം കാണേണ്ടതുണ്ട്. കൊലപാതകങ്ങളെ അമർച്ച ചെയ്യാനും അതിനതീതമായി കേരളത്തെ മുന്നോട്ടുനയിക്കാനും അഭിപ്രായ സമന്വയം ആവശ്യമാണ്. ഭരണ-പ്രതിപക്ഷ ഏറ്റുമുട്ടലുകൾ ജനാധിപത്യത്തിൽ സ്വാഭാവികമാണ്. പക്ഷേ, അതിനപ്പുറമുള്ള ഒരു സാമൂഹ്യാന്തരീക്ഷം

കേരളത്തിലുണ്ടെന്നുള്ള വസ്തുത നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അതുകൊണ്ട് പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും നേതൃത്വത്തിൽ രാഷ്ട്രീയമായ അഭിപ്രായ സമന്വയത്തിലൂടെ കൊലപാതകങ്ങളെ തള്ളിപ്പറയാനും അത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാത്ത തരത്തിൽ കേരളത്തിന്റെ ശാന്തിയും സമാധാനവും ഉറപ്പുവരുത്താനും കഴിയുന്ന അന്തരീക്ഷത്തിലേയ്ക്ക് നാടിനെ കൊണ്ടുവരാനുമാണ് പൊതുസമൂഹം ആഗ്രഹിക്കുന്നത്. പോലീസ് വകുപ്പുമായി ബന്ധപ്പെട്ട ഈ ചർച്ച സർക്കാരിന് കാര്യക്ഷമതയോടെ ഉണർന്നുപ്രവർത്തിക്കാൻ സഹായകരമായി ത്തീരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. കേരളത്തിലെ ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി മുന്നോട്ടുനയിക്കാൻ കഴിയണമെങ്കിൽ പോലീസ് സേനയിൽ സമഗ്രമായ മാറ്റങ്ങളാവശ്യമാണ്. പോലീസിന്റെ നവീകരണം ഫലപ്രദമായി നടപ്പാക്കുന്നതിന് ഓരോ സർക്കാരിന്റെ കാലഘട്ടത്തിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തും കേരളത്തിലുമുള്ള സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ ഇന്നത്തെ പോലീസ് സംവിധാനം ഫലപ്രദമായി ഉടച്ചുവാർക്കാതെ ഇത്തരം കാര്യങ്ങൾ തൃപ്തികരമായി ചെയ്യാൻ കഴിയില്ലെന്നുള്ളതാണ് പൊതുവെ ചൂണ്ടിക്കാണിക്കുന്ന പ്രശ്നം. കഴിഞ്ഞ വർഷം 730000 എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഹൈക്കോടതിതന്നെ പബ്ലിഷ് ചെയ്ത രേഖകൾപ്രകാരം പതിമൂന്നര ലക്ഷം പെറ്റീഷനുകൾ കേരള പോലീസിന്റെ കൈവശമുണ്ട്. അതിൽ 18 ലക്ഷം കേസുകൾ അന്വേഷണത്തിന്റെ ദിശയിലാണെന്ന് മനസ്സിലാക്കുന്നു. ഇത്രയും കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഇന്നുള്ള പോലീസ് സേന അപര്യാപ്തമാണ്. പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുക എന്നുള്ളത് അനിവാര്യമാണ്. നമുക്ക് സാമ്പത്തികമായ പ്രതിസന്ധികളുണ്ടെന്നുള്ളത് വസ്തുതയാണ്; പക്ഷെ അതെല്ലാം നിർവ്വഹിക്കപ്പെടണം. ട്രാഫിക് ജോലി ചെയ്യുന്നതിനും എസ്.പി.സി. കുട്ടികളെ പരിശീലിപ്പിക്കുന്നതിനുമൊക്കെ പോലീസുകാർ പോകുന്നുണ്ട്. ഇതെല്ലാം സമൂഹത്തിനാവശ്യമാണ്. ഇത്തരം കാര്യങ്ങൾക്കെല്ലാം പോകുമ്പോൾ പോലീസ് സ്റ്റേഷനുകളിൽ പോലീസുകാരില്ലാതെ വരികയാണ്. ഒരു സ്റ്റേഷനിലും 12-ൽ കൂടുതൽ പോലീസുകാരില്ല. അതുകൊണ്ട് പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കുന്നതിന് സർക്കാർ പ്രത്യേക മുൻഗണന കൊടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കുക എന്ന വിഷയം സുപ്രീംകോടതിതന്നെ മുന്നോട്ടുവച്ച നിർദ്ദേശമാണ്. സുപ്രീംകോടതിയുടെ ഈ നിർദ്ദേശം വന്നിട്ട് ഒൻപത് വർഷത്തോളമായി. കേരളത്തിൽ പലപ്പോഴായി

ഇക്കാര്യം ചർച്ച ചെയ്തിട്ടുള്ളതുമാണ്. ഇന്ത്യയിലെ ആറ് സംസ്ഥാനങ്ങളിൽ ഈ നിർദ്ദേശം നടപ്പിലാക്കിക്കഴിഞ്ഞു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പരിഷ്കൃതമായ കേരളത്തിൽ ഈ സംവിധാനം നടപ്പിലാക്കാൻ കഴിയുന്നില്ലെന്നുള്ളത് മറ്റെന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ കൊണ്ടാണോയെന്ന് അറിയില്ല. ഏതായാലും പോലീസ് വകുപ്പുമായി ബന്ധപ്പെട്ട നവീകരണ കാര്യത്തിൽ വർഷങ്ങളായി ചൂണ്ടിക്കാണിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണിത്. ഗവൺമെന്റ് ഇക്കാര്യം പ്രത്യേകം പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാനത്തെ പോലീസിന് മറ്റ് പല കാര്യങ്ങൾക്കും പോകേണ്ടി വരുന്നതിനാൽ ക്രൈം കേസുകൾ ഫലപ്രദമായി അന്വേഷിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കുറ്റാന്വേഷണവും ക്രമസമാധാനപാലനവും വേർതിരിക്കുക എന്നുള്ളത് സുപ്രീംകോടതി തന്നെ മുന്നോട്ടുവച്ച നിർദ്ദേശമെന്ന നിലയിൽ അവ വേർതിരിക്കേണ്ടതാവശ്യമാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇത് ഫലപ്രദമാക്കാൻ എന്താണ് തടസ്സം; കേരളത്തിൽ ഇതിനുവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്; അതിനുവേണ്ട നടപടികളെന്താണ് എന്നിവയെക്കുറിച്ചെല്ലാം പരിശോധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പരിശോധിക്കുന്ന വിഷയങ്ങളാണെങ്കിലും ഇതിന്റെ നടപടികളിലേയ്ക്ക് വരാൻ കഴിയണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സംസ്ഥാനത്ത് ബറ്റാലിയനുകളുടെ പുന:ക്രമീകരണം നടത്തണം. ഓരോ പ്രദേശങ്ങൾക്കുംവേണ്ടി രൂപീകരിച്ച ബറ്റാലിയനുകൾ മറ്റ് ജില്ലകളിലെ പോലീസ് സേനയിൽ സേവനം ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ക്രൈം വരുന്ന മേഖലകളിലൊന്നായ എറണാകുളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനായി രൂപീകരിച്ച ബറ്റാലിയൻ ഇപ്പോൾ തൃശ്ശൂരാണ് പ്രവർത്തിക്കുന്നതാണെന്നാണ് മനസ്സിലാക്കുന്നത്. കോട്ടയം, ഇടുക്കി എന്നീ ജില്ലകൾക്കുവേണ്ടിയുള്ള ബറ്റാലിയൻ പത്തനംതിട്ടയിലാണ്. വി.ഐ.പി.-കളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് രൂപീകരിച്ച ബറ്റാലിയൻ ഇപ്പോൾ മലപ്പുറത്താണ്. യഥാർത്ഥത്തിൽ തിരുവനന്തപുരത്ത് ബറ്റാലിയൻ വേണ്ടതാണ്. അതിനാൽ ബറ്റാലിയനുകളുടെ പുനഃക്രമീകരണം പ്രധാനപ്പെട്ട വിഷയമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പോലീസ് റിക്കാർഡുകളുടെ കാര്യമെടുത്താൽ, 21-ാം നൂറ്റാണ്ടിലേയ്ക്ക് നമ്മൾ കടന്നിട്ടും കേസ് ഡയറി ഇപ്പോഴും കക്ഷത്തുവച്ച് പോലീസുകാർ പോകുന്ന അവസ്ഥ തുടരുകയാണ്. വിയർപ്പ് വീണ് കേസ് ഡയറിയിലെ പല കാര്യങ്ങളും

പിന്നീട് കാണാറില്ലെന്ന് പോലീസുകാർ തന്നെ പറയുന്നുണ്ട്. പത്ത് വർഷം കഴിഞ്ഞാൽ ഇവ നശിപ്പിക്കുകയും ചെയ്യാം. കമ്പ്യൂട്ടറൈസേഷൻ വന്നിരിക്കുന്ന ഈ കാലഘട്ടത്തിൽ പോലീസ് റിക്കാർഡുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്ന സംവിധാനം ഇന്ത്യയിൽ ആദ്യം നടപ്പാക്കേണ്ട സംസ്ഥാനമാണ് കേരളം. ഇക്കാര്യത്തിൽ കേരളം മുന്നോട്ടുവരണം. പത്ത് വർഷം കൂടി കഴിയുമ്പോൾ പത്രമോഫീസുകളിൽ പോയി പോലീസ് റിക്കാർഡുകൾ പരിശോധിക്കേണ്ട അവസ്ഥ കേരളത്തിലുമുണ്ടാകും. ഇതിൽ മാറ്റം വരുത്താൻ കഴയുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സൈബർ കുറ്റകൃത്യങ്ങൾ ഇന്ന് ഏറ്റവും കൂടുതൽ വർദ്ധിച്ചുവരികയാണ്. ഇന്ത്യയിൽ കഴിഞ്ഞ വർഷം ആറ് ലക്ഷം സൈബർ കേസുകൾ രജിസ്റ്റർ ചെയ്തതിൽ ഒന്നര ലക്ഷം കേസുകളും കേരളത്തിലാണ്. ഇന്ത്യയിലുണ്ടായതിന്റെ നാലിലൊന്ന് ശതമാനം സൈബർ കുറ്റകൃത്യങ്ങൾ കേരളത്തിൽ വർദ്ധിച്ചിരിക്കുകയാണ്. ഐ.ടി. സാധ്യതകളെ ദുർവിനിയോഗം ചെയ്യുന്നതിലൂടെ ചെറുപ്പക്കാരും വനിതകളും വലിയ പ്രതിസന്ധി നേരിടേണ്ടിവരുന്ന ഈ സാഹചര്യം നാം ഗൗരവമായി കാണേണ്ടതുണ്ട്. സൈബർ വിംഗിനുവേണ്ടി കേരളത്തിൽ 160-ഓളം പോലീസുകാർ മാത്രമാണുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഏറ്റവും കൂടുതൽ അപകടകരമായൊരു സ്ഥിതിവിശേഷം ഈ മേഖലയുമായി വന്നിരിക്കുന്നതുകൊണ്ട് സൈബർ കുറ്റകൃത്യങ്ങളെ സമയബന്ധിതമായി നേരിടാനും അതിജീവിക്കാനും കഴിയുന്ന വിധത്തിൽ പോലീസ് സേനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനുള്ള നടപടികൾ സ്വീകരിക്കണം.

ഫയർ ആന്റ് റസ്ക്യൂ വിഭാഗം ധാരാളം സ്ഥലങ്ങളിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രാദേശികമായി എം.എൽ.എ.-മാർ മുൻകയ്യെടുത്ത് ഫയർ സ്റ്റേഷൻ പണിയുന്നതിന് സ്ഥലം കണ്ടെത്തുകയും അവിടെ കെട്ടിട നിർമ്മാണം നടത്തുന്നതിന് സർക്കാരിന്റെ സഹായംകൂടി ലഭിച്ചാൽ എം.എൽ.എ. ഫണ്ടുകൂടി കൊടുക്കാൻ തയ്യാറാണ്. കടുത്തുരുത്തി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ സ്ഥലം കണ്ടെത്താൻ തയ്യാറായിട്ടുണ്ട്. പക്ഷേ നിർമ്മാണം നടത്തണമെങ്കിൽ ഫണ്ട് വേണം. ഇക്കാര്യത്തിൽ സർക്കാരിന്റെ സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പല ഫയർ സ്റ്റേഷനുകളിലും ആവശ്യത്തിന് ഉപകരണങ്ങളും ആംബുലൻസും വാഹനങ്ങളുമില്ലാതെ വിഷമിക്കുന്ന സാഹചര്യമുണ്ട്. ഇക്കാര്യങ്ങൾ പ്രത്യേകമായി പരിഗണിക്കണം.

ജയിലുകൾ നിർമ്മിക്കാനായി കേന്ദ്രസർക്കാർ 150 കോടി രൂപയാണ് കേരളത്തിന് നൽകിയത്. 5 ജയിലുകളുടെ നിർമ്മാണം ഇപ്പോൾ പാതിവഴിയിലാണെന്നാണ് മനസ്സിലാക്കുന്നത്. ജയിലുകളിൽ തടവുകാരുടെ

എണ്ണം വർദ്ധിച്ചതിനാൽ അസൗകര്യങ്ങളുണ്ട്. കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് ലാപ്സാകാതെ പ്രയോജനപ്പെടുത്തി ജയിൽ നിർമ്മാണത്തിലെ അനിശ്ചിതാവസ്ഥ പരിഹരിച്ച് അവ പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കേരളത്തിന്റെ ശാന്തിയും സമാധാനവും നിലനിർത്താൻ സർക്കാരിന്റെ പ്രവർത്തനങ്ങൾ സഹായകരമാകണമെന്നും കേരളത്തിലെ പൊതുസമൂഹത്തിനുവേണ്ടി ഉണർന്ന് പ്രവർത്തിക്കാൻ കഴിയട്ടെയെന്നും സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ബി. സത്യൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും അനുകൂലിക്കുന്നു. ഇന്ന് ഓരോ അംഗങ്ങളും പറയുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശാന്തമായി കേൾക്കുകയായിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിലെ അന്തരീക്ഷം എന്തായിരുന്നു? സോളാർ അഴിമതി മുതൽ ജിഷ വധം വരെയുള്ള സംഭവങ്ങളാണ് കേരളത്തെ പിടിച്ചുകുലുക്കിയത്. ഒരു തുമ്പും കണ്ടെത്താത്ത സംഭവങ്ങളായി അവയെല്ലാം അവശേഷിച്ചു. വളരെ ഗൗരവമായി സ്ത്രീ സുരക്ഷയെക്കുറിച്ചൊക്കെ പറയുമ്പോൾത്തന്നെ അന്ന് പ്രിയ സഹോദരിയും വിദ്യാർത്ഥിനിയുമായ ജിഷ വധിക്കപ്പെട്ടു. പിന്നീട് അധികാരത്തിൽ വന്ന സർക്കാരിന്റെ ആദ്യ ക്യാബിനറ്റ് യോഗമാണ് ജിഷയുടെ ഘാതകരെ കണ്ടെത്തണമെന്ന് തീരുമാനിച്ചത്. അതിനുവേണ്ടി എടുത്ത നടപടികളെ രാജ്യം മുഴുവൻ പ്രശംസിച്ചു. യഥാർത്ഥ പ്രതിയെ കണ്ടെത്തി സമൂഹത്തിന് മുന്നിൽ കൊണ്ടുവരാനും മാതൃകാപരമായ ശിക്ഷ ഉറപ്പാക്കിക്കൊടുക്കാനും കഴിഞ്ഞത് കേരള പോലീസ് സേനയുടെ വലിയ വിജയമായി കാണുകയാണ്. ഒരു ചലച്ചിത്രനടി അക്രമിക്കപ്പെട്ട സംഭവം മാധ്യമങ്ങളിലും ചാനലുകളിലും ഏത് രൂപത്തിലാണ് ഉയർന്നുവന്നത്? ആ പ്രശ്നത്തെയും ഏറ്റവും പ്രാധാന്യത്തോടെ തന്നെ സർക്കാർ കണ്ടു. അതിലെ യഥാർത്ഥ പ്രതിയെ പിടികൂടാനും അതുമായി ബന്ധപ്പെട്ടുള്ള ഗൂഢാലോചന അന്വേഷിക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങളിൽ കേരളാ പോലീസ് നടത്തിയ സേവനങ്ങൾ വളരെ സ്തുത്യർഹമാണ്. രാഷ്ട്രീയപ്രേരിതമല്ലാതെ കേസുകൾ അന്വേഷിക്കാനും യഥാർത്ഥ പ്രതികളെ സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരാനും കേരളാ പോലീസ് കാണിച്ചിട്ടുള്ള മിടുക്ക് നമുക്ക് മാതൃകാപരമായി എടുത്തുകാണിക്കാൻ കഴിയുന്നതാണ്. പോലീസ് എന്നാൽ ഭരണകൂടത്തിന്റെ മർദ്ദനോപകരണമാണെന്നാണ് പറയുന്നത്. എന്നാൽ പോലീസിനെ ജനസേവകരാക്കി മാറ്റിയെടുക്കാൻ കഴിയത്തക്ക നിലയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ചെറുതല്ല. പോലീസ് സ്റ്റേഷനിലേയ്ക്ക് ആർക്കും നിർഭയം പോകാൻ,

പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും അമ്മമാർക്കും ഏതു വിഭാഗത്തിൽപ്പെട്ടവർക്കായാലും പോയി കാര്യങ്ങൾ പറയാനും അതുസംബന്ധിച്ച് അന്വേഷിക്കാനും തുടർനടപടിയെടുക്കുവാനും കഴിയത്തക്ക നിലയിൽ പോലീസ് സംവിധാനത്തെ മാറ്റിയെടുക്കാൻ കഴിയും.

'ജനമൈത്രി പോലീസ്' എന്നത് കേവലം പറയുന്നതിൽ മാത്രമല്ല, ജനസൗഹൃദമായി പോലീസിനെ മാറ്റിയെടുക്കാനും ക്രമസമാധാനം കുറ്റമറ്റതാക്കാനും നമുക്ക് കഴിഞ്ഞു. പോലീസിന്റെ കാര്യക്ഷമത ഉയർത്താനും അർഹതയുള്ളവർക്ക് പ്രൊമോഷൻ നൽകാനും പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. അതെല്ലാം പോലീസ് സേനയെ നവീകരിക്കാൻ സർക്കാർ നടത്തുന്ന വലിയ പരിശ്രമമാണെന്ന് കാണാൻ കഴിയും. അടുത്തകാലത്ത് പോലീസ് സേനയിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തിയപ്പോൾ ബി.ടെക്., ബി.എ., ബി.എസ്.സി. ബിരുദദാരികളായ മിടുക്കരായ ചെറുപ്പക്കാരാണ് വരുന്നത്. അവർക്ക് ന്യായമായ പ്രൊമോഷനുകൾ നൽകി പ്രോത്സാഹിപ്പിക്കണം. സൈബർ കുറ്റകൃത്യങ്ങൾ പോലുള്ള സംഭവങ്ങൾ വിശദമായി അന്വേഷിക്കാൻ കഴിയുന്നവരായിരിക്കണം അവർ. എ.ടി.എം. കവർച്ചയെക്കുറിച്ചൊക്കെ ഇവിടെ പലരും പറഞ്ഞു; ആ സംഭവങ്ങൾ പോലീസ് അന്വേഷിച്ചതെങ്ങനെയാണ്? വാസ്തവത്തിൽ പോലീസിന്റെ ആ രംഗത്തുള്ള സ്തുത്യർഹമായിട്ടുള്ള പ്രവർത്തനം എടുത്തുപറയേണ്ടതാണ്.

ഇപ്പോൾ ഒരു വർഷത്തിനിടയിൽ ഏതാണ്ട് 5041 പേരെയാണ് പോലീസ് സേനയിൽ പുതിയതായി റിക്രൂട്ട് ചെയ്തിരിക്കുന്നത്. അതിൽ 4280 പുരുഷന്മാരും 832 വനിതകളുമുണ്ട്. മാത്രമല്ല, വനിതകളുടെ ശാക്തീകരണത്തിനായി പ്രത്യേക വകുപ്പ് തന്നെ തുടങ്ങിയത് ഈ സർക്കാരിന്റെ പ്രഖ്യാപിതനയമാണ്. ഒരു അഡീഷണൽ ഡി.ജി.പി.-യുടെ നേതൃത്വത്തിൽ വനിതാ ബറ്റാലിയനും രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി വലിയൊരു ഇടപെടൽ സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയും. മാത്രമല്ല, സ്ത്രീകൾക്ക് നിർഭയം സഞ്ചരിക്കാൻ കഴിയത്തക്കരീതിയിലുള്ള വിട്ടുവീഴ്ചയില്ലാത്ത സമീപനം ഈ സർക്കാർ സ്വീകരിച്ചു. പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, പോലീസ് സ്റ്റേഷനുകളിൽ രാത്രിയിലും പരാതിക്കാരായി എത്തുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും പ്രത്യേക പരിരക്ഷ എന്നിവയെല്ലാം ഈ സന്ദർഭത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ്. ഷീ ടാക്സി, ഷീ ഓട്ടോ, പിങ്ക് ഓട്ടോ, പിങ്ക് ബസ് തുടങ്ങിയ സുരക്ഷാ സംവിധാനങ്ങൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് ജനമൈത്രി പദ്ധതിയിലുൾപ്പെടുത്തൽ തുടങ്ങിയ വിവിധ പദ്ധതികൾ ആരംഭിച്ചു. ഇവിടെ അവതരിപ്പിച്ച സ്ത്രീ സൗഹൃദ

ബജറ്റിനോടൊപ്പം ചേർത്തുവയ്ക്കാൻ പറ്റുന്ന പാകത്തിൽ സംസ്ഥാനത്തെ ക്രമസമാധാനപാലനം ശാക്തീകരിച്ച് മുന്നോട്ടുകൊണ്ടുപോകാനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും കുഞ്ഞുങ്ങൾക്കും വൃദ്ധർക്കും ട്രാൻസ്ജെൻഡേഴ്സിനും പ്രത്യേക പരിഗണന നൽകാനും കഴിയത്തക്ക നിലയിൽ പോലീസ് സേനയെ ശക്തമായി നവീകരിച്ചെടുക്കാൻ കഴിഞ്ഞതിലൂടെ സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ കുറഞ്ഞിട്ടുണ്ട്. ജനകീയമായ വിഷയങ്ങളിൽ ഇടപെടാനും ജനകീയമായിത്തന്നെ അവ പരിഹരിക്കാനും കഴിയത്തക്ക നിലയിൽ പോലീസിനെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 'ബിഷപ്പിന്റെ നൈർമ്മല്യവും കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയുമുള്ളവരാകണം പോലീസ്' എന്ന് പണ്ട് പഠിപ്പിച്ചിരുന്നതായി കേട്ടിട്ടുണ്ട്. കൂടാതെ, ഇടിയൻ നാരായണപിള്ളയെ പോലുള്ള പോലീസുകാരാണ് ഉണ്ടായിരുന്നതെന്നുള്ള കാര്യവും പറയാറുണ്ട്. അതുപോലെതന്നെ ഗരുഡൻതൂക്കവും ലോക്കപ്പ് മർദ്ദനവും കാരണം പ്രതികൾ പോലീസ് സ്റ്റേഷനുകൾക്കുള്ളിൽ ആത്മഹത്യ ചെയ്ത സംഭവങ്ങളും പോലീസ് സ്റ്റേഷനിലേയ്ക്ക് വരുന്ന പ്രതികളെയും അല്ലാത്തവരെയും പ്രാകൃതമായ രീതിയിൽ പീഡിപ്പിക്കുന്ന സംഭവങ്ങളുമുണ്ടായിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ 5 വർഷക്കാലം പോലീസിൽ ഒരു കൂട്ടം ആളുകളെ മാഫിയവൽക്കരിക്കപ്പെട്ടിരുന്നു. എത്രമാത്രം സംഭവങ്ങൾ ആ കാലത്തുണ്ടായി? അക്കാര്യങ്ങളൊന്നും ഞാനിപ്പോൾ ഓർമ്മിപ്പിക്കുന്നില്ല.

പോലീസും ജയിലും അനുബന്ധമായി നിൽക്കുന്ന മറ്റ് സംവിധാനങ്ങളും ഈ സർക്കാരിന്റെ കാലഘട്ടത്തിൽ നവീകരിക്കപ്പെടുന്നതു സംബന്ധിച്ച് വസ്തുതാപരമായി കാര്യങ്ങൾ മനസ്സിലാക്കാൻ പ്രതിപക്ഷവും അതിന് നേതൃത്വം നൽകുന്ന ആളുകളും സവിനയം ഓർക്കണമെന്ന് ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. പോലീസിനെ ജനകീയവൽക്കരിച്ച് മുന്നോട്ടുപോകുമ്പോൾ ഇപ്പോൾ നടക്കുന്ന സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാൻ പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാനും അതിൽ വിദഗ്ദ്ധരായിട്ടുള്ള ആളുകളുടെ സേവനം പ്രയോജനപ്പെടുത്താനും കഴിയത്തക്കരീതിയിലുള്ള ഒരു സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. അതുപോലെ അപകടമരണങ്ങൾ ദൈനംദിനം കൂടിവരികയാണ്. പല സ്ഥലങ്ങളിലും പോലീസിന്റെ സഹായത്തോടുകൂടിയാണ് ഇവ നിയന്ത്രിക്കുന്നത്. അതിനാവശ്യമായ സേനയും പ്രത്യേക സംവിധാനവും ഉണ്ടാക്കേണ്ടതായിട്ടുണ്ടെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

അതുപോലെ വളരെ നിശബ്ദമായൊരു മാറ്റം ജയിലുകളിൽ നടക്കുകയാണ്. പണ്ട് ശിക്ഷിക്കപ്പെട്ട് ജയിലിലെത്തുന്ന ആളുകളോട് കാണിച്ചിരുന്ന പ്രാകൃതമായ ശിക്ഷാരീതിയൊക്കെ ഇന്ന് മാറി. 23-1-2018-ലെ ശ്രീ. യു. ആർ. പ്രദീപിന്റെ

ചോദ്യത്തിന് മറുപടിയായി "ജയിലിൽ 2017- സാമ്പത്തിക വർഷത്തിൽ മാത്രം അവിടത്തെ അന്തേവാസികൾ ഉല്പാദിപ്പിച്ച ഭക്ഷ്യ വസ്തുക്കൾ 26,51,45,881 രൂപയ്ക്ക് വിറ്റുവെന്നും ലാഭവിഹിതമായി ഏതാണ്ട് 5,05,70,333 രൂപ കിട്ടി" എന്നും ഉത്തരം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടുള്ള വിഹിതം ജയിൽ അന്തേവാസികളുടെ കുടുംബങ്ങൾക്ക് കൊടുക്കാനും അതുവഴി അവർക്ക് തൊഴിൽ കണ്ടെത്താനും കഴിയത്തക്ക നിലയിൽ ജയിലിനകത്തുള്ള നിശബ്ദമായ, വിപ്ലവകരമായ മാറ്റം ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ഒട്ടനവധി മാറ്റങ്ങൾ ജയിലിൽ നടക്കുകയാണ്. ആ കാര്യങ്ങൾ വസ്തുതാപരമായി നാം പരിശോധിക്കണം. ജയിലിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ പത്രമാധ്യമങ്ങളിൽ വന്നത് 'വെൽക്കം ടു സെൻട്രൽ ജയിൽ', 'ഇനിയും മുടിവെട്ടാം മുഖം മിനുക്കാം', 'മുടിവെട്ടും ഫേഷ്യലും ന്യായമായ നിരക്കിൽ', 'ബ്യൂട്ടി പാർലർ പ്രവർത്തനം ആരംഭിക്കാൻ പോകുന്നു' എന്നൊക്കെയാണ്. തൊഴിലധിഷ്ഠിതമായ ഒരു പദ്ധതി ആവിഷ്കരിച്ച് അന്തേവാസികൾക്കും ജയിലിൽ നിന്ന് ശിക്ഷ കഴിഞ്ഞു പുറത്തുപോകുന്നവർക്കും തൊഴിൽ കണ്ടെത്താൻ കഴിയുന്ന രീതിയിലേയ്ക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. തടവുപുള്ളികൾക്ക് ജയിലുകളിലെ ചപ്പാത്തി യൂണിറ്റുകളിൽ ന്യായമായ കൂലി നൽകാൻ സർക്കാർ തയ്യാറായത് അവർക്ക് ആശ്വാസമായിട്ടുണ്ട്. ജയിലുകളിൽ മനോരോഗം പോലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക് സൈക്യാട്രിക് വിഭാഗത്തിന്റെയും ആരോഗ്യവകുപ്പിന്റെയും സഹായത്തോടുകൂടിയുള്ള ചികിത്സാ സൗകര്യവുമുണ്ട്. ജയിലിലെ വിവിധ തരത്തിലുള്ള തൊഴിലധിഷ്ഠിത പദ്ധതികളിലൂടെ വരുമാനം നേടിയെടുക്കാമെന്ന് മാധ്യമങ്ങൾ നടത്തിയിട്ടുള്ള പഠന റിപ്പോർട്ടുകളിൽ പറയുന്നു. സംസ്ഥാനത്തെ ജയിലുകളിൽ പല തരത്തിലുള്ള തൊഴിലധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കിയാൽ വരുമാനമുണ്ടാക്കിയെടുക്കാൻ കഴിയും. 'ജയിലിൽ ലക്ഷങ്ങൾ ലാഭം, ജയിൽ കഫേ ഇനി എല്ലായിടത്തേയ്ക്കും' എന്ന് ഒരു മാധ്യമത്തിൽ റിപ്പോർട്ട് വന്നിട്ടുണ്ട്. വിലക്കുറവിൽ ഗുണമേന്മയുള്ള ഭക്ഷണം ഉറപ്പാക്കുന്ന ജയിൽ കഫേ സംസ്ഥാനത്തെ മുഴുവൻ ജയിലുകളിലേയ്ക്കും വ്യാപിപ്പിക്കുകയാണ്. അതുപോലെ സാക്ഷരരാകാനായി തടവുകാരിൽ 297 പേർ പരീക്ഷയെഴുതി. അക്ഷരത്തിന്റെ ലോകത്തിലേയ്ക്ക് 297 അന്തേവാസികളെ കൈപിടിച്ചുയർത്തിക്കൊണ്ടുവരാനുള്ള അവസരം നൽകാൻ സർക്കാരിന് കഴിഞ്ഞു. 'ഇനി ജയിലുമൊരു പാഠശാല' - പൂജപ്പുര സെൻട്രൽ ജയിലിൽ കേരള സർവ്വകലാശാലയുമായി സഹകരിച്ച് സർട്ടിഫിക്കറ്റ് കോഴ്സുകൾ തുടങ്ങുകയാണ്. ഈ നിലയിൽ ജയിലുകളിൽ നിശബ്ദമായിട്ടുള്ള പരിവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ജയിലിലെ അന്തേവാസികൾ ശിക്ഷാകാലാവധി കഴിഞ്ഞ് പുറത്തുവരുമ്പോൾ,

തൊഴിലധിഷ്ഠിതമായി അവരെ പരിവർത്തനം ചെയ്ത് സമൂഹത്തിൽ മറ്റുള്ളവരെപ്പോലെ ജീവിക്കുവാനും സാമൂഹ്യ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരാനും കഴിയത്തക്കനിലയിൽ വളരെ ഉദാത്തമായിട്ടുള്ള പരിഷ്കരണ പരിപാടികൾ ജയിലുകളിൽ നടക്കുകയാണ്. പോലീസ് വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്ന നിശബ്ദമായ, വിപ്ലവകരമായ മാറ്റം ഈ നാട്ടിലെ ജനങ്ങൾ കാംക്ഷിക്കുന്നു. സുരക്ഷിതത്വബോധത്തോടുകൂടി അമ്മമാരും കുഞ്ഞുങ്ങളും സഹോദരിമാരും വിദ്യാർത്ഥികളും ചെറുപ്പക്കാരും എന്തെങ്കിലും പ്രശ്നമുണ്ടായാൽ ഈ സംസ്ഥാനത്ത് മറ്റാരുമില്ലെങ്കിൽ വിളിക്കുന്നത് പോലീസിനെയാണ്. പോലീസ് വരുമ്പോഴാണ് അവർക്ക് ആത്മവിശ്വാസവും സുരക്ഷിതത്വവു മുണ്ടാകുന്നത്. അച്ഛനോ അമ്മയോ അദ്ധ്യാപകനോ പറഞ്ഞാൽ കേൾക്കാത്ത മകനെ പോലീസിന്റെ സഹായമുണ്ടെങ്കിൽ കറക്ട് ചെയ്ത് സമൂഹത്തിൽ മറ്റുള്ളവരുടെകൂടെ യഥാർത്ഥ പൗരനായി മാറ്റാനും ഈ നാട്ടിലെ ജനങ്ങളോടൊപ്പം നിർത്താനും കഴിയും. ആ തരത്തിൽ പോലീസിനെ വിന്യസിക്കുവാനും ജനസേവകരാക്കി മാറ്റിയെടുക്കാനും ഈ സർക്കാർ പരിശ്രമിച്ചിരിക്കുകയാണ്. ഇവിടെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനമായും പോലീസിന്റെ മുഖമാണ് സർക്കാരിൽ കാണുന്നത്. പോലീസിന്റെ പ്രവർത്തനം നിഷ്പക്ഷമായിരിക്കണമെന്നതാണ് പ്രധാനം. നിർഭാഗ്യവശാൽ അത്തരത്തിലുള്ള ചിത്രമല്ല ഇപ്പോഴുള്ളത്. രാഷ്ട്രീയ കൊലപാതകങ്ങൾ മുമ്പുണ്ടായിരുന്നതിനേക്കാൾ, 10-ൽ നിന്നും 5 ആയി കുറഞ്ഞുവെന്നാണ് ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ കൊലപാതകം നടത്തുന്നവർ അവരുടെ തന്ത്രത്തിൽ മാറ്റം വരുത്തിയിരിക്കുന്നതാണ് ഒരു കാരണം. കൊല്ലുന്നതിനുപകരം കൊല്ലാക്കൊല നടത്തിയാൽ മതി. അതുകൊണ്ട് കാര്യങ്ങൾ നടത്താൻ സാധിക്കുമെന്ന വിലയിരുത്തലിന്റെ പേരിലായിരിക്കാം അങ്ങനെ സംഭവിക്കുന്നത്. വിവിധ പാർട്ടികളുടെയും സംഘടനകളുടെയും സഹായത്തോടുകൂടി ഇത് കുറയ്ക്കാൻ വേണ്ടിയുള്ള ചില പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്; അതിന് കുറച്ച് ഫലം കാണാനും തുടങ്ങിയിട്ടുണ്ട്. എല്ലാ പോലീസുകാരും പക്ഷപാതികളാണെന്നോ കഴിവുകെട്ടവരാണെന്നോ പറയാൻ സാദ്ധ്യമല്ല. പോലീസിൽ മിടുക്കരും കഴിവുള്ളവരുമുണ്ട്. നിർഭാഗ്യവശാൽ അവരിൽ ചിലർ പാർട്ടി പരിഗണനയ്ക്ക് മുൻഗണന നൽകുന്നതുകൊണ്ട് നിഷ്പക്ഷമായി പ്രവർത്തിക്കാൻ തയ്യാറാകുന്നില്ല. വേറെ ചില മിടുക്കരുണ്ട്. ആരാണോ

ഭരിക്കുന്നത് അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ച് തന്റെ പ്രൊമോഷനും സ്ഥലംമാറ്റവുമൊക്കെ ശരിയാക്കി അവരുടെ കൂടെ നിൽക്കുന്നവരുമുണ്ട്. പോലീസ് വകുപ്പിൽ നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ആൾക്കാരെയാണ് നമ്മൾ പ്രോൽസാഹിപ്പിക്കേണ്ടത്. അങ്ങനെ ചെയ്യാത്തതിനാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി സർട്ടിഫിക്കറ്റ് നൽകിയത്. കേരളത്തിലെ ഡി.ജി.പി.-യായിരുന്ന ഒരു മാന്യന് നീതി കിട്ടാൻവേണ്ടി സുപ്രീംകോടതിയിൽ പോകേണ്ടി വന്നപ്പോൾ 'ഇതാണ് Gods Own Country എന്ന പേരിൽ അറിയപ്പെടുന്ന കേരളത്തിൽ നടക്കുന്നതെങ്കിൽ ദൈവത്തിനുപോലും നേരെയാക്കാൻ സാദ്ധ്യമല്ല' എന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. ഈ സാഹചര്യത്തിനൊരു മാറ്റം വരാൻ തുടങ്ങുകയാണെങ്കിൽ നല്ല കാര്യമാണത്. കൊലപാതകങ്ങളുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം കുറച്ച് ഭേദമാണെന്ന് പറയുന്നുണ്ട്. നമ്മുടെ സാഹചര്യങ്ങളും വിദ്യാഭ്യാസവും സാംസ്കാരിക പാരമ്പര്യവുമൊക്കെ അതിൽ നല്ല പങ്ക് വഹിക്കുന്നുണ്ട്. ഇവിടെ രാഷ്ട്രീയ-വർഗ്ഗീയ കലാപങ്ങളില്ല. കേരളത്തിൽ 50 ശതമാനവും ന്യൂനപക്ഷങ്ങളാണ്. 1971-ൽ തലശ്ശേരിയിലുണ്ടായ മതകലഹങ്ങളൊഴിച്ച് മറ്റൊന്നും ഇവിടെ നടന്നിട്ടില്ല. ബാക്കി മുഴുവൻ രാഷ്ട്രീയ കൊലപാതകങ്ങളാണ് നടന്നത്. അതിൽ എല്ലാ രാഷ്ട്രീയ കൊലപാതകങ്ങളിലും ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയും മറുഭാഗത്ത് മറ്റു പല കക്ഷികളായ ആർ.എസ്.എസ്., ബി.ജെ.പി., കോൺഗ്രസ്, സി.പി.ഐ., മുസ്ലീം ലീഗ് തുടങ്ങിയവരുമാണ്. ഇതാണ് സാഹചര്യം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്, പ്ലീസ്...

ശ്രീ. ഒ. രാജഗോപാൽ: സർ, ഇത്തരം കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ മുൻകയ്യെടുത്ത് പ്രവർത്തിക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അത് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കടമയാണ്. ആ രംഗത്ത് പ്രവർത്തിക്കാനുള്ള സന്മനസ്സ് അദ്ദേഹത്തിനുണ്ടാകട്ടെയെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശ്രീ. ഒ. രാജഗോപാലിന് സംസാരിക്കാൻ ഒരു മിനിറ്റ് സമയമാണ് അനുവദിച്ചിരുന്നത്. ആരുടെ ഒരു മിനിറ്റ് സമയമാണ് കൂടുതലായി ശ്രീ. ഒ. രാജഗോപാലിന് നൽകിയത്?

മി. ചെയർമാൻ: ചെയറിന് മുൻപിൽ രേഖപ്പെടുത്തിയിരിക്കുന്ന പേപ്പറിൽ അദ്ദേഹത്തിന് സംസാരിക്കാൻ രണ്ട് മിനിട്ട് സമയമാണ് അനുവദിച്ചിരിക്കുന്നത്. അത് പരിശോധിച്ച് പറയാം.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്. ഇന്ന് രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. വി. ഡി. സതീശൻ നിയമസഭാംഗങ്ങൾക്കുള്ള പ്രിവിലേജിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. നിയമസഭയ്ക്കകത്ത് പ്രത്യേക ക്രിമിനൽ സ്വഭാവമുള്ള കാര്യങ്ങൾക്ക് പ്രത്യേക പ്രിവിലേജില്ലെന്നാണ് അദ്ദേഹം സമർത്ഥിച്ചത്. എന്നാൽ മുൻ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന, വളരെ സീനിയറായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉഗ്രശേഷിയുള്ള ഒരു ഗ്രനേഡ് കൊണ്ടുവന്ന് പ്രദർശിപ്പിക്കുകയുണ്ടായി. ഉഗ്രശേഷിയെന്നു പറഞ്ഞാൽ പ്രഹരശേഷിയല്ല, സ്ത്രീകളെ മാനഭംഗപ്പെടുത്തിയെന്നു പറയുന്നതും ബലാൽസംഗം ചെയ്തുവെന്നു പറയുന്നതും രണ്ടാണെന്ന് നേരത്തെ ഇവിടെ പറഞ്ഞതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്. ഞാൻ ഉഗ്രശേഷിയെന്ന് കൽപ്പിച്ചുകൂട്ടിത്തന്നെ പറഞ്ഞതാണ്. അദ്ദേഹത്തിന്റെ ഭരണകാലത്ത് സൂക്ഷിച്ചുവച്ച ഗ്രനേഡായിരിക്കാനാണ് സാദ്ധ്യത. അത് വളരെ മോശമായൊരു നടപടിയായിപ്പോയിയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തെപ്പോലുള്ള ഒരാൾ അങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു. എന്റെ കയ്യിൽ ഗ്രനേഡ് കണ്ടാൽ പോലീസ് എന്നെ അറസ്റ്റ് ചെയ്യും. അത് ഏത് കാലത്ത് ഉണ്ടാക്കിയതെന്നുള്ളത് സംബന്ധിച്ച സർട്ടിഫിക്കറ്റൊക്കെ കോടതിയിലാണ് ഹാജരാക്കേണ്ടത്. അതുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങൾ പറഞ്ഞ് സഭയുടെ സമയം നഷ്ടപ്പെടുത്തിയത് ശ്രീ. വി. ഡി. സതീശനോടുള്ള എതിർപ്പുകൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പോലീസിനെ സംബന്ധിച്ച് എനിക്ക് വളരെ അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്നൊരു കാര്യമുണ്ട്. ദുബായിൽ പുതിയ നിയമം വന്നപ്പോൾ, അവിടെ ജോലി ലഭിക്കുന്നതിന് പോലീസിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമായിവന്നു. സാധാരണ, ജില്ലാ പോലീസ് ആസ്ഥാനത്തുനിന്നാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. ജില്ലാ പോലീസ് ആസ്ഥാനത്ത് അപേക്ഷ നൽകി പിന്നീടത് പോലീസ് സ്റ്റേഷനിൽ വന്ന് തിരിച്ചുപോയി സർട്ടിഫിക്കറ്റ് ലഭിക്കുമ്പോഴേക്കും ധാരാളം സമയമെടുക്കുന്ന സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ അതിന്റെ അധികാരം നിർബന്ധിതമായി, വളരെ ചടുലമായി സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നൽകിയെന്നതാണ് വകുപ്പ് ചെയ്ത പ്രധാനപ്പെട്ട ഒരു കാര്യം. അതുകൊണ്ട് വളരെ എളുപ്പത്തിൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന സാഹചര്യമുണ്ടായിയെന്നത് ഈ സർക്കാരിന്റെ പ്രവർത്തന മികവിന്റെ ഏറ്റവും നല്ലൊരുദാഹരണമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. കുറ്റാന്വേഷണവും ക്രമസമാധാനവും കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചും അതിന് നേരത്തെയുണ്ടായിരുന്ന തയ്യാറെടുപ്പുകളെ സംബന്ധിച്ചും ശ്രീ. മോൻസ് ജോസഫ് സൂചിപ്പിക്കുകയുണ്ടായി. കുറ്റാന്വേഷണവും ക്രമസമാധാനവും കൂടുതൽ മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പുതിയതായി 196 സ്റ്റേഷനുകളുൾപ്പെടെ 203 പോലീസ് സ്റ്റേഷനുകളിൽ സി.ഐ.-മാരുടെ റാങ്കിലുള്ള ഉദ്യോഗസ്ഥരെ സ്റ്റേഷൻ

ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതോടെ ഈ സ്റ്റേഷനുകളിൽ ക്രമസമാധാനപാലനത്തിനും കുറ്റാന്വേഷണത്തിനും പ്രത്യേകം പ്രത്യേകം ചുമതലയുള്ള എസ്.ഐ.-മാരുടെ നേതൃത്വത്തിൽ രണ്ട് ഡിവിഷനുകൾ നിലവിൽ വന്നു. രണ്ട് ഡിവിഷനുകൾ വരികയും കൂടുതൽ അനുഭവപരിചയമുള്ള മുതിർന്ന പോലീസുദ്യോഗസ്ഥർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി വരികയും ചെയ്തതോടെ പോലീസ് സേനയുടെ പ്രവർത്തനങ്ങളുടെ ഗുണമേന്മ വീണ്ടും ഉയരുകയാണ് ചെയ്തത്. സംസ്ഥാന പോലീസിൽ വളരെ കാലത്തിനുശേഷമുണ്ടായ ഏറ്റവും സുപ്രധാനമായ പരിഷ്കാരമാണിത്. അടുത്ത ഘട്ടമായി ഇത് 471 ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് എങ്ങനെ ആധുനികവൽക്കരിക്കപ്പെട്ടു വരുന്നുവെന്നറിയുന്നതിന് ഈ രണ്ട് കാര്യങ്ങൾ മതി.

ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പ് അടുത്തുവരികയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകരെ സംബന്ധിച്ചിടത്തോളം അവിടെ വലിയൊരു ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരും. കാരണം, അരിവാൾ ചുറ്റിക നക്ഷത്രത്തിന് വോട്ട് ചോദിച്ചതിനുശേഷം കോൺഗ്രസ്സുകാരോട് നിങ്ങളുടെ ചിഹ്നം കൈപ്പത്തിയാണ്, താമരയല്ല എന്നുപറയേണ്ട ഉത്തരവാദിത്വംകൂടി ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർ ഏറ്റെടുക്കേണ്ട സാഹചര്യമാണ് ത്രിപുരയിലെ തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നത്. അവിടെ ഇടതുപക്ഷത്തിന് ഭരണം പോയെന്നുള്ളത് ശരിയാണ്. അവിടത്തെ വോട്ടിംഗ് ശതമാനം നോക്കിയാൽ ഇടതുപക്ഷത്തിന് നാല് ശതമാനം വോട്ട് മാത്രമേ കുറഞ്ഞിട്ടുള്ളൂവെന്ന് മനസ്സിലാക്കാൻ സാധിക്കും. പക്ഷെ കോൺഗ്രസ്സിന്റേത് 35 ശതമാനത്തിൽ നിന്നും 1.9 ശതമാനമായി കുറഞ്ഞു. കേരളം ടാർജറ്റ് ചെയ്യപ്പെടുന്നുണ്ട് എന്നത് വളരെ വ്യക്തമാണ്. കാരണം 'ത്രിപുര കേരളത്തിലും ആവർത്തിക്കുമെന്നാണ് യു.ഡി.എഫ്.-ന്റെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഒരു നേതാവ് കഴിഞ്ഞ ദിവസം പറഞ്ഞത്. അത് എന്തർത്ഥത്തിലാണ് അദ്ദേഹം പറഞ്ഞതെന്നെനിക്കറിയില്ല. പക്ഷേ കേരളം ടാർജറ്റ് ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നത് ഒരു വസ്തുതയാണ്. ഇവിടെ വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാൻ നിരന്തരമായ പരിശ്രമം നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഷുഹൈബിന്റെ വധം, മധുവിന്റെ കൊലപാതകം, സുഗതന്റെ തൂങ്ങിമരണം എന്നിവ സംബന്ധിച്ച് പോലീസ് എടുത്തിട്ടുള്ള നിലപാടുകൾ ഈ സർക്കാർ എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. നിഷ്പക്ഷമായി പോലീസ് കേസന്വേഷിച്ചു. വമ്പിച്ച സന്നാഹത്തോടുകൂടി ആരംഭിച്ച ശ്രീ. കെ. സുധാകരന്റെ സമരം എങ്ങോട്ട് പോയെന്നറിയില്ല. ജനങ്ങൾ ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കുന്നുണ്ട്. കാരണം, ഷുഹൈബിന്റെയും മധുവിന്റെയും സുഗതന്റെയും

കേസന്വേഷണ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നിഷ്പക്ഷമായ തീരുമാനങ്ങളും അന്വേഷണങ്ങളും അറസ്റ്റും തീർച്ചയായും കേരളാ പോലീസിന്റെ കാര്യക്ഷമതയാണ് കാണിക്കുന്നത്. ജിഷ വധക്കേസ്സിനെപ്പോലെ ചെരുപ്പ് കെട്ടിത്തൂക്കി അതിന്റെ പ്രതികളെ അന്വേഷിച്ച് നടക്കുന്ന ചുറ്റുപാടൊന്നും ഇക്കാര്യത്തിലുണ്ടായിട്ടില്ല. കൃത്യംകൃത്യമായി കാര്യങ്ങൾ ചെയ്യാൻ സാധിച്ചു. 50 ശതമാനം ന്യൂനപക്ഷങ്ങളാണ് കേരളത്തിലുള്ളതെന്ന് ഇവിടെ ശ്രീ. ഒ. രാജഗോപാൽ പറഞ്ഞു. പക്ഷേ അതുകൊണ്ടുമാത്രം ഇവിടെയൊരു പ്രശ്നമുണ്ടാകുകയില്ലെന്ന് വിചാരിക്കാൻ സാധിക്കില്ല. കാരണം, പ്രശ്നമുണ്ടാക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. മേഘാലയയിൽ ന്യൂനപക്ഷങ്ങൾ എത്ര ശതമാനമാണുള്ളതെന്ന് എല്ലാവർക്കുമറിയാം. ഒരുപക്ഷേ അവിടെ കേരളത്തിലുള്ളതിനേക്കാൾ കൂടുതലായിരിക്കാം. പക്ഷേ അതുകൊണ്ട് മാത്രം കാര്യമില്ല. കാരണം, എല്ലായിടത്തും കടന്നുകയറി പ്രശ്നം സൃഷ്ടിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതിനെ സപ്പോർട്ട് ചെയ്യുന്ന രീതിയിലാണ് ന്യൂനപക്ഷങ്ങളിലെ ചില സംഘടനകൾ പെരുമാറിക്കൊണ്ടിരിക്കുന്നതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഷുഹൈബിന്റെ കൊലപാതകവും മണ്ണാർക്കാട് കേസ്സും വർഗ്ഗീയ കൊലപാതകങ്ങളാണെന്ന് പറയുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിലൊന്നും യാതൊരു വർഗ്ഗീയതയുമില്ല. കാരണം, ഇതിലെ പ്രതികളിൽ പകുതിയും ന്യൂനപക്ഷ സമുദായക്കാരാണ്. അക്കാര്യം പറഞ്ഞപ്പോൾ പിന്നീട് മിണ്ടുന്നില്ല. അതുവരെയും വർഗ്ഗീയ കൊലപാതകമാണ്, സി.പി.ഐ.(എം.) വർഗ്ഗീയമായി ആക്രമിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള രീതിയിൽ പ്രചാരവേലകൾ നടത്തിക്കൊണ്ടിരുന്ന സാഹചര്യ മാണുണ്ടായിരുന്നത്. കേരളത്തെ ടാർജറ്റ് ചെയ്യുന്ന അതേയവസരത്തിൽത്തന്നെ ഇവിടത്തെ ന്യൂനപക്ഷ സമൂഹവും അതിനെ പ്രതിനിധീകരിക്കുന്നുവെന്ന് പറയുന്നവരും പോളറൈസേഷനു വേണ്ടി നിരന്തരമായി ശ്രമിച്ചു കൊണ്ടിരിക്കുകയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

മറ്റ് ചില കാര്യങ്ങൾ കൂടി ഈ സന്ദർഭത്തിൽ പറയാനാഗ്രഹിക്കുകയാണ്. ഇവിടെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു കാര്യം കഴിഞ്ഞ ദിവസം ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിക്കുകയുണ്ടായി. എം. എം. അക്ബറിന്റെയും ഷംസുദ്ദീൻ പാലത്തിന്റെയും അറസ്റ്റ് സംബന്ധിച്ചാണത്. 153(എ) വകുപ്പ് അനുസരിച്ച് എടുത്തിട്ടുള്ള ധാരാളം കേസുകൾ കേരളത്തിലുണ്ട്. രണ്ട് ന്യൂനപക്ഷക്കാരെ അറസ്റ്റ് ചെയ്തു എന്നുപറഞ്ഞാണ് ധ്രുവീകരണം നടത്താൻ ശ്രമിക്കുന്നത്. എം. എം. അക്ബറിനെയും ഷംസുദ്ദീൻ പാലത്തിനെയും പോലീസ് പോയി അറസ്റ്റ് ചെയ്തതൊന്നുമല്ല. ഒരുപക്ഷേ ഈ കേസുകളൊക്കെ ബഹുമാനപ്പെട്ട

പ്രതിപക്ഷനേതാവ് രാവിലെ പറഞ്ഞതുപോലെ ലാപ്സായിപ്പോകുന്ന കേസുകൾ ആകുമായിരുന്നു. അവരൊക്കെ കേസുണ്ടായിട്ടും പുറത്തേക്ക് പോയി. ഒരാളെ അഹമ്മദാബാദിൽ നിന്നും മറ്റൊരാളെ നെടുമ്പാശ്ശേരി എയർപോർട്ടിൽ നിന്നുമാണ് അറസ്റ്റ് ചെയ്തത്. എമിഗ്രേഷൻ ഉദ്യോഗസ്ഥർ പിടിച്ച് പോലീസിനെ ഏൽപ്പിക്കുമ്പോൾ പോലീസ് എന്താണ് ചെയ്യുക; പോലീസിനൊന്നും ചെയ്യാൻ സാധിക്കില്ല. ആർച്ച് ബിഷപ്പ് ആലഞ്ചേരിക്കെതിരെ കേസ്സെടുക്കണമെന്ന് ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. നമുക്കെന്തെങ്കിലും പറയാൻ കഴിയുമോ; കേസ്സെടുക്കുകയല്ലാതെ നിവൃത്തിയില്ല. ചോദ്യം ചെയ്യലും മറ്റ് കാര്യങ്ങളുമൊക്കെ നിയമപ്രകാരം നടക്കും. അതുകൊണ്ട് എം. എം. അക്ബറിന്റെയും ഷംസുദ്ദീൻ പാലത്തിന്റെയുമൊക്കെ ചെയ്തികളെ സംബന്ധിച്ച് ഞാനൊന്നും പറയുന്നില്ല. അവരുടെ പാഠപുസ്തകം ശരിയാണോ എന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ ശരിയല്ലെന്ന് എം. എം. അക്ബർ തന്നെ പറഞ്ഞിട്ടുണ്ട്. രണ്ടാം ക്ലാസ്സിലെ കുട്ടികളെ പഠിപ്പിക്കേണ്ട ഒരു പാഠമേ ആയിരുന്നില്ല എന്ന് അദ്ദേഹം തന്നെ സമ്മതിച്ച സാഹചര്യത്തിൽ ഞാൻ ആ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. പക്ഷേ ഇത്തരം കാര്യങ്ങൾ പ്രചരിപ്പിച്ച് വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാൻ മറുവശവും ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് സത്യം.

അബ്ദുൽ നാസർ മ്അദനിയെ നമുക്കറിയാം. അബ്ദുൾ നാസർ മ്അദനി പത്ത് കൊല്ലം കോയമ്പത്തൂരിലെ ജയിലിൽ കിടന്നു. നിരപരാധിയാണെന്ന് കണ്ട് അയാളെ വിട്ടയക്കപ്പെട്ടതല്ല. അയാളുടെ പേരിൽ ചാർജ് ഷീറ്റില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയുള്ള ലാവ്ലിൻ കേസ് പോലെ തെളിവില്ലാതെ വിട്ടയയ്ക്കപ്പെടുകയല്ല ചെയ്തത്. യഥാർത്ഥത്തിൽ കേസ് തന്നെയില്ല എന്നുപറഞ്ഞുകൊണ്ട് ഡിസ്ചാർജ് ചെയ്യുകയാണ് ചെയ്തത്. വീണ്ടും അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. ഇപ്പോൾ അദ്ദേഹം ജാമ്യത്തിലാണെങ്കിൽപ്പോലും അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി ഗുരുതരാവസ്ഥയിലാണെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിലിടപെട്ട് അദ്ദേഹത്തിന്റെ ചികിത്സ കേരളത്തിലാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അത് വളരെ സ്വാഗതാർഹമായ കാര്യമാണ്. കാരണം, കേരളത്തിലെ കാര്യത്തിൽ മാത്രമല്ല, കേരളത്തിന്റെ പുറത്തുള്ള വിഷയങ്ങളിലും അദ്ദേഹം വളരെ ജാഗരൂകരായി പ്രവർത്തിക്കുന്നുവെന്നുള്ളതാണ്. പക്ഷേ ഒരു കാര്യം കൂടി പറയാനുണ്ട്. മ്അദനിയുടെ കാര്യത്തിൽ കർണ്ണാടക സർക്കാരിന്റെ അഭിഭാഷകൻ വളരെ വ്യത്യസ്തമായ നിലപാട് സ്വീകരിച്ചതുകൊണ്ടാണ് അദ്ദേഹത്തിന് ഇങ്ങോട്ട് വരാൻ സാധിക്കാത്തത്. സർക്കാരിനുവേണ്ടി ഹാജരാകാൻ നമ്മുടെയിടയിലും അങ്ങനെ കുറെയാളുകളുണ്ട്. ഹാദിയാ കേസ്സിൽ സുപ്രീം കോടതിയിൽ, കേരള സർക്കാർ

വളരെ വ്യക്തമായ രീതിയിലുള്ള അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ടായിരുന്നു. കേരളത്തിലെ വനിതാ കമ്മീഷനും ഇക്കാര്യത്തിൽ ഒരു അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. അതിന് കടകവിരുദ്ധമായിട്ടാണ് യഥാർത്ഥത്തിൽ സർക്കാരിന്റെ വക്കീൽ അവിടെ വാദിച്ചത്. വളരെ കൃത്യനിഷ്ഠയോടുകൂടി അത് മനസ്സിലാക്കി, ആ വക്കീലിനെ അടുത്ത ദിവസത്തെ ഹിയറിംഗിൽ നിന്നും മാറ്റി നിർത്തിയത് സ്വാഗതാർഹമാണ്. ഇങ്ങനെയുള്ള കാര്യങ്ങളിലൊക്കെ നമ്മൾ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഇ-മെയിൽ കേസ് വളരെ വിവാദമായതാണ്. ശ്രീ. അബ്ദുൽ സമദ് സമദാനിയുടെ ഇ-മെയിൽ ചോർത്തിയെന്ന കേസ് പിൻവലിക്കാൻ ഈ സർക്കാർ തയ്യാറായത് ഈ സർക്കാരിന്റെ ഇച്ഛാശക്തിയുടെ ഭാഗമായാണ്. ഷുഹൈബ് വധക്കേസ്സിൽ യു.എ.പി.എ. ചുമത്താത്തത് എന്തുകൊണ്ടാണെന്നാണ് നേരത്തേ ചിലയാളുകൾ ചോദിച്ചത്. യു.എ.പി.എ. ചുമത്തുന്നത് ഈ സർക്കാരിന്റെ നയമല്ലെന്ന് വളരെ വ്യക്തമായി അർദ്ധശങ്കയ്ക്ക് ഇടയില്ലാതെ പറഞ്ഞിട്ടുണ്ട്. അതനുസരിച്ചുള്ള കേസുകളിലാണ് യു.എ.പി.എ. ചുമത്തേണ്ടത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഏത് കേസ്സെടുത്താലും അതിന്റെ കൂടെ യു.എ.പി.എ. കൂടിയുണ്ടാകും. അതെല്ലാം ഈ സർക്കാർ പിൻവലിച്ചു. മാത്രമല്ല, ചാർജ് ചെയ്തുപോയ കേസുകളിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ടെങ്കിൽ അക്കാര്യത്തിൽ കൂടി പുനർവിചിന്തനം നടത്തുമെന്നും ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. മറ്റൊരു കാര്യം പറയാനുള്ളത്, മാവൂർ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ പ്രാരംഭ നടപടികളൊക്കെ പൂർത്തിയാക്കിയിട്ടുണ്ട്. അത് അടിയന്തരമായി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ പന്തീരാങ്കാവിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിച്ച ഈ സർക്കാരിനെ ഹാർദ്ദമായി അഭിനന്ദിച്ചുകൊണ്ട്, ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുകയാണ്. കേരളത്തിന്റെ ആഭ്യന്തര വകുപ്പ് ഉയിർത്തെഴുന്നേല്പിന്റെയും മുന്നേറ്റത്തിന്റെയും പാതയിലാണ്. നിരാശാജനകമായ വാർത്തകൾ നാം കേട്ടിരുന്ന ഭൂതകാലം കടന്നുപോയിരിക്കുകയാണ്. അതെല്ലാം ഒരു പഴങ്കഥയായി ഇന്ന് മാറി. കേരളത്തിലെമ്പാടും ചർച്ചാവിഷയമായി മാറിയ ജിഷാ വധക്കേസുമായി ബന്ധപ്പെട്ട് കേരളാ പോലീസ് അങ്ങേയറ്റം പരിഹാസ്യമായി ജനങ്ങളുടെ മുമ്പിൽ നിന്ന കാലം നമുക്കോർമ്മയുണ്ട്. പ്രതിയുടേതെന്ന്

സംശയിക്കുന്ന ചെരുപ്പ് കെട്ടിത്തൂക്കി ചെരുപ്പ് തിരഞ്ഞുവരുന്ന പ്രതിയെ കാത്തിരുന്ന കാലം കഴിഞ്ഞു. നടുറോഡിൽ വച്ച് യൂണിഫോമിലുള്ള ഒരു പോലീസുദ്യോഗസ്ഥനെ കുത്തി മലർത്തിയിട്ടും പ്രതിയുടെ രോമത്തിൽപ്പോലും സ്പർശിക്കാനാവാതെ നിസ്സഹായമായി നിന്ന ഭൂതകാലവും ജയിൽ ചാടിയ കോടാലി ശ്രീധരന് മുന്നിൽ ഓച്ഛാനിച്ചുനിന്ന കേരളാ പോലീസിന്റെ കാലവും കഴിഞ്ഞുപോയി. ഇപ്പോൾ ഉയിർത്തെഴുന്നേല്പിന്റെയും മുന്നേറ്റത്തിന്റെയും പാതയിലാണ്. കേരളാ പോലീസിനെയും ആഭ്യന്തര വകുപ്പിനെയും വിമർശിക്കുന്നവർക്കുപോലും സത്യസന്ധമായി കേരളത്തിലെ ആഭ്യന്തര വകുപ്പിനെ അഭിനന്ദിക്കാൻ കഴിയുന്ന സാഹചര്യമുണ്ടെന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കും. കേരളത്തിൽ ജനമൈത്രി പോലീസ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കുന്നതിന് സാക്ഷിയായത് ഈ കാലത്താണ്. പോലീസ് സ്റ്റേഷനിലേക്ക് കടന്നുചെല്ലുന്നവരെ സഹായിക്കാനും സ്വീകരിക്കാനും പി.ആർ.ഒ.-മാരെ നിയമിക്കാൻ തീരുമാനിച്ചതും അത് യാഥാർത്ഥ്യമാക്കിയതും ഇക്കാലത്താണ്. ഒരു സർക്കാർ ശ്രമിച്ചാലും ഒരുപക്ഷേ എല്ലാ കുറ്റകൃത്യങ്ങളെയും എന്നെന്നേയ്ക്കുമായി ഇല്ലാതാക്കാനാവില്ല. നമുക്ക് അങ്ങനെ ആഗ്രഹിക്കാൻ കഴിയും; പക്ഷേ ഇല്ലാതാക്കൽ മറ്റ് ഒട്ടേറെ സാമൂഹ്യഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ ഫലപ്രദമായ നടപടികൾ നാടിനെ പടിപടിയായി സമാധാനത്തിലേയ്ക്കെത്തിക്കും. കുറ്റകൃത്യങ്ങളുടെയും കൊലപാതകങ്ങളുടെയും രാഷ്ട്രീയ കൊലപാതകങ്ങളുടെയും രാഷ്ട്രീയ സംഘർഷങ്ങളുടെയും കാര്യത്തിൽ കേരളത്തിൽ മെച്ചപ്പെട്ട നിലയാണുള്ളത്. 2016-ൽ സംഭവിച്ചതിനേക്കാൾ 150-ഓളം സംഘർഷങ്ങൾ 2017-ൽ കുറവാണ്. 2016-ൽ 16 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്ന കേരളത്തിൽ 2017-ൽ അത് 5 ആയി കുറഞ്ഞു. ആരും കൊല്ലപ്പെടാത്ത സാഹചര്യമുണ്ടാകണം. തീർച്ചയായും കേരളം ആ നിലയിലേയ്ക്ക് കടന്നുവരുമെന്നുതന്നെയാണ് മനസ്സിലാക്കാനാകുന്നത്. ഹൈടെക് എ.ടി.എം. തട്ടിപ്പിലെ പ്രതികളെ നിക്കരാഗ്വയിൽ നിന്ന് നാം പിടികൂടിയത് ഇവിടെ മുമ്പ് സംസാരിച്ച സാമാജികൻ സൂചിപ്പിക്കുകയുണ്ടായി.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ഓൺലൈൻ തട്ടിപ്പ് കേസ്സിലെ പ്രതികളെ ഡൽഹിയിൽ പോയാണ് കേരളാ പോലീസ് പിടിച്ചുകൊണ്ടുവന്നത്. എന്റെ നിയോജക മണ്ഡലത്തിലുണ്ടായ കളവ് പ്രതികളെ പോലീസ് ബംഗാളിൽ പോയാണ് പിടിച്ചുകൊണ്ടുവന്നത്. കോവളത്തെ പ്രമാദമായ മരിയദാസ് വധത്തിലെ പ്രതികളെ തമിഴ്നാട്ടിൽ വച്ച് പിടിക്കാൻ കേരളാ പോലീസിന് ഒരാഴ്ച മാത്രമേ വേണ്ടിവന്നുള്ളൂ. പാലക്കാട് ആലത്തൂരിലെ

പ്രീതിയുടെ വധത്തിലെ പ്രതികളെ തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ നിന്ന് പിടിക്കാൻ രണ്ടാഴ്ച സമയമാണ് വേണ്ടിവന്നത്. മധുവിന്റെ വധം ഇപ്പോൾ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രതികളെ പിടികൂടാൻ കഴിഞ്ഞില്ലെന്ന ആരോപണം പ്രതിപക്ഷത്തിനുപോലും ഉന്നയിക്കാൻ കഴിഞ്ഞില്ല. എല്ലാ പ്രതികളെയും മണിക്കൂറിനകം പിടികൂടാനും ജയിലിലടയ്ക്കാനും കഴിഞ്ഞ ഒരന്വേഷണ സംവിധാനം കേരളത്തിലുണ്ട്. തൃശ്ശൂരിലെ ലോലിത വധക്കേസിലെ പ്രതികളെ തമിഴ്നാട്ടിലെ രാമപുരത്തുനിന്നാണ് പോലീസ് പിടിച്ചുകൊണ്ടുവന്നത്. ഐ.എസ്. റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വാർത്തകളുടെ പശ്ചാത്തലത്തിൽ ബോംബെയിൽനിന്നാണ് രണ്ട് പ്രതികളെ കേരള പോലീസ് പിടികൂടിയത്. എടത്വയിലെ മധു, ലിന്റോ ഇരട്ടക്കൊലപാതകത്തിലെ എല്ലാ പ്രതികളെയും പോലീസ് പിടികൂടി. കേരള പോലീസിനെ സംബന്ധിച്ച് അന്വേഷണത്തിലെ വീഴ്ച ചൂണ്ടിക്കാണിച്ചുകൊണ്ട് ഗൗരവതരമായ ഒരാരോപണം ഉന്നയിക്കാൻ ഈ സർക്കാരിനെ എതിർക്കുന്നവർക്കുതന്നെ കഴിയാത്ത ഒരന്തരീക്ഷം ഇന്ന് കേരളത്തിലുണ്ട്. രാഷ്ട്രീയ സ്വഭാവമുള്ള കേസുകളിൽ മുഖം നോക്കാതെ നടപടി സ്വീകരിക്കുകയാണ്. ഇപ്പോൾ എല്ലായിടത്തും ചർച്ച ചെയ്യപ്പെടുന്നത് കണ്ണൂരിലെ ഒരു കോൺഗ്രസ് പ്രവർത്തകനായ ചെറുപ്പക്കാരന്റെ വധമാണ്. ആ വധം സംഭവിക്കാൻ പാടില്ലാത്തതാണ്. ഞങ്ങൾ ആ സംഭവത്തെ അപലപിക്കുകയാണ്. യാതൊരു സംശയവും വേണ്ട, ഒരു ന്യായീകരണവും നിരത്തി ആ കൊലപാതകത്തിനനുകൂലമായ ഒരു വാക്കും ഞങ്ങൾ പറയില്ല. ആ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ ഞങ്ങളോടൊപ്പമുള്ളവരാണെന്ന യാഥാർത്ഥ്യം അഭിമാനകരമായിട്ടല്ല ഞങ്ങൾ കാണുന്നത്. ആ വാർത്തയുടെയും യാഥാർത്ഥ്യത്തിന്റെയും മുമ്പിൽ ശിരസ്സ് കുനിച്ചുതന്നെയാണ് ഞങ്ങൾ നിൽക്കുന്നത്. ഞങ്ങൾക്കൊരു നിലപാടുണ്ട്. ഞങ്ങൾ മാനവികത ഉയർത്തിപ്പിടിക്കുന്നവരാണ്. അന്യന്റെ ശബ്ദം സംഗീതമെന്നപോലെ ആസ്വദിക്കണമെന്ന കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്ന ഒരു പ്രസ്ഥാനത്തിന് ഒരു തരത്തിലുള്ള അക്രമപ്രവർത്തനങ്ങളെയും ന്യായീകരിക്കാനാകില്ല. മയ്യഴിപുഴയുടെ തീരങ്ങളിൽ എന്ന നോവലിൽ "മനുഷ്യന്റെ ഒരു തുള്ളി രക്തത്തിന് ഒരു കിരീടത്തെക്കാൾ വിലയുണ്ട്" എന്നാണ് ശ്രീ. എം. മുകുന്ദൻ പറയുന്നത്. ഒരു രാഷ്ട്രത്തിന്റെ ഭരണാധികാരത്തേക്കാൾ ഗൗരവത്തോടെ മനുഷ്യന്റെ ജീവനെ കാണണമെന്നുതന്നെയാണ് ഞങ്ങൾ ആവർത്തിച്ച് പറയുന്നത്. നമ്മളാരും കൊല്ലപ്പെടാൻ പാടില്ല. ജീവിതത്തിന്റെ വസന്തകാലങ്ങളിൽ ഒരാളും തല്ലിക്കൊഴിക്കപ്പെടാൻ പാടില്ല. കേരളത്തിന്റെ തെരുവിൽ ഒരാളുടെയും ചോര വീഴുകയുമരുത്. നമുക്കതിന് ഒരുമിച്ച് ശ്രമിക്കാനാകണം. സമാധാന

അന്തരീക്ഷത്തിൽ കേരളത്തിന്റെ രാഷ്ട്രീയത്തെ നിലനിർത്താൻ നമുക്കാകണം. എന്നാൽ നിർഭാഗ്യകരമായ ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നിങ്ങൾ ചെയ്യുന്നതെന്താണ്? നിങ്ങൾ സി.പി.ഐ.(എം.)-നെ ഒരു കൊലയാളി പാർട്ടിയാക്കി ചിത്രീകരിക്കാനും ഒരു ചെറുപ്പക്കാരന്റെ ജീവന് പകരമായി ഒരു പ്രസ്ഥാനത്തിന്റെതന്നെ ജീവനെടുക്കുമെന്ന നിലയിലുമാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. ആ രാഷ്ട്രീയ മുതലെടുപ്പിന് മുന്നിൽ മുട്ടുമടക്കില്ല, അതംഗീകരിച്ചു തരികയുമില്ല, അതിന്റെ ഭാഗമായി പ്രചരിപ്പിക്കുന്ന കള്ളക്കഥകളുടെയും പ്രചരണങ്ങളുടെയും മുന്നിൽ ഞങ്ങൾ പതറിപ്പോകുകയുമില്ല. ഇപ്പോഴുണ്ടായ ഒരു സംഭവത്തെ മുൻനിർത്തിയാണ് നിങ്ങൾ ഈ പ്രചരണങ്ങളെല്ലാം സംഘടിപ്പിക്കുന്നത്. എങ്ങനെ കേരളം ഇങ്ങനെയൊരു നിലയിലേയ്ക്ക് വന്നു; എങ്ങനെ കേരളത്തിന്റെ തെരുവുകളിൽ മനുഷ്യന്റെ ചോര വീണു; ശ്രീനാരായണ ഗുരുവും വാഗ്ഭടാനന്ദനും സഹോദരൻ അയ്യപ്പനുമെല്ലാം ഉഴുതുമറിച്ച് സൗരഭ്യമാർന്ന കേരളത്തിന്റെ ഈ മണ്ണിൽ എങ്ങനെ മനുഷ്യന്റെ ചോര വീണു; രാഷ്ട്രീയമായ ഭിന്നാഭിപ്രായങ്ങളെ കൊലക്കത്തിയിൽ അവസാനിപ്പിക്കാമെന്ന് ആര് കണ്ടുപിടിച്ചു? ആ ചരിത്രവും ഭൂതകാലവും നിങ്ങൾക്കുനേരെയാണ് വിരൽ ചൂണ്ടുന്നത്. കൊലപാതക രാഷ്ട്രീയത്തിന്റെ അദ്ധ്യായം കേരളത്തിൽ ആരംഭിച്ചത് നിങ്ങളാണ്. മനുഷ്യന്റെ ചോരകൊണ്ട് രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്ക് അവസാനമുണ്ടാക്കാമെന്ന് കരുതിയത് നിങ്ങളാണ്. നിങ്ങൾക്ക് മൊയ്യാരത്ത് ശങ്കരൻ എന്ന പേര് ഓർമ്മയില്ലേ; നിങ്ങൾ മറക്കാൻ പാടില്ല; നിങ്ങൾക്ക് ഇന്നത് വെറുമൊരു പേര് മാത്രമായിരിക്കാം. കേരളത്തിന് അതൊരു പേരല്ല. കെ.പി.സി.സി. അദ്ധ്യക്ഷന്റെ കസേരയിലിരുന്ന മഹത്‌വ്യക്തിത്വമാണദ്ദേഹം. കേരളത്തിലെ കോൺഗ്രസിന്റെ ചരിത്രമെഴുതിയത് മൊയ്യാരമാണ്. ഞാൻ ആ പേര് ഇവിടെ പറയാൻ കാരണം, സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, കേരളത്തിൽ നടന്ന ആദ്യത്തെ രാഷ്ട്രീയ കൊലപാതകമാണത്. നമുക്ക് മറക്കാനാകുമോ; കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് കോൺഗ്രസ്സും പോലീസും ചേർന്ന് തല്ലിക്കൊന്ന സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന മൊയ്യാരം. കോഴിപ്പുറത്ത് മാധവമേനോന്റെ അറിവും സമ്മതവുമുണ്ടായ കൊലപാതകം, ദുഷ്ടന്മാരേ, നിങ്ങൾ അദ്ദേഹത്തിന്റെ ബന്ധുക്കൾക്ക് മൃതദേഹമെങ്കിലും വിട്ടുകൊടുത്തോ; അദ്ദേഹത്തിന്റെ മൃതദേഹം എന്ത് ചെയ്തു; മാന്യമായി സംസ്കരിക്കാൻ നിങ്ങൾ തയ്യാറായോ; മൊയ്യാരത്തെ എവിടെ മറവുചെയ്തുവെന്ന് ഇന്നും നിങ്ങൾക്കാർക്കെങ്കിലും പറയാനാകുമോ; രാഷ്ട്രീയ വിരോധംകൊണ്ട് മൊയ്യാരത്തെ തല്ലിക്കൊന്ന് ആ മൃതദേഹം സെൻട്രൽ ജയിലിന്റെ ഇരുളടഞ്ഞ ഏതോ കോണിൽ ഒരു അനാഥപ്രേതമെന്നപോലെ

കുഴിച്ചുമൂടി കേരളത്തിൽ കൊലപാതക രാഷ്ട്രീയം തുടങ്ങിവച്ചവരാണ് നിങ്ങൾ. തുടർന്ന് നിങ്ങൾ എന്തൊക്കെ ചെയ്തു, എന്തെല്ലാം ക്രൂരകൃത്യങ്ങൾ; നിങ്ങളുടെ രാഷ്ട്രീയമായ വിരോധംകൊണ്ട് എതിരാളികളെ, കമ്മ്യൂണിസ്റ്റുകാരെ കൊന്നൊടുക്കാനാണ് തയ്യാറായത്. ഇപ്പോൾ മനുഷ്യത്വത്തെക്കുറിച്ച് പ്രസംഗിക്കുന്ന നിങ്ങൾക്ക് ചീമേനി സംഭവം മറക്കാനാകുമോ; അത് കൂട്ടക്കൊലയായിരുന്നില്ലേ; കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫീസിനകത്തല്ലേ അഞ്ച് പേരെ ചുട്ടുകൊന്നത്. തീയാളുന്ന ഓഫീസിൽനിന്നും പാതി വെന്ത ശരീരവുമായി പുറത്തു ചാടിയവരെ കാത്തുനിന്ന് വെട്ടിക്കൊന്നില്ലേ നിങ്ങൾ? എം. കോരനും സി. കോരനും ആലവളപ്പിൽ അമ്പുവും കുഞ്ഞിക്കണ്ണനും കുഞ്ഞപ്പനും മരിച്ചുവീണത് ഈ കേരളത്തിന്റെ മുന്നിലല്ലേ; എന്നിട്ട് കൊലപാതക രാഷ്ട്രീയത്തെക്കുറിച്ച് നിങ്ങൾ ക്ലാസ്സെടുക്കുന്നോ; ഈ നിയമസഭയിൽ അംഗമായിരുന്ന സഖാവ് കുഞ്ഞാലി, 1969 ജൂലൈ 26-ന് നിലമ്പൂരിലെ ഐ.എൻ.ടി.യു.സി. ഓഫീസിന്റെ ജനലഴികൾക്കിടയിലൂടെ നീട്ടിയ തോക്കുകൊണ്ടല്ലേ നിങ്ങൾ വെടിവച്ചുകൊന്നത്. ആരായിരുന്നു ഒന്നാം പ്രതിയായി ജയിലിൽ കിടക്കേണ്ടി വന്നത്? എന്നിട്ട് നിങ്ങളാണോ സമാധാനത്തെക്കുറിച്ച് പ്രസംഗിക്കുന്നത്. അതൊക്കെ നമുക്ക് കളയാം. പക്ഷെ ഈ സഭയുമായി ബന്ധപ്പെട്ട എത്ര സംഭവങ്ങളുണ്ട്. പൊതുമരാമത്ത് വകുപ്പുമന്ത്രി സഖാവ് ജി. സുധാകരന്റെ സഹോദരൻ ഭുവനേശ്വരൻ ഈ പ്രസ്ഥാനത്തിന്റെ നേതൃത്വമായി മാറേണ്ടിയിരുന്ന ആളല്ലേ; ഡിഗ്രി വിദ്യാർത്ഥിയായിരുന്ന സമയത്തല്ലേ അടിച്ച് തല തകർത്ത് തലച്ചോറ് ചിതറിച്ച് പന്തളം കോളേജിൽ വച്ച് നിങ്ങൾ കൊന്നത്. നിങ്ങൾക്ക് ന്യായീകരിക്കാനാകുമോ; പട്ടികജാതി വകുപ്പുമന്ത്രി സഖാവ് എ. കെ. ബാലൻ ജീവനോടെ ഇന്നിരിക്കുന്നുണ്ടെങ്കിൽ ആ ജീവന്റെ പിന്നിൽ നഷ്ടപ്പെട്ട മറ്റൊരു ജീവന്റെ കഥയുണ്ട്. കൊലക്കത്തിയുമായി ചാടിവീണ നിങ്ങളുടെ മുന്നിൽ സഖാവ് എ. കെ. ബാലന്റെ ജീവൻ രക്ഷിക്കാൻവേണ്ടി എടുത്ത് ചാടുമ്പോഴാണ് ആ 2 കോളേജ് യൂണിയന്റെ ക്യാപ്റ്റനായിരുന്ന ഉശിരനായ നേതാവ് മുഹമ്മദ് അഷ്റഫ് കൊല്ലപ്പെട്ടത്. ഞങ്ങളുടെ ഓരോരുത്തരുടെയും ജീവൻ നിലനിൽക്കുന്നുവെങ്കിൽ അതിന്റെ പിന്നിൽ ബലിയർപ്പിക്കപ്പെട്ട മറ്റു രക്തസാക്ഷികളുടെ ഓർമ്മകളുണ്ട്. അതൊന്നും ഒരു നിമിഷംകൊണ്ട് നിങ്ങൾ മറന്നുപോകരുത്. കഴിഞ്ഞ സഭയിൽ അംഗമായിരുന്ന ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്, ചക്രക്കസേരയിൽ ഈ സഭയിലേയ്ക്ക് വരികയും പോകുകയും ചെയ്യുതിന് നിങ്ങളെല്ലാം സാക്ഷികളായതാണ്. എങ്ങനെ ആ മനുഷ്യൻ ചക്രക്കസേരയിലായി? ശ്രീ. ഇ. പി. ജയരാജന് ഉറങ്ങണമെങ്കിൽ ഓക്സിജൻ മാസ്കിന്റെ സഹായം വേണം. ശിരസ്സിൽ വെടിയുണ്ടയും കയ്യിൽ ഓക്സിജൻ

മാസ്കമായി ഒരു നിയമസഭാ സാമാജികൻ ഈ കേരള മനസ്സാക്ഷിയുടെ മുമ്പിൽ ജീവിച്ചിരിക്കുന്നു. ഇതെല്ലാം എങ്ങനെ സംഭവിച്ചു? രാഷ്ട്രീയ പ്രതിയോഗികളെ കൊന്നൊടുക്കാൻ ഒരു മടിയും കാണിക്കാത്തവർ പത്തനംതിട്ട കോളേജിലെ ചെയർമാനായിരുന്ന ജോസിനെ കുത്തിമലർത്തി, കോടതിയിൽ സാക്ഷി പറഞ്ഞാൽ പ്രതികൾ ശിക്ഷിക്കപ്പെടുമെന്ന ഘട്ടം വന്നപ്പോൾ ആ കേസിലെ സാക്ഷിയായിരുന്ന പ്രസാദിനെ തിരുവോണനാളിൽ വെട്ടിനുറുക്കിക്കൊല്ലാൻ ഒരു മടിയും നിങ്ങൾക്കുണ്ടായിരുന്നില്ല. നിങ്ങളുടേത് മനുഷ്യരക്തത്തിൽ സ്നാനം ചെയ്ത ഭൂതകാലമാണ്. രാഷ്ട്രീയ എതിരാളികളെ കൊന്നുതീർക്കാമെന്ന് കരുതിയവരാണ് നിങ്ങൾ. ആ നിങ്ങളാണ് ഇപ്പോൾ സമാധാനത്തെക്കുറിച്ച് പറയുന്നത്.

കേരളത്തിലെ ഓരോ ഗ്രാമങ്ങൾക്കും ഓരോ രക്തസാക്ഷിയുടെ അനുഭവങ്ങൾ പറയാനുണ്ട്. 577 കമ്മ്യൂണിസ്റ്റുകാർ കേരളത്തിൽ കൊല്ലപ്പെട്ടു. 127 പേരെ കൊന്നത് കോൺഗ്രസുകാരാണ്. മറ്റെല്ലാവർക്കും അതിൽ പങ്കുണ്ട്. ഞാൻ അത്തരം കാര്യങ്ങളിലേയ്ക്ക് വിശദമായി പോകുന്നില്ല. ചോര കുടിച്ചുകുടിച്ച് സമനില തെറ്റിയപ്പോൾ നിങ്ങൾ നിങ്ങളോടൊപ്പമുള്ളവരെ കൊല്ലാൻ നോക്കി. പുതിയവീട്ടിൽ ബഷീറിനെ കൊന്നതാരാണ്; കോടതിവിധി വന്നപ്പോൾ വിങ്ങിപ്പൊട്ടി പിതാവ് പറഞ്ഞു, കൂടെ കൊടി പിടിക്കുന്നവരാണല്ലോ എന്റെ മകനെ കൊന്നതെന്ന് ഓർക്കുമ്പോൾ എനിക്ക് സഹിക്കാനാവുന്നില്ല എന്ന്. പുതുപ്പള്ളിയിൽ ഔസേപ്പിനെ കൊന്നതാരാണ്. ലാൽജിയെ, മധുവിനെ, ഹനീഫയെ കൊന്നതാരാണ്; നിങ്ങൾ ചോര കണ്ട് അറപ്പു മാറിയവരാണ്. ഈ കേരളത്തിൽ പലരെയും നിങ്ങൾ കൊന്ന് തീർത്തതാണ്. അങ്ങനെയുള്ള നിങ്ങളാണ് ഇപ്പോൾ ഒരു തിരിച്ചടി വന്നപ്പോൾ മനുഷ്യാവകാശത്തെക്കുറിച്ച്, മനുഷ്യ ജീവനക്കെുറിച്ച് പ്രസംഗിക്കുന്നത്. അങ്ങനെ തോന്നിയത് നന്നായി. പണ്ട് ഐക്യരാഷ്ട്രസഭയിൽ പ്രസംഗിക്കുമ്പോൾ നെൽസൺ മണ്ടേല പറഞ്ഞു, ആഫ്രിക്കയിലെ കറുത്തവർക്ക് അടി ഏറ്റുവാങ്ങാൻ മാത്രമേ അറിയാമായിരുന്നുള്ളൂ, തല്ലു കൊണ്ടുകൊണ്ട് ഇപ്പോൾ ഞങ്ങൾ തിരിച്ചടിക്കാൻ പഠിച്ചിരിക്കുന്നു എന്ന്. അതുപോല ഞങ്ങൾ ചരിത്രത്തിൽനിന്ന് പഠിച്ചതാണ്. അടിയേറ്റ് വീണപ്പോൾ, വീണിടത്തിട്ട് വെട്ടിക്കൊന്നപ്പോൾ, ഒന്നിനുപുറകെ മറ്റൊന്ന് എന്നപോലെ ഞങ്ങളുടെ സഖാക്കളെ കൊന്നുതീർത്തപ്പോൾ ചിലപ്പോൾ തിരിച്ചടികളും ചെറുത്തുനിൽപ്പുകളും ഉണ്ടായിട്ടുണ്ടാകാം. നിങ്ങളുടെ ജീവനും നഷ്ടപ്പെട്ടിട്ടുണ്ടാകാം. നമ്മളാരും അത്തരമൊരു നിലയിലേയ്ക്ക് പോകാൻ പാടില്ല. ഈ ഘട്ടത്തിൽ എല്ലാ കൊലപാതകങ്ങളെയും അപലപിക്കുന്നു, മനുഷ്യജീവന് തുല്യമായ വില കൽപ്പിക്കുന്നു. നമുക്ക് കേരളത്തെ സമാധാനപരമായ അന്തരീക്ഷത്തിൽത്തന്നെ നിലനിർത്താൻ സാധിക്കണം. അതിനൊരവസരമായി ഇത് മാറട്ടേയെന്ന് മാത്രമേ

എനിക്ക് സൂചിപ്പിക്കാനുള്ളൂ.

ഇപ്പോൾ ത്രിപുരയിലെ തെരഞ്ഞെടുപ്പ് പരാജയത്തിന്റെ അന്തരീക്ഷത്തിൽ അവിടെനിന്നുള്ള അക്രമത്തിന്റെ വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് ആ അക്രമങ്ങളെ അപലപിക്കണമെന്ന് തോന്നുന്നുണ്ടോ; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അപലപിച്ചു, നന്നായി. പക്ഷെ, ആ മനസ്സ് നിങ്ങൾക്കുണ്ടോ; നിങ്ങൾ സി.പി.ഐ.(എം.) അധികാരത്തിൽ നിന്ന് പോയി എന്നതിൽ ആവേശം കൊള്ളുകയാണ്. ഞങ്ങൾ നിങ്ങളെപ്പോലെയല്ല തെരഞ്ഞെടുപ്പുകളെ കാണുന്നത്. ഇന്ത്യയിൽ മഹാഭൂരിപക്ഷം വോട്ടുകൾ നേടി ജയിച്ച് ഇവിടെ ഭരണം നടത്തി സോഷ്യലിസം കൊണ്ടുവരാമെന്ന് സി.പി.ഐ.(എം.) എവിടെയും പറഞ്ഞിട്ടില്ല. തെരഞ്ഞെടുപ്പുകളെ ഞങ്ങളുടെ ആശയപ്രചരണത്തിന്റെ വേദിയായാണ് കാണുന്നത്. നിങ്ങളൊരു തെരഞ്ഞെടുപ്പിൽ വിജയിച്ച് ഭരിക്കാനാണ് ആഗ്രഹിക്കുന്നത്. ഞങ്ങൾ ജനങ്ങളുടെ സ്വാധീനം വർദ്ധിപ്പിച്ച് ഈ വ്യവസ്ഥയെ മാറ്റിമറിക്കാനാണ് ശ്രമിക്കുന്നത്. അതിനിടയിൽ ഭരണം കിട്ടുമ്പോൾ പാവപ്പെട്ട മനുഷ്യർക്കായി ചെയ്യാൻ കഴിയുന്ന ചെറിയ ചില കാര്യങ്ങൾ ഞങ്ങൾ ചെയ്യുമെന്നേയുള്ളൂ. അല്ലാതെ ജയിച്ച് സോഷ്യലിസം നടപ്പിലാക്കാൻ വന്നവരല്ല ഞങ്ങൾ. ഞങ്ങൾ ഇതിനുമുമ്പും തോറ്റിട്ടുണ്ട്, തിരിച്ചുവന്നിട്ടുമുണ്ട്. പക്ഷെ നിങ്ങൾ തോറ്റിടത്ത് ഒരിടത്തും നിങ്ങൾ തിരിച്ചുവന്നിട്ടില്ല. അതുകൊണ്ട് തോൽവിയെന്ന് കേൾക്കുമ്പോൾ നിങ്ങൾ കരുതുന്നത് നിങ്ങളുടെ സ്ഥിതി ഞങ്ങൾക്കും വരുമെന്നാണ്. നിങ്ങൾ 1967-ൽ തമിഴ്നാട്ടിലും 1988-ൽ ഉത്തർപ്രദേശിലും 1977-ൽ ബംഗാളിലും 1984-ൽ സിക്കിമിലും 1995-ൽ ഗുജറാത്തിലും 2003-ൽ മദ്ധ്യപ്രദേശിലും 1993-ൽ ത്രിപുരയിലും 2000-ത്തിൽ ഒറീസയിലും തോറ്റു. ഒരു സ്ഥലത്തും പിന്നീട് നിങ്ങൾ തിരിച്ചുവന്നില്ല. നിങ്ങളെവിടെയും തിരിച്ചുവന്നില്ല. ഞങ്ങൾ ത്രിപുരയിൽ തോറ്റു. ത്രിപുരയിൽ ഇതിനെക്കാൾ വലിയ അക്രമങ്ങളെ നേരിട്ടു. ആദരണീയനായ നൃപൻ ചക്രവർത്തിയെ പോളിംഗ് ബൂത്തിലിട്ട് അടിച്ച് അവശനാക്കുന്നതുവരെ നമ്മൾ കണ്ടു. ഞങ്ങൾ കൊടുങ്കാറ്റിന്റെ കരുത്തോടെ തിരികെ വന്നു. ഞങ്ങളിനി തിരികെ വരാതെ എവിടെയെങ്കിലും പോയാൽ ആ മണ്ണിൽ മുഴുവൻ കമ്മ്യൂണിസ്റ്റുകാരും കൊല്ലപ്പെട്ടാലും ഒരാളാണ് അവശേഷിക്കുന്നതെങ്കിൽ ആ ഒരാൾ ഒരു പാർട്ടിയായി മാറും, ആ സമരം തുടരും, ജനങ്ങൾക്കുവേണ്ടി പോരാടും. എവിടെയെങ്കിലും

ഞങ്ങൾക്ക് വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ ഒരു ദുരഭിമാനവുമില്ലാതെ ഞങ്ങളത് പരിശോധിക്കും. ഞങ്ങൾ ആ തെറ്റുകൾ തിരുത്തും.

2.00 PM]

ജനങ്ങൾക്ക് വ്യാമോഹങ്ങളോ തെറ്റിദ്ധാരണയോ ഉണ്ടായിട്ടുണ്ടെങ്കിൽ അവ തിരുത്താൻ വാശിയോടെ പ്രവർത്തിക്കും. അതല്ലാതെ ഒരു തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാൽ അതോടുകൂടി ലോകം അവസാനിക്കുമെന്ന് കരുതുന്നവരല്ല ഞങ്ങൾ. പക്ഷേ ജീവിച്ചിരുന്നു എന്നതിന് നേരിയ അടയാളംപോലും അവശേഷിപ്പിക്കാത്ത വിധം കാണെക്കാണെ ഒരു പാർട്ടി മാഞ്ഞുപോകുകയാണ്. ത്രിപുരയിലും മറ്റു പലയിടത്തും നിങ്ങൾ മാഞ്ഞുപോയി. ഞങ്ങൾക്കതിൽ സന്തോഷമൊന്നുമില്ല.

നിങ്ങൾ ഒരുമിച്ച് നിൽക്കണമെന്ന് പറയുന്നു, സഖ്യമാണെന്നാണ് പറയുന്നത്. എന്ത് സഖ്യം? നിങ്ങൾക്കെങ്ങനെ വർഗ്ഗീയതയെ നേരിടാനാകും; നിങ്ങളത് തെളിയിക്കണം. വർഗ്ഗീയതയ്ക്കെതിരായി ഒരു പ്രസ്താവന നിങ്ങൾ പറയണം. സംഘ്പരിവാറിന്റെ നരമേധത്തിനെതിരെ നിങ്ങൾ ശബ്ദമുയർത്തണം. വർഗ്ഗീയതയോട് മൃദുസമീപനം സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് നിങ്ങൾക്ക് ഈ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നത്. കോൺഗ്രസ്സുകാരൻ ജയിച്ചുവന്നാൽ ബി.ജെ.പി.-യിലേയ്ക്ക് പോകുകയാണ്. നിങ്ങളെ മൊത്തം വില പറഞ്ഞ് വാങ്ങുന്ന ആ ദുര്യോഗം നിങ്ങൾക്ക് കാണാൻ സാധിക്കുന്നില്ല. ഒരു തെരഞ്ഞെടുപ്പ് പരാജയത്തിന്റെ മുൻപിൽ ലോകം അവസാനിക്കുന്നു എന്നത് വലതുപക്ഷ രാഷ്ട്രീയത്തിന്റെ ജീർണ്ണ ബോധത്തിൽനിന്നുണ്ടാകുന്നതാണ്. ഞങ്ങളെ നിങ്ങൾ അങ്ങനെ അളക്കരുത്. ഈ കേരളത്തിൽ വളരെ കുറച്ചു കാലമേ ഞങ്ങൾ ഭരിച്ചിട്ടുള്ളൂ. തുടർച്ചയായി ഞങ്ങൾ പുറത്ത് നിന്നിട്ടില്ലേ; ഞങ്ങളുടെ വിപ്ലവ വീര്യത്തിന് എന്തെങ്കിലും കുറവ് സംഭവിച്ചിട്ടുണ്ടോ; കമ്മ്യൂണിസ്റ്റുകാരന്റെ മനോഭാവം നിങ്ങൾക്കിനിയും പിടികിട്ടിയിട്ടില്ല. സാന്റിയാഗോയുടെ മാനസികാവസ്ഥയെക്കുറിച്ച് ഹെമിംഗ് വേ എഴുതിയത്, 'പരിക്ഷീണനായി, പരിക്കുപറ്റി അറിയാതെ ഉറങ്ങിപ്പോകുമ്പോഴും ലാറ്റിനമേരിക്കൻ വനാന്തരങ്ങളിലെ സിംഹഗർജ്ജനങ്ങളെ സ്വപ്നം കാണുന്ന ഒരു മനസ്സ്'. പാരീസ് കമ്യൂൺ പരാജയപ്പെട്ട് ഒളിച്ചോടേണ്ടി വന്നപ്പോഴാണ് യൂജിൻപോത്തിയർ സാർവ്വദേശീയ ഗാനം എഴുതിയത്. പലായനം ചെയ്ത് ഒളിവിൽ താമസിക്കുമ്പോഴും 'ലോകമെമ്പാടുമുള്ള പട്ടിണിത്തടവുകാരേ നിങ്ങൾ ഉയർത്തെഴുന്നേൽക്കുവിൻ' എന്ന് പാടാൻ കഴിയുന്ന ഒരു മനസ്സ് അദ്ദേഹത്തിനുണ്ട്. ലോകത്തെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് പത്രം എന്ന് വിശേഷിപ്പിക്കപ്പെട്ട മാർക്സിന്റെ പത്രം New Rheinische

Zeitung ഒരു കൊല്ലം തികയുന്നതിന് മുൻപ് അടച്ചുപൂട്ടേണ്ടിവന്നു. അടച്ചുപൂട്ടേണ്ടി വന്നപ്പോൾ അവസാനത്തെ ലക്കം കട്ടച്ചുവപ്പു നിറത്തിലാണ് പ്രസിദ്ധീകരിച്ചത്. ഫ്രെയിലിഗ്രാത്തിന്റെ ഒരു കവിതയോടുകൂടിയാണ് ആ ലക്കം പുറത്തിറങ്ങിയത്. അവസാനിപ്പിക്കേണ്ടിവന്ന, പരാജയപ്പെടേണ്ടിവന്ന, മാറിനിൽക്കേണ്ടിവന്ന, പലായനം ചെയ്യേണ്ടിവന്ന ഘട്ടത്തിലും ആ കവിത ഇങ്ങനെയായിരുന്നു.

" തിരിച്ചുവന്നിടാത്ത ദൂരയാത്രയല്ലിതെൻ സഖാക്കളെ
അടിച്ചുടച്ചിടാവതല്ല തീർച്ച നമ്മൾതൻ മനോബലം.
ഇരുപത്തൊന്ന് കാൽവിലങ്ങുകൾ തകർത്തു കൈകളിൽ കരുത്തുമായ്
ഉയർത്തെണീറ്റു വന്നിടും സമീപമാത്രയൊന്നിൽ ഞാൻ"

ഞങ്ങൾ ഉയിർത്തെണീറ്റ് വരികതന്നെ ചെയ്യും; ഞങ്ങൾ ശരിയായ നിലപാടുമായി മുന്നോട്ടുപോകും. ആ ശരിയായ നിലപാടിനോടൊപ്പം ഇന്നല്ലെങ്കിൽ നാളെ നിങ്ങൾക്ക് നിൽക്കേണ്ടി വരും. നിങ്ങളാണ് നിലപാടുകൾ മാറ്റേണ്ടതെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പോലീസ്, ജയിൽ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹത്തിന്റെ വാക്കുകൊണ്ട് ഇവിടെ പൊട്ടിച്ച ഗ്രനേഡിന്റെ ശക്തിയിൽ ഭരണകക്ഷി അംഗങ്ങൾ ചിതറിയോടുന്ന രംഗമാണ് നമ്മൾ കണ്ടത്. അതിനുശേഷം ശ്രീ. എം. സ്വരാജിനെപ്പോലുള്ള ആളുകൾ ഇപ്പോൾ ചില ഓലപ്പടക്കങ്ങൾ ഇങ്ങോട്ടെറിഞ്ഞാൽ അത് പൊട്ടാതെ ചീറ്റിപ്പോകുമെന്നാണ് എനിക്ക് പറയാനുള്ളത്. അവരുമായി ഞങ്ങൾ സഖ്യത്തിന് ഒരുമ്പെട്ടുവെന്ന് ശ്രീ. എം. സ്വരാജ് പറയുകയുണ്ടായി. ഞങ്ങളവരെ എവിടെയാണ് സഖ്യത്തിന് കൂട്ടേണ്ടത്; ആരാണ് അതിനാവശ്യപ്പെട്ടത്; തൃശ്ശൂരിൽ നടന്ന നിങ്ങളുടെ സംസ്ഥാന സമ്മേളനത്തിൽവച്ച് കേരളമല്ല ഇന്ത്യ എന്നുപറഞ്ഞത് ശ്രീ. സീതാറാം യെച്ചൂരിയും ശ്രീ. സുധാകർ റെഡ്ഡിയുമാണ്. വിശാല മതേതര ജനാധിപത്യ ഐക്യമെന്നാണ് ശ്രീ. സി. ദിവാകരൻ പ്രസംഗിച്ചത്. കോൺഗ്രസ്സിനെ കൂട്ടാതെ ആരെ കൂട്ടിയാണ് നിങ്ങൾ ഈ വിശാല മതേതര ജനാധിപത്യ ഐക്യമുണ്ടാക്കുന്നത്. ഇന്ത്യാ രാജ്യത്ത് ഏത് സംസ്ഥാനത്ത്, ആരാണ് നിങ്ങളുടെ കൂടെയുള്ളത്?

ഗുജറാത്ത്, രാജസ്ഥാൻ, മണിപ്പൂർ, ഗോവ എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞു. ഇപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞ മേഘാലയയിൽ കോൺഗ്രസ്സാണ് ഒന്നാമത്തെ കക്ഷി. നിങ്ങളിപ്പോൾ എവിടെയുണ്ട്, എന്തുകൊണ്ടാണ് ശ്രീ. എം. സ്വരാജിനേക്കാൾ ഒരുപാട് കമ്മ്യൂണിസ്റ്റ് അനുഭവവും പാരമ്പര്യവുമുള്ള ശ്രീ. വി.

എസ്. അച്ചുതാനന്ദൻ ത്രിപുര തെരഞ്ഞെടുപ്പ് ഫലം വന്നതിനുശേഷം സഖ്യം വേണമെന്ന് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ശ്രീ. കോടിയേരി ബാലകൃഷ്ണനുമൊപ്പം പോളിറ്റ് ബ്യൂറോ അംഗമായ ശ്രീ. എം. എ. ബേബി പറഞ്ഞത് സി.പി.ഐ.(എം.), പാർട്ടിയുടെ നയങ്ങൾ പുനഃപരിശോധിക്കണമെന്നാണ്. ഇന്ന് ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന ഏറ്റവും മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവായ ശ്രീ വി.എസ്. അച്ചുതാനന്ദനും സി.പി.ഐ.(എം.)-ന്റെയും സി.പി.ഐ.-യുടെയും അഖിലേന്ത്യാ സെക്രട്ടറിയും ഇങ്ങനെ പറയുമ്പോൾ നിങ്ങളിവിടെ വന്ന് ഇതൊക്കെ പറയുന്നതിൽ യാതൊരു കാര്യവുമില്ല.

പോലീസിനെ സംബന്ധിച്ച ധനാഭ്യർത്ഥനയാണിത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നതാണ് പോലീസിന്റെ ചുമതല. അതിന് കേരളത്തിലെ പോലീസിന് സാധിക്കുന്നുണ്ടോ; നിയമസഭയിൽ ഞങ്ങൾ എന്തെല്ലാം വിഷയങ്ങളാണ് സംസാരിക്കേണ്ടത്; ഷുഹൈബിന്റെ ദാരുണമായ കൊലപാതകത്തെക്കുറിച്ച് ഇന്ന് രാവിലെ സഭയിൽ ചോദ്യങ്ങൾ വന്നു. ഒരുത്തരവും പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാധിച്ചില്ല. ഇവിടെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ആ ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല. സി.ബി.ഐ. എൻക്വയറിക്ക് ആവശ്യപ്പെട്ടുകൊണ്ട് ഷുഹൈബിന്റെ ഉപ്പയും ഉമ്മയും ഇന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിന്റെ വാദം കേട്ടപ്പോൾ കൊല ചെയ്യിച്ചവർ എവിടെയെന്നും അവർ മറഞ്ഞിരിക്കുകയാണോ എന്നും കൊലപാതകത്തിനുപയോഗിച്ച ആയുധങ്ങൾ, ബോംബ് നിർമ്മിച്ച കേന്ദ്രങ്ങൾ എന്നിവയെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചു. സർക്കാർ വക്കീലിന് ഉത്തരം പറയാൻ സാധിച്ചില്ല. ഹൈക്കോടതി ആ കേസ് വിധി പറയാൻ വച്ചിരിക്കുകയാണ്. കേരള പോലീസിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ് ജനങ്ങൾ സി.ബി.ഐ. എൻക്വയറി ആവശ്യപ്പെടുന്നത്. ഷുഹൈബിന്റെ കേസ് സംബന്ധിച്ച് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. ഒരു കേസ് മാത്രമല്ല, സമീപ ദിവസങ്ങളിൽ അട്ടപ്പാടിയിലെ മധു, പുനലൂരിലെ സുഗതൻ, മണ്ണാർക്കാടിലെ സഫീർ എന്നിവരാണ് കൊല്ലപ്പെട്ടത്. ഇതിനേക്കാളെല്ലാം ക്രൂരമായി കോഴിക്കോട് ജില്ലയിൽ ജോത്സ്ന എന്ന യുവതിയുടെ ഗർഭസ്ഥ ശിശുവിനെ ചവിട്ടിക്കൊന്ന ബ്രാഞ്ച് സെക്രട്ടറിക്ക് സംരക്ഷണം നൽകുന്ന പാർട്ടിയാണ് നിങ്ങളുടേത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ സർക്കാരിന് കഴിയുന്നില്ല.

ഷുഹൈബ് വധക്കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന് കേരള ഹൈക്കോടതി ഉത്തരവിട്ടിരിക്കുന്നു എന്ന വാർത്ത ഇപ്പോൾ വന്നിട്ടുണ്ട്. ശ്രീ. എം. സ്വരാജിന്റെയും സർക്കാരിന്റെയും മാർക്സിസ്റ്റ് പാർട്ടിയുടെയും മുഖത്ത് കിട്ടിയ അടിയാണിത്. ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സി.ബി.ഐ. ഉൾപ്പെടെ ഏതന്വേഷണത്തിനും തയ്യാറാണെന്ന് കണ്ണൂരിൽ

വാർത്താസമ്മേളനം നടത്തിയപ്പോൾ പറയുകയുണ്ടായി. പക്ഷേ അദ്ദേഹം അങ്ങനെ പറഞ്ഞിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെയും സഭയെ തെറ്റിദ്ധരിപ്പിച്ചു. അങ്ങനെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽത്തന്നെയാണ് ഷുഹൈബിന്റെ ഉപ്പയും ഉമ്മയും പരാതി കൊടുത്തത്. ആ പരാതി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കവറിംഗ് ലെറ്ററോടെ സർക്കാരിലേയ്ക്ക് അയച്ചു. അതിനൊരു മറുപടിപോലും അയച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അട്ടപ്പാടിയിൽ രണ്ട് വീടുകളിലും പോയി. എന്നാൽ അദ്ദേഹത്തിന്റെ വീടിന്റെ ഏതാണ്ട് 10 കിലോമീറ്ററിനുള്ളിലുള്ള ഷുഹൈബിന്റെ വീട്ടിൽ പോകാൻ മുഖ്യമന്ത്രിക്ക് സാധിച്ചില്ല.

ഇവിടെ കൊലക്കേസുകളെക്കുറിച്ചും ചീമേനിയിലെ കേസ്സിനെക്കുറിച്ചും പറഞ്ഞു. ചീമേനി കേസ്സിന്റെ immediate and sudden provocation എന്തായിരുന്നു; തെരഞ്ഞെടുപ്പ് ദിവസമായിരുന്നു അത്. കോൺഗ്രസ്സിന്റെ ബൂത്ത് ഏജന്റായിരുന്ന കുഞ്ഞികൃഷ്ണനെ കള്ളവോട്ട് ചോദ്യം ചെയ്തതിനെത്തുടർന്ന് ബൂത്തിൽ നിന്ന് പുറത്തേയ്ക്കിറങ്ങിയ സെക്കന്റിൽത്തന്നെ വെട്ടിക്കൊലപ്പെടുത്തി. അതാണ് sudden and immediate provocation. കണ്ണൂർ ജില്ലയിൽ പുറച്ചേരി ബാലകൃഷ്ണൻ, പീറ്റക്കണ്ടി പ്രഭാകരൻ, കാടാച്ചിറ ബാലൻ, കല്ലാടൻ ചന്ദ്രൻ, കാപ്പാട് വസന്തൻ, മുഴപ്പിലങ്ങാട് ശ്രീകാന്ത്, എടക്കാട് ശ്രീനിവാസൻ, കൂടാളിയിലെ അനീഷ്, നെട്ടൂർ ഗോവിന്ദൻ, സജിത്ത് ലാൽ, ബെന്നി എബ്രഹാം, ആന്തൂർ ദാസൻ, കേളകത്തെ ജോസ് എന്നിവരെല്ലാം ഈ അടുത്ത വർഷങ്ങളിലാണ് കൊല ചെയ്യപ്പെട്ടത്. ഞാൻ കണ്ണൂർ ജില്ലാ രാഷ്ട്രീയത്തിൽ വന്നതിനുശേഷമുണ്ടായ കൊലപാതകങ്ങളാണിവ. ഇവിടെ ഞങ്ങൾ പറഞ്ഞ കണക്കിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. എം. സ്വരാജുമൊക്കെ സ്വാതന്ത്ര്യത്തിന് മുൻപുള്ള കാര്യങ്ങളാണ് പറഞ്ഞത്. 25 വർഷത്തിനുള്ളിൽ കണ്ണൂർ ജില്ലയിൽ കോൺഗ്രസ് പ്രവർത്തകരാൽ കൊല ചെയ്യപ്പെട്ട ഏതെങ്കിലുമൊരു എതിർപക്ഷ രാഷ്ട്രീയ പ്രവർത്തകന്റെ പേര് പറയാൻ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതേസമയം പേരാവൂരിലും നടാലിലുംവച്ച് ശ്രീ. കെ. സുധാകരന്റെ കാറിന് ബോംബെറിഞ്ഞും മറ്റും കൊല്ലാനാണ് നിങ്ങൾ ശ്രമിച്ചത്. നിങ്ങളുടെ അക്രമ രാഷ്ട്രീയത്തെ എതിർത്തതിന്റെ പേരിലാണ് അദ്ദേഹത്തെ കൊല്ലാൻ നിശ്ചയിച്ചത്. ആയുസ്സിന്റെ ദൈർഘ്യംകൊണ്ടാണ് അദ്ദേഹം ഇന്നും ജീവിക്കുന്നത്. നിങ്ങളാൽ കൊല ചെയ്യപ്പെട്ട പ്രവർത്തകർ എത്രയാണ്; ചെങ്കോട്ടയിലും ചെങ്കൊടി പാറിക്കും എന്നല്ലേ നിങ്ങൾ വീമ്പിളക്കിയത്. ചെങ്കോട്ടയിൽ ചെങ്കൊടി പാറിക്കാൻ പോകുന്നില്ല. ബംഗാളിലും ത്രിപുരയിലും പാറുന്നില്ല. പാവപ്പെട്ട കൃഷിക്കാരന്റെ, പുനലൂരിലെ പാവപ്പെട്ട സുഗതന്റെ നെഞ്ചത്താണ് നിങ്ങൾ ചെങ്കൊടി

പാറിക്കുന്നത്. വിദേശത്ത് വർഷങ്ങളോളം അദ്ധ്വാനിച്ചതിനുശേഷം നാട്ടിൽ മടങ്ങിവരുന്ന ആളുകളുടെ കൃഷിഭൂമിയിലാണ് നിങ്ങൾ ചെങ്കൊടി പാറിക്കുന്നത്. ഇപ്പോൾ ചെങ്കൊടി പാറിക്കാൻ ഇന്ത്യയിൽ സ്ഥലമില്ലാതെ ദുബായിലെ ബുർജ് ഖലീഫയിൽ ചെങ്കൊടി പാറിക്കാൻ പോകുകയാണ്. ഡൽഹിയിലെ ചെങ്കോട്ടയ്ക്ക് ഉയരം കുറവായതിനാൽ ലോകത്ത് ഏറ്റവും ഉയർന്ന സ്ഥലം ദുബായിലെ ബുർജ് ഖലീഫയാണെന്ന് മനസ്സിലാക്കി അവിടെ ചെങ്കൊടി പാറിക്കാനല്ലേ നിങ്ങൾ ചില സഖാക്കൻമാരെ അങ്ങോട്ടേയ്ക്ക് അയച്ചത്?

സംസ്ഥാനത്തെ ക്രമസമാധാന പാലനത്തിൽ പോലീസിന് ഗുരുതരമായ വീഴ്ച സംഭവിച്ചിരിക്കുകയാണ്. ജയിൽപ്പുള്ളികൾക്ക് എല്ലാ സുഖസൗകര്യങ്ങളും ഇന്ന് ജയിലുകളിൽ നൽകുന്നു. കണ്ണൂർ ജില്ലയിൽ ടി.പി.ചന്ദ്രശേഖരൻ കൊലക്കേസ്സിലെ ജയിൽപ്പുള്ളികൾക്ക് സുഖചികിത്സയാണ്. ജയിലുകളിൽ നിന്ന് ക്രിമിനലുകളെ തുറന്നുവിട്ടിരിക്കുകയാണ്. ക്രമസമാധാന പാലനത്തിൽ പൂർണ്ണമായി പരാജയപ്പെട്ട, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയാത്ത സർക്കാരാണിത്. സംസ്ഥാനത്ത് സ്വൈര്യമായും സ്വസ്ഥമായും നിയമാനുസൃതമായും ക്രിമിനൽ കേസുകൾ അന്വേഷിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിപോലും കണ്ടെത്തിയ ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കൊളോണിയൽ കാലഘട്ടത്തിൽ ജന്മികൾക്കും ബ്രിട്ടീഷുകാർക്കും വേണ്ടി സാധാരണ ജനങ്ങളെ അടിച്ചമർത്തിയിരുന്ന പഴയ കോൽക്കാരനിൽ നിന്ന്, ആധുനിക പോലീസ് സംവിധാനത്തിലേക്കുള്ള മാറ്റം കേരളത്തിലെ ആദ്യത്തെ ഇടതുപക്ഷ സർക്കാർ മുതലുള്ള സർക്കാരുകളുടെ നിരന്തരമായ പ്രവർത്തനങ്ങളും നയങ്ങളുംകൊണ്ട് ലഭ്യമായതാണ്. ആദ്യത്തെ ഇ.എം.എസ്. സർക്കാർ 1957-ൽ പോലീസ് സേനയെ ഏകീകരിച്ചുകൊണ്ട് ഒരു ജനകീയ മുഖമാണ് പോലീസിന് നൽകിയത്. ജനകീയ ആവശ്യങ്ങളെ അടിച്ചമർത്താത്ത, ജനങ്ങൾക്ക് കൂടെയുള്ള ഒരു പോലീസ് സംവിധാനമെന്ന നിലയ്ക്കാണ് അതിനെ മാറ്റിയത്. അതിന്റെ തുടർച്ചയായി നിരവധി പ്രവർത്തനങ്ങൾ പല തവണകളിലായി ഉണ്ടായിട്ടുണ്ട്. 1972 -ലെ മാതൃകാ പോലീസ് സ്റ്റേഷനടക്കമുള്ള സംവിധാനങ്ങളുണ്ട്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലഘട്ടത്തിൽ വലിയൊരു വിപ്ലവംതന്നെ പോലീസ് സംവിധാനത്തിൽ വന്നു. പോലീസിന്റെ ജനകീയമുഖം വ്യക്തമാക്കുന്ന രീതിയിൽ കമ്മ്യൂണിറ്റി പോലീസിംഗ് എന്ന കോൺസെപ്റ്റ് കൊണ്ടുവന്നു. അതിന്റെ ഭാഗമായി ജനമൈത്രി പോലീസ്, അതുപോലെ കുട്ടികളിൽ പൗരബോധം വളർത്താനും ഡിസിപ്ലിൻ ഉണ്ടാക്കാനും വേണ്ടി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം എന്നിവ കൊണ്ടുവന്നു. ഇത്തരത്തിൽ പോലീസ് പലപ്പോഴും ഭരണകൂടത്തിന്റെ അടിച്ചമർത്താനുള്ള

ഉപാധിയായി മാറുമ്പോഴും, അതിന് ജനകീയമുഖം കൊടുത്തുകൊണ്ട് ജനങ്ങൾക്കുവേണ്ടി ജനസേവകരായിട്ടുള്ള ഒരു ടീമാക്കി പോലീസ് സേനയെ മാറ്റുക എന്ന നയമാണ് ഇടതുപക്ഷ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ നമ്മൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ പോലീസ് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി നോക്കുമ്പോൾ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന പോലീസ് ഫോഴ്സാണ്. സൈബർ ഇൻവെസ്റ്റിഗേഷൻ സ്കിൽ-ന് NASSCOM (The National Association of Software and Services Companies) -ന്റെ അവാർഡ് കേരള പോലീസിന് കിട്ടി; ഇന്ത്യാ ടുഡേ ക്രമസമാധാന പാലനത്തിന് ഏറ്റവും നല്ല സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തു. ഇടതുപക്ഷ സർക്കാരിന്റെ നയങ്ങളും അതുപോലെ പോലീസ് സംവിധാനത്തിന് കൊടുക്കുന്ന പ്രയോറിറ്റിയുടേയും അടിസ്ഥാനത്തിലാണ് ഇവയൊക്കെ ലഭിക്കുന്നത്. ഒരു ജനാധിപത്യ സംവിധാനത്തിൽ പോലീസിന് ധാരാളം റോളുണ്ട്. The quality of Policing has a very direct effect on the quality of life in a democracy എന്നാണ് പറയുന്നത്. അതായത്, ഒരു ജനാധിപത്യ സംവിധാനത്തിൽ പോലീസ് സംവിധാനം എത്ര കാര്യക്ഷമമായും, എത്ര ജനകീയമായും പ്രൊഫഷണലിസം കാത്തുസൂക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുന്നുവോ അത്രയും നമ്മുടെ ഡെമോക്രസി നല്ലരീതിയിൽ മുന്നോട്ട് പോകുമെന്നതാണ്. അതുകൊണ്ടുതന്നെ നിലവിലെ പോലീസ് സംവിധാനത്തെക്കുറിച്ച് പറയുമ്പോൾ നമുക്ക് കുറച്ചുകൂടി പ്രൊഫഷണലിസം കൊണ്ടുവരാനും കൂടുതൽ നല്ല രീതിയിൽ നടപ്പാക്കാനും സാധിക്കണം. ഇപ്പോഴുള്ള പ്രവർത്തനം നല്ല രീതിയിലാണെങ്കിലും ലോകത്തിലെ ഏറ്റവും നല്ല സംവിധാനമാക്കി മാറ്റാൻ, കൂടുതൽ പ്രൊഫഷണലിസം കൊണ്ടുവരാൻ പറ്റുന്ന നടപടികൾ ഇതിന്റെ ഭാഗമായി സ്വീകരിക്കണം. 2016-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സംവിധാനത്തിന് വളരെയേറെ പ്രാധാന്യം കൊടുത്തുകൊണ്ട്, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ സ്ത്രീകൾക്ക് പ്രൊട്ടക്ഷൻ കൊടുത്തുകൊണ്ടുള്ള പിങ്ക് ബീറ്റ് എന്ന സംവിധാനം ആരംഭിക്കുകയും ചരിത്രത്തിലാദ്യമായി വനിതാ എസ്.ഐ.- മാർക്ക് പോലീസ് സ്റ്റേഷന്റെ ചാർജ്ജ് കൊടുത്തുകൊണ്ടും നമ്മൾ മുന്നോട്ടുപോകുകയാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനുള്ള പ്രവർത്തനങ്ങളുമായി ഈ സർക്കാർ മുന്നോട്ടു പോകുമ്പോൾ വേദനയോടുകൂടി ഒരു കാര്യം ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്, പ്രത്യേകിച്ച് ഇന്ന് അടിയന്തരപ്രമേയം അവതരിപ്പിച്ച അംഗം മൂന്നുതവണ ബലാൽസംഗം എന്ന വാക്ക് ഉപയോഗിച്ചു. സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് നിരവധി നിയമങ്ങളും സംവിധാനങ്ങളുമുണ്ടാകുമ്പോൾ, നിയമ സഭാംഗങ്ങൾപോലും ഇത്രയും സെൻസിറ്റീവായിട്ടുള്ള കാര്യത്തിൽ കൃത്യമായി കാര്യങ്ങൾ മനസ്സിലാക്കാതെ സംസാരിക്കുന്നതിൽ വളരെ വേദനയുണ്ട്. കാരണം, ഐ.പി.സി. സെക്ഷൻ 354 പ്രകാരം കൊടുത്തിട്ടുള്ള കേസ്സിൽ പരാതിക്കാരി

ഉന്നയിച്ചിട്ടുള്ളത്, 'മാനഭംഗം' അല്ലെങ്കിൽ അതിനു മറ്റൊരു വാക്ക് 'അപമാനിക്കുക' എന്നതാണ്. With intent to outrage her modesty എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. അപ്പോൾ അപമാനിക്കുന്നതിനെതിരായിട്ടുള്ള കേസ്സാണ് കൊടുത്തിട്ടുള്ളത്, ബലാൽസംഗത്തിന് ഐ.പി.സി. സെക്ഷൻ 376 ആണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇന്ന് രാവിലെ അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ അപ്പുറത്തു നിന്നും വനിതാ എം.എൽ.എ.-മാരെ ആക്ഷേപിക്കുന്ന തരത്തിൽ ചില പരാമർശങ്ങൾ വന്നു; അപ്പുറത്ത് പെങ്ങളായിട്ടോ, ചേച്ചിയായിട്ടോ ഒരു വനിതാ എം.എൽ.എ. പോലുമില്ലെന്ന കാര്യം അതിൽ നിന്ന് അങ്ങേയ്ക്ക് ബോദ്ധ്യമായിക്കാണുമല്ലോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, സ്ത്രീകൾ അവരുടെ കൂടെ നിൽക്കാത്തത് ഇത്രയും ഇൻസെൻസിറ്റീവായി കാര്യങ്ങളെ കാണുന്നതുകൊണ്ടാണ്. ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം റേപ്പ് വിക്ടിം ആകുകയോ റേപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിൽ വിക്ടിം ആകുകയോ ചെയ്താൽ അവർക്കത് മരണത്തേക്കാൾ അപ്പുറമുള്ള വേദനയാണ്. പലപ്പോഴും അതുണ്ടാക്കുന്ന ട്രോമ അത്രയും വലുതാണ്, അത് ജീവിതകാലം മുഴുവൻ അവരെ പിന്തുടരുന്നതാണ്. അപ്പോൾ അത്തരം കാര്യങ്ങൾ തീരെ ഇൻസെൻസിറ്റീവായിട്ട് ആരോപിക്കുന്നത് വളരെ മോശമാണ്. ഐ.പി.സി. സെക്ഷൻ 228 (എ) പ്രകാരം ഇത്തരത്തിൽ ഒരു പരാതിക്കാരിയുടെ കേസ് ഡിസ്ക്ലോസ് ചെയ്യുന്നത് തെറ്റാണ്, അതുപ്രകാരം കേസ്സെടുക്കാനുള്ള നിയമമുണ്ട്, പറ്റുന്നതാണെങ്കിൽ കേസ്സെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബലാൽസംഗം പോലുള്ള കാര്യങ്ങൾ തമാശക്കുവേണ്ടിപോലും അല്ലെങ്കിൽ രാഷ്ട്രീയ ലക്ഷ്യത്തിനുവേണ്ടി ബോധപൂർവ്വം ഉപയോഗിക്കുന്നത് ജനപ്രതിനിധികളടക്കമുള്ള ആളുകൾ ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കസ്റ്റഡി മരണങ്ങൾ പോലുള്ള സംഭവങ്ങൾ ഏകദേശം ഇല്ലാതായിട്ടുണ്ട്. അത്തരം സംഭവങ്ങളൊക്കെ നേരത്തെ സ്ഥിരമായി നടന്നിരുന്നതാണ്. എങ്കിലും ചില പോലീസുകാരുടെ ആത്മഹത്യ പോലുള്ള സംഭവങ്ങളൊക്കെ പല കാലങ്ങളായി നടക്കുന്നുണ്ട്. ഇപ്പോൾ കുറവാണെങ്കിലും ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടാകുന്നുണ്ട്. വളരെയേറെ മാനസിക സമ്മർദ്ദങ്ങൾ അവർക്കുണ്ടാകുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. അത്തരത്തിലുള്ള മാനസിക സമ്മർദ്ദങ്ങളുണ്ടാകാതിരിക്കാനുള്ള

ശ്രമമുണ്ടാകണം, അതിന് പ്രത്യേകമായ പ്രോഗ്രാമുകൾ രൂപീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിന്റെ ഭാഗമായി ജനസംഖ്യയ്ക്ക് ആനുപാതികമായി സ്റ്റാഫ് പാറ്റേൺ മാറ്റാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അതുപോലെ പുതിയ പോലീസ് സ്റ്റേഷനുകളും ഫയർ സ്റ്റേഷനുകളും അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

മറ്റൊരു കാര്യം, പി. സി. സി.-യുമായി ബന്ധപ്പെട്ടതാണ്. യു.എ.ഇ.-യിൽ ജോലി ചെയ്യുന്ന ആളുകൾ പെട്ടെന്ന് നാട്ടിലേയ്ക്ക് വരുമ്പോൾ പോലീസ് വെരിഫിക്കേഷൻ കഴിഞ്ഞ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്. ഈ നടപടിക്രമങ്ങൾ കൂടുതൽ വേഗത്തിലാക്കിയിട്ടുണ്ട്. അതിനായി ഓൺലൈൻ സംവിധാനം നടപ്പാക്കുകയാണെങ്കിൽ കുറച്ചുകൂടി നന്നായിരുന്നു. തിരുവനന്തപുരത്ത് ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥർ നല്ല രീതിയിൽ ഇതുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നുണ്ട്. എങ്കിലും അവിടെ ആളുകൾ ക്യൂ നിൽക്കുന്ന സാഹചര്യമുണ്ട്. അതിനാൽ നടപടിക്രമങ്ങൾ വേഗത്തിലാക്കാനും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ നിർദ്ദേശമനുസരിച്ച് പോലീസ് സ്റ്റേഷനുകൾ പരിഷ്കരിച്ചിട്ടുണ്ട്. വളരെയേറെ നല്ല മാറ്റങ്ങളാണ് അതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളത്. ഇപ്പോൾ സി.ഐ.-മാരെ എസ്.എച്ച്.ഒ. (സ്റ്റേഷൻ ഹൗസ് ഓഫീസർ)-മാരായി നിയമിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ചിലതിൽ കുറച്ചുകൂടി വ്യക്തത വരാനുണ്ട്; അതെല്ലാം പരിഹരിക്കണം. ഇത്തരത്തിൽ എൽ.ഡി.എഫ്. സർക്കാർ വളരെയേറെ ജനകീയമായ പ്രവർത്തനങ്ങൾ നടത്തുമ്പോഴും ചില പോലീസുകാരെങ്കിലും അതിൽ വ്യത്യസ്തമാണ്. യു.എ.പി.എ. 1967 മുതലുണ്ടെങ്കിലും യു.പി.എ. സർക്കാരാണ് അതിന് പല്ലും നഖവുമൊക്കെ നൽകി ഏറ്റവും വലിയ ഡ്രാക്കോണിയൻ ലാ ആക്കി മാറ്റിയത്. പോലീസുകാർ കാര്യങ്ങൾ ശ്രദ്ധിക്കാതെ ഈ നിയമം പലരുടെ പേരിലും ചാർത്തുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 162 കേസുകൾ പരിശോധിച്ചതിൽ 42 എണ്ണം നിലനിൽക്കുന്നതല്ലെന്ന് മനസ്സിലാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 136 കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ടത് ഒരു കേസ് മാത്രമാണ്. ഇത്തരത്തിൽ ഡ്രാക്കോണിയൻ നിയമം കൊണ്ടുവരികയും അത് അടിച്ചേൽപ്പിക്കുകയും ചെയ്തത് യു.പി.എ. സർക്കാരാണ്; കോൺഗ്രസ്സട

ക്കമുള്ളവരും അങ്ങനെ ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ മുഖം കെടുത്തുന്ന രീതിയിൽ ചില പോലീസുകാരെങ്കിലും ശ്രദ്ധിക്കാതെ ഈ നിയമം ഉപയോഗിക്കുന്നുണ്ട്. അവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഒരു സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നതാണ് നമ്മൾ കണ്ടു കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രിക്കുപോലും ഉൾഭയമുള്ള ഒരു കാലമാണ്. 'പലരും മരിക്കുന്നു, എന്തുകൊണ്ട് ഇയാൾ മരിക്കുന്നില്ല' എന്ന് സംശയിക്കുന്ന വരുണ്ടെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഒരു പത്രക്കാരനോട് പറഞ്ഞത്. മറ്റുള്ളവർ തന്റെ മരണമാഗ്രഹിക്കുന്നു എന്ന ഉൾഭയം, അല്ലെങ്കിൽ അത്രമേൽ താൻ വെറുക്കപ്പെട്ടവനാണെന്ന ധാരണ ഒരു രാജ്യത്തിന്റെ ഭരണാധികാരിക്ക്, പ്രത്യേകിച്ച് കേരളം പോലുള്ള ഒരു സംസ്ഥാനത്തെ ഭരണാധികാരിക്ക് ചേർന്നതല്ല. നമ്മൾ അപ്പുറവുമിപ്പുറവും ഇരിക്കുന്നു, പല തരത്തിലുള്ള രാഷ്ട്രീയ പോരാട്ടങ്ങൾ നടത്തുന്നു, അതൊക്കെ സക്രിയമായ ജനാധിപത്യത്തിന്റെ രീതികൾ മാത്രമാണ്. അതിനപ്പുറം പോകുന്നെങ്കിൽ അതിനെ ജനാധിപത്യമെന്നോ പരിഷ്കൃത സമൂഹമെന്നോ പറയുന്നതിൽ അർത്ഥമില്ല. കേരളത്തിലെ ഏതെങ്കിലും പത്രക്കാരൻ അങ്ങനെ വിചാരിക്കുമെന്നും പറയുമെന്നും ഞാൻ കരുതുന്നില്ല. അങ്ങനെയൊരു ധാരണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പേക്കിനാവാണെന്നാണ് ഞാൻ കരുതുന്നത്. ഒരുപാട് സ്ത്രീകളുടെയും അമ്മമാരുടെയും കരച്ചിൽ ഇന്ന് നമ്മൾ കാണുകയാണ്. ഷുഹൈബിന്റെയും ഷുക്കൂറിന്റെയും ഉമ്മമാരുടെ രോദനങ്ങളുണ്ട്, ഭർത്താവ് നഷ്ടപ്പെട്ട നിരവധിയാളുകളുടെ വേദനയും സങ്കടങ്ങളുമുണ്ട്. അവരുടെ ശാപമായിരിക്കാം ഒരു പക്ഷേ കേരളം ഭരിക്കുന്ന ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഒരു പേക്കിനാവുപോലെ ഇത്തരത്തിലുള്ള ധാരണകൾ വരുന്നതെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. ഒരു ഭരണാധികാരി ബാക്കിവയ്ക്കേണ്ടത് വെറുപ്പോ വിദ്വേഷമോ അല്ല, ബഹുമാനവും ആദരവുമാണ്. പക്ഷേ ബഹുമാനവും ആദരവും പിടിച്ചെടുക്കാൻ പറ്റുന്നതല്ല, അത് സ്വയമേ വരേണ്ടതാണ്. നിങ്ങൾക്ക് ഭയം പിടിച്ചുവാങ്ങാൻ പറ്റും, മറ്റുള്ളവനെ പേടിപ്പിച്ച് നിർത്താൻ കഴിയും, പക്ഷേ മറ്റുള്ളവന്റെ മുന്നിൽ ബഹുമാനമുണ്ടാക്കാൻ കഴിയുക എന്നത് പ്രയാസമുള്ള കാര്യമാണ്.

നിങ്ങൾ ഷുഹൈബിനെ കൊന്നപ്പോൾ പറയേണ്ട ഒരു ചെറിയ ഉത്തരമുണ്ട്. ആരാണ് ഷുഹൈബ്? അവന്റെ ബാപ്പ കൂർഗിന്റെ പ്രാന്ത പ്രദേശങ്ങളിലെ തെരുവിൽ കൊണ്ടുപോയി തുണി വിറ്റ് ജീവിക്കുന്ന ഒരു സാധു മനുഷ്യനാണ്. നിങ്ങൾ കൊന്നു തള്ളിയിട്ടുള്ള ഏതെങ്കിലുമൊരാൾ നിത്യവൃത്തിക്ക് വകയുള്ളവനും സുന്ദരമായി ഭക്ഷണം കഴിക്കാവുന്ന ഒരു തറവാട്ടിൽ പിറന്നവനുമല്ല, അവരൊക്കെ പാവങ്ങളാണ്. നിങ്ങളുടെ പാർട്ടിയുടെ ആയുധങ്ങളാകുന്നവരും പാർട്ടി ആയുധമാക്കി ഉപയോഗിക്കുന്നവരും ഇത്തരത്തിൽപ്പെട്ടവർ മാത്രമാണ്. എന്തിനാണിങ്ങനെ ചെയ്യുന്നത്? ഇപ്പോൾ അവിടെ നിന്നും ശ്രീ. എ.എൻ. ഷംസീർ എന്തോ വിളിച്ചുപറയുന്നുണ്ട്, അദ്ദേഹം ടി.വി. ചാനലിൽ പറഞ്ഞതെന്താണെന്ന് നിങ്ങൾക്കറിയാമോ? ഷുക്കൂറിനെ കൊന്നത് ആൾക്കൂട്ട മനഃശാസ്ത്രമാണെന്നാണ്. ആളുകൾ കൂടിയാൽ മുൻപിൽ കാണുന്നവനെ കൊല്ലുക എന്നതാണോ ആൾക്കൂട്ട മനഃശാസ്ത്രം? അതിനെ ആൾക്കൂട്ട മനഃശാസ്ത്രമെന്നല്ല പറയേണ്ടത്, സി.പി.ഐ.(എം.)-ന്റെ മനഃശാസ്ത്രം മാത്രമാണെന്നാണ്. പത്തൊൻപത് വയസ്സുള്ള ഒരു ചെറുപ്പക്കാരനെ ഓടിച്ചിട്ട് വെട്ടിയിട്ട് അവൻ മരിച്ചുവെന്ന് ഉറപ്പുവരുമ്പോൾ മാത്രം പോലീസിനെ വിളിച്ച് വിവരമറിയിക്കുന്ന മനഃശാസ്ത്രത്തെ ആൾക്കൂട്ട മനഃശാസ്ത്രമെന്നല്ല സി.പി.ഐ.(എം.) മനഃശാസ്ത്രമെന്നാണ് വിളിക്കേണ്ടത്. കൊല്ലുക മാത്രമല്ല, വെട്ടി നുറുക്കുകയാണ്. ഷുഹൈബിനെ ഒരു കസേരയിലിരുത്തി അവന്റെ കാല് മറ്റൊരു കസേരയിലേയ്ക്ക് വലിച്ചുവച്ച് പിന്നെയും പിന്നെയും വെട്ടി. അവസാനം വീണു കിടന്നപ്പോൾ, വണ്ടിയിൽ കയറിയിട്ട് തിരിച്ചുവന്ന് ചോരയിൽക്കിടന്ന് പിടയുന്നവനെ പിന്നെയും വെട്ടുകയാണ് ചെയ്തത്. ടി. പി.-യെ നിങ്ങൾ 52 വെട്ട് വെട്ടി, അസ്‌ലമിനെ 68 വെട്ട് വെട്ടി, ഷുഹൈബിനെ 37 വെട്ട് വെട്ടി. ഈ വെട്ടിനുറുക്കിയ ഇറച്ചി നിങ്ങൾ തിന്നുകകൂടി ചെയ്താൽ സി.പി.ഐ.(എം.) കേരളത്തിന്റെ രാഷ്ട്രീയത്തിൽ പൂർണ്ണമാവുകയാണ്. അതുമാത്രമാണ് നിങ്ങൾക്ക് ബാക്കിയുള്ളത്. മധു കൊല്ലപ്പെട്ടപ്പോൾ അതിനകത്ത് ഒരു ലീഗ് അനുഭാവി, ഒരു കോൺഗ്രസ്സുകാരൻ, അഞ്ചെട്ടു സി.പി.ഐ.(എം.)കാർ. എല്ലാവരും കൂടി ഓഹരി വച്ച് മധുവിന്റെ കൊലപാതകത്തെ ഒരു പോലീസ് കേസ് മാത്രമാക്കി മാറ്റുകയാണ് ചെയ്തത്. സത്യത്തിൽ മധുവിന്റെ കൊലപാതകത്തെ അങ്ങനെ വിട്ടാൽ മതിയോ? മധുവിന്റെ കൊലപാതകത്തിന്റെ കാരണമെന്താണ്, മധുവിന് വിശന്നതുകൊണ്ട് ഭക്ഷണം മോഷ്ടിച്ചു എന്നാണ് പറയുന്നത്. അട്ടപ്പാടി പോലെയുള്ള, കോടിക്കണക്കിന് പണം കൊടുക്കുന്ന ഒരു കേന്ദ്രത്തിൽ ഒരാദിവാസി ചെറുപ്പക്കാരന് വിശപ്പുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്തം ആരാണ് ഏറ്റെടുക്കുക? കേരളത്തിന്റെ ഭക്ഷ്യ വിതരണ രംഗത്തെ നീതിയില്ലായ്മയും

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊതു വിതരണ വകുപ്പിന്റെ വീഴ്ചയുംമൂലമാണ് മധു മരിച്ചത്. യഥാർത്ഥ പ്രതികൾ സർക്കാരാണെന്നുള്ളത് നിങ്ങൾ മറച്ചുവയ്ക്കുകയാണ്. ജുനൈദും അസ്‌ലമും ഷുക്കൂറും ഷുഹൈബും ഉദയകുമാറും ജിഷയും സ്മിതയും മരിച്ചതിനേക്കാൾ ഭരണകൂടത്തിന് മധുവിന്റെ മരണത്തിൽ ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്തം മറച്ചുവച്ചുകൊണ്ടല്ല നിങ്ങൾ ഈ മരണത്തിന്റെ അന്വേഷണം നടത്തേണ്ടത്. നിങ്ങൾ ന്യൂനപക്ഷ വിഭാഗങ്ങളുടെ സംരക്ഷകരാണെന്ന വേഷം കെട്ടാറുണ്ട്. പക്ഷെ അവരുടെ സംരക്ഷണത്തിനായി നിങ്ങളെന്താണ് ചെയ്യുന്നത്? തെരഞ്ഞെടുപ്പ് നടക്കുമ്പോൾ പത്ത് കിലോ പോത്തിറച്ചി അവർക്ക് കൊടുക്കുമായിരിക്കും; ഈ സഭയ്ക്കകത്തുള്ള തൊണ്ണൂറ് ശതമാനം ആളുകളും പോത്തിറച്ചി കഴിക്കുന്നവരാണ്. മുസ്ലീം സമുദായത്തിന്റെ ദേശീയമൃഗം പോത്തല്ലെന്ന് സി.പി.ഐ.(എം.) മനസ്സിലാക്കണം. അങ്ങനെയുള്ള തെറ്റിദ്ധാരണയൊന്നും നിങ്ങൾക്ക് വേണ്ട. എല്ലാവരുടെയും പൊതുപ്രശ്നത്തെ എന്തിനാണ് മുസ്ലീം സമുദായത്തിന്റെ തലയിൽ കെട്ടിവയ്ക്കാൻ നിങ്ങൾ ശ്രമിക്കുന്നത്? അതു വച്ചാണ് ന്യൂനപക്ഷത്തോട് താല്പര്യം കാണിക്കുന്നതെങ്കിൽ ഞാനൊരു കാര്യം പറയട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് മാപ്പിളപ്പാട്ടിന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് പ്രസംഗിക്കുന്നതു കേട്ടു. നല്ല കാര്യമാണ്, പാട്ടുപാടാൻ മാപ്പിളയുടെ കഴുത്തിന്റെ മുകളിൽ തലകൂടി ബാക്കി വച്ചാൽ നന്നായിരിക്കും. ഷുഹൈബിനെ കൊന്നുതള്ളിയിട്ട് ചോരയുടെ മണം മാറുന്നതിന് മുമ്പാണ് മാപ്പിളപ്പാട്ടിന്റെ ആവിഷ്കാരത്തെക്കുറിച്ച് അങ്ങ് സംസാരിക്കുന്നത്. ശ്രീ. ഷംസുദ്ദീൻ പാലത്തിനെ യു.എ.പി.എ. ചുമത്തി നിങ്ങൾ അറസ്റ്റ് ചെയ്യുമ്പോൾ ശശികലയെ അതേ കേസ്സിൽ നിങ്ങൾ വെറുതെ വിട്ടത് സംബന്ധിച്ച് ഞാൻ ഈ സഭയിൽ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചപ്പോൾ ചോദിച്ചിരുന്നു. പറവൂരിൽ തൊട്ടപ്പുറത്തുള്ള ക്യാമ്പിൽ നിന്നും സ്റ്റൂൾ കൊണ്ടുവന്ന് ആർ.എസ്.എസ്.-കാരനെ ഇരുത്തിയപ്പോൾ അവിടത്തെ മുജാഹിദ് പ്രവർത്തകരെ നിങ്ങൾ ജയിലിലേയ്ക്ക് അയച്ചു. കേരളത്തിലെ മതവിശ്വാസികളുടെ ഇടയിൽ മതിലുകൾ തീർത്തിട്ട് നിങ്ങൾ ഹാദിയ കേസ് വലിച്ചുനീട്ടി. അവസാനം എം.എം. അക്‌ബറിനെ അറസ്റ്റു ചെയ്തു. എം.എം. അക്‌ബറിനെ എന്തിനാണ് അറസ്റ്റു ചെയ്തത്? കേരളം തീവ്രമായ വർഗ്ഗീയതയിലേയ്ക്ക് പോകുന്ന കാലത്ത്, ചെറുപ്പക്കാരെ മതേതരത്വത്തിന്റെ പക്ഷത്ത് നിർത്തുന്നതിൽ വലിയ പങ്കു വഹിച്ചയാളാണ് എം.എം. അക്‌ബർ. ഇവിടെ ശ്രീ. പി.ടി.എ. റഹീം പറഞ്ഞ ഒരു കാര്യമുണ്ട്, എമിഗ്രേഷനാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തതെന്ന്, എമിഗ്രേഷനെന്താണെന്നും പോലീസെന്താണെന്നും അറിയാത്തയാൾ വർത്തമാനം പറയരുത്. എമിഗ്രേഷൻ ഒരു പോലീസ് ഡിപ്പാർട്ടുമെന്റാണ്, പോലീസ് ഇൻഫോം ചെയ്യാതെ എമിഗ്രേഷന്

പോകുന്നവരെയെല്ലാം അറസ്റ്റ് ചെയ്യില്ലെന്നുള്ള സാമാന്യബോധമെങ്കിലും അവർക്കുണ്ടാകണമെന്നേ ഞാൻ പറയുന്നുള്ളൂ. എം.എം. അക്ബറിനെ എന്തിന് അറസ്റ്റു ചെയ്തുവെന്ന് പറയണം. കേരളത്തിൽ ശശികലയെപ്പോലെ വിഷം പ്രസംഗിക്കുന്ന ആളുകളെ വെറുതെവിടുകയും അക്ബറിനെപ്പോലുള്ളവരെ മാത്രം കേന്ദ്രീകരിക്കുകയും ചെയ്യുന്നതെന്തു കൊണ്ടാണ്? സി.പി.ഐ.(എം.)-നാൽ ചുറ്റപ്പെട്ട, സി.പി.ഐ.(എം.) ശക്തിയുള്ള കേരളത്തിലെ കേന്ദ്രങ്ങളിൽ മൈനോറിറ്റി ഇൻസെക്യൂറാണ്. ഉദാഹരണമായി, നാദാപുരത്തും വടകര താലൂക്കിലും കണ്ണൂരിലെ തളിപ്പറമ്പിലും പോയി നോക്കിയാലറിയാം; കൂത്തുപറമ്പിലും പാനൂരിലും പോയി നോക്കിയാൽ മുസ്ലീങ്ങൾ കച്ചവടം ചെയ്ത് ജീവിക്കുകയാണ്. അതിനുചുറ്റും സി.പി.ഐ.(എം) ആണെങ്കിൽ അവർ ഇൻസെക്യൂറാണ്. കാരണം, ഏതെങ്കിലും സമയത്ത് ആരെങ്കിലും അവരെ കൊല്ലും, അതിന്റെ പേരിൽ കൊള്ളയടിക്കും. കോടികൾ കൊള്ളയടിച്ച് കൊണ്ടുപോയി ഒരു വർഷക്കാലം ജീവിച്ചു കഴിഞ്ഞാൽ പിന്നെയും കൊള്ളയടിക്കുന്ന രീതിയാണുള്ളത്. നാദാപുരത്തെ വീണ്ടും കലാപത്തിലേയ്ക്ക് കൊണ്ടുപോകാൻ ആസൂത്രണം നടക്കുന്നുവെന്ന് പോലീസ് വകുപ്പ് പോലും പറയുന്ന ഒരു സാഹചര്യത്തിലാണ് ഞാനിത് പ്രസംഗിക്കുന്നത്. വ്യാപകമായി കൊള്ള നടത്തുകയും ഇൻസെക്യൂരിറ്റി ഉണ്ടാക്കുകയുമാണ്. സി.പി.ഐ.(എം.)- ന്റെ ശക്തി കേന്ദ്രങ്ങളിൽ മുസ്ലീങ്ങൾക്ക് ജീവിക്കണമെങ്കിൽ ഒന്ന് നിങ്ങൾക്ക് വഴിപ്പെടുക, രണ്ട് നിശ്ശബ്ദമായി ജീവിക്കുക; അല്ലാത്ത ഒരു മാർഗ്ഗം നിങ്ങൾ കൊടുത്തിട്ടില്ല. കോൺഗ്രസ്സുമായി എന്ത് അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും പറയാൻ കഴിയും, പതിനായിരം ഹിന്ദുക്കളായ കോൺഗ്രസ്സുകാർക്കിടയിലും സുരക്ഷിതമായി ജീവിക്കാൻ ഒരു മുസ്ലീമിന് കഴിയുമെന്ന് ഞങ്ങൾക്ക് ഉറപ്പിച്ചു പറയാൻ കഴിയും. ഞങ്ങളെ നിങ്ങൾ വിട്ടേയ്ക്കൂ, ആർ. എം. പി. പ്രവർത്തകർ, പാവങ്ങളാണ്. ഒന്നോ രണ്ടോ പഞ്ചായത്തിൽ മാത്രം നിൽക്കുന്ന ഒരു ചെറിയ പാർട്ടിയെ എന്തിനാണ് നിങ്ങൾ ഭയപ്പെടുന്നത്? അവരുടെ കാർ കത്തിച്ചിട്ട് പറയുന്നത്, അത് മാരുതി 800 കാറല്ലെ എന്നാണ്. അറബിയെ പറ്റിച്ച് 'ഓഡി' കാർ വാങ്ങുന്നതിനേക്കാൾ ഇതിന് വിലയുണ്ട്; ഇത് വിയർപ്പുകൊണ്ടുണ്ടാക്കിയതാണ്.

മൂന്ന് സെന്റിൽ വീട് വയ്ക്കാനുള്ള അവകാശം പോലും ഹനിക്കുന്ന നിങ്ങൾ ഈ രാജ്യത്തെത്തന്നെ കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുകയാണെന്ന് മനസ്സിലാക്കണം.

നിങ്ങൾ ത്രിപുരയിൽ തോറ്റുപോയതിൽ ആർക്കും സങ്കടമില്ല. നരി പോയിട്ട് പുലി വന്നു എന്നതുകൊണ്ടുള്ള സങ്കടം മാത്രമാണുള്ളത്. അല്ലാതെ നിങ്ങളിൽ

ഞങ്ങൾക്കൊരു പ്രതീക്ഷയുമില്ല. കാരണം, ഇവിടത്തെ സാധാരണക്കാർക്ക് മാന്യമായി ജീവിക്കാനുള്ള അവകാശംപോലും കൊടുക്കാത്ത നിങ്ങൾ ഇടതുപക്ഷമല്ല, വലതുപക്ഷമാണ്. കേരളത്തിലെ ഏറ്റവും വലിയ വലതുപക്ഷം ബി.ജെ.പി. ആണെങ്കിൽ രണ്ടാമത്തെ വലതുപക്ഷം സി.പി.ഐ.(എം) ആണ്. ഇവിടെ സി.പി.ഐ.-യും ആർ.എം.പി.-യും ആർ.എസ്.പി.-യും സി.എം.പി.-യുമുണ്ട്, അവർ ഇടതുപക്ഷമാണ്. നിങ്ങൾ ഇല്ലാതായിപ്പോയാൽ രാജ്യം നശിച്ചു പോകുമെന്നുള്ള ധാരണയൊന്നും നിങ്ങൾക്കു വേണ്ട. ത്രിപുരയിലെ കോൺഗ്രസുകാർ ബി.ജെ.പി.-യിലായിപ്പോയി എന്നുള്ളതാണ് നിങ്ങളുടെ പരാതി. അങ്ങനെയാണെങ്കിൽ ബംഗാളിലെ സി.പി.ഐ.(എം.) കാർ എവിടെയാണ്? ബംഗാളിലെ ഏറ്റവും അവസാനത്തെ പാർട്ടി ഇപ്പോൾ സി.പി.ഐ.(എം.) ആണ്. ത്രിപുരയിലെ കോൺഗ്രസുകാരൻ ബി.ജെ.പി. ആയെങ്കിൽ ബംഗാളിലെ സി.പി.ഐ.(എം.) കാർ എവിടെയാണെന്ന് നിങ്ങൾ പറയണം. ത്രിപുരയിൽ നിങ്ങൾക്ക് 45 ശതമാനം വോട്ട് ലഭിച്ചു എന്ന് പറയുന്നു, 45 ശതമാനം വോട്ട് കിട്ടിയിട്ട് ലെനിന്റെ പ്രതിമ തകർക്കുമ്പോൾ അതിന്റെ ചുവട്ടിൽ പോയി നിൽക്കാൻപോലും കഴിയാതെ കാടുകളിൽ ഓടിയൊളിക്കുന്ന നിങ്ങളാണ് അവസാനത്തെ കമ്മ്യൂണിസ്റ്റുകാരനുണ്ടെങ്കിലും തിരിച്ചുവരുമെന്ന് പറയുന്നത്. ലെനിന്റെ പ്രതിമയെങ്കിലും താങ്ങിപ്പിടിച്ചുനിർത്താൻ നോക്കാതെ വെറുതെ വർത്തമാനം പറയുന്നതിൽ എന്താണ് കാര്യം. ത്രിപുരയിൽ പണാധിപത്യമാണെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അത് ശരിയാണ്. അതുതന്നെയാണ് താനൂരിലും നിലമ്പൂരിലുമൊക്കെ നിങ്ങൾ പരീക്ഷിച്ചത്. ബി.ജെ.പി.-ക്കെതിരെ നിൽക്കണമെന്ന് നിങ്ങൾ പറയുന്നു. ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി.-യെ താഴെയിറക്കാൻ നിങ്ങൾക്ക് കോൺഗ്രസിന്റെ കൂടെ കൂടാൻ കഴിയില്ല. എന്നാൽ കരുവാരക്കുണ്ട് പഞ്ചായത്ത് ഭരിക്കുന്ന ലീഗിനെ താഴെയിറക്കാൻ നിങ്ങൾ കോൺഗ്രസിന്റെ കൂടെ കൂടും. ഇതിനെക്കാൾ വലിയ എന്ത് അബദ്ധമാണുള്ളത്; ബി.ജെ.പി.-യെ തോൽപ്പിക്കാൻ മതേതര സഖ്യവും മതേതര കക്ഷികളും ഒരുമിച്ച് നിൽക്കണമെന്ന് നിങ്ങൾ പറയുന്നതിന് ഒരുദാഹരണം പറയാം. പാലക്കാട് നഗരസഭയിൽ യു.ഡി.എഫ്.-ന് 20 സീറ്റ്, എൽ.ഡി.എഫ്.-ന് 8 സീറ്റ്, 24 സീറ്റുള്ള ബി.ജെ.പി. പാലക്കാട് ഭരിക്കുന്നു. ആലപ്പുഴയിലെ തിരുവണ്ടൂരിൽ യു.ഡി.എഫ്.-ന് 5 സീറ്റ്, എൽ.ഡി.എഫ്.-ന് 2 സീറ്റ്, 6 സീറ്റുള്ള ബി.ജെ.പി. അവിടെ ഭരിക്കുന്നു. കാസർഗോഡ് എൻമകജെ പഞ്ചായത്തിൽ യു.ഡി.എഫ്.-ന് 7 സീറ്റ്, എൽ.ഡി.എഫ്.-ന് 3 സീറ്റ്, 7 സീറ്റുള്ള ബി.ജെ.പി. ഭരിക്കുന്നു. കാസർഗോഡുതന്നെ പൈവളിക പഞ്ചായത്തിൽ യു.ഡി.എഫ്.-ന് 4 സീറ്റ്, എൽ.ഡി.എഫ്.-ന് 7 സീറ്റ്, ബി.ജെ.പി.-ക്ക് 8 സീറ്റ്,

അവിടെ യു.ഡി.എഫ്.-ന്റെ പിന്തുണയോടെ എൽ.ഡി.എഫ്. ഭരിക്കുന്നു. എന്നാൽ പത്തനംതിട്ട കുളനടയിൽ യു.ഡി.എഫ്.-ന് 4 സീറ്റ്, എൽ.ഡി.എഫ്.-ന് 4 സീറ്റ്, ബി.ജെ.പി. -ക്ക് 7 സീറ്റ്, അവിടെ യു.ഡി.എഫ്.-ന്റെ നിരുപാധിക പിന്തുണയോടെ എൽ.ഡി.എഫ്. ഭരിക്കുന്നു. ഞങ്ങളാണോ നിങ്ങളാണോ ഫാസിസത്തെ എതിർക്കാൻ ഒരുമിച്ച് നിൽക്കുന്നതെന്ന് നിങ്ങൾ പരിശോധിക്കേണ്ടതാണ്. ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എസ്. ശർമ്മ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശ്രീ. കെ. എം. ഷാജി വാക്ചാതുര്യം കൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനോ ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കാനോ എത്രതന്നെ ശ്രമിച്ചാലും സി.പി.ഐ.(എം)-നെക്കുറിച്ചും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തെക്കുറിച്ചും മതന്യൂനപക്ഷങ്ങൾക്കും മതഭൂരിപക്ഷത്തിലെ സെക്യുലറുകൾക്കും നല്ല ബോധ്യമുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. കെ. എം. ഷാജി രാജ്യത്ത് നടന്ന ചില കൊലപാതകങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. അദ്ദേഹം ആ വാദം നടത്തിയത് ആർ.എസ്.എസ്.-നുവേണ്ടിയാണ്. 578-ഓളം വരുന്ന സി.പി.ഐ.(എം.)-ന്റെ സഖാക്കൾ കേരളത്തിൽ രക്തസാക്ഷികളായതിൽ മഹാഭൂരിപക്ഷം സഖാക്കളെയും വധിച്ചിട്ടുള്ളത് ആർ.എസ്.എസ്.-കാരാണ്. ആർ.എസ്.എസ്.-നെ എതിർക്കുന്നു എന്നു പറഞ്ഞുകൊണ്ട് സി.പി.ഐ.(എം.)-നെ രൂക്ഷമായി എതിർക്കുന്നതിലൂടെ സി.പി.ഐ.(എം.)-നെതിരാണെന്നുള്ള നില സ്വീകരിച്ച് ആർ.എസ്.എസ്.-ന്റെ സർട്ടിഫിക്കറ്റിനുവേണ്ടി ശ്രീ. കെ. എം. ഷാജി നടത്തിയ പ്രസംഗം അവജ്ഞയോടുകൂടി തള്ളിക്കളയുകയാണ്. സിലബസിന്റെ പേരിൽ.. .....(ബഹളം)........

മി. സ്പീക്കർ: പ്ലീസ് .... പ്ലീസ് .... (ബഹളം).......ശ്രീ. അൻവർ സാദത്ത്, അങ്ങയുടെ സീറ്റിൽ ഇരിക്കണം. ശ്രീ. കെ. എം. ഷാജി പ്രസംഗിച്ചപ്പോൾ എല്ലാവരും കേട്ടിരുന്നില്ലേ? പ്ലീസ് .... പ്ലീസ്.... നിങ്ങൾ ഇരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സഭയിലുണ്ടാകുന്ന ഒരു പ്രശ്നമുണ്ട്, ഇപ്പോൾ ശ്രീ. കെ. എം. ഷാജി വളരെ ശക്തമായി ആക്ഷേപിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഇവിടെ എന്തെങ്കിലും ശബ്ദമുണ്ടാക്കിയോ? ബഹുമാനപ്പെട്ട എസ്. ശർമ്മ സംസാരിച്ചു തുടങ്ങുമ്പോൾത്തന്നെ എന്തിനാണ് ഇങ്ങനെ ബഹളമുണ്ടാക്കുന്നത്? .....(ബഹളം)..... ഇതാണ് ഇവിടത്തെ രീതി. ഇങ്ങനെയാണോ സഭയിൽ പെരുമാറേണ്ടത്; കുറേ ആളുകൾക്ക് എന്തും ചെയ്യാമെന്ന മട്ടിലാണോ കാര്യങ്ങൾ നീക്കേണ്ടത്? അത് ശരിയല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുതന്നെയാണ് ഞങ്ങൾക്കും പറയാനുള്ളത്. ശ്രീ. കെ. എം. ഷാജി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ അവിടെ ഇരവിപുരം എം.എൽ.എ.- യും മറ്റുള്ള എം.എൽ.എ.-മാരും ബഹളം വച്ചത് എന്തിനായിരുന്നു. അങ്ങോട്ടുമിങ്ങോട്ടും വിമർശനം നടത്തുമ്പോൾ മുഖ്യമന്ത്രിക്കും എനിക്കും എല്ലാവർക്കും മറുപടി പറയാമല്ലോ. അവിടെനിന്ന് എം.എൽ.എ-മാർ എന്തിനാണ് ബഹളമുണ്ടാക്കിയത്?

മി. സ്പീക്കർ: അങ്ങയുടെ പിറകിൽ ഇരിക്കുന്നവരിലും അങ്ങനെയുള്ള സ്വഭാവം വച്ചുപുലർത്തുന്ന ചില ആളുകളുണ്ട്. ഞാനത് അങ്ങേയ്ക്ക് എഴുതിത്തരാം. ശ്രീ. എസ്. ശർമ്മ സംസാരിക്കൂ.

ശ്രീ. എസ്. ശർമ്മ: സർ, ശ്രീ. കെ. എം. ഷാജി ഇവിടെ പ്രകടിപ്പിച്ച അഭിപ്രായം ലീഗിന്റെ കൂടി അഭിപ്രായമാണോയെന്ന കാര്യം ലീഗ് നേതാക്കൾ വ്യക്തമാക്കണം. ഇവിടെ ധാരാളം കാര്യങ്ങൾ അദ്ദേഹം പറഞ്ഞല്ലോ. ബി.ജെ.പി.-യെ ജയിപ്പിച്ചതിൽ അവർക്ക് ദുഃഖമില്ലെന്ന് ശ്രീ. കെ. എം. ഷാജി പറയുകയുണ്ടായി. അത് ലീഗിന്റെ അഭിപ്രായമാണോ? ഞാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടിയാണ് പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. സിലബസിന്റെ പേരിൽ പാവപ്പെട്ട ഒരു കോൺഗ്രസ് അദ്ധ്യാപകനെ അഴീക്കോട് വാഴത്തോട്ടത്തിൽ ചവിട്ടിക്കൊന്നപ്പോഴും കുനിയിൽ ഇരട്ടക്കൊലപാതകത്തിൽ രണ്ട് വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടപ്പോഴും ശ്രീ. കെ. എം. ഷാജി എവിടെയായിരുന്നു? നമ്മളിപ്പോൾ അത്തരം കാര്യങ്ങൾ പറഞ്ഞ് അന്തരീക്ഷം വഷളാക്കുകയല്ല വേണ്ടത്. ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം അതീവ ഗൗരവതരമായ സാമൂഹ്യ രാഷ്ട്രീയപ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ നേരിന്റെയും നെറിവിന്റെയും മാർഗ്ഗത്തിലൂടെ അതിനോട് പ്രതികരിക്കാനും ശരിയായ രൂപത്തിൽ മതനിരപേക്ഷത ഉയർത്തിപ്പിടിക്കാനും സഹായകരമായ സമീപനം സ്വീകരിക്കുകയെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ദൗത്യമാണ്. ആ ദൗത്യമാണ് സി.പി.ഐ.(എം.) നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ത്രിപുരയിലെ കാര്യത്തെക്കുറിച്ച് പറഞ്ഞു. മനസ്സ് എത്ര വികൃതമായാണ് ചിന്തിക്കുന്നത്? ബി.ജെ.പി. -യുടെ നേതൃത്വത്തിൽ അവരെല്ലാവരുംകൂടി സംഘടിതമായി ചേർന്ന് അവിടത്തെ ഗവർണ്ണറുടെ അറിവോടുകൂടി എന്നു ഞാൻ പറയുന്നു - ഗവർണർ പറഞ്ഞല്ലോ പുതുതായി തെരഞ്ഞെടുക്കപ്പെട്ടവർ ഇങ്ങനെ ചെയ്യുന്നതിൽ തെറ്റില്ലെന്ന്; പാർട്ടി ഓഫീസുകൾ പിടിച്ചടക്കുകയും രണ്ട് പേരെ കൊലപ്പെടുത്തുകയും (കൊല്ലപ്പെട്ടവരിൽ ഒരു പൂർണ്ണഗർഭിണിയുമുണ്ട്) അഞ്ഞൂറിലേറെപ്പേരെ പരിക്കേല്പിക്കുകയും ലെനിന്റെ പ്രതിമകൾ തകർക്കുകയും 1600 വീടുകൾക്കുനേരെ ആക്രമണം നടത്തുകയും 135 പാർട്ടി ഓഫീസുകൾ

തകർക്കുകയും ചെയ്തപ്പോൾ ആ അക്രമത്തെ ന്യായീകരിച്ചുകൊണ്ട് ഗവർണർ പ്രതികരിച്ചത് തെറ്റില്ലെന്നാണ്. രണ്ട് ദശകത്തിലേറെക്കാലം ത്രിപുരയുടെ മണ്ണിൽ ഭയമേതുമില്ലാതെ കഴിഞ്ഞവർ രണ്ടുദിവസം കൊണ്ട് അരക്ഷിതാവസ്ഥയിലെത്തി. ശാന്തിയുടെ ഭൂമികയെ ആക്രോശ നൃത്തത്തിലൂടെ ചവിട്ടിയരയ്ക്കുകയായിരുന്നു സംഘ്പരിവാർ. സംഘ്പരിവാർ ചെയ്ത പ്രവൃത്തിയിൽ ആനന്ദംകൊണ്ട് 'സന്തോഷം കൊണ്ടെനിക്ക് ഇരിക്കാൻ വയ്യേ' എന്നു പറയുന്ന രൂപത്തിലുള്ള പ്രതികരണമാണ് ഇവിടെ നടത്തിയത്.

ഇന്ത്യയുടെ മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാൻ ആഗ്രഹിക്കുന്നവരാരെങ്കിലും ത്രിപുരയിൽ നടന്ന അക്രമ നടപടികളെ ന്യായീകരിച്ചിട്ടുണ്ടോ? ബി.ജെ.പി.-യും ആർ.എസ്.എസ്. നേതൃത്വവും ശ്രീ. കെ. എം. ഷാജിയുമല്ലാതെ മറ്റാരെങ്കിലും ന്യായീകരിച്ചിട്ടുണ്ടോ? അതുകൊണ്ട് അത്തരത്തിലുള്ള തെറ്റായ നില തിരുത്തുന്നതിന് സഹായകരമായ സമീപനം സ്വീകരിക്കാൻ കഴിയുമെങ്കിൽ സ്വീകരിക്കുക, അല്ലെങ്കിൽ അദ്ദേഹത്തിന്റെ നില അദ്ദേഹം തുടരട്ടെ. അതിന്റെയെല്ലാം ചെലവ് സി.പി.ഐ.(എം)-ന്റെ ചുമലിൽ വയ്ക്കേണ്ട കാര്യമില്ല. കമ്മ്യൂണിസ്റ്റുകാരുടെ ദർശനം മാർക്സിസവും ഇസ്ലാമിന്റെ മതപരമായ ദർശനം ഖുർആൻ-ഉം ക്രൈസ്തവരുടെ ദർശനം ബൈബിളും കോൺഗ്രസ്സുകാരുടെ ദർശനം ഗാന്ധിസവും ഹിന്ദു രാഷ്ട്രവാദികളുടെ ദർശനം വിചാരധാരയുമാണ്. 1925-ലാണ് വിചാരധാര ഗോൾവാൾക്കർ രചിച്ചിട്ടുള്ളത്. ഇപ്പോൾ ഹിറ്റ്ലറുടെ പ്രേതബാധയേറ്റ ശ്രീ. നരേന്ദ്ര മോദി വന്ന സന്ദർഭത്തിലല്ല; 1925-ൽ ഗോൾവാൾക്കർ രചിച്ചിട്ടുള്ളത്, ഇന്ത്യയിൽ ഹിന്ദുരാഷ്ട്രം സ്ഥാപിക്കപ്പെടുന്നതിന് തടസ്സമായി നിൽക്കുന്ന മൂന്ന് ശക്തികളുണ്ട്, ആ മൂന്ന് ശക്തികളെയും ഇന്ത്യയിൽ നിരാകരിച്ചാൽ മാത്രമേ ഹിന്ദുരാഷ്ട്രം സ്ഥാപിക്കുകയുള്ളൂ; അത് നമ്മുടെ ലക്ഷ്യമായി അംഗീകരിക്കുന്നുവെന്നാണ്. ആ മൂന്ന് ശക്തികൾ ആരാണെന്നറിയാമോ? കമ്മ്യൂണിസ്റ്റുകാർ, ഇസ്ലാം, ക്രൈസ്തവ. ഈ മൂന്ന് വിഭാഗങ്ങളെ നോക്കിക്കണ്ടാണ് ഹിന്ദു രാഷ്ട്രവാദികളുടെ ദർശനമായ വിചാരധാര ഗോൾവാൾക്കർ രചിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പല രൂപത്തിലുള്ള റിഹേഴ്സലുകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് ഇന്ത്യ ഭരിക്കുന്ന പാർട്ടി 15 ദിവസത്തോളം സി.പി.ഐ.(എം)-ന്റെ കേന്ദ്ര കമ്മിറ്റി ആഫീസിനുനേരെ തുടർച്ചയായി മാർച്ച് നടത്തിയത്. കേന്ദ്ര മന്ത്രിസഭയിൽ നിന്ന് എല്ലാ മന്ത്രിമാരും വന്ന് അത് ഉദ്ഘാടനം ചെയ്യുകയാണ്. കണ്ണൂർ മേഖലയിൽ അശാന്തമായ അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രീ. യോഗി ആദിത്യ നാഥ് ഉൾപ്പെടെയുള്ളവർ കാൽനടയായി സഞ്ചരിക്കുകയാണ്. ശ്രീ. പിണറായി വിജയന്റെ തല വെട്ടുന്നവന് ഒരു കോടി രൂപ പാരിതോഷികം

പ്രഖ്യാപിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണനെ തെക്ക് വശത്തേയ്ക്ക് എടുക്കാൻ നേരമായെന്ന് ബി.ജെ.പി. നേതാവ് പ്രസംഗിക്കുകയാണ്. ശ്രീ. സീതാറാം യെച്ചൂരിയെ പാർട്ടി ആഫീസിൽ കയറി അക്രമിക്കുകയാണ്. ഈ രൂപത്തിലുള്ള ഭീകര താണ്ഡവമാണ് നടത്തുന്നത്.

രണ്ട് ദശകത്തിലേറെക്കാലം, ഇടതുപക്ഷ പാർട്ടികൾ നേതൃത്വം കൊടുത്തിരുന്ന ത്രിപുര സംസ്ഥാനത്ത്, 25 വർഷം ഭരണം നടത്തിയ, അവിടെയുണ്ടായിരുന്ന ശാന്തമായ അന്തരീക്ഷത്തെ തകർക്കാൻ ഈയൊരൊറ്റ റിസൾട്ട് മതി. ഇന്ത്യയിലെ ഫാസിസത്തിന്റെ മുഖവും ഭീകരതയും ക്രൂരതയും വികൃതവും എപ്രകാരവുമാണെന്ന് രണ്ടുദിവസം കൊണ്ട് ബോദ്ധ്യമായി. അതല്ലാതെ തന്നെ നമുക്ക് ബോദ്ധ്യമുണ്ട്. ബോദ്ധ്യമാകാത്ത ആളുകൾക്കും ആ സംഭവം ബോദ്ധ്യപ്പെടാൻ സഹായിക്കും. പക്ഷേ എത്ര ബോദ്ധ്യപ്പെടാൻ സഹായിച്ചാലും ബോദ്ധ്യപ്പെടാതെ വരുന്നവർ, ശ്രീ. കെ. എം. ഷാജിയെ പോലെയുള്ളവർ ഉണ്ടാകുന്നത് ദൗർഭാഗ്യകരമാണ്. ശ്രീ. കെ. എം. ഷാജി പറഞ്ഞതിനെക്കുറിച്ച് എനിക്ക് ഇത്രമാത്രമേ പറയാനുള്ളൂ.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ലീഗിന്റെ അഭിവന്ദ്യ നേതാവ് എ. വി. അബ്ദുറഹിമാൻ ഹാജിയുടെ ഒരു പ്രസംഗം എനിക്ക് ഈ അവസരത്തിൽ ഓർമ്മ വരികയാണ്. ഞങ്ങൾ ഭരണപക്ഷത്തും അദ്ദേഹം പ്രതിപക്ഷത്തുമായിരുന്നു. അദ്ദേഹം ഉത്തരേന്ത്യയിൽ നടക്കുന്ന വർഗ്ഗീയ ലഹളകളിൽ പ്രതികരിച്ചുകൊണ്ട് ഹൃദയസ്പർശിയായ ഒരു പ്രസംഗം ഈ സഭാതലത്തിൽ നടത്തിയിരുന്നു. വിചാരധാര ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം, ശ്രീ. എസ്. ശർമ്മ ഇപ്പോൾ പറഞ്ഞതുതന്നെ പറയുകയുണ്ടായി. ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, കമ്മ്യൂണിസ്റ്റുകാർ ഇവരെ ഉന്മൂലനം ചെയ്യുന്നതിനാണ് വിചാരധാര ലക്ഷ്യമിട്ടിരിക്കുന്നത്. ആക്രമിക്കപ്പെടുന്നവരെല്ലാം യോജിച്ച് നിന്ന് ഫാസിസത്തിനെതിരെ ശബ്ദമുയർത്തേണ്ട കാലമായിരിക്കുന്നുവെന്ന് ഈ സഭാതലത്തിൽ പ്രതിപക്ഷത്തുനിന്നുകൊണ്ട് അദ്ദേഹം പ്രസംഗിച്ചു. ആ സഭാതലത്തിലാണ് ഇപ്പോൾ ശ്രീ. കെ. എം. ഷാജി ഉൾപ്പെടെയുള്ളവർ ഇത്തരത്തിലുള്ള പ്രസംഗം നടത്തുന്നതെന്ന് ഓർത്തുപോവുകയാണ്.

ശ്രീ. എസ്. ശർമ്മ: സർ, ഇന്ത്യയിൽ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ഒരു പ്രസിഡൻഷ്യൽ ഭരണ സംവിധാനത്തിന്റെ ട്രയലാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള ശക്തികളെയും കോർപ്പറേറ്റുകളെയും ധനശക്തികളെയും ആയുധമാക്കിക്കൊണ്ടും ഭരണ സംവിധാനത്തെ ദുർവിനിയോഗം ചെയ്തുകൊണ്ടും നാടുപിടിച്ചെടുക്കുക എന്ന

ലക്ഷ്യമാണ് ഇപ്പോൾ കാണുന്നത്. നാമൊരു കാര്യം മനസ്സിലാക്കണം. ഹിറ്റ്ലർ കോൺസൺട്രേഷൻ ക്യാമ്പുകളും ഗ്യാസ് ചേംബറുകളുമുണ്ടാക്കി. പതിനായിരക്കണക്കിന് കമ്മ്യൂണിസ്റ്റുകാരെയും കത്തോലിക്കക്കാരെയും യഹൂദരെയും ജനാധിപത്യവാദികളെയും തീയിട്ട് ചുട്ടെരിച്ചു. പക്ഷേ ഫാസിസം തകർന്നു, ലോകത്ത് കമ്മ്യൂണിസം തകർന്നില്ല എന്നത് മനസ്സിലാക്കണം. കാരണം, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധം പോലെ ഒരു ശാസ്ത്രം എന്നുള്ള നിലയ്ക്ക് ആ ശാസ്ത്രത്തിന്റെ വിശ്വാസത്തിലും കരുത്തിലും മുന്നോട്ട് പോകും; തിരിച്ചടികളുണ്ടാകുക സ്വാഭാവികമാണ്. തിരിച്ചുവരവിന്റെ പ്രക്രിയയും നടക്കും. അത് പ്രകൃതിനിയമത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ദർശമായതു കൊണ്ടാണ്.

ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ വിമർശിക്കുകയുണ്ടായി. 1957, 1967, 1980, 1987, 1996 എന്നീ വർഷങ്ങളിൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുള്ള മുദ്രാവാക്യം ക്രമസമാധാനം തന്നെയായിരുന്നു. ക്രമസമാധാന നില തകർന്നിരിക്കുന്നു, തെങ്ങിന്റെ കുലയ്ക്കും മനുഷ്യന്റെ തലയ്ക്കും വിലയില്ല തുടങ്ങി എത്രയോ പ്രചരണങ്ങൾ നടത്തിയിരിക്കുന്നു. അത്തരത്തിലൊരു പ്രചരണം ഇക്കാലത്ത് കേരളത്തിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കീഴിൽ സംഘടിതമായി ഉണ്ടോ? അങ്ങനെ നടത്താൻ കഴിയുന്ന രൂപത്തിലുള്ള പ്രശ്നങ്ങൾ കേരളത്തിലില്ല. ചെറിയ പ്രശ്നങ്ങളുണ്ടാകും; അതില്ലെന്നല്ല. അത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. ഇന്ത്യയിൽ ക്രമസമാധാന പാലനത്തിന്റെ കാര്യത്തിൽ മികച്ച സംസ്ഥാനമാണ് കേരളം എന്ന അവാർഡ് വാങ്ങിയത് വെറുതെയല്ല. അതിൽക്കൂടുതൽ എന്ത് സർട്ടിഫിക്കറ്റാണ് വേണ്ടത്? സ്ത്രീകളുടെ നേരെയുള്ള അതിക്രമവും ക്രിമിനൽ കുറ്റകൃത്യങ്ങളും മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറച്ചുകൊണ്ടുവരാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഷുഹൈബിന്റെ പ്രശ്നം സഭയിൽ അടിയന്തരപ്രമേയമായി വന്നപ്പോൾ, ആ കൊലപാതകം അപലപനീയമാണെന്നും അതിന് പിന്നിൽ പ്രവർത്തിച്ച ഒരാളും രക്ഷപ്പെടില്ലെന്നും അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുമെന്നും ഉറച്ചനിലപാട് സ്വീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ മിക്കവാറും പ്രതികളെ പിടികൂടുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുമ്പോൾ മധുവിന്റെ മരണത്തെക്കുറിച്ച് പറഞ്ഞതുകേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. ഗവൺമെന്റിനെ കുറ്റപ്പെടുത്തിപ്പറയാൻ അതിൽ എന്താണുള്ളത്? സംസ്ഥാന സർക്കാരും ശ്രീ. പിണറായി വിജയനും മറ്റ് മന്ത്രിമാരും എന്തെങ്കിലും ചെയ്തോ? ആ പാവം ആദിവാസി കേരളത്തിലെ

സഹ്യന്റെ പുത്രനാണ്. നമുക്കാർക്കും ചിന്തിക്കാൻ പറ്റാത്ത വിധത്തിൽ ഹൃദയഭേദകമായ ഒരു സംഭവമുണ്ടായി. അത് ഒരുകൂട്ടം ആളുകൾ ചെയ്തതാണ്. 24 മണിക്കൂർ കഴിയുന്നതിനുമുമ്പ് മുഴുവൻ പ്രതികളെയും പിടിക്കാൻ കഴിഞ്ഞു. എന്നാൽ സർക്കാർ നേരിട്ട് പ്രതിയല്ല. ഗവൺമെന്റെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ കേരളസമൂഹത്തിന് അപമാനകരമായ സംഭവമാണുണ്ടായതെന്നത് വസ്തുതയാണ്. പണ്ട് ഇവിടെ ഒരു ആദിവാസി മരിച്ചിട്ടുണ്ട്. അന്ന് നാട്ടുകാർ ചേർന്ന് അടിച്ചുകൊന്നതല്ല. മുത്തങ്ങ സംഭവത്തിൽ പോലീസ് വെടിവച്ചാണ് ജോഗി എന്ന ആദിവാസിയെ കൊലപ്പെടുത്തിയത്. അത് ആരുടെ ഭരണകാലത്താണ്? ഗവൺമെന്റ് നേരിട്ട് പ്രതിയായ സംഭവമാണത്. കേരളത്തിന്റെയും ഇന്ത്യയുടെയും ചരിത്രത്തിൽ ഒരു ആദിവാസിയെ വെടിവച്ച് കൊലപ്പെടുത്തിയതിൽ ഗവൺമെന്റ് പ്രതിസ്ഥാനത്ത് വന്നത് ലോകചരിത്രത്തിൽ ആദ്യ സംഭവമാണ്. അത് മറക്കുന്ന സ്ഥിതി വരരുത്. ഇത്തരം സംഭവങ്ങൾ അങ്ങേയറ്റം ദൗർഭാഗ്യകരവും ഒരിക്കലും അംഗീകരിക്കാൻ പറ്റാത്തതും കേരളത്തിന് അപമാനകരവും സാംസ്കാരിക നവോത്ഥാനത്തിന് വലിയ തിരിച്ചടിയുമായ സംഭവമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ജോഗിയുടെ മകൾ കൊച്ചുസീതയ്ക്ക് ജോലി നൽകിയത് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദന്റെ കാലഘട്ടത്തിലാണെന്നുള്ളത് ബഹുമാനപ്പെട്ട ശർമ്മയ്ക്ക് അറിയില്ലേ? സാമ്പത്തിക സഹായം നൽകിയതും ഇടതുപക്ഷ സർക്കാരാണ്. ഇവർ തിരിഞ്ഞുനോക്കുകയോ ആ വീട്ടിൽ പോകുകയോ ചെയ്തിട്ടില്ല.

ശ്രീ. എസ്. ശർമ്മ: സർ, എനിക്കറിയാം. ആശ്രിത ജോലി കൊടുക്കാൻ മന്ത്രിസഭ തീരുമാനിക്കുമ്പോൾ ആ മന്ത്രിസഭയിലെ അംഗമായിരുന്ന ഞാനുംകൂടി പങ്കെടുത്ത ഒരു യോഗത്തിലാണ് തീരുമാനിച്ചതെന്ന കാര്യം ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ട്. മറ്റ് സംഭവങ്ങളും ചിലർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ശ്രീ. കെ. സുധാകരൻ, സമരം നടത്തിയെന്ന് പറഞ്ഞു. നമ്മളും അഞ്ച് ഇന്ദ്രിയങ്ങൾ പ്രവർത്തിക്കുന്ന മനുഷ്യരല്ലേ. വെടിയുണ്ട അവിടെ ഇരിപ്പില്ല, വെടിയേറ്റിട്ടില്ല, തല്ലുകൊണ്ടിട്ടില്ല എന്നെല്ലാം ശ്രീ. ഇ. പി. ജയരാജൻ ഇനി ശ്രീ. കെ. സുധാകരന് എഴുതിക്കൊടുക്കണമത്രെ, ശ്രീ. ഇ. പി. ജയരാജൻ മരണത്തിന്റെ മുഖത്തു ചവിട്ടി ജീവിതത്തിലേയ്ക്ക് തിരിച്ചുവന്ന കേരള രാഷ്ട്രീയ നേതൃത്വത്തിലെ പ്രമുഖനാണ്. ശ്രീ. ഇ. പി. ജയരാജൻ അന്ന് വെടിയേറ്റുകിടന്നപ്പോൾ ഞാൻ ചെന്നൈ ഹോസ്പിറ്റലിൽ പോയിക്കണ്ട് ദുഃഖത്തോടുകൂടി മടങ്ങിവന്നു. ആ കിടപ്പ് കണ്ടിട്ട് ഈ രൂപത്തിൽ തിരിച്ചുവരുമെന്ന് ഒരിക്കലും അന്ന്

കണക്കാക്കിയിരുന്നില്ല. ആ വാടക കൊലയാളിയെ വിട്ടതാര്; അതെല്ലാവർക്കുമറിയാമല്ലോ, ശ്രീ. കെ. സുധാകരനായിരുന്നു അതിന് നേതൃത്വം വഹിച്ചതെന്ന് കേരളത്തിലെ മാധ്യമലോകം മുഴുവൻ ചർച്ച ചെയ്തതല്ലേ? രാഷ്ട്രീയമായി വിവാദം നടന്നതല്ലേ? നാൽപ്പാടി വാസുവിന്റെ ഘാതകൻ 'ഒരുത്തനെ ഞാൻ വെടിവച്ച് ഇട്ടിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് ഒരു കവലയിൽപോയി പ്രസംഗിച്ചു. പ്രതികളെ അറസ്റ്റ് ചെയ്യാത്തതുകൊണ്ട് ആ ഘാതകരെ പിടികൂടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളം എത്ര വലിയ പോരാട്ടമാണ് നടത്തിയത്. ആ പോരാട്ടത്തിൽ എളിയ പങ്ക് വഹിച്ചവനാണ് ഞാൻ. 8 ദിവസക്കാലം ഇവിടെ സെക്രട്ടറിയേറ്റ് നടയിൽ നിരാഹാരം കിടന്നു. നാൽപ്പാടി വാസുവിന്റെ ഘാതകരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് നിരാഹാരം കിടക്കുമ്പോൾ അന്ന് ഈ നിയമസഭയിൽ അടിയന്തരപ്രമേയം അവതരിപ്പിച്ചത് സി.പി.ഐ.(എം.)-ന്റെ അന്നത്തെ പാർലമെന്ററി പാർട്ടി സെക്രട്ടറിയും സെക്രട്ടറിയേറ്റ് അംഗവുമായ ഇന്നത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനായിരുന്നു. അതിന് ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു മറുപടി പറഞ്ഞത്. കെ. കരുണാകരൻ അന്ന് ഡൽഹിക്ക് പോയിരുന്ന സന്ദർഭത്തിൽ ചാർജ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയായിരുന്നു മറുപടി പറഞ്ഞത്. അതിൽ കുറേ പ്രതികളെ പിടിച്ചു. ശ്രീ. കെ. സുധാകരന്റെ പേര് ആദ്യം എഫ്.ഐ.ആർ.-ൽ ഉണ്ടായിരുന്നുവെങ്കിലും ഭരണസ്വാധീനമുപയോഗിച്ച് അതിൽനിന്ന് നീക്കം ചെയ്യുന്ന സ്ഥിതിയുണ്ടായി. ആ പോരാട്ടമെല്ലാം കേരളം കണ്ടതല്ലേ? അങ്ങനെ എത്രയോ സംഭവങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട്, ഈ രാജ്യത്ത് കലാപപരമായ ഒരന്തരീക്ഷമുണ്ടാക്കാൻ ശ്രമിച്ച ക്രിമിനൽ പൊളിറ്റിക്സിന്റെ കൾച്ചറോടുകൂടി രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയുണ്ടായിട്ടുണ്ട്. അതിൽ പങ്കുവഹിച്ചവരുടെ വിമർശനം കേൾക്കുമ്പോൾ സ്വയം മലർന്നുകിടന്ന് തുപ്പുന്നതിന് തുല്യമായിരിക്കുമെന്ന് ഈ അവസരത്തിൽ വ്യക്തമാക്കികൊണ്ട്, മാതൃകയോടെ നിയമസമാധാന പരിപാലനത്തിന് ഇൻഡ്യയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഈ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട എസ്. ശർമ്മയ്ക്ക് പിണറായി സർക്കാരിന്റെ ആഭ്യന്തര കാര്യങ്ങളെപ്പറ്റി യാതൊന്നും പറയാനില്ലാത്തതുകൊണ്ട് അദ്ദേഹം ഇറ്റലിയെപ്പറ്റിയും ജർമ്മനിയെപ്പറ്റിയും മുസോളിനിയെപ്പറ്റിയും നാൽപ്പാടി വാസുവിനെപ്പറ്റിയുമൊക്കയാണ് സംസാരിച്ചത്. ഏതായാലും ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് ശ്രീ. എസ്. ശർമ്മ അങ്ങനെ പറഞ്ഞതെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹം എന്റെ നല്ല സുഹൃത്താണ്,

അതുകൊണ്ട് അദ്ദേഹത്തെ ഞാൻ വേദനിപ്പിക്കുന്നില്ല. ഞാനിവിടെ സംസാരിക്കാൻ നിൽക്കുന്ന ഈ സന്ദർഭത്തിൽ ഹൈക്കോടതിയിൽ സുപ്രധാനമായൊരു വിധി വന്നിരിക്കുകയാണ്. ഷുഹൈബ് കൊലപാതക കേസ് സി.ബി.ഐ.-ക്ക് വിടാൻ ബഹുമാനപ്പെട്ട ഹൈക്കോടതി തീരുമാനിച്ചിരിക്കുകയാണ്. അതിലെ പ്രസക്തമായ ഭാഗങ്ങൾ ഇതാണ്. 'അന്വേഷണം ആദ്യം മുതൽ ആരംഭിക്കണം, ഇപ്പോഴത്തെ അന്വേഷണം നിർത്തണം, ഇപ്പോഴത്തെ അന്വേഷണം ഏകപക്ഷീയമാണ്, മാതാപിതാക്കളെ വിശ്വാസത്തിലെടുക്കാൻ ഈ അന്വേഷണ സംഘത്തിന് കഴിഞ്ഞിട്ടില്ല, യു.എ.പി.എ. ചുമത്തി അന്വേഷിക്കേണ്ട കേസായിരുന്നുവെങ്കിലും അതുണ്ടായില്ല. രണ്ടും മൂന്നും പ്രതികളെ അറസ്റ്റ് ചെയ്ത് 5 ദിവസം കസ്റ്റഡിയിലുണ്ടായിട്ടും ആയുധങ്ങൾ കണ്ടെത്താൻ പോലീസിന് കഴിഞ്ഞില്ല, ബാഹ്യശക്തികൾ പിന്നിൽനിന്ന് നിയന്ത്രിക്കുന്നുണ്ടോയെന്ന് കോടതിക്ക് സംശയമുണ്ടായിരിക്കുന്നു'. സർക്കാരിൽ കോടതി പൂർണ്ണമായ അവിശ്വാസം രേഖപ്പെടുത്തിയിരിക്കുകയാണ്. കേസന്വേഷണം നിഷ്പക്ഷമല്ലെന്നും നാടകമാണെന്നും ഞങ്ങൾ പറഞ്ഞത് കോടതി നൂറ് ശതമാനം ശരിവച്ചിരിക്കുകയാണ്. യു.എ.പി.എ. ചുമത്തണമെന്ന് ഞങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ബഹുമാന്യനായ മുഖ്യമന്ത്രി അതിന് തയ്യാറാകാത്തത് കോടതി എടുത്തുപറഞ്ഞിരിക്കുന്ന കാര്യമാണ്. കേസ് അട്ടിമറിക്കാനുള്ള സംസ്ഥാന സർക്കാരിന്റെയും പോലീസിന്റെയും ശ്രമത്തിന് കിട്ടിയ ഏറ്റവും വലിയ പ്രഹരമാണ് ഈ വിധി. സംസ്ഥാന പോലീസ് ഒരു കേസ് അന്വേഷിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അത് സി.ബി.ഐ. ഏറ്റെടുക്കുന്നത് കേരള ചരിത്രത്തിലെ ആദ്യത്തെ സംഭവമായി നമുക്ക് വിലയിരുത്താൻ കഴിയും. ഈ സർക്കാരിന് അധികാരത്തിൽ തുടരാൻ കഴിയുമോ എന്നുള്ള ചോദ്യം ഞാൻ അവർക്ക് വിടുകയാണ്. യുക്തിബോധവും നിയമബോധവുമുള്ള, സാമാന്യ നീതിക്കുവേണ്ടി നിലകൊള്ളുന്ന മുഴുവൻ ആളുകളും ചിന്തിക്കേണ്ട ഒരു സുപ്രധാന വിധിയാണ് ഇന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് ഉണ്ടായിരിക്കുന്നത്. ഇനിയെങ്കിലും നിങ്ങളുടെ കണ്ണ് തുറക്കുമെന്ന് ഞാൻ കരുതുകയാണ്. ഈ സർക്കാരിന്റെ കീഴിൽ ക്രമസമാധാനനില തകർന്നിരിക്കുന്നുവെന്നുള്ളതിന് എത്ര ഉദാഹരണം വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും. സംസ്ഥാനത്ത് നിയമവാഴ്ച തകർന്നിരിക്കുന്നു. ഓരോ ദിവസവും ഓരോ കൊലപാതകമാണ്. ഷുഹൈബിന്റെ കൊലപാതകം, മണ്ണാർകാട് നടന്ന സഫീറിന്റെ കൊലപാതകം, പാവപ്പെട്ട ഒരു ആദിവാസി യുവാവിനെ ജനക്കൂട്ടം മർദ്ദിച്ചു കൊന്ന സംഭവം. ഈ സംസ്ഥാനത്ത് ആരെയും ആർക്കും കൊല്ലാമെന്നുള്ള ഒരവസ്ഥ നിലനിൽക്കുന്നതു കൊണ്ടാണ് ജനക്കൂട്ടം മർദ്ദിക്കുന്നതെന്നുള്ള കാര്യം ബഹുമാന്യനായ എസ്. ശർമ്മ

മറന്നുപോകരുത്. കേരളത്തിൽ ഇതുവരെ ജനക്കൂട്ടം ഒരാളെയും കൊന്നിട്ടില്ല. ഈ സർക്കാരിന്റെ കാലത്താണ് ഒരു ജനക്കൂട്ടത്തിന് സധൈര്യം ഒരു ആദിവാസി യുവാവിനെ, പർവ്വതങ്ങളുടെ പുത്രനെ അടിച്ചുകൊല്ലാനുള്ള ധൈര്യം കിട്ടിയതെന്നുള്ള കാര്യം ഓർക്കേണ്ടതാണ്. വടക്കേ ഇൻഡ്യയിൽ നടക്കുന്ന mob lynching-നെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. ഇവിടെയിത് ആദ്യത്തെ സംഭവമാണ്. കഴിഞ്ഞ ദിവസം കോഴിക്കോട് ജില്ലയിലെ കോടഞ്ചേരിയിൽ ഒരു ഗർഭിണിയെ ചവിട്ടിയ സംഭവമുണ്ടായി, അതുപോലെ സുഗതന്റെ മരണം നടന്നു. കൊലപാതകങ്ങളുടെ നീണ്ട കഥകളാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കൊലപാതകം, മോഷണം, പിടിച്ചുപറി, ഭവനഭേദനം, അക്രമം എന്നിവയില്ലാത്ത ദിനപത്രങ്ങളില്ല. അടുത്ത കാലത്ത് പീഡന വാർത്തകൾ നൽകാൻവേണ്ടി മാത്രം ചില പത്രങ്ങൾ ഒരു പ്രത്യേക പേജ് തന്നെ തുടങ്ങിയത് നമ്മൾ ഓർക്കുന്നുണ്ടാകും. അമ്മ മകനെ കൊന്ന് ചുട്ടുകരിക്കുന്നു, മകൻ അമ്മയെ കൊല്ലുന്നു, യുവാവ് അമ്മയെയും അച്ഛനെയുമുൾപ്പെടെ വീട്ടുകാരെ മുഴുവൻ കൊന്ന് കത്തിക്കുന്നു. കേരളത്തിൽ ഒരിക്കലും സംഭവിക്കാത്ത ദുഷ്കൃത്യങ്ങൾ ഇവിടെ നിത്യസംഭവങ്ങളായി മാറുകയാണ്. മറ്റ് സംസ്ഥാനത്തുള്ള കൊലപാതകികളും അക്രമികളും കേരളം താവളമാക്കിയിരിക്കുകയാണ്. വൻ കവർച്ചകളാണ് കേരളത്തിന്റെ ഓരോ ഭാഗത്തും നടന്നുകൊണ്ടിരിക്കുന്നത്. കാസർഗോഡ് ചീമേനിയിൽ മോഷ്ടാക്കൾ വീട്ടിൽ കടന്നുകയറി റിട്ടയേർഡ് അദ്ധ്യാപികയെ കഴുത്തറുത്ത് കൊന്നത് കഴിഞ്ഞ ഡിസംബർ 15-നാണ്. അവരുടെ ഭർത്താവിനെ വെട്ടിവീഴ്ത്തുകയും സ്വർണ്ണാഭരണങ്ങൾ കവരുകയും അരലക്ഷത്തോളം രൂപ മോഷ്ടിക്കുകയും ചെയ്തു. കാസർഗോഡുതന്നെ പെരിയയിൽ ഒറ്റയ്ക്ക് താമസിക്കുന്ന വീട്ടമ്മയെ ക്രൂരമായി കൊലപ്പെടുത്തിയത് ജനുവരി 20-നാണ്. കൊച്ചിയിലും തൃപ്പൂണിത്തുറയിലും നടന്ന ഭവനഭേദനങ്ങൾ നമ്മൾ മറന്നുപോയിട്ടില്ല. സ്ത്രീകളും പിഞ്ചുകുഞ്ഞുങ്ങളുംവരെ പീഡിപ്പിക്കപ്പെടുന്നു. ആലപ്പുഴയിൽ പ്രായപൂർത്തി യാകാത്ത ഒരു പെൺകുട്ടിയെ പീഡിപ്പിച്ചതിന് അറസ്റ്റിലായത് സബ് ഇൻസ്പെക്ടറാണ്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ മാത്രമല്ല വയോധികരെവരെ പീഡിപ്പിച്ച വാർത്തകൾ പുറത്തുവരികയാണ്. ഇവിടെ രാഷ്ട്രീയ കൊലപാതകങ്ങളുടെ പെരുമഴക്കാലമാണ്. ആരെയും നിഷ്കരുണം വെട്ടിപ്പരിക്കേൽപ്പിച്ച് കൊല്ലാൻ മടിയില്ലാത്ത തസ്കര സംഘങ്ങളും ക്വട്ടേഷൻ സംഘങ്ങളും കേരളത്തിൽ ഇന്ന് വിലസുകയാണ്. ഷുഹൈബിനെയും സഫീറിനെയുംപോലെയുള്ള എത്രയോ ചെറുപ്പക്കാരുടെ ജീവിതമാണ് ഇവിടെ പൊലിഞ്ഞുകൊണ്ടിരിക്കുന്നത്. സുഗതന്റെ ജീവിതകഥയെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു. ആ പാവപ്പെട്ട പ്രവാസിക്ക് കേരളത്തിന്റെ മണ്ണിലാണ്

ഈ അനുഭവമുണ്ടായത്. 'വാക്കത്തി തലയുടെ കീഴിൽ വച്ച് കിടന്നുറങ്ങേണ്ട അവസ്ഥ ഇനി കേരളത്തിലുണ്ടാകില്ലെന്ന്' ബഹുമാന്യനായ മുഖ്യമന്ത്രി ഒരിക്കൽ പറഞ്ഞു. ഇന്ന് കത്തിയുമായി വീട്ടിനുള്ളിലേയ്ക്ക് ഏത് നിമിഷവും കടന്നുവരുന്ന കള്ളന്മാരെ ഭയന്ന് ആളുകൾക്ക് കിടന്നുറങ്ങാൻ കഴിയാത്ത സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. ആര് ഭരിച്ചാലും ചില കൊലപാതകങ്ങളും അക്രമങ്ങളും ഭവനഭേദനങ്ങളുമൊക്കെ ഉണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷെ, ഇതുപോലെ മലവെള്ളപ്പാച്ചിലുണ്ടാകുന്ന ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. സുശക്തമായ പോലീസ് സംവിധാനമുണ്ടാവുകയും ചോദിക്കാനും പറയാനും ആളുണ്ടാവുകയും നിയമം നടപ്പിലാകുകയും ചെയ്യുമെന്ന ഒരു ബോധം ജനങ്ങൾക്കുണ്ടെങ്കിൽ ഇത്തരം കൊലപാതകങ്ങളുടെയും അക്രമങ്ങളുടെയും മലവെള്ളപ്പാച്ചിൽ കേരളത്തിലുണ്ടാകില്ല.

കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം രാജ്യത്തുതന്നെ മുന്നിൽ നിൽക്കുകയാണെന്നാണ് ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ ഡിസംബറിൽ പുറത്തുവിട്ട കണക്ക് പറയുന്നത്. പ്രത്യേക പ്രാദേശിക നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ എസ്.എൽ.എൽ. നിരക്കിൽ കേരളം ഒന്നാം സ്ഥാനത്താണ്.

3.00 PM]

ഇന്ത്യൻ ശിക്ഷാ നിയമങ്ങൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ നിരക്കിൽ കേരളം രണ്ടാം സ്ഥാനത്താണ്. ഒന്നാമത് ഡൽഹിയാണ്. ഇന്ന് മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നതിലുണ്ടാകുന്ന പാളിച്ചയാണ് ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്. ഒന്നുകിൽ പോലീസിന്റെ നിഷ്ക്രിയത്വം, അല്ലെങ്കിൽ പോലീസിന്റെ അതിക്രമം. ഇത് രണ്ടുമാണ് നമ്മളിന്ന് കണ്ടുകൊണ്ടിരിക്കുന്നത്. തങ്ങളുടെ താളത്തിനൊത്തു തുള്ളുന്ന പോലീസുദ്യോഗസ്ഥരെ പ്രധാനപ്പെട്ട തസ്തികകളിൽ നിയമിച്ചുകൊണ്ട് പാർട്ടി നിയന്ത്രിക്കുന്ന സംവിധാനത്തിലേയ്ക്കാണ് കാര്യങ്ങൾ എത്തുന്നത്. പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറി തന്നെയാണ് കേരള പോലീസിന്റെ അന്വേഷണത്തിൽ വിശ്വാസമില്ലെന്ന് പറഞ്ഞത്. പോലീസിനെക്കാൾ വിശ്വാസം പാർട്ടി അന്വേഷണത്തെയാണ്. പാർട്ടി അന്വേഷിച്ച് ആളുകളുടെ മേൽ കൊലക്കുറ്റം ചുമത്താൻ ഇത് ചൈനയോ കൊറിയയോ ആണോ? നമ്മുടെ നാട്ടിൽ പോലീസിൽ വിശ്വാസമില്ലെന്ന് ഭരിക്കുന്ന പാർട്ടിയുടെ ജില്ലാ സെക്രട്ടറിയാണ് പറയുന്നത്. പാർട്ടിയുടെ അന്വേഷണമാണ് ഞങ്ങൾക്ക് വലുതെന്ന് പറയുന്നു. ഇവിടെ മിടുക്കരും നിഷ്പക്ഷവാദികളുമായ പോലീസുദ്യോഗസ്ഥരെ വനവാസത്തിനയച്ചശേഷം തങ്ങളുടെ ഇംഗിതത്തിന് വഴങ്ങുന്നവരെ മാത്രം താക്കോൽ സ്ഥാനങ്ങളിൽ

നിയോഗിച്ചുകൊണ്ട് പോലീസിന്റെ ആത്മവീര്യം നശിപ്പിക്കുന്ന നടപടിയാണുണ്ടാകുന്നത്. പാർട്ടി സമ്മേളനങ്ങളിൽ വിമർശനമുണ്ടായാൽ എ.ഡി.ജി.പി.-ക്കും ഐ.ജി.-ക്കും അടിയന്തര സ്ഥലംമാറ്റമുണ്ടാകുന്നു. ഇന്ന് സംസ്ഥാനത്ത് പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്ന രീതിയാണ് നിലനിൽക്കുന്നത്. ഞെട്ടിപ്പിക്കുന്നൊരു സംഭവം ഞാൻ പറയാം. കോട്ടയത്ത് പോലീസ് ഓഫീസേഴ്സ് അസോസിയേഷന്റെ സംസ്ഥാന സമ്മേളനത്തിനുള്ള സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തത് സി.പി.ഐ.(എം.)-ന്റെ കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ. എൻ. വാസവനായിരുന്നു. പോലീസ് അസോസിയേഷനെ എങ്ങനെയാണ് ഇവർ കൊണ്ടുപോകുന്നതെന്നതിന് വ്യക്തമായ തെളിവാണത്.

അഴിമതിവിരുദ്ധ പോരാട്ടത്തിന്റെ തേരാളി ആയിരുന്നല്ലോ ശ്രീ. ജേക്കബ് തോമസ്; ആ കട്ടിൽ കണ്ട് ആരും പനിക്കേണ്ടെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഇപ്പോൾ ശ്രീ. ജേക്കബ് തോമസ് എവിടെയാണ്? അഴിമതി വിരുദ്ധതയുടെ മുഖമായിരുന്ന ശ്രീ. ജേക്കബ് തോമസിന്റെ പേരിൽ ഈ സർക്കാർ നടപടിയെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. സംസ്ഥാനത്ത് വിജിലൻസിന് 11 മാസക്കാലം തലവനില്ലായിരുന്നു. മാത്രമല്ല, ഓരോ ഘട്ടത്തിലും വിജിലൻസിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കേസുകൾ എഴുതിത്തള്ളുകയാണ്. ഇത് നമ്മൾ ഗൗരവമായി കാണേണ്ട കാര്യമാണ്. ഡി.ജി.പി. ആയിരിക്കുന്ന ആൾതന്നെ വിജിലൻസിൽ വന്നപ്പോൾ ആദ്യം അദ്ദേഹം ചെയ്തത് അദ്ദേഹത്തിന്റെ പേരിലുള്ള പെയിന്റടി വിവാദം ഇല്ലാതാക്കുകയാണ്. പിന്നെ വന്ന ഓരോ കേസ്സും ഇല്ലാതാക്കി. ഈ സർക്കാരിന്റെ കാലത്ത് വിജിലൻസ് അന്വേഷണം നേരിട്ട നിരവധി കേസുകൾ എഴുതിത്തള്ളാൻ യാതൊരു മടിയുമില്ലായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആഭ്യന്തര വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നുള്ള വിനിയോഗം ആകെ 38.40 ശതമാനമാണ്. ഇതാണോ ഭരണരംഗത്തുണ്ടായ മികവ്? ആഭ്യന്തര വകുപ്പിനുവേണ്ടി ചെലവഴിക്കേണ്ട തുകപോലും ചെലവഴിക്കാതെ മുന്നോട്ടുപോകുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ വിയ്യൂർ ജയിലിനെക്കുറിച്ച് പറഞ്ഞു. ടി.പി. ചന്ദ്രശേഖരൻ കേസ്സിലെ പ്രതികൾ ജയിലിനകത്തിരുന്നുകൊണ്ട് കവർച്ച നടപ്പാക്കുകയാണ്. ജയിലിനകത്തിരുന്നു കൊണ്ട് നല്ലിടത്ത് മോഡേൺ സ്റ്റോപ്പിന് സമീപം കാർ യാത്രികനെ അക്രമിച്ച് മൂന്ന് കിലോയോളം സ്വർണ്ണം കവർന്നെടുത്തു. ഈ കവർച്ചയ്ക്ക് നേതൃത്വം നൽകിയ കാക്ക രഞ്ജിത്തിനെ കൊടി സുനി ജയിലിൽനിന്ന് 244 തവണ ഫോൺ വിളിച്ചു. ഇതെല്ലാം എല്ലാ മാധ്യമങ്ങളിലും വന്ന വാർത്തയാണ്. ജയിലിലിരുന്നുകൊണ്ടാണ്

കൊലയാളികൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതെന്നുള്ളത് വ്യാപകമായ പരാതിയായി മാറിയിരിക്കുകയാണ്. ഇവിടെ കൊടും ക്രിമിനലുകൾക്ക് തുടർച്ചയായി എങ്ങനെയാണ് പരോൾ അനുവദിക്കുന്നത്? പരോൾ അനുവദിക്കാൻ നിയമങ്ങളില്ലേ? അഞ്ച് മാസത്തിൽക്കൂടുതൽ പരോൾ അനുവദിക്കുന്നു. ഇങ്ങനെ പരോൾ അനുവദിക്കുന്നതിനാൽ കില്ലർ ഗ്രൂപ്പുകൾക്ക് സഹായം നൽകി പരിശീലനം കൊടുത്തുകൊണ്ട് ആളുകളെ കൊല്ലാനുള്ള സംവിധാനമൊരുക്കുന്നു എന്നത് ഗൗരവത്തോടുകൂടി സർക്കാർ കാണേണ്ടതാണ്. എല്ലാ സ്ഥലങ്ങളിലും പോലീസിന്റെ അതിക്രമങ്ങളുണ്ടാകുന്നുവെന്ന പരാതിയുണ്ട്. തൃശ്ശൂരിൽ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിനായകനെന്ന ഒരു ചെറുപ്പക്കാരൻ വീട്ടിൽ തൂങ്ങിമരിക്കാനിടയായത് പോലീസിന്റെ ക്രൂരമായ മർദ്ദനംമൂലമാണ്. ആ വീട്ടുകാർക്ക് യാതൊരു സഹായംവും ഈ സർക്കാർ നൽകിയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാവപ്പെട്ട പട്ടികജാതിക്കാർക്കെതിരെയും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുമുള്ള അക്രമങ്ങൾ വർദ്ധിക്കുന്നു. മാത്രമല്ല, സാധാരണ ജനങ്ങളുടെ ജീവിതംതന്നെ അപകടത്തിലാകുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങളെത്തുന്നത്. ജനജീവിതം കൂടുതൽ ദുസ്സഹമാകുന്നതിന്റെ ഉത്തരവാദിത്വം പോലീസിനാണ്. പോലീസ് സേനയ്ക്ക് അച്ചടക്കമുണ്ടെങ്കിലേ ജനങ്ങളെ നിയന്ത്രിക്കാനും ക്രമസമാധാനം നിലനിർത്താനും കഴിയുകയുള്ളൂ. സംസ്ഥാനത്ത് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന അക്രമപ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ കഴിയാത്ത പോലീസ് വെറും നോക്കുകുത്തിയാകുന്ന അവസ്ഥാവിശേഷമാണ് സംജാതമായിരിക്കുന്നത്. അതുകൊണ്ടാണ് കേരളത്തിലെ ക്രമസമാധാനനില അനുദിനം വഷളായിക്കൊണ്ടിരിക്കുന്നത്.

ഇവിടെ രണ്ടുദിവസമായി നടക്കുന്ന ചർച്ചയിൽ മുഖ്യമന്ത്രിയടക്കം പലരും ത്രിപുരയെപ്പറ്റിയാണ് പറഞ്ഞത്. ഞങ്ങളുടെ കുറ്റംകൊണ്ടാണ് ത്രിപുരയിൽ സി.പി.ഐ.(എം.) തോറ്റതെന്നാണ് ഇപ്പോഴത്തെ കണ്ടുപിടിത്തം. സി.പി.ഐ.(എം.) നേതാക്കൾ ശൈലി മാറ്റണമെന്ന ശ്രീ. എം.എ. ബേബിയുടെ ഒരു പ്രസ്താവന പല പത്രങ്ങളിലും മനോരമ ന്യൂസിലും വരികയുണ്ടായി. ശ്രീ. എം.എ. ബേബി പറഞ്ഞ കാര്യം മുഖ്യമന്ത്രിക്ക് ബോധ്യമുണ്ടോയെന്നറിയില്ല. ത്രിപുരയിൽ സി.പി.ഐ.(എം.) തോറ്റത് പാർട്ടിയുടെ ജനസ്വാധീനത്തിൽ വലിയ ചോർച്ചയുണ്ടായതുകൊണ്ടാണെന്നാണ് പോളിറ്റ് ബ്യൂറോ അംഗം ശ്രീ. എം.എ. ബേബി പറയുന്നത്. 'തിരുത്തേണ്ട പോരായ്മകളുണ്ടായിട്ടുണ്ട്. ഏഴ് ശതമാനത്തോളം വോട്ടാണ് പാർട്ടിക്ക് കുറഞ്ഞത്. ഇതൊരിടിവാണ്. തോൽവിയുടെ കാഠിന്യത്തെ സ്ഥിതിവിവരക്കണക്കുകൊണ്ട് മറച്ചുപിടിക്കാൻ

കഴിയില്ല' എന്നതുൾപ്പെടെയുള്ള കാര്യങ്ങളാണ് അദ്ദേഹം വിശദമായി പറയുന്നത്. 'ഭരണവിരുദ്ധ വികാരം ത്രിപുരയിൽ പ്രവർത്തിച്ചിട്ടുണ്ട്. പക്ഷെ എന്തുകൊണ്ടത് തിരിച്ചറിയാൻ പാർട്ടിക്ക് കഴിഞ്ഞില്ല. ഉന്നത പഠന സൗകര്യങ്ങളും ആധുനിക വ്യവസായങ്ങളും ത്രിപുരയിലില്ല. ചെറുപ്പക്കാരെ വിശ്വാസത്തിലെടുക്കാനും ജനങ്ങളുടെ ആവശ്യങ്ങളും പ്രതീക്ഷകളും തിരിച്ചറിയാനും പാർട്ടിക്ക് കഴിഞ്ഞില്ല'. ത്രിപുരയിൽ തോറ്റതിന്റെ കാരണം ശ്രീ. എം.എ. ബേബി വിശദീകരിക്കുന്നുണ്ട്. ത്രിപുരയിൽ സി.പി.ഐ.(എം.) പരാജയപ്പെട്ടതിൽ ഞങ്ങളാരും ആഹ്ലാദിക്കുന്നവരല്ല. ബി.ജെ.പി. വരുന്നതിൽ ഇവിടെ ആർക്കാണ് സന്തോഷമുള്ളത്? അവിടെ ലെനിന്റെയും രാജീവ് ഗാന്ധിയുടെയും പ്രതിമകൾ തകർത്ത നടപടിയിൽ ഞങ്ങളെല്ലാവരും ശക്തമായി പ്രതിഷേധിക്കുകയും അപലപിക്കുകയും ചെയ്യുന്നുണ്ട്. ത്രിപുരയിലെ പരാജയ കാരണങ്ങളെപ്പറ്റി ശ്രീ. എം.എ. ബേബി പറഞ്ഞതും ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതും തമ്മിൽ അജഗജാന്തരം വ്യത്യാസമുണ്ട്. ഈ രാജ്യത്ത് ബി.ജെ.പി.-യെ നേരിടാൻ കഴിയുന്ന രാഷ്ട്രീയപ്രസ്ഥാനം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ആ പോരാട്ടം ഞങ്ങൾ തുടരുകയാണ്. ചില സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് വരുമ്പോൾ പരാജയപ്പെട്ടെന്നുവരാം. ഇപ്പോൾ രാജസ്ഥാനിൽ മൂന്ന് തെരഞ്ഞെടുപ്പിലും മൂന്ന് ഉപതെരഞ്ഞെടുപ്പിലും കോൺഗ്രസ്സ് ജയിച്ചു. മധ്യപ്രദേശിലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ജയിച്ചു. മേഘാലയിൽ രണ്ട് സീറ്റ് കിട്ടിയ ബി.ജെ.പി. അധികാരത്തിൽ വരുന്നു. കേന്ദ്ര ഗവൺമെന്റ് അധികാരമുപയോഗിച്ചുകൊണ്ട് ഭരണം പിടിച്ചെടുക്കുകയാണ്. ഗോവയിലും മണിപ്പൂരിലും ഇത് സംഭവിച്ചു. ഭരണാധികാരം ഉപയോഗിച്ചുകൊണ്ട് ഭരണം പിടിച്ചെടുക്കുന്ന ഏകാധിപത്യവും സ്വേച്ഛാധിപത്യപരവുമായ ബി.ജെ.പി.-യുടെ നിലപാടുകൾക്കെതിരെയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. വർഷങ്ങൾക്കുമുമ്പ് ഞാൻ ത്രിപുരയിൽ പാർട്ടി ജനറൽ സെക്രട്ടറിയായിരുന്നപ്പോൾ ഞങ്ങൾക്ക് ത്രിപുരയിൽ പാളിച്ചയുണ്ടായിട്ടുണ്ട്. അവിടെ കോൺഗ്രസ് സുശക്തമായൊരു പാർട്ടിയായിരുന്നു. നിങ്ങളുമായി ബംഗാളിൽ കൂട്ടുകൂടിയതിന്റെ പേരിലാണ് കോൺഗ്രസ്സിൽനിന്നും വലിയൊരു വിഭാഗം ആളുകൾ തൃണമൂൽ കോൺഗ്രസ്സിലേയ്ക്ക് പോയത്. അവിടത്തെ പാവപ്പെട്ട പ്രവർത്തകർ നിങ്ങളിൽനിന്ന് അനുഭവിച്ച പ്രയാസം നേരിട്ട് കണ്ടിട്ടുള്ള ഒരാളാണ് ഞാൻ. ഞങ്ങളുടെ പാളിച്ചകൾ ഞങ്ങൾ തിരുത്തും. ഓരോ ജനവിധിയും ഓരോ പാഠങ്ങളായി ഞങ്ങൾ കാണും. ത്രിപുരയിലുണ്ടായ പരാജയം ഞങ്ങളുടെ കണ്ണ് തുറപ്പിക്കും. പാളിച്ചകൾ തിരുത്തിക്കൊണ്ട് കോൺഗ്രസ് മുന്നോട്ടുപോകും. ഈ രാജ്യത്തെ

മതേതരശക്തികളെ യോജിപ്പിച്ചുകൊണ്ട്, ആർ.എസ്.എസ്-ന്റെയും ബി.ജെ.പി.-യുടെയും സംഘ്പരിവാറിന്റെയും അജണ്ടയ്ക്കെതിരായിട്ടുള്ള അതിശക്തമായ പോരാട്ടവുമായി ഞങ്ങൾ മുന്നോട്ടുപോകും. ത്രിപുരയിലെ ഒരു പരാജയംകൊണ്ട് ഇല്ലാതാകുന്നൊരു പ്രസ്ഥാനമല്ല കോൺഗ്രസ്. ഞങ്ങൾ നിരവധി പരാജയങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. ഇന്ദിരാഗാന്ധിവരെ പരാജയപ്പെട്ടിട്ടുണ്ട്. എന്നിട്ടും കോൺഗ്രസ് ഇല്ലാതായില്ല. ഓരോ പരാജയങ്ങളിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടും ജനവിശ്വാസം ആർജ്ജിച്ചും കോൺഗ്രസ് മുന്നോട്ടുപോകും. ത്രിപുരയിലെ പരാജയം ഞങ്ങളുടെ കണ്ണുതുറപ്പിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. അതേസമയം മറ്റ് സംസ്ഥാനങ്ങളിൽ അധികാരം പിടിച്ചെടുക്കുന്ന ബി.ജെ.പി.-യുടെ നയത്തിനെതിരെ അങ്ങ് ഒരക്ഷരം പറയാത്തതിൽ എനിക്ക് പ്രതിഷേധമുണ്ട്. മതേതരശക്തികളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രാജ്യത്ത് ജനാധിപത്യ മതേതരബദൽ തന്നെയാണ് കോൺഗ്രസിന്റെ ലക്ഷ്യം. ആ ലക്ഷ്യത്തിലേയ്ക്ക് ഞങ്ങൾ എത്തിച്ചേരും. 2019-ലെ തെരഞ്ഞെടുപ്പിൽ ശ്രീ. നരേന്ദ്രമോദിയെ താഴെയിറക്കാനുള്ള രാഷ്ട്രീയ നീക്കങ്ങളുമായാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് മുന്നോട്ടുപോകുന്നത്. നിങ്ങൾ ഞങ്ങളോടൊപ്പമുണ്ടോ ഇല്ലയോ എന്നുള്ളത് ഞങ്ങൾക്ക് വിഷയമല്ല. നിങ്ങൾ ഞങ്ങളോട് സഖ്യം ചേരണമെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. അക്കാര്യം നിങ്ങൾക്ക് വിടുകയാണ്. തെരഞ്ഞെടുപ്പിനു ശേഷമോ തെരഞ്ഞെടുപ്പ് സമയത്തോ രാഷ്ട്രീയ കൂട്ടുകെട്ടുകൾ അതാത് സമയത്തെ സാഹചര്യങ്ങൾക്കനുസരിച്ച് ഉണ്ടാകേണ്ടതാണ്; അതാത് കാലഘട്ടത്തിന് അനുസരിച്ച് ഉണ്ടാകേണ്ട രാഷ്ട്രീയ കൂട്ടുകെട്ടുകളാണ്. അതിനെപ്പറ്റി ഇപ്പോൾ പ്രത്യേകമായി പറയാൻ കഴിയില്ല. ഈ രാജ്യം ആവശ്യപ്പെടുന്നത് ബി.ജെ.പി.-ക്കും ആർ.എസ്.എസ്-നും സംഘ്പരിവാറിനുമെതിരായ മതേതര ജനാധിപത്യ മുന്നേറ്റമാണ്. അതിൽ നിങ്ങൾ ചേരുന്നില്ലെങ്കിൽ നാളെ നിങ്ങളെ ചരിത്രം കുറ്റപ്പെടുത്തുമെന്ന് മാത്രമേയുള്ളൂ. കേരളത്തിലെ തകർന്നുകൊണ്ടിരിക്കുന്ന ക്രമസമാധാനനിലയും നിയമവാഴ്ചയും പുന:സ്ഥാപിക്കാൻ ഈ സർക്കാരിന് കഴിയുന്നില്ലെന്നതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാധാരണഗതിയിൽ പോലീസിന്റെ കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴുണ്ടാകുന്ന തരത്തിലുള്ള പ്രശ്നങ്ങളൊന്നും ഉയർന്നുവന്നില്ലായെന്നതിൽ അങ്ങേയറ്റത്തെ സന്തോഷമുണ്ട്. അതിൽ നിന്നും വ്യത്യസ്തമായ കാര്യങ്ങൾ രാഷ്ട്രീയമായി ഉയർന്നുവന്നു. നമ്മുടെ സംസ്ഥാനത്ത് ഉത്പാദനം വർദ്ധിപ്പിക്കാനും അത് നീതിയുക്തമായി വിതരണം ചെയ്യാനുമുള്ള നടപടികളുമായി മുന്നോട്ടുപോകുക, പശ്ചാത്തല സൗകര്യം കഴിയാവുന്നത്ര വർദ്ധിപ്പിക്കുക, സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള ഇടപെടൽ നടത്തുക ഇവയൊക്കെയാണ് സർക്കാർ പൊതുവെ ഉദ്ദേശിക്കുന്ന കാര്യങ്ങൾ.

നമ്മുടെ നാടിന്റെ വികസനം യാഥാർത്ഥ്യമാകണമെങ്കിൽ സമാധാനപരമായ അന്തരീക്ഷം വളരെ പ്രധാനമാണ്. കേരളത്തിന്റെ ജനാധിപത്യ സംസ്കാരത്തിന്റെയും ജീവിതക്രമത്തിന്റെയും അടിസ്ഥാനമായി നിൽക്കുന്ന മതസൗഹാർദ്ദത്തെ സംരക്ഷിക്കൽ ഏറ്റവും പ്രധാനമാണ്. അതുകൊണ്ടുതന്നെ വർഗ്ഗീയധ്രുവീകരണം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കെതിരെ സർക്കാർ ഗൗരവമായ നടപടികളാണ് സ്വീകരിച്ചുപോരുന്നത്. ഇത്തരമൊരു കാഴ്ചപ്പാട് സർക്കാർ അധികാരത്തിൽ വന്ന ഉടൻതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ജനങ്ങൾ അധികാരത്തിലേറ്റുന്നതിന് ഞങ്ങൾ നൽകിയ വാഗ്ദാനങ്ങളിലും ഈ കാര്യങ്ങളെല്ലാമുണ്ടായിരുന്നു. സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുമെന്ന് ഞങ്ങൾ നേരത്തെ ഉറപ്പുനൽകിയിട്ടുണ്ട്. ബ്ലേഡ് മാഫിയ, ഗുണ്ടാസംഘങ്ങൾ, മയക്കുമരുന്ന് വിപണന സംഘങ്ങൾ, പെൺവാണിഭ സംഘങ്ങൾ എന്നിങ്ങനെയുള്ള ശക്തികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഞങ്ങൾ ഉറപ്പ് നൽകിയിരുന്നു. ഇക്കാര്യത്തിൽ വളരെ ഫലപ്രദമായ ഇടപെടൽ നടത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് വസ്തുത. ക്രമസമാധാന രംഗത്ത് ഒരുതരത്തിലും തെളിയിക്കപ്പെടില്ലെന്ന് കരുതിയ നിരവധി കേസുകൾ ഫലപ്രദമായി തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ജിഷാ വധക്കേസ് ഏറ്റവും പ്രധാനപ്പെട്ടതാണ്. അതേ രീതിയിൽ പ്രചരണം ലഭിച്ചതല്ലെങ്കിലും കരിയിലക്കുളങ്ങര ജലജയുടെ കൊലപാതകം ഇവിടെ പലർക്കും ഓർമ്മയുണ്ടാകുമെന്നാണ് തോന്നുന്നത്. കഴിഞ്ഞ സർക്കാരിലെ ആഭ്യന്തര വകുപ്പുമന്ത്രിയും ഇപ്പോഴത്തെ പ്രതിപക്ഷ നേതാവുമായ ബഹുമാന്യനായ ശ്രീ. രമേശ് ചെന്നിത്തലയുടെ മണ്ഡലത്തിലെ കേസായിരുന്നു. 13/08/2015-ന് രാത്രിയാണ് അവർ കൊല ചെയ്യപ്പെടുന്നത്. ആ പ്രതിയെ പിടികൂടാൻ കഴിഞ്ഞിരുന്നില്ല. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 24/12/2017-നാണ് ആ കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുന്നത്. ആ പ്രതി വിദേശത്തായിരുന്നു. അയാളെ സമർത്ഥമായ രീതിയിൽ കേരളത്തിലെത്തിച്ച് അറസ്റ്റ് ചെയ്യുന്ന നിലയാണുണ്ടായത്. ഈ കേസ് അന്ന് സി.ബി.ഐ.-ക്ക് വിട്ടിരുന്നു. സി.ബി.ഐ. ആ കേസ് ഏറ്റെടുക്കാൻ തയ്യാറായിരുന്നില്ലെന്നതും നമ്മൾ ഓർക്കേണ്ട കാര്യമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫലപ്രദമായ അന്വേഷണത്തിലൂടെ ആ കേസ് തെളിയിക്കുകയാണുണ്ടായത്. അതിന്റെ ഭാഗമായാണ് അറസ്റ്റ് നടത്താൻ കഴിഞ്ഞത്. സംസ്ഥാനത്ത് ഓൺലൈൻ തട്ടിപ്പ് നടത്തിയ കേസിൽ അന്താരാഷ്ട്ര ബന്ധമുള്ള പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞു. ഇവിടെ ഒട്ടേറെ പ്രധാനപ്പെട്ട കവർച്ചാ കേസുകളുണ്ടായിട്ടുണ്ട്. കവർച്ചാ കേസുകളിൽപ്പെട്ട പ്രതികൾ രാജ്യത്തിനകത്തും പുറത്തും സംസ്ഥാനത്തിനുപുറത്തും ഉണ്ടായിരുന്നു. അത്തരം പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞതും ഇതിന്റെ ഭാഗം തന്നെയാണ്. സംസ്ഥാനത്ത് പെൺവാണിഭ സംഘങ്ങളും ഗുണ്ടാസംഘങ്ങളും അഴിഞ്ഞാടുന്ന സമീപനത്തിന് വലിയ മാറ്റംവരുത്താൻ സാധിച്ചിട്ടുണ്ട്. സ്ത്രീ സുരക്ഷയ്ക്കായി നിരവധി പദ്ധതികൾ നമുക്ക് ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട

കാൽവയ്പ്പാണ് 'പിങ്ക് പട്രോൾ'. 24 മണിക്കൂറും പ്രവർത്തിക്കുന്ന പിങ്ക് പട്രോളിംഗ് റൂമും ആരംഭിച്ചിട്ടുണ്ട്. 'നിർഭയ' പോലുള്ള സംവിധാനങ്ങളും കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം സ്ത്രീകൾക്ക് സെൽഫ് ഡിഫൻസിനായുള്ള പ്രവർത്തനങ്ങളും ജില്ലാതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ വനിതകളുടെ പരാതി സ്വീകരിക്കുന്നതിന് ഒരു വനിതാ പോലീസിനെ നിയമിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനുള്ള നടപടികളും ഫലപ്രദമായി സ്വീകരിച്ചിട്ടുണ്ട്. അടിയന്തരമായ, സവിശേഷ ഇടപെടൽ വേണ്ട ഇടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളുള്ള കൺട്രോൾ റൂമുകൾ ഉടൻതന്നെ നിലവിൽ വരുന്നതാണ്. നമ്മുടെ സംസ്ഥാനത്തെ ചില പോലീസ് സ്റ്റേഷനുകളുടെ നില അതീവ ശോചനീയവും പലതും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുമാണ്. ഈ സ്ഥിതി മാറ്റുന്നതിനുള്ള ഇടപെടൽ നടത്താൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. 125 പോലീസ് സ്റ്റേഷനുകൾ ആധുനികവത്കരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്; അതോടൊപ്പം ഭിന്നശേഷി സൗഹൃദമാക്കാനുള്ള നടപടിയും സ്വീകരിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായാണ് നിരവധി അംഗീകാരങ്ങൾ കേരള പോലീസിന് നേടിയെടുക്കാൻ കഴിഞ്ഞത്. പലതും ഇവിടെ പറഞ്ഞു കഴിഞ്ഞതിനാൽ ആവർത്തിക്കുന്നില്ല. ക്രമസമാധാനത്തിനുള്ള അംഗീകാരം, പബ്ലിക് അഫയേഴ്സ് ഇൻഡക്സ് അംഗീകാരം, സ്ത്രീ സുരക്ഷ സംബന്ധിച്ച അംഗീകാരം, ജനമൈത്രിക്കുള്ള പോലീസ് എക്സലൻസ് അവാർഡ്, സേവ് അവർ ഫെല്ലോ ട്രാവലർ പദ്ധതി മുൻനിർത്തിയുള്ള കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അംഗീകാരം, സൈബർ ഡോമിന് ലഭിച്ച ഐ.എസ്.ഒ. അംഗീകാരം, രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിലൊന്നായി വളപട്ടണം പോലീസ് സ്റ്റേഷനെ അംഗീകരിക്കൽ, കൊല്ലം സിറ്റി പോലീസിന് ലഭിച്ച ഐ.എസ്.ഒ. അംഗീകാരം, സ്റ്റുഡന്റ് പോലീസ് പദ്ധതി മാതൃകയാക്കി രാജ്യത്തിനാകെ ഒരു സ്റ്റുഡന്റ് പോലീസ് പദ്ധതി ആവിഷ്കരിക്കാനുള്ള കേന്ദ്ര തീരുമാനം, സൈബർ കുറ്റാന്വേഷണത്തിനുള്ള നാസ്കോം ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ അവാർഡ് ഇവയെല്ലാം ഇതിന്റെ ഭാഗമായി കാണാൻ കഴിയുന്നതാണ്. കേരളാ പോലീസിന്റെ പ്രവർത്തനങ്ങളുടെ മികവായി എത്രയോ കാര്യങ്ങൾ നമുക്ക് എടുത്തുകാണിക്കാൻ കഴിയും. ലാ ആന്റ് ഓർഡറും ക്രൈം ഇൻവെസ്റ്റിഗേഷനും വേർതിരിക്കേണ്ടത് സംബന്ധിച്ച് നേരത്തെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് വേർതിരിക്കുമെന്ന് ഞങ്ങൾ നേരത്തെ വ്യക്തമാക്കിയതാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇതിനായി പ്രത്യേക സംവിധാനമുണ്ടാക്കുമെന്നും വാഗ്ദാനം നൽകിയിരുന്നു. ഇക്കാര്യത്തിലുള്ള നടപടിക്രമങ്ങൾ മുന്നോട്ടുനീക്കാൻ കഴിഞ്ഞിട്ടുണ്ട്. 203 പോലീസ് സ്റ്റേഷനുകളിൽ സി.ഐ.-മാരെ എസ്.എച്ച്.ഒ.-മാരാക്കിക്കൊണ്ടുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എസ്.ഐ. -മാരെ ഇത്തരം പ്രത്യേക വിഭാഗങ്ങളായി തിരിച്ച് ചുമതലകൾ നൽകാനുള്ള നടപടികളാണ് ഉദ്ദേശിക്കുന്നത്. ചില പ്രത്യേക സ്റ്റേഷനുകളിൽ സി.ഐ.-മാരെക്കാൾ ഉയർന്ന തലത്തിലുള്ള

പോലീസ് ഉദ്യോഗസ്ഥരെ എസ്.എച്ച്.ഒ.-മാരായി ചുമതലയേൽപ്പിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും ഈ സംവിധാനം വ്യാപിപ്പിക്കുന്നതിന് അഞ്ച് വർഷത്തിനുള്ളിൽ കഴിയുമെന്നാണ് സർക്കാർ കണക്കാക്കുന്നത്. അതുപോലെ ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിക്കുമെന്നും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപകമാക്കുമെന്നും ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനം നടക്കുന്നില്ലെന്ന് ഉറപ്പാക്കുമെന്നും നേരത്തെ ചൂണ്ടിക്കാണിച്ച കാര്യമാണ്; ഇതിനായി ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ സ്റ്റേഷനുകളിലും വ്യാപിപ്പിച്ചിട്ടുണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 574 സ്കൂളുകളിൽ ഈ പദ്ധതി പ്രവർത്തിക്കുന്നുണ്ട്. പുതുതായി 100 സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ബജറ്റിൽ ഇക്കാര്യം നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ സ്കൂളുകൾക്കും പിന്നോക്ക പ്രദേശങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്നതാണ്. ഈ സംവിധാനത്തിന്റെ സവിശേഷതകൾ മനസ്സിലാക്കിയതുകൊണ്ടാണ് അഖിലേന്ത്യാതലത്തിൽ കേന്ദ്ര സർക്കാർ ഇത് വ്യാപിപ്പിക്കാൻ തയ്യാറായിട്ടുള്ളത്.

ലോക്കപ്പുകളിൽ മനുഷ്യാവകാശ ധ്വംസനമുണ്ടാകുന്ന ഘട്ടങ്ങളിൽ ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് അവ അവസാനിപ്പിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുമെന്ന് നേരത്തെ വാഗ്ദാനം നൽകിയിരുന്നു. പൗരന്മാർക്ക് എല്ലാ വിവരങ്ങളും ലഭിക്കുന്നതിനുള്ള സുതാര്യമായ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി ഫലപ്രദമായി കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള മൊബൈൽ ആപ് ഉടൻതന്നെ പൊതുജനങ്ങളുടെ ഉപയോഗത്തിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്ത് ഒരു വനിതാ ബറ്റാലിയൻ സ്ഥാപിക്കുമെന്നും മൊത്തം പോലീസ് സേനയുടെ 15 ശതമാനമെന്ന നിരക്കിലേയ്ക്ക് വനിതാ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുമെന്നും നേരത്തെ പറഞ്ഞിരുന്നു; അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പോലീസിന്റെ പുതിയ റിക്രൂട്ട്മെന്റിൽ 15 ശതമാനം വനിതകൾക്ക് ലഭിക്കുന്നവിധത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വനിതാ ബറ്റാലിയൻ ആരംഭിച്ചുകഴിഞ്ഞു. വനിതകൾക്ക് മാത്രമായി പുതിയതായി 455 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനുപുറമെ പട്ടികവർഗ്ഗ വിഭാഗത്തിനായി 21 വനിതാപോലീസ് തസ്തികകൾ വേറെയും സൃഷ്ടിച്ചിട്ടുണ്ട്. 19 പോലീസ് ജില്ലകളിലും ശിശുസൗഹൃദ സംവിധാനത്തോടെ 3 പോലീസ് സ്റ്റേഷനുകളെങ്കിലും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത്

വ്യവസായ സംരക്ഷണസേന രൂപീകരിക്കുന്ന കാര്യം നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. നിലവിലുള്ള എസ്.ഐ.എസ്.എഫ്. (സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ്)-ന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് പോലീസിലെ പ്രത്യേക വിഭാഗമായി നിലനിർത്തി സുരക്ഷ നൽകുന്ന ഇത്തരം മേഖലകളെ ഒന്നിച്ചുകൊണ്ടുവരാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ട്രാഫിക് അപകടനിവാരണത്തിനും നിയന്ത്രണത്തിനുമായി സംസ്ഥാനാടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം നൽകപ്പെട്ട പോലീസ് വിഭാഗം രൂപീകരിക്കുമെന്നും ട്രാഫിക് ഫൈൻ ഈടാക്കുന്നത് ഇലക്ട്രോണിക് സംവിധാനം വഴിയാക്കുമെന്നും ക്യാമറകൾ സ്ഥാപിച്ചും മറ്റും അഴിമതിക്കുള്ള സാദ്ധ്യതയില്ലാതാക്കുമെന്നും നേരത്തെ വാഗ്ദത്തം ചെയ്തിരുന്നു. ഇക്കാര്യത്തിൽ പോലീസിൽ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ട്രാഫിക്കിന്റെയും കേസുകളുടെയും ചുമതല പ്രത്യേകം വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ക്രമീകരണവും ഈ മേഖലയിൽ കൊണ്ടുവരികയാണ്. പോലീസുകാർക്ക് ബോഡി ക്യാമറ ഇപ്പോൾത്തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. ക്യാമറകളും മറ്റും സ്ഥാപിച്ച് ഈ രംഗത്ത് ആധുനികവൽക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ട്രാഫിക് നിരീക്ഷണം, വി.ഐ.പി. സെക്യൂരിറ്റി, ദുരന്തനിവാരണം മുതലായവ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഏരിയൽ സർവൈലൻസ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ റോഡപകടങ്ങളുടെ എണ്ണം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനിയും നമുക്ക് മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്.

പോലീസിന് നൽകിയ പരാതിയിന്മേൽ എടുത്ത നടപടി പൊതുജനങ്ങളെ അറിയിക്കുന്നതിന് ഡിജിറ്റൽ പെറ്റീഷൻ മോണിറ്ററിംഗ് സംവിധാനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. ഇപ്പോൾത്തന്നെ എഫ്.ഐ.ആർ. ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പെറ്റീഷൻ ഓൺലൈൻ മുഖാന്തരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. എല്ലാ സ്റ്റേഷനുകൾക്കും പ്രത്യേകമായ വെബ്സൈറ്റ് കൊണ്ടുവരുന്നതിനുള്ള നടപടിയും തുടങ്ങിക്കഴിഞ്ഞു. ഇതിലൂടെ പരാതി സ്വീകരിക്കാനും റെസിഡന്റ്സ് അസോസിയേഷനുകൾ, ജാഗ്രതാസമിതികൾ, അയൽക്കൂട്ടങ്ങൾ, വനിതാ ഹെൽപ്ലൈൻ, പബ്ലിക് റിലേഷൻ സംവിധാനം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കുള്ള സംവിധാനങ്ങൾ, സ്കൂൾ അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ ഇവയ്ക്കെല്ലാം ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ സേവനം ഉറപ്പുവരുത്തുന്നതിന് കഴിയും.

കമാൻഡോ വിഭാഗം, ആഭ്യന്തര സുരക്ഷാ ഇന്റലിജൻസ് വിഭാഗം, ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം ഇവയെല്ലാം സംയോജിപ്പിച്ച് സംസ്ഥാന ഭീകരവിരുദ്ധ ടാസ്ക് ഫോഴ്സ് രൂപീകരിക്കുമെന്നും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി പോലീസ് സേനയിൽ സൃഷ്ടിക്കുമെന്നും പറഞ്ഞിരുന്നു. ഇവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 210 അംഗങ്ങളുള്ള കമാൻഡോ പരിശീലനം ആരംഭിച്ചുകഴിഞ്ഞു. 50 വനിതാ കമാൻഡോകളുടെ പരിശീലനവും തുടങ്ങി. കേരളത്തിൽ ആദ്യമായിട്ടാണ് വനിതാ കമാൻഡോകളെ പരിശീലിപ്പിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക വിഭാഗം ആരംഭിക്കാനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട ബോധവത്കരണത്തിനായുള്ള കിഡ്സ്ഗ്ലോബ്, ബോഡി ക്യാമറകൾ, നിക്കരാഗ്വ പോലുള്ള വിദൂര രാജ്യങ്ങളിൽ പോയി സൈബർ കുറ്റവാളികളെ അറസ്റ്റ് ചെയ്യുവാൻ കഴിയുന്ന അവസ്ഥ, ജി.ഐ.എസ്.-ജി.പി.എസ്. സംവിധാനത്തിന്റെ ഉപയോഗം എന്നിവയെല്ലാം ആരംഭിച്ചിട്ടുണ്ട്. പോലീസിന്റെ നിലവിലുള്ള ടെലി കമ്മ്യൂണിക്കേഷൻ സംവിധാനം ഡിജിറ്റൽ കമ്മ്യൂണിക്കേഷൻ സംവിധാനമായി ഉയർത്തുന്നതാണ്.

ജയിലുകളിൽ ആധുനികവത്കരണം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇക്കഴിഞ്ഞ ബജറ്റിൽ 14.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കോടതിയിലെ വിചാരണയ്ക്കായി വീഡിയോ കോൺഫറൻസിംഗിലൂടെ പ്രതികളുമായി സംസാരിക്കുന്നതിനുള്ള നടപടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനെ നവീകരിക്കാനും സേനയുടെ എണ്ണം വർദ്ധിപ്പിക്കാനുമുള്ള ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ വകുപ്പിന്റെ നവീകരണം ലക്ഷ്യം വച്ചുകൊണ്ട് 65 കോടി രൂപ ഈ ബജറ്റിൽ ആധുനികവത്കരണത്തിനായി നീക്കിവച്ചിട്ടുണ്ട്. അപകടങ്ങളുണ്ടായാൽ അടിയന്തരമായി കൈകാര്യം ചെയ്യുന്നതിന് വോളണ്ടിയർമാർക്ക് പരിശീലനം നൽകുന്ന സിവിൽ ഡിഫൻസ് ഫോഴ്സ് സംവിധാനം തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഫയർ ഫോഴ്സിൽ വനിതകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അതുപോലെ അർദ്ധ സൈനികവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഹോംഗാർഡുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടുമെന്നും പറഞ്ഞിരുന്ന സാഹചര്യത്തിൽ സൈനിക ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ഹോംഗാർഡുകളുടെ വേതനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 26 കോടി രൂപയും സബോർഡിനേറ്റ് കോടതികളുടെ ആധുനികവത്കരണത്തിന് 8 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇ-ഗവേർണൻസിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളും ഈ രംഗത്ത് ആരംഭിച്ചിട്ടുണ്ട്. കോടതി കെട്ടിടങ്ങൾക്കായി കേന്ദ്രവിഹിതമടക്കം 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനെല്ലാംപുറമെ നിരവധി പരിഷ്കാരങ്ങളും ഈ മേഖലയിൽ കൊണ്ടുവരാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് 25 സ്റ്റേഷനുകൾ മൂന്ന് ഘട്ടങ്ങളിലായി കോസ്റ്റൽ പോലീസ് രംഗത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആധുനിക ടെലികമ്മ്യൂണിക്കേഷൻ സംവിധാനം നൽകി ആധുനിക രീതിയിൽ രൂപപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളി മേഖലയിൽ നിന്ന് കോസ്റ്റൽ സുരക്ഷയ്ക്കായി 200 പേരെ പ്രത്യേകമായി റിക്രൂട്ട് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പോലീസ് സേനയെ ആധുനികവത്കരിക്കേണ്ടത് സംബന്ധിച്ച് ബഹുമാന്യരായ ചില അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആധുനികവത്കരിച്ചുകൊണ്ടു മാത്രമേ ജനാധിപത്യപരമായ സമൂഹത്തിന് അനുയോജ്യമായ വിധത്തിൽ പോലീസിനെ രൂപപ്പെടുത്താൻ സാധിക്കുകയുള്ളൂ. പോലീസ് പരിശീലനത്തിലുൾപ്പെടെ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. കേരള പോലീസ് അക്കാദമി അതിനനുയോജ്യമായ വിധത്തിൽ രൂപപ്പെടുത്തി ആധുനിക ഡിജിറ്റൽ സംവിധാനങ്ങളോടെ ഇ-അക്കാദമിയായി മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ് റൂമുകളും ഓൺലൈൻ പരീക്ഷാ സൗകര്യവും നാർക്കോട്ടിക് പരിശീലന ലബോറട്ടറിയും സൈബർ ലബോറട്ടറിയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഈ സൗകര്യങ്ങൾ വരുന്നതോടെ കേരളാ പോലീസ് അക്കാദമി മികവിന്റെ കേന്ദ്രമായി മാറും.

പാസ്പോർട്ട് അപേക്ഷകൾ സംബന്ധിച്ച വെരിഫിക്കേഷൻ മൂന്നോ നാലോ ദിവസങ്ങൾക്കകം പൂർത്തിയാക്കുന്നതിന് ഇലക്ട്രോണിക് വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു. മലപ്പുറം ജില്ലയിലാണ് പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി ഇ-വെരിഫിക്കേഷൻ ഏർപ്പെടുത്തുന്നത്. അടുത്തപടിയായി ഈ സംവിധാനം മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും.

മുതിർന്ന പൗരന്മാരുടെ സേവനത്തിന് ഹോട്ട്ലൈൻ സംവിധാനം ഏർപ്പെടുത്തുന്നതാണ്. പാലാ സബ് ഡിവിഷനിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഹോട്ട്ലൈൻ സംവിധാനം വിജയകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം ശാസ്ത്രീയമായ അന്വേഷണത്തിന് ഫോറൻസിക് തെളിവുകൾ വളരെ

പ്രധാനമാണ്. ഈ രംഗത്തെ കാര്യങ്ങൾ പരിശോധിച്ചതിൽ അപര്യാപ്തതകളുണ്ടെന്ന് കാണാൻ കഴിയുകയും കേസന്വേഷണം പൂർത്തിയാക്കുന്നതിന് തടസ്സം നേരിടുകയും ചെയ്യുന്നുണ്ട്. ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ ഫോറൻസിക് ലാബുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡി.എൻ.എ. ലാബ് തൃശ്ശൂരിലും കണ്ണൂരിലും വൈകാതെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൊച്ചിയിൽ സ്ഥാപിച്ച മേഖലാ ഫോറൻസിക് ലാബ് സൈബർ ഫോറൻസിക് സൗകര്യങ്ങളോടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അവസാനഘട്ടത്തിലാണ്. അടിച്ചമർത്തി ഭരിക്കാനുള്ള ആയുധമെന്ന ബ്രിട്ടീഷ് പോലീസ് സങ്കൽപ്പത്തിൽ നിന്ന് വ്യത്യസ്തമായി ജനസേവനത്തിനുള്ള സേന, ജനസുരക്ഷയ്ക്കുള്ള കാവൽപ്പട എന്ന നിലയിലേയ്ക്ക് പോലീസിനെ പരിവർത്തിപ്പിച്ചെടുക്കാനുള്ള വ്യക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. അത് ഫലം കാണുകയും ചെയ്യുന്നുണ്ട്. എല്ലാവർക്കും നീതി ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം. ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പുവരുത്തുന്നതിന് ആധുനിക സംവിധാനങ്ങളെക്കൂടി ഉപയോഗപ്പെടുത്തി മുന്നോട്ട് പോകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

സർക്കാരിന്റെ പൊതുനയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസ് സേനയിലെ പ്രൊമോഷനുകളും മറ്റും അർഹതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും സർക്കാർ തയ്യാറായിട്ടുണ്ട്. കേസിൽ കിടക്കുന്നവയല്ലാതെ മറ്റെല്ലാ പ്രൊമോഷൻ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; നിലവിലുള്ളവ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ജയിലുകളുമായി ബന്ധപ്പെട്ട്, തടവുകാരുടെ ക്ഷേമത്തിനായി അവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ ലാഭത്തിന്റെ 50 ശതമാനം പ്രിസൺ ഡെവലപ്മെന്റ് ഫണ്ടിനായി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് തടവുകാരുടെ ക്ഷേമത്തിനും ജയിലുകളുടെ അത്യാവശ്യ നവീകരണത്തിനുമായി നീക്കിവയ്ക്കുന്നതാണ്. ഇക്കാര്യം ബജറ്റിലും വ്യക്തമാക്കിയിട്ടുണ്ട്. അതുപോലെ സംസ്ഥാനത്ത് ഒരു ജയിലിനെ മാതൃകാജയിലായി ഉയർത്തിക്കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. മാനസികാസ്വാസ്ഥ്യം ഉള്ളവർക്കും മാരകമായ അസുഖം ബാധിച്ച തടവുകാർക്കും പ്രത്യേക ശ്രദ്ധയും ചികിത്സാസൗകര്യങ്ങളും നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. തടവുകാർക്ക് വിശേഷ തൊഴിലുകളിൽ പരിശീലനം നൽകുന്ന സംവിധാനം വ്യാപകമായി നടപ്പിലാക്കുന്നതാണ്. ഇതുവഴി ജയിൽവാസം കഴിഞ്ഞാലും സ്വയം തൊഴിൽചെയ്ത് ജീവിക്കാനുള്ള അവസരമുണ്ടാക്കുകയാണ് ഉദ്ദേശിക്കുന്നത്.

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് ആധുനികവത്കരിക്കണമെന്ന ആവശ്യം ഇവിടെ പലരും ഉന്നയിച്ചു. ഉയർന്ന കെട്ടിടങ്ങളിൽ വച്ച് അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിലേയ്ക്കായി ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വകുപ്പിലെ എൻ.ഒ.സി. നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഉദ്ദേശിക്കുന്നു.

അച്ചടിയും സ്റ്റേഷനറിയും വകുപ്പിൽ സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ ഉപയോഗപ്പെടുത്തി ആധുനികവത്കരിക്കാനും കാര്യക്ഷമമാക്കാനുമുള്ള നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. സ്റ്റേഷനറി വകുപ്പിൽ ഇ-ഓഫീസ് സംവിധാനം 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുകയും ഐ.ടി. സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേഷനറി സാധനങ്ങളുടെ വിതരണത്തിന് ഇൻവെന്ററി മാനേജ്മെന്റ് സിസ്റ്റമായ ഇ-മിസ്റ്റ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സ്റ്റേഷനറി സ്റ്റോറുകളുടെ സ്റ്റോക്ക് ഉപഭോക്തൃ ഓഫീസുകളിൽ അറിയാൻ കഴിയുന്ന ഓൺലൈൻ ഇന്റന്റ് രണ്ടാംഘട്ടം 2018-19-ൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഈ സാമ്പത്തിക വർഷം ആധുനിക വത്കരണത്തിനായി 50 ലക്ഷം രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അച്ചടി വകുപ്പിന്റെ കാലോചിതമായ ആധുനികവത്കരണത്തിനും പരിഷ്കരണത്തിനുമായി വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അച്ചടി വകുപ്പിന്റെ ആധുനികവത്കരണത്തിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതുമാണ്. അച്ചടി വകുപ്പിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി മൂന്ന് കോടി രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

ഇവിടെ ബഹുമാന്യരായ അംഗങ്ങൾ ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളെക്കുറിച്ചുകൂടി പരാമർശിച്ചില്ലെങ്കിൽ ഇത് മറുപടി പ്രസംഗം ആകില്ല. അതുകൊണ്ട് അത്തരം ചില കാര്യങ്ങൾകൂടി പറഞ്ഞുപോകേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് എസ്.പി.-യെ നിലനിർത്തി ഡിവൈ.എസ്.പി. കാര്യങ്ങൾ നിർവ്വഹിക്കുന്ന നിലയുണ്ടെന്ന് ബഹുമാന്യനായ ഒരംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങനെയൊരു അവസ്ഥ സംസ്ഥാനത്ത് ഏതായാലും ഇന്നില്ല. എസ്.പി. ചെയ്യേണ്ട കാര്യങ്ങൾ എസ്.പി. ചെയ്യുകയും എസ്.പി. പറഞ്ഞ് ചെയ്യേണ്ട കാര്യങ്ങൾ ഡിവൈ.എസ്.പി.-യും അതിന് താഴെയുള്ളവരും ചെയ്യുന്നുണ്ടാകും. അതല്ലാത്ത ഒരു നിലയും നമ്മുടെ സംസ്ഥാനത്ത്

നിലനിൽക്കുന്നില്ല. ഏതെങ്കിലും ബാഹ്യശക്തികൾക്ക് വഴങ്ങി പ്രവർത്തിക്കേണ്ട അവസ്ഥ സംസ്ഥാനത്തെ ഒരു പോലീസ് ഉദ്യോഗസ്ഥനെ സംബന്ധിച്ചിടത്തോളവുമില്ല. പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവകാശമുണ്ട്. നീതിയും നിയമവും നടപ്പിലാക്കാൻ ബാധ്യതപ്പെട്ടവരാണവർ. ആ അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നാണ് സർക്കാരിന്റെ കർശന നിർദ്ദേശം. അതുകൊണ്ട് സർവ്വീസിന് പുറത്തുള്ള ഏതെങ്കിലും ആളുകളുടെ സമ്മർദ്ദങ്ങൾക്കോ അവരുടെ ആജ്ഞകൾക്കോ വഴങ്ങാൻ വിധിക്കപ്പെട്ടവരല്ല പോലീസ്.

ബഹുമാനപ്പെട്ട പി. ഉബൈദുള്ള സംസാരിച്ചപ്പോൾ പോലീസിൽ പാർട്ടി ഫാക്ഷൻ പ്രവർത്തിക്കുന്നു, ആർ.എസ്.എസ്.-ന് തത്വമസി എന്ന ഫാക്ഷനുണ്ട് എന്നൊക്കെ പറയുകയുണ്ടായി. സി.പി.ഐ.(എം.)-നെക്കുറിച്ചും പറഞ്ഞു. സി.പി.ഐ.(എം.) പാർട്ടി സെക്രട്ടറിയായി കുറേക്കാലം പ്രവർത്തിച്ചയാളാണ് ഞാൻ. ആ കാലത്ത് അങ്ങനെയൊരു ഫാക്ഷൻ പ്രവർത്തിച്ചിരുന്നില്ല, ഇപ്പോഴുമില്ല. അത്തരമൊരു കാര്യത്തെ സംബന്ധിച്ച് ആശങ്കപ്പെടേണ്ടതായില്ല. തത്വമസിയുടെ വിവരം തന്നാൽ അതിനാവശ്യമായ നടപടി സ്വീകരിക്കാം.

ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ തെറ്റായി ഇടപെടുന്ന കാര്യങ്ങളുണ്ടായാൽ അക്കാര്യത്തിൽ പോലീസിന് കർക്കശമായ നടപടിയെടുക്കാൻ അവകാശമുണ്ട്. അക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ബഹുമാന്യനായ മോൻസ് ജോസഫ് പോലീസിന്റെ അംഗബലം വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു. അത് വളരെ ശരിയായ നിർദ്ദേശമാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ലാ ആന്റ് ഓർഡറും ക്രൈമും വേർതിരിക്കണമെന്നതിനെക്കുറിച്ചും സേനയിൽ നവീകരണം വേണമെന്ന കാര്യത്തെ സംബന്ധിച്ചും നേരത്തെ പറഞ്ഞിട്ടുണ്ട്.

ഷുഹൈബിന്റെ കേസിൽ ഹൈക്കോടതി വിധിയുമായി ബന്ധപ്പെട്ട പരാമർശം ഇവിടെ നടത്തുകയുണ്ടായി. അക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമായിരുന്നു. പോലീസ് അന്വേഷിക്കുകയാണ്, കൃത്യമായി ആളുകളെ കണ്ടെത്തിയിട്ടുണ്ട്, അവരല്ല പ്രതിയെന്ന് ഇതുവരെ ഒരാളും പരാതിപ്പെട്ടിട്ടുമില്ല. ശരിയായ വഴിക്ക് അന്വേഷണം പോകുന്നു എന്നുള്ളതാണ് സർക്കാരിന്റെ ബോധ്യം. അങ്ങനെയൊരു സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട് വേറൊരന്വേഷണത്തിന്റെ കാര്യം സർക്കാർ ആലോചിച്ചിട്ടില്ല. ഇപ്പോൾ ഹൈക്കോടതി ആ കേസിൽ ഇടപെട്ടിട്ടുണ്ട്. ഹൈക്കോടതിക്ക് അതിന്റേതായ കാരണങ്ങളുണ്ടാകും, അക്കാര്യം എനിക്ക് അറിയുന്നതല്ല. സർക്കാർ നേരത്തെ പറഞ്ഞത് ഉത്തമമായ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്. ശരിയായ വഴിക്കാണ് കേസ് മുന്നോട്ട് പോയിരുന്നത്.

ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയുടെ മേശപ്പുറത്ത് ഒരു ഗ്രനേഡ് കൊണ്ടുവച്ചു. അത് എക്സ്പയറി ഡേറ്റ് കഴിഞ്ഞതായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. 26-02-2018-ൽ സെക്രട്ടേറിയറ്റിലേയ്ക്ക് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിനെത്തുടർന്നുണ്ടായ സംഘർഷത്തിന്റെ ഭാഗമായാണ് ഈ ഗ്രനേഡ് ലഭിച്ചതെന്നാണ് പറയുന്നത്. ആ സംഘർഷത്തിൽ കാലാവധി കഴിഞ്ഞ ഗ്രനേഡുകളോ കണ്ണീർവാതക ഷെല്ലുകളോ പ്രയോഗിച്ചിട്ടില്ല. കണ്ണീർവാതക ഷെല്ലുകൾ ഉല്പാദിപ്പിച്ചതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. അതിൽ സ്റ്റെന്റ് ഗ്രനേഡിന്റെ കാര്യവും പറയുന്നുണ്ട്. അതെല്ലാം ഇവിടെ പറയേണ്ട കാര്യമില്ല. അതിൽ അങ്ങ് ചൂണ്ടിക്കാണിച്ച തീയതിയിലുള്ളത് ഇല്ല. 2017 ഡിസംബറിൽ നിർമ്മിച്ച 17 കണ്ണീർ വാതക ഷെല്ലുകൾക്ക് 2020 ഡിസംബർ വരെ കാലാവധിയുണ്ട്. 2017 നവംബറിൽ നിർമ്മിച്ച സ്റ്റെന്റ് ഗ്രനേഡിന് 2020 നവംബർ വരെ കാലാവധിയുണ്ട്. 2015 ജൂണിൽ നിർമ്മിച്ച ടിയർ ഗ്യാസ് ഷെല്ലിന് 2018 ജൂൺ വരെ കാലാവധിയുണ്ട്. 2017 ആഗസ്റ്റിൽ നിർമ്മിച്ച ടിയർ ഗ്യാസ് ഷെല്ലിന് 2020 ആഗസ്റ്റ് വരെ കാലാവധിയുണ്ട്. 2017 നവംബറിൽ നിർമ്മിച്ച സ്റ്റെന്റ് ഷെല്ലിന് 2020 നവംബർ വരെ കാലാവധിയുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ആ സാധനത്തിനോടൊപ്പം അതിന്റെ കമ്പനിയുടെ രസീതും കൂടിയാണ് വച്ചത്. അങ്ങ് പറഞ്ഞതുകൊണ്ടാണ് ഞാനത് മേശപ്പുറത്ത് വച്ചത്. കമ്പനിയുടെ രസീതിലെ ഡേറ്റ് ഓഫ് എക്സ്പയറി 2017 ഡിസംബറാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഏതായാലും ആ സാധനം ഇവിടെയുള്ള റോഡിലുള്ളതല്ല. മറ്റേതോ റോഡിൽനിന്നും അങ്ങയുടെ കയ്യിലെത്തിയതാണ്. കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം പരിശോധിച്ചാൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് കാണാൻ കഴിയും. ജനസൗഹൃദമായ വിവിധ പദ്ധതികൾ ആവിഷ്കരിച്ചതിലൂടെ ഏത് കാര്യത്തിനും കേസ് കൊടുക്കുക എന്നുള്ള നില വന്നതാണ് അതിന് കാരണം. ആവശ്യമുള്ള കാര്യത്തിന് പോലീസുമായി ബന്ധപ്പെട്ട് കേസ് കൊടുക്കുക എന്നുള്ള നല്ലൊരു സംസ്കാരം ഇന്ന് വന്നിട്ടുണ്ട്. കുറ്റകൃത്യങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ നോക്കേണ്ടത് കൊലപാതക നിരക്കും മറ്റുമാണ്. 2016-ലെ കൊലപാതക നിരക്ക് ഒരു ലക്ഷത്തിന് 0.9 എന്ന കണക്കിലാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇത് വളരെ താഴ്ന്ന നിരക്കാണ്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും താഴ്ന്ന നിലയാണ് ഇതിൽ കാണാൻ കഴിയുക. അതുകൊണ്ടാണ് ക്രമസമാധാന നിലയിൽ കേരളം ഉയർന്ന് നിൽക്കുന്നുവെന്ന് പറയുന്നത്.

ദേവാലയങ്ങളിലെ മോഷണം സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അത് സംബന്ധിച്ച കണക്ക് പരിശോധിച്ചാൽ ആ ആരോപണം ശരിയല്ലെന്ന്

കാണാൻ സാധിക്കും. 2014-15-ലെ കണക്കുകളുമായി താരതമ്യം ചെയ്താൽ 2017-ൽ മോഷണക്കേസുകളുടെ എണ്ണം കുറയുകയും തെളിയിക്കപ്പെട്ട കേസുകളുടെ എണ്ണം കൂടുകയുമാണ് ചെയ്തിട്ടുള്ളത്.

ശ്രീ. പി. ഉബൈദുള്ള : സർ, ഈ സഭയിൽ അങ്ങ് തന്ന കണക്കാണ് എന്റെ കയ്യിലുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ആ കണക്ക് തന്നെയാണ് ഞാൻ പറയുന്നത്. 2014-ലേയും 2015-ലേയും കണക്കുമായി താരതമ്യപ്പെടുത്തിയാൽ 2017-ൽ മോഷണക്കേസുകളുടെ എണ്ണം കുറയുകയും തെളിയിക്കപ്പെട്ട കേസുകളുടെ എണ്ണം കൂടുകയുമാണ് ചെയ്തിട്ടുള്ളതെന്നാണ് ഞാൻ പറഞ്ഞത്.

ബഹുമാന്യനായ കെ. എം. ഷാജി ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. അതിലൊന്ന് കൊല്ലപ്പെട്ട ആളിന്റെ ഇറച്ചി ഭക്ഷിക്കുന്നതിനെക്കുറിച്ചുള്ളതാണ്. അങ്ങനെയാണെങ്കിൽ നാദാപുരത്തെ ബിനുവും നിരപരാധിയായ ചെറുപ്പക്കാരനായിരുന്നല്ലോ. അദ്ദേഹത്തെ ജീവനോടെ വെട്ടിക്കൊല്ലുന്ന അവസ്ഥയാണല്ലോ ഉണ്ടായത്. ആ കാലത്ത് ബഹുമാന്യനായ കെ. എം. ഷാജിക്ക് എന്താണ് അതിനെക്കുറിച്ച് പറയാനുണ്ടായിരുന്നത്. വൈക്കം മുഹമ്മദ് ബഷീറിന്റെ കഥ സിലബസ്സിൽ ഉൾപ്പെടുത്തിയതിന്റെ പേരിലാണല്ലോ കോൺഗ്രസ് അദ്ധ്യാപകനെ അരീക്കോട് ചവിട്ടിക്കൊന്നത്. അതിനെക്കുറിച്ച് എന്തായിരുന്നു അങ്ങേയ്ക്ക് പറയാനുണ്ടായിരുന്നത്? കുനിയിൽ സഹോദരന്മാരെ വെട്ടിനുറുക്കിയ സംഭവമുണ്ടായല്ലോ; അപ്പോൾ അവരുടെ ഇറച്ചി ലീഗ് നേതാക്കൾ തിന്നണമെന്ന് ബഹുമാന്യനായ കെ. എം. ഷാജി പറഞ്ഞിരുന്നോ? ആർ.എസ്.എസ്.-കാർ ധാരാളം ആളുകളെ വെട്ടിനുറുക്കിയിട്ടുണ്ടല്ലോ. അങ്ങനെ വെട്ടി നുറുക്കിയവരുടെയെല്ലാം ഇറച്ചി തിന്നാൻ എന്താണ് അവരോട് പറയാത്തത്? മണ്ണാർക്കാട് വെട്ടി തല പൊളിച്ച് തലയോട്ടിതന്നെ മാറ്റിക്കളഞ്ഞ സംഭവമുണ്ടായല്ലോ. അതൊരു ഇരട്ട കൊലപാതകമായിരുന്നു. അങ്ങനെയാണെങ്കിൽ ഇറച്ചിയും തലച്ചോറും തിന്നാൻ ലീഗ് പ്രവർത്തകരോട് ബഹുമാന്യനായ കെ. എം. ഷാജി പറയേണ്ടതായിരുന്നില്ലേ. എന്താണ് അങ്ങനെ പറയാതിരുന്നത്?

മറ്റൊരു കാര്യം അദ്ദേഹം പറഞ്ഞത്, ഞാൻ ഭയപ്പെട്ട് നടക്കുകയാണെന്നാണ്. ഭയമുണ്ടാകുന്നത് നല്ല കാര്യമാണ്. ഭയമില്ലെങ്കിലല്ലേ മോശം. ഏതോ ഒരു പത്രക്കാരനെ ഞാൻ എന്തോ പറഞ്ഞുവെന്നും അദ്ദേഹം പറയുകയുണ്ടായി. ഞാൻ അദ്ദേഹത്തിന്റെ പേര് പറഞ്ഞില്ല. പേരറിയാത്തതു കൊണ്ടല്ല ഇപ്പോൾ പറയാത്തത്. പേര് എനിക്കറിയാം. ഇപ്പോഴും ഞാൻ

പറയാതിരിക്കുന്നതാണെന്ന് മനസ്സിലാക്കണം. പേര് പറഞ്ഞാൽ എന്താണ് അതിന്റെ ഭവിഷ്യത്തെന്ന് എനിക്കറിയാവുന്നതുകൊണ്ടാണ് പറയാത്തത്. എവിടെവച്ചാണ് ഇത് പറഞ്ഞതെന്നൊക്കെ ഞാൻ പറഞ്ഞല്ലോ; കൂടെ നിൽക്കുന്ന ആളുകളുമൊക്കെ പറഞ്ഞല്ലോ. നിങ്ങൾ ഫെയ്സ് ബുക്ക് വീരന്മാരാണല്ലോ. ഇതിനെക്കുറിച്ച് ഫെയ്സ് ബുക്കിലൊക്കെ ഇട്ടതാണ്. നിങ്ങളത് കാണാതിരിക്കില്ല. പക്ഷേ ആരാണെന്ന് ഞാൻ എന്റെ നാക്കുകൊണ്ട് പറഞ്ഞിട്ടില്ല. അങ്ങനെയുള്ള ഒരു കൂട്ടർ ഇടുന്ന കഥകളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. എന്റെ ഭൂതകാലം നോക്കിയാൽ ഒരുപാട് കഥകൾ അങ്ങനെ വന്നിട്ടുണ്ടെന്ന് കാണാൻ കഴിയും. അതിന്റെ ഭാഗമായിട്ടാണ് ഇതും വന്നത്. അതിവിടത്തെ മാധ്യമ പ്രവർത്തകർക്കും ബോദ്ധ്യമുള്ള കാര്യമാണ്. അതുകൊണ്ട് രാത്രി കിടന്നുറങ്ങുമ്പോൾ എന്നെ ആരോ കൊല്ലാൻ വരുന്നെന്ന് പറഞ്ഞ് നിലവിളിച്ച് ഓടുന്ന ആളാണ് ഞാനെന്നുള്ള ധാരണ വേണ്ട.

സംസ്ഥാനത്ത് കേസുകളുടെ അന്വേഷണത്തിനിടയിലും അല്ലാതെയും സി.ബി.ഐ.-ക്ക് വിടുന്ന ധാരാളം സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇത് ആദ്യത്തേതൊന്നുമല്ല. സി.ബി.ഐ.-യുടെ അന്വേഷണത്തിന് വിട്ട 79 കേസുകളിൽ 33 കേസുകളും കോടതി നിർദ്ദേശിച്ച പ്രകാരമാണ് അയച്ചിട്ടുള്ളത്. ഇതൊക്കെ പഴയ റെക്കോർഡുകൾ പരിശോധിച്ചാൽ കാണാൻ കഴിയും.

ബഹുമാന്യനായ കെ. എം. ഷാജി സംസാരിക്കുമ്പോൾ ചില സഖ്യത്തെപ്പറ്റി പറയുന്നതുകേട്ടു. കാസർഗോഡ് കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റ് കോൺഗ്രസ്സും വൈസ് പ്രസിഡന്റ് ബി.ജെ.പി.-യുമാണ്. ....(ബഹളം)... നല്ല യോജിച്ച ഭരണമാണ് നടക്കുന്നതെന്നർത്ഥം. കാസർഗോഡ് പൈവളികെ സർവ്വീസ് സഹകരണ ബാങ്ക് ബി.ജെ.പി. പിന്തുണയോടെ യു.ഡി.എഫ്. ഭരിച്ച ബാങ്കാണ്.

ജനക്കൂട്ടം കൊലപ്പെടുത്തുന്ന സംഭവത്തെക്കുറിച്ച് പറയുമ്പോൾ ആദ്യം ഓർക്കേണ്ടത് കൊടിയത്തൂരിനെയാണ്. കൊടിയത്തൂർ സദാചാരം ആരോപിച്ച് ഒരു യുവാവിനെ ആൾക്കൂട്ടം തല്ലിക്കൊന്ന സംഭവമുണ്ടായത് ഈ സർക്കാർ അധികാരത്തിലുള്ളപ്പോഴല്ല. ഇതെല്ലാം നമ്മുടെ നാടിന്റെ രീതിയല്ല; ഒറ്റപ്പെട്ട സംഭവമാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിലുള്ളപ്പോൾ ആളുകൾ കൂട്ടമായി ഇങ്ങനെ കൊലപ്പെടുത്തുകയാണെന്ന് പറഞ്ഞിട്ടില്ല. ഞങ്ങൾ ആ സംഭവത്തെയാണ് അപലപിച്ചത്. ഞങ്ങളെല്ലാം ശക്തമായി അപലപിക്കുകയും അത് ശരിയല്ലെന്ന് പറയുകയും ചെയ്യുന്ന കൂട്ടത്തിലുള്ളവരാണ്. ഇപ്പോഴുണ്ടായതാണ് ആദ്യത്തെ സംഭവമെന്ന് പറയേണ്ട; ഇങ്ങനെയൊരു സംഭവം നേരത്തെയും ഇവിടെയുണ്ടായിട്ടുണ്ട്.

മ്അദനിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ജാമ്യവ്യവസ്ഥയനുസരിച്ച് ബാംഗ്ലൂരിൽ കഴിയുന്ന രോഗിയും അവശനുമായ മ്അദനിയുടെ ചികിത്സയ്ക്കും

ബന്ധുക്കളുടെ സഹായം ലഭിക്കാനും കേരളത്തിലേയ്ക്ക് താമസം മാറുന്നത് നല്ലതാണെന്ന കാര്യം കർണ്ണാടക മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇനി അവരാണ് അക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

ന്യൂനപക്ഷ സംരക്ഷണത്തിന്റെ കാര്യം നേരത്തെ ഇവിടെ പറയുകയുണ്ടായി. നമ്മൾ മറ്റു ചില കാര്യങ്ങൾക്കുവേണ്ടി നാട്ടിലുള്ള യാഥാർത്ഥ്യങ്ങൾ മറന്നുകൊണ്ട് സംസാരിക്കരുതെന്ന് മാത്രമേ എനിക്ക് ഓർമ്മിപ്പിക്കാനുള്ളൂ. എം. എം. അക്ബറിന്റെ കാര്യം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതവിടെയുണ്ടായിരുന്ന ഒരു പുസ്തകവുമായി ബന്ധപ്പെട്ട കാര്യമായിരുന്നു. അതുസംബന്ധിച്ച് പോലീസ് കൃത്യമായി കാര്യങ്ങൾ അന്വേഷിച്ചിട്ടുണ്ട്. അക്ബർ ആദ്യഘട്ടത്തിൽ ഈ കേസുമായി സഹകരിക്കാത്തതിന്റെ ഭാഗമായാണ് ഈ രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തിയതെന്നാണ് നാം കാണേണ്ടത്. എമിഗ്രേഷനാണോ അറസ്റ്റ് ചെയ്തതാണോയെന്നൊക്കെ നേരത്തെ പറഞ്ഞല്ലോ; എമിഗ്രേഷൻ ഘട്ടത്തിലേയ്ക്ക് പോകുമ്പോൾ ഈ വിവരങ്ങൾ ഉള്ളതുകൊണ്ട് തടഞ്ഞുവയ്ക്കുകയും അങ്ങനെയാണ് അവിടെ നിന്നും അറസ്റ്റ് വരാനിടയായതെന്നുമാണ് വിവരം. ആദ്യം സഹകരിച്ചിരുന്നെങ്കിൽ അത്തരം കാര്യങ്ങൾ ഉണ്ടാകില്ലായിരുന്നു. ഈ കാര്യത്തിൽ അക്ബർ നേരത്തെ തന്നെ ചില ശരിയായ നിലപാടുകൾ സ്വീകരിച്ചിരുന്നു. ഞാൻ അറിഞ്ഞിടത്തോളം സിലബസ്സിനെയോ ആ പുസ്തകത്തെയോ അദ്ദേഹം ന്യായീകരിച്ചിട്ടേയില്ല. അതിനെ തള്ളിപ്പറയുന്ന നിലപാടുതന്നെയാണ് സ്വീകരിച്ചിരുന്നത്. ആ നിലയിൽ തന്നെയാണ് പോലീസും അതിനെ കാണുന്നത്. ശശികല ടീച്ചറെ എന്തുകൊണ്ട് ഒഴിവാക്കുന്നുവെന്ന് പറയുകയുണ്ടായി. ഇവിടെ മതവിദ്വേഷം വളർത്തുന്ന രീതിയിൽ പ്രസംഗിച്ചതിന് ശശികല ടീച്ചർക്കെതിരെ കോഴിക്കോട് കസബ പോലീസ് സ്റ്റേഷനിലും ക്രൈം 1041/16 u/s 153 (a) IPC പ്രകാരം എറണാകുളം നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിലും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നുണ്ട്. അവർക്കെതിരെ കേസുകളുണ്ടെന്ന് തന്നെയാണ് അർത്ഥം.

ആഭ്യന്തരവകുപ്പിന്റെ പ്ലാൻ ചെലവ് 38 ശതമാനമേയുള്ളൂവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. 6-3-2018-ലുള്ള കണക്ക് നോക്കിയാൽ അത് 86 ശതമാനത്തിലെത്തിയിട്ടുണ്ടെന്ന് മനസ്സിലാകും.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശശികല ടീച്ചർക്കെതിരെ 153 (a) വകുപ്പ് പ്രകാരം അന്വേഷണം നടത്തുന്നു. എന്നാൽ അതേ വകുപ്പ് പ്രകാരം ഒരു മുജാഹിദ് പ്രവർത്തകനെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇതാണ് ഇരട്ടത്താപ്പെന്ന് പറയുന്നത്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇവിടെ കേസുണ്ടോയെന്ന് ചോദിച്ചു. കേസുണ്ടെന്ന് ഞാൻ പറഞ്ഞു. ബാക്കി കാര്യങ്ങൾ എന്താണെന്ന് അന്വേഷിച്ചാൽ മാത്രമേ പറയാൻ സാധിക്കൂ.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഞാനിവിടെ സബ്മിഷനിൽ കൊണ്ടുവന്ന ഒരു വിഷയമുണ്ട്. ഒരേ വക്കീലാണ് ശശികലയ്ക്കെതിരെയും ഷംസുദ്ദീൻ പാലത്തിനെതിരെയും കേസ് കൊടുത്തത്. ഒരേ വകുപ്പ് അനുസരിച്ച് ശശികലയ്ക്ക് യു.എ.പി.എ. ഇല്ല, ഷംസുദ്ദീൻ പാലത്തിന് യു.എ.പി.എ. ഉണ്ട്. ആ വിവേചനമാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ആര് കേസുകൊടുത്തുവെന്നുള്ളതല്ല ഞാൻ പറഞ്ഞത്. പ്രസംഗത്തിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങളിലാണ് കേസുകൾ വന്നിട്ടുള്ളത്. മറ്റ് കാര്യങ്ങൾ പരിശോധിച്ചാൽ മാത്രമേ പറയാൻ കഴിയൂ. എന്റെ കയ്യിൽ ആ വിവരങ്ങളൊന്നുമില്ല. അത് പരിശോധിച്ച് പിന്നീട് വേണമെങ്കിൽ മറുപടി പറയാം.

ഇവിടെ ത്രിപുരയെ സംബന്ധിച്ച് ചില സംസാരമുണ്ടായി. ത്രിപുരയിൽ ഇപ്പോഴുണ്ടായ സംഭവം ലെനിന്റെ പ്രതിമ തകർത്തതുമായി ബന്ധപ്പെട്ടുള്ളതാണ്. അതിൽ നിർഭാഗ്യകരമായ ചില പ്രതികരണങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. അതിൽ 'കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപതികളുടെ പ്രതിമകൾക്കെതിരെ' എന്ന മട്ടിൽ ഒരു പോസ്റ്റ് കാണുന്നുണ്ട്. ലെനിന്റെ പ്രതിമ തകർത്തതിനെപ്പറ്റി വേറെ പേരുകൾ എടുത്തു പറഞ്ഞും ചില പോസ്റ്റുകൾ കാണുന്നുണ്ട്. രണ്ട് പോസ്റ്റുകൾ ഞാൻ കണ്ടു. അത് രണ്ടും കോൺഗ്രസ്സ് എം.എൽ.എ.-മാരുടേതാണ്. ത്രിപുരയിലെ ലെനിന്റെ ശില്പം തകർത്തുവെന്നത് അതീവ നിർഭാഗ്യകരവും അപലപനീയവുമാണ്. അത് തകർക്കപ്പെടേണ്ടതാണെന്ന മട്ടിലുള്ള പ്രതികരണം വരുമ്പോൾ ഫലത്തിൽ സംഘ്പരിവാർ നടപടിയെ ന്യായീകരിക്കുന്നതായാണ് വരുന്നത്. അങ്ങനെ വരുന്നത് നിർഭാഗ്യകരം മാത്രമല്ല, കേരളത്തിലെ കോൺഗ്രസ്സുകാരുടെ ഭാഗത്തുനിന്ന് അങ്ങനെ വരുന്നുവെന്നുള്ളത് ഞെട്ടലുളവാക്കുന്ന കാര്യമാണ്. ചിലയിടത്ത് അങ്ങോട്ടേയ്ക്ക് പോകുന്ന ആൾക്കാരുണ്ട്. ബഹുമാന്യരായ വി. ടി. ബൽറാമിനും അനിൽ അക്കരയ്ക്കും ലെനിൻ ആരാണെന്ന് മനസ്സിലാകാത്ത പ്രശ്നമുണ്ടോയെന്നറിയില്ല. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് ലെനിനെ കൃത്യമായും മനസ്സിലായിരുന്നു. അതുകൊണ്ടാണ് 'Marx and Lenin provided a powerful effect on my mind and helped me to see history and current affairs in a new light' എന്ന് നെഹ്റു പറഞ്ഞത്. 'കാറൽ മാർക്സും

ലെനിനും എന്റെ മനസ്സിന്റെ ശക്തമായ സ്വാധീനങ്ങളായിരുന്നിട്ടുണ്ട്. ചരിത്രത്തെയും സമകാലീന കാര്യങ്ങളെയും പുതിയൊരു വെളിച്ചത്തിൽ കാണാൻ അവർ തന്നെ സഹായിച്ചിട്ടുണ്ട് ' എന്നാണ് ജവഹർലാൽ നെഹ്റു Discovery of India-യിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലെനിനെ മനസ്സിലാക്കാത്തവർക്ക് ജവഹർലാൽ നെഹ്റുവിനെയും മനസ്സിലാക്കാൻ കഴിയണമെന്നില്ല. സോവിയറ്റ് പദ്ധതികളെ മാതൃകയായി സ്വീകരിച്ചുകൊണ്ടാണ് ജവഹർലാൽ നെഹ്റു ഇന്ത്യയിൽ പഞ്ചവത്സര പദ്ധതി ആവിഷ്കരിച്ചത്. കോൺഗ്രസ് എം.എൽ.എ.-മാർക്ക് ജവഹർലാൽ നെഹ്റുവിനെപ്പോലും മനസ്സിലാക്കാൻ കഴിയുന്നില്ലെന്നത് നിർഭാഗ്യകരമാണ്. ത്രിപുരയിലെ ന്യൂനപക്ഷങ്ങൾ ആക്രമിക്കപ്പെടുന്നില്ലെന്നു പറഞ്ഞ് സംഘ്പരിവാറിനെ ന്യായീകരിക്കാൻ തോന്നുന്നത് എന്തുകൊണ്ടാണെന്ന് കോൺഗ്രസ് നേതാക്കൾ ആലോചിക്കുന്നത് നല്ലതാണ്. ഇത്തരം ന്യായീകരണങ്ങളുടെ തുടർച്ചയായാണ് ത്രിപുരയിൽ പ്രസിഡന്റ് ശ്രീ. പി. വി. ദേവവർമ്മ അടക്കമുള്ള നേതൃനിരയാകെ സംഘ്പരിവാറിൽ ചേർന്നതെന്നത് ഇവിടത്തെ കോൺഗ്രസ് നേതൃത്വം ആലോചിക്കുന്നതും നല്ലതായിരിക്കും. ത്രിപുരയിൽ സംഘ് പരിവാറിനാൽ കൊല ചെയ്യപ്പെട്ട ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളിന്റെ ചിത്രം ത്രിപുരയിലെ കോൺഗ്രസ് നേതാവുതന്നെ ട്വിറ്ററിൽ പങ്കുവച്ചിട്ടുണ്ട്. അങ്ങനെയിരിക്കെ, എത്ര സത്യവിരുദ്ധമായ രീതിയിലാണ് സംഘ്പരിവാറിന്റെ ഭാഗത്തുചേർന്ന് അവരുടെ മനുഷ്യത്വ രഹിതമായ പ്രവർത്തനത്തെ ന്യായീകരിക്കുന്നത്. അധികം കളിച്ചാൽ ഇ.എം.എസ്.-ന്റെയും എ.കെ.ജി.-യുടെയും പ്രതിമകൾകൂടി തകർക്കുമെന്നാണ് മറ്റൊരാൾ ഫെയ്സ്ബുക്കിൽ എഴുതിയത്. അത് ബഹുമാന്യനായ അനിൽ അക്കരയുടെ എഴുത്താണ്.

<u>ശ്രീ. അനിൽ അക്കര</u>: സർ, അവർ തകർക്കുമെന്നാണ് ഞാനെഴുതിയത്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇതെഴുതിയ ആളിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇതും സംഘ്പരിവാറിന്റെ ദുഷ്പ്രവൃത്തിക്കുള്ളൊരു ന്യായീകരണ മാണെന്ന് ആർക്കാണ് മനസ്സിലാകാൻ കഴിയാതിരിക്കുന്നത്. രാജീവ് ഗാന്ധിയുടെ ശില്പം തകർത്തതിനെക്കുറിച്ച് പറയുന്നുണ്ട്. 2013-ൽ തെലുങ്കാന വിരുദ്ധ കലാപക്കാർ രാജീവ് ഗാന്ധിയുടെ ശില്പം തകർത്തു. ത്രിപുരയിൽ സി.പി.ഐ. (എം.)-പ്രവർത്തകർ രാജീവ് ഗാന്ധിയുടെ ശില്പം തകർക്കുമെന്ന് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ പോസ്റ്റ് ചെയ്തുകൊണ്ടാണ് ഈ കമന്റ് എഴുതിയിട്ടുള്ളത്. ഇവിടെയുള്ളവരല്ല, ത്രിപുരയിലെ കോൺഗ്രസുകാർ

പറയുന്നതാണ് ആദ്യം നേക്കേണ്ടത്. ത്രിപുരയിൽ രാജീവ് ഗാന്ധിയുടെ ശിൽപ്പം സി.പി.ഐ. (എം.) പ്രവർത്തകർ തകർത്ത സംഭവമേ ഉണ്ടായിട്ടില്ലെന്നാണ് ത്രിപുരയിലെ കോൺഗ്രസ് പാർട്ടി പ്രസിഡന്റ് ശ്രീ. ബിരാജിത് സിൻഹ ' The week' വാരികയോട് പറഞ്ഞത്. ഇക്കാര്യം 'The Week' വാരികയുടെ ഓൺലൈൻ എഡിഷനിൽ വന്നിട്ടുണ്ട്. അത് വായിച്ച് മനസ്സിലാക്കുന്നത് നല്ലതാണ്. എത്രമാത്രം അസത്യം പ്രചരിപ്പിച്ചുകൊണ്ടാണ് സങ്കുചിത രാഷ്ട്രീയനേട്ടം നേടാൻ ശ്രമിക്കുന്നുവെന്നതാണ് ഇതിൽ നിന്നൊക്കെ തെളിയുന്നത്. ആ ശ്രമം നടക്കുമ്പോഴും കേരളത്തിലെ പല രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാരുടെ ശില്പങ്ങൾ പല ഭാഗങ്ങളിലായിട്ടുണ്ട്. അതിലേതെങ്കിലുമൊക്കെ തകർക്കാമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അത് നല്ല കാര്യമല്ലെന്നേ എനിക്കിപ്പോൾ പറയാനുള്ളൂ. ഓരോ ശില്പത്തിന്റെയും പിന്നിൽ ഓരോ വലിയ ജനവിഭാഗത്തിന്റെ വികാരമുണ്ട്. അത് നമ്മൾ കാണാതിരിക്കരുത്. അതിനെ മുറിപ്പെടുത്തി സംഘർഷമുണ്ടാക്കുക എന്ന ഉദ്ദേശ്യം ആരും മനസ്സിൽ കൊണ്ടുനടക്കരുത്. നേതാക്കന്മാരുടെ ശില്പം തകർന്നുപോകും അല്ലെങ്കിൽ തകർക്കുമെന്ന രീതിയിലുള്ള ഭീഷണി നല്ലതല്ല. ഇങ്ങനെയുള്ള പോസ്റ്റുകൾ ഇടുന്നവരുടെ കാര്യം പാർട്ടി നേതൃത്വംതന്നെ ആലോചിക്കണമെന്നാണ് ഈ ഘട്ടത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് പൊതുവെ ന്യൂനപക്ഷങ്ങൾ പരിഭ്രാന്തമായ നിലയിലാണുള്ളത്. ഈ സാഹചര്യത്തിൽ ന്യൂനപക്ഷ സംരക്ഷണത്തിനുള്ള നിലപാട് ഇടതുപക്ഷമാണ് ശക്തമായി സ്വീകരിക്കുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ടുതന്നെ ഇടതുപക്ഷത്തെ കൂടുതൽ വിശ്വാസത്തിലെടുക്കുന്ന നിലയാണ് പൊതുവെ ന്യൂനപക്ഷത്തിനുള്ളത്. അതുണ്ടാക്കുന്ന അങ്കലാപ്പ് ഇവിടെ ചിലരുടെ പ്രസംഗത്തിലെല്ലാം നല്ലതുപോലെ ഉയർന്നുവന്നിട്ടുണ്ട്. അതാണ് കഴുത്തിനുമേൽ തല കാണുമോയെന്ന രീതിയിലുള്ള ബഹുമാന്യനായ കെ. എം. ഷാജിയുടെ പരാമർശത്തിൽ നിന്നും നമുക്ക് കാണാൻ സാധിക്കുന്നത്. കേരളത്തിലെ ന്യൂനപക്ഷം എങ്ങനെ ചിന്തിക്കുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഏതായാലും മുസ്ലീംലീഗിനെ നേരത്തെ കണ്ടതുപോലെയല്ല ആ വിഭാഗം കാണുന്നതെന്ന് ഇതിനകംതന്നെ ഇവർക്ക് മനസ്സിലായിട്ടുണ്ട്. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലൊക്കെ നല്ലതുപോലെ അത് പ്രകടമായി വന്നിട്ടുമുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഇത്തരമൊരു അടിയൊഴുക്ക് വരുന്നുവെന്ന് കാണുമ്പോൾ, കാലിനടിയിൽ നിന്ന് മണ്ണിന് ചെറിയ ഇളക്കം വരുന്നുണ്ടെന്ന് കാണുമ്പോൾ അവരെ തെറ്റിദ്ധരിപ്പിക്കാനും അനാവശ്യമായിട്ടുള്ള പ്രശ്നങ്ങളുണ്ടെന്ന് ധരിപ്പിക്കാനും

ശ്രമിച്ചാൽ അവയൊന്നും വിലപോകില്ലെന്ന് അത്തരക്കാർ മനസ്സിലാക്കുന്നത് നല്ലതാണ്. ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം ന്യൂനപക്ഷ സംരക്ഷണം പ്രതിബദ്ധതയോടുകൂടിയുള്ള ഒരു കാര്യമാണ്. അത് ഏതെങ്കിലും നാല് വോട്ടിനുവേണ്ടി ചെയ്യുന്ന കാര്യമല്ല. പ്രശ്നങ്ങളുണ്ടായ ഘട്ടങ്ങളിലെല്ലാം ഇടതുപക്ഷത്തിന് കൃത്യമായ നിലപാട് സ്വീകരിച്ച് പോകാൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തെറ്റായ പ്രചരണങ്ങൾ നടത്തി ന്യൂനപക്ഷത്തെ തെറ്റിദ്ധരിപ്പിക്കാമെന്ന് ധരിക്കേണ്ടതില്ല, ശരിയായ ധാരണയിൽത്തന്നെ ന്യൂനപക്ഷം മുന്നോട്ട് പോകുകയാണെന്നതാണ് ഇവിടെയുള്ള അനുഭവം. ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് കടക്കുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഹോം ഡിപ്പാർട്ടുമെന്റിന്റെ പ്ലാൻ എക്സ്പെൻഡിച്ചർ 83 ശതമാനമാണെന്ന് അങ്ങ് പറഞ്ഞു. 7-03-2018-ലെ പ്ലാനിംഗ് ബോർഡിന്റെ പ്ലാൻ സ്പേസ് ഡിപ്പാർട്ടുമെന്റ് പ്രസിദ്ധീകരിച്ചതാണത്. അതിൽ 38.40 ശതമാനം മാത്രമാണ് പ്ലാൻ എക്സ്പെൻഡിച്ചറെന്ന് പറയുന്നുണ്ട്. അതെന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, 6-3-2018-ലെ കണക്കാണ് ഞാൻ പറഞ്ഞത്. അതിൽ 86 ശതമാനം വരെയായിട്ടുണ്ട്. ആ കണക്ക് അവിടെ വന്നിട്ടുണ്ടാകില്ല; അതുകൊണ്ടായിരിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XII—പോലീസ്

മി. സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, എൻ.എ. നെല്ലിക്കുന്ന്, കെ. എം. ഷാജി, കെ. എൻ. എ. ഖാദർ, സി. മമ്മൂട്ടി, സണ്ണി ജോസഫ്, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)
അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം.എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ പി.
36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം

46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീ. കെ. വി. വിജയദാസ്

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

6. ശ്രീ. അടൂർ പ്രകാശ്

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. അനിൽ അക്കര

9. ശ്രീ. എ. പി. അനിൽ കുമാർ

10. ശ്രീ. അനൂപ് ജേക്കബ്

11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. വി. ടി. ബൽറാം

13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

14. ശ്രീ. ഹൈബി ഈഡൻ

15. ശ്രീ. ടി.വി. ഇബ്രാഹിം

16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ.എൻ.എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
31. ശ്രീ. റോജി എം. ജോൺ
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIII— ജയിലുകൾ

മി. സ്പീക്കർ: സർവ്വശ്രീ മോൻസ് ജോസഫ്, മഞ്ഞളാംകുഴി അലി, കെ. എൻ. എ. ഖാദർ, സി. മമ്മൂട്ടി, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, റോഷി അഗസ്റ്റിൻ, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.) അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ

12. ശ്രീ. കെ. ദാസൻ
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം.എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. മുഹമ്മദ് മുഹസിൻ. പി.

36. ശ്രീ. എം. മുകേഷ്
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ

59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. വി. ആർ. സുനിൽ കുമാർ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. എം. സ്വരാജ്
69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
70. ശ്രീ. പി. തിലോത്തമൻ
71. ഡോ. ടി. എം. തോമസ് ഐസക്
72. ശ്രീ. പി. ഉണ്ണി
73. ശ്രീ. കെ. വി. വിജയദാസ്
74. ശ്രീ. ഇ. കെ. വിജയൻ
75. ശ്രീ. പിണറായി വിജയൻ
76. ശ്രീ. എൻ. വിജയൻ പിള്ള.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്

7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി.വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ.എൻ.എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

31. ശ്രീ. റോജി എം. ജോൺ

32. ശ്രീ. പി. ഉബൈദുള്ള

33. ശ്രീ. എം. ഉമ്മർ

34. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIV— സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

മി. സ്പീക്കർ: സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, സി. മമ്മൂട്ടി, കെ. എം. ഷാജി, കെ.എൻ.എ. ഖാദർ, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, എൻ. ഷംസുദ്ദീൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, റോഷി അഗസ്റ്റിൻ, മോൻസ് ജോസഫ്, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2018-19 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ
6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. ജോർജ് എം. തോമസ്
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. വി. ജോയി

25. ശ്രീ. ഒ. ആർ. കേളു

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കെ. കൃഷ്ണൻകുട്ടി

28. ശ്രീ. കെ. കുഞ്ഞിരാമൻ

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. വി. കെ. സി. മമ്മത് കോയ

31. ശ്രീ. എം.എം. മണി

32. ശ്രീ. മാത്യു ടി. തോമസ്

33. ശ്രീ. കെ. ജെ. മാക്സി

34. ശ്രീ. എ. സി. മൊയ്തീൻ

35. ശ്രീ. മുഹമ്മദ് മുഹസിൻ. പി

36. ശ്രീ. എം. മുകേഷ്

37. ശ്രീ. ഡി. കെ. മുരളി

38. ശ്രീ. മുരളി പെരുനെല്ലി

39. ശ്രീ. സി. കെ. നാണു

40. ശ്രീ. എം. നൗഷാദ്

41. ശ്രീ. യു. ആർ. പ്രദീപ്

42. ശ്രീ. എ. പ്രദീപ് കുമാർ

43. ശ്രീ. കെ. ഡി. പ്രസേനൻ
44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. കെ. രാജൻ
47. ശ്രീ. എസ്. രാജേന്ദ്രൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. കാരാട്ട് റസാഖ്
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. എ. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. വി. ശശി
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

65. ശ്രീ. വി. ആർ. സുനിൽ കുമാർ

66. ശ്രീ. വി. എസ്. സുനിൽ കുമാർ

67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. എം. സ്വരാജ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. പി. തിലോത്തമൻ

71. ഡോ. ടി. എം. തോമസ് ഐസക്

72. ശ്രീ. പി. ഉണ്ണി

73. ശ്രീ. കെ. വി. വിജയദാസ്

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്

12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ഹൈബി ഈഡൻ
15. ശ്രീ. ടി.വി. ഇബ്രാഹിം
16. ശ്രീ. കെ. സി. ജോസഫ്
17. ശ്രീ. കെ.എൻ.എ. ഖാദർ
18. ശ്രീ. സി. മമ്മൂട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. ഉമ്മൻ ചാണ്ടി
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. വി. പി. സജീന്ദ്രൻ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സണ്ണി ജോസഫ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
31. ശ്രീ. റോജി എം. ജോൺ
32. ശ്രീ. പി. ഉബൈദുള്ള
33. ശ്രീ. എം. ഉമ്മർ
34. ശ്രീ. എം. വിൻസെന്റ്.

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 76

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് 8-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.12-ന് പിരിഞ്ഞു.)

## അനുബന്ധം

### 7-3-2018-ലെ 1(*151) -ന്റെ 'ബി' ഉത്തരം കാണുക

P-21-172/2017

Sub: KSCSC-NFSA-Purchase of Weighing balance-purchase details-reg:-

Ref: 1) IC No-NFSA3-13779/17 dtd 05-01-2018

2) Purchase order even no.dtd 20-02-2017

3) Purchase order even no.dtd 23-06-2017

4) Purchase order even no.dtd 15-01-2018

Please see the references cited above. As per the references (2,3,4) we have purchased 5 nos. of 300 kg weighing machine and 300 nos. of 500 kg Electronic Weighing Machine for Intermediary godowns under Taluk Depots. The details are forwarded herewith.

| Purchase Order No. | Item | Name of supplier | No.of weighing machine purchased | Rate/machine | Total Amount |
|---|---|---|---|---|---|
| P21-172/2017 dtd 20-02-2017 | 300 Kg Electronic Weighing Machine | VS Electrotech | 5 | 9700 | 48500 |
| P21-172/2017 dtd 23-06-2017 | 500 Kg Electronic Weighing Machine with Ethernet | M/s Slintec | 150 | 25850.00 | 3877500.00 |
| P21-172/2017 dtd 15-01-2018 | | | 150 | 25850.00 | 3877500.00 |
| | | Total purchase value | | | 7803500.00 |